നമ്പർ 133

വിവേകാനന്ദവിജയസംഗ്രഹം

വിഷയങ്ങൾ ഉപദേശങ്ങൾ

K. KARTHYAYENI * VAYATHU-HOUSE
PERINAD
QUILON.

# തിരുക്കുറൾ.

"രത്നോദ്ധാരകം" എന്ന

മലയാളവ്യാഖ്യാനസഹിതം.

---

വ്യാഖ്യാതാ,

വടയാററുകോട്ട കെ. പരമേശ്വരൻപിള്ള.

---

പ്രകാശകന്മാർ,

എസ്. റി. റെഡ്യാർ അൻഡ് സൺസ്

വി. വി. പ്രെസ്സ്

കൊല്ലം.

---

പകർപ്പവകാശം പ്രകാശകന്മാരിൽ.

1101.

# പ്രസ്താവന.

സൂത്രപ്രായമായി, ബഹുലാർത്ഥത്തെ അല്പാക്ഷരത്തിൽ അടക്കി, ചതുർവേദസാരത്തെ ക്രോഡീകരിച്ചിരിക്കുന്ന "തിരുക്കുറൾ" എന്ന ദ്രാവിഡഗ്രന്ഥത്തിന്റെ മാതൃകയിൽ, വേറൊരു വൈദികഗ്രന്ഥം, ഹൈന്ദവഭാഷകളിൽ ഏതെങ്കിലും ഒന്നിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്നു തീർത്തുപറയാം. പരപ്പേറിയ പുരുഷാർത്ഥതത്വങ്ങളെ സംഗ്രഹിച്ചു് ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തെപ്പററി, "കടുകൈത്തുളച്ചേഴ്കടലൈപ്പുകട്ടി കുറുകത്തറിത്തകുറൾ" * എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടു്. കുറളിനോടു് അല്പമെങ്കിലും പരിചയമുള്ള ഏതൊരാളിനും ഈ അഭിപ്രായത്തിന്റെ അന്വർത്ഥതയിൽ ആശ്ചര്യം ജനിക്കുന്നതല്ല.

തിരുക്കുറളിനെ ധർമ്മപദ്ധതി, അർത്ഥപദ്ധതി, കാമപദ്ധതി ഇങ്ങനെ മൂന്നായി ഭാഗിച്ചിരിക്കുന്നു. ആദ്യത്തെ ഭാഗത്തിൽ മുപ്പത്തെട്ടും രണ്ടാമത്തേതിൽ എഴുപതും ഒടുവിലത്തേതിൽ ഇരുപത്തഞ്ചും അധികാരങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോ അധികാരത്തിനും — അല്ലെങ്കിൽ വിഷയത്തിനും — പത്തു് "ഈരടി"കൾവീതം ആണു്. ഇപ്രകാരം നൂററിമുപ്പത്തുമൂന്നു് അധികാരങ്ങളോടുകൂടിയ ഈ മഹാഗ്രന്ഥത്തിൽ ആകെ ആയിരത്തി മുന്നൂററിമുപ്പതു് "ഈരടി"കളാണുള്ളതു്. "ഈരടി"കൾ സൂത്രന്യായേന വാക്യശരീരത്തിന്റെ അവയവങ്ങളെ വെട്ടിക്കുറച്ചു് അർത്ഥസംഗ്രഹം ചെയ്തു രൂപപ്പെടുത്തി കൂട്ടിച്ചേർത്തു് ഉറപ്പിച്ചിട്ടുള്ളവയാണു്. "ഈരടി"കളിൽ സാമാന്യേന ഇരുപത്തൊന്നുവർണ്ണങ്ങൾ (അക്ഷരങ്ങൾ) വീതം കാണപ്പെടുന്നു. ചിലതിൽ ഇരുപതും മററുചിലതിൽ പത്തൊൻപതുംവീതം കാണുന്നുമുണ്ടു്. ഇരുപത്തിരണ്ടുവർണ്ണങ്ങൾ അടങ്ങിയവയുമില്ലെന്നില്ല. ഈ അക്ഷരദാരിദ്ര്യത്തിനു അർത്ഥധാരാളതയെ ബാധിക്കാൻ സാധിച്ചിട്ടില്ല. അർത്ഥബഹുലമല്ലാത്ത ഒരൊററ 'ഈരടി' ഈ ഗ്രന്ഥത്തിൽ കാണാൻ കഴിയുന്നതല്ല. ഓരോന്നും ആലോചനാമൃതവും തത്വാർത്ഥഗർഭവുമത്രേ. ഐഹികവും പാരത്രികവുമായ നിശ്ശേഷപുരുഷാർത്ഥതത്വങ്ങളും ഉൾക്കൊണ്ടു വിളങ്ങുന്ന ഈ മഹാഗ്രന്ഥം ആ വിഷയത്തിൽ സമ്പൂർണ്ണമായ ഫലത്തെ നൽകുന്നു. അതുകൊണ്ടാണല്ലോ പാശ്ചാത്യരുടേപോലും സൽകാരത്തിനും സബഹുമാനമായ അഭിനന്ദനത്തിനും ഈ ഗ്രന്ഥരത്നം പാത്രീഭവിച്ചിട്ടുള്ളതു്.

---

* കടുകുതുളച്ചു് ഏഴുകടലും കുറുക്കി സംഗ്രഹിച്ചു് അകത്തടച്ചതാണു കുറൾ

പ്രധാനപ്പെട്ട പാശ്ചാത്യഭാഷകളിലെല്ലാം തിരുക്കറൾ സംക്രമിച്ചു കഴിഞ്ഞു. കുറളിനു സ്വാഗതം നൽകാത്ത ഒരു ഭാഷയെങ്കിലും പൗരസ്ത്യലോകത്തിലുണ്ടോ എന്നു സംശയമാണ്. കൈരളിക്കും ആ ഭാഗ്യം സിദ്ധിച്ചിട്ടില്ലെന്നില്ല. രണ്ടേകാൽ പന്തിരാണ്ടിനു മുമ്പു കുറളിന്റെ ഒരു തർജ്ജമ കേരളത്തിൽ രംഗപ്രവേശം ചെയ്തു. ഭാഗ്യദോഷത്താൽ അതിന്റെ പ്രചാരം ലുപ്തപ്രായമായി ഭവിച്ചു. അതിനു കാരണം തർജ്ജമയുടെ ശൈഥില്യവും ഗ്രന്ഥത്തിന്റെ അപൂർണ്ണതയുമല്ലാതെ മററൊന്നുമല്ല. അർത്ഥബഹുലവും സൂത്രപ്രായവുമായ "ഈരടി"കളിലെ ആശയവ്യാപ്തിയെ മലയാളത്തിൽ അർദ്ധാനുഷ്ടുപ്പിന്റെ പരിധിയിൽ അടക്കണമെന്ന നിർബന്ധത്താൽ, അപ്രസിദ്ധസംസ്കൃതപദങ്ങളെ അലംഭാവമില്ലാതെ ആശ്രയിക്കേണ്ടിവന്നിട്ടും, മൂലത്തിലെ ആശയത്തിന്റെ ഏകദേശഛായപോലും പലേടത്തും വരുത്താൻ സാധിച്ചിട്ടില്ല. കാമപദ്ധതിയെന്ന ഒടുവിലത്തെ വിഭാഗം വിട്ടുകളഞ്ഞതാണു ഗ്രന്ഥത്തിന്റെ അപൂർണ്ണതയ്ക്കു ഹേതു. "ശൃംഗാരവിഷയത്തെക്കുറിച്ചു മലയാളത്തിൽവേണ്ടതിലധികംഗ്രന്ഥങ്ങളുള്ളതിനാൽ അതിനെ ഈ തർജ്ജിമയിൽ ഉൾപ്പെടുത്തീട്ടില്ല.' എന്നാണ് പരിഭാഷകൻ പറഞ്ഞിരിക്കുന്ന സമാധാനം. ഈ സമാധാനം രേഖപ്പെടുത്തിയകാലത്തേ, "പന്തിനോട്ടപരിപന്ഥിയാം തവകുചാന്തരത്തിലണവാൻതരംപന്തിയാക്കുകപണംതരാംവെറുതെ യെന്തിനോതളിംളംതനോ" ഇത്യാദി പൊട്ടശ്ശൃംഗാരത്തിനും, കാളിദാസപ്രഭൃതികളെപ്പോലും നിസ്സംശയം അതിശയിക്കുന്നതിരുക്കറളിലെപ്രൌഢശൃംഗാരത്തിനും തമ്മിലുള്ള അന്തരമോർത്താൽ പ്രസ്തുതസമാധാനം ത്യാജ്യകോടിയിൽ തള്ളാതിരിക്കുന്നതെങ്ങനെ? അമൃതനിഷ്യന്ദികളായ ചമ്പൂകാരശൃംഗാരകവനങ്ങളെ ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, കുറളിലെ കാമപദ്ധതിയോടു കിടപിടിക്കത്തക്ക മേന്മ അവയ്ക്കില്ലെന്നു രേഖപ്പെടുത്താം. അമരുകശതകാദി തർജ്ജമകളും കുറളിനെ അതിശയിച്ചു നിൽക്കുന്നില്ല. മേൽപറഞ്ഞ ന്യൂനതകൾ, പരേതനായ വന്ദ്യശ്രീ, ദിവാൻ ബഹദൂർ ഏ. ഗോവിന്ദപ്പിള്ള (ബി. ഏ., ബി. എൽ., എഫ് എം. യൂ., എം. ആർ. ഏ. എസ്) അവർകളുടെ തർജ്ജമയ്ക്കു സംഭവിച്ചിട്ടുണ്ടെങ്കിലും, ആദ്യമായി തിരുക്കറൾ എന്ന പേരിൽ ഒരു ഗ്രന്ഥം കൈരളിക്കു സമർപ്പിച്ച ആ മഹാന്റെ സദ്വ്യവസായത്തെ കേരളീയർ കൃതജ്ഞതയോടെ അനുസ്മരിക്കതന്നെ വേണം.

എനിക്കു തിരുക്കറൾ ഒരാവൃത്തി വായിക്കാനിടയായതു മൂന്നുകൊല്ലത്തിനു മുമ്പാണ്. അന്നുതന്നേ ഈ പുസ്തകത്തിനു മലയാളത്തിൽ ഒരു വ്യാഖ്യാനം എഴുതണമെന്നുള്ള ആശ ശക്തിമത്തായി എന്നെ ബാധി

ച്ചു. എന്നാൽ പലഘോലികൾക്കിടയിൽ, ഗുരുതരമായ ഈ ആരംഭ ത്തിൽ ഏൎപ്പെടാനുള്ള സൌകൎയ്യവും ധൈൎയ്യവും എനിക്കു സിദ്ധിച്ചില്ല.

കഴിഞ്ഞ മീനം ആദ്യം ഞാൻ ഈ പ്രയത്നത്തിൽ ഏൎപ്പെട്ടു; മിഥുനം ആരംഭത്തോടുകൂടി സമാപിപ്പിക്കാൻ സംഗതിയായി. സംസ്കൃത ശ്ലോകങ്ങൾ മലയാളലിപിയിൽ ഉദ്ധരിച്ചു് ചുവടെ വ്യാഖ്യാനംകൊടുക്കുന്നതുപോലെയാണു് ഞാൻ ഈ ദ്രാവിഡഗ്രന്ഥത്തെയും വ്യാഖ്യാനിച്ചിരിക്കുന്നതു്. മൂലത്തിലെ "ഈരടി" മലയാളലിപിയിൽ പകൎത്തി അടിയിൽ വ്യാഖ്യാനം നൽകിയിരിക്കുന്നു. വിസ്തൃതമായ ഒരു വ്യാഖ്യാനത്തിനു ഞാൻ ഒരുമ്പെട്ടിട്ടില്ല. എന്നാൽ സാരാൎത്ഥം കൊണ്ടു മൂലത്തിലെ ആശയം ഗ്രഹിക്കാൻ കഴിയാത്തവൎക്കു് ഉപയോഗപ്പെടത്തക്കവണ്ണം സംക്ഷിപ്തമായ ഓരോ വിവരണവുംകൂടി ചേൎത്തിട്ടുണ്ടു്. ഇത്രയുംകൊണ്ടു് ആവശ്യം നിറവേറുമെന്നാണു വ്യാഖ്യാതാവു വിശ്വസിക്കുന്നതു്.

ഈ വ്യാഖ്യാനത്തിൽ വല്ലഭാഗത്തും മൂലത്തിലെ ആശയത്തെ പൂൎണ്ണമായി വെളിപ്പെടുത്താതിരിക്കുകയോ, തെറ്റിച്ചു വ്യാഖ്യാനിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഗുണബുദ്ധിയുള്ള പണ്ഡിതന്മാർ ചൂണ്ടിത്തന്നാൽ, കൃതജ്ഞതാപൂൎവം ടുത്ത പതിപ്പിൽ പരിഹരിച്ചുകൊള്ളാം. എന്നാൽ പണ്ഡിതന്മാരുടെ വിഭിന്നവ്യാഖ്യാനഗതികൾക്കു അനുകൂലിക്കുന്ന വൈദിക സൂക്തികളുടെ സ്വഭാവം, തിരുക്കുറളിലെ "ഈരടി"കൾക്കുണ്ടെന്നുള്ള വസ്തുത ഗ്രന്ഥപരിശോധന നടത്തുന്ന സഹൃദയന്മാർ വിസ്മരിക്കാവതല്ല.

മൂലത്തിലെ ആശയം എന്നെ വിഷമിപ്പിച്ചിട്ടുള്ള പല ഘട്ടങ്ങളിലും എൻെറ ഗുരുനാഥനായ ശ്രീമാൻ കാവുങ്ങൽ നീലകണ്ഠപ്പിള്ള അവൎകളുടെയും എൻെറ ഗുണകാംക്ഷിയും സുഹൃത്തമനുമായ ശ്രീമാൻ തെങ്ങിലഴികത്തു് എൻ. നാണുപിള്ള ആശാൻ അവൎകളുടെയും വിഷയജ്ഞാനവിചിന്തനശക്തികൾ അമോഘമായി എന്നെ സഹായിച്ചു പുരോഗതിയെ ത്വരിപ്പിച്ചിട്ടുള്ളതിനു ഇവിടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

വിദ്യാഭിവൎദ്ധിനി മുദ്രാലയത്തിൻെറ പ്രവൎത്തകനും ഉടമസ്ഥനും ഭാഷാഭിവൃദ്ധിയെ മാത്രം ജീവിതചൎയ്യയാക്കിപ്പോരുന്ന സാഹിതീരസജ്ഞനുമായ ശ്രീമാൻ എം. മുത്തുസ്വാമിറെഡ്യാർ അവർകൾ, ആരംഭത്തിൽത്തന്നെ 'അവകാശം' വാങ്ങി പ്രസിദ്ധം ചെയ്തുകൊള്ളാമെന്നു സസ്നേഹം പ്രേരിപ്പിച്ചിരുന്നില്ലെങ്കിൽ ഇപ്പുസ്തകത്തിൻെറ ജോലി ഈ ഘട്ടത്തിൽ അവസാനിക്കുമായിരുന്നില്ലെന്നുള്ള വസ്തുത കൃതജ്ഞതയോടെ രേഖപ്പെടുത്തുന്നു.

തിരുക്കുറൾ എന്ന ഈ ഗ്രന്ഥത്തിന്, മുപ്പാനൂൽ, ഉത്തരവേദം, ദൈവനൂൽ, തിരുവള്ളുവർ, പൊയ്യാമൊഴി, വായുറൈവാഴ്ത്തു, തമിഴ്മറൈ, പൊതുമറൈ ഇങ്ങനെ എട്ടു അപരാഭിധാനങ്ങൾ കൂടിയുണ്ട്.

ഈ പ്രസ്താവനയോടു കൂടി ഈ ഗ്രന്ഥത്തേ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കൊല്ലം
൧൦. ൨. ൧൧൦൦ } സഹൃദയവിധേയനായ വ്യാഖ്യാതാ.

# തിരുവള്ളുവർ.

---

അക്ഷയജ്ഞാനഭണ്ഡാഗാരമായ തിരുക്കുറൾ എന്ന ദിവ്യഗ്രന്ഥത്തിന്റെ രചയിതാവു തിരുവള്ളുവർ എന്ന മഹാനാകുന്നു. തിരുവള്ളുവർ ഏതു കാലത്തു് ഏതു ദേശത്തു് ജീവിച്ചിരുന്നു എന്നാകട്ടെ, അദ്ദേഹത്തിന്റെ അപദാനങ്ങൾ എന്തെല്ലാമെന്നാകട്ടെ നിശ്ചിതമായി പറവാൻ സഹായിക്കുന്ന പ്രമാണങ്ങൾ ഒന്നുംതന്നെയില്ല. തമിഴരോടു ചോദിച്ചാൽ തങ്ങൾക്കു പ്രത്യേകമായി ഒരു വേദഗ്രന്ഥം ഇല്ലാതിരുന്ന കുറവിനെ പരിഹരിക്കാനായി വേദനിർമ്മാതാവായ കമലാസനൻ തമിഴ്‌ലോകത്തിൽ തിരുവള്ളുവരായി അവതരിച്ചു എന്നാണു് അവരിൽനിന്നും കിട്ടുന്ന സമാധാനം. അതെന്തുതന്നെയായാലും, പുസ്തകത്തിന്റെ ഔൽകൃഷ്ട്യത്തെപ്പററി ചിന്തിച്ചാൽ, തൽകർത്താവു് അലോകസാമാന്യമായ ബുദ്ധിശക്തിയും അചാഞ്ചല്യവും തികഞ്ഞ ഒരു മഹാത്മാവാണെന്നു സശിരഃകമ്പം സമ്മതിക്കതന്നെ വേണം. അപ്രകാരമുള്ള ഒരു മഹാപുരുഷന്റെ ജീവിതസംഭവങ്ങൾ അറിവാൻ ആക്കും ഔത്സുക്യമുണ്ടാകാനിടയുള്ളതുകൊണ്ടു്, തമിഴരുടെയിടയിൽ നടപ്പുള്ള തത്സംബന്ധമായ ഐതിഹ്യത്തെ അടിയിൽ പകൎത്തുന്നു.

കൈലാസപൎവ്വതത്തിൽ, സാക്ഷാൽ ശിവനും ശിവയും മുപ്പത്തുമുക്കോടി ദേവന്മാരാലും നാല്പത്തെണ്ണായിരം ഋഷീശ്വരന്മാരാലും കിന്നരകിംപുരുഷഗന്ധൎവ്വസിദ്ധവിദ്യാധരാദികളാലും സമ്പൂജിതന്മാരായി ഇരുന്നരുളവേ, ഒരുദിവസം മഹേശ്വരി, സംഹാരകൎത്താവായ സ്വഭൎത്താവിനെ വണങ്ങി, "സൎവ്വലോകേശ! ഭഗവൻ! ഭൂലോകത്തിൽ ഗാൎഹസ്ഥ്യധൎമ്മത്തെ വഴിവണ്ണം തെററാതെ അനുഷ്ഠിച്ചു മുക്തിയടഞ്ഞവർ ആരുണ്ടു്?" എന്നു സവിനയം ചോദ്യംചെയ്തു. കരുണാനിധിയായ ഭഗവാൻ അതുകേട്ടു്, "മഹാമായേ! ദേവി! ഭൂലോകത്തിൽ തിരുവള്ളുവർ എന്നൊരു മഹാനുണ്ടായിരുന്നു. ഗുണവതിയും സതീമണിയുമായ ഒരു സ്ത്രീരത്നത്തെ വേട്ടു്, ഗാൎഹസ്ഥ്യജീവിതത്തെ യഥാവിധി നിൎവ്വഹിച്ചു മുക്തിപദം പ്രാപിച്ച മഹാത്മാവാണു് ആ തിരുവള്ളുവർ" എന്നരുളിച്ചെയ്തു. ഭഗവദ്ഭക്തിശ്രവണത്താൽ ചാരിതാൎത്ഥ്യപുളകാഞ്ചിതയായ ദേവിക്കു തിരുവള്ളുവരുടെ ചരിത്രം അറിവാൻ അഭിനിവേശം ജനിച്ചു. ആ അഭിനിവേശത്തെ ദേവി, ഭഗവാനെ അറിയിച്ചു. തന്മൂലം സന്തുഷ്ടമാനസനായിഭവിച്ച ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തു:—

കുംഭസംഭവനായ അഗസ്ത്യമഹർഷി, സമുദ്രകന്യകയെ വേട്ടു്, മഹാസാഗരനെ ജനിപ്പിച്ചു. മഹാസാഗരനു തിരുവാരൂർ പുലച്ചിയിൽ ഭഗവൻ എന്നൊരു പുത്രനുണ്ടായി. ഭഗവൻ, സകല ശാസ്ത്രങ്ങളിലും

അപാരമായ പാണ്ഡിത്യം സമ്പാദിച്ചു. സാത്വികപ്രധാനനായ ഭഗവൻ ദേശാടനത്തിനു പുറപ്പെട്ടു പലേ പുണ്യക്ഷേത്രങ്ങളേയും സന്ദർശിച്ചു ചരിതാൎത്ഥനായി കാശിയിലേയ്ക്കു പോകുമ്പോൾ വഴിമദ്ധ്യേ ഒരു വഴിയമ്പലത്തിൽ താമസിച്ച് ആഹാരം പാകംചെയ്തുകൊണ്ടിരിക്കുമ്പോൾ തേജോരൂപിണിയായ ഒരു ബാലിക ഭഗവന്റെ സമീപത്തിൽ ചെന്നു.

അക്കാലത്തു തപ്‌മുനിയെന്ന ഒരു ബ്രാഹ്മണവൎയ്യൻ അരുണമങ്കയെന്ന ബ്രാഹ്മണസ്ത്രീയെ വിവാഹംചെയ്ത് ഒരു സ്ത്രീസന്താനത്തെ ജനിപ്പിച്ചു. പ്രസവാനന്തരം ശിശുവിനെ ത്യജിച്ചുംവച്ച് ആ ബ്രാഹ്മണദമ്പതികൾ വിരാലിമലയിൽ തപസ്സിനുപോയി. ആ ശിശുവിനെ ഉരയൂർ പെരുമ്പറയൻ കണ്ടെടുത്തു തന്റെ പറക്കുടിയിൽ കൊണ്ടുചെന്നു വളൎത്തിവന്നു. ശിശുവിന്റെ ബാല്യപ്രായത്തിൽ ആ പറച്ചേരിയിൽ ഒരു വലിയ മൺമഴപെയ്ത് ഈ പെൺകുട്ടിയൊഴിച്ചു സകലപേരും മരിക്കുന്നതിനിടയായി. അതിനുശേഷം പെൺകുട്ടി പറച്ചേരിക്കു സമീപത്തുള്ള മേലൂർ എന്ന ദിക്കിൽ നീതിയയ്യൻ എന്ന ബ്രാഹ്മണന്റെ ഗൃഹത്തെ അഭയംപ്രാപിച്ച് അവിടെ വളൎന്നുവന്നു. ആ ബാലികയാണു ഭഗവന്റെ സമീപത്തിൽ ചെന്നത്. ഭഗവനു് അവളെക്കണ്ടപ്പോൾ അവൾ ചണ്ഡാളകുലത്തിൽ സംബന്ധിച്ചവളാണെന്നു സംശയം ജനിക്കുകയാൽ തന്റെ ആഹാരത്തെ തീണ്ടി അശുദ്ധമാക്കിയതിനാലുള്ള കോപത്തോടുകൂടി, 'നീ ആര്? പറച്ചിയോ പുലച്ചിയോ?' എന്നു ചോദിച്ചുംകൊണ്ട്, ചോറ് ഇളക്കിക്കൊണ്ടിരുന്ന ചട്ടുകത്താൽ ബാലികയുടെ ശിരസ്സിൽ കണക്കിന് ഒന്നു പ്രഹരിച്ചു. അടിയേറ്റു രക്തം പ്രവഹിച്ച വേദനയോടുകൂടി ബാലിക മടങ്ങിപ്പോയി.

അനന്തരം ഭഗവൻ, കാശിയിൽചെന്നു ഗംഗാസ്നാനംചെയ്തു തീൎത്ഥക്കാവടിയെടുത്തു പലകാലം കഴിഞ്ഞു മടങ്ങിവരവേ ആദ്യത്തേ സത്രത്തിൽ തങ്ങുന്നതിനിടയായി. മുൻചൊന്ന ബാലിക ഈ പ്രാവശ്യവും ഭഗവന്റെ സമീപത്തിൽ ചെന്നു. എന്നാൽ ഇത്തവണ ബാലികയുടെ അത്യുജ്ജ്വലമായ തേജസ്സും സൌന്ദൎയ്യവിലാസവും നവയൌവ്വനവും കണ്ടു ഭഗവനു് അവളിൽ പ്രേമം ജനിക്കുകയാണുണ്ടായത്. അവളിനെ ഒട്ടു മനസ്സിലായതുമില്ല. ബാലികയുടെ വളൎത്തച്ഛനും സത്രത്തിന്റെ ഉടമസ്ഥനുമായ നീതിയയ്യനു ഭഗവന്റെ ഇംഗിതം മനസ്സിലായി. തന്റെ ദത്തപുത്രിയെ ഈ മഹാനു ദാനംചെയ്യണമെന്നു നീതിയയ്യൻ അഭിലഷിച്ചു. ഭഗവനെ അയ്യൻ തന്റെ അഭിലാഷത്തെ അറിയിക്കുകയും ഭഗവൻ അനുവദിക്കുകയും ചെയ്തു. എന്നാൽ തീൎത്ഥക്കാവടി രാമേശ്വരത്തു് എത്തിച്ചു മടങ്ങിവന്നതിനുശേഷമേ വിവാഹകൎമ്മം നിൎവ്വഹിക്കാൻ നിവൃത്തിയുള്ളുവെന്നും അതേവരെയുള്ള താമസത്തെ സഹിക്കണമെന്നും ഭഗവൻ ബ്രാഹ്മണനോടു പറയുകയാൽ ബ്രാഹ്മണൻ അപ്രകാരം സമ്മതിക്കേണ്ടിവന്നു. ഭഗവൻ ഉടൻതന്നെ കാവടിയും എടുത്തു് രാമേശ്വര

ത്തേയ്ക്കു പുറപ്പെട്ടു. യഥാകാലം രാമേശ്വരത്തിലെത്തി കാവടിത്തീൎത്ഥത്താൽ സ്വാമിയെ അഭിഷേകംചെയ്തു സംതൃപ്തനായി മടങ്ങിവന്നു. വാഗ്ദാനപ്രകാരം മടങ്ങിയെത്തിയ ഭഗവനെക്കണ്ടു സന്തുഷ്ടനായ ബ്രാഹ്മണൻ വിധിപ്രകാരമുള്ള കൎമ്മങ്ങളോടുകൂടി സ്വപുത്രിയെ ദാനംചെയ്തു. മൂന്നുദിവസത്തെ ചടങ്ങുകളും കഴിഞ്ഞു നാലാംദിവസം വധുവിനെ മംഗളസ്നാനം ചെയ്യിക്കുന്നതിനായി ഭഗവൻ തൈലസേചനത്തിനു വധുവിന്റെ തലമുടി വകുന്നു മാററിയപ്പോൾ, പൂൎവം താൻ ചട്ടുകംകൊണ്ടു പ്രഹരിച്ച അടയാളംകണ്ടു പരിഭ്രമത്തോടുകൂടി "നീ 'അടി'യാളല്ലേ?" എന്നുപറഞ്ഞു പലായനംചെയ്തു. അതുമുതൽ 'അടി' എന്നു് ആ ബാലികയ്ക്കു പേർ സിദ്ധിച്ചു.

ഓടിപ്പോയ ഭഗവൻ അസ്തമയാനന്തരം ഒരു പാണച്ചേരിയിലുള്ള ഒരു മണ്ഡപത്തെ അഭയം പ്രാപിച്ചു. സ്വഭൎത്താവിനാൽ പരിത്യജിക്കപ്പെട്ട അടി, പിതൃഗൃഹത്തിൽ താമസിക്കുകയല്ല ചെയ്തതു്. ഭൎത്താവിനെ അനുധാവനംചെയ്തു മുൻചൊന്ന മണ്ഡപത്തിൽവച്ചു കണ്ടുമുട്ടി. ഭഗവൻ അവളെ സ്വീകരിക്കയില്ലെന്നു ശഠിച്ചപ്പോൾ അടി ഈപ്രകാരം ഉദ്ബോധനംചെയ്തു:—"സ്വാമിൻ! കൎമ്മബന്ധത്താൽ അങ്ങു് എന്നെ വിവാഹം ചെയ്വാനിടയായതാണു്. അതുകൊണ്ടു് അങ്ങേയ്ക്കു് എന്നെഉപേക്ഷിക്കാൻപാടില്ല. മാത്രമല്ല, അഗ്നിസാക്ഷിയായി വിവാഹംചെയ്യപ്പെട്ട പത്നിയെ തിരസ്കരിക്കുന്നതു നീതിയല്ല; ധൎമ്മവുമല്ല. ധൎമ്മത്തെമറന്നു നിർദ്ദയനായി അങ്ങു് എന്നെ കൈവെടിയുകയാണെങ്കിൽ, നിസ്സഹായയായ ഞാൻ പ്രാണത്യാഗം ചെയ്യുകയും ചെയ്യും."

അധൎമ്മഭീരുവായ ഭഗവനു് അടിയുടെധൎമ്മാനുസൃതവും വിനയാന്വിതവുമായ ഉദ്ബോധത്തെ അംഗീകരിക്കാതിരിക്കാൻ ധൈൎയ്യമുണ്ടായില്ല. എന്നാൽ താൻ പറയുന്ന ഒരു നിബന്ധനയ്ക്കു വഴിപ്പെടണമെന്നും എങ്കിൽ മാത്രമെ സ്വീകരിക്കാൻ നിവൃത്തിയുള്ളുവെന്നും ഭഗവൻ അടിയോടുപറഞ്ഞു. നിബന്ധനയെന്താണെന്നു ചോദിച്ചതിനു "നമുക്കുണ്ടാകുന്ന സന്താനങ്ങളെ അപ്പപ്പോൾ ഉപേക്ഷിക്കണം" എന്നുപറഞ്ഞു. അടിഅപ്രകാരംസമ്മതിച്ചു. അന്നു രാത്രിയിൽ രണ്ടുപേരും ആ മണ്ഡപത്തിൽ തന്നെ ശയിച്ചു. അവിടെവച്ചു്, തമിഴ്ലോകത്തിൽ ഔവ്വയായി ജനിക്കണമെന്നു ശിവൻ ആജ്ഞാപിച്ചതനുസരിച്ചു സരസ്വതി അടിയുടെ ഗൎഭത്തിൽപ്രവേശിച്ചു. ശിശു ജനിച്ച ഉടനെകരാർ അനുസരിച്ചു് ഉപേക്ഷിക്കേണ്ടിവന്നപ്പോൾ, 'ഈ ശിശുവിനെ രക്ഷിക്കാനാരുണ്ടു്?' എന്നിങ്ങനെ മാതാവു ഖേദിക്കവേ,

"ഇട്ടമുടനെൻറലൈയിലിന്നപടിയെൻറെഴുതി
വിട്ടശിവനുഞ്ചെത്തുവിട്ടാനോ—മുട്ടമുട്ട—
പ്പഞ്ചമേയാനാലുംപാരമവനുക്കന്നായ്
നെഞ്ചമേയഞ്ചാതേനീ."

(സാ—' നിൻെറ അനുഭവങ്ങൾ ഇന്നിന്നവയാണെന്ന് കരുണാപൂർവ്വം എൻെറ തലയിലെഴുതിവിട്ട ശിവൻ മരിച്ചുപോയൊ? തുടരെത്തുടരെ ക്ഷാമം നേരിട്ടാലും ഭാരം അവനാണമ്മേ! അമ്മ തെല്ലും ഖേദിക്കണ്ട.)

എന്ന് ആ ശിശുപറഞ്ഞു. അതുകേട്ട മനസ്സമാധാനത്തോടുകൂടി ശിശുവിനെ ഉപേക്ഷിച്ചുംവച്ച് ആദി, ഭഗവനെ അനുഗമിച്ചു. അനന്തരം ശിശുവിനെഅച്ചേരിയിലെപാണന്മാർഎടുത്തു വളർത്തി. ചെറുപ്രായത്തിൽ തന്നെ സർവ്വകലകളും തന്നത്താൻ ഗ്രഹിച്ച്, "ആത്തിച്ചൂടി, കൊന്റൈവേന്തൻ, മൂതുരൈ, നൽവഴി, ജ്ഞാനക്കുറൾ, അചതിക്കോവൈ, നന്നൂർക്കോവൈ, നാൻമണിക്കോവൈ, പന്തനന്താതി, അരുന്തമിഴ്മാലൈ, തരിശനപ്പത്തു്" മുതലായ ഗ്രന്ഥരത്നങ്ങളെ ലോകോപകാരാർത്ഥം നിർമ്മിച്ചും പലേ സന്ദർഭങ്ങളിലായി അനേക ചെറു കവി'കൾ പാടിയും അനിതരസാധാരണമായപ്രസിദ്ധിയെ സമ്പാദിച്ച ഔവ്വയുടെ അത്ഭുതകർമ്മങ്ങൾക്ക് അവസാനമില്ല. ഗണപതി ഔവ്വയുടെപ്രത്യക്ഷമൂർത്തിയായിരുന്നു. ഒരു ദിവസം ഔവ്വ പതിവുപോലെഗണപതിപൂജനടത്തിക്കൊണ്ടിരിക്കുമ്പോൾ, അന്നു പതിവില്ലാത്ത ധൃതിയിൽപൂജാനുഷ്ഠാനംചെയ്യുന്നതുകണ്ടു്, കാരണമെന്തെന്നു ഗണപതിചോദിച്ചു. 'സ്വാമിൻ! സുന്ദരമൂർത്തിയും ചേരമാൻപെരുമാളും കൈലാസത്തേക്കുപോകുന്നു. എന്നെയും ക്ഷണിച്ചിട്ടുണ്ടു്," എന്നു് ഔവ്വ മറുപടിപറഞ്ഞതുകേട്ട്, "പതിവുപോലെ സാവധാനമായി പൂജനടത്തുക! അവരെക്കാൾ മുമ്പിൽ ഞാൻ നിന്നെ കൈലാസത്തിൽ എത്തിക്കാം" എന്നു ഗണപതി വാഗ്ദാനംചെയ്തു. ഔവ്വ അപ്രകാരം സാവധാനമായി പൂജനടത്തുകയും പൂജാവസാനത്തിൽ ഗണപതി ഔവ്വയെ തുമ്പിക്കൈകൊണ്ടെടുത്തു കൈലാസത്തിലാക്കുകയും ഉണ്ടായി. ഒടുവിലെത്തിയ ചേരമാൻപെരുമാളിനും സുന്ദരമൂർത്തിക്കും ഔവ്വയെക്കണ്ടപ്പോൾ അളവററ ആശ്ചര്യംജനിച്ചു.

പാണച്ചേരിയിൽനിന്നുംപോയ ഭഗവനും ആദിയും ഊററുക്കാട്ട് എന്ന ദിക്കിലുള്ള ഒരു മഠത്തിൽ ചെന്നുതാമസമായി. അവിടെവച്ചു ഉപ്പ എന്നൊരു പെൺകുട്ടിജനിച്ചു. ശിശുവിനെ വിട്ടുപിരിയുമ്പോൾ മാതാവു ആദ്യത്തെപ്പോലെ മനസ്താപിക്കുന്നതുകണ്ടു്, ആ ശിശുപറഞ്ഞതാവിതു്:—

"അത്തിമുതലെറുമ്പീറാനവുയിരത്തനൈക്ക-
ഞ്ചിത്തമകിഴ്ന്തളിക്കുന്തേചികൻ—മുററവേ
കർപ്പിത്താൻപോനാനോ കാക്കക്കടനിലൈയോ
വർപ്പനോവന്നായരൻ."

(സാ—ഇറുമ്പു് തുടങ്ങിആനവരെയുള്ള സർവ്വജീവരാശികൾക്കും പ്രീതിപൂർവ്വം ആഹാരം നൽകുന്ന ഭഗവാൻ ആദ്യമേ കല്പിച്ചിട്ടുണ്ടു്, അവൻ എവിടെപ്പോയി? രക്ഷിക്കേണ്ട ഭാരം അവനില്ലേ? അമ്മേ! അവൻ നിസ്സാരനാണോ?)

മാതാവു ഇതുകേട്ട മനസ്സമാധാനത്തോട്ടുകൂടി ഭത്താവിനെ അനുഗമിച്ചു. വിരൂപയായ ഈ ഉപ്പ, ഭൃഗുപത്നിയായ നാഗവല്ലിയത്രേ. അത്യന്തസൌന്ദൎയ്യവതിയായ നാഗവല്ലിയുടെ സൌന്ദൎയ്യത്തെ നേരിൽക്കാണണമെന്നുള്ള അഭിലാഷത്തോട്ടുകൂടി ത്രിമൂൎത്തികൾ വേഷപ്രച്ഛന്നരായി അവളുടെ സമീപത്തിൽചെന്നു നഗ്നഭിക്ഷ ചോദിച്ചു. നാഗവല്ലി തന്റെ പാതിവ്രത്യശക്തിയാൽ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരെ ശിശുക്കളാക്കി ഭിക്ഷ നൽകുകയും തന്നെ പരീക്ഷിക്കണമെന്ന തോന്നിയ ഗൎഹണീയമായ മനോഭിലാഷത്തിനു ശിക്ഷയായി 'മൂന്നുജന്മംഎടുക്കട്ടെ' എന്ന് അവരെ ശപിക്കുകയുംചെയ്തു. ത്രിമൂൎത്തികളാണെന്നു അറിഞ്ഞിട്ടും തങ്ങളെ നിന്ദിച്ചതുകൊണ്ടുള്ള കോപത്തോട്ടുകൂടി 'നീ വിലക്ഷണയായി ഭവിക്കുക!' എന്നു ബ്രഹ്മപ്രഭൃതികൾ നാഗവല്ലിയെയും ശപിച്ചു. തൻമൂലം വിരൂപയായിഭവിച്ച ധൎമ്മപത്നിയെക്കണ്ടു ഭൃഗുമുനി 'നീ ഭൂമിയിൽ ജനിക്കുക!' എന്നരുളിച്ചെയ്തു. അപ്രകാരം ഉപ്പ എന്നപേരിൽ ഭഗവന്റെയും ആദിയുടേയും പുത്രിയായി ഭൂമിയിൽജനിച്ച ശിശുവിനെ വണ്ണാന്മാർ (അലക്കുകാർ) കണ്ടെടുത്തുവളൎത്തി. 'മാരിയമ്മ'യെന്നപേരിൽ സുപ്രസിദ്ധയായ ദേവത ഈ ഉപ്പയാണത്രേ. ഉപ്പയെ ആദ്യമായി പ്രതിഷ്ഠിച്ചത് ഊററുക്കാട്ട് എന്ന ദിക്കിലാണ്. ഇപ്പോൾ തമിഴ്നാട്ടുകളിൽ പലേ സ്ഥലത്തും തമിഴർകുടിപാർപ്പുള്ള മററുദേശങ്ങളിലും 'മാരിയമ്മൻകോവി'ലുകൾ ധാരാളമുണ്ട്.

അനന്തരം ഭഗവനും ആദിയും ചോഴനാട്ടിൽ കരുവൂർ എന്ന സ്ഥലത്തു താമസമാക്കുകയും ഒരു ചോലയുടെ സമീപത്തുവച്ച് 'അതികമാൻ' എന്നൊരാൺകുട്ടിയെ പ്രസവിക്കുകയുംചെയ്തു. പ്രസവാനന്തരം ശിശുവിന്റെ അരക്ഷിതാവസ്ഥയെ ഓൎത്ത് മാതാവു പതിവുപോലെ ഖേദിക്കുന്നതുകണ്ട്, ശിശു ഇപ്രകാരംസാന്ത്വനപ്പെടുത്തി: —

"കരുപ്പൈക്കൺമുട്ടൈക്കുങ്കല്ലിനുട്ടേരൈക്കും
വിരുപ്പുററമുതളിക്കുമെയ്യ —നരുപ്പെററാ-
ലൂട്ടിവളക്കാനോപോകെടുവായന്നായ്കേൾ
വാട്ടമുനക്കേൻമകിഴ്."

(സാ—ഗൎഭത്തിനകത്തുള്ള കരുവിനും കല്ലിനകത്തുള്ള തവളയ്ക്കും അനുഗ്രഹത്തോട്ടുകൂടി ആഹാരംനൽകുന്നഭഗവാൻ, ദേഹമെടുത്താൽ—ഗൎഭപാത്രത്തിൽനിന്നും പുറത്തുവന്നാൽ—ആഹാരംതന്നു വളൎത്തുകയില്ലേ? അല്ലയോ! ശുഷ്കബുദ്ധിയായ മാതാവേ, കേട്ടാലും! മനഃഖേദം അമ്മയ്ക്ക് എന്തിന്? സന്തുഷ്ടയായി ഭവിക്കുക!

അതുകേട്ട് മനസ്സമാധാനത്തോട്ടുകൂടി ആദി സ്വഭത്താവിനെ അനുഗമിച്ചു. ഈ ശിശുവിനെ ചേരമാൻപെരുമാൾ എടുത്തുവളൎത്തി. സൎവ്വശാസ്ത്രങ്ങളിലും അമാനുഷികമായ പാണ്ഡിത്യം സമ്പാദിച്ചതിനുശേഷം സിംഹാസനാരോഹണം ചെയ്യിക്കപ്പെട്ടു. സുന്ദരമൂൎത്തിയുടെ ഉററ

സ്നേഹിതനായി ഭവിച്ചു അതികമാൻ 'പൊൻവണ്ണത്തന്താതി' എന്നൊരു പ്രബന്ധം രചിച്ചു ചിദംബരത്തിൽ അരങ്ങേററാകഴിച്ചു. ഒടുവിൽ സുന്ദരമൂർത്തിയോടുകൂടി കൈലാസത്തിൽ എത്തിത്തന്നാൽ രചിക്കപ്പെട്ട 'അതിയുലാവൈ' എന്ന പ്രബന്ധം അരങ്ങേററി ശിവൻെറ അനുഗ്രഹത്തിനു പാത്രമായി വസിച്ചു.

അനന്തരം ഭഗവനും ആദിയും കാവിരിപ്പൂമ്പട്ടണത്തിൽചെന്നു അവിടുത്തെ ഒരു മണ്ഡപത്തിൽ താമസിച്ചു അ മണ്ഡപത്തിൽവച്ചു് 'ഉറുവ' എന്ന പെൺകുട്ടി ഉണ്ടായി. കുട്ടിയെപ്പിരിഞ്ഞുപോകുന്നതിൽ മനസ്താപം പ്രദർശിപ്പിച്ച മാതാവിനോടു ശിശുപറഞ്ഞു: —

"ചണ്ടെപ്പെക്കുള്ളുയിർതൻറായ്ന്തത്താനങ്ങും
അണ്ടത്തുയിർപിഴെപ്പതാച്ചരിയ — മണ്ടി
യലൈകിൻറവന്നാരനുടൈയവുൺമൈ
നിലൈകണ്ടുനീയറിന്തുനിൽ"

(സാ— ഗർഭപാത്രത്തിലുള്ള ജീവൻ അമ്മ ഭക്ഷിക്കവേതാനും ഭക്ഷിക്കും. മൊട്ടയ്ക്കകത്തേജീവൻ പിഴയ്ക്കുന്നതാശ്ചര്യം. ഓടിഅലയുന്ന— മനസ്സോടുകൂടിയ— മാതാവേ! അവിടുന്നു ഭഗവാൻെറ പരമാത്മസ്ഥിതി കണ്ടറിഞ്ഞുനിൽക്കുക!)

അതുകേട്ടു മാതാവു സംതൃപ്തയായി ഭർത്താവിനെ പിൻതുടന്നു. അ ശിശുവിനെ കള്ളുകച്ചവടക്കാർ എടുത്തുവളത്തി. ഉറുവ കാലാന്തരത്തിൽ തപസ്സുചെയ്തു് ഭദ്രകാളിയായി ദാരുകനെക്കൊന്നു 'തിരുവാലങ്കാട്ടിൽ സഭാനായക'നുമായുണ്ടായ നൃത്തത്തിൽതോററു് അഘോരവീരഭദ്രനെ വിവാഹം ചെയ്തു. ഈ ദേവത ഇന്നും കാവിരിപ്പൂമ്പട്ടണത്തിൽവിളങ്ങുന്നു.

അതിനുശേഷം ആദിഭഗവന്മാർ തിരുവാരൂർ എന്നദിക്കിൽ ചെന്നു് ഒരു മണ്ഡപത്തിൽ താമസമായി. 'കപിലൻ' എന്നൊരു ശിശു അവിടെവച്ചു ജനിച്ചു. പതിവുപോലെ മാതാവിൻെറ മനസ്താപം കണ്ടു് ശിശു പറഞ്ഞതാവിതു്:—

"കണ്ണുഴൈയാക്കാട്ടിർകരുങ്കററവളൈക്ക-
മുണ്ണുംപടിയറിന്തൂട്ടമവർ—നണ്ണു
നമക്കുംപടിയളപ്പാർ നാരിയോർപാകർ
തമക്കുത്തൊഴിലെന്നതാൻ."

(സാ— ദൃഷ്ടികടക്കാത്തകാട്ടിൽ കരിങ്കല്ലിലെ തവളയ്ക്കുപോലും ആഹാരം അറിഞ്ഞുനൽകുന്ന ഭഗവാൻ നമുക്കും പടിയളക്കുമെന്നു വിചാരിക്കുക! അ അർദ്ധനാരീശ്വരനു മറെന്താണൊരു തൊഴിൽ?)

ആദി അതുകേട്ടു സന്തുഷ്ടയായി ഭർത്താവിൻെറ പിന്നാലെപോയി. ആ ശിശുവിനെ പുത്രനില്ലാതെ ഖേദിച്ചുകൊണ്ടിരുന്ന ഒരു ബ്രാഹ്മണൻ എടുത്തുവളത്തി. ഏഴുവയസ്സിൽ ഉപനയനംചെയ്യാൻ ഭാവിക്കവേ, ബ്രാ

ഷണർ എല്ലാവരും ഒന്നിച്ചുകൂടി അക്കർമ്മത്തെ തടുത്തു. ആ അവസരത്തിൽ കപിലൻ, കർമ്മത്താലല്ലാതെ ജന്മത്താൽ ജാതിയില്ലെന്നു സയുക്തികം സാധിക്കുകയും എല്ലാവരും അതിനെ സമ്മതിക്കുകയും ചെയ്യുകയാൽ ഉപനയനകർമ്മം നിർവിഘ്നമായി നിർവ്വഹിക്കപ്പെട്ടു. ഈ കപിലൻ ഇന്നും പാതാളലോകത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്നു.

തിരുവാരൂരിൽനിന്നുംതിരിച്ച ആദിയും ഭഗവനും വേളിമലയുടെ ചരിവിൽ എത്തി താമസമുറപ്പിച്ചു. അവിടെവച്ചു 'വള്ളിയമ്മ'യെന്നപെൺകുട്ടിയെ ആദി പ്രസവിച്ചു. മാതാവു ഉപേക്ഷിച്ചുപോകുന്നതിൽ മനഃഖേദം പ്രദർശിപ്പിക്കുന്നതുകണ്ടു് ആ ശിശു സമാധാനപ്പെടുത്തിയതു് ഇങ്ങനെയാണു്:—

"അന്നൈവയററിലരുത്തിവളർത്തവൻറാ-
നിന്നുംവളക്കാനോവെൻറായേ—മിന്നരവ
ഞ്ചൂട്ടുംപെരുമാൻചുട്ടകാട്ടിനിൻറുവിളൈ-
യാട്ടുംപെരുമാനവൻ."

(സാ—മാതാവിൻെറ ഗർഭത്തിൽ നിക്ഷേപിച്ചു വളർത്തിയഭഗവാൻ ഇനിയും വളർത്തുകയില്ലേ? അമ്മേ! മിന്നുന്നസർപ്പത്തെ ധരിക്കുന്ന ദേവൻ, ചുടുകാട്ടിൽനിന്നു വിളയാടുന്ന ദേവൻ, അവൻതന്നെയാണു്.)

ആദി, ഖേദംവെടിഞ്ഞു ഭഗവനെ അനുഗമിച്ചു. ഈ ശിശുവിനെ മലക്കുറവർ എടുത്തുവളർത്തി. മഹാവിഷ്ണുവിനാൽകാമിക്കപ്പെട്ട 'വിഭൂതി'യിൽജനിച്ച 'കുമാരി'യാണു് ആദിയാൽ പ്രസവിക്കപ്പെട്ടഈ വള്ളി. വള്ളി പ്രായപൂർത്തിയായതിനുശേഷം ഷൺമുഖനെ തപസ്സുചെയ്തു ഭർത്താവാക്കി.

വേളിമലയിൽനിന്നുംപോയ ആദിയും ഭഗവനും മൈലാപ്പൂരിൽ ചെന്നു് ഇലിപ്പത്തോപ്പിൽ താമസമാക്കി. അവിടെവച്ചു പ്രസിദ്ധനായ 'തിരുവള്ളുവ'രെ പ്രസവിച്ചു. തിരുവള്ളുവർ ആദിഭഗവന്മാരുടെഏഴാമത്തെ സന്താനമാകുന്നു. പതിവുപോലെ സന്താനത്തെ വിട്ടുപിരിയുമ്പോൾ മാതാവു ഖേദിക്കുന്നതുകണ്ടു ശിശു പറഞ്ഞതാവിതു;—

"എവ്വുയിരുങ്കാക്കവൊരു വീശനുണ്ടോവില്ലൈയോ
വവ്വുയിരിൽയാനൊരുവനല്ലവോ—വവ്വി
യരുകുവതുകൊണ്ടിങ്കലൈവതേനന്നേ
വരുകുവതുതാനേവരും."

(സാ—എല്ലാജീവനെയും കാക്കാൻഒരു ദൈവം ഉണ്ടോഇല്ലയോ? ആ ജീവന്മാരിൽ ഒരുവനല്ലേ ഞാനും? ഖേദിച്ചുലയുന്നതു് എന്തിനാണമ്മേ? വരേണ്ടതു താനേവരും.)

അതുകേട്ടു സംതൃപ്തരായി ആദിയും ഭഗവനും തീർത്ഥയാത്രപുറപ്പെട്ടു. അനന്തരം ഇലിപ്പമരത്തിൻെറ ചുവട്ടിൻകിടന്ന ശിശു അമ്മരത്തിലെ പുഷ്പങ്ങളിൽനിന്നും നിർഗ്ഗളിച്ച തേൻഭക്ഷിച്ചു ക്ഷുത്തടക്കി. ബ്രഹ്മാവി

ൻെറ അവതാരമാകയാൽ ശിശുവിനു ജനനത്തിൽതന്നെ ശിഖയും യജ്ഞോപവീതവും ചതുൎവേദഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. പുത്രാഭാവത്താൽ ഖിന്നയായ ഒരു * വേളാളസ്ത്രീ ഈ അവസരത്തിൽ അവിടെയുള്ള ശിവാലയത്തിൽ ഭജനംനോററിരിക്കുന്നുണ്ടായിരുന്നു. ഉമാദേവി ആ സ്ത്രീക്കു ദൎശനംനൽകി 'ഈ ദിവ്യശിശുവിനെ എടുത്തുവളൎത്തിക്കൊൾക' എന്നനുഗ്രഹിച്ചുശിശുവിനു 'തിരുവള്ളുവർ'എന്നു നാമകരണവുംചെയ്തു. കുരുടനു കാഴ്ചകിട്ടിയതുപോലുള്ള സന്തോഷത്തോടുകൂടി,വേളാളസ്ത്രീ ശിശുവിനെ എടുത്തു ഗൃഹത്തിൽ കൊണ്ടുചെന്നു ഭൎത്തൃഹസ്തത്തിൽ സമൎപ്പിച്ചു് വിവരമെല്ലാം അറിയിച്ചു. വേളാളൻ അത്യന്തസന്തോഷത്തോടുകൂടി ശിശുവിനെ മാറോടണച്ചു പലപ്രാവശ്യം ചുംബിച്ചു.

തിരുവള്ളുവർ പ്രതിപദചന്ദ്രനെപ്പോലെ, വേളാളഗൃഹത്തിൽ വളൎന്നുവരവെ, ആ വേളാളൻെറ ബന്ധുക്കളും സമുദായക്കാരും, കുലഹീനനായ കുട്ടിയെ വളൎത്തുന്നതിനെക്കുറിച്ചു് അധിക്ഷേപം പുറപ്പെടുവിക്കയാൽ, തൊഴിത്തിൻതിണ്ണയിൽ തൊട്ടിൽകെട്ടി അതിൽകിടത്തി വളൎത്തിവന്നു. കുട്ടിയുടെ ശുശ്രൂഷയ്ക്കു സനിഷ്കൎഷം ഭൃത്യജനങ്ങളെ ഏൎപ്പെടുത്തുകയും ചെയ്തു.

തിരുവള്ളുവൎക്കു് അഞ്ചുവയസ്സായി. താൻമൂലം തൻെറ ദത്തപിതാക്കൾ സ്വസമുദായത്തിൻെറ അധിക്ഷേപത്തിനു പാത്രമാകരുതെന്നുള്ള കരുതലോടുകൂടി, ഒരു ദിവസം വള്ളുവർ ആ അഛനമ്മമാരേനോക്കി, "ഞാൻമൂലം നിങ്ങൾക്കു സങ്കടംനേരിടരുതു്. ഞാൻ എവിടെയെങ്കിലുംപോയി ജീവിച്ചുകൊള്ളാം." എന്നുപറഞ്ഞു. അവർ അതുകേട്ടു്, "കുഞ്ഞേ! അപത്യദുഃഖത്തെ പരിഹരിക്കാൻവന്ന ദൈവമാണല്ലോ നീ; നിന്നെപ്പിരിഞ്ഞു ഞങ്ങൾ എങ്ങനെ ജീവിച്ചിരിക്കും" എന്നു സഖേദം ചോദിച്ചു. അതിനു തിരുവള്ളുവരുടെ സമാധാനമിതായിരുന്നു:— "വന്ദ്യരേ! നിങ്ങൾ എൻെറ യാത്രയെത്തടയരുതു്. എനിക്കു് ഈ ലോകത്തിൽ നിൎവ്വഹിക്കേണ്ടതായിട്ടുള്ള കാൎയ്യങ്ങൾ പലതാണു്. ഇപ്പോൾമുതൽ ഞാൻ അതിലേക്കു ശ്രമിക്കേണ്ടവനായിരിക്കുന്നു. ഞാൻ ഇതാ പുറപ്പെട്ടുകഴിഞ്ഞു. നിങ്ങൾ എന്നേപ്പററി ലേശം മനസ്താപിക്കണ്ടാ. ഏതവസരത്തിൽ നിങ്ങൾക്കു് എന്നേ കാണണമെന്നു തോന്നുന്നുവോ ആ അവസരത്തിൽ ഞാൻ നിങ്ങളുടെ മുമ്പിൽ എത്തിക്കൊള്ളാം."

അഛനമ്മമാരുടെ മനസ്സില്ലാമനസ്സോടുകൂടിയ അനുവാദപ്രകാരം തിരുവള്ളുവർ അവിടെനിന്നും പുറപ്പെട്ടു. ആ നഗരത്തിനു സമീപമുള്ള ഒരു പനമരത്തിൻെറ ചുവട്ടിൻചെന്നിരുന്നു. വള്ളുവർ ചുവട്ടിൽ ചെന്നിരുന്നപ്പോൾമുതൽ മരത്തിൻെറ ഛായയ്ക്കു് അചഞ്ചലത്വം സംഭവിച്ചു. നിഴൽവരവണ്ണംമാറാതെ നിൽക്കുന്നതുകണ്ടു് അവിടെ അനവ

* പൂവൈശ്യർ എന്ന ജാതിയിൽപെട്ട ഒരു സ്ത്രീ.

ധി ജനങ്ങൾ തിക്കിക്കൂടി തിരുവള്ളുവർ ദിവ്യനാണെന്നും മററും അഭിപ്രായപ്പെട്ടു. ജനസംഘത്താൽ, തൻെറ ഏകാന്തവാസത്തിനു പ്രതിബന്ധം സംഭവിക്കുകയാൽ 'എനിക്ക് ഒരു ദിവ്യത്വവുമി'ല്ലെന്നു പറഞ്ഞു് വള്ളുവർ എഴുന്നേററു തൻെറ വഴിക്കുപോയി; ആ നഗരത്തിനു വെളിയിലുള്ള ഒരു മലയിൽ ചെന്നുകയറി; അവിടെ അനവധി മഹർഷിമാരും സിദ്ധന്മാരും മുനീശ്വരന്മാരും മററും വാസംചെയ്യുന്നുണ്ടായിരുന്നു. അവരോടൊന്നിച്ചു വള്ളുവർ ആ മലയിൽ താമസമുറപ്പിച്ചു. തിരുമൂലർ എന്ന സിദ്ധൻകൂടി ആ മലയിലുണ്ടായിരുന്നു. അദ്ദേഹം വള്ളുവരെക്കണ്ടു് ആശ്ചര്യത്തോടുകൂടി, "അല്ല! പണ്ടു നന്ദി എന്നെ അനുഗ്രഹിക്കുമ്പോൾ അങ്ങു് അവിടെ ഉണ്ടായിരുന്നുവല്ലോ! ഇപ്പോൾ ഭൂലോകവാസികളെ അനുഗ്രഹിക്കാനായി ഇങ്ങോട്ടു പുറപ്പെട്ടതായിരിക്കാം" എന്നുപറഞ്ഞു.

ഇക്കാലത്തു തൊണ്ടമാൻനാട്ടിൽ ഒരു വേതാളത്തിൻെറ ഉപദ്രവം നേരിട്ടുകൊണ്ടിരുന്നു. മനുഷ്യരെ നിഗ്രഹിക്കുകയും കൃഷികളെ നശിപ്പിക്കുകയുമായിരുന്നു വേതാളത്തിൻെറ തൊഴിൽ. ഈ വേതാളത്തെ അടക്കാൻ ആൎക്കും കഴിവുണ്ടായില്ല. കാവേരിപ്പാക്കമെന്ന സ്ഥലത്തു് ആയിരംകലപ്പകൊണ്ടു കൃഷിചെയ്തുപോരുന്ന ഒരു ധനികനായ വേളാളൻ ഉണ്ടായിരുന്നു. മാർഗ്ഗസഹായൻ എന്നാണു് അയാളുടെ പേരു്. ഈ വേതാളത്തെ അടക്കുന്നവൎക്കു ധനമായും ഭൂമിയായും അനവധി സമ്മാനങ്ങൾ കൊടുക്കുന്നതാണെന്നു് അയാൾ പ്രഖ്യാപനംചെയ്തു. വേതാളത്തെ അടക്കി സമ്മാനംവാങ്ങാൻ സാമൎത്ഥ്യമുള്ളവർ ആരും ഉണ്ടായിരുന്നില്ല. തന്മൂലം മാർഗ്ഗസഹായൻ തിരുമൂലർ മുതലായ മഹാത്മാക്കൾ വസിക്കുന്ന മലയിൽചെന്നു വേതാളവൃത്താന്തം അവരെ ധരിപ്പിച്ചു സങ്കടം പറഞ്ഞു. അവർ അതുകേട്ടു്, തങ്ങൾക്കു് അതിനു ശക്തിയില്ലെന്നും തിരുവള്ളുവരെക്കണ്ടു പറയണമെന്നും വേളാളനോടു് ഉപദേശിച്ചു. വേളാളൻ ഉടൻതന്നെ വള്ളുവരെക്കണ്ടു സങ്കടം ഉണൎത്തിച്ചു. വള്ളുവർ, വിഭൂതിപഞ്ചാക്ഷരത്താൽ വേതാളത്തെ അടക്കി ജനങ്ങളെ രക്ഷിച്ചു. തന്മൂലം ചരിതാൎത്ഥനായിഭവിച്ച വേളാളൻ പ്രതിജ്ഞാനുസരണം ഒരു ദേശവും അനവധി ധനവും വള്ളുവൎക്കു സമ്മാനിച്ചു. അനന്തരം ദിവ്യനായ വള്ളുവൎക്കു സ്വപുത്രിയെക്കൂടി സമ്മാനിക്കണമെന്നു വേളാളൻ അഭിലഷിച്ചു. വിവരം വള്ളുവരെ അറിയിച്ചു. വള്ളുവർ, ലോകൎക്കു ഗാർഹസ്ഥ്യമാഹാത്മ്യത്തെ പ്രവൃത്തിമൂലം വെളിപ്പെടുത്തിക്കൊടുക്കണമെന്നു കരുതി താൻ കൊടുക്കുന്ന മണൽ പാകംചെയ്തു ചോറാക്കാൻ കഴിയുമെങ്കിൽ ആ സ്ത്രീയെ സ്വീകരിക്കാമെന്നു വേളാളനോടുപറഞ്ഞു. വേളാളപുത്രി അപ്രകാരം മണൽവേകിച്ചു ചോറാക്കിവിളമ്പിയതിനാൽ തിരുവള്ളുവർ അവളെ വിവാഹംചെയ്തു.

തിരുവള്ളുവർ വാസുകിയെന്ന ആ ധൎമ്മപത്നിയോടുകൂടി മൈലയിൽ താമസമാക്കി. ഉപജീവനമാൎഗ്ഗമായി ലോകത്തിൽ പാപരഹിത

മായ തൊഴിൽ നെയ്ത്തുമാത്രമേയുള്ളു. അത്തൊഴിൽ വള്ളുവർ സ്വീകരിച്ചു. ഏലേലസിംഹൻ എന്ന വർത്തകൻെറ പക്കൽനിന്നും നൂൽവാങ്ങി വസ്ത്രംനെയ്തു വിററുകിട്ടുന്ന ആദായംകൊണ്ടു വള്ളുവരും വാസുകിയും സക്ഷേമം ഉപജീവനംകഴിച്ചുവന്നു.

ഇക്കാലത്താണ് തിരുവാലങ്കാട്ടിൽ സഭാനായകരും ഭദ്രകാളിയും നൃത്യപരീക്ഷനടത്തിയതു്. ഭദ്രകാളിയുടെ അഹങ്കാരത്തെ കുറയ്ക്കാനായി നടത്തിയ ആ പരീക്ഷയിൽ, സഭാനായകൻചെയ്ത നൃത്യവിശേഷങ്ങളെല്ലാം ഭദ്രകാളിയും ചെയ്തുവരികയും ഒടുവിൽ സ്വാമി കാൽവിരൽകാതിൽ തൊടീച്ചു നൃത്തംചെയ്തതുപോലെ ചെയ്തുകാണിക്കാൻ സ്ത്രീസഹജമായ ലജ്ജനിമിത്തം ഭദ്രകാളി ധൈര്യപ്പെടാഴികയാൽ നൃത്തത്തിൽ തോല്ക്കുകയുമാണുണ്ടായതു്. ആ അവസരത്തിൽ ദേവന്മാർ സ്വാമിയെ വണങ്ങി, 'സ്വാമിൻ! അങ്ങു് ഊൎദ്ധ്വതാണ്ഡവത്താൽ ഭദ്രകാളിയെ പരാജിതയാക്കാൻ കാരണമെന്തോ?' എന്നുചോദിച്ചു. 'തിരുവള്ളുവരെക്കണ്ടുചോദിക്കുവിൻ!' എന്നായിരുന്നു സ്വാമിപറഞ്ഞ സമാധാനം. ഉടൻതന്നേ ദേവന്മാർ തിരുവള്ളുവരെക്കണ്ടുചോദിച്ചതിനു വള്ളുവർപറഞ്ഞ സമാധാനമിതായിരുന്നു:—

"പൂവിലയനംപുരന്തരനംപൂവുലകൈ-
ത്താവിയളന്തോനന്താമിരുക്ക—നാവി-
ലിഴൈനക്കിനൂനെരുട്ടമേഴൈയറിവേനോ
കുഴൈനക്കംപിഞ്ഞകൻറൻകൂത്തു"

(സാ—ബ്രഹ്മാവും ഇന്ദ്രനും വിഷ്ണുവുമിരിക്കെ, നാവിൽ ഇഴനക്കി നൂൽ തെരുട്ടുന്ന ഈ സാധുവിനു് അറിയാമോ, (കാലുകൊണ്ടു) കാതുനക്കുന്ന ശിവൻെറ കൂത്തു്?)

ദേവന്മാർ അതുകേട്ടു സംശയംതീൎന്നു മടങ്ങിപ്പോയി. തദനന്തരം, ഒരുദിവസം വള്ളുവർ നൂൽവാങ്ങാനായി ഏലേലസിംഹൻെറ വീട്ടിൽ ചെന്നു. സിംഹനെ വെളിയിൽകണ്ടില്ല. ചോദിച്ചപ്പോൾ ശിവപൂജനടത്തിക്കൊണ്ടിരിക്കുന്നു എന്നു ഭാൎയ്യപറഞ്ഞു. "ഇവിടെയോ കുന്നിലോ ശിവപൂജ നടത്തുന്നതു്?" എന്നു വള്ളുവർചോദിച്ചു. ആ സ്ത്രീ അകത്തുചെന്നു വിവരം സ്വഭൎത്താവിനെ അറിയിച്ചു. ഏലേലസിംഹൻ അതുകേട്ടു പരിഭ്രമത്തോടുകൂടി ഓടിവന്നു വള്ളുവരുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു, "സ്വാമിൻ! ഇജ്ജനത്തെ ബന്ധസാഗരത്തിൽനിന്നും കരയേറേണമേ!" എന്നഭ്യൎത്ഥിച്ചു. അദ്ദേഹം ഏലേലസിംഹനെയും കൂട്ടിക്കൊണ്ടു കാട്ടിൽപോയി. ഈ വിവരംഅറിഞ്ഞു വേറെയും പലർ വള്ളുവരോടു് ഉപദേശംവാങ്ങാനായി കാട്ടിലേക്കുതിരിച്ചു. വഴിമദ്ധ്യേ, വള്ളുവർ തൻെറ തപശ്ശക്തിയാൽ ഒരു നദീപ്രവാഹത്തെ നിൎമ്മിച്ചു. ഏലേലസിംഹൻ നിസ്സംശയം വള്ളുവരെ പിന്തുടൎന്നു നദിയിൽ ഇറങ്ങി. മററുള്ളവൎക്കാൎക്കും അതിനു ധൈൎയ്യമുണ്ടായില്ല. ഏലേലസിംഹൻമാത്രം ജ്ഞാനോ

പദേശത്തിന് അധികാരിയാണെന്ന് ഈ പരീക്ഷയിൽനിന്നും തെളിയുകയാൽ വള്ളുവർ അയാളെകൂട്ടിക്കൊണ്ടുപോയി. മുമ്പോട്ടുപോകുന്തോറും ജലംമാറി അവർക്ക് വഴികൊടുക്കുന്നതുകണ്ടു മററുള്ളവർ ലജ്ജിച്ചു മടങ്ങിപ്പോന്നു. വള്ളുവർക്കു സിംഹനെ ഒന്നുകൂടി പരീക്ഷിക്കണമെന്നുതോന്നി. ഒരു വലിയ മരത്തിൻെറ അഗ്രഭാഗത്തുള്ള കനംകുറഞ്ഞ ഒരു കമ്പിൽകയറിനിൽക്കാൻ ആജ്ഞാപിച്ചു. നിസ്സംശയം സിംഹൻ, മരക്കൊമ്പിൽ കയറിനിന്നു. പിടിച്ചകൊമ്പും നിന്നകൊമ്പും വിടാൻ വീണ്ടും ആജ്ഞാപിച്ചു. സിംഹൻ അപ്രകാരവും പ്രവൃത്തിച്ച് നിരാധാരനായി ആകാശത്തിൽ നിലകൊണ്ടു. ഉടൻതന്നെ അത്യന്തം ചാരിതാൎത്ഥ്യത്തോടുകൂടി വള്ളുവർ സിംഹനെപ്പിടിച്ചു മടിയിലിരുത്തി, ജ്ഞാനോപദേശം നൽകി അനുഗ്രഹിച്ചു.

ഒരു ദിവസം അന്നാട്ടിലെ അരചനായ അച്ചുതരാജൻ ഏലേല സിംഹനോടുസംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസംഗവശാൽ സിംഹൻെറ അപുത്രതയെപ്പററിയുള്ള സംസാരം ഉണ്ടായി. ഉടനേ രാജാവു് 'നിങ്ങളുടെ ഗുരുഭൂതൻ അനുഗ്രഹിച്ചാൽ അതിനുനിവൃത്തിയുണ്ടാകുമല്ലോ; എന്തുകൊണ്ടു് അദ്ദേഹത്തെ വിവരം തെര്യപ്പെടുത്തിയില്ല?', എന്നുചോദിച്ചു. അക്കാൎയ്യം തനിക്കു വിട്ടുപോയി എന്നും അടുത്തദിവസം ഗുരുനാഥനെ ഉണർത്തിക്കാമെന്നും പറഞ്ഞു സിംഹൻ മടങ്ങിപ്പോയി. പിറേറദിവസം സിംഹൻ ഗുരുസന്നിധിയെ പ്രാപിച്ചു സങ്കടമുണർത്തിച്ചു. 'സ്വാമി അനുഗ്രഹിക്കും' എന്ന് ഗുരു, ശിഷ്യനെ ആശീർവദിച്ചു. അടുത്തദിവസം ശിവൻതന്നെ ശിശുരൂപമെടുത്തു്, ഏലേല സിംഹനും ഭാൎയ്യയും നിത്യം 'കണികാണുന്ന' പശുവിൻെറ ചുവട്ടടിയിൽ കിടന്നുകരഞ്ഞുകൊണ്ടിരുന്നു. അതുകണ്ടു സിംഹൻെറ ഭാൎയ്യ എടുത്തുമാറോടണച്ചു പാൽകൊടുത്തു. തിരുവള്ളുവർ അക്കുട്ടിക്ക് അഴകാനന്ദൻ എന്നു നാമകരണംചെയ്തു. അടുത്തദിവസം ശിശുലാഭവൃത്താന്തം ഏലേല സിംഹൻ രാജാവിനെ അറിയിച്ചു. രാജാവു് അതുകേട്ട്, 'അത്ര ദിവ്യത്വം അതിനുണ്ടെങ്കിൽ അത ശിശു ഇവിടെയും വരണമല്ലോ?' എന്നു പറയുകയും, ശിശു ആ മാത്രയിൽ രാജാവിൻെറ മടിയിൽവന്നിരിക്കുകയുംചെയ്തു.

ഒരുഘട്ടത്തിൽ അനാവൃഷ്ടിമൂലം നാട്ടിൽ ക്ഷാമംനേരിട്ടു. ഉടനേ തിരുവള്ളുവർ ഏലേലസിംഹനെവിളിച്ചു്, അയാൾ സംഭരിച്ചുവച്ചിരുന്ന ധാന്യങ്ങളെല്ലാം വാങ്ങിയവിലയിൽ അല്പംലാഭംകൂട്ടിവിൽക്കണമെന്ന് ആജ്ഞാപിച്ചു. അപ്രകാരം ഏഴുവർഷം വിററിട്ടും ധാന്യംതീൎന്നില്ല. ഒടുവിൽ ശേഷമുള്ള ധാന്യങ്ങൾ വിലയിൽ അല്പം കുറച്ചുവിൽക്കാൻ കൽപിച്ചു ഒരുദിവസംകൊണ്ടു മുഴുവൻ വിററുതീൎന്നു. അനന്തരം ധാന്യം വിററ ധനമെല്ലാം കൊടുത്തു സ്വൎണ്ണം വാങ്ങി അടിച്ചുരുട്ടി കടലിൽ എറിയാൻ ആജ്ഞാപിച്ചു. അയാൾ ആ ആജ്ഞയെ ശിരസാവഹിച്ച് അപ്രകാരംചെയ്തു, ഒരു ദിവസം കടലിൽ വലവീശിയ

ഒരു മുക്കുവന് ഒരു വലിയ മത്സ്യത്തെക്കിട്ടി. അവൻ അതിനെ കീറിനോക്കിയപ്പോൾ അതിൻെറ വയററിൽ ഒരു ലോഹസ്തംഭം ഇരിക്കുന്നതുകണ്ടു്, അതെടുത്തുകൊണ്ടുചെന്നു ഏലേലസിംഹനുകൊടുത്തു. അയാൾ അതു നടക്കല്ലിനു് ഉപയോഗിച്ചു. പാദസ്പർശത്താൽ മലിനത്വം മാറി മിന്നിത്തിളങ്ങിയ ആ സ്വർണ്ണസ്തംഭത്തിൽ തൻെറ പേർകൊത്തിയിരിക്കുന്നതുകണ്ടു്, സ്വഗുരുവിൻെറ അനുഗ്രഹത്താൽ, കടലിൽക്കളഞ്ഞധനം തിരിച്ചുകിട്ടിയതാണെന്നു വിശ്വസിച്ചു.

ഇങ്ങനെയിരിക്കെ, അനേക അത്ഭുതകർമ്മങ്ങളാൽ കാലാന്തരത്തിൽ ലോകപ്രസിദ്ധനായിഭവിച്ച ഏലേലസിംഹൻെറ പുത്രൻ അഴകാനന്ദൻ മററു ചില മഹാന്മാരോടുകൂടി തിരുവള്ളുവരുടെ സന്നിധിയിൽചെന്നു് ഇഹത്തിലും പരത്തിലും പ്രയോജകീഭവിക്കത്തക്ക ഒരു തത്വഗ്രന്ഥം നിർമ്മിക്കണമെന്നു് ആവശ്യപ്പെട്ടു. അതുകേട്ട തിരുവള്ളുവർ, ചതുർവേദത്തെ സംഗ്രഹിച്ചു് ആയിരത്തിമുന്നൂററിമുപ്പതു് 'ഈരടി'കളായി തിരുക്കുറൾ എന്ന അത്യൽകൃഷ്ടഗ്രന്ഥത്തെനിർമ്മിച്ചു. ഉടനേ അഴകാനന്ദൻെറ അഭിപ്രായപ്രകാരം, സ്വഗ്രന്ഥത്തെ മധുരയിലെ വിദ്വൽസംഘത്തിൽ അരങ്ങേററംചെയ്യാനായി തിരുവള്ളുവർ പുറപ്പെട്ടു. വഴിമദ്ധ്യേ, ഔവ്വയെക്കണ്ടുമുട്ടി വിവരം ധരിപ്പിച്ചു. താനും കൂടിവരുന്നുണ്ടെന്നുപറഞ്ഞു് ഔവ്വയും വള്ളുവരെ അനുഗമിച്ചു. രണ്ടുപേരുംകൂടി ഇടയ്ക്കാടർ എന്ന പ്രസിദ്ധവിദ്വാനെക്കണ്ടു വിവരം തെര്യപ്പെടുത്തി. ഇടയ്ക്കാടർ അതുകേട്ടു്, “സ്വാമിയെ അനാദരിച്ചതിനാൽ നൽക്കീരർ തുടങ്ങിയുള്ള വിദ്വാന്മാരെ സ്വാമി ശപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഈ യാത്ര വേണ്ടതുതന്നെയാണു്; ഞാനുംകൂടിവരുന്നുണ്ടു്.” എന്നുപറഞ്ഞു. തിരുവള്ളുവർ സന്തോഷപുരസ്സരം ആ അഭിപ്രായത്തോടു് യോജിച്ചു മൂന്നുപേരും മധുരയിലേക്കു തിരിച്ചു.

യഥാകാലം ചൊക്കലിംഗസ്വാമിക്ഷേത്രത്തിൽചെന്നു സ്വാമിദർശനംചെയ്തു. മീനാക്ഷീസുന്ദരേശ്വരക്ഷേത്രത്തിലെ പൊൽത്താമരത്തീർത്ഥത്തിൻെറ മദ്ധ്യത്തിൽ 'സംഘപ്പലക'യെന്നൊരാസനമുണ്ടു്. ആ ആസനത്തിലാണു് മധുരയിലെ വിദ്വൽസംഘം സ്ഥിതിചെയ്യുന്നതു്: വള്ളുവർ മുതലായവർ സംഘത്തിൻെറമുമ്പിൽചെന്നു തിരുക്കുറൾ ആദ്യന്തം ചൊല്ലിക്കേൾപ്പിച്ചു. ജ്ഞാനഭണ്ഡാഗാരമായ ആ അത്യൽകൃഷ്ടഗ്രന്ഥം വായിച്ചുകേട്ട സംഘാംഗങ്ങൾ അതീവ സന്തുഷ്ടന്മാരായിഭവിച്ചു. അനന്തരം, അരങ്ങേററപ്പെടുന്നഗ്രന്ഥങ്ങൾ 'സംഘപ്പലക'യിൽവച്ചുപരീക്ഷ നടത്തുന്ന പതിവനുസരിച്ചു തിരുക്കുറളിനെ പലകമേൽവച്ചു. ഉടനേപലക ആ ഗ്രന്ഥത്തിൻെറ അളവിൽ ചുരുങ്ങുകയും അതിൽ ഇരുന്നിരുന്ന സംഘാംഗങ്ങൾ അകമാനം വെള്ളത്തിൽ വീഴുകയുംചെയ്തു. അവരെല്ലാവരും ഒരുപ്രകാരത്തിൽമുങ്ങിയും താണും നീന്തിയും കരയിൽ കയറി തിരുവള്ളുവരെയും തിരുക്കുറളിനെയും അത്യന്തം പ്രശംസിച്ചു. സംഘാംഗങ്ങൾ നാല്പത്തൊൻപതുപേരും നാല്പത്തൊൻപതു 'കവി'കൾ പാടിഗ്ര

ന്ഥത്തെ പ്രശംസിച്ചിട്ടുണ്ടു്. ആ പാട്ടുകൾക്കു് 'തിരുവള്ളുവമാല' എന്നു പേരാണു്. അതിൽ ചിലതു് അടിയിൽ ഉദ്ധരിക്കുന്നു.

ഉഗ്രപ്പെരുവഴുതിയാർ എന്ന മഹാൻ പാടിയതു്:—

"നാൻമറൈയിൻമെയ്പ്പൊരുളൈമുപ്പൊരുളാനാൻമുകത്താൻ
റാൻമറൈന്തുവള്ളുവനായ്ത്തന്തുരൈത്ത—നൂന്മുറൈയൈ
വന്തിക്കചെന്നിവായ്വാഴ്ത്തുകനന്നെഞ്ചം
ചിന്തിക്കകേട്കചെവി."

സാ— ചതുരാനനൻ സ്വശരീരത്തെ മറന്നു വള്ളുവരായി, ചതുർവേദസാരത്തെ (ധർമ്മാർത്ഥകാമങ്ങളാകുന്ന) മൂന്നുവിധതത്വങ്ങളായി തിരുവായരുളിത്തന്ന ഗ്രന്ഥത്തെ എന്റെ ശിരസ്സു് നമിക്കാനും വക്ത്രം വാഴ്ത്താനും നല്ല മനസ്സു ചിന്തിക്കാനും കാതു കേൾക്കാനും കടപ്പെട്ടിരിക്കുന്നു.

മാങ്കുടിമരുതനാർ എന്നമഹാൻപാടിയതു്:—

"കാതർകെളിതായുണർതർകരിതാകി
വേതപ്പൊരുളായ്മികവിളങ്കി—തീതറോ-
രുള്ളുതോറുള്ളുതോറുള്ളമുരുക്കുമേ
വള്ളുവർവാഴ്മൊഴിമാൺപു."

സാ—ചൊല്ലാൻ എളുപ്പമുള്ളതായി ഗ്രഹിക്കാൻ പ്രയാസമുള്ളതായി വേദതത്വമയമായി വിളങ്ങുന്ന തിരുവള്ളുവരുടെ വായ്മൊഴിയുടെ മാഹാത്മ്യം കുററമററവരുടെ മനസ്സിനെ ചിന്തിക്കുന്തോറും ചിന്തിക്കുന്തോറും അലിയിക്കും.

കാവിരിപ്പൂമ്പട്ടണത്തുക്കാരിക്കണ്ണനാർ എന്ന മഹാൻപാടിയതു്:—

"ഐയാറുനൂറുമതികാരമൂൻറുമാ
മെയ്യായവേതപ്പൊരുൾവിളങ്ക—പ്പൊയ്യാതു
തന്താനുലകിർകുത്താൻവള്ളുവരാകി
യന്താമരമേലയൻ."

സാ—നൂററിമുപ്പത്തിമൂന്നു് അധികാരവും പരമാർത്ഥ വേദതത്വങ്ങൾ തെററാതെ വിളങ്ങുമാറു തിരുവള്ളുവരായി ജനിച്ച ബ്രഹ്മദേവൻ തന്നെ.

മധുരത്തമിഴ്നായനാർ എന്നമഹാൻ പാടിയതു്:—

"എല്ലാപ്പൊരുളുമിതൻപാലുളവിതൻപാ-
ലില്ലാതവെപ്പൊരുളുമില്ലെയാൽ—ചൊല്ലാർ
പരന്തപാവാലെൻപയൻവള്ളുവനാർ
ചുരന്തപാവൈയെത്തുണൈ"

സാ—എല്ലാതത്വങ്ങളും ഇതിലുണ്ടു്; ഇതിലില്ലാത്ത തത്വം ഒന്നുമില്ല; വാക്കുകൊണ്ടു തടിച്ചപുസ്തകം കൊണ്ടെന്തുഫലം? തിരുവള്ളുവരാൽ തരപ്പെട്ട ഗ്രന്ഥമത്രേ ലോകത്തെ സഹായിക്കുന്നതു്.

അനന്തരം എല്ലാവരുടെയും അഭിപ്രായപ്രകാരം, തമിഴ്ഭാഷയുടെ പിതാവായ അഗസ്ത്യമഹർഷിയെക്കൊണ്ടു തിരുക്കുറൾ ചൊല്ലിക്കേൾപ്പിക്കുകയും അദ്ദേഹം ഗ്രന്ഥത്തെപ്പിന്നെയും പിന്നെയും പ്രശംസിക്കുകയും ചെയ്തു.

വാസുകിയുടെ പാതിവ്രത്യനിഷ്ഠയും ഗാർഹസ്ഥ്യജീവിതത്തിൽ സ്വഭർത്താവിനെ എത്രമാത്രം സഹായിച്ചു എന്നുള്ള വസ്തുതയും അടിയിൽപറയുന്ന സംഭവത്തിൽനിന്നും വെളിവാകുന്നതാണ്. ഒരിക്കൽ ഒരുമഹാൻ തിരുവള്ളുവരുടെ ഗൃഹത്തിൽചെന്ന്, “സ്വാമിൻ! ഗൃഹസ്ഥാശ്രമമോ സന്ന്യാസാശ്രമമോ ശ്രേഷ്ഠം?” എന്നുചോദിച്ചു. തിരുവള്ളുവർ അതിനു സമാധാനമൊന്നും പറയാതെ സ്വപത്നിയുടെ പേരുവിളിച്ചു. കിണററിൽ വെള്ളംകോരിക്കൊണ്ടുനിന്ന വാസുകി, ജലംനിറഞ്ഞപാള കിണററിൻെറ മദ്ധ്യഭാഗത്തു വന്നപ്പോഴാണു വിളികേട്ടത്. ആ നിമിഷത്തിൽ കയററിൻെറ പിടിവിട്ടുംവച്ചു ഭർത്തൃസന്നിധിയിൽചെന്ന് ആജ്ഞകാത്തുനിന്നു. പാള, കയററിലെ പിടിവിട്ടപ്പോൾ നിന്ന ഉയരത്തിൽനിന്നും നെല്ലിടതാഴ്ന്നില്ലെന്നുള്ള വസ്തുത മുൻചൊന്ന മഹാൻ ഗ്രഹിച്ചു.

മുമ്പിൽ ഹാജരായ പത്നിയോടു ഭക്ഷണംകൊണ്ടുവരാൻ വള്ളുവർ ആജ്ഞാപിച്ചു. വാസുകി കൊണ്ടുവന്നു വിളമ്പിയതു പഴഞ്ചോറായിരുന്നു. അതുകണ്ടു തിരുവള്ളുവർ, “കൈപൊള്ളുന്നു” എന്നുപറഞ്ഞു. അനുസരണശീലയായ ആ ധർമ്മപത്നി ഉത്തരക്ഷണത്തിൽ വിശറിഎടുത്തു വീശുകയും പഴഞ്ചോററിൽനിന്നും ആവിപുറപ്പെടുകയുംചെയ്തു. ഈ സംഭവത്തിനും ആ മഹാൻ ദൃക്സാക്ഷിയാണ്.

ഭക്ഷണാനന്തരം വള്ളുവർ വസ്ത്രം നെയ്തുംകൊണ്ടിരിക്കുമ്പോൾ കൈയിലിരുന്ന നൂൽചുററു താഴത്തുവീണു. ഉടനേ അതു ‘നോക്കിഎടുക്കാൻ വിളക്കുകൊണ്ടുവരിക!’ എന്നു വാസുകിയോട് ആവശ്യപ്പെട്ടു. വാസുകി, ആ നട്ടുച്ചസമയത്തു വിളക്കിൻെറ ആവശ്യമില്ലെന്ന് അറിഞ്ഞിരുന്നും ഭർത്താവിൻെറ ആജ്ഞയെ ശിരസാവഹിച്ച് ഉടൻതന്നെ വിളക്കു കൊണ്ടുവന്നു. ഈ സംഭവംകൂടി കണ്ടുംകൊണ്ടിരുന്ന അതിഥി, “ഇങ്ങനെയുള്ള ഭാര്യയെകിട്ടിയാൽ ഗൃഹസ്ഥാശ്രമംതന്നെ സർവോൽകൃഷ്ടം; ഇല്ലെങ്കിൽ സന്ന്യാസംതന്നെ ഉത്തമം.” എന്നു തൻെറ ചോദ്യത്തിനുതന്നെ താൻ സമാധാനം കണ്ടുംകൊണ്ടു മടങ്ങിപ്പോയി.

ഇപ്രകാരം തിരുവള്ളുവരും വാസുകിയും ഗാർഹസ്ഥ്യജീവിതമാഹാത്മ്യത്തെ പ്രവൃത്തിരൂപേണ ലോകരെ ഗ്രഹിപ്പിച്ചതിനുശേഷം, വാസുകി ‘ദേഹ’ത്തെ വെടിയാറായ ഘട്ടത്തിൽ, ഉൽകണ്ഠയോടുകൂടി സ്വഭർത്താവിൻെറ മുഖത്തെ വീക്ഷിച്ചു. “എന്താണ് അഭീഷ്ടം?” എന്നു വള്ളുവർ ചോദിച്ചതിന്, ‘സ്വാമിൻ, അവിടുന്ന് ഈ ദാസിയെ വിവാഹംചെയ്ത അന്ന്, അവിടുത്തേക്ക് അന്നംവിളമ്പുന്ന അവസരങ്ങളിൽ ഒരു ചെറിയ പാത്രത്തിൽ വെള്ളവും ഒരു സൂചിയും അടുക്കൽ കൊണ്ടുവയ്ക്കണമെന്ന്

അവിടുന്നു കല്പിക്കുകയും, ഈയുള്ളവൾ അപ്രകാരം പതിവായി തയ്യാറാക്കിവയ്ക്കുകയും ചെയ്തിരുന്നുവല്ലോ; അതിൻെറ ആവശ്യം എന്താണെന്നു് ഇവൾക്കു് ഇതേവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എടുത്തുചോദിക്കുന്നതു പതിവ്രതാധർമ്മത്തിനു വിപരീതമാകയാൽ ആവശ്യം ചോദിച്ചിട്ടുമില്ല.' എന്നു സവിനയം വചിച്ചു. തിരുവള്ളുവർ പറഞ്ഞസമാധാനമിതായിരുന്നു:—'വിളമ്പുന്ന അന്നത്തിൽ, നിന്നും താഴത്തുവീണാൽ അതിനെ സൂചികൊണ്ടു കുത്തിയെടുത്തു കഴുകി ഇലയിലിടുന്നതിലേക്കായിട്ടാണു് സൂചിയും വെള്ളവും കൊണ്ടുവന്നുവയ്ക്കാൻ ശട്ടംകെട്ടിയതു്. എന്നാൽ ഭർത്തൃശുശ്രൂഷയിലുള്ള ഭവതിയുടെ നിഷ്കർഷ അതിൻെറ ആവശ്യം നേരിടുവിച്ചിട്ടില്ല.'

സംശയനിവൃത്തി വന്നതിനാലുള്ള ചാരിതാർത്ഥ്യത്തോടുകൂടി പതിവ്രതാശിരോമണിയായ ആ മഹാമനസ്ക പരലോകംപ്രാപിച്ചു. ആ അവസരത്തിൽ തിരുവള്ളുവർ ഇപ്രകാരം അരുളിച്ചെയ്തു:—

"അടിചിർക്കിനിയാളേയൻപുടൈയാളേ
പടിചൊറാവറാതപാവാ—യടിവരുടി-
പ്പിൻറൂങ്കിമുന്നെഴുന്തപേതൈയേപോതിയോ
വെൻറൂങ്കുമെൻകണ്ണിരാ."

(സ—സ്വാദിഷ്ടമായ ഭക്ഷണമുള്ളവളേ! (ഭക്ഷണംനൽകുന്നവളേ) സ്നേഹമുള്ളവളേ! തെല്ലും വാക്കുതെററാത്ത (വാക്കിനെ ലേശംതട്ടാത്ത) അനുസരണയോടുകൂടിയ സ്ത്രീരത്നമേ! കാൽതടവി (ഞാൻ ഉറങ്ങിയതിൽ) പിന്നീടുറങ്ങി, (ഞാൻഉണരും) മുമ്പുണന്ന് (അപ്രകാരമുള്ള ശീലത്തോടുകൂടിയിരുന്ന) സ്ത്രീയേ കേൾക്കുക! ഇനി എൻെറ കണ്ണുകൾ രാത്രിയിൽ എന്നുറങ്ങും?)

തിരുവള്ളുവർ പിന്നീടും പലകാലം ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ അപദാനങ്ങൾക്കു് അവസാനമില്ല. അന്ത്യകാലത്തിൽ തൻെറ പ്രിയശിഷ്യനായ ഏലേലസിംഹനോടു്, തൻെറ ശരീരത്തെ കയറുകെട്ടി വലിച്ചു നാട്ടിനുവെളിയിലുള്ള മരുഭൂമിയിൽ കൊണ്ടിടണമെന്നാജ്ഞാപിച്ചു. അനന്തരം വള്ളുവർ മഹാസമാധിയടഞ്ഞതുകണ്ടു, ശിഷ്യൻ അമാനുഷികനായ ഗുരുവിൻെറ ദിവ്യശരീരത്തെ നാഥനില്ലാപ്പിണംപോലെ കയറുകെട്ടി വലിച്ചിഴച്ചു കാട്ടിൽത്തള്ളാൻ മടിച്ചു സ്വർണ്ണപ്പെട്ടിയുണ്ടാക്കി അതിൽവച്ചു വിധിപ്രകാരം സംസ്കാരംചെയ്യാൻ ഉദ്യമിക്കവേ, വള്ളുവർ കണ്ണുതുറന്നു നോക്കി, "വത്സ! ഞാൻ പറഞ്ഞതുപോലെ പ്രവർത്തിക്കുക!" എന്നുപറഞ്ഞു വീണ്ടും കണ്ണുകൾ അടച്ചു. ശിഷ്യൻ അത്യാശ്ചര്യപരതന്ത്രനായി ഭയഭക്തിയോടുകൂടി ഗുർവ്വാജ്ഞയെ ശരിക്കു നിർവ്വഹിച്ചു. അനിത്യമായ ഈ ശരീരംപോലും പരോപകാരാർത്ഥം വ്യയംചെയ്യണമെന്നുള്ള ഉൽകൃഷ്ടതത്വം ഇതിൽനിന്നും ഗ്രഹിക്കുകയുംചെയ്യു. വള്ളുവരുടെ ദിവ്യശവശരീരത്തെ കൊത്തിത്തിന്ന പക്ഷിവർഗ്ഗങ്ങൾ സ്വ

ണ്ണമയമായി പറന്നുപോകുന്നതുകണ്ടു്, ശിഷ്യൻ സ്വഗുരുവിൻെറ മാഹത്വത്തെ പൂർവ്വാധികം മനസ്സിലാക്കാൻ സംഗതിയായി.

തിരുവള്ളുവരെസ്സംബന്ധിച്ച തമിഴരുടെയിടയിൽ നടപ്പുള്ള ഐതിഹ്യങ്ങൾ ഇനിയും പലതുണ്ടു്. വിസ്തരഭയത്താൽ ഇത്രയുംകൊണ്ടു് ഇക്കഥ അവസാനിപ്പിക്കുന്നു.

മേലുദ്ധരിച്ച കഥയ്ക്കും, കേരളത്തിൽ നടപ്പുള്ള "പറയിപെററ പന്തിരുകുല"ത്തിനും പലസംഗതികളിലും ഗണ്യമായ സാമ്യംകാണുന്നുണ്ടു്. ഭഗവൻെറ സ്ഥാനത്തു് വരരുചിയെയാണു് മലയാളക്കഥയിൽ കാണുന്നതു്. വരരുചി സ്വഭാര്യയായ 'പറയി'യിൽ,

"മേളത്തോളഗ്നിഹോത്രി,രജക,നുളിയന്നൂർത്തച്ചനും,പിന്നെവള്ളോൻ,
വായില്ലാക്കുന്നിലപ്പൻ,പടുതലമരുവും നായർ, കാരയ്ക്കൽമാതാ,
ചെമ്മേകേളുപ്പുകൂററൻ, പെരിയതിരുവരങ്കത്തെഴുംപാണനാരും,
നേരേനാരായണഭ്രാന്തനു,മുടനകവൂർച്ചാത്തനും,പാക്കനാരും."

എന്നു പന്ത്രണ്ടുസന്തതികളെയാണു ജനിപ്പിച്ചതു്. ഭഗവൻ, 'അദി'യിൽ ഏഴു സന്താനങ്ങളെ ഉല്പാദിപ്പിച്ചതായിട്ടേ കാണുന്നുള്ളു. പ്രസവിക്കുക, ഉപേക്ഷിക്കുക ഇസ്സംഗതികളിൽ രണ്ടുകഥയ്ക്കും അഭേദ്യമായ സംബന്ധമുണ്ടു്. അദിയുടെ തലയിൽ ചട്ടുകംകൊണ്ടടിച്ചു പാടുവരുത്തിയെങ്കിൽ 'പറയി'യുടെ തലയിൽ പന്തക്കുററിത്താഴ്ത്തി കുഴിച്ചിട്ടുണ്ടു്. ബ്രാഹ്മണകുലത്തിൽ ജനിച്ച അദി, മാതാപിതാക്കന്മാരാൽ തിരസ്കരിക്കപ്പെട്ടതിനുശേഷം പറച്ചേരിയിൽവളൎന്നു പറച്ചിയായി. നമ്മുടെ 'പറയി' ജന്മനാ പറച്ചിയുമാണു്. രണ്ടുപേരും പറക്കുടിയിൽനിന്നും വേർപെട്ടതിനുശേഷം ബ്രാഹ്മണകുലത്തിലാണു വളൎന്നിട്ടുള്ളതു്. രണ്ടുപേരും ദിവ്യന്മാരായ ഭർത്താക്കന്മാൎക്കു സർവ്വഥാ അനുഗുണകളായ ഭാൎയ്യമാരായിരുന്നു.

തമിഴ്ക്കഥയിലെ ഏഴു സന്താനങ്ങളിൽ അധികംപേരും മലയാളക്കഥയിലെ പന്ത്രണ്ടു സന്താനങ്ങളിൽ ഉൾപ്പെട്ടുകാണുന്നില്ല. എന്നാൽ 'പന്തിരുകുല'ത്തിൽ കാണുന്ന 'വള്ളോൻ' 'തിരുവള്ളുവ'രെ അനുസ്മരിപ്പിക്കുന്നുണ്ടു്. 'വള്ളു'വൎക്കും 'വള്ളോ'നും വല്ല സംബന്ധവുമുണ്ടെങ്കിൽ 'കാരയ്ക്കൽമാതാ'വിനും 'ഔവ്വാ'യ്ക്കും വലിയ അകൽച്ചയില്ലെന്നുള്ളതു നിശ്ചയമാണു്. 'വള്ളോ'നെയും 'കാരയ്ക്കൽമാതാ'വിനെയും സംബന്ധിച്ച ഐതിഹ്യങ്ങൾ അറിഞ്ഞിട്ടുള്ളവൎക്കു് ഇതിനെപ്പററി ഖണ്ഡിതമായ അഭിപ്രായം പറവാൻ കഴിയുമായിരിക്കാം.

'കാരയ്ക്കലമ്മൻ' എന്നൊരു ദേവതാപ്രതിഷ്ഠ തമിഴ്ദേശത്തുണ്ടു്. ആ അമ്മൻ, 'ഔവ്വ'യാണെന്നാണറിവു്. 'കാരയ്ക്കലമ്മ'നും 'കാരയ്ക്കൽമാതാ'വും ഒരാളല്ലെന്നു പറവാനും ധൈൎയ്യമില്ല.

വടയാററുകോട്ട, കേ. പരമേശ്വരൻപിള്ള.

# വിഷയസൂചി.

## ധൎമ്മപദ്ധതി — പീഠിക.


| അധികാരം | വിഷയം | പേജ് |
|---|---|---|
| 1 | ഈശ്വരസ്തുതി | 1 |
| 2 | വൃഷ്ടിമാഹാത്മ്യം | 3 |
| 3 | സന്ന്യാസിമഹത്വം | 4 |
| 4 | ധൎമ്മദൃഢീകരണം | 6 |


### ഗൃഹസ്ഥാശ്രമധൎമ്മം.


| | | |
|---|---|---|
| 5 | ഗൃഹസ്ഥാശ്രമജീവിതം | 8 |
| 6 | ഗൃഹിണീത്വം | 10 |
| 7 | പുത്രലാഭം | 12 |
| 8 | സ്നേഹം | 14 |
| 9 | അതിഥിസൽകാരം | 16 |
| 10 | മധുരഭാഷണം | 17 |
| 11 | ഉപകാരസ്മരണ | 19 |
| 12 | മാദ്ധ്യസ്ഥം | 21 |
| 13 | അടക്കക | 22 |
| 14 | ആചാരാദരം | 24 |
| 15 | പരദാരേച്ഛാരാഹിത്യം | 26 |
| 16 | ക്ഷമ | 28 |
| 17 | അസൂയാരാഹിത്യം | 30 |
| 18 | ആശാരാഹിത്യം | 31 |
| 19 | പരോക്ഷദൂഷണംചെയ്യായ്ക | 33 |
| 20 | വ്യൎത്ഥഭാഷണംചെയ്യായ്ക | 35 |
| 21 | പാപഭീതി | 36 |
| 22 | ഉപകാരബോധം | 38 |
| 23 | ദാനം | 40 |
| 24 | കീൎത്തി | 41 |


### സന്ന്യാസാശ്രമധൎമ്മം

#### പൂൎവ്വകാണ്ഡം.


| | | |
|---|---|---|
| 25 | കരുണ | 43 |
| 26 | മാംസഭോജനനിരോധം | 45 |
| 27 | തപസ്സ് | 47 |
| 28 | നിഷിദ്ധാചാരം | 49 |
| 29 | നിൎവ്യാജത | 51 |
| 30 | സത്യസന്ധത | 52 |
| 31 | കോപിക്കായ്ക | 54 |
| 32 | ദ്രോഹകൃത്യം ചെയ്യായ്ക | 56 |
| 33 | അഹിംസാ | 58 |


| അധികാരം | വിഷയം | പേജ് |
|---|---|---|

#### ഉത്തരകാണ്ഡം ജ്ഞാനം.


| | | |
|---|---|---|
| 34 | അസ്ഥിരത. | 60 |
| 35 | ത്യാഗം | 62 |
| 36 | തത്വബോധം | 64 |
| 37 | ആശാത്യാഗം | 66 |
| 38 | വിധി | 68 |


## അൎത്ഥപദ്ധതി — രാജത്വം.


| | | |
|---|---|---|
| 39 | രാജമഹിമ | 70 |
| 40 | വിദ്യ | 72 |
| 41 | വിദ്യാവിഹീനത | 74 |
| 42 | ശ്രവണം | 75 |
| 43 | അറിവ് | 77 |
| 44 | ദോഷത്യാഗം | 79 |
| 45 | മഹത്സാഹായ്യസമ്പാദനം | 80 |
| 46 | ദുഷ്ടസംസൎഗ്ഗവൎജ്ജനം | 82 |
| 47 | കൎത്തവ്യകൎമ്മം | 84 |
| 48 | ബലമറിയുക | 86 |
| 49 | കാലമറിയുക | 87 |
| 50 | സ്ഥലമറിയുക | 89 |
| 51 | തിരഞ്ഞെടുക്കൽ | 91 |
| 52 | കൃത്യബോധം | 92 |
| 53 | ബന്ധുജനാദരണം | 94 |
| 54 | അവിസ്മൃതി | 96 |
| 55 | സദ്ഭരണം | 98 |
| 56 | ദുൎഭരണം | 99 |
| 57 | നിഷ്ഠുരമായിശിക്ഷിക്കായ്ക | 101 |
| 58 | ദാക്ഷിണ്യം | 103 |
| 59 | ചാരസ്വീകരണം | 105 |
| 60 | മനശ്ശക്തി | 107 |
| 61 | മടിയില്ലായ്മ | 108 |
| 62 | ഉത്സാഹം | 110 |
| 63 | മനോനിശ്ചലത | 111 |


### രാജ്യാംഗം.


| | | |
|---|---|---|
| 64 | മന്ത്രിത്വം | 113 |
| 65 | വാക്സാമൎത്ഥ്യം | 115 |
| 66 | കൎമ്മശുദ്ധി | 117 |
| 67 | പ്രവൃത്തിശക്തി | 119 |

| അധികാരം | വിഷയം | പേജ്ജ |
|---|---|---|
| 68 | പ്രവൃത്തിസ്ഥിരത | 120 |
| 69 | ദൂത്യം | 122 |
| 70 | രാജാക്കന്മാരോടുഇടപെടുക | 124 |
| 71 | മനോഭാവമറിയുക | 126 |
| 72 | സഭയറിയുക | 128 |
| 73 | സഭാഭീതിയില്ലായ്ക | 129 |
| 74 | രാഷ്ട്രം | 131 |
| 75 | കോട്ട | 133 |
| 76 | ധനസമ്പാദനം | 134 |
| 77 | സൈന്യഗുണം | 136 |
| 78 | വീരോക്തി | 138 |
| 79 | സ്നേഹത്വം | 140 |
| 80 | സ്നേഹപരീക്ഷണം | 142 |
| 81 | പഴക്കം | 143 |
| 82 | ദുഃസ്നേഹം | 145 |
| 83 | അയുക്തസ്നേഹം | 147 |
| 84 | മൂഢത്വം | 148 |
| 85 | അറിവില്ലായ്മ | 150 |
| 86 | ക്രോധം | 152 |
| 87 | ശത്രുത്വം | 153 |
| 88 | ശത്രുബലമറിയുക | 155 |
| 89 | ഉൾപ്പക | 157 |
| 90 | വലിയവരെനിന്ദിക്കായ്ക | 159 |
| 91 | സ്ത്രീവശഗത | 161 |
| 92 | വാരസ്ത്രീ | 162 |
| 93 | മദ്യപാനംചെയ്യായ്ക | 164 |
| 94 | ചൂത് | 166 |
| 95 | മരുന്ന് | 168 |
| 96 | കലീനത | 170 |
| 97 | മാനം | 171 |
| 98 | ഉൽകൃഷ്ടത | 173 |
| 99 | സദ്ഗുണലക്ഷണം | 175 |
| 100 | ഗുണഭാവം | 177 |
| 101 | ഫലമില്ലാത്തഐശ്വര്യം | 178 |
| 102 | നാണം | 180 |
| 103 | കലോദ്ധരണം | 182 |

| അധികാരം | വിഷയം | പേജ്ജ് |
|---|---|---|
| 104 | കൃഷി | 183 |
| 105 | ദാരിദ്ര്യം | 185 |
| 106 | യാചന | 187 |
| 107 | യാചനാഭിമാനം | 189 |
| 108 | ചണ്ഡാളത്വം | 191 |


കാമപദ്ധതി—വ്യഭിചാരം


| | | |
|---|---|---|
| 109 | നായകാനുമാനം | 192 |
| 110 | ഇംഗിതജ്ഞത്വം | 194 |
| 111 | സുരതാഭിനന്ദനം | 196 |
| 112 | വൈശിഷ്ട്യവർണ്ണന | 198 |
| 113 | കാമമാഹാത്മ്യവർണ്ണന | 200 |
| 114 | ലജ്ജവിട്ടുപറക | 202 |
| 115 | ലോകാപവാദപ്രസംഗം | 203 |


പാതിവ്രത്യം.


| | | |
|---|---|---|
| 116 | വിരഹതാപം | 205 |
| 117 | കാമതാപശോഷണം | 207 |
| 118 | അക്ഷിസൗന്ദര്യക്ഷയം | 209 |
| 119 | വൈവർണ്യംഭവിക്കൽ | 211 |
| 120 | വിരഹതാപാധിക്യം | 213 |
| 121 | അനുസ്മരണപ്രലാപം | 215 |
| 122 | സ്വപ്നകാര്യപ്രസംഗം | 216 |
| 123 | സായംകാലനിരീക്ഷണസന്താപം | 217 |
| 124 | അവയവസൌന്ദര്യക്ഷയം | 220 |
| 125 | ഹൃദയോട്ബോധനം | 222 |
| 126 | സ്ഥൈര്യക്ഷയം | 224 |
| 127 | പരസ്പരസാന്നിദ്ധ്യകാംക്ഷ | 227 |
| 128 | ചേഷ്ടാനുമാനം | 229 |
| 129 | രതികാംക്ഷ | 231 |
| 130 | മനസ്സിനോടുപിണങ്ങുക | 233 |
| 131 | പിണക്കം | 235 |
| 132 | ലഘുകാരണകലഹം | 236 |
| 133 | കലഹവിധങ്ങൾ | 238 |

133

# തിരുക്കുറൾ.

## ധർമ്മപദ്ധതി.

### പീഠിക.

### ഒന്നാം അധികാരം.

#### കടവുൾവാഴ്ത്തു—ഈശ്വരസ്തുതി.

K. KARTHYAYENI
PERINAD QUILON
VILAYATHU H.O.

അകര മുതല വെഴുത്തെല്ലാ മാതി-
പകവൻ മുതറ്റേ യുലകു. ൧

സാരം അക്ഷരമാലകൾ അകാര (അ എന്ന അക്ഷര)മാകുന്ന ആരംഭത്തോടു കൂടിയവയാണ്. എന്നതുപോലെ ലോകം ആദിദൈവമാകുന്ന ആരംഭത്തോടുകൂടിയതാകുന്നു. (ലോകം എന്നതിന് ഇവിടെ ജീവരാശികൾ എന്നർത്ഥമാണ്. പ്രാഥമ്യം കല്പിക്കപ്പെട്ട അകാരത്തിനും ആദിദൈവത്തിനും ഉള്ള ബിംബപ്രതിബിംബഭാവത്തെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു)

കററതനാലായ പയനെൻകൊൽ വാലറിവ-
ന റാറാ ടാഴാ അറെനിൻ. ൨

സാ—സർവ്വജ്ഞനായ ഈശ്വരന്റെ മഹനീയപാദങ്ങളെ വണങ്ങുന്നില്ലെങ്കിൽ (വേദശാസ്ത്രാദികളെ ഉരുവിട്ടു പഠിച്ച ആ) പഠിപ്പുകൊണ്ടുണ്ടായ പ്രയോജനമെന്താണ്? (യാതൊന്നുമില്ലെന്നു താല്പൎയ്യം. ഈശ്വരപാദങ്ങളെ വണങ്ങി ജന്മബന്ധത്തെപ്പൊട്ടിക്കുകയാണ്, ആവക പഠിപ്പുകൊണ്ടു് ചെയ്യപ്പെടേണ്ടതു്.)

മലർമിസൈ യേകിനാൻ മാണടി ചേർന്താർ
നിലമിസൈ നീടു വാഴ്‌വാർ. ൩

സാ—(ഭക്തന്മാരുടെ ഹൃദയമാകുന്ന) പത്മത്തിൽ, (ഓടി) കയറിയവന്റെ ഉൽകൃഷ്ടമായ പാദത്തെ പ്രാപിച്ചവർ സ്വൎഗ്ഗപ്രസിദ്ധമായ ലോകത്തിൽ അഴിവില്ലാതെ ജീവിക്കുമത്രേ (ഭക്തിപൂർവ്വം സ്മരിക്കുന്നവന്റെ മനസ്സിൽ, സ്മരിക്കപ്പെടുന്ന രൂപത്തിൽ ഉടനടി പൂകുന്ന ശീലമുള്ളതുകൊണ്ടു്, ഭൂതക്രിയ പ്രയോഗിച്ചതാണ്. പാദത്തെ പ്രാപിക്കുക എന്നതിന് ഇടവിടാതെ നിനയ്ക്കുക എന്നർത്ഥമാകുന്നു)

വേണ്ടുതൽവേണ്ടാമൈ യിലാനടി ചേർന്താ-
ർക്കിയാണ്ടു മിടും പൈയില. ൪

സാ—സക്തിയും വിരക്തിയും ഇല്ലാത്തവന്റെ പാദങ്ങളെ പ്രാപിച്ചവൎക്ക് ഒരുകാലത്തും ജന്മ (മെടുക്കുക എന്ന) ദുഃഖം ഉണ്ടാകുന്നതല്ല. (സക്തിയും വിരക്തിയും—

ആഗ്രഹിക്കുകയും വെറുക്കുകയും ഇതുരണ്ടും—ഈശ്വരനില്ല. അവൻെറ ഭക്തനും അവയിൽനിന്നും മുക്തനായിരിക്കും. സക്തിവിരക്തികളിൽനിന്നും മുക്തനായവന് ജന്മദുഃഖങ്ങളോട്ട സംബന്ധമില്ല.).

ഇരുൾചേ രിരുവിനൈയുഞ്ചേരാ വിറൈവൻ
പൊരുൾചേർ പുകഴ്പുരിന്താർ മാട്ടു. ൫

സാ—ഈശ്വരൻെറ പാരമാർത്ഥികമായ കീർത്തിയെ ആഗ്രഹി (എല്ലായ്പ്പോഴും കീർത്തി)ക്കുന്നവരിൽ അന്ധകാരത്തിൽനിന്നുമുണ്ടാകുന്ന സുകൃതദുഷ്കൃതങ്ങൾ രണ്ടും സംബന്ധിക്കുന്നതല്ല. (ഇന്നപ്രകാരത്തിലെന്ന് ഒരുവരാലും പറയപ്പെടാൻ സാധിക്കുന്നതല്ലാത്തതിനാൽ അജ്ഞാനത്തെ 'ഇരു'ളെന്നു വ്യവഹരിച്ചതാണ്. സുകൃതവും ജനനത്തിനു കാരണമാകയാൽ രണ്ടുകർമ്മങ്ങളും സംബന്ധിക്കുകയില്ലെന്ന് അരുളിച്ചെയ്തതാണെന്നു അറിഞ്ഞുകൊള്ളുകയും വേണം )

പൊറിവായിലൈന്തവിത്താൻ പൊയ്തീരൊഴുക്ക
നെറിനിൻറാർ നീടു വാഴ്വാർ. ൬

സാ—(ത്വക്ക്, നാക്ക്, മൂക്ക്, കാതു്, കണ്ണ് എന്നീ) ഇന്ദ്രിയങ്ങൾ വഴിയായിട്ടുള്ള അഞ്ചാശകളേയും വേർപെടുത്തിയവൻെറ പരമാർത്ഥസിദ്ധാന്തമാർഗ്ഗത്തിൽ, (വ്യതിചലിക്കാതെ) നിൽക്കുന്നവർ (ജനനമില്ലാതെ ഒരേനിലയിൽത്തന്നെ) എന്നും വസിക്കുന്നതാണ്.

തനക്കുവമൈ യില്ലാതാൻറാൾചേർന്താർക്കല്ലാ-
മനക്കവലൈ മാററലരിതു. ൭

സാ—(ഒരുപ്രകാരത്തിലും) തനിക്ക് എതിരില്ലാത്ത—അദ്വിതീയനായ-വൻെറ, പാദങ്ങളെ പ്രാപിച്ചവർക്കല്ലാതെ മനോദുഃഖങ്ങളെ മാററാൻ സാധിക്കുന്നതല്ല. (ഈശ്വരപാദങ്ങളെ പ്രാപിക്കാത്തവർ, കാമക്രോധാദികളെ അകററാൻ ശക്തന്മാരല്ലത്തതിനാൽ, ജനിച്ചും മരിച്ചും തജ്ജന്യമായ ദുഃഖങ്ങളിൽ മുഴുകിക്കിടക്കേണ്ടിവരുമെന്നു താല്പര്യം.)

അറവാഴിയന്തണൻറാൾ ചേർന്താർക്കല്ലാർ
പിറവാഴി നീന്തലരിതു. ൮

സാ—ധർമ്മവാരിധിയാകുന്ന ഈശ്വരൻെറ പാദങ്ങളെ (പാദമാകുന്ന കപ്പലിനെ) പ്രാപിച്ചവർക്കല്ലാതെ അന്യസമുദ്രങ്ങളെ (അർത്ഥകാമങ്ങളെ) തരണംചെയ്വാൻ സാധിക്കുന്നതല്ല. (ധർമ്മം, അർത്ഥം, കാമം എന്നീ പുരുഷാർത്ഥങ്ങളിൽ ഈശ്വരനെ ധർമ്മസാഗരമാക്കിച്ചെയ്തതിനാൽ അന്യസമുദ്രങ്ങൾ അർത്ഥകാമങ്ങളാണെന്നു സിദ്ധിക്കുന്നു.)

കോളിൽപൊറിയിർ കുണമിലവേ യെൺകുണത്താൻ
റാളൈ വണങ്കാത്തലൈ. ൯

സാ—അഷ്ടഗുണങ്ങളോടുകൂടിയ ഈശ്വരൻെറ പാദങ്ങളെ നമിക്കാത്തവൻെറ ശിരസ്സുകൾ, ജഡീഭൂതങ്ങളായ ഇന്ദ്രിയങ്ങളെപ്പോലെ നിഷ്പ്രയോജനങ്ങളായി ഭവിക്കുന്നു. (അഷ്ടഗുണങ്ങൾ, അണിമാദികളെന്നും സർവ്വജ്ഞതാദികളെന്നും പറയപ്പെടുന്നു. ജഡീഭൂതങ്ങളായ ഇന്ദ്രിയങ്ങൾ, സ്പർശമറിയാത്ത തൊക്കും രുചിയറിയാത്ത നാക്കും മണക്കാൻ കഴിയാത്ത മൂക്കും കാഴ്ചയില്ലാത്ത കണ്ണും ശബ്ദമറിയാത്ത കാതുമാകുന്നു )

പിറവിപ്പെരുങ്കട നീന്തുവർ നീന്താ-
രിറൈവനടി ചേരാതാർ. ൧൦

സാ—ഈശ്വരപാദങ്ങളെ പ്രാപിച്ചവർ ജനനമാകുന്ന മഹാസമുദ്രത്തെ തരണം ചെയ്യുന്നതാണ്; പ്രാപിക്കാത്തവർ തരണംചെയ്വാൻ സാധിക്കുന്നതല്ല. (ഈശ്വരപാദങ്ങളെ സ്മരിക്കുന്നവർ ജനനമഹാസാഗരത്തെ കടക്കാൻ കഴിയുമെന്നും പ്രപഞ്ചചിന്തകന്മാർക്ക് കടക്കാൻ കഴിയുകയില്ലെന്നും ഇതിനാൽ സമർത്ഥിച്ചിരിക്കുന്നു.)

---

## രണ്ടാം അധികാരം.

### വാൻചിറപ്പു—വൃഷ്ടിമാഹാത്മ്യം.

---

വാനിൻറുലകം വഴങ്കിവരുതലാ-
ററാനമിഴ്ത മെൻറുണരർപാററു. ൧

സാ—മഴ തെററാതെ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ ലോകം (ജീവരാശികൾ) നിലനില്ക്കുന്നതുകൊണ്ട് ആ മഴ (ജീവരാശികൾക്ക്) അമൃതമെന്ന് അറിയപ്പെടുന്നു (ജീവരാശികളെ നിലനിൎത്തുന്നതിനാൽ മഴയെ അമൃതം എന്നു പറഞ്ഞിരിക്കുന്നു. അമൃതം ഭക്ഷിച്ചാൽ മരണമില്ലെന്നു പ്രസിദ്ധം. അമൃതം, മരണത്തെ നിവൎത്തിപ്പിക്കുന്നതെന്ന് അൎത്ഥം.)

തുപ്പാക്കുത്തുപ്പായ തുപ്പാക്കിത്തുപ്പാക്കു-
ത്തുപ്പായ തൂഉ മഴൈ. ൨

സാ—മഴ ഭക്ഷിപ്പവൎക്കു ശ്രേഷ്ഠങ്ങളായ ഭക്ഷ്യങ്ങളെ ഉണ്ടാക്കി (ആ ഭക്ഷ്യങ്ങളെ) ഭക്ഷിക്കുന്നവൎക്കു താനും ഭക്ഷണമായി നില്ക്കുന്നു. (താനും ഭക്ഷണമായി ഭവിക്കുകയെന്നതു്, പാനംചെയ്യപ്പെടുകയാണ്. ഉൽകൃഷ്ടന്മാരായ മനുഷ്യരെ കൎത്താക്കളാക്കിയതിനാൽ, മററു ജീവരാശികളെയും സംബന്ധിക്കുമെന്നറിഞ്ഞുകൊള്ളണം. ഇപ്രകാരം ജീവികളുടെ ക്ഷുൽപിപാസാദികളെ ശമിപ്പിക്കുന്നതിനാൽ ലോകത്തെ നിലനിൎത്തുന്നു എന്നു താല്പൎയ്യം )

വിണ്ണിൻറു പൊയ്പ്പിൻ വിരിനീർ വിയനുലക-
ത്തുണ്ണിൻറുടററും പചി. ൩

സാ—മഴ വേണ്ടകാലത്തു പെയ്യാതെ തെററിയാൽ, സമുദ്രത്താൽ ചുററപ്പെട്ട പരന്ന ലോകത്തിൽ വിശപ്പു നിലകൊണ്ടു് (ജീവകോടികളെ) കഷ്ടപ്പെടുത്തും. (സമുദ്രം സംബന്ധപ്പെട്ടിരുന്നിട്ടും അതുകൊണ്ടു ഫലമില്ലെന്നു ആന്തരാൎത്ഥം.)

ഏരിനുഴാ അരുഴവർ പുയലെന്നും
വാരിവളങ്കുൻറിക്കാൽ. ൪

സാ—മഴയുടെ വളം കുറയുമ്പോൾ, കൃഷീവലന്മാർ ഉഴുതുകയില്ല. (ഭക്ഷണസാധനങ്ങളുടെ ദുർഭിക്ഷത്തിൻെറ കാരണത്തെ ഇതിനാൽ വെളിപ്പെടുത്തുന്നു.,

കെടുപ്പതൂഉം കെട്ടാൎക്കുച്ചാർവായ് മററാങ്കേ
യെടുപ്പതൂഉമെല്ലാമഴൈ. ൫

സാ—(വൎഷിക്കാതെ, ലോകവാസികളെ) കെടുത്തുന്നതും (അപ്രകാരം) കെട്ടവൎക്കു സഹായമായിനിന്നു (വൎഷിച്ചു) കെടുതതീൎത്തുപോലെ അവരെ ഉയൎത്തുന്നതും എല്ലാം മഴതന്നെയാണ്. (മഴയുടെ നിസ്തുലശക്തിയെ സൂചിപ്പിക്കുന്നു.)

വിചുംപിററുളിവീഴി നല്ലാൻമററാങ്കേ
പചുംപുററലൈ കാൺപരിതു. ൬

സാം—മേഘത്തിൽനിന്നു തുള്ളികൾ പൊഴിയാതിരുന്നാൽ—മഴപെയ്യാതിരുന്നാൽ-പുല്ലിൻറലെശംപോലും കാണ്മാൻ പ്രയാസമാണു്. (വർഷമില്ലാതിരുന്നാൽ ജീവനുള്ള സകല വസ്തുക്കളും അപ്പൊഴേ നശിക്കുമെന്നു താല്പൎയ്യം)

നെടുങ്കടലുന്തന്നീർമൈ കുൻറുന്തടിന്തെഴിലി
താനൽ കാതാകി വിടിൻ. ൭

സാം—മേഘം, നെടുതായ കടലിൽനിന്നും ഉൾക്കൊള്ളുന്ന ജലത്തെ വർഷിച്ചു വീണ്ടും നൽകാത്താൽ അതിൻെറ (കടലിൻെറ) സമ്പത്തു കറഞ്ഞുപോകും. (സമുദ്രസമ്പത്തു കറയുക എന്നുവച്ചാൽ, അതിലെ ജീവികളും രത്നങ്ങളും ഉണ്ടാകാതിരിക്കയെന്നൎത്ഥമാകുന്നു. കറയുമെന്നു പറഞ്ഞതു് കടൽ മഴയ്ക്കും മുമ്പുള്ളതാണെന്നും അപ്രകാരമുള്ള കടലിൻെറ അഭിവൃദ്ധിക്കു മഴ അത്യന്താപേക്ഷിതമാണെന്നുമുള്ള അൎത്ഥത്തിലാണു്)

ചിറപ്പൊട്ടു പൂചനൈ ചെല്ലാതുവാനം
വറക്കുമേൽ വാനോൎക്കുമീണ്ടു. ൮

സാം—മഴ പൊഴിയാതിരുന്നാൽ, ദേവന്മാൎക്കുമുള്ള ഈ ലോകത്തിലെ ഉത്സവപൂജാദികൾ മുടങ്ങുന്നതാണു്. (ദേവന്മാൎക്കും എന്നു പ്രയോഗിച്ചതു്, വർഷമില്ലാതിരുന്നാൽ അതിനാലുണ്ടാകുന്ന നഷ്ടം ലോകവാസികൾക്കു മാത്രമല്ലെന്നുള്ള അൎത്ഥത്തിലാണു്)

താനന്തവമിരണ്ടുന്തങ്കാവിയനുലകം
വാനം വഴങ്കാതെനിൻ- ൯

സാം—മഴ പെയ്യാതിരുന്നാൽ, പരപ്പേറിയ ഭൂമിയിൽ, ദാനം തപസ്സ് രണ്ടും സംഭവിക്കുന്നതല്ല. (ദാനം, ധൎമ്മമാൎഗ്ഗത്തിൽക്കൂടിയുള്ള സമ്പാദ്യത്തെ പാത്രമറിഞ്ഞു ചാരിതാൎത്ഥ്യപൂൎവ്വം നൽകുകയാകുന്നു. തപസ്സ്, മനസ്സിനെ ഇന്ദ്രിയങ്ങളിൽ പ്രവൎത്തിപ്പിക്കാതെ അടക്കാനുള്ള അഭ്യാസമുറയുമത്രെ. ആദ്യത്തേതു ഗൃഹസ്ഥനേയും രണ്ടാമത്തേതു വാനപ്രസ്ഥനേയും സംബന്ധിക്കുന്നതാണു്)

നീരിൻറമൈയാ തുലകെ നിൻ യാൎയാൎക്കും
വാനിൻറമൈയാ തൊഴുക്കു. ൧൦

സാം—ഏതുതരക്കാൎക്കും വെള്ളമില്ലെങ്കിൽ ലോകകാൎയ്യങ്ങൾ നിൎവ്വഹ്യങ്ങളല്ല; മഴയില്ലെങ്കിൽ ജലസൗലഭ്യം ഉണ്ടാകുന്നതുമല്ല

## മൂന്നാം അധികാരം.

### നീത്താർ പെരുമൈ—സന്ന്യാസിമഹത്വം.

ഒഴുക്കത്തു നീത്താർ പെരുമൈ വിഴുപ്പത്തു
വേണ്ടും പനു വററുണിവു. ൧

സാം—മുറപ്രകാരം സന്ന്യസിച്ചവരുടെ വൈശിഷ്ട്യം, സൎവ്വോപരിഷ്ഠമാണെന്നു ഗ്രന്ഥങ്ങൾ സിദ്ധാന്തിക്കുന്നു. (അവരവരുടെ വൎണ്ണാശ്രമവിധികളെ ശരിക്കു നിൎവ്വഹിക്കുന്നതുകൊണ്ടു് പുണ്യം വളരുന്നു; പുണ്യം വളരുമ്പോൾ പാപം നശിക്കുന്നു; പാപം നശിക്കു

മ്പോൾ അജ്ഞാനം നീങ്ങുന്നു; അജ്ഞാനം നീങ്ങുമ്പോൾ, നിത്യമിന്നതെന്നും അനിത്യമിന്നതെന്നുമുള്ള തിരിച്ചറിവും അനിത്യങ്ങളായ ഇഹപരസുഖങ്ങളിൽ വെറുപ്പും, ജനനദുഃഖബോധവുമുണ്ടാകുന്നു; അതോടുകൂടി മോക്ഷകാര്യത്തിൽ ആഗ്രഹം ജനിക്കുന്നു; മോക്ഷേച്ഛ ജനിക്കുമ്പോൾ, ജന്മത്തിനു കാരണമായ പ്രവൃത്തികളിൽനിന്നും ഒഴിഞ്ഞുമാറി മോക്ഷത്തിനു കാരണമായ യോഗമുറയിൽ പ്രവർത്തിച്ചുതുടങ്ങുന്നു; അതിൽനിന്നും തത്വജ്ഞാനം സിദ്ധിച്ച്, ഞാനെന്നും എന്റേതെന്നുമുള്ള തോന്നലുകൾ നശിക്കുന്നു. ഈ മുറയെ ആണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.)

തുറന്താർപ്പെരുമൈ തുണൈക്കൂറിൻ വൈയ-
ത്തിറന്താരൈ യെണ്ണിക്കൊണ്ടറ്റു. ൨

സാ—ത്യാഗികളുടെ—അഹങ്കാരമമകാരങ്ങളിൽനിന്നും മോചിക്കപ്പെട്ടവരുടെ—മാഹാത്മ്യത്തെ സംഖ്യകൊണ്ടു പരിച്ഛേദിക്കാനുദ്യമിച്ചപ്പോൾ, ഈ ലോകത്തിൽ മരിച്ചവരെ എണ്ണിത്തുടങ്ങിയത്രേ. (ത്യാഗികളുടെ മഹത്വത്തിനും ഈ ലോകത്തിൽ ജനിച്ചുമരിച്ചവർക്കും കൈയും കണക്കുമില്ലെന്നു താല്പര്യം)

ഇരുമൈ വകൈ തെരിന്തീണ്ടറം പൂണ്ടാർ
പെരുമൈ പിറങ്കിററുലകു. ൩

സാ—(ജന്മമോക്ഷങ്ങൾ) രണ്ടിന്റെയും (ദുഃഖസുഖങ്ങളാകുന്ന) അനുഭവങ്ങളെ ആരാഞ്ഞറിഞ്ഞ് ഈ ജന്മത്തിൽ മോക്ഷമാർഗ്ഗത്തെ അവലംബിക്കുന്നവന്റെ ഔൽകൃഷ്ട്യം ഈ ലോകത്തിൽ സർവ്വോന്നതമായിട്ടുള്ളതാകുന്നു.

ഉരനെന്നുന്തോട്ടിയാനോ രൈന്തുങ്കാപ്പാൻ
വരനെന്നും വൈപ്പിക്കോർവിത്തു. ൪

സാ—അറിവാകുന്ന അങ്കുശത്താൽ ഇന്ദ്രിയങ്ങളാകുന്ന ആനകൾ അഞ്ചിനെയും അടക്കിഭരിക്കുന്നവൻ സകലലോകങ്ങളിലുംവച്ചു, ശ്രേഷ്ഠമെന്നു പറയപ്പെടുന്ന മോക്ഷലോകത്തിലേക്കു ഒരു വിത്തായി ഭവിക്കുമത്രേ (ഈ ലോകത്തിൽ ജനിച്ചും മരിച്ചും കഴിയുന്നവനല്ലെന്നു താല്പര്യം.)

ഐന്തവിത്താനാററലുകൽ വിചുമ്പുളാർകോമാ-
നിന്തിരനേ ചാലുങ്കരി. ൫

സാ—അഞ്ച് ആശകളെ (പഞ്ചേന്ദ്രിയപരമായ ആശകളെ) യും അകററിയവന്റെ വല്ലഭത്വത്തിന്, മഹത്തായ ദേവലോകത്തിലുള്ളവരുടെ രാജാവായ ദേവേന്ദ്രൻ സാക്ഷിയാകുന്നു. (ഇന്ദ്രൻ ദേവന്മാരുടെ രാജാവായിരുന്നിട്ടും ഗൌതമമുനിയാൽ ശപിക്കപ്പെട്ടു. ജിതേന്ദ്രിയത്വം, ദേവരാജത്വത്തെക്കാൾ ശ്രേഷ്ഠമാണെന്നു ദേവേന്ദ്രൻ ബോധിച്ചു. അതിനാൽ ദേവേന്ദ്രന്റെ സാക്ഷ്യം, ജിതേന്ദ്രിയന്റെ മഹത്വത്തിന് അദ്വിതീയവും പ്രസ്താവയോഗ്യവുമാണെന്നു താല്പര്യം )

ചെയക്കരിയ ചെയ്വാർ പെരിയർ ചിറിയർ
ചെയക്കരിയ ചെയ്കലാതാർ. ൬

സാ—(തുല്യജാതന്മാരായ മനുഷ്യരിൽ) വലിയവർ ചെയ്യപ്പെടേണ്ട കാര്യങ്ങളെ ചെയ്യുന്നു; ചെറിയവർ (താണനിലയിലുള്ളവർ) അപ്രകാരം ചെയ്യപ്പെടേണ്ടവയെ ചെയ്യുന്നില്ല (ഇതിൽനിന്നും വലിയവർ ചെയ്യാൻ പാടില്ലാത്തതിനെ ചെയ്യുന്നില്ലെന്നും, അപരന്മാർ അതിനെ ചെയ്യുമെന്നും ഉള്ള ഗൂഢാർത്ഥത്തെ ഗ്രഹിക്കണം. മനസ്സിനെ ഒതുക്കാതെ അതിന്റെ പോക്കിനു വിടുക, ആശിക്കുക, കോപിക്കുകമുതലായവ നിഷിദ്ധങ്ങളും, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടുയോഗങ്ങൾ പ്രവൃത്ത്യർഹങ്ങളുമാകുന്നു.)

ചുവൈയൊളിയൂറോചൈ നാററമെന്റൈന്തിൽ
വകൈ തെരിവാൻ കട്ടേയുലകു. ൭

സാ—ലോകം, രസരൂപഗന്ധസ്പർശശബ്ദങ്ങളാകുന്ന പഞ്ചതന്മാത്രത്തിന്റെ തത്വങ്ങളെ ആരാഞ്ഞറിഞ്ഞവനിലാണ്. (ഇപ്പറഞ്ഞവ അഞ്ചും പഞ്ചഭൂതങ്ങളും ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളുമാകുന്ന പഞ്ചതന്മാത്രത്തിന്റെ തത്വങ്ങൾ. പഞ്ചഭൂതങ്ങൾ ആകാശം അഗ്നി വായു ഭൂമി ജലം ഇവയും ജ്ഞാനേന്ദ്രിയങ്ങൾ, ത്വക്ക് നാക്ക് മൂക്ക് കാത് കണ്ണ് ഇവയും കർമ്മേന്ദ്രിയങ്ങൾ, പാദം പാണി വായു ഉപസ്ഥം വായ് ഇവയുമാകുന്നു. ഇവ ഇരുപതും രൂപം അഹങ്കാരം മനസ്സ് എന്നീ മൂന്നും മായയും ആത്മാവുമത്രെ ഇരുപത്തഞ്ചുതത്വങ്ങൾ. ഈ ഇരുപത്തഞ്ചുതത്വങ്ങളും സമ്മേളിച്ചതാണ ലോകം. ഇപ്രകാരം ലോകസ്ഥിതിത്വം അറിഞ്ഞതിനാൽ ലോകം അവനിലായി എന്നുതാല്പര്യം.)

നിറൈ മൊഴി മാന്തർ പെരുമൈ നിലത്തു
മറൈമൊഴി കാട്ടി വിടും. ൮

സാ—ഫലപൂർണ്ണമായ വാക്കുകളോടുകൂടിയ ഋഷികളുടെ മഹിമയെ അവരുടെ മന്ത്രങ്ങൾതന്നെ, ഈ ലോകത്തിൽ, സുസ്പഷ്ടം വെളിപ്പെടുത്തും. (മഹാത്മാക്കളുടെ വാക്കുകൾ, അവ ശാപരൂപേണയോ വരരൂപേണയോ ആയാലും തത്തൽഫലങ്ങളോടുകൂടിയവയായിരിക്കും)

കുണമെന്നുങ്കുൻറേറി നിൻറാർ വെകുളി
കണമേയുങ്കാത്തലരിതു. ൯

സാ—സദ്ഗുണമാകുന്ന പർവ്വതത്തിന്റെ മുകളിൽ കയറിനിൽക്കുന്ന ഋഷിയുടെ കോപത്തെ, ക്ഷണനേരത്തേക്കെങ്കിലും (കോപിക്കപ്പെട്ടവരാൽതന്നെയും) തടുക്കാൻ സാധിക്കുന്നതല്ല. (അചഞ്ചലത്വം മഹത്വം എന്നിവകളാൽ ഗുണത്തെ പർവ്വതമാക്കിച്ചെയ്തു.)

അന്തണരെൻപോരറവോർമറ്റെവ്വുയിർക്കും
ചെന്തണ്മൈ പൂണ്ടൊഴുകലാൻ. ൧൦

സാ—സകല ജീവരാശികളിലും മഹത്തായ പ്രേമത്തെ ചെലുത്തി വസിക്കുന്നതിനാൽ ത്യാഗികളാണ് അന്തണന്മാരെന്നു പറയപ്പെടുന്നവർ. (തമിഴിൽ അന്തണൻ എന്ന പദത്തിന് അഴകായ തന്മ—സുന്ദരമായ സ്വഭാവം—ഉള്ളവൻ എന്നർത്ഥമാകയാൽ, പ്രേമമാകുന്ന സ്വഭാവവിശേഷത്തോടുകൂടിയവനല്ലാതെ അപ്പേരിന് അവകാശമില്ല എന്നു താല്പര്യം.)

---

## നാലാം അധികാരം.

### അറൻവലിയുറുത്തൽ—ധർമ്മദൃഢീകരണം.

---

ചിറപ്പീനുഞ്ചെൽവമു മീനു മറത്തിനൂഉ-
ങ്കാക്കമവനോ വുയിർക്കു. ൧

സാ—മോക്ഷത്തെ നൽകുന്നതും (സ്വർഗ്ഗാദി) സൌഭാഗ്യത്തെ നൽകുന്നതുമായ ധർമ്മത്തെ അപേക്ഷിച്ച് മനുഷ്യവർഗ്ഗത്തിന് അഭിവൃദ്ധിയെ ചെയ്യുന്നതേതുണ്ട്? (മനുഷ്യരെ അഭിവൃദ്ധിപ്പെടുത്താൻ ധർമ്മത്തെ ക്കാൾ ശക്തി മറെറാന്നിനുമില്ലെന്നു താല്പര്യം.)

അറത്തിനൂ ഉങ്കാക്കമുമില്ലൈയതനൈ
മറത്തലിനൂങ്കില്ലൈ കേടു. ൨

സാ—ധമ്മാനുഷ്ഠാനത്തേക്കാൾ ഉൽകൃഷ്ടമായ അഭിവൃദ്ധിമാർഗ്ഗം വേറെയില്ല; ആ ധർമ്മത്തെ മറക്കുന്നതിനാലുണ്ടാകുന്ന അധഃപതനവും മറെറാന്നിനാലുമുണ്ടാകുന്നതല്ല. (ധമ്മത്തെ ആശ്രയിച്ചാൽ അതിൽനിന്നുമുണ്ടാകുന്ന നന്മയും അതിനെ ഉപേക്ഷിച്ചാൽ ഉണ്ടാകുന്ന തിന്മയും മറെറാന്നുകൊണ്ടും ഉണ്ടാകുന്നതല്ലെന്നു താല്പര്യം )

ഒല്ലും വകൈയാ നറവിനൈ യോവാതേ
ചെല്ലുംവാ യെല്ലാ ഞ്ചെയൽ. ൩

സാ—ധമ്മമാകുന്ന സൽകൃത്യത്തെ അതു പ്രവേശിക്കുന്ന സ്ഥലങ്ങളിൽക്കൂടിയെല്ലാം നിരന്തരമായി അനുഷ്ഠിക്കണം. (ധമ്മത്തെ, മനസ്സുകൊണ്ടും വചസ്സുകൊണ്ടും വപുസ്സുകൊണ്ടും അനുഷ്ഠിക്കണം; ചിന്തിക്കുകയും ചൊല്ലുകയും ചെയ്യുകയും വേണമെന്നു താല്പര്യം.)

മനത്തുക്കൺ മാചില നാത ലനൈത്തറ
നാകുല നീര പിറ. ൪

സാ—ധമ്മത്തെ അനുഷ്ഠിക്കുന്നവൻ മനോമാലിന്യങ്ങളെ അകറേറണ്ടതാണു; അന്യമായ ധർമ്മാനുഷ്ഠാനം വേഷംകെട്ടുകയത്രേ. (അധർമ്മത്തെ ചിന്തിച്ചുകൊണ്ട് ധമ്മത്തെ പ്രസംഗിക്കുകയും പ്രവത്തിക്കയും ചെയ്യുന്നവൻെറ ധമ്മാനുഷ്ഠാനം ഫലോദർക്കമല്ല.)

അഴുക്കാറവാ വെകുളി യിന്നാച്ചൊന്നാങ്കു
മിഴുക്കാവിയെൻറതറം. ൫

സാ—പരശ്രീയിൽ അസൂയയും ഇന്ദ്രിയവാഞ്ഛയും (അക്കാരണത്താൽ അന്യന്മാരുടെ നേക്കുണ്ടാകുന്ന) കോപവും (തജ്ജന്യമായ) നിഷ്ഠുരവാക്കും, ഇവയെ ജയിച്ചു ജീവിക്കുകയത്രേ ധമ്മം. (ഈ നാലുസ്വഭാവവുമുള്ളവൻ ധമ്മവാനല്ലെന്നു താല്പര്യം.)

അൻററിവാ മെന്നാ തറഞ്ചെയ്ക മററതു
പൊൻറുങ്കാർ പൊൻറാത്തുണൈ. ൬

സാ—'പിന്നീട്ട് ആകട്ടെ' എന്നു മാററിവയ്ക്കാതെ എല്ലായ്പോഴും ധർമ്മത്തെച്ചെയ്യണം; ആ ധമ്മം, ജീവൻ ശരീരത്തെ ഉപേക്ഷിക്കുന്ന കാലത്തു ശാശ്വതസഹായിയായിരിക്കും. (ഈ ശരീരത്തിൽനിന്നും ജീവൻ വേർപെടുമ്പോഴും വേർപെട്ടതിനുശേഷമുള്ള അവസ്ഥാന്തരത്തിലും സഹായിക്കുമെന്നു താല്പര്യം )

അറത്താറിതുവേന വേണ്ടാ ചിവികൈ
പൊറുത്താനോ ടൂർന്താനിടൈ. ൭

സാ—ധർമ്മത്തിൻെറ ഫലം ഇന്നതെന്നു നിർദ്ദേശിക്കേണ്ട ആവശ്യമില്ല; തണ്ടുചുമക്കുന്നവനിലും അതിൽ കയറുന്നവനിലും തെളിഞ്ഞുകാണാം.

വീഴ്നാൾ പാടാമൈ നൻറാററിന തൊരുവൻ
വാഴ്നാൾ വഴിയടൈക്കുങ്കൽ. ൮

സാ—ഒരുവനു, വൃഥാദിവസങ്ങളുണ്ടാകാതെ, ധർമ്മത്തെ അനുഷ്ഠിക്കുന്നതായാൽ, ആ അനുഷ്ഠാനം ജീവിതമുണ്ടാകുന്ന മാർഗ്ഗത്തെ (അവൻെറ ജന്മാന്തരത്തെ) നിരോധിക്കും (ഒരുവൻ മുടങ്ങാതെ ധമ്മത്തെ അനുഷ്ഠിച്ചാൽ അവനു ജനനമരണങ്ങളിൽനിന്നും മോചനമുണ്ടാകും. അജ്ഞാനം അഹങ്കാരം, വ്യാമോഹം, ആശ, വെറുപ്പു, എന്നീ അഞ്ചുവിധം ദോഷങ്ങളാലുണ്ടാകുന്ന സൽകൃതദുഷ്കൃതങ്ങൾ നിലനിൽക്കുന്നിടത്തോളം ജീവൻ ശരീരത്തോടുകൂടി നിന്നു, തൽകർമ്മചയത്തിൻെറ ഫലമായ സുഖദുഃഖങ്ങളെ അനുഭവിക്കും; അക്കാലത്തിനത്രേ ജീവിതകാലം എന്നു പറയുന്നതു്.)

അറത്താൻ വരുവതേയിൻപമററെല്ലാം
പുറത്തപുകഴുമില. ൯

സാ—ധർമ്മ്യമായ സുഖമത്രെ (യഥാർത്ഥമായ) സുഖം; അന്യസുഖങ്ങളെല്ലാം സുഖങ്ങളാണെങ്കിലും അവ ദുഃഖത്തിലുൾപ്പെട്ടവയാണ്; മാത്രമല്ല അയശസ്കരവുമാകുന്നു. (സുഖം, കാമത്തിൻെറ അനുഭവാവസ്ഥയാണ്; സുഖത്തിൻെറ വിരുദ്ധഭാവം ദുഃഖമത്രേ; ധർമ്മ്യമല്ലാത്ത സുഖം തൽക്കാലം സുഖാനുഭൂതിയെ നൽകിയാലും അനന്തരം ദുഃഖത്തെ മുളപ്പിക്കുമെന്നുള്ളതിനാൽ തൽസുഖത്തെ സുഖത്തിൻെറ വിരുദ്ധഭാവത്തിൽ ഉൾപ്പെടുത്തി ഉദ്ബോധിപ്പിച്ചതാണെന്നറിയുക. ഇതിന് ഉദാഹരണമത്രേ പരസ്ത്രീഗമനം. തജ്ജന്യമായ സുഖം, സ്വഭാര്യാഗമനജന്യമായ സുഖത്തെ കുറെനേരത്തേക്ക് അനുഭവപ്പെടുത്തുന്നെങ്കിലും, തദനുഷ്ഠാനം ധർമ്മനിഷിദ്ധമാകയാൽ, അനന്തരഫലം ദുഃഖാനുഭൂതിയാണെന്നുള്ളതു നിർവിവാദമാകുന്നു.)

ചെയർപാലതോരു മറനേ യൊരുവ
ർകുയർപാലതോരുംപഴി. ൧൦

സാ—ഒരുവന് അനുഷ്ഠേയമായിട്ടുള്ളതു സൽകർമ്മം; നിഷിദ്ധം ദുഷ്കർമ്മവും. (അനുഷ്ഠിക്കേണ്ടതു ധർമ്മവും അനുഷ്ഠിച്ചുകൂടാത്തതു അധർമ്മവുമാണെന്നു താല്പര്യം. പഴിക്കത്തക്കതാകയാൽ അധർമ്മത്തെ പഴി എന്നു പ്രയോഗിച്ചതാണ്.)

ധർമ്മപദ്ധതിയിൽ പീഠിക കഴിഞ്ഞു.

---

# ഗൃഹസ്ഥാശ്രമധർമ്മം.

---

## അഞ്ചാം അധികാരം.

### ഇൽവാഴ്ക്കൈ—ഗൃഹസ്ഥാശ്രമജീവിതം.

---

ഇൽവാഴ്വാനെൻപാ നിയൽപുടൈയമൂവർക്കു
നല്ലാററി നിൻറ തുണൈ. ൧

സാ—ഗാർഹസ്ഥ്യജീവിതത്തോടുകൂടിയവനെന്നു പറയപ്പെടുന്നവൻ, സന്യാസധർമ്മത്തോടുകൂടിയ മൂന്നുകൂട്ടർക്കും (ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി, എന്നിവർക്ക്) തത്തന്മാർഗ്ഗങ്ങളിലേക്കു നിത്യസഹായിയത്രേ. (ബ്രഹ്മചാരി, ഗുരുകുലത്തിൽ വസിക്കുകയും വ്രതങ്ങളെ അനുഷ്ഠിക്കുകയും ചെയ്യുന്നവനും, വാനപ്രസ്ഥൻ, ഭാര്യാസമേതം വനാന്തരത്തിൽ ചെന്നു തപസ്സുചെയ്യുന്നവനും, സന്യാസി, സകലലൗകികബന്ധങ്ങളിൽനിന്നും വേർപെട്ടവനുമാണെന്നറിക. ഈ മൂന്നുപേരെയും ഗൃഹസ്ഥാശ്രമി അവരവരുടെ ധർമ്മാചരണത്തിനു യഥായഥം സഹായിക്കുന്നു.)

തുറന്താർക്കു തുവ്വാതവർക്കു മിറന്താർക്കു
മിൽവാഴ്വാനെൻപാൻറുണൈ. ൨

സാ—(ആശ്രയമായിട്ടുള്ളവരാൽ) കൈവിടപ്പെട്ടവർക്കും ദരിദ്രന്മാർക്കും മരിച്ചവർക്കും ഗൃഹസ്ഥാശ്രമി എന്നു പറയപ്പെടുന്നവൻ സഹായിയാകുന്നു. (ആശ്രയമായിട്ടുള്ളവരാൽ കൈവിടപ്പെട്ടവർക്ക് ആശ്രയമായി നിന്ന് അവരുടെ പാപം തീരാൻ വേണ്ടതു പ്രവർത്തിക്കുന്നതുകൊണ്ടും ദരിദ്രന്മാർക്കു ഭക്ഷണം മുതലായതു കൊടുക്കുന്നതുകൊണ്ടും നിസ്സ

ഹായികളായി മരിച്ചവൎക്കു തിലതർപ്പണാദികർമ്മങ്ങളെ നിർവ്വഹിച്ചു സദ്ഗതിയെ പ്രാപിപ്പിക്കുന്നതുകൊണ്ടും സഹായിക്കുന്നു എന്നു താല്പൎയ്യം.)

തെൻപുലത്താർ തെയ്വം വിരുന്തൊക്കറ്റാനെൻറാ-
ങ്കൈമ്പുലത്താറോമ്പറലൈ. ൩

സാ—പിതൃക്കളും ദേവന്മാരും അതിഥികളും ബന്ധുക്കളും താനുമാകുന്ന അഞ്ചു സ്ഥാനങ്ങളിലും ശരിക്കു ചെയ്യപ്പെടുന്ന ധർമ്മം ഉൽകൃഷ്ടമായ ധർമ്മമാകുന്നു. (ധർമ്മാനുഷ്ഠാനത്തിൽ തനിക്കു തളർച്ച സംഭവിക്കാതെ സൂക്ഷിക്കേണ്ടതു് ആവശ്യമാകയാൽ, തന്നെ രക്ഷിക്കുന്നതും ധർമ്മം തന്നെയാണ്.)

പഴിയഞ്ചിപ്പാത്തൂൺടൈത്തായിൻ വാഴ്ക്കൈ
വഴിയെഞ്ചലെഞ്ഞാൻറുമിൽ. ൪

സാ—പാപത്തെ ഭയന്നു (ധനം സമ്പാദിച്ചു്) ഭാഗിച്ചു് ആഹരിക്കേണ്ടതു കർത്തവ്യമാകയാൽ അപ്രകാരം ചെയ്യുന്നവന്റെ സന്തതിക്കു ഒരു കാലത്തും കുറവു നേരിടുകയില്ല (ധർമ്മമാർഗ്ഗത്തിൽ ധനം ശേഖരിച്ചു മുൻപൊറഞ്ഞ ചെലവുകൾ നിർവ്വഹിച്ചിട്ടു തനിക്കു് അവകാശപ്പെട്ട ആഹാരികൊണ്ടു് ഉപജീവനം നടത്തുന്നവന്റെ വംശം ഒരിക്കലും നശിക്കുന്നതല്ല. അധർമ്മമായി അന്യന്റെ മുതലിനെ അപഹരിച്ചാൽ, ധർമ്മം, മുതലുടമസ്ഥനെയും പാപം തന്നെയും ബാധിക്കുന്നതിനാൽ പാപത്തെ ഭയപ്പെട്ടു് ധനം രക്ഷിക്കണമെന്നു് ഉദ്ബോധിപ്പിക്കുന്നു.)

അൻപുമറനുമുടൈത്തായിനിൽ വാഴ്ക്കൈ
പൺപും പയനുമതു. ൫

സാ—ഗാർഹസ്ഥ്യജീവിതം പ്രേമപരവും ധർമ്മപരവുമായിരുന്നാൽ അവ ഗുണകരവും ഫലപ്രദവുമായിരിക്കും. (ഭാൎയ്യയ്ക്കും ഭർത്താവിനും പരിതൃപ്തിയില്ലെങ്കിൽ ഗൃഹസ്ഥാശ്രമം ശരിക്കു നിർവ്വഹിക്കപ്പെടുകയില്ലാത്തതിനാൽ പ്രേമപാലനം ഗുണകരവും ആഹാരനിർവ്വഹണം മുൻപൊന്ന പ്രകാരത്തിൽ വേണ്ടതിനാൽ തദ്ധർമ്മപാലനം ഫലപ്രദവുമാണെന്നു ഭാവം.)

അറത്താററിനിൽവാഴ്ക്കൈ യാററിർപുറത്താററിർ
പോഒയ്പ്പെറുവതെവൻ. ൬

സാ—ഗൃഹസ്ഥാശ്രമത്തെ ധർമ്മമാർഗ്ഗത്തിൽക്കൂടി നയിക്കുന്നുവെങ്കിൽ അന്യാശ്രമങ്ങളിൽ പോയി സമ്പാദിക്കേണ്ടതെന്തുള്ളൂ? (ഗൃഹസ്ഥന്റെ ധർമ്മം, പാപത്തെ ഭയന്നു സമ്പാദിച്ചതിന്റെ ന്യായമായ ആഹാരികൊണ്ടു് ഭക്ഷിക്കുകയും പ്രേമത്തെ പാലിക്കുകയുമാണെന്നു മേൽ പറഞ്ഞിട്ടുണ്ടല്ലോ. ആ ധർമ്മത്തിൽനിന്നു വ്യതിചലിക്കാത്തവൻ ഗൃഹസ്ഥാശ്രമധർമ്മത്തെ വെടിഞ്ഞു്—ഭാൎയ്യയെ ഉപേക്ഷിച്ചു—കാട്ടിൽ കയറേണ്ട ആവശ്യമില്ലെന്നും, അതിൽനിന്നു സിദ്ധിക്കുന്ന ഫലം ഗൃഹസ്ഥാശ്രമത്തിൽനിന്നും ലഭിക്കുമെന്നും താല്പൎയ്യം.)

ഇയൽപിനാനിൽ വാഴ്ക്കൈ വാഴ്പവനെൻപാൻ
മുയൽവാരുളെല്ലാന്തലൈ. ൭

സാ—ഗാർഹസ്ഥ്യത്തിൽനിന്നു് തദ്ധർമ്മത്തെ ശരിക്കു പാലിക്കുന്നവൻ, ഇന്ദ്രിയനിഗ്രഹത്തിനു യത്നിക്കുന്ന വാനപ്രസ്ഥരിലും മുമ്പനത്രേ.

അററിനൊഴുക്കിയറനിഴുക്കാവിൽ വാഴ്ക്കൈ
നോർപാരിനോൻമൈയുടൈത്തു. ൮

സാ—അന്യാശ്രമികളെ അവരവരുടെ ധർമ്മങ്ങളിൽ നടത്തി (സഹായിച്ച്) തന്റെ ധർമ്മത്തിൽനിന്നും തെറ്റാതെ നടക്കുന്നവന്റെ ഗാർഹസ്ഥ്യജീവിതം താപസന്മാരുടേതിനെ അപേക്ഷിച്ചു ക്ഷമയോടുകൂടിയതായിരിക്കും. (സ്വധർമ്മത്തെ പാലിക്കുന്നവരായ താപസന്മാരേക്കാൾ സഹനശീലം, സ്വധർമ്മത്തെ പാലിക്കുകയും പരധർമ്മത്തെ സഹായിക്കുകയും ചെയ്യുന്ന ഗൃഹസ്ഥാശ്രമികൾക്കു വേണ്ടതാണ്.)

അറനെനപ്പട്ടതേ യിൽവാഴ്ക്കൈയതും
പിറൻപഴിപ്പ തില്ലാതിനൻറു. ൯

സാ—ധർമ്മമെന്നു പറഞ്ഞിട്ടുള്ളത് ഗൃഹസ്ഥാശ്രമത്തെയാണ്. വാനപ്രസ്ഥമാകട്ടെ, പരന്മാരുടെ പഴിയെ അർഹിക്കുന്നില്ലെങ്കിൽ നല്ലതുതന്നെ. (വാനപ്രസ്ഥത്തിൽ മനസ്സിനെയും ഇന്ദ്രിയങ്ങളെയും അടക്കിവെച്ചിരിക്കേണ്ട പ്രയാസമുണ്ട്; ഗൃഹസ്ഥാശ്രമത്തിൽ അതില്ല. അപ്രകാരമുള്ള വാനപ്രസ്ഥത്തെ ശരിക്കു നയിക്കാൻ വിഷമമാണ്; ഗൃഹസ്ഥാശ്രമത്തെ സംബന്ധിച്ചിടത്തോളം ആ വിഷമമില്ല. അതുകൊണ്ടു വാനപ്രസ്ഥത്തെ തദ്ധർമ്മനിഷ്ഠയോടുകൂടി പാലിക്കുകയാണെങ്കിൽ, അതിനും ഗാർഹസ്ഥ്യത്തോളം പ്രാധാന്യം നൽകപ്പെടാവുന്നതാണെന്നു ഭാവം.)

വൈയത്തുൾ വാഴ്വാങ്കു വാഴ്പവൻ വാനുറൈയു-
ന്തെയ്വത്തുൾ വൈക്കപ്പെടും. ൧൦

സാ—ഗൃഹസ്ഥാശ്രമത്തെ ശരിക്കു നിർവ്വഹിക്കുന്നവൻ, അവൻ ഭൂലോകത്തിൽ വസിക്കുന്നവനായിരുന്നിട്ടും, ദേവലോകത്തിലുള്ള ദേവന്മാരിൽ ഒരുവനായി മതിക്കപ്പെടുന്നവനാണ്. (പിന്നീടു ദേവനായി ജനിച്ച്, ഗൃഹസ്ഥാശ്രമത്തെ ശരിക്കു നിർവ്വഹിച്ചതിന്റെ ഫലത്തെ അനുഭവിക്കാനുള്ളവനാണെന്നു നിശ്ചയമുള്ളതിനാൽ ഇപ്പോഴേ ഒരു ദേവനായി കരുതുമെന്നു ഭാവം.)

---

## ആറാം അധികാരം.

### വാഴ്ക്കൈത്തുണൈനലം—ഗൃഹിണീത്വം.

---

മനൈത്തക്ക മാൺപുടയ ളാകിത്തർകൊണ്ടാൻ
വളത്തക്കാൾ വാഴ്ക്കൈത്തുണൈ. ൧

സാ—ഗൃഹസ്ഥാശ്രമത്തിനു യോജിച്ച സദ്ഗുണസൽപ്രവൃത്തിയോടുകൂടി, തന്നെ സ്വീകരിച്ച പുരുഷന്റെ വരവിനൊത്തു ജീവിക്കുന്നവൾ (തദാശ്രമനിർവ്വഹണത്തിന് സ്വഭർത്താവിനെ) സഹായിക്കുന്നവളാണ്. (സദ്ഗുണങ്ങൾ, വാനപ്രസ്ഥരെ സൽക്കരിക്കുകയും അതിഥികളെ അന്വേഷിക്കുകയും ദരിദ്രരെ സ്നേഹിക്കുകയുമാകുന്നു. സൽപ്രവൃത്തിയാകട്ടെ, ജീവിക്കുന്നതിന് ആവശ്യമായ പദാർത്ഥങ്ങളെ സംഭരിച്ചുവയ്ക്കുകയും നൈപുണ്യത്തോടുകൂടി പാകംചെയ്യുകയും ഉപകാരംചെയ്യുകയും അത്രേ. വരവിനൊത്തു ജീവിക്കുകയെന്നുവച്ചാൽ വരവറിഞ്ഞു ചെലവുചെയ്യുകയാണ്.)

മനൈമാട്ചിയില്ലാൾ കണില്ലായിൻവാഴ്ക്കൈ
യെനൈമാട്ചിത്തായിനുമിൽ. ൨

സാ—ഗൃഹസ്ഥാശ്രമത്തിനുതക്ക സദ്ഗുണസദ്വൃത്തികൾ ഭാര്യയ്ക്കില്ലെങ്കിൽ ആ ഗാർഹസ്ഥ്യജീവിതം, എത്ര സൌഭാഗ്യത്തോടുകൂടിയതായിരുന്നാലും ആ സൌഭാഗ്യം അതിനില്ലതന്നെ. (ആ സൌഭാഗ്യംകൊണ്ടു ഫലമില്ലാത്തതിനാൽ, അതു ഉള്ളതും ഇ

ല്ലാത്തതും തുല്യമാണെന്നു താല്പര്യം. ദുശ്ശീലയായ ഭാര്യയോടുകൂടിയവന്റെ ഗാർഹസ്ഥ്യ ജീവിതം നിഷ്പ്രയോജനമെന്നു ഭാവം.)

ഇല്ലതെ നില്ലവൾമാൺപാനാ ലുള്ളതെ-
നില്ലവൾ മാണാക്കടൈ. ൩

സാ—ഭാര്യ, സദ്ഗുണസദ്വൃത്തിയോടുകൂടിയവളാണെങ്കിൽ ഇല്ലാത്തതെന്തുള്ളു? ആ ഭാര്യ, അപ്രകാരമുള്ളവളല്ലെങ്കിൽ ഉള്ളതെന്തുള്ളു? (നല്ലവളാണെങ്കിൽ സകലഭാഗ്യവും നിറഞ്ഞിരിക്കുമെന്നും ദുശ്ശീലയാണെങ്കിൽ ഭാഗ്യലാഞ്ഛനവുമില്ലെന്നും ഭാവം)

പെണ്ണിൻ പെരുന്തക്ക യാവുള കർപ്പെന്നു
ന്തിൺമൈയുണ്ടാകപ്പെറിൻ. ൪

സാ—പാതിവ്രത്യം എന്ന അചഞ്ചലമായ ഗുണം (ഭാര്യയിൽ) ഉണ്ടെങ്കിൽ, ഭാര്യയെക്കാൾ ഏതൊരു സമ്പാദ്യമാണ് ഒരുവനു വേണ്ടത്? (ഏതാശ്രമത്തെ സ്വീകരിച്ചവനും പതിവ്രതയായ പത്നിയെക്കാൾ അഭിലഷണീയമായ സമ്പാദ്യം യാതൊന്നുമില്ലെന്നു ഭാവം)

തെയ്വന്തൊഴാ അൾ കൊഴുനറെറാഴുതെഴുവാൾ
പൊയ്യെനപ്പെയ്യു മഴൈ. ൫

സാ—ദൈവത്തെ തൊഴാതെ ഭർത്താവിനെതൊഴുതു (പായിൽനിന്നു) എഴുന്നേൽക്കുന്നവൾ, പെയ്യട്ടെ എന്നു പറഞ്ഞാൽ മഴപെയ്യും. (ഭാര്യയ്ക്കു ഭർത്താവല്ലാതെ അന്യദൈവങ്ങളില്ലെന്നും ഭർത്താവിനെയല്ലാതെ അന്യദൈവങ്ങളെത്തൊഴേണ്ട ആവശ്യമില്ലെന്നും, അപ്രകാരം ഭർത്താവിനെ വണങ്ങുന്നവളെ ദൈവം അനുഗ്രഹിക്കുമെന്നും താല്പര്യം. തൊഴുതെഴുന്നേൽക്കണമെന്നു പറഞ്ഞതുകൊണ്ട്, ഉണർന്നാൽ ആദ്യത്തെ കൃത്യം ഭർത്തൃവന്ദനമാണെന്നും ഗൃഹകാര്യങ്ങളിൽ ഏർപ്പെടേണ്ടതു് അതിനു ശേഷമാണെന്നും ഭാവം.)

തർകാത്തുത്തർകൊണ്ടാർ പേണിത്തകൈചാൻറ
ശൊർകാത്തുച്ചോർ വിലാൾ പെൺ. ൬

സാ—(പാതിവ്രത്യത്തിൽ നിന്നും തെററാതെ) തന്നെയും കാത്തു് തന്നെ സ്വീകരിച്ചവനെയും ശുശ്രൂഷിച്ചു (രണ്ടുപേരുടേയും) കീർത്തിയേയും പുലർത്തി (മുൻചൊന്ന സദ്ഗുണസദ്വൃത്തികളിൽ) ഓർമ്മയും ചെലുത്തുന്നവളാണ് യഥാർത്ഥസ്ത്രീ. തന്നെസംബന്ധിച്ച കീർത്തി, തന്റെ പാതിവ്രത്യത്തെ സംബന്ധിച്ച യശസ്സത്രേ. പാതിവ്രത്യത്തെയും ഭർത്താവിനെയും സദ്ഗുണസദ്വൃത്തികളെയും പാലിക്കുന്നവളാണ് സ്ത്രീയെന്ന പേരിനെ അർഹിക്കുന്നവൾ എന്നു താല്പര്യം.)

ചിറൈകാക്കുങ്കാപ്പെവൻ ചെയ്യുമകളിർ
നിറൈ കാക്കുങ്കാപ്പേ തലൈ. ൭

സാ—സ്ത്രീകളെ കാരാഗൃഹത്തിൽ കാക്കുന്ന കാവൽ എന്തു ഫലം ചെയ്യുന്നതാണ്? (അവർ തങ്ങളുടെ) മനസ്സുകൊണ്ടു (സ്വയം) കാക്കുന്ന കാവലത്രേ ഉൽകൃഷ്ടമായ കാവൽ. (ഭിത്തികളെക്കൊണ്ടുള്ള കാവൽ ഫലമില്ലെന്നും അവർ മനസ്സിനെ പാതിവ്രത്യലക്ഷ്യത്തിൽ നിർത്തി സ്വയം കാക്കുകയാണ് വേണ്ടതെന്നും ഭാവം.)

പെററാർ പെറിർപെറുവർ പെണ്ടിർപെരുഞ്ചിറപ്പു-
പ്പുത്തേളിർ വാഴുമുലകു. ൮

സാ—സ്ത്രീകൾ അവരുടെ ഭർത്താവിനെ വന്ദിക്കുമെങ്കിൽ, അവരെ ദേവലോകത്തിൽ ആഘോഷപൂർവ്വം വന്ദിക്കുന്നതാണ്. (ഭാര്യയാൽ ഭർത്താവു പൂജിക്കപ്പെട്ടാൽ- ആ ഭാര്യ ദേവന്മാരാൽ പൂജിക്കപ്പെടുമെന്നു താല്പര്യം.)

പുകഴ്പുരിന്തില്ലിലോർക്കില്ലൈ യികഴ്വാർമു-
ന്നേറുപോർ പീടുനടൈ. ൯

സാ—കീൎത്തിയെ ഇഛിക്കുന്ന ഭാൎയ്യയില്ലാത്തവൎക്ക്, തന്നെ അപഹസിക്കുന്നവരുടെ മുമ്പിൽ കേസരിഗമനമൊത്തഗൎവ്വില്ലാത്ത നട ഉണ്ടാകുന്നതല്ല (പാതിവ്രത്യത്തെ നശിപ്പിച്ചു പെരുദോഷത്തെ സമ്പാദിച്ച ഭാൎയ്യയോടുകൂടിയവനെ ലോകർ അപഹസിക്കും; അവനു അവരുടെ മുമ്പിൽ നടക്കാൻ കൂശലുണ്ടാകുമെന്നു താല്പൎയ്യം.)

മങ്കലമെൻപ മനൈമാട്ചി മററത-
ന്നൻകലം നൻമക്കട് പേറു. ൧൦

സാ—അറിഞ്ഞവർ ഭാൎയ്യയുടെ സൽഗുണസമ്പത്തികൾ ഭൎത്താവിനു മംഗളമാണെന്ന്, അഭിപ്രായപ്പെട്ടും; സൽപുത്രർ അതിനു വിലപിടിച്ച ആഭരണമാണെന്നും പറയും. (ഭാൎയ്യയുടെ സൽഗുണവൃത്തികൾ ഭൎത്താവിനു നന്മയെ ചെയ്യുമെന്നും, സൽപുത്രലാഭം ആ നന്മയ്ക്കാഭരണമാണെന്നും താല്പൎയ്യം.)

---

## ഏഴാം അധികാരം.

### പുതൽവരൈപ്പെറുതൽ—പുത്രലാഭം.

---

പെറുമവററുൾ യാ മറിവതില്ലൈ യറിവറിന്ത
മക്കട്പേറല്ല പിറ. ൧

സാ—പ്രസവിക്കപ്പെടുന്ന പുത്രന്മാരിൽ, അറിയേണ്ടതായിട്ടുള്ളവയെ അറിവാൻ പ്രാപ്തിയുള്ള പുത്രന്മാരെയല്ലാതെ, മറ്റുള്ളവരെ നാം ശ്രദ്ധിക്കുന്നില്ല. (വകയ്ക്കുകൊള്ളരുതാത്ത പുത്രന്മാരെ പുത്രന്മാരായി മതിക്കുന്നില്ല. അവരെസ്സംബന്ധിച്ച പ്രസവം ഒരു പ്രസവവുമല്ല എന്നു ഭാവം.)

എഴുപിറപ്പും തീയവൈ തീണ്ടാ പഴിപിറങ്കാ-
പ്പണ്‌പുടൈ മക്കട് പെറിൻ ൨

സാ—അന്യന്മാരാൽ പഴിക്കപ്പെടാത്ത സൽഗുണങ്ങളോടുകൂടിയ പുത്രന്മാരെ ലഭിക്കുകയാണെങ്കിൽ (കൎമ്മവശാൽ ഉണ്ടാകുന്ന) ഏഴുപ്രകാരത്തിലുള്ള ജന്മങ്ങളിലും തുൻപങ്ങൾ തീണ്ടുകയില്ല. (ഏഴു ജന്മങ്ങൾ, ദേവന്മാർ, മനുഷ്യർ, തിൎയ്യക്കുകൾ, പക്ഷികൾ, ഇഴജന്തുക്കൾ, ജലജന്തുക്കൾ, സ്ഥാവരങ്ങൾ ഇവയാകുന്നു)

തമ്പൊരുളെൻപതം മക്കളവർപൊരു-
ടന്തം വിനൈയാൻ വരും. ൩

സാ—തങ്ങളുടെ സന്താനങ്ങളെ തങ്ങളുടെ ധനമാണെന്നു പറയും; ആ പുത്രന്മാരുടെ സ്വത്തുകൾ, തങ്ങളെക്കുറിച്ച് അവർ ചെയ്യുന്ന സൽകൎമ്മങ്ങളാൽ തങ്ങളുടെ പക്കൽ വരും (പുത്രൻ സമ്പാദിച്ച സ്വത്ത് പിതാവിന് അനുഭവപ്പെടുമെന്ന കാരണത്താൽ പുത്രന്മാരെ തങ്ങളുടെ ധനമെന്നു പറയുന്നു എന്നു താല്പൎയ്യം)

അമിഴ്തിനു മാററവിനിതേതം മക്കൾ
ചിറുകൈയളാവിയകൂഴ്. ൪

സാ—തങ്ങളുടെ സന്താനങ്ങളുടെ ചെറുകൈകളാൽ ഇളക്കപ്പെട്ട ചോറ് അമൃതത്തെക്കാൾ സ്വാദിഷ്ടമായിരിക്കും.

മക്കൾമെയ് തീണ്ടലുടർകിൻപ മററവർ
ചൊർകേട്ടലിൻപങ്ങെവിക്ക. ൫

സാ—ശരീരത്തിനു സുഖം മക്കളുടെ ശരീരത്തെ സ്പർശിക്കുന്നതും ചെവിക്കു സുഖം അവരുടെ ചൊല്ലിനെ കേൾക്കുന്നതുമാകുന്നു. (മക്കളുടെ കളമൊഴികൾ മാത്രമല്ല, വിദ്യാഭ്യാസം ചെയ്തു അറിവു സമ്പാദിച്ചതിനുശേഷമുള്ള വാക്കുകളും മാതാപിതാക്കന്മാർക്കു കർണ്ണസുഖമായിരിക്കുമെന്നുള്ളതിനാൽ രണ്ടു പ്രകാരത്തിലുമുള്ള ചൊല്ലുകളേയും ഉൾപ്പെടുത്തി ചൊല്ലുകളെന്നു പ്രയോഗിച്ചതാണ്.)

കുഴലിനി തിയാഴിനി തെൻപർ തമ്മക്കൾ
മഴലൈച്ചൊർ കേളാതവർ. ൬

സാ—തങ്ങളുടെ കുഞ്ഞുങ്ങളുടെ കൊഞ്ചപ്പറച്ചിൽ കേൾക്കാത്തവർ വേണുനാദം മധുരമെന്നും വീണാരവം മധുരമെന്നും പറയും. (ശിശുക്കളുടെ കൊഞ്ചപ്പറച്ചിൽ കേട്ട മാതാപിതാക്കന്മാർ, വീണയുടെയും വേണുവിന്റെയും മററും ധ്വനിയെക്കാൾ, അതു (ശിശുവാക്കു) മനോജ്ഞമാണെന്നു സമ്മതിക്കുമെന്നു ഭാവം.)

തന്തൈമകർകാറ്റു നൻറിയവൈയത്തു
മുന്തിയിരുപ്പച്ചെയൽ. ൭

സാ—അച്ഛൻ മകനു ചെയ്യേണ്ടതായിട്ടുള്ള നന്മയാകട്ടെ, വിജ്ഞന്മാരുടെ സദസ്സിൽ അഗ്രസ്ഥാനത്തിനു അവകാശിയാക്കിച്ചെയ്യുകയാണ്. (പുത്രനെസ്സംബന്ധിച്ചു പിതാവിനുള്ള ചുമതല, അഭിജ്ഞന്മാരുടെ സദസ്സിൽ മുമ്പനാകത്തക്കവണ്ണം അവനെ വിദ്യാഭ്യാസം ചെയ്യിക്കുകയാകുന്നു. വിദ്യയ്ക്കുപകരം പണം സമ്പാദിച്ചു കൊടുക്കുകയാണെങ്കിൽ, പിൽക്കാലത്തിൽ അതുകൊണ്ടു ദുഃഖമല്ലാതെ സുഖമുണ്ടാകയില്ലെന്നും അതിനാൽ അപ്പണത്തിനു വിദ്യയോളം ഗുണമില്ലെന്നും ഭാവം.)

തമ്മിററം മക്കളറിവുടൈമൈമാനിലത്തു
മന്നുയിർക്കെല്ലാമിനിതു. ൮

സാ—തങ്ങളുടെ പുത്രന്മാരുടെ വിജ്ഞാനസമ്പത്തിനെ ഈ പരന്ന ലോകത്തിൽ തങ്ങളെക്കാൾ കൂടുതലായി അനുഭവിക്കുന്നതു മററുള്ളവരാണ്. (പുത്രന്മാരുടെ വിജ്ഞാനസമ്പത്തിൽ മാതാപിതാക്കന്മാരെക്കാൾ സന്തോഷം ലോകർക്കായിരിക്കുമെന്നു താല്പര്യം. വിദ്വാന്മാരെ അറിഞ്ഞു സന്തോഷിക്കാൻ ശക്തിയുള്ളവർ വിദ്വാന്മാരാകയാൽ ലോകർ എന്നു വിദ്വാന്മാരെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതാണ്.)

ഈൻറപൊഴുതിർ പെരിതുവക്കുന്തന്മകനൈ-
ച്ചാൻറോനെനക്കേട്ട തായ്. ൯

സാ—തന്റെ പുത്രനെ വിദ്യാസമ്പന്നനെന്നു വിജ്ഞന്മാർ വാഴ്ത്തുന്നതുകേട്ട മാതാവു്, പ്രസവിച്ച കാലത്തുണ്ടായതിൽ കൂടുതൽ ആനന്ദം അനുഭവിക്കും. (മടിയിൽവച്ചു ലാളിക്കുമ്പോഴുള്ള ആനന്ദത്തെ അപേക്ഷിച്ചു്, പുത്രന്റെ വിദ്യാസമ്പത്തിയെ ചെവിക്കൊള്ളുമ്പോഴുള്ള ആനന്ദം പരമാൽകൃഷ്ടമാകയാൽ, കൂടുതലായി അനുഭവിക്കുമെന്നും പുത്രന്റെ യോഗ്യതയെ സ്വയം ഗ്രഹിക്കാനുള്ള ശക്തിയില്ലാത്തതിനാൽ അന്യർ പറഞ്ഞുകേട്ട മാതാവെന്നും പ്രയോഗിച്ചതാകുന്നു.)

മകൻറന്തൈക്കാററുമുതവിയിവൻറന്തൈ
യെന്നോററാൻകൊല്ലെന്നുഞ്ചൊൽ. ൰

സാ—(തന്നെ വിദ്യാസമ്പന്നനാക്കിയ) പിതാവിനു പുത്രൻ ചെയ്യേണ്ടതായ പ്രത്യുപകാരം, "ഇവന്റെ അച്ഛൻ-ഇവനെ ലഭിക്കാൻ-ചെയ്ത തപസ്സെന്താണ്?" എന്ന് അന്യന്മാരുടെ മുഖത്തുനിന്നും വിസ്മയോക്തിയെ പുറപ്പെടുവിക്കുകയാകുന്നു. (അത്രത്തോളം യോഗ്യനായിത്തീരണമെന്നു ഭാവം)

---

## എട്ടാം അധികാരം.

### അൻപുടൈമൈ—സ്നേഹം.

---

അൻപിർക്കുമുണ്ടോ വടൈക്കുന്താഴാർവലർ
പുൻകണീർ പൂശറരും. ൧

സാ—സ്നേഹത്തിനുമുണ്ടോപൂട്ട്? സ്നേഹശീലന്മാരുടെ അപൂർവാശ്രുക്കൾ, അവരുടെ മനസ്സിലെ സ്നേഹത്തെ വെളിപ്പെടുത്തുന്നു. (ദയനീയത കാണുമ്പോൾ സ്നേഹവാന്മാരുടെ കണ്ണിൽനിന്നും അശ്രു പൊഴിയുന്നു. ആ അശ്രുപ്രവാഹം അവരുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹത്തിന്റെ അടയാളമാണ്. അതിനെ തടഞ്ഞുനിർത്താനുള്ള ശക്തി അവർക്കില്ലാത്തതിനാൽ അതിനു പൂട്ടില്ലെന്നു താല്പര്യം.)

അൻപിലാരെല്ലാന്തമക്കുരിയരൻപുടൈയാ-
രെൻപുമുരിയർ പിറർക്കു. ൨

സാ—സ്നേഹരഹിതന്മാർ, എല്ലാസമ്പത്തുകൊണ്ടും അവർക്ക് അവകാശപ്പെട്ടവരാണ്; സ്നേഹശീലന്മാർ ആ സമ്പത്തുകൊണ്ടുമാത്രമല്ല സ്വശരീരംകൊണ്ടും അന്യന്മാർക്ക് അവകാശപ്പെട്ടവരത്രെ. (ശിബിചക്രവർത്തി തന്റെ മാംസത്തെ വേടനു വാൾകൊണ്ടറുത്തു പ്രാവിനെ രക്ഷിച്ചതും ദധീചിമഹർഷി തന്റെ നട്ടെല്ലു ദേവേന്ദ്രനു നൽകിയതും മററും സുപ്രസിദ്ധമായ കഥകളാണല്ലോ.)

അൻപോടിയൈന്ത വഴക്കെൻപ വാരുയി-
ക്കെൻപോടിയൈന്ത തൊടർപു. ൩

സാ—മഹത്തായ ജീവനു ശരീരത്തോടുണ്ടായ സംബന്ധം, സ്നേഹസമ്പർക്കത്തെ ഉദ്ദേശിച്ച് ഉണ്ടായിട്ടുള്ളതാണെന്നു പറയുന്നു. (മനുഷ്യജന്മത്തിന്റെ മാഹാത്മ്യം ജീവനെസ്സംബന്ധിച്ചു നിൽക്കുന്നു. ജീവനും സ്നേഹത്തിനും തമ്മിൽ അഭേദ്യമായ സംബന്ധമുണ്ട്. ജീവനോടുകൂടാതെ സ്നേഹിക്കാൻ കഴിയാത്തതിനാൽ ഈ ജന്മാവൃത്തിയുണ്ടായി എന്നു ഭാവം.)

അൻപീനു മാർവ മുടൈമൈ യതുവീനു
നൺപെന്നു നാടാച്ചിറപ്പു. ൪

സാ—സ്നേഹം, (അന്യന്മാരുടെക്ഷേമത്തിൽ) ആകാംക്ഷയെ നൽകും; ആ അവസ്ഥ, അഭിലഷണീയമായ പ്രേമഭാവത്തെയും നൽകും. (സ്നേഹം, ആകാംക്ഷയെയും ആകാംക്ഷ പ്രേമത്തെയും നൽകുമെന്നു താല്പര്യം.)

അൻപുററമർന്ത വഴക്കെൻപവൈയക-
ത്തിൻപുററാരെയ്തുഞ്ചിറപ്പു. ൫

സാ—ഈ ലോകത്തിൽ (ഗാർഹസ്ഥ്യവൃത്തിയിൽതന്നെ) സുഖമനുഭവിച്ച് അനന്തരം പരലോകത്തിൽ സിദ്ധിക്കപ്പെടുന്ന ആനന്ദം, സ്നേഹവാനായി ജീവിച്ചതിന്റെ

ഫലമാണെന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. (ഈ ലോകത്തിൽ ഭാര്യ, പുത്രർ, ബന്ധുക്കൾ മുതലായവരോടുകൂടി വാണു സുഖമനുഭവിച്ചവർ, തങ്ങളുടെ സ്നേഹപ്രകാശനത്തിൻെറ ഫലമായി മറുജന്മത്തിൽ ദേവന്മാരായി ജനിച്ച് ദേവലോകത്തിലും ആനന്ദം അനുഭവിക്കുന്നു; ആ ആനന്ദം ഈ ജന്മത്തിലെ തപസ്സുകൊണ്ട് കിട്ടുമെങ്കിലും ആ ബുദ്ധിമുട്ടുകൂടാതെ ലഭിക്കണമെങ്കിൽ സ്നേഹത്തെ വിടാതെ ഗൃഹസ്ഥാശ്രമത്തെ നയിക്കണമെന്നഭിപ്രായം)

അറത്തിർകേ യൻപുചാർപെൻപവറിയാർ
മറത്തിർകുമഃതേത്തുണൈ. ൬

സാ—അറിവില്ലാത്തവർ, സ്നേഹം ധമ്മത്തിനെയാണു സഹായിക്കുന്നതെന്ന് അഭിപ്രായപ്പെടും, എന്നാൽ അധമ്മ(ത്തിൻെറ നാശ)ത്തിനും ആ സ്നേഹം സഹായിക്കുന്നു. (ദ്രോഹിച്ചവനിൽ പ്രതികാരംചെയ്യുന്നതാകുന്നതു അധമ്മമാണ്; പ്രതികാരേച്ഛ ജനിച്ച സ്ഥാനത്ത്, അതിനുപകരം ദ്രോഹിച്ചവൻെറനേക്കു സ്നേഹംതോന്നുകയാണെങ്കിൽ, ആ അധർമ്മത്തെ സ്നേഹം നശിപ്പിക്കുന്നു; അധർമ്മത്തിൻെറ നാശത്തിനു സ്നേഹം സഹായിക്കുന്നതിന് ഉദാഹരണമാണിപ്പറഞ്ഞതു്. അധർമ്മത്തെ സഹായിക്കുന്നു എന്നു മൂലത്തിൽ കാണപ്പെടുന്ന അർത്ഥത്തിനുദാഹരണം:—ദ്വേഷം അധർമ്മമാണ്; ഭാര്യാപുത്രാദികൾ ദുർമ്മാർഗ്ഗത്തിൽ ചരിക്കുന്നു; അവരെ ദ്വേഷിക്കുന്നതിനുപകരം സ്നേഹിച്ചു സന്മാർഗ്ഗത്തിലേക്കു നയിക്കുന്നു. ഇവിടെ ദ്വേഷമാകുന്ന അധമ്മത്തെ സ്നേഹം സഹായിച്ചു. സന്മാർഗ്ഗത്തിലേക്കു നയിക്കാൻ പ്രേരിപ്പിച്ചതു സ്നേഹമാണല്ലോ.)

എൻപില തനൈ വെയിർപോലക്കായുമേ
യൻപില തനൈ യറം. ൭

സാ—എല്ലില്ലാത്ത ശരീരത്തെ വെയിലുണക്കുന്നതുപോലെ, സ്നേഹമില്ലാത്തജീവനെ ധർമ്മദൈവം ഉണക്കും. (അസ്ഥിയില്ലാത്ത പുഴുക്കളെ സൂര്യൻ വററുന്നതുപോലെ സ്നേഹമില്ലാത്ത ജീവനെ ധർമ്മം വററുമെന്നു താല്പര്യം.)

അൻപകത്തില്ലാ വുയിർവാഴ്കൈ വൻപാർകൺ
വററൻ മരന്തളിർത്തററു. ൮

സാ—ഉള്ളിൽ സ്നേഹമില്ലാത്ത ജീവൻെറ വാഴ്ച, കൽത്തറയിൽ ഉണങ്ങിനിൽക്കുന്ന വൃക്ഷത്തിൻെറ വന്ധ്യതക്കു തുല്യമാണ്. (പട്ടുനിൽക്കുന്നമരങ്ങൾക്കു പ്രയോജനീഭവിക്കാത്തതുപോലെ സ്നേഹമില്ലാത്തവൻെറ ജീവിതവും നിഷ്ഫലമായി ഭവിക്കുന്നു.)

പുറത്തുറുപ്പെല്ലാമെവൻചെയ്യും യാക്കൈ
യകത്തുറുപ്പൻപിലവക്കു. ൯

സാ—ശരീരത്തിൻെറ അകത്തെ അംഗമായ സ്നേഹം ഇല്ലാത്തവക്കു പുറത്തെ അംഗങ്ങൾ എന്തു ഫലത്തെ ചെയ്യാനാണ്? (പുറത്തെ അംഗങ്ങൾ, പണം ഭൂമി മുതലായവയാകുന്നു; ഹൃദയത്തിൽ സ്നേഹമില്ലാത്തവന് ഇവയെക്കൊണ്ടു് ഒരു ഫലവുമില്ലെന്നു താല്പര്യം.)

അൻപിൻവഴിയ തുയിർനിലൈ യതിലാ-
ക്കെൻപുതോൽപോർത്തവുടമ്പു. ൧൦

സാ—സ്നേഹത്തോടു സംബന്ധിച്ച ശരീരമേ ജീവനുള്ള ശരീരമാകുന്നുള്ളു; സ്നേഹമില്ലാത്ത ശരീരമാകട്ടെ, അസ്ഥി തോലിൽ പൊതിഞ്ഞ (ജീവനില്ലാത്ത) ശരീരമാകുന്നു (സ്നേഹമില്ലാത്തവൻെറ ഗൃഹസ്ഥാശ്രമംകൊണ്ടു ഫലമില്ലാത്തതിനാൽ അവനു മേൽപ്രകാരമുള്ള അവസ്ഥ കല്പിച്ചതാണ്.)

# ഒൻപതാം അധികാരം.

## വിരുന്തോമ്പൽ—അതിഥിസൽകാരം.

ഇരുന്തോമ്പി യിൽവാഴ്‌വതെല്ലാം വിരുന്തോമ്പി
വേളാൺമൈ ചെയ്യർപൊരുട്ടു. ൧

സാ—(വനത്തിൽ കയറാതെ) ഗൃഹസ്ഥാശ്രമത്തിൽത്തന്നെ നിന്ന് (ധനത്തെ) പാലിച്ചു വാഴുന്നതെല്ലാം, അതിഥികളെ സൽക്കരിച്ച് സഹായിക്കുന്നതിനായിട്ടാകുന്നു. (ഉപകാരം ചെയ്യാതിരിക്കുമ്പോൾ, ഗൃഹസ്ഥാശ്രമത്തെ നടത്തിയും ധനത്തെപ്പലത്തിയും ബുദ്ധിമുട്ടുന്നതുകൊണ്ടു ഫലമില്ലെന്നു ഭാവം.)

വിരുന്തു പുറത്ത താത്താണുണ്ടൽ ശാവാ
മരുന്തെനിനും വേണ്ടർപാററൻറു. ൨

സാ—അമൃതമാണെന്നിരുന്നാലും, അതിഥികൾ പുറത്തു നിൽക്കെ, താൻ ഭക്ഷിക്കുന്നതു നിഷിദ്ധമാണ്. (ദേവാമൃതംപോലും അതിഥിക്കുകൊടുത്തിട്ടു ഭക്ഷിക്കുകയാണ് വേണ്ടതെന്നു താല്പര്യം)

വരുവിരുന്തു വൈകലുമോമ്പുവാൻ വാഴ്‌ക്കൈ
പരുവന്തു പാഴ്‌പടുതലിൻറു. ൩

സാ—വന്നുകയറിയ വഴിപോക്കനെ ഓരോ ദിവസവും സൽകരിക്കുന്നവന്റെ ഗാർഹസ്ഥ്യജീവിതം ക്ഷയിച്ചു നശിക്കുന്നതല്ല. (എന്നും അതിഥികളെ സൽകരിക്കേണ്ടതു കർത്തവ്യമാണെന്നു താല്പര്യം )

അകനമർന്തു ചെയ്യാളുറൈയു മുകനമർന്തു
നൽവിരുന്തോമ്പുവാനിൽ. ൪

സാ—ലക്ഷ്മീദേവി പ്രസന്നവദനയായി, സൽപാത്രരെ പോററുന്നവന്റെ ഗൃഹത്തിൽ, ആഹ്ലാദപൂർവം നടനംചെയ്യുന്നതാണ്. (ആഹ്ലാദത്തിനു കാരണം തന്നെ വേണ്ടവഴിക്കു വിനിയോഗിക്കുന്നതിനാലുള്ള ചാരിതാർത്ഥ്യമാണത്രെ.)

വിത്തുമിടൽ വേണ്ടുങ്കൊല്ലോ വിരുന്തോമ്പി
മിച്ചിൽ മിചൈവാൻ പുലം. ൫

സാ—അതിഥികളെ ആഹരിപ്പിച്ചിട്ട് അവശിഷ്ടത്തെ ആഹരിക്കുന്നവന്റെ നിലത്തിനു വിത്തും വിതച്ചിടലും ആവശ്യമുണ്ടോ? (ഇല്ലതന്നെ; താനേവിളയുമെന്നു താല്പര്യം. അതിഥിസൽക്കാരത്തിന്റെ ഫലം അത്രത്തോളം മഹത്തരമാണെന്നു ഭാവം.)

ചെൽവിരുന്തോമ്പി വരു വിരുന്തു പാർത്തിരിപ്പാ-
നൽവിരുന്തു വാനത്തവക്കു ൬

സാ—തന്റെ ഇരുപ്പിടത്തിൽവന്ന അതിഥിയെ സൽകരിച്ചിട്ടു വരാനിരിക്കുന്ന അതിഥിയെ കാത്തിരിക്കുന്നവൻ മറുജന്മത്തിൽ ദേവന്മാരുടെ ഉചിതാതിഥിയായി ഭവിക്കുന്നു. (വന്ന അതിഥിയെ സൽകരിച്ചിട്ടു വരാനുള്ള അതിഥിയെ പ്രതീക്ഷിക്കുന്നവൻ അടുത്തജന്മത്തിൽ ദേവലോകത്തിൽ ദേവനായി ജനിക്കുമെന്നുതാല്പര്യം.)

ഇനൈത്തുണൈ ത്തെൻപതോൻറില്ലൈ വിരുന്തി-
ൻറുണൈത്തുണൈ വേൾവിപ്പയൻ. ൭

സാം— ആതിഥ്യത്തിന്റെ ഫലം ഇന്നതിനോട്ട തുല്യമാണെന്ന പറയപ്പെടത്തക്കതായിട്ടൊന്നുമില്ല; അതിഥികളുടെ അർഹതമാത്രമേയുള്ളൂ.

പരിന്തോമ്പി പ്പറററേ മെൻപർ വിരുന്തോമ്പി
വേൾവി തലൈപ്പടാതാർ. ൮

സാം— അതിഥികളെ സൽകരിച്ച് ആഫലത്തെ ഏൽക്കുകയെന്നുള്ളത് അറിഞ്ഞുകൂടാത്തവർ, കഷ്ടപ്പെട്ട ധനത്തെക്കാത്ത് ഒടുവിൽ ആ ധനത്തെ നഷ്ടപ്പെട്ടു പശ്ചാത്തപിക്കുന്നു. (അതിഥികളെപ്പോററാത്തവർ, പണത്തെപ്പോററി നഷ്ടപ്പെട്ടിട്ടു ഖേദിക്കുന്നതാണ്; ധനത്തെപ്പാലിക്കുന്നതും കഠിനസങ്കടമാണെന്നു ഭാവം)

ഉടൈമൈ യുളിൻമൈവിരുന്തോമ്പലോമ്പാ
മടമൈ മടവാർ കണുണ്ടു. ൯

സാം—ധനികനായിരുന്ന കാലത്തെ ദാരിദ്ര്യം ആതിഥ്യത്തെ നിന്ദിക്കുന്ന അജ്ഞതയാണ്; അതു മൂഢന്മാരിലുണ്ട്. (സമ്പത്തിൽ ദാരിദ്ര്യം അതിഥികളെ സൽക്കരിക്കായ്കയാണ്. അതു അജ്ഞന്മാരെയല്ലാതെ അഭിജ്ഞന്മാരെ ബാധിക്കുന്നതല്ല. സമ്പത്തുകൊണ്ടു സിദ്ധിക്കേണ്ട ഫലത്തെ നഷ്ടപ്പെട്ടു കത്തൃത്വത്തെ നശിപ്പിക്കുകയാൽ മൂഢതയാണ്ടുള്ള ദാരിദ്ര്യമാക്കിച്ചെയ്യു. ആ ദാരിദ്ര്യത്തെ അജ്ഞന്മാരല്ലാതെ വിജ്ഞന്മാർ അംഗീകരിക്കുകയില്ല)

മോപ്പക്കുഴൈയുമനിച്ച മൂകന്തിരിന്തു
നോക്കക്കുഴൈയും വിരുന്തു. ൧൦

സാം—നാകപ്പൂവും മണക്കുമ്പോൾ വാടും; അതിഥികൾ, മുഖഭാവം മാററി നോക്കുമ്പോൾ വാട്ടും. (നീചസ്വഭാവത്തിൽ നോക്കുന്നതുകണ്ടാൽ അതിഥികൾ പടികടന്നുവരികയില്ലെന്നു താൽപ്പര്യം. അകലേ കാണുമ്പോൾ മുഖത്തു സന്തോഷഭാവം സ്ഫുരിപ്പിക്കുകയും, അതുകണ്ടു സമീപിക്കുമ്പോൾ മധുരോക്തികൾ ഉച്ചരിക്കുകയും, അതുകേട്ടു മുമ്പിലെത്തുമ്പോൾ സൽകരിക്കുകയുമാകുന്ന സൽകാരം ചെയ്യുന്നവനുവേണ്ട മൂന്നു മുഖ്യഗുണങ്ങൾ. ഇവയിൽ അത്യുത്തമമായ മുഖപ്രസാദരാഹിത്യം, അകലേ വച്ചുകാണുമ്പോൾ തന്നെ മനസ്സും വാടി പിൻവാങ്ങുന്നതിനാൽ, സ്പർശഘ്രാണങ്ങൾക്കുശേഷം വാടുന്ന നാകപ്പൂവിനെ അപേക്ഷിച്ചു മാർദ്ദവം കുറഞ്ഞവരാണ് അതിഥികൾ എന്നു ഭാവം.)

---

## പത്താം അധികാരം.

### ഇനിയവൈക്കൂറൽ—മധുരഭാഷണം.

---

ഇൻചൊലാലീരമളൈഇ പ്പടിറിലവാ-
മ്ചെമ്പൊരുൾ കണ്ടാർ വായ്ച്ചൊൽ. ൧

സാം—സ്നേഹത്തോട്ടു കലൻ് നിഷ്കാപട്യത്തോടുകൂടിയ, ധർമ്മത്തെ അറിഞ്ഞവന്റെ വായിൽനിന്നും വീഴുന്ന വാക്കുകളത്രേ മധുരവാക്കെന്നു പറയപ്പെടുന്നത്. (മധുരഭാഷണത്തിന്റെ ലക്ഷണം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.)

അകനമർന്തീതലിനൻേറ മുകനമർ-
ന്തിൻചൊലനാകപ്പെറിൻ. ൨

സാ—മുഖപ്രസാദത്തോടുകൂടി മധുരവചസ്സായി ഭവിച്ചാൽ, ഹൃദയപൂർവ്വം ദാനം ചെയ്യുന്നവനിലും ശ്ലാഘ്യനാണ്. (മധുരവാക്കു നിറഞ്ഞ ദാനത്തേക്കാൾ ശ്രേഷ്ഠതമമാണെന്നു താൽപ്പര്യം.)

മുകത്താനമർന്തിനിതുനോക്കി യകത്താനാ
മിൻചൊലിനതേയറം. ൩

സാ—ധർമ്മം, മുഖം തെളിഞ്ഞു സ്നേഹത്തോടു നോക്കി ഹൃദയത്തിൽനിന്നും പുറപ്പെടുന്ന വാക്കുകളിലാണു പ്രവർത്തിക്കുന്നതു്. (ധർമ്മം ദാനത്തിൽമാത്രമല്ലെന്നു താൽപ്പര്യം.)

തുൻപുറൂ ഉന്തുവ്വാമൈ യില്ലാകുംയാർമാട്ടു
മിൻപുറൂഉ മിൻചൊലവർക്കു. ൪

സാ—എല്ലാവരിലും സ്നേഹത്തെ വളർത്തുന്ന മധുരഭാഷണത്തോടുകൂടിയവർക്കു തുൻപത്തെ വളർത്തുന്ന ദാരിദ്ര്യം സംഭവിക്കുന്നതല്ല. (നല്ല വാക്കുള്ളവർക്കു നാട്ടാരുടെ സ്നേഹമുണ്ടായിരിക്കും; ദാരിദ്ര്യപീഡ അവരെ ബാധിക്കുകയില്ല.)

പണിവുടൈയ നിൻചൊലനാതലൊരുവർ
കണിയല്ല മററുപ്പിറ. ൫

സാ—വിനയവും മധുരഭാഷണവുമാണ് ഒരുവനു ഭൂഷണം; മററുള്ള സ്വർണ്ണപ്പണ്ടങ്ങളല്ല. (സ്വർണ്ണപ്പണ്ടങ്ങൾ തന്നിൽനിന്നും വേർപെട്ടിരിക്കുന്നതിനാൽ അവ അന്യങ്ങളാണെന്ന് അഭിപ്രായം. അവ കൃത്രിമസൌന്ദര്യത്തെ ഉണ്ടാക്കുകയല്ലാതെ സ്വാഭാവികമായ സൌന്ദര്യത്തെ ജനിപ്പിക്കുകയോ വളർത്തുകയോ ചെയ്യുന്നില്ല. അതിനാൽ അവ ആഭരണങ്ങളല്ലെന്നും സ്വാഭാവികസൌന്ദര്യത്തെ വളർത്തുന്ന ആഭരണങ്ങൾ വിനയവും സൽഭാഷണവുമാണെന്നും താൽപ്പര്യം.)

അല്ലവൈ തേയ വറംപെരുകുനല്ലവൈ
നാടി യിനിയ ചൊലിൻ. ൬

സാ—സദ്വാക്കുകളെ തിരഞ്ഞെടുത്തു് മധുരമായി ഉച്ചരിക്കുകയാണെങ്കിൽ പാപം ക്ഷയിച്ചു ധർമ്മം (പുണ്യം) വളരും. (പാപം ക്ഷയിക്കുന്നതു തന്റെ ഉഗ്രശത്രുവായ ധർമ്മം വളർന്നു പടർന്നു് തന്റെ സ്ഥാനത്തെ ആക്രമിക്കുമ്പോഴാണ്. മധുരമായി ഉച്ചരിക്കണമെന്നു പറഞ്ഞതുകൊണ്ട്, നല്ല വാക്കുകളെ തിരഞ്ഞെടുത്താലും അവയെ പരുഷമായി ഉച്ചരിച്ചാൽ അതു ധർമ്മമല്ലെന്നു വെളിപ്പെടുന്നു.)

നയനീൻറു നൻറിപയക്കും പയനീൻറു
പൺപിററലൈ പ്പിരിയാച്ചൊൽ. ൭

സാ—ഫലത്തെ നൽകുന്ന ഗുണത്തിൽനിന്നും വ്യതിചലിക്കാത്ത വാക്കു നീതിയെയും ധർമ്മത്തെയും നൽകും. (നീതി, ലോകത്തെ സംബന്ധിച്ചുള്ളതാണെന്നറിഞ്ഞുകൊള്ളണം.)

ചിറുമൈയുണീങ്കിയ വിൻചൊ നമറുമൈയു-
മിമ്മൈയുമിൻപന്തരും. ൮

സാ—വേദനിപ്പിക്കാത്ത സദ്വാക്ക് പരത്തിലും ഇഹത്തിലും ആനന്ദത്തെ നൽകും. (സദുക്തി പാരത്രികൈഹികസുഖങ്ങൾക്കു കാരണമായിത്തീരുന്നു; ലോകത്തെ ആകർഷിച്ചു് ആവശ്യങ്ങളെ സുലഭമായി നിറവേററുകയാണ് ഇഹത്തെസംബന്ധിച്ചു ലഭിക്കുന്നസുഖം; പാരത്രികമാകട്ടെ, ആ സുഖത്തെ അപേക്ഷിച്ചു് ഉൽകൃഷ്ടവും അഖില

-ഷണീയവുമാണ്. ആ പ്രാധാന്യത്തെ വെളിപ്പെടുത്തുകയത്രേ, 'പര' ത്തെ ആഢ്യമായി പ്രയോഗിച്ചു സാധിച്ചിരിക്കുന്നത്)

ഇൻ ചൊലിനി തീൻറൽ കാൺപാനെവൻ കൊലോ
വൻചൊൽ വഴങ്കുവതു. ൯

സാ—(അന്യന്മാരുടെ) മധുരവാക്ക് (തനിക്ക്) ആനന്ദത്തെ നൽകുന്നത് അനുഭവിച്ചറിഞ്ഞവൻ, എന്തിനായിട്ടു കഠിനവാക്കുകളെ ഉച്ചരിക്കണം? (മധുരവാക്കിന്റെ സുഖമനുഭവിച്ചവനു കഠിനവാക്കിന്റെ അസുഖവും അനുഭവപ്പെട്ടിരിക്കണം. അങ്ങനെ അനുഭവത്തിൽ അറിഞ്ഞിരുന്നിട്ടും, തന്റെ അനുഭവം അന്യന്മാർക്കുമുണ്ടാകുമെന്നു മനസ്സിലായിരുന്നിട്ടും, ആ അനുഭൂതജ്ഞൻ കഠിനവാക്ക് ഉച്ചരിച്ചാൽ എന്തൊരർത്ഥമാണ്?)

ഇനിയവുളവാക വിന്നാതകൂറൽ
കനിയിരുപ്പക്കായ് കവർന്തററു. ൧൦

സാ—നന്മൊഴിയും തന്നിൽതന്നെ ഉണ്ടായിരുന്നിട്ടും, അതിനെ ഉച്ചരിക്കാതെ ക്രൂരവാക്കുകളെ ഉപയോഗിക്കുന്നത്, മധുരമായ പഴം നില്ക്കെ, കയ്പുള്ള കാ പറിച്ചു ഭക്ഷിക്കുന്നതുപോലെയാണ്. (ഉപമാനത്തിലെ പഴത്തിന്റെയും കായിന്റെയും മധുരവും കയ്പും ഉപമേയത്തിലെ നന്മൊഴിയെയും ദുർമ്മൊഴിയെയുംസംബന്ധിക്കുന്നതാണ്.)

## പതിനൊന്നാം അധികാരം.

### ചെയ്നൻറിയറിതൽ ഉപകാരസ്മരണ.

ചെയ്യാമർ ചെയ്തവുതവിക്കു വൈയകമും
വാനകമുമാററലരിതു. ൧

സാ—യാതൊരുപകാരവും ചെയ്യാതിരിക്കെ, വലിയേ ചെയ്യുന്ന ഉപകാരത്തിനു ദേവലോകവും ഭൂലോകവും പ്രതിദാനംചെയ്താലും സാമ്യമാകുകയില്ല. (പ്രത്യുപകാരങ്ങൾക്കെല്ലാം കാരണമുണ്ട്; കാരണമില്ലാതെ—പ്രത്യുപകാരത്തെ ആശിക്കാതെ—ചെയ്യുന്ന ഈ ഉപകാരത്തിനു യാതൊന്നും ഈടല്ല.)

കാലത്തിനാർചെയ്ത നൻറി ചിറിതെനിനു
ഞാലത്തിൻ മാണപ്പെരിതു. ൨

സാ—സന്ദർഭം അറിഞ്ഞുചെയ്ത ഉപകാരം ചെറുതെങ്കിലും ആ സന്ദർഭത്തെ സംബന്ധിച്ചിടത്തോളം അതിനു ലോകത്തെക്കാൾ വലിപ്പമുണ്ട്. (എത്ര വല്ലതായ പ്രത്യുപകാരവും അതിനോടു കിടപിടിക്കുകയില്ലെന്നുഭാവം.)

പയൻറൂക്കാർ ചെയ്തവുതവി നയൻറൂക്കി-
നൻമൈ കടലിർപ്പെരുതു. ൩

സാ—(തന്നാൽ സഹായിക്കപ്പെടുന്നവരിൽനിന്നും പിന്നീടുണ്ടാകുന്ന) ഫലത്തെ ഉദ്ദേശിക്കാതെ ചെയ്യുന്ന ഉപകാരത്തെ ആലോചിക്കുകയാണെങ്കിൽ ആ സഹായം കടലിനെക്കാൾ വലുതാണെന്നു ബോദ്ധ്യപ്പെടും.

തിനൈത്തുണൈ നൻറിചെയിനും പനൈത്തുണൈയാ-
ക്കൊൾവർ പയൻറെരിവാർ. ൪

സാ—തിനയോളം ചെറിയ ഉപകാരമാണ് ചെയ്തതെന്നിരുന്നാലും പനയോളം വലുതാണെന്നു കരുതുന്നവർ, അതിൻെറ—ആ കരുതലിൻെറ—ഫലത്തെ അറിയുന്നവരാകുന്നു. (തിനയും പനയും ലഘുത്വത്തെയും ഗുരുത്വത്തെയും കുറിക്കുന്നു. കരുതലിൻെറ ഫലം, അപ്രകാരം കരുതുന്നവൎക്കുണ്ടാകുന്ന പ്രയോജനമാകുന്നു. ഉപകാരം എത്രതന്നെ ചെറുതായിരുന്നാലും ഏററവും വലുതാണെന്നു കരുതുന്നവർ അറിവുള്ളവരാണ്.)

ഉതവിവരൈത്തൻറുതവി യുതവി
ചെയപ്പട്ടാർ ചാൽപിൻവരൈത്തു. ൫

സാ—ഉപകാരത്തിൻെറ ഗുരുലഘുത്വം ഉപകാരത്തിലല്ല; ഉപകരിക്കപ്പെടുന്നവൻെറ സന്ദൎഭത്തെ അനുസരിച്ചിരിക്കുന്നു. (ഉപകാരം നിസ്സാരമായിരുന്നാലും സന്ദൎഭം വലുതാണെങ്കിൽ ആ വലിപ്പം ഉപകാരത്തെ സംബന്ധിക്കുന്നു.)

മറവർക മാചററാർ കേൺമൈ തുറവർക
തുൻപത്തുട്ടുപ്പായാർ നട്പു. ൬

സാ ദുഃഖകാലത്തു തന്നെ സഹായിച്ചവരുടെ സ്നേഹത്തെ കൈവിടാതിരിക്കേണ്ടതു് ആവശ്യമാണ്; യോഗ്യന്മാരുടെ സ്നേഹബന്ധത്തെ വിസ്മരിക്കാതിരിക്കയും വേണം. (ആദ്യത്തേതു് ഈ ജന്മത്തിലേക്കും രണ്ടാമത്തേതു ജന്മാന്തരത്തിലേക്കും ഉപകരിക്കുന്നതാകുന്നു.)

എഴുമൈ യെഴുപിറപ്പു മുള്ളുവർ തങ്കൺ
വിഴുമന്തുടൈത്തവർ നട്പു. ൭

സാ—തങ്ങളെ ബാധിച്ച ദുഃഖത്തെ അകററിയവരുടെ സ്നേഹത്തെ ഏഴുജന്മത്തിലും സജ്ജനം അനുസ്മരിക്കും. (ഉപകൎത്താക്കളെ ജന്മാന്തരങ്ങളിലും മറക്കാത്തവരത്രേ സജ്ജനങ്ങൾ.)

നൻറിമറപ്പതു നൻറൻറു നൻറല്ല
തൻറേമറപ്പതു നൻറു. ൮

സാ—ഒരുവൻ ചെയ്ത ഉപകാരത്തെ മറന്നുകളയുന്നതു ധൎമ്മമല്ല; ഒരുവൻ ചെയ്ത അപകാരത്തെ അന്നുതന്നെ മറക്കുന്നതു ധൎമ്മം. (നന്മയെ എന്നെന്നും സ്മരിക്കുകയും തിന്മയെ അന്നു തന്നെ മറക്കുകയും വേണം.)

കൊൻറന്ന വിന്നാചെയിനു മവർചെയ്ത
വൊൻറു നൻറുള്ളക്കെടും. ൯

സാ—(ഒരിക്കൽ, തന്നെ സഹായിച്ചവർ) പിന്നീടു തന്നെക്കൊന്നാലും, തനിക്കു തിന്മചെയ്താലും, അവൻ ആദ്യം ചെയ്ത ആ നന്മയെ ഓൎക്കുമ്പോൾ, അവയെല്ലാം മാഞ്ഞുപോകും. (തിനയോളം ചെയ്ത ചെറിയ ഉപകാരത്തെ പനയോളം വലുതായിക്കരുതുന്നിടത്തു തിന്മയ്ക്കു സ്ഥാനമില്ലെന്നു താല്പൎയ്യം.)

എന്നൻറി കൊൻറാൎക്കു മുയ്വുണ്ടാ മുയ്വില്ലൈ
ചെയ്നൻറി കൊൻറമകൎക്കു. ൧൦

സാ—ഏതൊരു ധൎമ്മത്തെക്കെടുത്തവനും പാപമുക്തിക്കു മാൎഗ്ഗമുണ്ടു്; ചെയ്ത ഉപകാരത്തെക്കെടുത്തവനു് പാപമോചനത്തിനു വഴിയില്ല. (ധൎമ്മത്തെ നിന്ദിച്ചവനു് തൽപാപത്തെ പരിഹരിക്കാൻ മാൎഗ്ഗമുണ്ടെന്നും സഹായത്തെ നിന്ദിച്ചവനു—മറന്നവനു—അപ്പാപം പോക്കാൻ മാൎഗ്ഗമില്ലെന്നും താല്പൎയ്യം.)

# പന്ത്രണ്ടാം അധികാരം.

## നടുവു നിലൈമൈ—മാദ്ധ്യസ്ഥം.

തകുതിയെന വൊൻറുനൻേറ പകുതിയാർ
പാർ പട്ടൊഴുക പ്പെറിൻ. ൧

സാ—ശത്രുമിത്രാദി ഭേദഭാവനയോടുകൂടാത്ത നിർദ്ദാക്ഷിണ്യമായ മദ്ധ്യസ്ഥനിലയത്രേ ശ്രേഷ്ഠം. (ശത്രുവിനോടു ശത്രുഭാവനയും മിത്രത്തോടു മിത്രഭാവനയും ഉദാസീനനോടു ഉദാസീനഭാവനയും അരുതെന്നുതാല്പര്യം)

ചെപ്പമുടൈയവനാക്കഞ്ചിതൈ വിൻറി
യെച്ചത്തിർകേ മാപ്പുടൈത്തു. ൨

സാ—മദ്ധ്യസ്ഥനിലയോടുകൂടിയവന്റെ ഐശ്വര്യം അഴിവില്ലാതെ അവന്റെ സന്തതികൾക്കും ഉപകാരപ്പെട്ടുനിൽക്കുന്നതാണ്. (മദ്ധ്യസ്ഥനിലയുള്ളവൻ ധർമ്മത്തെ അനുഷ്ഠിക്കുന്നു; തന്മൂലം അവന്റെ ഐശ്വര്യം പരിശുദ്ധവും ശ്ലാഘനീയവുമാകയാൽ ശാശ്വതമായിരിക്കും; മദ്ധ്യസ്ഥനിലയിൽനിന്നു വഴുതിയവനാകട്ടെ അധർമ്മിഷ്ഠനാകുന്നു; അതുകൊണ്ട് അവന്റെ ഐശ്വര്യം ഗർഹണീയവും ക്ഷണഭംഗുരവുമായിരിക്കും.)

നൻേറതരിനു നടുവികന്താമാക്കത്തൈ
യൻേറ യൊഴിയവിടൽ. ൩

സാ—നടുനിലയിൽനിന്നു തെറ്റിയതുകൊണ്ടു ലഭിക്കപ്പെടുന്ന സമ്പത്ത് നന്മയെ ചെയ്യുന്നതായാലും അതിനെ അപ്പോൾതന്നെ തിരസ്കരിക്കേണ്ടതാകുന്നു. (അധർമ്മാനുഷ്ഠാനത്താൽ ലഭിക്കപ്പെടുന്ന ആദായം ദുഃഖപ്രദവും അധഃപതനഹേതുകവുമാകയാൽ അതിനെ ആ മാത്രയിൽ കൈവെടിയണമെന്നുതാല്പര്യം.)

തക്കാർ തകവിലരെൻപ തവരവ-
രെച്ചത്താർ കാണപ്പടും. ൪

സാ—മദ്ധ്യസ്ഥനിലയുള്ളവരെന്നും അതില്ലാത്തവരെന്നുമുള്ള വ്യത്യാസം സത്സന്തതികളെക്കൊണ്ടും ദുസ്സന്തതികളെക്കൊണ്ടും അനുമാനിക്കാവുന്നതാകുന്നു. (മദ്ധ്യസ്ഥനിലയോടുകൂടിയവർക്കു സത്സന്തതിയും ആ നിലയെ വ്യഭിചരിക്കുന്നവർക്കു ദുസ്സന്തതിയും ഉണ്ടാകുമെന്നു ഭാവം.)

കേടും പെരുക്കമുമില്ലല്ല നെഞ്ചത്തു-
ക്കോടാമൈ ചാൻേറാർക്കണി. ൫

സാ—(ദുഷ്കർമ്മത്താൽ) അധഃപതനവും (സൽക്കർമ്മത്താൽ) അഭിവൃദ്ധിയും (ആർക്കും) ഇല്ലാത്തതല്ല (ജന്മവാസനയുടെ ഫലമായി ഉണ്ടാവാം); (അതു ഗ്രഹിച്ചു) മനസ്സുകൊണ്ടു നിഷ്പക്ഷപാതിത്വത്തെ ആശ്രയിക്കുകയാണ് (അറിവു നിറഞ്ഞവർക്ക്) അലങ്കാരം. (ദുഷ്കൃതത്താൽ അധഃപതനവും സുകൃതത്താൽ അഭിവൃദ്ധിയും ആർക്കും ഉണ്ടാകാവുന്നതാണെന്നും അതു ജന്മവാസനയെ അനുസരിച്ചിരിക്കുമെന്നും ഗ്രഹിച്ച് സജ്ജനങ്ങൾ നിഷ്പക്ഷനിലയിൽനിന്നും വ്യതിചലിക്കാതെ തങ്ങളുടെ കർത്തവ്യത്തെ ശരിക്കു നിർവഹിക്കുന്നതാണ്.)

കെടുവൽ യാനെൻപതറികതൻ നെഞ്ച
നടുവൊരീഇ യല്ല ചെയിൻ. ൬

സാ—മനസ്സ് നിഷ്പക്ഷതയിൽനിന്നും വ്യതിചലിച്ചു പക്ഷംപിടിച്ചു പ്രവൎത്തിക്കാൻ വിചാരിക്കുന്നുവെങ്കിൽ, ആ വിചാരം തന്റെ നാശത്തിന്റെ സൂചനയാണെന്നു ധരിക്കണം.

കെട്ടുവാക വൈയാതുലക നട്ടുവാക
നൻറി ക്കട്ടുങ്കി യാൻറാഴ്വു. ൭

സാ—നിഷ്പക്ഷതയാകുന്ന, ധൎമ്മത്തിൽ ഉറച്ചു നില്ക്കുന്നവന്റെ ദാരിദ്ര്യത്തെ ദാരിദ്ര്യമായി ലോകർ (അറിവുള്ളവർ) കരുതുകയില്ല. (നിഷ്പക്ഷപാതിയായ ഒരുവൻ എത്രതന്നെ ദരിദ്രനായിരുന്നാലും, സജ്ജനങ്ങൾ അവനെ ഒരു വലിയ പ്രഭുവിനെപ്പോലെ ബഹുമാനിക്കുമെന്നു താല്പൎയ്യം.)

ചമൻചെയ്തു ചീർതൂക്കുങ്കോൽപോലമൈന്തൊരുപാർ
കോടാമൈ ചാൻറോർക്കണി. ൮

സാ—(ആദ്യമായി) സമനിലയിൽ നിന്നു (പിന്നീട്ട വയ്ക്കുന്ന ഭാരത്തിന്റെ) അളവു തിട്ടപ്പെടുത്തുന്ന തുലാസ്സുപോലെ ഒരുഭാഗത്തോട്ടും ചായാതെ നില്ക്കുകയാണ വിജ്ഞന്മാൎക്കു ഭൂഷണം. (തുലാസ്സിനു നിൎദ്ദേശിക്കപ്പെട്ട സമനിലയിൽ നില്ക്കലും തൂക്കം തിട്ടപ്പെടുത്തലും വിജ്ഞന്മാൎക്കു, വിജ്ഞന്മാൎക്കു നിൎദ്ദേശിക്കപ്പെട്ട നിലയും നിഷ്പക്ഷതയും തുലാസ്സിനും കണ്ടുകൊള്ളണം. വിജ്ഞന്മാരുടെ തിട്ടപ്പെടുത്തൽ വാദിപ്രതികളുടെ മൊഴികളെക്കൊണ്ടു പരമാൎത്ഥം അറിയുകയാകുന്നു.)

ചൊർകോട്ടമില്ലതു ചെപ്പമൊരുതലൈയാ
വുട്കോട്ടമിൻമൈ പെറിൻ. ൯

സാ—നിഷ്പക്ഷതയെന്നുവച്ചാൽ വാക്കിനും മനസ്സിനും കോട്ടമില്ലാതിരിക്കുകയാകുന്നു. (ന്യായാധിപൻ വാക്കു ധൎമ്മത്തിലും മനസ്സ് അധൎമ്മത്തിലും പ്രവൎത്തിപ്പിച്ചാൽ അവൻ നിഷ്പക്ഷപാതിയായ ന്യായാധിപനല്ല; നിഷ്പക്ഷഭാവത്തിൽ പ്രസംഗിക്കുകയും അതേഅവസരത്തിൽ മനസ്സുകൊണ്ടു പക്ഷംപിടിക്കുകയും ചെയ്യുന്നവൻ നിഷ്പക്ഷപാതിയാകുന്നതെങ്ങനെ?)

വാണികഞ്ചെയ്വാൎക്കു വാണികം പേണി-
പ്പിറവുന്തമപോർ ചെയിൻ. ൰

സാ—അന്യന്മാരുടെ ധനത്തെയും തന്റെ ധനത്തെപ്പോലെ കരുതിച്ചെയ്യുന്ന കച്ചവടക്കാരന്റെ വ്യാപാരം ധൎമ്മ്യമായ വ്യാപാരമായിരിക്കും. (കച്ചവടക്കാർ വാങ്ങിക്കുന്നതു കൂടുതലും കൊടുക്കുന്നതു കുറച്ചുമായിരിക്കരുതെന്നും അങ്ങനെ ചെയ്യുന്നവന്റെ കച്ചവടത്തിനു കൊള്ളയടിക്കൽ (അപഹരിക്കൽ) എന്നല്ലാതെ കച്ചവടമെന്നുപറയാൻ പാടില്ലെന്നും താല്പൎയ്യം.)

---

## പതിമൂന്നാം അധികാരം.

### അടക്കമുടമൈ—അടക്കുക.

---

അടക്കമമരരുളുയ്ക്കു മടങ്കാമൈ
യാരിരുളുയ്ത്തു വിടും. ൧

സാ—അടക്കമാകുന്ന ധൎമ്മം, ദേവലോകത്തിൽ കൊണ്ടുചെന്നാക്കും; അടക്കമില്ലായ്മയാകുന്ന പാപമാകട്ടെ, കഠിനനരകത്തിൽ കൊണ്ടുപോയി തള്ളും.

കാക്കപ്പൊരുളാ വടക്കത്തെയാക്ക-
മതനിനൂങ്കില്ലെയ്യുയിക്കു. ൨

സാ—അടക്കത്തെ അപൂർവ്വധനത്തെപ്പോലെ പാലിക്കേണ്ടതാണ്; മനുഷ്യജീവികൾക്ക് അതിനേക്കാൾ ശ്രേഷ്ഠമായ ഒരു ധനമില്ല. (ജീവികൾ എന്നു പ്രയോഗിച്ചത് ഇവിടെ മനുഷ്യജീവികളെ മാത്രം ഉദ്ദേശിച്ചാണ്; അറിഞ്ഞു് അടക്കാനുള്ള ശക്തി മററു ജീവികൾക്കില്ലല്ലോ.)

ചെറിവറിന്തു ചീർമൈ പയക്കുമറിവറി-
ന്താററി നടങ്കപ്പെറിൻ. ൩

സാ—അടക്കം ആവശ്യമാണെന്നു് അറിഞ്ഞു് സന്മാർഗ്ഗചാരാ ഒരുവൻ അതിനെ സമ്പാദിച്ചാൽ, ആ അടക്കത്തെ സജ്ജനങ്ങൾ അറിഞ്ഞു് അവനു നന്മയെ നൽകും. (ഒരുവൻ, അടങ്ങിനടന്നാൽ, ആ അടക്കം ശ്രേയസ്സിനെ ഉണ്ടാക്കും. ഗൃഹസ്ഥാശ്രമിയുടെ അടക്കം, മനസ്സിനെയും വചസ്സിനെയും വപുസ്സിനെയും വശപ്പെടുത്തുകയാകുന്നു.)

നിലൈയിററിരിയാതടങ്കിയാൻറോററ
മലൈയിനു മാണപ്പെരിതു. ൪

സാ—ഗാർഹസ്ഥ്യമാകുന്ന തൻെറ നിലയിൽ തെററാതെ നിന്നുംകൊണ്ടു് അടങ്ങിയവൻെറ ഉയർച്ചയാകട്ടെ, മലയുടേതിനേക്കാൾ ഉയരത്തിലായിരിക്കും. (തെററാതെ നിൽക്കുകയെന്നുവച്ചാൽ പഞ്ചേന്ദ്രിയങ്ങളെ അതതിൻെറ വിഷയങ്ങളിൽ പ്രവൎത്തിപ്പിക്കുകയാണ്.)

എല്ലാക്കു നൻറാം പണിതലവരുള്ളു-
ഞ്ചെൽവക്കേ ചെൽവന്തകൈത്തു. ൫

സാ—വിനയം എല്ലാവൎക്കും നന്നാണ്; എന്നാൽ അവരിൽ ധനികന്മാർക്കു് അതു മറെറാരു ധനമായി തോന്നത്തക്ക മാഹാത്മ്യത്തോടുകൂടിയതാണ്. (അടക്കം എല്ലാവൎക്കും ഒരു ധനമാണെങ്കിലും ധനികന്മാൎക്കു പ്രത്യേകിച്ചും അമോഘമായ ഒരു ധനമാകുന്നു. ദരിദ്രന്മാർ മിക്കവാറും സ്വാഭാവികമായി വിനയശീലന്മാരും, ധനികന്മാർ തങ്ങളുടെ ധനപ്രമത്തതയാൽ ഉദ്ധതബുദ്ധികളും ആകയാൽ ധനികന്മാൎക്കു വിനയം ഒന്നുകൂടി ശോഭിക്കുമെന്നു താല്പൎയ്യം. മാത്രമല്ല, ദരിദ്രന്മാരുടെ അവിനയം വ്യക്തമായി പുറത്തു പ്രകാശിക്കാത്തതും ധനികന്മാരുടേതു തെളിഞ്ഞു പ്രകാശിക്കുന്നതുമാകയാൽ ധനികന്മാൎക്കു വിനയം പ്രത്യേകിച്ചും അവശ്യാവശ്യവുമാണ്.)

ഒരുമൈ യുളാമൈപോലൈന്തടക്കലാററി-
നെഴുമൈയുമേമാപ്പുടൈത്തു. ൬

സാ—ഒരു ജന്മത്തിൽ, ആമയെപ്പോലെ, അഞ്ചിന്ദ്രിയങ്ങളെയും അടക്കാൻ ഒരുവനു സാധിച്ചുഎങ്കിൽ, ഏഴുജന്മത്തിലും അതിൻെറ ഫലം അവനെ കാക്കും. (ആമ ആപത്തിനെ ഭയന്നു് തൻെറ നാലുകാലുകളെയും തലയെയും അകത്തു് അടക്കിക്കൊള്ളുന്നു; അതുവഴി അതിനു് ആപത്തിൽ പെടാതെ ജീവിക്കാൻ കഴിയുന്നു. അതുപോലെ മനുഷ്യൻ ത്വക്ക്, നാക്ക്, മൂക്ക്, ചെവി, കണ്ണു് എന്നീ അഞ്ചു് ഇന്ദ്രിയങ്ങളെയും അടക്കുന്നുവെങ്കിൽ ദുഃഖത്തിൽനിന്നും മോചിക്കാൻ സാധിക്കുന്നു. മാത്രമല്ല, ഇന്ദ്രിയങ്ങളെ അടക്കിഭരിക്കുന്നവൻ പാപം ചെയ്യാത്തതിനാൽ പുണ്യം സമ്പാദിക്കുന്നതും അപ്പുണ്യം അടുത്ത ഏഴുജന്മത്തിലും അവനെ സഹായിക്കുന്നതും ആകുന്നു.)

യാകാവാരായിനുനാകാക്ക കാവാക്കാർ
ചോകാപ്പർ ചൊല്ലിഴുക്കപ്പെട്ടു. ൭

സാ—കാക്കേണ്ടതിനെയെല്ലാം കാക്കാതിരുന്നാലും നാവിനെ കാക്കേണ്ടതാവശ്യമാണ്; അതിനെ കാക്കാതിരുന്നാൽ ചൊൽക്കുററത്തിൽ പെട്ടു ദുഃഖിക്കേണ്ടിവരും (തൊക്ക്, നാക്ക്, മൂക്ക്, ചെവി, കണ്ണ് ഇവയെ അടക്കണമെന്നുമേൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ അവയെ എല്ലാററിനെയും അടക്കാൻ കഴിഞ്ഞില്ലെങ്കിലും നാക്കിനെ അടക്കേണ്ടതു എത്രയും അത്യാവശ്യമാണ്. നാക്കിനെ അടക്കിയില്ലെങ്കിൽ വാക്കിൽ വന്നേക്കാവുന്ന കുററത്തെസ്സംബന്ധിച്ച ഖേദിക്കേണ്ടിവരും.)

ഒൻറാനുന്തീച്ചൊർപൊരുട്പയനുണ്ടായി-
നൻറാകാതാകിവിടും. ൮

സാ—ദുർവ്വാക്കുകളിൽ അന്തർഭവിച്ച അർത്ഥത്തിൻെറ ഫലം ഒന്നുമാത്രമാണെങ്കിലും, അവനു് ഉണ്ടായിരുന്ന ധർമ്മം ദുഷിക്കും. (പൊളി, നുണ മുതലായ ഏതെങ്കിലും ഒരു ചീത്തവാക്ക് ഒരുവൻെറ നാക്കിൽനിന്നും പുറപ്പെട്ടാൽ അതിൻെറ ദോഷം ഒന്ന് അതിനു വിഷയീഭവിക്കുന്നവനു് അനുഭൂതമാകുന്നു. ദുർവ്വാക്കു പുറപ്പെടുവിച്ചവനോ, അവനുണ്ടായിരുന്നശ്രേയസ്സു നശിക്കുന്നു.)

തീയിനാർ ചുട്ട പുണ്ണുള്ളാറു മാറാതേ
നാവിനാർ ചുട്ട വടു. ൯

സാ—തീവച്ചുപൊള്ളിച്ച വ്രണം ശരീരത്തിലുണ്ടായിരുന്നാലും മനസ്സിൽ ശമിക്കും; നാക്കുകൊണ്ടു പൊള്ളിച്ച അടയാളം ആ മനസ്സിൽ ഒരിക്കലും മായുന്നതല്ല. (തീകൊണ്ടുള്ള വ്രണം ശമിക്കും; വാക്കുകൊണ്ടുള്ള അടയാളം ഒരിക്കലും മാറുകയില്ല. തീപ്പൊള്ളൽ ശമിക്കുന്നതായാൽ, വ്രണമെന്നും വാക്കിൻെറ പൊള്ളൽ മായുന്നതല്ലാത്തതിനാൽ അടയാളമെന്നും പറഞ്ഞതാണ്. ഒരുവൻ ചീത്തപറഞ്ഞാൽ, അതു് എന്നും മനസ്സിൽ പതിഞ്ഞു കിടക്കുമെന്നു താല്പര്യം.)

കതങ്കാത്തുക്കററടങ്കലാററുവാൻചെവ്വി
യറം പാക്കമാററിനുഴൈന്തു. ൧൦

സാ—കോപം മനസ്സിലുണ്ടാകാതെ സൂക്ഷിച്ചു്, വിദ്യാസമ്പന്നനായി, അടക്കത്തിൽ സമർത്ഥനായവൻെറ മാർഗ്ഗത്തിൽ ധർമ്മേശ്വരൻ കാത്തുനിൽക്കും. (കോപമില്ലാത്തവനും അടക്കമുള്ളവനുമായ വിദ്യാസമ്പന്നനെ ധർമ്മമാകുന്ന ദൈവം വലിയേചെന്നു പ്രാപിക്കുന്നതാണ്.)

---

## പതിനാലാം അധികാരം.

### ഒഴുക്കമുടമൈ—ആചാരാദരം.

ഒഴുക്കം വിഴുപ്പന്തരലാനൊഴുക്ക
മുയിരിനുമോമ്പപ്പടും. ൧

സാ—ആചാരം ഐശ്വര്യത്തെ നൽകുന്നതിനാൽ ആ ആചാരത്തെ ജീവനേക്കാൾ പോററുന്നതാണ്. (എളിയവർക്കും വലിയവർക്കും ഒന്നുപോലെ ഐശ്വര്യത്തെ നൽകുന്നതാണ് ആചാരം; ആ ആചാരത്തെ സർവ്വത്തിലും ഉപരിയായിക്കരുതപ്പെടുന്ന ജീവനേക്കാൾ സ്നേഹിച്ചു പാലിക്കാൻ എല്ലാ വർണ്ണക്കാരും കടപ്പെട്ടിരിക്കുന്നു എന്നു താല്പര്യം.)

പരിന്തോമ്പിക്കാക്കവൊഴുക്കന്തെരിന്തോമ്പി-
ത്തേരിനു മതേ തുണൈ.

സാ—ആചാരത്തെ, (യാതൊന്നിനാലും വ്യഭിചരിപ്പിക്കാതെ) കാത്തുരക്ഷപ്പെട്ടു പ്രലത്തോടെ വേണ്ടതാണ്; ഇഹത്തിലും പരത്തിലും സഹായിക്കുന്ന ധമ്മങ്ങളെ ആരാഞ്ഞ് മനസ്സിനെ അടക്കി അറിഞ്ഞാലും സഹായിക്കുന്നത് ആ ആചാരമാത്രം. (ആചാരത്തെപ്പലത്തിനാൽ ആ ആചാരം തന്നെ സഹായിക്കുമെന്നു താല്പര്യം)

ഒഴുക്കമുടൈമൈ കുടിമൈ യിഴുക്ക-
മിഴിന്ത പിറപ്പായ്‌വിടും. ൩.

സാ—എല്ലാവർണ്ണക്കാർക്കുമുള്ള ആചാരാവകാശം കുടുംബാവകാശമാണ്; ആ ആചാരത്തിൽനിന്നും വ്യതിചലിക്കുക എന്നത് സ്വയം അധഃകൃതരായി ഭവിക്കുകയാണ്. (എല്ലാവർണ്ണക്കാരും അവരവരുടെ ആചാരത്തെപ്പാലിക്കണമെന്നും അങ്ങനെ പാലിക്കാത്തവർ തന്നെത്താൻ താഴ്ത്തപ്പെട്ടവരായി ഭവിക്കുമെന്നും താല്പര്യം. ഇതിൽനിന്നും ജന്മനാ അധഃകൃതർ ആരുംതന്നെയില്ലെന്നു വ്യക്തമാകുന്നുണ്ട്. യോനിജന്മാരായ മനുഷ്യരെല്ലാം—ഏതുകുലത്തിലും ജനിക്കട്ടെ—ഉൽകൃഷ്ടന്മാരായിത്തന്നെ ജനിക്കുന്നു. ജനിച്ചതിനുശേഷവും ആചാരാനുഷ്ഠാനത്തിനു മാലിന്യം സംഭവിപ്പിക്കാതിരിക്കുന്നിടത്തോളം ഉൽകൃഷ്ടന്മാരായിത്തന്നെ ജീവിക്കുന്നു. അനുഷ്ഠാനത്തിനു മാലിന്യം സംഭവിപ്പിക്കുമ്പോൾ അവൻ അധഃകൃതനായി ഭവിക്കുന്നു. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും അവനവന്റെ ആചാരത്തെശരിക്ക് അനുഷ്ഠിച്ചാൽ ആ നാലുവർണ്ണക്കാർക്കും തുല്യമായ ഔൽകൃഷ്ട്യമുണ്ടുതന്നെ. ശൂദ്രൻ അവനവന്റെ വർണ്ണത്തിനു വിധിക്കപ്പെട്ട സ്വീകാര്യങ്ങളായ ആചാരങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ട് അവന് ഉൽകൃഷ്ടതയില്ലെന്നോ അവൻ ബ്രാഹ്മണനിൽനിന്നും താണവനാണെന്നോ വരുന്നതല്ല. ബ്രാഹ്മണന്റെ ആചാരത്തിന് ഉൽകൃഷ്ടതയും ശൂദ്രന്റേതിന് അപകൃഷ്ടതയും ആചാര്യന്മാർ വിധിച്ചിട്ടില്ല. ശൂദ്രാചാരത്തെക്കൂടാതെ ബ്രാഹ്മണാചാരത്തിന് ലോകത്തിൽ ജീവിക്കാൻ സാധിക്കുന്നതല്ല. അതുപോലെതന്നെ മററാചാരങ്ങളുടെയും അവസ്ഥ. ഏതെങ്കിലും ഒരാചാരം ഇല്ലാതെവന്നാൽ മററു മൂന്നാചാരങ്ങളും മരിക്കുമെന്നുള്ളതു നിശ്ചയമാണ്. ഈ തത്വം ഭാരതത്തെ മാത്രമോ ഹിന്ദുമതത്തെ മാത്രമോ ബാധിക്കുന്നതല്ല. ലോകത്തെ ആകമാനവും അതിലുള്ള മതത്തെ സകലത്തിനെയും ഒന്നുപോലെ ബാധിക്കുന്നു. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാചാരങ്ങൾ ഏതുരാജ്യത്തിലും ഉണ്ട്; ഏതു മതത്തിലും ഉണ്ട്. ഏതെങ്കിലും ഒരാചാരം ക്ഷയിച്ചാൽ അപരാചാരങ്ങൾക്കു മൂന്നിനും ആക്ഷയം നേരിടുകയും അതുവഴി ലോകനടപ്പിനു മുടക്കം സംഭവിക്കുകയും ചെയ്യും. അതുകൊണ്ടാണ് ആചാരത്തെ ഓരോരുത്തരും ജീവനേക്കാൾ സ്നേഹിക്കുകയും പാലിക്കുകയും വേണമെന്ന്, മുകളിൽ ആചാര്യൻ വിധിച്ചത്.)

മറപ്പിനു മോത്തുക്കൊളലാകും പാപ്പാൻ
പിറപ്പൊഴുക്ക ക്കുൻറക്കെടും. ൪

സാ—ബ്രാഹ്മണൻ, വേദത്തെ മറന്നാൽ വീണ്ടും പഠിച്ച് ആ കുറവിനെ പരിഹരിക്കാം; കുലാചാരത്തെ വ്യഭിചരിപ്പിച്ചാൽ അധഃപതിക്കും. (ആദ്യവർണ്ണത്തെ അധികരിച്ചുള്ള ഈ ഉദ്ബോധനം ഇതരവർണ്ണങ്ങളെയും ബാധിക്കും,)

അഴുക്കാറുടൈയാൻ കണാക്കംപോൻറില്ലെ
യൊഴുക്കമിലാൻകണുയർവു. ൫

സാ—അസൂയയുള്ളവന് ഐശ്വര്യമില്ലാത്തതുപോലെ, ആചാരമില്ലാത്തവനു അഭിവൃദ്ധിയില്ല

ഒഴുക്കത്തിനൊൽകാരുരവോരിഴുക്കത്തി
നേതം പടുപാക്കറിന്തു. ൬

സാ—ദൃഢമനസ്കന്മാർ ആചാരവ്യഭിചാരത്തിന്റെ ഫലം മനസ്സിലാക്കി ആചാരത്തിൽനിന്നും തെററാതെ നിൽക്കുന്നതാണ്. (സ്വീകരിച്ച ആചാരത്തെ തിരസ്ക

രിക്കാത്ത മനസ്സോട്ടക്കൂടിയവരായതുകൊണ്ട്, ദുഢമനസ്സന്മാർ എന്നു പറഞ്ഞതാകുന്നു.)

ഒഴുക്കത്തിനെയ്തുവർമേൻമൈയിഴുക്കത്തി
നെയ്തുവരെയ്താപ്പഴി. ൧

സാ—ആചാരനിഷ്ഠയാൽ അഭിവൃദ്ധിയെപ്രാപിക്കാം; ആചാരവ്യഭിചാരത്താൽ പാപത്തെ സമ്പാദിക്കും.

നൻറിക്കു വിത്താകു നല്ലൊഴുക്ക ന്തീയൊഴുക്ക-
മെൻറു മിടുമ്പൈ തരും. ൮

സാ—സദാചാരം ധർമ്മത്തിന്റെ ബീജമാകുന്നു; ദുരാചാരം ഈ ജന്മത്തിലും മറുജന്മത്തിലും തുൻപത്തെ നൽകും. (സദാചാരം നന്മയ്ക്കും ദുരാചാരം തുൻപത്തിനും കാരണമാണെന്നു തല്പര്യം. സദാചാരം ധർമ്മത്തിനു കാരണമാണെന്നുപറഞ്ഞതിനാൽ ദുരാചാരം പാപത്തിനും കാരണമാണെന്നും ദുരാചാരഫലം രണ്ടു ജന്മത്തിലേക്കുണ്ടെന്നുപറഞ്ഞതിനാൽ സദാചാരഫലവും രണ്ടു ജന്മത്തിലേക്കുമുണ്ടെന്നും ധരിക്കണം.)

ഒഴുക്കമുടൈയവർക്കൊല്ലാവേ തീയ
വഴുക്കിയും വായാർ ചൊലൽ. ൯

സാ—മറന്നിട്ടുപോലും ദുർവാക്കു പറവാൻ സദ്വൃത്തന്മാർക്ക് സാധിക്കുന്നതല്ല (ദുർവ്വാക്കു പറയുന്നതും എല്ലാ വർണ്ണത്തിലെ ആചാരത്തിനും വിരുദ്ധമായിട്ടുള്ളതാണെന്ന് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.)

ഉലകത്തോടൊട്ടവൊഴുകൽ പലകറ്റു-
ങ്കല്ലാരറിവിലാ താർ. ൧൦

സാ—ലോകത്തിനു തൃപ്തികരമായ നടത്തയെ പഠിച്ചിട്ടില്ലാത്തവർ ഗ്രന്ഥങ്ങൾ പലതു പഠിച്ചാലും മൂഢന്മാർതന്നെയാകുന്നു. (പാമരന്മാർക്കു നല്ല നടത്തയും ചീത്ത നടത്തയും വഴിപോലെ അറിവാൻ കഴിവില്ലാത്തവരാകയാൽ, ലോകം എന്ന പദംകൊണ്ട് നിർദ്ദേശിച്ചത് സജ്ജനങ്ങളെ മാത്രമാകുന്നു. സജ്ജനങ്ങളെതൃപ്തിപ്പെടുത്തുന്ന നടത്തയാകട്ടെ, അവരെ അനുകരിച്ചുള്ള നടത്തയാകുന്നു.

---

## പതിനഞ്ചാം അധികാരം.

### പിറനിൽ വിഴൈയാമൈ.—പരദാരേച്ഛാരാഹിത്യം.

---

പിറൻപൊരുളാട് പെട്ടൊഴുകുംപേതൈമൈഞാല-
ത്തറംപൊരുൾകണ്ടാർ കണിൽ. ൧

സാ—അന്യന്റെസ്വന്തത്തിലുള്ള സ്ത്രീയേ മോഹിക്കുന്ന മൂഢത്വം, ഭൂമിയിൽ ധർമ്മശാസ്ത്രവും ധനശാസ്ത്രവും പരിശോധിച്ചിട്ടുള്ളവരിൽ കാണപ്പെടുകയില്ല. (പരദാരേച്ഛയാകുന്ന മൂഢത്വം വിദ്വാന്മാരെ ബാധിക്കയില്ലെന്നും, ഈ സ്വഭാവമുള്ളവർ അറിവുള്ളവരല്ലെന്നും ഭാവം.)

അറൻകടൈ നിൻറാരുള്ളെല്ലാം പിറൻകടൈ
നിൻറാരിൽപേതൈയാരിൽ.

സാ—അന്യന്റെ പടിക്കൽ അവന്റെ ഭാൎയ്യയെ മോഹിച്ചു കാത്തുനില്ക്കുന്നവനോടു തുല്യനായി പാപികളുടെ കൂട്ടത്തിൽ ആരുംതന്നെയില്ല. (പരദാരങ്ങളെ ഇച്ഛിക്കുന്നവൻ മഹാപാപിയാണെന്നു ഭാവം.)

വിളിന്താരിൻവേറല്ലർ മൻറ തെളിന്താരി-
റതീമൈ പുരിന്തൊഴുകുവാർ. ൩.

സാ—നിഷ്കളങ്കമായി വിശ്വസിച്ചവന്റെ ഭാൎയ്യയെ, പാപപ്രവൃത്തിക്ക് ആശിച്ചു നടക്കുന്നവർ മരിച്ചവരിൽനിന്നും അന്യന്മാരല്ല. (വിശ്വസിച്ച സ്നേഹിതന്റെ ഭാൎയ്യയെ ആഗ്രഹിക്കുന്നവൻ ജീവിച്ചിരിക്കിലും മരിച്ചവൻതന്നെയാണെന്നു താല്പൎയ്യം.)

എനൈത്തുണയ രായിനുമെന്നാന്തിനൈത്തുണൈയു-
ന്തേരാൻ പിറനിൽ പുകൽ. ൪

സാ—ലേശവും വീണ്ടുവിചാരമില്ലാതെ പരസ്ത്രീയെ പ്രാപിക്കുന്നവൻ എത്ര സൗഭാഗ്യവാനായിരുന്നാലും അതുകൊണ്ടെന്തുഫലം? (ധനംകൊണ്ടും ഇതരാംശത്തികവുകൊണ്ടും എത്രതന്നെ പ്രതാപവാനായിരുന്നാലും പരസ്ത്രീയെ പ്രാപിച്ചാൽ അവന്റെ സകല ഭാഗ്യങ്ങളും അസ്തമിക്കുമെന്നു താല്പൎയ്യം.)

എളിതെന വില്ലിറപ്പാനെയ്യുമെഞ്ഞാൻറും
വിളിയാതു നിർക്കും പഴി. ൫

സാ—എളുപ്പമുണ്ടെന്നു കരുതി (അനന്തരഫലത്തെ ഓൎക്കാതെ) പരസ്ത്രീയെ പ്രാപിക്കുന്നവൻ, അഴിവില്ലാതെ എന്നും നിലനില്ക്കുന്നതായ പാപത്തെ സമ്പാദിക്കും. (ലഘുസാദ്ധ്യമായിവന്നാലും പരസ്ത്രീയെ പ്രാപിക്കാൻപാടില്ലെന്നുതാല്പൎയ്യം. അങ്ങനെ ചെയ്യുന്നവൻ തനിക്കും തന്റെ കുടുംബത്തിനും പാപത്തെ സമ്പാദിക്കുന്നു.)

പകൈപാവമച്ചംപഴിയെന നാൻകു-
മികവാവാമില്ലിറപ്പാൻകൺ. ൬

സാ—പരസ്ത്രീയെ പ്രാപിക്കുന്നവനെ പക, പാപം, ഭീതി, കുടുംബപ്പഴി എന്നീ നാലും വിട്ടൊഴിയാതെ നില്ക്കും.

അറനിയലാനിൽവാഴ്വാനെൻപാൻപിറനിയലാൾ
പെൺമൈ നയവാതവൻ. ൭

സാ—അന്യന്റെ ഭാൎയ്യയെ ഇച്ഛിക്കാത്തവൻ ധൎമ്മനിഷ്ഠയോടുകൂടിയ ഗാൎഹസ്ഥ്യനെന്നു പറയപ്പെടുന്നു. (അപ്രകാരമുള്ളവനത്രേ ശരിയായ ഗൃഹസ്ഥാശ്രമിയെന്നു താല്പൎയ്യം )

പിറൻമനൈനോക്കാതപേരാൺമൈചാൻറോ-
ൎക്കറനൊൻറോവാൻറവൊഴുക്കു. ൮

സാ—അന്യന്റെ ഭാൎയ്യയെ നോക്കാത്ത പൌരുഷം, അറിവുള്ളവൎക്ക് ഉയൎന്ന ധൎമ്മവും തികഞ്ഞ ആചാരവുമാകുന്നു. (ബാഹ്യദോഷങ്ങളെ അടക്കാൻ ശേഷിയുള്ള പൌരുഷവാന്മാൎക്കും ആന്തരദോഷമാകുന്ന കാമത്തെ അടക്കാൻ പ്രയാസമുള്ളതിനാൽ അതിനെ അടക്കുന്ന പൌരുഷമത്രേ ഉൽകൃഷ്ടമായ ധൎമ്മം എന്നു താല്പൎയ്യം.)

നലക്കുരിയാർ യാരെനിനാമനീർവൈപ്പിൽ
പിറക്കുരിയാളോടോയാതാർ. ൯

സാ—ഭയങ്കരമായ സമുദ്രത്താൽ ചുററപ്പെട്ട ഭൂമിയിൽ എല്ലാ നന്മകളെയും പ്രാപിക്കാൻ അർഹൻ ഏതൊരുവനെന്നാൽ, അന്യന്റെ അവകാശപ്പെട്ടവളുമായി തോൾ തൊടാത്തവനത്രേ. (പരസ്ത്രീയെ പ്രാപിക്കാത്തവൻ ലോകത്തിൽ സകല ഭാഗ്യങ്ങൾക്കും അവകാശിയാണ്.)

അറൻവരൈയാനല്ല ചെയിനും പിറൻവരൈയാൾ
പെൺമൈ നയവാമൈ നൻറു. ൧൦

സാ—ധർമ്മത്തെ ആദരിക്കാതെ പാപംതന്നെ ചെയ്യുന്നവനായാലും പരസ്ത്രീയെ കാമിക്കാതിരിക്കുന്നതു നന്നാണ്. (സകല പാപങ്ങളിലുംവെച്ച് വലിയ പാപം പരസ്ത്രീഗമനമാണെന്നു ഭാവം.)

## ചതിനാറാം അധികാരം.

പൊറൈയുടൈമൈ—ക്ഷമ.

അകഴ്വാരൈത്താങ്കു നിലംപോലത്തമ്മൈ
യികഴ്വാർ പൊറുത്തറലൈ ൧

സാ—വെട്ടുന്നവരെ (വെട്ടുകൊണ്ടും) താങ്ങുന്ന ഭൂമിയെപ്പോലെ, തന്നെ നിന്ദിക്കുന്നവരെ (അവരുടെ തെററിനെ) ക്ഷമിക്കുകയെന്നതു വിശിഷ്ടമായധർമ്മമാകുന്നു. (നിന്ദിക്കുകയെന്നുവച്ചാൽ, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിന്ദിക്കുകയെന്നർത്ഥമാണ്.)

പൊറുത്ത ലിറപ്പിനൈ യെൻറുമതനൈ
മറത്തലതനിനു നൻറു. ൨

സാ—ഒരുവൻചെയ്ത ദ്രോഹത്തെ എപ്പോഴുംപൊറുക്കേണ്ടതാണ്; മറക്കുന്നതോ അതിനെക്കാൾ പരമമായ ധർമ്മമാകുന്നു. (മറക്കാതിരുന്നാൽ വീണ്ടും ദ്രോഹം നേരിട്ടപ്പോൾ അതു് ഉദ്ദീപ്തമാകാനിടയുണ്ട്; അങ്ങനെവരുമ്പോൾ പലയാവൃത്തി നേരിടുന്ന ദ്രോഹങ്ങളെ പൊറുക്കാൻ സാധിക്കയില്ലെന്നുവരും.)

ഇൻമൈയുളിൻമൈ വിരുന്തൊരാൽ വൻമൈയുൾ
വൻമൈ മടവാർപ്പൊറൈ ൩

സാ—അതിഥികളെ അനാദരിക്കുന്നതു് (സ്വീകരിക്കാതെ തള്ളുന്നതു്; ദാരിദ്ര്യംൽദാരിദ്ര്യമാണ്; അറിവില്ലാതെ ദ്രോഹിച്ചുപോകുന്ന ദുർബുദ്ധികളെ ക്ഷമിക്കുന്നതു സാമർത്ഥ്യാൽസാമർത്ഥ്യമാകുന്നു. (അതിഥികളെ തള്ളുന്നതു മഹാ ദാരിദ്ര്യമെന്നതുപോലെ അന്യൻ ചെയ്ത തെററിനെ സഹിക്കുന്നതു മഹാ സാമർത്ഥ്യമാകുന്നു. സഹിച്ചില്ലെങ്കിൽ സാമർത്ഥ്യഹീനനാണെന്നു ഭാവം.)

നിറൈയുടൈമൈ നീങ്കാമൈവേണ്ടിർ പൊറൈയുടൈമൈ
പോററിയൊഴുകപ്പടും. ൪

സാ—നിറവ് (ഐശ്വര്യം) നീങ്ങാതെ (സ്ഥായിയായി) നിൽക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, ക്ഷമയെപ്പുലർത്തേണ്ടതാവശ്യമാകുന്നു. (ക്ഷമയില്ലാത്തവന്ന് ഐശ്വര്യമില്ലെന്നു താല്പര്യം.)

ഒറുത്താരൈ യൊൻറാക വൈയാരേ വൈപ്പർ
പൊറുത്താരൈപ്പൊൻപോർ പൊതിന്തു. ൫

സാ—ക്ഷമിക്കാഞ്ഞവനെ (തന്നെ ദ്രോഹിച്ചവനിൽ പകവീട്ടിയവനെ) സജ്ജനങ്ങൾ ഒരു മനുഷ്യനായി കരുതുകയില്ല; ക്ഷമിച്ചവനെ സ്വർണ്ണംപോലെ മതിക്കുന്നതാണ്. (ക്ഷമയില്ലാത്തവൻ നാമമാത്രമനുഷ്യനാണെന്നും അറിവുള്ളവർ അവനെ ബഹുമാനിക്കുകയില്ലെന്നും താല്പര്യം.)

ഒറുത്താർക്കൊരു നാളെയിൻപം പൊറുത്താർക്-
കുപ്പൊൻറുന്തുണൈയുംപുകഴ്. ൬

സാ—ക്ഷമിക്കാഞ്ഞവന് (ദ്രോഹിച്ചവനിൽപകരം വീട്ടിയവന്) ഒരു ദിവസത്തേക്കു സന്തോഷമുണ്ടായിരിക്കാം; ക്ഷമിച്ചവന് (പകരംവീട്ടാഞ്ഞവന്) ലോകാവസാനംവരെ കീർത്തിയുണ്ടായിരിക്കും. (ഒരു ദിവസത്തേക്കെന്നുവച്ചാൽ) ശിക്ഷിച്ച ആ ഒരു ദിവസത്തേക്ക് എന്നുതാല്പര്യം; പകരം വീട്ടിയെന്നൊരു കൃത്രിമസന്തോഷം അന്നത്തേക്കുണ്ടായിരിക്കും. പകരം വീട്ടാതെ ക്ഷമിച്ചവനെ എന്നെന്നും ലോകർ കൊണ്ടാടും.)

തിറനല്ല തർപ്പിറർ ചെയ്യിനു നോനൊ-
ന്തറനല്ല ചെയ്യാമൈ നൻറു. ൭

സാ—ചെയ്യരുതാത്ത കഷ്ടംകൂടെതന്നെ ഒരന്യൻ തന്റെനേർക്കു പ്രവർത്തിച്ചാൽ, സഹതാപപൂർവ്വം ക്ഷമിച്ച് ധർമ്മമല്ലാത്തതിനെ പ്രവർത്തിക്കാതിരിക്കുന്നതു നന്ന്. (ഒരുവൻ എത്രതന്നെ കഠിനദ്രോഹം ചെയ്താലും പകരം വീട്ടരുത്; മാത്രമല്ല, ആ നിന്ദ്യപ്രവൃത്തിയുടെ ഫലമായി അവൻ രൗരവനരകത്തിൽ വീഴുമല്ലോ എന്നോർത്തു സഹതപിക്കുകയും അങ്ങനെ സംഭവിക്കാതിരിക്കാൻ ദൈവത്തെ പ്രാർത്ഥിക്കുകയും വേണം.)

മികുതിയാൻ മിക്കവൈ ചെയ്താരെ ത്താന്ത-
ന്തകുതിയാൻ വെൻറു വിടൽ. ൮

സാ—അഹങ്കാരത്താൽ തങ്ങൾക്കു ദോഷംചെയ്യുന്നവരെ, തങ്ങളുടെ ക്ഷമയാൽ ജയിക്കേണ്ടതാണ്. (പ്രതികാരം ചെയ്യുന്നവൻ ജയിക്കുകയല്ല, തോൽക്കുകയാണു ചെയ്യുന്നത്; ജയം ക്ഷമയെ ആശ്രയിച്ചിരിക്കുന്നു.)

തുറന്താരിറൂയ്മൈയുടൈയരിറന്താർവാ-
യിന്നാച്ചൊന്നോർകിർപവർ. ൯

സാ—സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവരുടെ വായിൽ നിന്നും വീഴുന്ന വെറുക്കത്തക്ക വാക്കുകളെ ക്ഷമിക്കുന്നവർ, (ഗൃഹസ്ഥാശ്രമത്തിലിരുന്നാലും) സന്ന്യാസികളെപ്പോലെ പരിശുദ്ധന്മാർതന്നെയാണ്.

ഉണ്ണാതുനോർപാർ പെരിയർ പിറർചൊല്ലു-
മിന്നാച്ചൊന്നോർപാരിർപിൻ. ൧൦

സാ—ഉണ്ണാതെ ഉപവാസം അനുഷ്ഠിക്കാൻ ക്ഷമയുള്ളവർ മഹാത്മാക്കളാണ്; അന്യന്മാരുടെ ദുർവ്വാക്കുകളെ ക്ഷമിക്കുന്നവരുടെ പിന്നിലാണ് അവർക്കു സ്ഥാനം. (പരന്മാരുടെ ദുർവ്വാക്കുകളെ ക്ഷമിക്കാൻ ശക്തിയുള്ള ഒരു ഗൃഹസ്ഥാശ്രമി വാനപ്രസ്ഥനെക്കാൾ ശ്രേഷ്ഠനാണ്. വാനപ്രസ്ഥനു ക്ഷമസ്വഭാവേന ഉണ്ടായിക്കൊള്ളും; ഗൃഹസ്ഥാശ്രമിയുടെ അനുഭവം അതല്ല; അവനു ലോകത്തോട്ടു അടുത്ത ബന്ധമുള്ളതിനാൽ അവന്റെ പരിതഃസ്ഥിതികൾ ക്ഷമയെക്കെടുത്തി എന്നുവരാം. അവയെത്തടഞ്ഞും ക്ഷമയെ വളർത്തുന്നവൻ താപസനെക്കാൾ അനുമോദനാർഹനാണെന്നുതാല്പര്യം.)

---

# പതിനേഴാം അധികാരം.

## അഴുക്കാറാമൈ —അസൂയാരാഹിത്യം.

ഒഴുക്കാറാക്കൊൾക വൊരുവൻറൻ നെഞ്ച-
ത്തഴുക്കാറിലാത വിയൽപു. ൧

സാ—ഒരുവൻ തന്റെ ഹൃദയത്തിൽ അസൂയാരാഹിത്യത്തെ ഒരു നിഷ്ഠയായി അംഗീകരിക്കേണ്ടതാണ്. (അന്യന്റെ ഐശ്വര്യത്തെക്കണ്ട് അസൂയപ്പെടാതിരിക്കുകയെന്നുള്ളത് ഒരുവന്റെ മുഖ്യധർമ്മമാണെന്നു താല്പര്യം)

വിഴുപ്പേററിന തൊല്പതില്ലെയാർ മാട്ടു-
മഴുക്കാററിനൻമൈ പെറിൻ. ൨

സാ—യാതൊരാളിലും അസൂയതോന്നാതിരിക്കയെന്ന അവസ്ഥയെ സമ്പാദിക്കുന്നുവെങ്കിൽ, അതിനെക്കാൾ ശ്രേഷ്ഠമായ ഒരു സമ്പാദ്യമില്ല. (അന്യന്റെ ഏതൊരു ഐശ്വര്യത്തെക്കണ്ട് അസൂയപ്പെടാതിരിക്കുന്നുവോ, ആ ഐശ്വര്യം, അസൂയപ്പെടാതിരിക്കുന്നവന്റെ തദസൂയാരാഹിത്യസമ്പാദ്യത്തെക്കാൾ ശ്രേഷ്ഠമല്ലെന്നു താല്പര്യം)

അറനാക്കംവേണ്ടാതാനെൻപാൻ പിറനാക്കം
പേണാതഴുക്കറുപ്പാൻ. ൩

സാ—(പരലോകത്തിലേക്കു) ധർമ്മവും (ഇഹലോകത്തിലേക്കു) ഐശ്വര്യവും ആഗ്രഹിക്കാത്തവൻ അന്യന്റെ ഐശ്വര്യത്തെക്കണ്ട്; സന്തോഷിക്കുന്നതിനുപകരം അസൂയപ്പെടും. (പരശ്രീയിൽ അസൂയജനിക്കുന്നവന് പരത്തിലും ഇഹത്തിലും അഭിവൃദ്ധിയില്ല; സന്തോഷമാണുണ്ടാകുന്നതെങ്കിൽ രണ്ടു ലോകത്തിലും അവന് ഐശ്വര്യംതന്നെ ലഭിക്കും.)

അഴുക്കാററിനല്ലവൈ ചെയ്യാരിഴുക്കാററി
നേതം പടുപാക്കറിന്തു. ൪

സാ—(അറിവുള്ളവർ) അസൂയയാൽ ധർമ്മമല്ലാത്തവയെ ചെയ്യുകയില്ല; (എന്തുകൊണ്ടെന്നാൽ അവർ) അധർമ്മാഗ്രത്താലുണ്ടാകുന്ന ദുഃഖങ്ങളെ അറിയുന്നു. (ധർമ്മമല്ലാത്തവ, പഠിപ്പു ഭാഗ്യംമുതലായവയെക്കണ്ട് അസൂയപ്പെട്ട്, തിന്മയെ വിചാരിക്കുകയും പറയുകയും പ്രവർത്തിക്കുകയുമാകുന്നു.)

അഴുക്കാറുടൈയാർക്കതു ചാലുമൊന്നാർ
വഴുക്കിയുംകേടീൻപതു. ൫

സാ—അസൂയ, ശത്രുക്കളിൽനിന്നും ഒഴിഞ്ഞുനിന്നാലും ശത്രുക്കളെ സമ്പാദിക്കാതിരുന്നാലും ദോഷത്തെ ചെയ്യുന്നു; (അതുകൊണ്ട്) അസൂയാലുക്കൾക്കു (ദുഃഖത്തെ ഉണ്ടാക്കാൻ ശത്രുക്കൾ വേണ്ട) ആ അസൂയമതി. (അസൂയ, ശത്രുക്കളെക്കാൾ ശത്രുവാണെന്നു താല്പര്യം.)

കൊടുപ്പതഴുക്കറുപ്പാൻ ചുററമുടുപ്പതു ഉ
മുൺപതു ഉ മിൻറിക്കെടും. ൬

സാ — (ഒരുവൻ മററൊരുവന്) കൊടുക്കുന്ന (ധനത്തെ) കണ്ടു അസൂയപ്പെടുന്നവൻെറ ബന്ധു ഉടുക്കാൻ മുണ്ടും ഉണ്ണാൻ ചോറുമില്ലാത്തനിലയിൽ അധോഗതിയെ പ്രാപിക്കും. (കൊടുപ്പുകണ്ടു് അസൂയപ്പെട്ടാൽ, അവൻ മാത്രമല്ല അവൻെറബന്ധുക്കളും നശിക്കുമെന്നു താല്പൎയ്യം.)

അവ്വിത്തഴുക്കാറുടൈയാനൈച്ചെയ്യവ-
ടവ്വൈയൈ ക്കാട്ടിവിടും. ൭

സാ — പരശ്രീ കണ്ടു് അസൂയപ്പെടുന്നവനിൽ ശ്രീദേവി അസൂയപ്പെട്ടു്, അവനെ തൻെറ ജ്യേഷ്ഠത്തിക്കു ചൂണ്ടിക്കാണിച്ചു കൊടുത്തിട്ടു ഒഴിഞ്ഞുപൊയ്ക്കുളയും. (അസൂയാലുവിനെ ഐശ്വൎയ്യദേവത വെറുക്കും; തദ്ദേവതയുടെ പ്രേരണയെന്നോണം ദാരിദ്ര്യദേവത അടുക്കും.)

അഴുക്കാറെനവൊരുപാവി തിരുച്ചെററു-
ത്തീയുഴിയുയ്ത്തുവിടും. ൮

സാ — അസൂയയെന്നു പറയപ്പെടുന്ന പാപി (നി) (താൻ ഏതൊരുവനാൽ ആദരിക്കപ്പെടുന്നുവോ അവനെ ഈജന്മത്തിൽ) ദരിദ്രനാക്കി (അടുത്തജന്മത്തിൽ) നരകത്തിൽ തള്ളുകയും ചെയ്യും. (ഈ ജന്മത്തിലും ജന്മാന്തരത്തിലും തിന്മയെ ചെയ്യാൻ ശക്തിയുള്ളതിനാൽ അസൂയയ്ക്കു പാപിത്വം കല്പിച്ചിരിക്കുന്നു.)

അവ്വിയനെഞ്ചത്താനാക്കമുഞ്ചെവ്വിയാൻ
കേടുനിനൈക്കപ്പെടും. ൯

സാ — അസൂയയുള്ള മനസ്സോടുകൂടിയവൻെറ ഐശ്വൎയ്യവും, അസൂയയില്ലാത്ത മനസ്സോടുകൂടിയവൻെറ ദാരിദ്ര്യവും ചിന്തനീയങ്ങളാകുന്നു. (അസൂയാലുവിന്നു ഐശ്വൎയ്യവും അസൂയാലുവല്ലാത്തവന്നു ദാരിദ്ര്യവും സംഭവിക്കുന്നതല്ല; ഒരുപക്ഷേ, സംഭവിക്കുന്നവയായാൽ അവ ചിന്തനീയങ്ങളാണു്; ആ അനുഭവങ്ങൾക്കു കാരണങ്ങളായ പൂൎവ്വപുണ്യപാപങ്ങളെക്കുറിച്ചു മഹാന്മാർ ചിന്തിക്കുമത്രേ.)

അഴുക്കററകൻറാരുമില്ലൈയതില്ലാർ
പെരുക്കത്തിററീർന്താരുമിൽ. ൰

സാ — അസൂയപ്പെട്ടു വർദ്ധിച്ചവരുമില്ല, അസൂയപ്പെടാത്തവരിൽ വർദ്ധിക്കാത്തവരുമില്ല. (അസൂയാലുക്കളിൽ ഐശ്വൎയ്യവാന്മാരും അസൂയാലുക്കളല്ലാത്തവരിൽ ദരിദ്രന്മാരുമായി ഭവിച്ചവരില്ല.)

---

## പതിനെട്ടാം അധികാരം.

### വെകാമൈ — അശാസ്ത്രമഹിത്വം.

---

നടുവിൻറിനൻപൊരുൾ വെകിൎകുടിപൊൻറി-
ക്കുററമുമാങ്കേ തരും. ൧

സാ — (പരധനത്തെ അംഗീകരിക്കുന്നതു ധൎമ്മമല്ലെന്നുള്ള മനഃസ്ഥിതിയോടുകൂടിയ) മദ്ധ്യനിലയെ വെടിഞ്ഞു് (അന്യരുടെ) നല്ലവസ്തുക്കളെ (അപഹരിക്കാൻ) ആശി

ച്ചാൽ, (ആ ആശ) ആ മാത്രയിൽ കലത്തെ നശിപ്പിച്ചു കററങ്ങളെ നൽകും. (പരധനത്തെ ഇച്ഛിച്ചാൽ കലം നശിച്ചു കുപ്രസിദ്ധി ഉണ്ടാകുമെന്നു താല്പൎയ്യം )

പടുപയൻവെകിപ്പഴിപ്പടുവചെയ്യാർ
നടുവൻമൈ നാണുപവർ. ൨

സാ—മാദ്ധ്യസ്ഥമല്ലാത്ത നിലയെ ഭയപ്പെടുന്നവർ (ആ നിലകൊണ്ടു്) ലഭിക്കുന്ന ഫലത്തെ ആശിച്ചു്, പാപഹേതുകങ്ങളായ പ്രവൃത്തികളെ ചെയ്യുകയില്ല. (പാപത്തെ ഭയപ്പെടുന്നവർ പരധനത്തെ ഇച്ഛിച്ചു ദുഷ്പ്രവൃത്തികൾക്കു ധൈൎയ്യപ്പെടുകയില്ലെന്നു താല്പൎയ്യം )

ചിററിൻപംവെകിയറനല്ലചെയ്യാരേ
മററിൻപം വേണ്ടുപവർ. ൩

സാ—നിത്യാനന്ദത്തെ മോഹിക്കുന്നവർ, അനിത്യസുഖങ്ങളെ ഇച്ഛിച്ചു്, ധൎമ്മമല്ലാത്ത പ്രവൃത്തികളെ ചെയ്യുകയില്ല.

ഇലമെൻറുവെകുതൽ ചെയ്യാർപുലംവെൻറ
പുൻമൈയിൽ കാട്ചിയവർ. ൪

സാ—പഞ്ചേന്ദ്രിയങ്ങളെ അടക്കി നിൎമ്മലമായ അറിവിനെ സമ്പാദിച്ചവർ, ദാരിദ്ര്യത്തെ ഓൎത്തു (പരധനത്തെ) മോഹിക്കുകയില്ല. (ജിതേന്ദ്രിയനായി നിൎമ്മലമായ അറിവോടുകൂടിയവൻ എത്രതന്നെ ദരിദ്രനായാലും പരധനത്തെ മോഹിക്കുകയില്ലെന്നു താല്പൎയ്യം.)

അകിയകൻറവറിവെന്നാംയാർമാട്ടും
വെകിവെറിയ ചെയിൻ. ൫

സാ—(ധനത്തെ) മോഹിച്ചു് എല്ലാവരോടും അറിവിനു യോജിക്കാത്ത കൎമ്മങ്ങളെച്ചെയ്യുകയാണെങ്കിൽ വിശദതാമുഖമായ അറിവുകൊണ്ടു് എന്തുഫലമാണു്? (സകലശാസ്ത്രങ്ങളും പറിച്ചറിഞ്ഞവിദ്വാൻ പരധനത്തെ മോഹിച്ചു് അവൻെറ അറിവിനു യോജിക്കാത്ത ദുഷ്കൎമ്മങ്ങളെ ചെയ്താൽ അവൻെറ അറിവുകൊണ്ടു് ഒരു ഫലവുമില്ലെന്നുതാല്പൎയ്യം.)

അരുൾവെകിയാററിൻകണ്ണിൻറാൻപൊരുൾവെകി-
പ്പൊല്ലാതചൂഴക്കെടും. ൬

സാ—കൃപയെ ഇച്ഛിച്ചു അതിലേക്കുള്ള മാൎഗ്ഗമാകുന്ന ഗൃഹസ്ഥാശ്രമത്തിൽ നില്ക്കുന്നവൻ, ധനത്തെ മോഹിച്ചു ദുർവൃത്തികളെ ചിന്തിച്ചാൽ നശിക്കുന്നു. (കൃപ, ഇവിടെ സന്യാസമാകുന്നു; ഗൃഹസ്ഥാശ്രമത്തിൽ പഴകിയതിനുശേഷമേ സന്യാസാശ്രമത്തെ സ്വീകരിക്കാൻപാടുള്ളു എന്നു വിധിയുള്ളതിനാൽ, ഗൃഹസ്ഥാശ്രമം അതിലേക്കുള്ള മാൎഗ്ഗമാണെന്നു പറഞ്ഞതാണു്. സന്യാസാശ്രമത്തെ ഇച്ഛിക്കുന്നവനു ധനതൃഷ്ണ പാടില്ലാത്തതാകുന്നു. സന്യാസച്ഛ്രുധനത്തെഇച്ഛിക്കുന്നതുരണ്ടുആശ്രമങ്ങളെയുംസംഘടിപ്പിക്കുകയത്രേ. അധൎമ്മമായ ആ ചെയ്യനകൾ ഉദ്യമിക്കുന്നവൻ നശിക്കുമെന്നുതാല്പൎയ്യം. ഉദ്യമിച്ചാൽ നശിക്കുമെങ്കിൽ, പ്രവൎത്തിച്ചാലത്തെ അവസ്ഥ പറയേണ്ടതില്ലല്ലോ )

വേണ്ടർക വെകിയാമാക്കം വിളൈവയിൻ
മാണ്ടർ കരിതാം പയൻ. ൭

സാ—പരധനത്തെ മോഹിച്ചു് തജ്ജന്യമായ (അതിനെ അപഹരിച്ചാലുണ്ടാകാവുന്ന) അഭിവൃദ്ധിയെ ആശിക്കാതിരിക്കേണ്ടതാണു്; (എന്തുകൊണ്ടെന്നാൽ) അതിനെ അനുഭവിക്കുമ്പോൾ അതിൻെറ (ആ അഭിവൃദ്ധിയുടെ) ഫലം ഉണ്ടായിരിക്കയില്ല

(പരധനത്തെ അനുഭവിക്കുന്നതുകൊണ്ടു ഫലമില്ലാത്തതിനാൽ, അതിനെ ആശിക്കരുതെന്നു താല്പര്യം)

അകാമൈ ചെൽവത്തിർകിയാതെനിൻ; കാമൈ
വേണ്ടുംപിറൻകൈപ്പൊരുൾ. ൮

സാ—(ക്ഷയമില്ലാത്ത സ്വഭാവമായ) ഐശ്വര്യം ക്ഷയിക്കാതിരിക്കാൻ കാരണമെന്തെന്നാൽ, അന്യന്റെ വേണ്ടതും അവകാശപ്പെട്ടതുമായ ധനത്തെ മോഹിക്കായ്കയാണ് (പരധനത്തെ ഇച്ഛിക്കായ്ക ഐശ്വര്യാഭിവൃദ്ധിക്കു കാരണമാകുന്നു എന്നു താല്പര്യം)

അറനറിന്തുവെകാ വറിവുടൈയാർച്ചേരു-
ന്തിറനറിന്താങ്കേതിരു. ൯

സാ—ധർമ്മബോധത്താൽ, പരധനത്തെ ഇച്ഛിക്കാത്ത വിജ്ഞന്മാരെ ലക്ഷ്മി, അവരുടെ യോഗ്യതയെ അറിഞ്ഞ് അടുക്കുന്നതാണ്. (പരധനത്തെ മോഹിക്കുന്നതു അധർമ്മമാണെന്ന് അറിവുള്ളവരുടെ ധർമ്മബോധത്തെ ഐശ്വര്യദേവത അറിഞ്ഞ് അവരെ പ്രാപിക്കുമെന്നു താല്പര്യം.)

ഇറലീനുമെണ്ണാതുവെകിൻവിറലീനും
വേണ്ടാമൈയെന്നുഞ്ചെരുക്കു. ൧൦

സാ—ആലോചനയില്ലാതെ പരധനത്തെ ഇച്ഛിക്കുന്നു വെങ്കിൽ (ആ ഇച്ഛ) നാശത്തെ നൽകും; ഇച്ഛിക്കായ്കയാകുന്ന ഐശ്വര്യം വിജയത്തെ നൽകും (പരധനത്തെ ഇച്ഛിച്ചാൽ നശിക്കും, ഇച്ഛിക്കാഞ്ഞാൽ ജയിക്കും എന്നു താല്പര്യം.)

---

## പത്തൊമ്പതാം അധികാരം.

### പുറങ്കൂറാമൈ—പരോക്ഷദൂഷണം ചെയ്യായ്ക.

---

അറങ്കൂറാനല്ല ചെയ്യിനുമൊരുവൻ
പുറങ്കൂറാനെൻറലിനിതു. ൧

സാ—ഒരുവൻ, ധർമ്മത്തെ ചെയ്യാതെ പാപങ്ങളെച്ചെയ്യുന്നതായാലും, പരോക്ഷദൂഷണം ചെയ്യാത്തവൻ എന്നു പറയപ്പെട്ടാൽ അതു ശ്ലാഘ്യമാകുന്നു. (പാപകൃത്യങ്ങളെച്ചെയ്യുന്നവനായാലും കാണാതെ അന്യന്മാരെ ദൂഷിക്കാതിരിക്കുന്നവൻ ശ്ലാഘനീയനാണെന്നു താല്പര്യം.)

അറനഴീഇ യല്ലവൈ ചെയ്തലിറ്റീതേ
പുറനഴീഇപ്പൊയ്ത്തു നകൈ. ൨

സാ—ഒരുവനെപ്പറ്റി കാണാതെ അന്യന്മാരോടു ദൂഷിച്ചു പറകയും കണ്ടെന്നിടത്തുവച്ചു നേരിൽ സ്തുതിക്കുകയും ചെയ്യുന്നത്, ധർമ്മമെന്നൊന്ന് ഇല്ലെന്നുപറഞ്ഞു പാപപ്രവൃത്തികളെച്ചെയ്യുന്നതിനെക്കാൾ പാപമാകുന്നു. (കാണുമ്പോൾ സ്തുതിക്കയും കാണാത്തപ്പോൾ ദൂഷിക്കയും ചെയ്യുന്നതു പാപപ്രവൃത്തിയെക്കാൾ കഠിനമാണെന്നു താല്പര്യം.)

പുറങ്കൂറിപ്പൊയ്ത്തുയിർവാഴ്തലിർചാത-
ലറങ്കൂറുമാക്കന്തരും. ൩

സാ—കാണാതെ ദൂഷിച്ചും കണ്ടുസ്തുതിച്ചും ജീവിക്കുന്നതിനെക്കാൾ, മരിക്കുന്നതു കൊണ്ടു് ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ള ഫലം ലഭിക്കും. (അപ്രകാരമുള്ള മരണം, കാണാതെ ദൂഷിക്കയും കാണുമ്പോൾ സ്തുതിക്കയുമാകുന്ന അധർമ്മത്തെച്ചെയ്യാൻ ഇടയാകുന്നില്ലാത്തതിനാൽ, അങ്ങനെ ചെയ്യാതിരിക്കുന്ന ധർമ്മത്തിൻെറ ഫലത്തെ അർഹിക്കുന്നു എന്നു താല്പര്യം)

കണ്ണിൻറുകണ്ണറച്ചൊല്ലിനുഞ്ചൊല്ലർക-
മുന്നിൻറുപിന്നോക്കാച്ചൊൽ. ൪

സാ—നേരിൽനിന്നു നിർദ്ദയമായി ദൂഷിച്ചുപറഞ്ഞാലും നേരിലില്ലാത്തപ്പോൾ, അനന്തരഫലത്തെചിന്തിക്കാതെ അധിക്ഷേപിക്കയെന്നതു പാടില്ലാത്തതാകുന്നു.

അറഞ്ചൊല്ലുനെഞ്ചത്താനൻമൈപുറഞ്ചൊല്ലും
പുൻമെയാർകാണപ്പട്ടും. ൫

സാ—ധർമ്മത്തെ സ്തുതിച്ചു പ്രസംഗിക്കുന്നവൻ, അവൻ അതിനു യോഗ്യനല്ലെന്നു് കാണാതെ ദൂഷിക്കുന്ന അവൻെറ മനഃസ്ഥിതികണ്ടു മനസ്സിലാക്കാം. (അവൻെറ മനസ്സിൽ ധർമ്മമുണ്ടെങ്കിൽ അവൻ പരോക്ഷദൂഷണം ചെയ്കയില്ലെന്നു താല്പര്യം. മനസ്സിൽ ധർമ്മമില്ലാത്തവൻെറ ധർമ്മപ്രസംഗം സ്വീകാര്യമല്ല)

പിറൻപഴികൂറുവാൻറൻപഴിയുള്ളു-
ന്തിറൻറെരിന്തുകൂറപ്പട്ടും. ൬

സാ—അന്യൻെറ തെററിനെ പറയുന്നവൻെറ തെററുകളിൽ കഠിനമായിട്ടുള്ളവയെ അന്യൻ തിരഞ്ഞെടുത്തു പറയുന്നു. (അന്യൻെറ തെററിനെ കാണാതെ പറയുന്നതായാൽ, അവൻെറ വലിയ തെററുകളെ അന്യൻ കണ്ടുപിടിച്ചു പറയുമെന്നുതാല്പര്യം.)

പകച്ചൊല്ലിക്കേളിർപ്പിരിപ്പർ നകച്ചൊല്ലി
നട്പാടറേററാതവർ. ൭

സാ—സന്തോഷിക്കുന്തക്കവണ്ണം സംസാരിച്ചു് സ്നേഹിക്കാൻ അറിഞ്ഞുകൂടാത്തവർ, പരോക്ഷദൂഷണംചെയ്തു് മിത്രങ്ങളെ ശത്രുക്കളാക്കും. (നല്ല വാക്കുകൊണ്ടു സ്നേഹിക്കാൻ അറിഞ്ഞുകൂടാത്തവർ, പരോക്ഷദൂഷണത്താൽ സകലരെയും ശത്രുക്കളാക്കിച്ചെയ്യും.)

തുന്നിയാർ കുററമുന്തുററുമരപിനാ-
രെന്നൈ കൊലേതിലാർ മാട്ടും. ൮

സാ—ബന്ധുക്കളുടെ തെററിനെപ്പരത്തുന്ന സ്വഭാവത്തോടുകൂടിയവൻ അയൽക്കാരോടു് എന്തുതന്നെ പ്രവർത്തിക്കയില്ല! (ബന്ധുക്കളുടെ തെററിനെപ്പരത്തുന്നവൻ അയല്ക്കാരുടെ തെററിനെപ്പരത്താതിരിക്കയില്ല. അന്യൻെറ കുററവും കുറവും പറയുന്നതു് വലിയ അധർമ്മമാണു്; ആ അധർമ്മത്തെ ബന്ധുക്കളോടു പ്രവർത്തിക്കുന്നവൻ, അയൽക്കാരോടു് എന്താണു പ്രവർത്തിക്കാൻ മടിക്കുന്നതു് എന്നു് അത്ഭുതപ്പെടുന്നു.)

അറനോക്കിയാററുങ്കൊൽ വൈയംപുറനോക്കി-
പ്പുൻചൊലുരൈപ്പാൻ പൊറൈ. ൯

സാ—മുമ്പിൽനിന്നും മറഞ്ഞ തക്കംനോക്കി ദൂഷണംചെയ്യുന്നവൻെറ ഭാരത്തെ ധർമ്മചിന്തയോടുകൂടി മാത്രം ഭൂമി താങ്ങുന്നുപോൽ! (സകലഭാരത്തെയും ചുമക്കുന്നസ്വഭാവമാണു ഭൂമിക്കുള്ളതെങ്കിലും, പരദൂഷണം ചെയ്യുന്നവനെത്താങ്ങാൻ പാടില്ലാത്തതാണു്. പിന്നെ എന്തുകൊണ്ടു താങ്ങുന്നു എന്നാണെങ്കിൽ വലുതായ തൻെറ ക്ഷമാധർമ്മത്തെ കാത്തു മാത്രമാണു്.)

എതിലാർകുററംപോററങ്കുററങ്കാൺകിർപിർ
റീതുണ്ടോ മന്നുമുയിക്കു. ൧൦

സാ—അന്യന്മാരുടെ കുററത്തെപ്പോലെ (പരദൂഷണമാകുന്ന) തന്റെ കുററത്തെക്കാണുന്നുവെങ്കിൽ, മനുഷ്യന്റെ ദീർഘമായ ജീവന് എന്തൊരു ദുൻപമാണുണ്ടാകാനുള്ളതു്? (പരദൂഷണം ജന്മാന്തരങ്ങളിലും ജീവനു ദുൻപത്തെച്ചെയ്യും; അതുകണ്ടു മഹാപരാധത്തിനു തുനിയുന്നവൻ, തന്റെ ആ തെററിനെ മനസ്സിലാക്കിയാൽ, ജീവൻ ആ ദുൻപം അനുഭവിക്കയില്ലായിരുന്നു എന്നു താല്പര്യം.)

## ഇരുപതാം അധികാരം.

### പയനിലചൊല്ലാമൈ—വ്യർത്ഥഭാഷണംചെയ്യായ്ക.

പല്ലാർ മുനിയപ്പയനില ചൊല്ലുവാ-
നെല്ലാരുമെള്ളപ്പടും. ൧

സാ—പലരും വെറുക്കത്തക്ക ഫലമില്ലാത്ത വാക്കുകളെ പറയുന്നവൻ എല്ലാവരാലും അപഹസിക്കപ്പെടും. (അറിവുള്ളവർ അപഹസിക്കുമ്പോൾ അറിവില്ലാത്തവരും അപഹസിക്കാനിടയുള്ളതിനാൽ എല്ലാവരാലും അപഹസിക്കപ്പെടുമെന്നു ഉദ്ബോധനം ചെയ്തതാണ്.)

പയനില പല്ലാർമുർചൊല്ല നയനില
നട്ടാർകട് ചെയ്തലിററീതു. ൨

സാ—പലരുടെയും മുമ്പിൽ ഫലമില്ലാത്ത വാക്കുകളെ ഉച്ചരിക്കുന്നതു്, സ്നേഹിതന്മാർക്കു പിടിക്കാത്ത ദുഷ്കർമ്മങ്ങളെ ചെയ്യുന്നതിനെക്കാൾ കുററമാകുന്നു. (വ്യഥാഭാഷണം സുഹൃദ്ദ്രോഹത്തെക്കാൾ കുററമാണെന്നു താല്പര്യം.)

നയനിലനെൻപതു ചൊല്ലും പയനില
പാരിത്തുരൈക്കു മുരൈ. ൩

സാ—ഫലമില്ലാത്ത വാക്കുകളെ പരത്തിപ്പറയുന്ന പറച്ചിൽ, അവന്റെ (അപ്രകാരം പറയുന്നവന്റെ) നീതിയില്ലായ്മയെ വെളിപ്പെടുത്തും. (നിഷ്ഫലോക്തി നീതിയില്ലായ്മയ്ക്കു ലക്ഷ്യമാണെന്നു താല്പര്യം.)

നയൻചാരാ നൻമൈയിനീക്കും പയൻചാരാ-
പ്പൺപിൽചൊർ പല്ലാരകത്തു. ൪

സാ—ഫലത്തോടുകൂടാത്ത ഗുണമില്ലാത്ത വാക്കുകളെ പലരോടും ഒരുവൻ പറയുന്നുവെങ്കിൽ ആ പറച്ചിൽ നീതിയിൽനിന്നും നീക്കി സദ്ഗുണങ്ങളിൽനിന്നകററും. (നിഷ്ഫലോക്തി നീതിയും സദ്ഗുണവുമില്ലാത്തവനാക്കിത്തീർക്കും.)

ചീർമൈചിറപ്പൊടു നീങ്കും പയനില
നീർമൈ യുടൈയാർ ചൊലിൻ. ൫

സാ—ഫലമില്ലാത്ത വാക്കുകളെ ഗുണികൾ പറയുന്നുവെങ്കിൽ, അവരുടെ അഭിവൃദ്ധി അവരുടെ നല്ലപേരോടുകൂടി നശിക്കും. (ഗുണികളുടെ നിഷ്ഫലോക്തി അവരുടെ അഭിവൃദ്ധിയെയും നല്ലപേരിനെയും ക്ഷയിപ്പിക്കും ;

പയനിൽചൊർപാരാട്ടുവാനൈമകനെനൽ
മക്കട്പതടിയെനൽ. ൬

സാ—ഫലമില്ലാത്ത വാക്ക പറയുന്നവനെ മനുഷ്യനെന്നു പറയരുത്; മനുഷ്യരിൽ പതിരാണെന്നു പറയണം. (പതിരിന് അരിയുടെഷനാം അകത്തില്ലാത്തതുപോലെ ഫലമില്ലാത്ത വാക്ക പറയുന്നവന് അറിയുകന്ന ഷനംഉള്ളിലില്ലാത്തതുകൊണ്ടു്, അവനെ മനുഷ്യപ്പതിരെന്നു പറയണമെന്നു താല്പര്യം.)

നയനില ചൊല്ലിനുഞ്ചൊല്ലുക ചാൻേറാർ
പയനില ചൊല്ലാമൈ നൻറു. ൭

സാ—അറിവുള്ളവർ നീതിയില്ലാത്ത വാക്കപറഞ്ഞാലും വേണ്ടില്ല, വ്യർത്ഥഭാഷണം ചെയ്യായ്കയെ സമ്പാദിക്കണം. (അറിവുള്ളവർ നീതിയില്ലാതെ സംസാരിച്ചാലും ഫലമില്ലാതെ സംസാരിക്കരുതെന്നു താല്പര്യം.)

അരുമ്പയനായുമറിവിനാർചൊല്ലാർ
പെരുമ്പയനില്ലാതചൊൽ. ൮

സാ—അപൂർവ്വഫലങ്ങളെ ആരായുന്ന വിജ്ഞന്മാർ ശ്രേഷ്ഠഫലമില്ലാത്ത വാക്ക പറയുന്നതല്ല. (അഭിജ്ഞന്മാർ അറിവിനെ നൽകുന്നതും മേൽഗതിയെ സഹായിക്കുന്നതുമായ അവശ്യവാക്കുകളെ മാത്രമേ പറയുകയുള്ളു; ഫലമില്ലാത്ത വാക്കുകളെ—അല്പഫലത്തോടുകൂടിയതായാലും—പറയുകയില്ല.)

പൊരുടീർന്ത പൊച്ചാന്തുഞ്ചൊല്ലാർ മരുടീർന്ത
മാചറുകാട്ചിയവർ. ൯

സാ—പരിശുദ്ധമായ തികഞ്ഞ അറിവോടുകൂടിയവർ ഫലമൊഴിഞ്ഞ വാക്കുകൾ മറന്നിട്ടുപോലും പറയുന്നതല്ല. (യഥാർത്ഥമായ അറിവുതികഞ്ഞവരുടെ നാക്കിൽനിന്നും വ്യർത്ഥവാക്ക പുറപ്പെടുകയില്ല.)

ചൊല്ലുകചൊല്ലിർപയനുടൈയ ചൊല്ലർക
ചൊല്ലിർ പയനിലാച്ചൊൽ. ൰

സാ—വാക്കുകളിൽ പ്രയോജനമുള്ള വാക്കുകളെ (തിരഞ്ഞെടുത്തു) പറയണം. വാക്കുകളിൽ പ്രയോജനമില്ലാത്ത വാക്കുകൾ പറയരുത്. (പ്രയോജനമുള്ള വാക്കുകളല്ലാതെ പറയരുതെന്നു താല്പര്യം.)

---

## ഇരുപത്തൊന്നാം അധികാരം.

### തീവിനൈയച്ചം—പാപഭീതി.

---

തീവിനൈയാരഞ്ചാർ വിഴുമിയാരഞ്ചുവർ
തീവിനൈ യെന്നുഞ്ചെരുക്കു. ൧

സാ—ദുഷ്കൃതമാകുന്ന മയക്കത്തോടുകൂടിയവർ പാപത്തെ ഭയപ്പെടുകയില്ല; അല്ലാത്തവർ ഭയപ്പെടും. (പാപികൾ പാപകർമ്മങ്ങളെ ചെയ്യുവാൻ ഭയപ്പെടുകയില്ല; സുകൃതികൾ ഭയപ്പെടും. പാപികൾക്ക് അതിൽ പഴക്കമുള്ളതിനാൽ പേടിയില്ലെന്നും സുകൃതികൾക്ക് പഴക്കമില്ലാത്തതിനാൽ പേടിയുണ്ടെന്നും ഭാവം.)

തീയവൈതീയപയത്തലാററീയവൈ
തിയിനുമഞ്ചപ്പടും. ൨

സാ—ദുഷ്കർമ്മങ്ങൾ തുൻപത്തെ നൽകുന്നതിനാൽ, ആ ദുഷ്കർമ്മങ്ങളെ തീയെക്കാൾ ഭയപ്പെടും. (പാപം തുൻപത്തിനു കാരണമാകയാൽ അപ്പാപത്തെ അഗ്നിയെക്കാൾ ഭയപ്പെടും. അഗ്നി, അപ്പോൾ മാത്രമേ വേദനിപ്പിക്കുന്നുള്ളു; പാപാഗ്നിയാകട്ടെ, അനന്തരകാലത്തിലും സ്ഥലത്തിലും ദേഹത്തിലും—മറുജന്മത്തിലും ആജന്മം സംഭവിക്കുന്ന സ്ഥലത്തിലും അപ്രകാരമുള്ള ദേഹത്തിലും-വേദനിപ്പിക്കുന്നു.)

അറിവിനുളെല്ലാന്തലൈയെൻപതീയ
ചെറുവാർക്കുഞ്ചെയ്യാവിടൽ. ൩

സാ—തനിക്കു പീഡയെച്ചെയ്യുന്നവരിലും പാപംചെയ്യാതിരിക്കൽ, സകല അറിവുകളിലുംവെച്ചു ശ്രേഷ്ഠമായ അറിവാകുന്നു എന്ന് അറിവുള്ളവർ പറയും. (തന്നെ ദ്രോഹിക്കുന്നവർക്കും പാപംചെയ്യാതിരിക്കുക മഹത്തായ അറിവാകുന്നു.)

മറന്തുംപിറൻകേടുചൂഴർകചൂഴി-
നറംചൂഴുംചൂഴ്ന്തവൻകേടു. ൪

സാ—മറന്നിട്ടുപോലും അന്യന്നു ദോഷത്തെക്കരുതരുത്; കരുതുന്നുവെങ്കിൽ, അപ്രകാരം കരുതിയവന്ന് ധർമ്മദേവൻ ദോഷത്തെക്കരുതും. (കരുതിയാൽ പിന്നെ പിൻവാങ്ങുന്ന സ്വഭാവം ധർമ്മദേവന്ന് ഇല്ലാത്തതിനാൽ, അന്യന്നു ദോഷത്തെ കരുതിയതിനുശേഷം പ്രവൃത്തിക്കാതിരുന്നാലും ധർമ്മദേവൻ ശിക്ഷിക്കാതിരിക്കയില്ല.)

ഇലനെൻറുതീയവൈചെയ്യർകചെയ്യി-
നിലനാകുമററും പെയർത്തു. ൫

സാ—ദാരിദ്ര്യംകൊണ്ടും ഒരുവന്നു പാപത്തെ ചെയ്യാതിരിക്കേണ്ടതാണ്; ചെയ്താൽ പിന്നെയും ദാരിദ്ര്യംതന്നെ ബാധിക്കും. (ദാരിദ്ര്യനിവൃത്തിക്കായി പാപം ചെയ്യുന്തോറും ദാരിദ്ര്യം വർദ്ധിച്ചുകൊണ്ടേയിരിക്കുമെന്നു താല്പര്യം.)

തീപ്പാലതാൻ പിറർകട് ചെയ്യർക നോയ്പ്പാല
തന്നൈയടൽ വേണ്ടാതാൻ. ൬

സാ—പാപത്താൽ പീഡിക്കപ്പെടേണ്ടാത്തവൻ, പാപകർമ്മങ്ങൾ അന്യരോടു ചെയ്യാതിരിക്കണം (ചെയ്താൽ അപ്പാപം തിരിഞ്ഞ് അവനെപ്പിടികൂടുമെന്നു താല്പര്യം.)

എനൈപ്പകൈ യുററാരുമുയ്‌വർ വിനൈപ്പകൈ
വീയാതു പിൻ ചെൻറടും. ൭

സാ—എത്രവലിയ ശത്രുക്കളിൽ നിന്നും ഒഴിയാം; പാപശത്രുവിൽനിന്നും ഒഴിയാൻ സാധിക്കയില്ല; ആ ശത്രു പിറകേ ചെന്നു കൊല്ലും. (പാപം അഭേദ്യനായ ശത്രുവാണെന്നു താല്പര്യം.)

തീയവൈചെയ്താർ കെടുതനിഴറന്നൈ
വീയാ തടിയുറൈന്തററു. ൮

ഒരുവൻ എത്രതിരിഞ്ഞുപോയാലും അവന്റെ നിഴൽ പിന്തുടർന്നു ചെന്ന് അവന്റെ കാൽച്ചുവട്ടിൽത്തന്നെ തങ്ങുന്നതുപോലെ, അന്യർക്കു ചെയ്യുന്ന പാപം അവനെ (തൽകർത്താവിനെ) തുടർന്നുചെന്നു പിടികൂടുന്നതാണ്. (നിഴലെന്നവണ്ണം, പാപംചെയ്തവനെ അപ്പാപം അനുഗമിച്ചു ബാധിക്കുമെന്നു താല്പര്യം.)

തന്നൈത്താൻ കാതലനായി നെന്നൈത്തൊൻറു
ന്തുന്നർക തീവിനൈപ്പാൽ. ൯

സാ:—തന്നെത്താൻ സ്നേഹിക്കുന്നവനായിരുന്നാൽ പാപകർമ്മങ്ങളിലുൾപ്പെട്ട യാതൊരു ചെറിയകൃത്യത്തെയും ചെയ്വാൻ തുനിയാൻ കടപ്പെട്ടിരിക്കുന്നു. (തന്നെത്താൻ സ്നേഹിക്കുന്നവൻ പാപകൃത്യങ്ങളെ നിശ്ശേഷം ത്യജിക്കേണ്ടതാണ്; അന്യനോടു ചെയ്യുന്നപാപം തന്നെത്തന്നെ ബാധിക്കുന്നതിനാൽ തന്നേ സ്നേഹിക്കുന്നവൻ, പാപകർമ്മം യാതൊന്നും ചെയ്യരുതെന്നു താല്പര്യം.)

അരുങ്കേടനെൻപതറിക മരുങ്കോടി
ത്തീവിനൈ ചെയ്യാനെനിൻ. ൧൦

സാ:—സന്മാർഗ്ഗത്തെ വിട്ടു ദുർമ്മാർഗ്ഗത്തിൽ ചരിച്ച്, ഒരുവൻ അന്യനു പാപത്തെ ചെയ്യാതിരുന്നാൽ അവൻ നിർമ്മലനാണെന്നറിയണം. (പാപം ചെയ്വാൻ ധൈര്യപ്പെടാത്തവൻ നിഷ്കളങ്കനാണ്; അവനു യാതൊരുകേടും നേരിടുന്നതല്ല; അവന് എപ്പോഴും ഐശ്വര്യമുണ്ടായിരിക്കും.)

---

## ഇരുപത്തിരണ്ടാം അധികാരം.

### ഒപ്പുരവറിതൽ—ഉപകാരബോധം.

---

കൈമ്മാറുവേണ്ടാ കടപ്പാടുമാരിമാ-
ട്ടെന്നാററുങ്കൊല്ലോവുലകു. ൧

സാ:—ജീവരാശികൾ മേഘങ്ങൾക്ക് എന്തുപ്രത്യുപകാരമാണ് ചെയ്യുന്നതു? ഉപകാരങ്ങൾക്കു പ്രത്യുപകാരങ്ങൾ ആവശ്യമില്ല. (ജീവകോടികൾക്കു മേഘങ്ങൾ ജലത്തെ നൽകുന്നതു പ്രത്യുപകാരത്തെ വാഞ്ഛിച്ചല്ല; അതുപോലെ സജ്ജനങ്ങൾ ഉപകാരം ചെയ്യുന്നതും പ്രത്യുപകാരത്തെ ഇച്ഛിച്ചല്ലെന്നു താല്പര്യം.)

താളാററിത്തന്ത പൊരുളെല്ലാന്തക്കാർക്കു
വേളാണ്മെ ചെയ്തർപൊരുട്ടു. ൨

സാ:—അർഹന്മാർക്കു ഉപകാരം ചെയ്യുന്നതിനായിട്ടാണ്, യത്നിച്ചു സമ്പാദിക്കുന്ന ധനത്തിന്റെ ആവശ്യം. (യത്നിച്ചുണ്ടാക്കുന്ന പണം പാത്രമറിഞ്ഞു ദാനംചെയ്വാനായിട്ടല്ലാതെ നിരുപയോഗമായി കെട്ടിവയ്ക്കുന്നതിനും തന്നെത്താൻ അനുഭവിക്കുന്നതിനുമല്ല എന്നു താല്പര്യം.)

പുത്തേളുലകത്തു മീണ്ടും പെറലരിതേ
യൊപ്പുരവിനല്ല പിറ. ൩

സാ:—ദേവലോകത്തിലും ഈ ലോകത്തിലും, ഉപകാരത്തെപ്പോലെയുള്ള അപൂർവ്വമായി മറ്റൊന്നില്ല. (കൊടുക്കുന്നവരും കൊടുക്കപ്പെടുന്നവരും ഇല്ലാത്തതിനാൽ ദേവലോകത്തിലേക്ക് അപൂർവ്വം, ദാനംപോലെ ശ്ലാഘനീയമായി മറ്റൊന്നില്ലാത്തതിനാൽ ഈ ലോകത്തിലേക്ക് അപൂർവ്വവുമെന്നു ഭാവം)

ഒത്തതറിവാനുയിർവാഴ്വാൻ മറ്റൈയാൻ
ചെത്താരുൾ വൈക്കപ്പടും ൪

സാ—ലോകഗതിയെ അറിഞ്ഞു പ്രവർത്തിക്കുന്നവൻ ജീവനോടുകൂടിയവനാകുന്നു; അപരൻ (അപ്രകാരം പ്രവർത്തിക്കാത്തവൻ) മരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെടുന്നു. (ജീവനുള്ളവർക്കു വേണ്ട അറിവും പ്രവൃത്തിയും അവനിലില്ലാത്തതിനാൽ മരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടേണ്ടവനാണ്.)

ഊരുണി നീർനിറൈന്തറ്റേ യുലകവാം
പേരറി വാളൻറിരു. ൫

സാ—ലോകത്തെ സ്നേഹിക്കുന്ന മഹാഭിജ്ഞന്റെ ഐശ്വര്യം, ജലംനിറഞ്ഞ പൊതുക്കുളം പോലെയാകുന്നു. (പൊതുക്കുളം എല്ലാവർക്കും ഉപകാരത്തെച്ചെയ്തുംകൊണ്ടു ഒരിക്കലും വററാതെകിടക്കുന്നതുപോലെ, അറിവുള്ളവന്റെ ഐശ്വര്യം എല്ലാവർക്കും ഉപകാരപ്പെടുകയും ഒരിക്കലും ക്ഷയിക്കാതിരിക്കുകയും ചെയ്യുമെന്നു താല്പര്യം.)

പയന്മരമുള്ളൂർ പ്പഴുത്തററാർചെൽവ
നയനുടൈയാൻ കട്പടിൻ. ൬

സാ—ഉപകാരം ചെയ്യുന്നവന് ഐശ്വര്യം ഉണ്ടാകുന്നതു്, നാട്ടിൻനടുവിൽ ഉള്ള വൃക്ഷത്തിൽ പഴങ്ങൾ ഉണ്ടാകുന്നതുപോലെയാകുന്നു. (ഒരു ഗ്രാമത്തിന്റെ നടുവിൽ ഒരു ഫലവൃക്ഷം നിന്നാൽ അതിലെ പഴം എല്ലാവർക്കും ഉപയോഗപ്പെടുന്നതുപോലെ ഉപകാരിയുടെ ഐശ്വര്യം സകല ആളുകൾക്കും ഉപകാരപ്പെടുന്നു.)

മരുന്താകിത്തപ്പാ മരത്തററാർ ചെൽവം
പെരുന്തകൈയാൻ കട്പടിൻ. ൭

സാ—ഐശ്വര്യം, ഉപകാരബുദ്ധിയുള്ള മഹാഗുണിക്കുണ്ടാകുന്നുവെങ്കിൽ, അമൂലശിഖരം ഔഷധമയമായ വൃക്ഷത്തിന്റെ ഫലംചെയ്യും. (ഇലയും പൂവും കായും പഴവും വേരും തൊലിയും ഔഷധങ്ങളായിട്ടുള്ള ഒരു മഹാവൃക്ഷം ഒരു നാട്ടിന്റെ വല്ലകോണിലും നിന്നാൽ, അന്നാട്ടാർക്കു ഒന്നുപോലെ അതിനെക്കൊണ്ടു മഹത്തായ ഉപകാരമുണ്ടായിരിക്കും; അതുപോലെ ഉപകാരിയായ ഒരു മഹാമനസ്സന് ഐശ്വര്യം ഉണ്ടാകുന്നുവെങ്കിൽ എല്ലാവർക്കും അതിന്റെ ഫലം അനുഭവിക്കാനിടയാകും.)

ഇടനിൽ പരുവത്തു മൊപ്പുരവിർ കൊൽകാർ
കടനറി കാട്ചിയവർ. ൮

സാ—തങ്ങളുടെ കർത്തവ്യത്തെ ശരിക്കു അറിഞ്ഞവർ, ഐശ്വര്യം ക്ഷയിച്ചാലും ഉപകാരംചെയ്ക എന്ന കർത്തവ്യത്തിൽ ക്ഷീണിക്കുകയില്ല. (കർത്തവ്യബോധമുള്ളവൻ തന്റെ ദാരിദ്ര്യാവസ്ഥയിലും ഉപകാരംചെയ്യലിൽ നിന്നും പിൻവാങ്ങുകയില്ലെന്നു താല്പര്യം.)

നയനുടൈയാ നൽകൂർന്താനാതൽ ചെയുനീര
ചെയ്യാ തമൈകലാവാറു. ൯

സാ—ഉപകാരം ചെയ്യുന്ന സ്വഭാവത്തോടുകൂടിയവന്റെ ദാരിദ്ര്യാവസ്ഥയാകട്ടെ, ഉപകാരം ചെയ്തുകൊണ്ടിരിക്കുന്ന നിഷ്ഠയുടെ അഭാവത്തിലാകുന്നു. (ഉപകാരം ചെയ്യൽ ഇല്ലാതായ അവസ്ഥയിലാണ് അവന്റെ ദാരിദ്ര്യം; ധനക്ഷയം അവനു ദാരിദ്ര്യമായിരിക്കയില്ല.)

ഒപ്പുരവിനാൽ വരുങ്കേടെ നിനതൊരുവൻ
വിററുക്കോട്ടക്കതുടൈത്തു. ൧൦

സാ—ഉപകാരം ചെയ്യലിനാൽ ഒരു കേടുസംഭവിക്കുന്നുവെങ്കിൽ, തന്നെവിററിട്ടെങ്കിലും ആ ഉപകാരം ചെയ്യുകതന്നെവേണം. (ഉപകാരംചെയ്തു കേടുപററിയാൽ സൽകീർത്തിലഭിക്കുന്നതിനാൽ, ആ കീർത്തി, തന്നെപ്പണയപ്പെടുത്തിയും സമ്പാദിക്കേണ്ടതാണെന്നു താല്പര്യം.)

## ഇരുപത്തിമൂന്നാം അധികാരം.

### ഈകൈ—ദാനം.

വറിയാർക്കൊൻറീ വതേ യീകൈമററെല്ലാ-
ങ്കുറിയെതിർപ്പൈ നീരതുടൈത്തു. ൧

സാ—ദാരിദ്രന്മാൎക്ക അൽപ്പമെങ്കിലും കൊടുക്കുന്നതത്രെ ദാനം; അന്യമായ കൊടുപ്പുകൾ തിരിച്ച് കിട്ടുന്ന ഫലത്തോടുകൂടിയതാകുന്നു. (ദരിദ്രന്മാൎക്കുള്ള കൊടുപ്പുദാനവും മററുള്ളവൎക്കുള്ള കൊടുപ്പു പ്രതിഫലത്തോടുകൂടിയതുമാണെന്നു താൽപ്പൎയ്യം.)

നല്ലാറെനിനു ങ്കൊളറീതുമേലുലക-
മില്ലെനിനു മീതലേ നൻറു. ൨

സാ—യാചന സ്വൎഗ്ഗപ്രാപ്തിക്ക് ഉതകുമെന്നു പറയുന്നവരുണ്ടെങ്കിലും അതു കുററംതന്നെയാണ്; ദാനംചെയ്യുന്നതുകൊണ്ടു സ്വൎഗ്ഗംകിട്ടുകയില്ലെന്നു അഭിപ്രായപ്പെടുന്നവരുണ്ടായാലും ദാനം ശ്രേഷ്ഠമത്രേ. (യാചന കുററകരവും ദാനം ഗുണകരവുമാണെന്നു താൽപൎയ്യം.)

ഇലനെന്നു മെവ്വമുരൈ യാമൈ യീതൽ
കുലനുടൈയാൻ കണ്ണേയുള. ൩

സാ—ഇല്ലയെന്നവാക്കിനെപറയാതിരിക്കയും, ആ വാക്കു തന്നോടുപറയുന്നവൎക്കു കൊടുക്കുകയും കുലീനന്മാൎക്കുള്ള രണ്ടു ഗുണങ്ങളാകുന്നു. (ഇല്ലെന്നുപറയാതെ ദാനം ചെയ്യുന്നതു നല്ല വംശത്തിൽ ജനിച്ചവരുടെ മുഖ്യധൎമ്മമാകുന്നു എന്നു താൽപ്പൎയ്യം.)

ഇന്നാതിരിക്കപ്പെടുത ലിരന്തവ-
രിന്മുകങ്കാണു മളവു. ൪

സാ—യാചകന്മാരുടെ തെളിഞ്ഞ മുഖം കാണുവോളം അനുകമ്പാശീലം സന്തോഷത്തെച്ചെയ്യുന്നില്ല. (യാചകനു തൃപ്തിയുണ്ടാകുവോളം കൊടുത്തു താവുലാം അവൻെറ മുഖം പ്രസന്നമാകുന്നതുവരെ ദാനശീലൻെറ മനസ്സിൽ സന്തോഷം ജനിക്കുകയില്ല; യാചകൻ ആവശ്യപ്പെടുന്നതിനെ കൊടുക്കാൻ ശക്തനല്ലാതെ വരുന്നെയ്ക്കുമോ എന്നഭയം അവൻെറ മനസ്സിനെ പീഡിപ്പിച്ചുകൊണ്ടിരിക്കും. യാചകൻ ആവശ്യപ്പെടുന്നതെല്ലാം കൊടുക്കുകതന്നെ വേണമെന്നു ഇതിൽനിന്നും ഗ്രഹിക്കാം.)

ആററുവാരാററൽ പചിയാററലപ്പചിയൈ
മാററുവരാററലിൻ പിൻ. ൫

സാ—തപോധനന്മാരുടെ വല്ലഭത്വം വിശപ്പിനെ അടക്കുകയാകുന്നു; ആ വിശപ്പിനെ (അപ്രകാരം അടക്കത്തക്ക വിശപ്പിനെ) കൊടുത്തു ശമിപ്പിക്കുന്നവരുടെ വല്ലഭത്വത്തിനു പിന്നിലാണ്, ആ (തപോധനന്മാരുടെ) വല്ലഭത്വം, (വിശപ്പിനെ അടക്കുന്ന ശക്തി, അന്യന്മാരുടെ വിശപ്പിനെമാററി തൻെറ വിശപ്പിനെ പരിഹരിക്കുകയും ചെയ്യുന്നവരുടെ ശക്തിയെ കവച്ചുവയ്ക്കുന്നില്ലെന്നു താല്പൎയ്യം.)

അററാരഴി പചിതീർത്തലഃതൊരുവൻ
പെററാൻപൊരുൾ വൈപ്പുഴി. ൬

സാ—ദരിദ്രന്മാരുടെ വലുതായ ക്ഷുത്തിനെ ശമിപ്പിക്കുന്നതു്, ധനം സമ്പാദിച്ച ഒരുവൻ, ആ ധനത്തെ വച്ചുരക്ഷിക്കുകയാണ്. (ധനികൻെറ പണത്തിൻെറ നിക്ഷേ

പപാത്രമാണ്ട് വിശപ്പുള്ള ദരിദ്രന്മാർ; വല്ലതായ വിശപ്പുകൊണ്ടു വിവശന്മാരായി വരുന്ന ദരിദ്രന്മാരുടെ വിശപ്പുതീർത്ത ധനം, ഒടുവിൽ ആ ധനികനിൽ തന്നെ വന്നുചേരുമെന്നുഭാവം )

പാത്തുൺമരീഇ യവനൈപ്പചിയെന്നു-
ന്തീപ്പിണി തീണ്ടലരിതു. ൭

സാ—പകുത്തു ഭക്ഷിക്കുകയെ (ആഹാരത്തിന്റെ ഓഹരി ദരിദ്രന്മാൎക്കു കൊടുത്തിട്ടു് അവശിഷ്ടത്തെ ഭക്ഷിക്കുകയെന്ന ധർമ്മത്തെ) പരിശീലിച്ചവനെ ക്ഷുത്താകുന്ന കൊടുംവ്യാധി തീണ്ടുകയില്ല. (ദാനംചെയ്തിട്ടുണ്ണുന്നവനെ വിശപ്പാകുന്ന മഹാവ്യാധി ബാധിക്കുകയില്ലെന്നു താല്പര്യം.)

ഈത്തുവക്കു മിൻപമറിയാർ കൊറാമുടൈമൈ
വൈത്തിഴക്കും വൻകണവർ. ൮

സാ—ധനത്തെ കെട്ടിവച്ചു നഷ്ടപ്പെടുന്ന നിർദ്ദയൻ, ദരിദ്രന്മാൎക്കു ദാനംചെയ്തു ലഭിക്കുന്ന കൃതാർത്ഥതയുടെ ആനന്ദത്തെ അറിഞ്ഞവനാണോ? (കെട്ടിവച്ചു സൂക്ഷിക്കുന്ന ധനം അന്യൎക്കു് ഉപയോഗപ്പെടുന്നില്ലെന്നു തന്നെയുമല്ല, അന്യൎക്കുപയോഗപ്പെട്ടാൽ അവനുകിട്ടുമായിരുന്ന പുണ്യത്തെ സമ്പാദിക്കാനും ഉപയോഗപ്പെടുന്നില്ല. അപ്രകാരം തനിക്കും അന്യനും ഉപയോഗമില്ലാത്ത ധനം, ഇല്ലാത്തതിനു തുല്യമാകയാൽ അവൻ അതിന്റെ നഷ്ടഭാവത്തെ അനുഭവിക്കുകയാണ്. അങ്ങനെയുള്ള നിർദ്ദയൻ, ദാനശീലന്റെ ആനന്ദത്തെ അറിയുന്നില്ല. അറിഞ്ഞാൽ അവൻ ഒരിക്കലും ആ ആനന്ദത്തെ സമ്പാദിക്കാൻ ഒരുമ്പെടാതിരിക്കയില്ലെന്നു ഭാവം.)

ഇരത്തിലിനിന്നാതു മൻറ നിരപ്പിയ
താമേ തമിയ രുണൽ. ൯

സാ—ധനത്തെപ്പെരുക്കാനായി (ദരിദ്രനു നല്കാതെ) തന്നെത്താൻ ഭക്ഷിക്കുന്നവർ നിശ്ചയമായി യാചിക്കലിനെക്കാൾ കഷ്ടതയനുഭവിക്കുകയാകുന്നു. (അന്യനു കൊടുക്കാതെ തന്നെത്താൻ ഭക്ഷിക്കുന്നവൻ യാചകനെക്കാൾ തുൻപമനുഭവിക്കുന്നവനാണെന്നു താല്പര്യം. യാചകനു താല്ക്കാലികമായ മാനനഷ്ടമുണ്ടെങ്കിലും അപ്പോൾ അവന്റെ ദാരിദ്ര്യം നീങ്ങുന്നു. ദാനംചെയ്യാത്തവനു് എന്നും അപമാനവും പാപാനുഭൂതിയും ഫലം എന്നു ഭാവം.)

ചാതലിനിന്നാതതില്ലൈ യിനിതതൂഉ
മീതലിയൈയാക്കടൈ. ൧൦

സാ—മരണത്തെപ്പോലെ തുൻപത്തെച്ചെയ്യുന്ന മറ്റൊന്നില്ല; അപ്രകാരമുള്ള മരണവും ദാനംചെയ്യാൻ ശക്തിയില്ലാത്തവനു (ശക്തിയില്ലാതെ ഖേദിക്കുന്നവനു്) സന്തോഷത്തെ നല്കും. (അന്യൎക്കു ഉപകാരമില്ലാത്ത തന്റെ ജീവിതഭാരത്തെ ഒഴിക്കണമെന്നായിരിക്കും നിർദ്ധനനായ ദാനശീലന്റെ ആഗ്രഹം എന്നുഭാവം.)

## ഇരുപത്തിനാലാം അധികാരം.

### പുകഴ്—കീർത്തി.

ഈതലിചൈ പട വാഴ്തലതുവല്ല
തൂതിയ മില്ലൈ യുയിൎക്കു. ൧

സം—ദാനത്താൽ യശസ്സ് ആൎജ്ജിച്ചു വാഴണം; ആ യശസ്സല്ലാതെ ആത്മാവിനു സിദ്ധിക്കാനുള്ള ഫലം മറെറാന്നുമില്ല. (വിദ്യാഭ്യാസം മുതലായി വേറേ പലതും യശസ്കരമായിട്ടുണ്ടെങ്കിലും ദാനത്താൽ സിദ്ധിക്കപ്പെടുന്ന യശസ്സ് തദധികം ശ്ലാഘനീയമാണെന്നു ഭാവം. ആ യശസ്സ് ജന്മാന്തരത്തിലും ഫലത്തെച്ചെയ്യുന്നതിനാൽ അതിന്റെ ഫലം ആത്മാവിനാണെന്ന് എടുത്തുപറഞ്ഞിരിക്കുന്നു.)

ഉരൈപ്പാരുരൈപ്പവൈ യെല്ലാമിരപ്പാൎക്കൊ-
ന്റീവാർമേ നിൎകുംപുകഴ്. ൨

സം—പറയുന്നവരുടെ പറച്ചിലുകളെല്ലാം യാചകന്മാൎക്ക് ആവശ്യമുള്ളതിനെ കൊടുക്കുന്നവരെസ്സംബന്ധിച്ച കീൎത്തികളാകുന്നു. (ദാനശീലന്മാരുടെ യശസ്സായിരിക്കും ലോകരുടെ സംഭാഷണവിഷയമെന്നു താല്പൎയ്യം.)

ഒൻറാവുലകത്തുയൎന്ത പുകഴല്ലാർ
പൊൻറാതു നിൎപതൊൻറിൽ. ൩

സം—അദ്വിതീയമായി ഉയൎന്ന കീൎത്തിയല്ലാതെ ലോകത്തിൽ ശാശ്വതമായി നിൽക്കുന്ന വേറൊന്നില്ല (ലോകത്തിൽ അഴിവില്ലാതെ നിൽക്കുന്നതു കീൎത്തിയൊന്നുമാത്രമെന്നു താല്പൎയ്യം. ദരിദ്രന്മാൎക്കു ദാനംചെയ്യുന്നതിനാലുണ്ടാകുന്ന കീൎത്തി അദ്വിതീയമാകയാൽ അക്കീൎത്തി അനശ്വരമാണെന്നു ഭാവം.)

നിലവരൈ നീൾപുകഴാററിൻ പുലവരൈ
പ്പോററാതു പുത്തേളുലകു. ൪

സം—ഭൂമിയുടെ പരിധിക്കുള്ളിൽ, അഴിവില്ലാതെ നിൽക്കുന്ന കീൎത്തിയെ ഉണ്ടാക്കുകയാണെങ്കിൽ സ്വൎഗ്ഗലോകം ആ യശസ്വിയെ അല്ലാതെ (തന്നെ പ്രാപിച്ച) ജ്ഞാനികളെ പോററുകയില്ല. (കീൎത്തിമാന്മാർ ദേവലോകത്തെ പ്രാപിക്കുന്നു; ദേവഗണം അവരെ ജ്ഞാനികളേക്കാൾ വാഴ്ത്തുന്നു.)

നത്തംപോൎകേടുമുളതാകുഞ്ചാക്കാടും
വിത്തകൎക്കല്ലാലരിതു. ൫

സം—വിദ്വാന്മാൎക്കല്ലാതെ മററുള്ളവൎക്ക് യശശ്ശരീരത്തിനു് ആവശ്യകമായ മഹാദാരിദ്ര്യവും, ആ യശശ്ശരീരത്തെ നിലനിൎത്തുന്നതായ മരണവുമില്ല. (യശശ്ശരീരത്തിന് ആവശ്യകമായ മഹാദാരിദ്ര്യമെന്നു പറയപ്പെടുന്നത് യശശ്ശരീരത്തെ സമ്പാദിക്കാൻ ഭൌതികശരീരത്തെ പീഡിപ്പിക്കുന്ന ദാരിദ്ര്യമാണ്. അനിത്യമായ ശരീരത്തിലിരുന്നു പ്രവൎത്തിച്ച് ആ ശരീരത്തെ നശിപ്പിച്ച് നിത്യമായ യശശ്ശരീരത്തെ പ്രാപിക്കാനും അതിനെ നിലനിൎത്താനും സാധാരണന്മാൎക്കു സാധിക്കാത്തതിനാൽ വിദ്വാന്മാൎക്കേ സാധിക്കയുള്ളുവെന്ന് എടുത്തുപറഞ്ഞതാകുന്നു.)

തോൻറിൎപുകഴൊടു തോൻറുക വതിലാർ
തോൻറലിറേറാൻറാമൈ നൻറു. ൬

സം—മനുഷ്യനായി ജനിക്കുന്നു എങ്കിൽ കീൎത്തിയോടുകൂടി (കീൎത്തിക്കു കാരണമാകുന്ന ഗുണങ്ങളോടുകൂടി) ജനിക്കണം; ആ ഗുണമില്ലാത്തവർ ജനിക്കുന്നതിൽഭേദം ജനിക്കാതിരിക്കുകയാണ്. (ജനിക്കാതിരിക്കുകയെന്ന അൎത്ഥാപത്തിയാൽ തിൎയ്യക്കുകളായി ജനിക്കുക എന്നു സിദ്ധിക്കുന്നു. പകലുണ്ണാത്തവൻ ജീവിച്ചിരിക്കുന്നതു് രാത്രിയുണ്ണുന്നതിനാലാണെന്നുള്ളതു് അൎത്ഥാപത്തിക്ക് ഉദാഹരണം.)

പുകഴ്പട വാഴാതാർതന്നോവാർതമ്മൈ
യികഴ്വാരൈ നോവതെവൻ. ൭

സാ—കീർത്തിയുണ്ടാകുമാറു ജീവിക്കാത്തവർ തങ്ങളെത്തന്നെ കുററപ്പെടുത്താതെ തങ്ങളെ നിന്ദിക്കുന്നവരെ കുററപ്പെടുത്തുന്നതെന്തിന്? (യശസ്സുണ്ടാകുമാറു ജീവിക്കണം; അങ്ങനെയല്ലാതെ ജീവിക്കുന്നവരെ അന്യർ നിന്ദിക്കും; അപ്രകാരം നിന്ദിക്കാനിടയാക്കിയ തന്നേ കുററപ്പെടുത്താതെ, നിന്ദിച്ചവരെ കുററപ്പെടുത്തുന്നതു മൗഢ്യമാകുന്നു എന്നു ഭാവം.)

വാചൈയെൻപ വൈയ്ത്താക്കെല്ലാമിചൈയെന്നു
മെച്ചംപെറാഅ വിടിൻ. ൮

സാ—കീർത്തിയാകുന്ന സന്താനത്തെ സമ്പാദിക്കാതെവിട്ടാൽ അതുതന്നെ ഭൂനിവാസികളാൽ നിന്ദനീയം എന്നു പറയപ്പെടുന്നു. (യശസ്സിനെ സമ്പാദിക്കാതെ വിടുന്നതുതന്നെ ലോകർക്കു നിന്ദിക്കാൻ തക്ക കാരണമാണെന്നു താല്പര്യം.)

വചൈയിലാവൺപയൻ കുൻറുമിചൈയിലാ
യാക്കൈ പൊറുത്തനിലം. ൯

സാ—കീർത്തിയില്ലാത്ത ശരീരത്തെ ചുമന്ന ഭൂമിയിൽ അശാസ്യമായ വിളവു കുറയും. (ജീവനുണ്ടായിരുന്നാലും, യാതൊരു ഫലവുമില്ലാത്തതിനാൽ ശരീരമെന്നും, അതു ഭൂമിക്കു ഭാരമാകയാൽ ചുമന്നഭൂമിയെന്നും പറഞ്ഞതാണ്. വിളവുകുറയാൻ കാരണം ഫലമില്ലാത്ത ശരീരത്തെ ചുമന്ന പാപമത്രേ.)

വചൈയൊഴിയ വാഴ്വാരേ വാഴ്വാരിചൈയൊഴിയ
വാഴ്വാരേ വാഴാതവർ. ൧൦

സാ—തനിക്കു യശസ്സുണ്ടാകുമാറു ജീവിക്കുന്നവരേ ജീവിക്കുന്നവരാകുന്നുള്ളു; യശസ്സുണ്ടാകാത്തവണ്ണം ജീവിക്കുന്നവർ ജീവിക്കുന്നവരല്ല. (കീർത്തിമാൻ ജീവനോടെ ജീവിക്കുന്നവനും അയശസ്കൻ മരിച്ചവർക്കു തുല്യനുമാണെന്നു താല്പര്യം.)

ധർമ്മപദ്ധതിയിൽ ഗൃഹസ്ഥാശ്രമധർമ്മം കഴിഞ്ഞു.

---

## സന്ന്യാസാശ്രമധർമ്മം.

### ഇരുപത്തിഅഞ്ചാം അധികാരം.

#### അരുളുടൈമൈ—കരുണ.

അരുട്ചെൽ വഞ്ചെൽവത്തുട് ചെൽവം പൊരുട്ചെൽവം
പൂരിയാർ കണ്ണു മുള. ൧

സാ—ധനംകൊണ്ടുള്ള ഐശ്വര്യം നിസ്സാരന്മാർക്കുമുണ്ട്; അതിനാൽ ഐശ്വര്യങ്ങൾ പലതുള്ളതിൽ (തിരഞ്ഞെടുക്കപ്പെട്ട) ഐശ്വര്യം, കരുണൈശ്വര്യമാകുന്നു. (ഐശ്വര്യങ്ങളിൽ വച്ച് ഉൽകൃഷ്ടമായ ഐശ്വര്യം കരുണയാകുന്ന ഐശ്വര്യമാണെന്നു താല്പര്യം.)

നല്ലാററാനാടിയരുളാൾക പല്ലാററാ-
റേററിനുമതേ തുണൈ. ൨

സാ—സന്മാൎഗ്ഗത്തിൽനിന്നുംകൊണ്ടു്, തിരഞ്ഞു്, കരുണയെ (കണ്ടുപിടിച്ചു) വശപ്പെടുത്തണം; വിഭിന്നങ്ങളായ പല മതങ്ങളിൽക്കൂടി അന്വേഷണം നടത്തിയാലും സഹായിയായി ലഭിക്കപ്പെടുന്നതു് ആ കരുണ ഒന്നുമാത്രമാണ്. (പ്രമാണങ്ങളെക്കൊണ്ടും യുക്തികൊണ്ടും സന്മാൎഗ്ഗത്തിൽക്കൂടി അന്വേഷണംനടത്തി കരുണയെ സഹായിയായിതിരഞ്ഞെടുക്കണമെന്നും ഭിന്നസ്വഭാവങ്ങളോടുകൂടിയ പല മതങ്ങളെയും പരിശോധിച്ചാലും കരുണയെമാത്രമേ സഹായമായി കിട്ടുകയുള്ളുവെന്നും താല്പൎയ്യം. പ്രമാണങ്ങൾ, പ്രത്യക്ഷവും അനുമാനവും ശ്രുതിയുമാകുന്നു; ഉപമാനം, അൎത്ഥാപത്തി, അനുപലബ്ധി ഇവ മൂന്നും ചേൎത്തു് ആറാണെന്നും പക്ഷാന്തരമുണ്ടു്.)

അരുൾ ചേൎന്ത നെഞ്ചിനാൎക്കില്ലെയിരുൾചേൎന്ത
വിന്നാവുലകം പുകൽ. ൩

സാ—അന്ധകാരം നിറഞ്ഞു ദുഃഖമയമായ ലോകത്തിൽ, ചെന്നുകയറുക എന്നതു് കരുണാചിത്തന്മാൎക്കു് ഉണ്ടാവുകയില്ല. (കരുണാചിത്തന്മാൎക്കു് നരകത്തിൽ കയറേണ്ടിവരികയില്ലെന്നു താല്പൎയ്യം.)

മന്നുയിരോമ്പിയരുളാൾവാൎക്കില്ലെൻപ-
തന്നുയിരഞ്ചും വിനൈ. ൪

സാ—അന്യജീവന്മാരെ രക്ഷിച്ചു് കരുണയുള്ളവനായിരിക്കുന്നവന്നു്, തന്റെ ജീവൻ ഭയപ്പെടത്തക്ക പാപങ്ങൾ നേരിടുകയില്ലെന്നു പറയപ്പെടുന്നു. (അന്യജീവന്മാരിൽ കരുണയുള്ളവൻ, കൊലപാതകം തുടങ്ങിയുള്ള ഭയങ്കരപാപകൎമ്മങ്ങൾക്കു് ഒരുമ്പെടുന്നും തന്മൂലം നരകത്തെ അനുഭവിക്കാനുമിടയാവുകയില്ലെന്നു താല്പൎയ്യം.)

അല്ലലരുളാൾവാൎക്കില്ലെ വളിവഴങ്കു
മല്ലന്മാഞാലങ്കരി. ൫

സാ—കരുണയുള്ളവൎക്കു തുൻപം ഉണ്ടാവുകയില്ല; കാററു പരന്നുവീശുന്ന വിശാലമായ ഈ ലോകം അതിലേക്കു സാക്ഷ്യംവഹിക്കുന്നു. (കരുണാവാന്മാൎക്കു് തുൻപമുണ്ടായതായി ഒരുകാലത്തും ഒരിടത്തും ആരുംതന്നെ കണ്ടിട്ടില്ലാത്തതിനാൽ ഈ വലുതായ ഭൂമി സാക്ഷിയാണെന്നു പറഞ്ഞതാണ്.)

പൊരുണീങ്കിപ്പൊച്ചാന്താരെൻപരരുണീങ്കി
യല്ലവൈചെയ്തൊഴുകുവാർ. ൬

സാ—(ജീവരാശികളിൽ പ്രകടിക്കേണ്ട) കരുണയെ ത്യജിച്ചു് (ത്യാജ്യങ്ങളായ) ദുഷ്കൎമ്മങ്ങളെച്ചെയ്തുനടക്കുന്നവർ (കഴിഞ്ഞജന്മത്തിൽ) ധൎമ്മത്തെ സമ്പാദിക്കാൻ മറന്നവരാണെന്നു പറയപ്പെടുന്നു. (കരുണവിട്ടു കഠിനപ്രവൃത്തികളെച്ചെയ്തുനടക്കുന്നവർ കഴിഞ്ഞജന്മത്തിൽ ധൎമ്മത്തെ മറന്നവരാണെന്നു താല്പൎയ്യം.)

അരുളില്ലാൎക്കവ്വുലകമില്ലെ പൊരുളില്ലാ-
ൎക്കിവ്വുലകമില്ലാതിയാങ്കു. ൭

സാ—നിൎദ്ധനന്മാൎക്കു് ഈ ലോകം ഇല്ലാത്തതുപോലെ കരുണയില്ലാത്തവൎക്കു പരലോകം ഇല്ല (ദരിദ്രന്മാൎക്കു് ഈ ലോകത്തിൽ സുഖം ഇല്ലാത്തതുപോലെ, നിഷ്കരുണന്മാൎക്കു പരലോകസുഖമില്ലെന്നു താല്പൎയ്യം ഐഹികസുഖത്തിനു ധനം എപ്രകാരം ആവശ്യമായിരിക്കുന്നുവോ, അപ്രകാരം പാരത്രികസുഖത്തിനു കരുണ ആവശ്യമാണെന്നു് അറിഞ്ഞുകൊൾക.)

പൊരുളററാർ പൂപ്പരൊരു കാലരുളററാ-
രററാർ മററാതലരിതു. ൮

സാ—ദാരിദ്ര്യത്തിലെത്തിയവർ, പിന്നെയൊരിക്കൽ ഐശ്വര്യപ്പൊലിമയിൽ എത്തുന്നു; കരുണയില്ലാത്തവർ, (പാപം നശിക്കാഴികയാൽ) അധഃപതിക്കപ്പെട്ടവരത്രേ; പിന്നീട് ഒരിക്കലും അവർക്ക് ഉയർച്ചയില്ല. (ധനം പോയാൽ വീണ്ടും ഉണ്ടാകാം; കൃപ പോയാൽ അവനു് അധോഗതിതന്നെ സ്ഥായിയായ അനുഭവം.)

തെരുളാതാൻ മെയ്പ്പൊരുൾകണ്ടററാറോരി-
നരുളാതാൻ ചെയ്യുമറം. ൯

സാ—(ജീവരാശികളിൽ) കരുണകാട്ടാത്തവൻ ചെയ്യുന്ന ധർമ്മത്തെപ്പരിശോധിക്കുകയാണെങ്കിൽ, ജ്ഞാനമില്ലാത്ത തത്ത്വശാസ്ത്രത്തിലെ പരമാർത്ഥത്തെ കണ്ടതുപോലെയാണു് (എന്നു ബോദ്ധ്യപ്പെട്ടും). (വേണ്ട അറിവില്ലാത്തവൻ പരമാർത്ഥതത്ത്വത്തെ ഗ്രഹിച്ചാൽ തന്റെ അജ്ഞാനത്താൽ എപ്രകാരം വിഫലമാക്കിച്ചെയ്യുന്നുവോ അപ്രകാരം കരുണയില്ലാത്തവൻ ധർമ്മത്തെ അനുഷ്ഠിച്ചാൽ തന്റെ നിഷ്കാരുണ്യത്താൽ വിഫലീഭവിപ്പിക്കുന്നു എന്നു താല്പര്യം.)

വലിയാർ മുററന്നെ നിനൈക്കതാൻറന്നിൻ
മെലിയാർമേർ ചെല്ലുമിടത്തു. ൧൦

സാ—തന്നെക്കാൾ താണവരെ പീഡിപ്പിക്കാൻ ഭാവിക്കുമ്പോൾ, തന്നെക്കാൾ ഉയർന്നവർതന്നെ പീഡിപ്പിക്കാൻ വരുമ്പോൾ അവരുടെ മുമ്പിൽ തന്റെ അവസ്ഥ എന്താണെന്നു് ആലോചിക്കണം. (എളിയവരെ ഉപദ്രവിക്കുമ്പോൾ അവരുടെ സ്ഥാനത്തു താനാണെങ്കിൽ തന്റെ അവസ്ഥ എന്താണെന്നു ചിന്തിക്കണമെന്നു താല്പര്യം.)

---

## ഇരുപത്താറാം അധികാരം.

### പുലാൻമറുത്തൽ—മാംസഭോജനനിരോധം.

തന്നൂൻ പെരുക്കർകുത്താൻ പിറിതൂനുണ്പാ-
നെങ്ങന മാളുമരുൾ. ൧

സാ—തന്റെ ശരീരത്തെപ്പോഷിപ്പിക്കാനായി മറ്റൊന്നിന്റെ ശരീരത്തെ തിന്നുന്നവൻ കരുണയെപ്പാലിക്കുന്നതെങ്ങനെ? (ഫലമില്ലാത്ത തന്റെ ശരീരത്തെപ്പുലർത്താനായി അന്യശരീരത്തെ ഭക്ഷിക്കുന്ന നിഷ്കരുണൻ കാരുണ്യത്തെപ്പുലർത്തുകയില്ലെന്നു താല്പര്യം )

പൊരുളാട്ചിപോററാതാർക്കില്ലൈയരുളാട്ചി
യാങ്കില്ലൈ യൂൻറിൻപവർക്കു. ൨

സാ—ധനത്തെ രക്ഷിക്കാത്തവനു് അതിന്റെ ഫലംകൊള്ളുവാൻ സാധിക്കുന്നില്ല; അതുപോലെ മാംസഭോജിക്കു് (കരുണയെ രക്ഷിക്കാത്തതിനാൽ) കരുണയുടെ ഫലംകൊള്ളുവാൻ സാധിക്കുന്നില്ല.

പടൈകൊണ്ടാർ നെഞ്ചംപോനൻറൂക്കാതൊൻറ-
നുടൽചുവൈയുണ്ടാർമനം. ൩

സാ—മറ്റൊന്നിന്റെ ശരീരത്തെ രുചിയോടെ ഭക്ഷിച്ചവരുടെ ഹൃദയമാകട്ടെ, നിഗ്രഹായുധം ധരിച്ചവരുടെ ഹൃദയംപോലെ കരുണയെ നോക്കുന്നില്ല (മാംസത്തെ രുചികരമായി പാകംചെയ്തു ഭക്ഷിച്ചവന്റെ ഹൃദയം, വാളേന്തിക്കൊല്ലാൻ നിൽക്കുന്നവന്റെ ഹൃദയത്തെപ്പോലെ കർക്കശമാണെന്നു താല്പര്യം.)

അരുളല്ല തിയാതെനിർകൊല്ലാമൈ കോറൽ
പൊരുളല്ല തവ്വൂൻറിനൽ. ൪

സാ—കരുണയെന്നതു് എന്താണെന്നാൽ അഹിംസയാണ്; നിഷ്കരുണയാകട്ടെ, ഹിംസയുമാകുന്നു; അതുകൊണ്ടു ഹിംസിച്ചുകിട്ടുന്ന മാംസത്തെ തിന്നുന്നതു ധർമ്മമല്ല. (ഹിംസ, പാപമാകയാൽ മാംസഭോജനവും പാപകരമാണെന്നു ഭാവം.)

ഉണ്ണാമൈയുള്ള തുയിർനിലൈ യൂനുണ്ണ
വണ്ണാത്തൽചെയ്യാ തളറു. ൫

സാ—ജീവൻ ശരീരത്തിൽ നിൽക്കുന്നതിനാൽ മാംസത്തെ ഭക്ഷിക്കാതിരിക്കേണ്ടതു ധർമ്മമാകുന്നു; ഭക്ഷിക്കുന്നുവെങ്കിൽ, അവനെ (വിഴുങ്ങിയ) നരകം (തിരിയെ പ്പോരാൻ) വാതുറക്കുകയില്ല. (മാംസഭോജി, നിത്യനരകം അനുഭവിക്കേണ്ടിവരുമെന്നു താല്പര്യം; മാംസം തിന്നുന്നവനെ നരകം തിന്നുമെന്നു ഭാവം.)

തിനർപൊരുട്ടാർകൊള്ളാ തുലകെനിൻയാരും
വിലൈപ്പൊരുട്ടാലൂൻറരുവാരിൽ. ൬

സാ—ഭക്ഷണാർത്ഥം മാംസത്തെ ലോകർ സ്വീകരിക്കുന്നില്ലെങ്കിൽ വിക്രയാർത്ഥം അതിനെ സ്വീകരിക്കുന്നവർ ആരും ഉണ്ടായിരിക്കയില്ല. (കൊല്ലുന്നവർക്കല്ലാതെ തിന്നുന്നവർക്കു പാപമില്ലെന്നുള്ള ധാരണ തെററാണെന്നു വിധിക്കുന്നു. തിന്നുന്നവരില്ലെങ്കിൽ കൊല്ലുന്നവരില്ല തിന്നൽ, കൊല്ലലിനു കാരണമാകുന്നു. തിന്നുന്നവർ കൊല്ലുന്നവരെ പ്രേരിപ്പിക്കുന്നു. കൊല്ലുന്നവനെക്കാൾ പാപം തിന്നുന്നവനാണെന്നു ഭാവം)

ഉണ്ണാമൈവേണ്ടും പുലാഅൽ പിറിതൊൻറൻ
പുണ്ണതുണർവാർപ്പെറിൻ. ൭

സാ—മാംസം, വേറൊരു ശരീരത്തിൻെറ പുണ്ണാകുന്നു; അതിനെ അറിഞ്ഞവർ ആ മാംസത്തെ ഭക്ഷിക്കുകയില്ല. (മാംസഭക്ഷണം അശുദ്ധമാണെന്നും ഇതുകൊണ്ടു സിദ്ധിക്കുന്നു.)

ചെയിരിററലൈ പ്പിരിന്തകാട്ചിയാരുണ്ണാ-
രുയിരിററലൈപ്പിരിന്തവൂൻ. ൮

സാ—കുററത്തിൽനിന്നും തെററിയ വിജ്ഞന്മാർ, ഒരു ജീവനിൽനിന്നും തെററിവന്ന മാംസത്തെ ഭക്ഷിക്കുകയില്ല. (അഭിജ്ഞന്മാർ ശവശകലമാകുന്ന മാംസത്തെ ഭക്ഷിക്കുകയില്ലെന്നു താല്പര്യം)

അവിചൊരിന്തായിരം വേട്ടലിനൊൻറ-
നുയിർചെകുത്തുണ്ണാമൈ നൻറു. ൯

സാ—നെയ് മുതലായവ ഹോമിച്ചു് ആയിരം യാഗംചെയ്യുന്നതിനെക്കാൾ, ഒന്നിൻെറ ജീവനെ നശിപ്പിച്ചു ഭക്ഷിക്കാതിരിക്കുന്നതു പുണ്യമാകുന്നു. (മാംസഭക്ഷണം ത്യജിക്കുന്നവനു് ആയിരം യാഗംചെയ്യുന്നതിനെ അപേക്ഷിച്ച പുണ്യം കിട്ടുമെന്നു താല്പര്യം)

കൊല്ലാൻ പുലാലൈ മറുത്താനൈക്കൈക്കൂപ്പി
യെല്ലാവുയിരുന്തൊഴും. ൧൦

സാ—ഒന്നിനെയും കൊല്ലാത്തവനായി മാംസത്തെ ഭക്ഷിക്കാത്തവനായിരിക്കുന്ന ഒരുവനെ എല്ലാജീവികളും കൈക്കൂപ്പി വണങ്ങുന്നതാണ്. (മാംസത്തെ ഭക്ഷിക്കാ

ത്തവനെ സകലജീവികളും നമസ്കരിക്കുമെന്നു താൽപര്യം, ഹിംസയും മാംസഭക്ഷണവും വലുതായ അധർമ്മമാണെന്നും ആ അധർമ്മത്തെ അനുഷ്ഠിക്കുന്നവൻ ഭയങ്കരമായ നരകശിക്ഷ അനുഭവിക്കേണ്ടിവരുമെന്നു ഈ അധികാരം ഉദ്ബോധനം ചെയ്തിരിക്കുന്നു.)

---

## ഇരുപത്തേഴാം അധികാരം.

### തവം—തപസ്സ്.

---

ഉററനോയ്നോൻറലുയിക്കുറുകൺചെയ്യാമൈ
യററേ തവത്തിർകുരു. ൧

സാ—ഭക്ഷണം ചുരുക്കുക മുതലായവയാൽ, തൻെറ ജീവനു നേരിടുന്നതുൻപങ്ങളെ അടക്കുകയും പരജീവികൾക്കു തുൻപം ചെയ്യാതിരിക്കുകയുമാകുന്നു തപസ്സിൻെറ സ്വരൂപം. (വിശപ്പു അടക്കുക, പീഡകളെ സഹിക്കുക, ജീവരാശികളെ പീഡിപ്പിക്കാതിരിക്കുക ഇവയാകുന്നു തപസ്സിൻെറ സ്വരൂപങ്ങൾ എന്നു താല്പര്യം.)

തവമുന്തവമുടൈയാൎക്കാകുമവമതനൈ
യതിലാർ മേർകൊൾവതു. ൨

സാ—തപസ്സും, മുൻതപസ്സുള്ളവൎക്കേയുണ്ടാവുകയുള്ളു; അങ്ങനെ മുൻതപസ്സില്ലാത്തവരുടെ തപസ്സു ഫലിക്കുന്നതല്ല. (ഒരുജന്മംകൊണ്ടു തപസ്സു ഫലിക്കുന്നതല്ല; ഒരുജന്മത്തിൽ, അതിനു ആവശ്യമായ ജ്ഞാനം സാമർത്ഥ്യംമുതലായവ സമ്പാദിച്ചു തപഃപരിശീലനം നടത്തി അടുത്തജന്മത്തിൽ തപസ്സുചെയ്തു ഫലം സിദ്ധിക്കുമെന്നു താല്പര്യം.)

തുറന്താൎക്കുത്തുപ്പുരവുവേണ്ടി മറന്താർകൊൽ
മറ്റൈറയവർകടവം. ൩

സാ—ഗൃഹസ്ഥാശ്രമത്തെ സംബന്ധിച്ചുനിൽക്കുന്നവൻ, (രണ്ടുവക പ്രാരബ്ധങ്ങളെയും) അകററിയവൎക്കു ഭക്ഷണവും മരുന്നും പാൎപ്പിടവും നൽകാൻവേണ്ടി തപസ്സിനെ മറന്നുപോലും! (ഗൃഹസ്ഥാശ്രമി സന്ന്യാസികൾക്കു ഭക്ഷണാദികളെ നൽകുന്ന കൎത്തവ്യത്തെ ശരിക്കു നിർവ്വഹിക്കുകയാൽ തപസ്സിനെ മറന്നുപോൽ! അപ്രകാരമുള്ള ദാനം തപസ്സിനെക്കാൾ ഉൽകൃഷ്ടമാകയാൽ തപസ്സിനെ വിസ്മരിച്ചു എന്നു താല്പര്യം)

ഒന്നാർത്തെറലുമുവന്താരൈയാക്കലു-
മെണ്ണിററവത്താൻവരും. ൪

സാ—(തൻെറ തപസ്സിനു വിഘാതം നേരിടുവിക്കുന്ന) ശത്രുക്കളെ നശിപ്പിക്കണമെന്നും (ആ തപസ്സിനു) സഹായിക്കുന്നവരെ അഭിവൃദ്ധിപ്പെടുത്തണമെന്നും വിചാരിച്ചാൽ, അവരുടെ തപശ്ശക്തിക്കു സാധിക്കും. (തപസ്സിനു നിഗ്രഹാനുഗ്രഹശക്തിയുണ്ടെന്നു താല്പര്യം. താപസന്മാൎക്കു ശത്രുക്കളെന്നും മിത്രങ്ങളെന്നുമുള്ള ഭേദമില്ലാത്തതിനാൽ, തപസ്സിൻെറ മാഹാത്മ്യത്തെ വെളിപ്പെടുത്താൻവേണ്ടി മാത്രം പറഞ്ഞതാണ്.)

വേണ്ടിയവേണ്ടിയാങ്കെയ്തലാർചെയ്തവ-
മീണ്ടുമുയലപ്പെടും. ൫

സാ—ആൎജ്ജിക്കേണ്ട ഫലങ്ങളെ അടുത്തജന്മത്തിൽ സമ്പാദിക്കാമെന്നുള്ളതിനാൽ അറിവുള്ളവർ വേണ്ടതു്, ഈ ജന്മത്തിൽ തപസ്സുചെയ്യുകയാകുന്നു. (അടുത്ത

ജന്മത്തിൽ കിട്ടാനിരിക്കുന്ന ഫലത്തെ ഉദ്ദേശിച്ച് അറിവുള്ളവർ ഈ ജന്മത്തിൽ തപസ്സുചെയ്യുന്നതാണ്. മറുജന്മത്തിലെ സുഖം ഈ ജന്മത്തിലെ തപസ്സുകൊണ്ടല്ലാതെ സിദ്ധിക്കുകയില്ല )

തവംചെയ്വാർ തങ്കരുമഞ്ചെയ്വാർ മററല്ലാ
രവഞ്ചെയ്വാരാചൈയുട്പട്ടു. ൬

സാ—തപസ്സുചെയ്യുന്നവർ, തങ്ങളുടെ കർത്തവ്യകർമ്മങ്ങളെ ചെയ്യുന്നതാണ്; അനിത്യമായ സുഖങ്ങളെ ആശിക്കുന്നവർ, തമാശയാകുന്ന വലയിൽ അകപ്പെട്ടു ദുഷ്കർമ്മങ്ങളെച്ചെയ്യുന്നു. (നിത്യസുഖങ്ങളെ കാംക്ഷിക്കുന്ന താപസന്മാർ തദുചിതമായ കർമ്മങ്ങളെയും അനിത്യസുഖകാംക്ഷികൾ ദുഷ്കർമ്മങ്ങളെയും ചെയ്യുമെന്നു താല്പര്യം. അനിത്യമായി ദുഃഖപാത്രമായി ജീവനിൽനിന്നും വേർപെട്ടുനിൽക്കുന്നതായ ശരീരത്തിനു പീഡയുണ്ടാകുമെന്നു കരുതി അടങ്ങാതെ തപസ്സുചെയ്താൽ, ജനനം രോഗം വാർദ്ധക്യം മരണം ഇവകളാൽ അവസാനമില്ലാതെ പീഡിപ്പിക്കപ്പെട്ടുവരുന്ന ജീവൻ ജ്ഞാനം സമ്പാദിച്ചു മോക്ഷത്തെ പ്രാപിക്കും. അപ്രകാരമുള്ള മോക്ഷത്തെ കാംക്ഷിക്കുന്നവർ അനിത്യസുഖലോലുപന്മാരായി പല ജന്മങ്ങളിലും പീഡിക്കപ്പെടുന്നതിനു കാരണമായ പാപകർമ്മങ്ങളെച്ചെയ്യുകയില്ലെന്നു ഭാവം.)

ചുടച്ചുടരും പൊൻപോലൊളിവിടുന്തുൻപ-
ഞ്ചുടച്ചുടനോർകിർപവർക്കു. ൭

സാ—സ്വർണ്ണം, പുടത്തീയിനാൽ ചൂടുപിടിക്കുന്തോറും മാറേറുന്നതുപോലെ, തപസ്സുചെയ്യുന്നവർക്കു, പീഡാഗ്നിയാൽ ചൂടുപിടിക്കുംതോറും ജ്ഞാനത്തിനു പ്രകാശം കൂടുന്നു. (പുടത്താൽ സ്വർണ്ണവും തപത്താൽ ജ്ഞാനവും തെളിയുമെന്നു താല്പര്യം. മാറേറുന്തോറും സ്വർണ്ണത്തിന്റെ കറ നീങ്ങുന്നതുപോലെ, ജ്ഞാനം തെളിയുംതോറും പാപം നീങ്ങുന്നു.)

തന്നുയിർതാനറപ്പെററാനൈയേനൈയ
മന്നുയിരെല്ലാന്തൊഴും. ൮

സാ - തന്റെ ജീവനെ തൻേറതാക്കിച്ചെയ്തവനെ, അങ്ങനെ ചെയ്യാത്തമനുഷ്യർ വണങ്ങും. (തപസ്സുകൊണ്ടു ആത്മബലം സമ്പാദിച്ചവനെ മററുള്ള ആളുകൾ വണങ്ങുമെന്നു താല്പര്യം.)

കൂററങ്കുതിത്തലുങ്കൈകൂടുനോററലി-
നാററലൈപ്പട്ടവർക്കു. ൯

സാ—തപസ്സിദ്ധമായ ശക്തിയോടുകൂടിയവർക്കു യമനെ ജയിക്കാനും സാധിക്കും. (പക്ഷേ, അങ്ങനെചെയ്യുക്കൂടെന്നു ഭാവം.)

ഇലർപലരാകിയ കാരണനോർപാർ
ചിലർപലർ നോലാതവർ. ൰

സാ—ദരിദ്രന്മാർ വർദ്ധിക്കാൻ കാരണം, തപസ്സുചെയ്യുന്നവർ കുറച്ചുപേരും തപസ്സുചെയ്യാത്തവർ കൂടുതൽപേരുമായതാകുന്നു. (ധനികന്മാരുടെ സംഖ്യകുറഞ്ഞും ദരിദ്രന്മാരുടെ സംഖ്യ വർദ്ധിച്ചുംവരാൻ കാരണം, താപസന്മാരുടെ സംഖ്യകുറഞ്ഞും തപസ്സുചെയ്യാത്തവരുടെ സംഖ്യ വർദ്ധിച്ചും വന്നതാകുന്നു. ഇവിടെ ധനികന്മാർ ജ്ഞാനികളും ദരിദ്രന്മാർ അജ്ഞാനികളുമാണെന്നറിയണം.)

## ഇരുപത്തെട്ടാം അധികാരം.

### കൂടാഒഴുക്കം—നിഷിദ്ധാചാരം

•

---

K. KARTHYAYENI AYATHU-HOU. PERINAD QUILON.

വഞ്ചമനത്താൻ പടിററൊഴുക്കം പൂതങ്ക-
ളൈന്തു മകത്തേ നകും. ൧

സാ—വഞ്ചനയുള്ള മനസ്സോടുകൂടിയവൻെറ വ്യാജവൃത്തിയെ പഞ്ചഭൂതങ്ങൾ കണ്ടു ഉള്ളിൽ ചിരിക്കും. (കാമത്തിൽ മനസ്സിനെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കയും നിഷ്കാമിയാണെന്നു പറഞ്ഞു അന്യരെ വിശ്വസിപ്പിക്കുകയും ചെയ്യുന്നവൻ വഞ്ചകനും, അവനാൽ ഒളിച്ചുചെയ്യപ്പെടുന്ന കാമകർമ്മം വ്യാജവൃത്തിയും, ആകുന്നു. ലോകത്തിൽ പലേ പ്രകാരത്തിൽ നടക്കുന്ന വ്യാജകർമ്മങ്ങൾ, നടത്തുന്നവൻെറ പഞ്ചഭൂതങ്ങൾ കണ്ടുചിരിക്കുന്നതിനാൽ താപസൻെറ വ്യാജവൃത്തിയും അവൻെറ പഞ്ചഭൂതങ്ങൾക്കു ചിരിയെ ഉണ്ടാക്കുന്നു. ഈപ്രകാരം ഗൂഢമായി പ്രവർത്തിക്കുന്നതിനു പ്രേരിപ്പിക്കുന്ന അവൻെറ ഗർഹണീയമായ മനഃസ്ഥിതികണ്ടു് അവ ഉള്ളുകൊണ്ടു ചിരിക്കുമെന്നും, അങ്ങനെയുള്ള കപടമനഃസ്ഥിതി താപസന്മാൎക്കു പാടില്ലെന്നും ഭാവം)

വാനുയർതോററമെവൻചെയ്യുന്തന്നെഞ്ച-
ന്താനറി കുററപ്പടിൻ. ൨

സാ—അറിഞ്ഞകുററത്തിൽ മനസ്സുപതിഞ്ഞാൽ ആകാശംപോലെ ഉയൎന്ന താപസവേഷംകൊണ്ടെന്തുഫലം? (അറിയാതെ ചെയ്തുപോകുന്ന കുററത്തിനല്ലാതെ അറിഞ്ഞുംകൊണ്ടു ചെയ്യുന്ന കുററത്തിനു പ്രായശ്ചിത്തമില്ല; അറിഞ്ഞ കുററത്തെച്ചെയ്യുന്ന താപസൻ, താപസവേഷധാരിയാണെന്നും അവൻെറ വേഷം അന്യന്മാരെ കബളിപ്പിക്കാൻ മാത്രമാണെന്നും ഭാവം)

വലിയിനിലൈമൈയാൻ വല്ലുരുവംപെററം
പുലിയിൻറോൽ പോൎത്തുമെയ്ന്തററു. ൩

സാ—(മനസ്സിനെ അടക്കാൻ)ശക്തിയില്ലാത്തവൻ, (അതിനു) ശക്തിയുള്ളവരുടെ വേഷം ധരിക്കുന്നതാണു്; പശു പുലിത്തോൽ ധരിച്ചു വിളവുതിന്നുന്നതുപോലെ (പശു, കൃഷിക്കാർ അടുത്തു തുരത്താതിരിക്കാനായി പുലിത്തോൽ ധരിച്ചുംകൊണ്ടു് നിലത്തിലിറങ്ങി വിളവുതിന്നുന്നതുപോലെയാണ് മനശ്ശക്തിയില്ലാത്തവൻ താപസവേഷം ധരിച്ചു മററുള്ളവരെ കബളിപ്പിക്കുന്നതെന്നു താല്പൎയ്യം. പശു തനിക്കു അവകാശപ്പെട്ട പുല്ലിനെ ഉപേക്ഷിച്ചു പുലിവേഷംധരിച്ചു മനുഷ്യരെ വഞ്ചിച്ചു അവൎക്കു് അവകാശപ്പെട്ട ധാന്യത്തെ അനുഭവിക്കുന്നതുപോലെ, തൻെറ ഭാൎയ്യയെ ഉപേക്ഷിച്ചു താപസവേഷംപൂണ്ടു് ആളുകളെ കബളിപ്പിച്ചു അന്യസ്ത്രീകളെ അനുഭവിക്കുന്നു എന്നുഭാവം. അപ്രകാരം പുലിവേഷം ധരിക്കുന്ന പശുവുണ്ടാകാനിടയില്ലാത്തതിനാൽ അന്തരക്കാരായ താപസന്മാരും കാണപ്പെടുകയില്ലെന്നു അറിഞ്ഞുകൊള്ളുക)

തവമറൈന്തല്ലവൈചെയ്തൽപുതൻമറൈന്തു
വേട്ടുവൻ പുട്ചിമിഴ്ത്തററു. ൪

സാ—താപസവേഷത്തോടുകൂടി ഗൂഢകൎമ്മംചെയ്യുന്നവൻ, പുല്ലിൽ മറഞ്ഞുനിന്നുംകൊണ്ടു പക്ഷികളെപ്പിടിക്കുന്ന വേടനു തുല്യനാകുന്നു. (നിഷിദ്ധകൎമ്മങ്ങളെ ഗൂഢമായി അനുഷ്ഠിക്കുന്ന താപസൻ, മറഞ്ഞുനിന്നു കിളികളെപ്പിടിക്കുന്ന വേടനെപ്പോലെയുള്ളവനാണെന്നു താല്പൎയ്യം.)

പറററേറമെൻപാർപടിററൊഴുക്കമെററററെ-
ൻേറതം പലവുന്തരും. ൫

സാ—ബന്ധം അററു എന്നു പറയുന്നവരുടെ ഗൂഢവൃത്തികൾ, അവസാനത്തിൽ അതിയായ പശ്ചാത്താപത്തെ ജനിപ്പിക്കുന്നതുൻപങ്ങളെ നൽകും. (താപസവേഷധാരികളുടെ നിഷിദ്ധാചാരം അളവററ ദുഃഖത്തെയും അതുവഴി പശ്ചാത്താപത്തെയും ഉണ്ടാക്കും.)

നെഞ്ചിററുറവാർ തുറന്താർപോൽവഞ്ചിത്തു
വാഴ്വാരിൻ വൻകണാരിൽ. ൬

സാ—മനസാ സന്യസിക്കാതെ, സന്യസിച്ചവരെപ്പോലെ നടിച്ചുനടക്കുന്ന വഞ്ചകന്മാരെപ്പോലെ നിർദ്ദയന്മാർ വേറെ ആരും ഇല്ല. (ത്യാഗികളെന്നു നടിക്കുന്നവരെക്കാൾ ദുഷ്ടന്മാർ ആരുംതന്നെയില്ലെന്നു താല്പര്യം.)

പുറങ്കുൻറികണ്ടനൈയരേനുമകങ്കുൻറി
മൂക്കിർകരിയാരുടൈത്തു. ൭

സാ—പുറമേ കുന്നിക്കുരുപോലെ ശുദ്ധമുള്ളവരായിരുന്നാലും അകത്തു് അക്കുരുവിൻെറ ഒരുഭാഗത്തെ കറുപ്പു പററിയവരായ ഒരുതരക്കാരെ ലോകത്തിൽ കാണാം (കുന്നിക്കുരുവിൻെറ ചുകപ്പുപോലുള്ള മേനിയും—പരിശുദ്ധമായ താപസവേഷവും—അതിൻെറ മൂററംപോലെ കറുത്ത-കളങ്ക-ഹൃദയവും ഉള്ളവർ ഉണ്ടെന്നു താല്പര്യം)

മന്ത്തതുമാശാകമാണ്ടാർ നീരാടി
മറൈന്തൊഴുകു മാന്തർപലർ. ൮

സാ—മനസ്സിൽ അഴുക്കു നിറഞ്ഞു്, തപോഭാവം നടിച്ചു മുങ്ങിക്കുളിച്ചു മററുള്ളവരെ കബളിപ്പിച്ചു നടക്കുന്ന അനേകംപേർ ലോകത്തിലുണ്ടു്. (കാമക്രോധാദികളെ അകററാതെ അന്യന്മാരെ വഞ്ചിച്ചുനടക്കുന്ന താപസവേഷധാരികളുമുണ്ടെന്നു താല്പര്യം. അത്തരക്കാർ ആത്മാവിനെയും ലോകത്തെയും വഞ്ചിക്കുന്ന പെരുങ്കള്ളന്മാരാകയാൽ. അവർക്കുള്ള നരകം അത്യുഗ്രമാകുന്നു. അവരെ അറിഞ്ഞു ജീവിക്കേണ്ടഭാരം ലോകക്കുണ്ടു്.)

കണൈകൊടിതിയാഴ്കോട്ടു ചെവ്വിതാങ്കന്ന
വിനൈപടുപാലാർ കൊളൽ. ൯

സാ—അമ്പ്, വളവില്ലാതിരുന്നാലും (അതിൻെറ പ്രവൃത്തികൊണ്ടു) ക്രൂരമാണു്; വീണയാകട്ടെ, വളഞ്ഞിരുന്നാലും പ്രവൃത്തികൊണ്ടു ശാന്തമാണു്; താപസന്മാരുടെ ശ്രേഷ്ഠതയെ അവരുടെ പ്രവൃത്തികൊണ്ടറിയണം. (താപസന്മാരെയും താപസവേഷധാരികളെയും അവരുടെ പ്രവൃത്തികളെക്കൊണ്ടു തിരിച്ചറിയണമെന്നു താല്പര്യം.)

മഴിത്തലുനീട്ടലുംവേണ്ടാവുലകം
പഴിത്തതൊഴിത്തുവിടിൻ. ൧൦

സാ—നിഷിദ്ധാചാരങ്ങളെ നീക്കുന്നതായാൽ താപസന്മാർക്കു തല മുണ്ഡനംചെയ്യുകയും തലമുടി വളർത്തി ജടപിടിപ്പിക്കുകയും ചെയ്യേണ്ട ആവശ്യമില്ല (നിഷിദ്ധാചാരങ്ങളെ ത്യജിച്ചവർക്കു താപസവേഷം ആവശ്യമില്ലെന്നു താല്പര്യം.)

---

# ഇരുപത്തൊമ്പതാം അധികാരം.

## കള്ളാമൈ—നിർവ്യാജത.

എള്ളാമൈവേണ്ടുവാനെൻപാനെനൈത്തൊൻറു-
ങ്കള്ളാമൈ കാക്കതന്നെഞ്ചു. ൧

സാ—മോക്ഷത്തെ, അപലപിക്കാതെ, ഇച്ഛിക്കുന്നവനെന്നു കീർത്തിക്കപ്പെടുന്നവൻ, യാതൊന്നിനേയും അന്യരിൽനിന്നും അപഹരിക്കാൻ വിചാരിക്കാത്തവണ്ണം മനസ്സിനെ രക്ഷിക്കണം. (മോക്ഷത്തെ കാംക്ഷിക്കുന്നവർ, കളവിനെ വിചാരിക്കാൻപോലും പാടില്ലെന്നു താല്പര്യം. മോക്ഷത്തെ അപലപിക്ക എന്നുവച്ചാൽ, കാണപ്പെടുന്നതത്രേ പ്രമാണമെന്നും, ഭൂമി, ജലം, അഗ്നി, വായു എന്നു ഭൂതങ്ങൾ നാലാണെന്നും, അവയുടെ സമ്മേളനത്താലുണ്ടായി ശൈഥില്യത്താൽ നശിക്കുന്ന ശരീരത്തിൽ അറിവു, മധുവിൽ മധുരംപോലെ ചേർന്നിരിക്കുന്നുവെന്നും, മരിച്ച ജീവൻ പിന്നെ ജനിക്കുകയില്ലെന്നും സുഖവും ധനവും പ്രയത്നത്താൽ ലഭിക്കപ്പെടുമെന്നുമുള്ള വിശ്വസിക്കുകയാകുന്നു.)

ഉള്ളത്താലുള്ളലുന്തീതേ പിറൻപൊരുളൈ-
ക്കള്ളത്താർകൊൾവേമെനൽ. ൨

സാ—കർത്തവ്യമല്ലാത്തതിനെ മനസ്സുകൊണ്ടു വിചാരിക്കുന്നതു (സന്യാസികൾക്കു) പാപമാകുന്നു; അതിനാൽ അന്യന്റെ വസ്തുവിനെ അപഹരിക്കാമെന്നു നിനച്ചുകൂടാത്തതാണു്. (ഗൃഹസ്ഥാശ്രമികൾ വിനോദാർത്ഥം കളവുചെയ്താലും, വാനപ്രസ്ഥന്മാർ അതു വിചാരിക്കാൻകൂടി പാടില്ലാത്തതാകുന്നു എന്നു താല്പര്യം.)

കളവിനാലാകിയ വാക്കമളവിറ-
ന്താവതുപോലക്കെടും. ൩

സാ—കളവുതൊഴിൽകൊണ്ടു ലഭിക്കപ്പെടുന്ന ധനമാകട്ടെ, വർദ്ധിക്കുന്നതുപോലെ തോന്നി നശിക്കും. (കളവുമുതൽ, വർദ്ധിക്കുന്നതുപോലെ തോന്നി പെട്ടെന്നു നശിക്കുമെന്നു താല്പര്യം.)

കളവിൻകട്കൻറിയകാതൽ വിളൈവിൻകൺ
വീയാവിഴുമന്തരും. ൪

സാ—കളവിൽ ഊന്നിയ ആശ—താൽകാലികമായ മനസ്സുഖത്തെ നൽകുമെങ്കിലും—ഫലകാലത്തിൽ സ്ഥായിയായ ദുഃഖത്തെ നൽകും. (കളവിനെ ആശിച്ചാൽ തീരാദുഃഖം ബാധിക്കുമെന്നു താല്പര്യം.)

അരുൾകരുതിയൻപുടയരാതൽപൊരുൾകരുതി-
പ്പൊച്ചാപ്പുപ്പാർപ്പാർകണിൽ. ൫

സാ—കരുണയുടെ മഹത്വത്തെ അറിഞ്ഞു്, അതിനെ സ്നേഹിക്കുക എന്നതു്, പരധനത്തെ വാഞ്ഛിച്ചു് അവരുടെ നാശത്തെ കരുതുന്നവർക്കുണ്ടാവുകയില്ല. (പരധനത്തെ അപഹരിക്കാൻ ആശിക്കുന്നവർക്കു കരുണയും സ്നേഹവും കാണുകയില്ലെന്നു താല്പര്യം. തനിക്കു് അവകാശപ്പെട്ട സമ്പത്തുക്കളെ, ദുഃഖകാരണങ്ങളെന്നു കരുതി പരിത്യജിച്ചതിൽപിന്നെ, പരധനത്തെ മോഹിച്ചു് അതിനെ ലഭിക്കുന്നതിനായി അവരുടെ നാശത്തെ കരുതുന്നവർ, പരന്മാരുടെ നേർക്കുണ്ടാകേണ്ട കരുണയ്ക്കു അവകാശികളാകുന്നതല്ലെന്നു ഭാവം.)

അളവിൻകണ്ണിൻറൊഴുകലാററാർകളവിൻകട്
കൻറിയ കാതലവർ. ൬

സാ—കളവിൽ വല്ലതായ വഞ്ചനയോടുകൂടിയവർ, ജീവഗതിയുടെ പ്രമാണപരിശോധനയിൽ ഉറച്ചുനിന്നു പ്രവൃത്തിക്കയില്ല. (കളവിനെ അഭിവാഞ്ഛിക്കുന്നവർ കരുണാമാർഗ്ഗത്തിൽ പ്രവൃത്തിക്കയില്ലെന്നു ഭാവം. പ്രമാണപരിശോധനമെന്നുവച്ചാൽ പ്രത്യക്ഷാദിപ്രമാണങ്ങളെക്കൊണ്ടു്, ജീവവസ്തുവിനെയും അതിനു് അവധിയില്ലാതെ നേരിടുന്ന ദുഷ്കൃതഫലങ്ങളെയും അവമൂലം ആ ജീവൻ ദേവമാനുഷനരകതിര്യഗ്ഗതിചതുഷ്ടയത്തെ പ്രാപിക്കുന്നതിനെയും അതിനെ ഒഴിക്കാൻ പര്യാപ്തമായ യോഗജ്ഞാനങ്ങളെയും അതുവഴി ആ ജീവനു ലഭിക്കുന്ന മുക്തിയെയും കുറിച്ചുള്ള ശോധനമാകുന്നു.)

കളവെന്നുംകാരറിവാൺമൈയളവെന്നു-
മാററൽ പുരിന്താർകണ്ണിൽ. ൭

സാ—കളവെന്നു പറയപ്പെടുന്ന ഇരുണ്ട അജ്ഞാനത്തോടുകൂടിയ അവസ്ഥ, പ്രമാണശോധനമാകുന്ന മാഹാത്മ്യത്തെ ആദരിക്കുന്നവർക്കില്ല (കളവാകുന്ന അജ്ഞതം മഹാത്മാക്കൾക്കില്ലെന്നു താല്പര്യം. കളവും സന്യാസവും, അന്ധകാരവും വെളിച്ചവും പോലെ അന്യോന്യവിരുദ്ധങ്ങളാകയാൽ അവയ്ക്കു പരസ്പരസംബന്ധമില്ലെന്നു ഭാവം.)

അളവറിന്താർ നെഞ്ചത്തറംപോലനിർകും-
കളവറിന്താർ നെഞ്ചിർകരവു. ൮

സാ—കളവ് അറിഞ്ഞവരുടെ മനസ്സിൽ വഞ്ചന എന്നതു്, പ്രമാണശോധനം അറിഞ്ഞവരുടെ മനസ്സിൽ ധർമ്മം എന്നപോലെ ഉറച്ചുനിൽക്കും. (കളവുചെയ്യുന്നവരുടെ മനസ്സിൽ വഞ്ചന കുടികൊള്ളുമെന്നു താല്പര്യം.)

അളവല്ലചെയ്താങ്കേ വീവർകളവല്ല
മററൈയതേററാതവർ. ൯

സാ—കളവല്ലാതെ മറെറാന്നും അറിഞ്ഞിട്ടില്ലാത്തവർ, അളവില്ലാത്ത ദുഷ്കർമ്മങ്ങളെക്കുറിച്ചു ചിന്തിച്ചു് ഉടനെ നശിക്കും.

കൾവാക്കുത്തള്ളുമുയിർനിലൈ കള്ളാക്കു-
ത്തള്ളാതുപുത്തേളുലകു. ൧൦

സാ—കളവുതൊഴിലുള്ളവക്കു ശരീരവും തെററും; കളവില്ലാത്തവക്കു ദേവലോകംകൂടി തെററുകയില്ല; (കള്ളന്മാരെ ഈ ലോകത്തിൽ രാജാവു ദണ്ഡിക്കുന്നതിനാൽ ശരീരവും തെററുമെന്നും സത്യവാന്മാർ ദേവന്മാരായി ജനിക്കുന്നതിനാൽ ദേവലോകവും തെററുകയില്ലെന്നും ഭാവം.)

## മുപ്പതാം അധികാരം.

### വായ്മൈ—സത്യസന്ധത.

വായ്മൈയെനപ്പടുവതിയാതെനിൻ യാതൊൻറും-
തീമൈയിലാതചൊലൽ. ൧

(സാ—സത്യസന്ധതയെന്നു പറയപ്പെടുന്നതു് യാതൊന്നാണെന്നാൽ അല്പമെങ്കിലും ദോഷം ചെയ്യുന്ന വാക്കിനെ പറയാതിരിക്കുകയാകുന്നു. (ഇതിൽനിന്നും നടന്ന സംഭവത്തെപ്പോലും പറയരുതെന്നു് അർത്ഥം ധ്വനിക്കുന്നു; ആ സംഭവത്തെ വെളിപ്പെടുത്തുന്നതുകൊണ്ടു് വല്ലവർക്കും ദോഷം നേരിടാനുണ്ടെങ്കിൽ അതു് അസത്യഭാഷണത്തിൽ ഉൾപ്പെടുമെന്നു താല്പര്യം.)

പൊയ്മ്മെയും വായ്മ്മെയിടത്തപുരൈതീർന്ത-
നന്മൈ പയക്കുമെനിൻ. ൨

സാ—അസത്യഭാഷണവും, കുററത്തിൽനിന്നും വേർപെട്ട നന്മയെ (അന്യർക്കു) ചെയ്യുന്നതാണെങ്കിൽ സത്യഭാഷണത്തിൽ ഉൾപ്പെടുത്താം.

തന്നെഞ്ചറിവതുപൊയ്യർക പൊയ്ത്തപി-
ൻറന്നെഞ്ചേതന്നെച്ചുടും. ൩

സാ—തൻെറ മനസ്സിൽ അറിഞ്ഞ കള്ളത്തെ പറയാതിരിക്കുകയാണുവേണ്ടതു്; പറയുന്നുവെങ്കിൽ തൻെറ മനസ്സ് (ആ പാപത്തിനു സാക്ഷിയായിനിന്നു്) തന്നെ തപിപ്പിക്കും. (കള്ളമാണെന്നു് അറിഞ്ഞുംകൊണ്ടു് അതിനെ പറയുന്നതു പാപമാണു്; അതിനെ അറിഞ്ഞ മനസ്സുതന്നെ അവനെ പീഡിപ്പിക്കും.)

ഉള്ളത്താർപൊയ്യാതൊഴുകിനുലകത്താ
രുള്ളത്തുളെല്ലാമുളൻ. ൪

സാ—മനഃപൂർവ്വം കളവുപറയാത്തവൻ, ലോകരുടെ മനസ്സിൽ കുടികൊള്ളുന്നതാണ്. (അവൻെറ സത്യസന്ധതയെ ലോകർ ബഹുമാനിച്ചു് അവനെ ഹൃദയപൂർവ്വം കൊണ്ടാടുമെന്നു ഭാവം.)

മനത്തൊടു വായ്മൈ മൊഴിയിററവത്തൊടു
താനഞ്ചെയ്വാരിററലൈ. ൫

സാ—ഹൃദയപൂർവ്വം സത്യത്തെ പറയുമെങ്കിൽ, തപസ്സും ദാനവും ചെയ്യുന്നവനെക്കാൾ ഉൽകൃഷ്ടനായി ഭവിക്കും. (ശരീരംകൊണ്ടു ചെയ്യപ്പെടുന്ന ദാനതപസ്സുകളെക്കാൾ മനസ്സുകൊണ്ടു ചെയ്യപ്പെടുന്ന സത്യത്തിനു് പ്രാധാന്യം കല്പിച്ചിരിക്കുന്നു.)

പൊയ്യാമൈയന്നപുകഴില്ലൈ യെയ്യാമൈ
യെല്ലാവറമുന്തരും. ൬

സാ—ഒരുവനു് കളവുപറയായ്കയ്ക്കുതുല്യമായ കീർത്തികാരണം മറെറാന്നില്ല; അതു് ശരീരത്തെ പീഡിപ്പിക്കാതെ എല്ലാ ധർമ്മങ്ങളെയും തരും. (സത്യസന്ധത യശസ്സിനു കാരണമാകുന്നു; അതിനെക്കാൾ യശസ്സിനു കാരണമായി മറെറാന്നില്ല; അതു സകല ധർമ്മങ്ങളെയും നൽകും. ഗൃഹസ്ഥാശ്രമത്തിനു ധനസമ്പാദനാദികളാലും സന്യാസാശ്രമത്തിനു് ഉപവാസാദികളാലും പീഡകൾ അനുഭവിക്കേണ്ടിയിരിക്കുന്നു. ആ പീഡാനുഭൂതിയില്ലാതെ ഈ രണ്ടു ധർമ്മങ്ങളും നൽകുന്ന ഫലത്തെ സത്യസന്ധത മാത്രം പ്രദാനംചെയ്യും.)

പൊയ്യാമൈ പൊയ്യാമൈയാററിനറംപിറ
ചെയ്യാമൈ ചെയ്യാമൈനൻറു. ൭

സാ—കളവുപറയായ്കയിലുറച്ചുനിൽക്കുന്നുവെങ്കിൽ, അവൻ അന്യധർമ്മങ്ങൾ ചെയ്യാതെയിരിക്കുന്നതു് നന്നു്. (സത്യസന്ധൻ അന്യധർമ്മങ്ങൾ അനുഷ്ഠിക്കുകയേ വേണ്ടെന്നു താല്പര്യം.)

പുറന്തൂയ്മൈ നീരാനമൈയുമകന്തൂയ്മൈ
വായ്മൈയാർ കാണപ്പടും. ൮

സാ—ശരീരം ജലത്താൽ ശുദ്ധമാകുന്നു; മനസ്സ് സത്യത്താൽ പരിശുദ്ധമാകുന്നു (ശരീരത്തെ ശുദ്ധിയാക്കാൻ ജലത്തിനല്ലാതെ മററൊന്നിനും കഴിവില്ലാത്തതുപോലെ, മനസ്സിനെ ശുദ്ധിയാക്കാൻ സത്യത്തിനല്ലാതെ മററൊന്നിനും സാധിക്കുന്നതല്ലെന്നു ഭാവം.)

എല്ലാ വിളക്കും വിളക്കല്ല ചാൻേറാക്കു-
പ്പൊയ്യാവിളക്കേ വിളക്കു. ൯

സാ—പൂർണ്ണത്യാഗികൾക്കു (പുറമെയുള്ള ഇരുട്ടിനെ നീക്കുന്ന) വിളക്കുകളെല്ലാം വിളക്കുകളല്ല; (അകത്തെ അന്ധകാരത്തെ ഒഴിക്കുന്ന) സത്യമാകുന്ന വിളക്കത്രെ വിളക്കാകുന്നതു്. (അകത്തെ അന്ധകാരം അജ്ഞാനമാണ്; അജ്ഞാനാന്ധകാരത്തെ നീക്കാൻ സത്യമാകുന്ന വിളക്കിനല്ലാതെ, ബാഹ്യാന്ധകാരത്തെ മാററുന്ന സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, അഗ്നി മുതലായ വിളക്കുകൾക്കു സാധിക്കുന്നതല്ലെന്നു താല്പര്യം.)

യാമെയ്യാക്കണ്ടവററുളില്ലെ യനൈത്തൊൻറും
വായ്മൈയിനല്ലപിറ. ൰

സാ—നമ്മൾ, ജ്ഞാനശാസ്ത്രങ്ങളായി കണ്ടെപ്പെട്ട ഗ്രന്ഥങ്ങളിലൊന്നിലും സത്യത്തിലും മഹത്തായ ഒരു ധർമ്മത്തെ കണ്ടിട്ടില്ല. (സകല ഗ്രന്ഥങ്ങളും സത്യം സർവ്വോൽകൃഷ്ടമായ ധർമ്മമാണെന്നു വിധിക്കുന്നു; ഈശ്വരനാലും, ചിന്താശീലന്മാരായ മഹാത്മാക്കളാലും ലോകോപകാരാർത്ഥം അരുളിച്ചെയ്യപ്പെട്ടിട്ടുള്ള ശ്രുതികളെയാണ് ജ്ഞാനഗ്രന്ഥങ്ങളെന്നു പറഞ്ഞതു്. ആ ശ്രുതികളിൽ സത്യത്തേക്കാൾ വലുതായ ധർമ്മം കണ്ടിട്ടില്ലെന്നു താല്പര്യം.)

---

## മുപ്പത്തിയൊന്നാം അധികാരം.

### വെകുളാമൈ—കോപിക്കായ്ക.

---

ചെല്ലിടത്തുക്കാപ്പാൻ ചിനങ്കാപ്പാനല്ലിടത്തു-
ക്കാക്കിനെൻകാവാക്കാലെൻ. ൧

സാ—(ഒരുവൻ തൻെറ) കോപം ഫലിക്കുന്നിടത്തു് അതിനെ ഉയത്താതെ അമത്തുന്നവനെങ്കിൽ അവൻ (കോപത്തെ) അടക്കുന്നവനാകുന്നു; ഫലിക്കാത്ത സ്ഥലത്തു് അതിനെ തടുത്താലെന്തു്? തടുത്തില്ലെങ്കിലെന്തു്? (കോപം ഫലിക്കുന്നിടത്തു തടയണമെന്നു താല്പര്യം. താപസന്മാരുടെ കോപം ഫലിക്കുന്ന സ്ഥാനം അവരിൽ താണവരാണ്; അവിടെ കോപത്തെ അടക്കണം. അവരിൽ ഉയന്നവരുടെ നേക്കു് കോപിച്ചാൽ അതുകൊണ്ടു് അവക്കു് (ആ ഉയന്നവക്കു്) ഒരു ദോഷവുമുണ്ടാകാനില്ല. അതിനാൽ, അവിടെ കോപം അടക്കി എന്നുവച്ചു് അതൊരു ധർമ്മമാകുന്നതുമല്ല.)

ചെല്ലാവിടത്തു ചിനന്തീതു ചെല്ലിടത്തു
മില്ല തനിററീയ പിറ. ൨

സാ—കോപം, തന്നേക്കാൾ ബലവാൻെറ നേക്കുണ്ടായാൽ ദോഷമുണ്ടു്; തന്നേക്കാൾ താണവരുടെ നേക്കുണ്ടാകുന്നുവെങ്കിലോ, അതിനേക്കാൾ ദോഷം മററൊന്നു

കൊണ്ടുമുണ്ടാകുന്നില്ല (വലിയവരോടു കയർക്കുന്നതു തെററ്; എളിയവരോടു കയർക്കുന്നതു് അതിനെക്കാൾ തെററാകുന്നു. വലിയവരോടു കയർത്താൽ ഈ ലോകത്തിൽ അവരിൽനിന്നു പീഡകൾ നേരിടുന്നു; എളിയവരോടു കയർത്താൽ ഈ ലോകത്തിൽ അപഖ്യാതിയും പരലോകത്തിൽ തുൻപവും നേരിടുന്നു. കോപം യാതൊരുത്തരോടും പാടില്ലെന്നു ഭാവം.)

മറത്തൽ വെകുളിയെയാർമാട്ടുന്തീയ
പിറത്തലതനാൻ വരും. ൩.

സാ—കോപത്താൽ ഒരുവനു തുൻപങ്ങൾ നേരിടുന്നതിനാൽ, യാതൊരുവൻെറനേർക്കും കോപത്തെ പ്രകടിക്കാതെ അതിനെ മറക്കേണ്ടതാണ്.

നകൈയു മുവകൈയു ങ്കൊല്ലുഞ്ചിനത്തിൻ
പകൈയു മുളവോപിറ. ൪

സാ—(സന്ന്യാസികൾക്കു്, കരുണാമസൃണമായ) പുഞ്ചിരിയെയും മനഃപ്രസാദത്തെയും കൊന്നുയരുന്ന കോപത്തിൽനിന്നു് അന്യമായ ശത്രുവുണ്ടോ? (മുഖപ്രസാദത്തെയും മനഃപ്രസാദത്തെയും നശിപ്പിക്കുന്ന ശത്രു കോപം ഒന്നുമാത്രമേയുള്ളൂ എന്നു താല്പര്യം.)

തന്നൈത്താൻ കാക്കിൻ ചിനങ്കാക്ക കാവാക്കാ-
ററന്നൈയേ കൊല്ലുഞ്ചിനം. ൫

സാ—തനിക്കു തുൻപമുണ്ടാകാതെ സൂക്ഷിക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ കോപം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണു്; സൂക്ഷിച്ചില്ലെങ്കിൽ ആ കോപം തുൻപത്തിൽ പെടുത്തിക്കൊല്ലും (തനിക്കു സൽഫലത്തെ നൽകുന്ന തപസ്സിനെ ശത്രുക്കളെ ശപിക്കാനായി വിനിയോഗിക്കുകയാണെങ്കിൽ, തനിക്കു കിട്ടാനിരുന്ന സൽഫലം കിട്ടുകയില്ലെന്നുമാത്രമല്ല, കഴിഞ്ഞജന്മത്തിലെ പഴയ തുൻപങ്ങളോടുകൂടി പുതിയ തുൻപങ്ങളെയും ജനിപ്പിച്ചു കഷ്ടപ്പെടുത്തി കൊല്ലുമെന്നു ഭാവം.)

ചിനമെന്നുഞ്ചേർന്താരെക്കൊല്ലി യിനമെന്നു-
മേമപ്പുണൈയെ ച്ചുടും. ൬

സാ—കോപമാകുന്ന അഗ്നി, താൻ ഏതൊരുവനിൽ നിന്നും ഉളവാകുന്നുവോ, അവനെയും അവനെ ഉപദേശിക്കുന്ന ബന്ധുവിനെയും ദഹിപ്പിക്കും.

ചിനത്തൈപ്പൊരുളെൻറു കൊണ്ടവൻകേടു
നിലത്തറൈന്താൻ കൈപിഴൈയാതററു. ൭

സാ—കോപത്തെ (തൻെറ സാമർത്ഥ്യത്തെ) വെളിപ്പെടുത്തുന്ന ഒരു ഗുണമായി സ്വീകരിച്ചവൻെറ അനുഭവം ഭൂമിയിൽ അടിച്ച കൈയിൻെറ അനുഭവംപോലെയായിരിക്കും. (നിലത്തടിച്ച കൈ വേദനിക്കുന്നതുപോലെ കോപത്തെ സ്വീകരിച്ചവൻ വേദനപ്പെടുമെന്നു താല്പര്യം.)

ഇണരെരിതോയ്‌വന്നവിന്നാ ചെയിനും
പുണരിൻ വെകുളാമൈ നൻറു. ൮

സാ—കത്തിക്കാളുന്ന അഗ്നി തലോടുന്നതുപോലുള്ള തുൻപം നേരിടുവിക്കുന്നവൻെറ നേർക്കും കോപിക്കാതിരിക്കുന്നതു നന്നു്. (ഒരുവൻ എത്രവളരെ സങ്കടപ്പെടുത്തിയാലും അവൻെറ പേരിൽ അമർഷം ഉണ്ടാകാതിരിക്കണമെന്നു താല്പര്യം.)

ഉള്ളിയവെല്ലാമുടനെയ്തു മുള്ളത്താ-
ലുള്ളാൻ വെകുളി യെനിൻ. ൯

സാ—(തപസ്സു ചെയ്യുന്നവൻ) മനസ്സിൽ കോപത്തെ സ്വീകരിക്കാതിരുന്നാൽ (അവന്റെ) എല്ലാ അഭിലാഷങ്ങളും ഉടനെ സാധിക്കുന്നതാണ്. (കോപത്തെ നിശ്ശേഷം വെറുക്കുന്നവന്ന് ഐഹികപാരത്രികങ്ങളായ സകല അഭിലാഷങ്ങളും നിശ്ചയമായി സാധിക്കുമെന്നു താല്പര്യം.)

ഇറന്താരിറന്താരനൈയർ ചിനത്തൈ-
ത്തുറന്താർ തുറന്താർ തുണൈ. ൧൦

അത്യന്തകോപമുള്ളവർ, മരിച്ചവർക്കു തുല്യന്മാരാണ്; അതിനെ(കോപത്തെ) നിശ്ശേഷം ത്യജിച്ചവർ, മരണത്തെ ത്യജിച്ചവർക്കു തുല്യന്മാരാകുന്നു. (കോപിഷ്ഠന്മാർക്കു ജീവനുണ്ടായിരുന്നിട്ടും മനഃക്ഷോഭത്താൽ ജ്ഞാനത്തെ സമ്പാദിക്കാൻ സാധിക്കാത്തതിനാൽ അവർ മൃതതുല്യന്മാരും, കോപത്തെ ത്യജിച്ചവർക്കു, നശ്വരമായ ശരീരം ഉണ്ടായിരുന്നിട്ടും നിശ്ചയമായി മുക്തിയെ പ്രാപിക്കാൻ സാധിക്കുന്നതിനാൽ അവർ മുക്തതുല്യന്മാരുമാണെന്നു താല്പര്യം.)

---

## മുപ്പത്തിരണ്ടാം അധികാരം.

### ഇന്നാചെയ്യാമൈ—ദ്രോഹകൃത്യം ചെയ്യായ്ക.

---

ചിറപ്പീനുഞ്ചെൽവം പെറിനും പിറർക്കിന്നാ
ചെയ്യാമൈ മാചററാർകോൾ. ൧.

സാ—യോഗമാകുന്ന സിദ്ധിയാൽ, അണിമാദ്യൈശ്വര്യങ്ങൾ ലഭിക്കപ്പെട്ടാലെങ്കിലും അന്യർക്കു ദ്രോഹകൃത്യം ചെയ്യാതിരിക്കുക നിർമ്മലന്മാരായവരുടെ കർത്തവ്യമാകുന്നു. (യോഗബലത്താൽ, അഷ്ടൈശ്വര്യങ്ങളെ വശത്താക്കാമെന്നിരുന്നാലും പരന്മാർക്കു ദ്രോഹകരമായിട്ടുള്ള പ്രവൃത്തികളെ ചെയ്യാതിരിക്കുകയാണ, സത്തുക്കളുടെ കടമ. ആ കടമയെ ശരിക്കു പാലിക്കുകൂടി ചെയ്യുന്നവർക്കല്ലാതെ, ബലാൽക്കാരേണ അഷ്ടൈശ്വര്യങ്ങളെ വശത്താക്കുകമാത്രം ചെയ്യുന്നവർക്ക് യഥാർത്ഥമുക്തിക്ക് അവകാശമില്ലെന്നുഭാവം. കാമക്രോധാദികളിൽ നിന്നു വേർപെട്ടവനത്രേ നിർമ്മലൻ.)

കറുത്തിന്നാചെയ്തവക്കണ്ണു മറുത്തിന്നാ-
ചെയ്യാമൈ മാചററാർ കോൾ. ൨

സാ—കോപത്തോടുകൂടി തനിക്കു ദ്രോഹപ്രവൃത്തികളെ ചെയ്യുന്ന സ്ഥാനത്തും, അപ്രകാരമുള്ള ദ്രോഹപ്രവൃത്തികളെ പകരം ചെയ്യാതിരിക്കുക നിർമ്മലന്മാരുടെ കർത്തവ്യമാകുന്നു. (ദ്രോഹിച്ചവനെപ്പോലും ദ്രോഹിക്കരുതെന്നു താല്പര്യം.)

ചെയ്യാമർ ചെററാർക്കു മിന്നാതചെയ്തപിൻ
നയ്യാ വിഴുമന്തരും. ൩

സാ—(താൻ അങ്ങോട്ടു യാതൊരുദ്രോഹവും) ചെയ്യാതിരിക്കുന്ന അവസ്ഥയിൽപ്പോലും (തന്നെ) ദ്വേഷിക്കുന്നവരെ ദ്രോഹിക്കുകയാണെങ്കിൽ, (അതു്) അനിവാര്യമായ ദുഃഖത്തെ നൽകുന്നതാണ്. (നിരപരാധിയായ തന്നെ ദ്രോഹിക്കുന്നവനെപ്പോലും പരദ്രോഹിക്കുന്നതു പാപമാണെന്നു താല്പര്യം)

ഇന്നാചെയ്താരൈ യൊറുത്തലവർ നാണ
നന്നയഞ്ചെയ്തു വിടൽ. ൪

സാ—ദ്രോഹം ചെയ്തവരെ ശിക്ഷിക്കേണ്ടതു് അവർക്കു ലജ്ജതോന്നത്തക്കവണ്ണം നന്മയെച്ചെയ്തിട്ടാകുന്നു. (ചെയ്തുവിടൽ എന്നതിന് ചെയ്തതിനുശേഷം എന്നർത്ഥം, ...

നവച്ചാൽ, രണ്ടും (അന്യൻ തന്നെ ദ്രോഹിച്ചതും, താൻ നന്മചെയ്ത അവനെ ലജ്ജിപ്പിച്ചതും) ഉടനേ മറക്കുന്നതാണെന്നു ഭാവം. ദ്രോഹിച്ചവനു ഗുണംചെയ്തതുകൊണ്ടുമാത്രമായില്ല; ആ ചെയ്ത ശംസ്കൃതജ്ഞാനത്തിന്റെ ഫലമാണെന്നവരാം അതുകൊണ്ട് അതു ശ്ലാഘനീയമല്ല; മഹാമനസ്കതയോടുകൂടി ചെയ്യേണ്ടതാകുന്നു. അപ്രകാരം ചെയ്യുന്നവനു ഇങ്ങനെ ഒന്നു സംഭവിച്ചു എന്ന ഓർമ്മ പിന്നീട്ടുണ്ടാകുന്നതല്ല. അവന്റെ പ്രവൃത്തിയത്രേ ശ്ലാഘനീയം.)

അറിവിനാനാകുവതുണ്ടോ പിറിതിനോയ്
തന്നോയ്പ്പോൽ പോററാക്കടൈ. ൫

സാ—അന്യദുഃഖത്തെ തന്റേതെന്നുകരുതി രക്ഷിക്കാതിരുന്നാൽ, ഒരുവന്റെ ജ്ഞാനംകൊണ്ട് എന്തുഫലമാണ്? (അന്യദുഃഖത്തെ തന്റേതെന്നു കരുതി, അതിനെ പരിഹരിക്കാത്തവൻ, എത്രതന്നെ ജ്ഞാനിയായിരുന്നാലും അവന്റെ ജ്ഞാനംകൊണ്ടു യാതൊരുഫലവുമില്ലെന്നു താല്പര്യം. അന്യദുഃഖമെന്നതു് എറുമ്പുമുതൽ മനുഷ്യൻവരെയുള്ള സകലപ്രാണികളുടെയും ദുഃഖമെന്നർത്ഥം. ആ ദുഃഖത്തെ അറിഞ്ഞു് അതിനെ പരിഹരിക്കേണ്ടതു് അറിവുള്ളവരുടെ കടമയും അപ്രകാരം ചെയ്യാതിരിക്കുന്നതു പാപവുമാണെന്നു ഭാവം.)

ഇന്നാ എനത്താനുണർന്തവൈ തുന്നാമൈ
വേണ്ടും പിറൻകട് ചെയൽ. ൬

സാ—ദുഃഖകാരണങ്ങളാണെന്നു (അനുമാനാദിപ്രമാണങ്ങളാൽ) അറിയപ്പെട്ടവയെ അന്യപ്രാണികളുടെ നേർക്കു ചെയ്യാതിരിക്കയാകുന്നു വേണ്ടതു്. (സുഖദുഃഖങ്ങൾ ജീവിസാധാരണങ്ങളാകുന്നു. അവയുടെ കാരണങ്ങളെ പ്രത്യക്ഷാനുമാനാദി പ്രമാണങ്ങളാൽ അറിയേണ്ടതാണു്; അപ്രകാരം അറിയപ്പെട്ട ദുഃഖകാരണങ്ങളെ അന്യജീവികൾക്കതിൽനിന്നും നേരിടാതെ സൂക്ഷിക്കേണ്ടതാകുന്നു. അറിഞ്ഞുംകൊണ്ടു ചെയ്യുന്ന തെററിനു പ്രായശ്ചിത്തമില്ലാത്തതിനാൽ, അപ്രകാരം ചെയ്യുന്നവൻ ജന്മജന്മാന്തരങ്ങളിലും പാപത്തെ അനുഭവിക്കുമെന്നു താല്പര്യം. സുഖകാരണങ്ങളെ അറിയുന്നവൻ, അന്യർക്കു സുഖത്തെ ചെയ്യാതിരുന്നാലും അപ്പാപം അനുഭവിക്കുമെന്നും ഗ്രഹിക്കേണ്ടതാകുന്നു.)

എനൈത്താനുമെഞ്ഞാൻറും യാർക്കമനത്താനാ
മാണാചെയ്യാമൈ തലൈ. ൭

സാ—മനസ്സറിഞ്ഞുള്ള ദ്രോഹത്തെ ഏതൊരുകാലത്തും ഏതൊരാളിലും എത്ര ചെറുതുപോലും ചെയ്യാതിരിക്കുക പ്രഥമമായ ധർമ്മമാകുന്നു. (അറിഞ്ഞുംകൊണ്ടു് ആർക്കും എത്ര ചെറുതായ ഉപദ്രവവും ചെയ്യരുതെന്നു താല്പര്യം. ഏതൊരുകാലത്തും എന്നതിനാൽ ചെയ്വാൻ ശക്തിയുള്ള കാലത്തുമെന്നും ഏതൊരാളിലും എന്നതിനാൽ തീരെ എളിയവരിൽപോലുമെന്നും എത്ര ചെറുതുപോലുമെന്നതിനാൽ ചെറിയ ദ്രോഹത്തിനും ശിക്ഷയുണ്ടെന്നും അർത്ഥമാക്കേണ്ടതാകുന്നു.)

തന്നുയിർക്കിന്നാമൈ താനറിവാനെൻകൊലോ
മന്നുയിർക്കിന്നാ ചെയൽ. ൮

സാ—തന്റെ ജീവനു തുൻപത്തെ ചെയ്യുന്നവയെ അറിഞ്ഞവൻ, അന്യജീവനു ആ തുൻപത്തെ ചെയ്യുന്നതു് എന്തുകാരണത്താൽ? (അറിഞ്ഞുംകൊണ്ടു ചെയ്യുന്ന പാപത്തിനു് പരിഹാരമില്ലെന്നു് ശ്രുതിസ്മൃതികളാൽ ഗ്രഹിച്ചിട്ടുള്ള ഒരുവൻ തനിക്കു തുൻപം നേരിട്ടാലുള്ള അനുഭവത്തെ മറന്നു് അന്യരെ ദ്രോഹിക്കുന്നതു് എത്ര ഭീമമായ പാപമാണു്!)

പിറർക്കിന്നാ മുർപകൽ ചെയ്യിററമക്കിന്നാ
പിർപകൽ താമേ വരും. ൯

സാ—അന്യൎക്ക് മുഹൂൎത്തത്തിന്റെ പൂൎവ്വാൎദ്ധത്തിൽ ദ്രോഹം ചെയ്യുന്നവന്, അമ്മുഹൂൎത്തത്തിന്റെ പൂൎവ്വാൎദ്ധത്തിൽ തദ്ദ്രോഹം താനേ നേരിടുന്നതാണ്. (അന്യരെ ദ്രോഹിച്ചാൽ, ആ ദ്രോഹം അടുത്ത നിമിഷത്തിൽതന്നെ താൻ അനുഭവിക്കേണ്ടിവരുമെന്നു താൽപൎയ്യം.)

നോയെ ല്ലാനോയ്ചെയ്താർ മേലവാനോയ്ചെയ്യാർ
നോയിന്മൈ വേണ്ടുപവർ. ൧൦

സാ—ദുഃഖങ്ങളെല്ലാം അന്യൎക്ക് ദുഃഖത്തെ ചെയ്യുന്നവരിലാകുന്നു; ദുഃഖത്തിന്റെ അഭാവത്തെ ആഗ്രഹിക്കുന്നവർ അന്യൎക്ക ദുഃഖത്തെ ചെയ്യുകയില്ല (അന്യരെ ദ്രോഹിക്കുന്നവൎക്ക ദ്രോഹം അനുഭവിക്കേണ്ടിവരുമെന്നുള്ളതിനാൽ, ആ അനുഭവം ഉണ്ടാകരുതെന്നു കാംക്ഷിക്കുന്നവർ അന്യരെ ദ്രോഹിക്കുകയില്ലെന്നു താൽപൎയ്യം )

---

## മുപ്പത്തിമൂന്നാമധികാരം.

### കൊല്ലാമൈ—അഹിംസാ.

---

അറവിനൈ യാതെനിർ കൊല്ലാമൈകോറൽ
പിറവിനൈയെല്ലാന്തരും. ൧

സാ—ധൎമ്മപ്രവൃത്തികൾ എന്താണെന്നുവച്ചാൽ, അഹിംസയാകുന്നു. ഹിംസ സകല ദുഷ്കൎമ്മങ്ങളെയും നൽകുന്നതാണ്. (നിഷേധിക്കപ്പെട്ടവയെ ചെയ്യാതിരിക്കുന്നതും ധൎമ്മമാകയാൽ, അഹിംസയെ ധൎമ്മപ്രവൃത്തിയായി നിൎദ്ദേശിച്ചതാണ്. ഇവിടെ ദുഷ്കൎമ്മങ്ങൾ എന്നു പറഞ്ഞതു്, അവയുടെ പാപഫലങ്ങളെ ഉദ്ദേശിച്ചാകുന്നു; ഹിംസാകൎമ്മത്താൽ നേരിടുന്ന പാപത്തെ അന്യങ്ങളായ സകല ദുഷ്കൎമ്മങ്ങളും ഒന്നിച്ചുചേൎന്നാൽ തന്നെയും നേരിടുവിക്കുന്നതല്ല. അതിനാൽ യാതൊന്നിനെയും ഹിംസിച്ചുകൂടാത്തതാകുന്നു. യാതൊന്നിനെയും എന്നുവച്ചാൽ, ഒരറിവുമുതൽ അഞ്ചറിവുവരെയുള്ള ഏതൊന്നിനെയും എന്നൎത്ഥമാണ്. ഒരറിവുള്ളവ, സ്പൎശം അറിയുന്ന പുല്ലു, മരംമുതലായവയും, രണ്ടറിവുള്ളവ സ്പൎശവും രസവും അറിയുന്ന ചിപ്പി, ശംഖംമുതലായവയും, മൂന്നറിവുള്ളവ സ്പൎശവും രസവും ഗന്ധവും അറിയുന്ന ചിതൽ, എറുമ്പുമുതലായവയും, നാലറിവുള്ളവ സ്പൎശവും രസവും ഗന്ധവും രൂപവും അറിയുന്ന തുമ്പി, വണ്ടു മുതലായവയും അഞ്ചറിവുള്ളവ സ്പൎശവും രസവും ഗന്ധവും രൂപവും ശബ്ദവും അറിയുന്ന ദേവന്മാർ, മനുഷ്യർ, നാഗന്മാർ തിൎയ്യക്കുകൾ പക്ഷികൾ മുതലായവയുമാകുന്നു.)

പകുത്തുണ്ടു പല്ലുയിരോമ്പുത നൂലോർ
തൊകുത്തവററുളെല്ലാന്തലൈ. ൨

സാ—തന്റെ ആഹാരത്തെ പങ്കിട്ടുകൊടുത്തു് അഞ്ചുവക ജീവികളെയും പുലൎത്തുക ധൎമ്മശാസ്ത്രകൎത്താക്കന്മാരാൽ വിധിക്കപ്പെട്ടവയിൽവച്ചു സൎവ്വപ്രധാനമായ ധൎമ്മമാകുന്നു. (തനിക്കായിട്ടുള്ള ആഹാരത്തെ ക്ഷുൽപീഡിതരായ ജീവികൾക്കു ഭാഗിച്ചുകൊടുത്തിട്ടു് ഒരുഭാഗത്തെ താനും ഭക്ഷിക്കുന്നതു് സൎവ്വോൽകൃഷ്ടമായ ധൎമ്മമാണെന്നു താൽപൎയ്യം.)

ഒൻറാകനല്ലതു കൊല്ലാമൈമററതൻ
പിൻചാരപ്പൊയ്യാമൈ നൻറു. ൩

സാ—ധർമ്മശാസ്ത്രകർത്താക്കന്മാരാൽ വിധിക്കപ്പെട്ടവയിൽ, അദ്വിതീയമായിട്ടുള്ള ധർമ്മം അഹിംസയാകുന്നു. അതുകഴിഞ്ഞാൽ സത്യത്തിനു പ്രാധാന്യം.

നല്ലാറെനപ്പടുവ തിയാതെനിൻ യാതൊൻറുങ്-
കൊല്ലാമൈ ചൂഴ്നെറി. ൨

സാ—(സദ്ഗതിക്കും മുക്തിക്കും) നല്ലവഴിയെന്നു പറയപ്പെടുന്നത് എന്തെന്നാൽ, യാതൊന്നിനെയും ഹിംസിക്കായ്കയാകുന്ന ധർമ്മത്തേക്കരുതുന്ന മാർഗ്ഗമാകുന്നു. (യാതൊന്നിനെയും ഹിംസിക്കായ്കയാകുന്നു മുക്തിക്കുള്ള മാർഗ്ഗം എന്നു താൽപര്യം. തൃണവർഗ്ഗത്തെയും ഉൾപ്പെടുത്തി യാതൊന്നിനെയും എന്നു പറഞ്ഞതാണ്. അഹിംസയെക്കരുതുകയെന്നുവച്ചാൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മാത്രമല്ല മനസ്സുകൊണ്ടുംഅഹിംസയെ പാലിക്കണമെന്നു താൽപര്യമാകുന്നു )

നിലൈഅഞ്ചി നീത്താരുളെല്ലാങ്കൊലൈഅഞ്ചി-
ക്കൊല്ലാമൈ ചൂഴ്വാൻറലൈ. ൩

സാ—(ജന്മത്തിൻെറ) നിലയെ ഭയന്ന് (ജന്മമില്ലായ്മയ്ക്കായി) സന്ന്യസിച്ചവരിൽവച്ച് ഉത്തമൻ, ഹിംസാപാപത്തെ ഭയന്ന്, അഹിംസയെ മറക്കാത്തവനാകുന്നു. (അപരോത്തമൻ അഹിംസാനിഷ്ഠനാണെന്നു താല്പര്യം. ജന്മത്തിൻെറ നിലയെന്നത്, ചരവും അചരവുമാകുന്ന രണ്ടുപ്രകാരത്തിലുള്ള ജന്മങ്ങളിലും ദുഃഖം മാത്രമല്ലാതെ, സുഖമില്ലെന്നുള്ള നിലയാകുന്നു. സന്ന്യാസത്തിനു വകഭേദമില്ലെങ്കിലും, മതങ്ങളുടെ വ്യത്യസ്തഭാവത്തെസ്സംബന്ധിച്ചിടത്തോളം സന്ന്യാസികൾക്ക് ആദർശഭേദമുള്ളതിനാൽ 'സന്ന്യസിച്ചവരിൽ' എന്നു പ്രയോഗിച്ചതാണ്.)

കൊല്ലാമൈ മേർകൊണ്ടൊഴുകുവാൻവാഴ്നാണ്മേർ
ചെല്ലാതുയിരുണ്ണുങ്കൂററു. ൪

സാ—അഹിംസാവ്രതത്തെ പാലിച്ചുപോരുന്നവൻെറ ആയുഷ്കാലമദ്ധ്യത്തിൽ; ജീവനെക്കൊണ്ടുപോകുന്ന കാലൻ പ്രവേശിക്കുകയില്ല. (സുകൃതന്മാരും ദുഷ്കൃതന്മാരും ഈ ജന്മത്തിൽതന്നെ അവരവരുടെ പുണ്യപാപങ്ങളെ അനുഭവിക്കുമെന്ന ധർമ്മശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ച്, അഹിംസാധർമ്മത്തെ പാലിക്കുന്നവൻെറ ആയുസ്സ് ഇടയ്ക്കുവച്ചു കാലനാൽ അപഹരിക്കപ്പെടുകയില്ലെന്ന്, ഉദ്ബോധിപ്പിച്ചതാകുന്നു. അകാലമൃത്യുവിനു് ഇടയാകുകയില്ലെന്ന് ഉദ്ബോധനസാരം. ദീർഘായുഷ്മാനായിരുന്ന് മോക്ഷമാർഗ്ഗമായ ജ്ഞാനത്തെ സമ്പാദിക്കുമെന്നു ഭാവം.)

തന്നുയിർ നീപ്പിനുഞ്ചെയ്യർക താൻപിറി-
തിന്നുയിർനീക്കും വിനൈ. ൫

സാ—മററൊന്നിൻെറമഹത്തായ ജീവനെ(അതിൻെറ ശരീരത്തിൽനിന്നും) അകററുകയാകുന്ന തൊഴിലിനെ, തൻെറ ജീവൻ (തൻെറ ശരീരത്തിൽനിന്നും) അകലുന്നതായാലും, ചെയ്യാതിരിക്കേണ്ടതാകുന്നു. (കൊല്ലപ്പെടുന്നവൻെറ പാപം നശിക്കുകയും കൊല്ലുന്നവൻെറ പാപം വർദ്ധിക്കുകയും ചെയ്യുന്നതിനാൽ, തന്നെ ഒരുവൻ കൊല്ലുന്നതായാലും താൻ ഒരുവനെ കൊല്ലരുതെന്നു താല്പര്യം.)

നൻറാകുമാക്കം പെരിതെനിനുഞ്ചാൻറോർക്-
കൊൻറാകുമാക്കங்கടൈ. ൬

സാ—(യാഗകർമ്മത്തിലെ ഹിംസകൊണ്ടുണ്ടാകുന്ന) ഐശ്വര്യം ഉൽകൃഷ്ടമാണെന്നു പറയപ്പെടുന്നുണ്ടെങ്കിലും മഹത്തുക്കൾക്കു ഹിംസാജന്യമായ ഐശ്വര്യം നിന്ദ്യമാകുന്നു. (യാഗഹിംസയാലുണ്ടാകുന്ന ഐശ്വര്യം, സ്വർഗ്ഗലോകത്തിൽ ദേവനായി ജനി

ക്കുന്ന അവസ്ഥ; അതു് ഉൽകൃഷ്ടമായ പദവിയാണെന്നു പറയപ്പെടുന്നുവെങ്കിലും, ജന്മാവിട്ടൊഴിയുന്നില്ലാത്തതിനാൽ, യഥാർത്ഥത്തിൽ നിസ്സാരമായിട്ടുള്ള ഐശ്വര്യമാകുന്നു. തന്നൈശ്വര്യത്തോടും തൽകാരണമായി പറയപ്പെടുന്ന ഹിംസയെയും മോക്ഷേച്ഛുക്കളായിരിക്കുന്ന താപസന്മാരായിരിക്കുന്ന മഹത്തുക്കൾ കാംക്ഷിക്കാൻ പാടില്ല)

കൊലൈവിനൈയരാകിയ മാക്കൾപുലൈവിനൈയർ
പുൻമൈതെരിവാരകത്തു. ൯

സാ—ഹിംസാവൃത്തിയോടുകൂടിയ മനുഷ്യർ അതിനുഴിലിന്റെ അധമതയെ അവർ അറിയുന്നില്ലെങ്കിലും) അറിയുന്നവരുടെ മനസ്സിൽ ചണ്ഡാളന്മാരായിഭവിക്കുന്നു. (ഘാതകന്മാർ സജ്ജനദൃഷ്ട്യാ ചണ്ഡാളന്മാരായി ഭവിക്കുന്നു എന്നുതാല്പര്യം).

ഉയിരുടമ്പിനീക്കിയാരെൻപചെയിരുടമ്പിർ
ചെല്ലാത്തീവാഴ്ക്കൈയവർ. ൧൦

സാ—മഹാരോഗബാധിതമായ ശരീരത്തോടുകൂടിയവരും ദാരിദ്ര്യത്താൽ താണജീവിതത്തോടുകൂടിയവരും, (പൂർവജന്മത്തിൽ അന്യ)ജീവനെ (അതിന്റെ) ശരീരത്തിൽനിന്നും വേർപെടുത്തിയവരാണെന്നു പറയപ്പെടുന്നു. (അന്യജീവികളെ കൊല്ലുന്നവൻ അടുത്തജന്മത്തിൽ, മഹാരോഗിയും ദരിദ്രനുമായി ഭവിക്കുമെന്നു താല്പര്യം.)

ധർമ്മപദ്ധതിയിൽ സന്യാസാശ്രമധർമ്മ പൂർവകാണ്ഡം കഴിഞ്ഞു.

---

# ഉത്തരകാണ്ഡം—ജ്ഞാനം.

---

## മുപ്പത്തിനാലാം അധികാരം.

### നിലൈയാമൈ—അസ്ഥിരത.

---

നില്ലാതവറ്റൈ നിലൈയിനവെൻറുണരും
പുല്ലറിവാണ്മൈ കടൈ. ൧

സാ—നിലയില്ലാത്തവയെ നിലയുള്ളവയെന്നു കരുതുന്ന അല്പബുദ്ധികളായിരിക്കുക നിന്ദ്യമാകുന്നു (കാണപ്പെടുന്നതെല്ലാം ശാശ്വതമാണെന്നു് അല്പബുദ്ധിയാൽ വിശ്വസിച്ചു് അവയിൽ ആസക്തനായിരിക്കുന്നതു്, ജനനദുഃഖങ്ങൾക്കു കാരണമാകയാൽ അതു മോക്ഷേച്ഛുക്കൾക്കു പ്രതിബന്ധകമാകുന്നു എന്നുതാല്പര്യം.)

കൂത്താട്ടവൈക്കുഴാത്തറ്റേ പെരുഞ്ചെൽവം
പോക്കുമതു വിളിന്തറ്റു. ൨

സാ—വലിയ ഐശ്വര്യത്തിന്റെ വരവു്, കൂത്തുകാണാൻ ജനക്കൂട്ടം വരുന്നതുപോലെയാണു്; അതുപോകുന്നതും അക്കൂട്ടം പിരിഞ്ഞുപോകുന്നതുപോലെയത്രേ. (മഹൈശ്വര്യത്തിൽ, സ്വർഗ്ഗൈശ്വര്യവും ഉൾപ്പെടുന്നു. കൂത്തരങ്ങിൽ എപ്രകാരം പ്രേക്ഷകന്മാരുടെ കൂട്ടം ഉണ്ടാവുകയും കൂത്തുകഴിയുമ്പോൾ എപ്രകാരം പിരിഞ്ഞുപോവുകയും ചെയ്യുന്നുവോ അപ്രകാരം സൽകർമ്മത്താൽ ഒരുവനു സ്വർഗ്ഗാദ്യൈശ്വര്യങ്ങൾ ഉണ്ടാവുകയും സൽകർമ്മത്തിന്റെ ഫലം അനുഭവിച്ചുകഴിയുമ്പോൾ ഒഴിഞ്ഞുമാറുകയും ചെയ്യുന്നു എന്നു താല്പര്യം.)

അർകാ വിയൽപിററു ച്ചെൽവമതു പെററാ-
ലർകുപ വാങ്കേ ചെയൽ. ൨

സാ—ഐശ്വര്യം, അസ്ഥിരഭാവത്തോടുകൂടിയതാകുന്നു; ആ ഐശ്വര്യം ലബ്ധമായാൽ ആ മാത്രയിൽ ധർമ്മത്തെ അനുഷ്ഠിക്കണം. (ധർമ്മം പ്രവർത്തിക്കുന്നിടത്തേ ഐശ്വര്യം സംബന്ധിക്കുകയുള്ളൂ. ഐശ്വര്യം ഉണ്ടായിക്കഴിയുമ്പോൾ, അതിൽ അന്ധാളിച്ച് ധർമ്മത്തിൽനിന്നും പിൻവാങ്ങരുതെന്നു താല്പര്യം. നിഷ്കാമമായ ഭഗവൽപൂജയും ദാനവും ജ്ഞാനത്തിനും അതുവഴി മോക്ഷത്തിനും കാരണങ്ങളാകയാൽ, ആ ധർമ്മങ്ങളെ അനുഷ്ഠിക്കേണ്ടതാണെന്നു ഭാവം.)

നാളെനവൊൻറുപോർ കാട്ടിയുയിരീരും
വാളതുണർവ്വാർപ്പെറിൻ. ൩

സാ—ജീവനാകട്ടെ അല്പാല്പമായി അറുത്തുചെല്ലുന്ന ദിവസമാകുന്ന വാളിന്റെ വായിൽ പെട്ടതാണെന്നു ജ്ഞാനികൾ അറിയുന്നു. (അറുക്കപ്പെടുന്നതു ദേഹമാകയാൽ, ഇവിടെ ജീവൻ ദേഹത്തെക്കുറിക്കുന്നു.)

നാച്ചെററു വിക്കുള്മേൽ വാരാമു നൽവിനൈ
മേർചെൻറുചെയ്യപ്പടും. ൪

സാ—നാവടങ്ങി ഇക്കിൾ പുറപ്പെടുംമുമ്പ് മോക്ഷോപായമായ ധർമ്മത്തെ വേഗത്തിൽ അനുഷ്ഠിക്കേണ്ടതാണ്. (ആ കാലം ഇന്നപ്പോൾ സംഭവിക്കുമെന്നു നിശ്ചയമില്ലാത്തതിനാൽ കഴിയുംവേഗത്തിൽ അനുഷ്ഠിക്കണമെന്നു താല്പര്യം.)

നെരുനലുളനൊരുവനിൻറില്ലെയെന്നും
പെരുമൈയുടൈത്തിവുലകു. ൫

സാ—ഈ ലോകം, ഇന്നലെ ജനിച്ചവൻ ഇന്നില്ല എന്ന പ്രസിദ്ധിയോടുകൂടിയതാകുന്നു. (സ്ത്രീകളുടെ അവസ്ഥയും അതുതന്നെയാകയാൽ പ്രാധാന്യേന പുരുഷനെപ്പററി പറഞ്ഞതാണ്. ജനിക്കുന്നവർക്ക്—ജനിക്കുന്നവയ്ക്കു്--എല്ലാം മരണം സ്വാഭാവികമാകുന്നു എന്നുഭാവം )

ഒരുപൊഴുതും വാഴ്വതറിയാർ കരുതുപ
കോടിയുമല്ലപല. ൬

സാ—(അജ്ഞന്മാർ) മാത്രനേരംപോലും ദേഹാത്മാക്കളുടെ സംബന്ധത്തെ അറിയുന്നില്ല; അവർ കോടാനുകോടി പലേപലകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നു. (കാരണമാകുന്ന കർമ്മത്തിന്റെ അളവനുസരിച്ചു ജീവിതകാലം നിൽക്കുന്നു; ആ തത്ത്വം അറിഞ്ഞിട്ടില്ലാത്ത മൂഢന്മാർ, സുഖാനുഭൂതിക്കുള്ള മാർഗ്ഗവും അതിലേക്കു ധനം ശേഖരിക്കേണ്ട വിധവും അതിലേക്കുള്ള പ്രയത്നങ്ങളെയും ആ പ്രയത്നങ്ങളിൽ നേരിടാവുന്ന പ്രതിബന്ധങ്ങളെയും ഒഴിക്കാനുള്ള മാർഗ്ഗങ്ങളും തദനന്തരം ശേഖരിക്കപ്പെടുന്ന ധനത്തെ രക്ഷിക്കേണ്ടമാതിരിയും ആ ധനംകൊണ്ടു സ്നേഹിതന്മാരെ സഹായിക്കുകയും ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യേണ്ട വിധങ്ങളും ആ നില കിട്ടിക്കഴിഞ്ഞാലുള്ള ആനന്ദവും ഇത്യാദി അവസാനമില്ലാത്ത സംഗതികളെക്കുറിച്ചു മനോരാജ്യം കൊള്ളുന്നു എന്നു താല്പര്യം )

കുടംപൈ തനാത്തൊഴിയപ്പുട്പറന്തററേ
ഉടംപോടുയിരിടൈനട്പു. ൭

സാ—ശരീരത്തോടു ജീവനുള്ള സ്നേഹം മുട്ട വേർപെട്ടവേ പറന്നുപോകുന്ന പക്ഷിയുടേതിനു തുല്യമാകുന്നു. (മുട്ടയ്ക്കും പക്ഷിക്കും തമ്മിൽ സംബന്ധമില്ലാത്തതുപോലെ,

ദേഹത്തിനും ജീവനും തമ്മിൽ സംബന്ധമില്ലെന്നു താല്പൎയ്യം. തന്നെ പുലത്തി രക്ഷിച്ച മുട്ടയിൽ തെല്ലും സ്നേഹമില്ലാതെ പക്ഷി അതിനെ ഉപേക്ഷിച്ചു പോകുന്നതിനാൽ, പക്ഷിക്കുതുല്യമായ ജീവനു മുട്ടയ്ക്കുതുല്യമായ ദേഹത്തോടു സംബന്ധമില്ലെന്നു ഭാവം. രൂപമില്ലാത്തതും അറിവുള്ളതും അനശ്വരമായതുമായ ജീവനും രൂപമുള്ളതും അറിവില്ലാത്തതും നശ്വരമായതുമായ ശരീരവും കൎമ്മഫലത്താൽ ഒരു ക്ലിപ്തകാലത്തേക്കു സംബന്ധിക്കുന്നു എന്നുവച്ചു് ജീവനു ശരീരത്തോടു് എന്തു സ്നേഹമാണു്!)

ഉറംകുവതുപോലുഞ്ചാക്കാട്ടുറങ്കി
വിഴിപ്പതുപോലുംപിറപ്പു. ൯

സാ — മരണം നിദ്രയ്ക്കുതുല്യവും ജനനം ഉറങ്ങി ഉണരുന്നതിനുതുല്യവുമാണല്ലോ. (ഉറക്കലും ഉണരലും മാറിമാറി സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ, മരണവും ജനനവും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു.)

പുക്കിലമൈന്തിൻറുകൊല്ലോവുടമ്പിനു-
ട്ടുച്ചി ലിരുന്തവുയിൎക്കു. ൧൦

സാ — (വാതപിത്താദികളുടെ വകയായുള്ള) ശരീരത്തിൽ, ഇതുവരെയായി താമസിച്ചുപോരുന്ന ജീവനു് (എന്നും താമസിക്കുന്നതിനു്) ഒരു സ്വന്തവീടു് ഏൎപ്പെട്ടിട്ടില്ലപോൽ! (വാതപിത്താദികൾ കുടിയിരിക്കുന്ന ദേഹത്തിൽ, ജീവനും അവരുടെ സമ്മതത്തോടുകൂടി താമസിക്കുന്നു. അവ കോപിക്കുമ്പോൾ, ജീവൻ ആ ഗൃഹത്തിനു പുറത്തുപോകേണ്ടിവരുന്നു. ഇപ്രകാരം ഒരു ഗൃഹത്തിലും സ്ഥിരതാമസത്തിനു് നിവൃത്തിയില്ലാത്തതിനാൽ ജീവൻ ഓരോ ശരീരത്തിലും ഇരവൽ താമസിക്കുകയാണെന്നു പറഞ്ഞതാണു്. സ്ഥിരതാമസത്തിനു് ഒരു സ്വന്തം ഗൃഹം ജീവനില്ലെന്നു പറഞ്ഞതിനാൽ, എന്നും ജീവനോടുകൂടി നില്ക്കുന്ന യാതൊരു ശരീരവുമില്ലെന്നു ഭാവം.)

---

## മുപ്പത്തിഅഞ്ചാം അധികാരം.

### തുറവു — ത്യാഗം.

---

യാതനിൻ യാതനി നീങ്കിയാനോത-
ലതനിനതനി നിലൻ. ൧

സാ — ഏതേതിൽനിന്നു വിട്ടുമാറുന്നുവോ, അതതിൽനിന്നുണ്ടാകുന്ന പീഡകളെ അനുഭവിക്കേണ്ടിവരുന്നില്ല (ഇന്ദ്രിയവിഷയങ്ങളെ ഓരോന്നായി ത്യജിക്കുന്നതായാൽ, ത്യജിക്കപ്പെടുന്നവയുടെ പീഡകളെ അനുഭവിക്കാതിരിക്കാൻ കഴിയുന്നു. പീഡ എന്നു പറഞ്ഞതു് ഈ ജന്മത്തിലും മറുജന്മത്തിലും ഉള്ള രണ്ടുതരം പീഡകൾ എന്നൎത്ഥമാണു്.)

വേണ്ടിനുണ്ടാകത്തുറക്കത്തുറന്തപി-
നീണ്ടിയൎപാലപല. ൨

സാ — ത്യാഗത്തിനുശേഷം, ഈ ജന്മത്തിൽത്തന്നെ സ്വാഭാവികമായി ഉണ്ടാകാവുന്ന സുഖങ്ങൾ അനവധിയാണു്; ആ സുഖങ്ങളെ കാംക്ഷിക്കുന്നുവെങ്കിൽ, കാലേക്കൂട്ടി സന്ന്യസിക്കേണ്ടതാകുന്നു. (ആ സുഖങ്ങളാകട്ടെ, മനോവാക്കായങ്ങൾ വസ്തുക്കളിൽ പ്രവൎത്തിക്കാതെ, സന്മാൎഗ്ഗത്തിലേക്കു വിനിയോഗിക്കുന്നതിനാൽ ഉണ്ടാകുന്നവയാകുന്നു. ചെറുപ്പത്തിലെ സന്ന്യസിച്ചവൻ തൽസുഖങ്ങളെ ദീൎഘകാലം അനുഭവിക്കുന്നതിനാൽ കാലേക്കൂട്ടി സന്ന്യസിക്കേണ്ടതാണെന്നു ഭാവം.)

അടൽവേണ്ടുമൈന്തൻപുലത്തൈ വിടൽവേണ്ടും
വേണ്ടിയവെല്ലാമൊരുങ്കു. ൩

സാ —(മോക്ഷേച്ഛുക്കൾ) ചെവി തുടങ്ങിയുള്ള പഞ്ചേന്ദ്രിയങ്ങളുടെ ശബ്ദാദി വിഷയങ്ങളെ കെടുത്തണം; (അതിലേക്ക്) തനിക്ക് അവകാശപ്പെട്ട സകലത്തിനെയും നിശ്ശേഷം വെടിയേണ്ടതാകുന്നു (മോക്ഷത്തെ ഇച്ഛിക്കുന്നവർ പഞ്ചേന്ദ്രിയങ്ങളെ ജയിക്കണമെന്നും, പഞ്ചേന്ദ്രിയങ്ങളെ ജയിക്കണമെങ്കിൽ, സകലത്തെയും ത്യജിക്കണമെന്നും താല്പര്യം.)

ഇയൽപാകുനോൻപിർകൊൻറിൻമൈയുടൈമൈ
മയലാകുമററും പെയർത്തു. ൪

സാ—തപസ്സുചെയ്യുന്നവർക്ക് യാതൊന്നും ഇല്ലാതിരിക്കേണ്ടതാവശ്യമാകുന്നു. ഏതെങ്കിലും ഒന്നിൽ ഉടമസ്ഥത ഉണ്ടായാൽ വീണ്ടും മയക്കത്തിനു കാരണമാകുന്നു. (താപസന്മാർക്ക് യാതൊന്നിലും പററുണ്ടായിരിക്കാൻ പാടില്ലെന്നും ഏതെങ്കിലും ഒന്നിൽ സക്തി കിടന്നാൽ, അതുവഴി, പൂർവ്വം ത്യജിക്കപ്പെട്ട ആസക്തികൾകൂടി പുനരാഗമിച്ച് തപസ്സിനെ ഭഞ്ജിക്കുമെന്നും താല്പര്യം.)

മററുന്തൊടർപ്പാടെവൻകൊൽപിറപ്പറുക്ക
ലുററാർക്കുടമ്പുമികൈ. ൫

സാ—ജന്മത്തെ ഒഴിക്കാനുള്ള മാർഗ്ഗത്തിൽ പ്രയത്നിക്കുന്നവർക്ക് ശരീരം വലിയ ഭാരമാണ്; മററൊക്കെ എന്തിനായിട്ട്? (താപസന്മാർക്ക് തപോവൃത്തിക്കു സഹായിക്കുന്ന ശരീരംതന്നെയും ഒരു വലിയ ഭാരമാണെന്നിരിക്കെ, അതിലേക്കു യാതൊരു സഹായവുമില്ലാത്ത അന്യവസ്തുക്കൾ എന്തിനായിട്ട്? ശരീരം എന്ന പേരുകൊണ്ടു പറഞ്ഞത് സ്ഥൂലശരീരത്തെയും സൂക്ഷ്മശരീരത്തെയും ഉദ്ദേശിച്ചാകുന്നു.)

യാനെനതെന്നുഞ്ചെരുക്കറുപ്പാൻവാനോ-
ർക്കുയർന്തവുലകം പുകും. ൬

സാ —(താനല്ലാത്ത ശരീരത്തെ) ഞാനെന്നും (തനിക്കു യാതൊരു സംബന്ധവുമില്ലാത്ത വസ്തുക്കളെ) തന്റേതെന്നും വിചാരിച്ച് അവയിൽ ആസക്തി ചെലുത്തുന്നതിനു ഹേതുവായ മയക്കത്തെ അകററുന്നവൻ, ദേവന്മാരാൽപോലും ദുഷ്പ്രാപമായ ലോകത്തെ പ്രാപിക്കുന്നു. (മയക്കം=അജ്ഞാനം. അജ്ഞാനത്തെ അകററുകയെന്നു വച്ചാൽ ഗുരൂപദേശത്താലും യോഗാഭ്യാസംകൊണ്ടും, ശരീരം ഞാനല്ലെന്നും വസ്തുക്കൾ എന്റേതല്ലെന്നും അറിഞ്ഞ് അവയിലുള്ള ആസക്തിയെ വെടിയുകയാകുന്നു. അപ്രകാരം ചെയ്യുന്നവർ, ദേവലോകത്തിനും മേലായ ലോകത്തെ പ്രാപിക്കും. സ്വർഗ്ഗവും കടന്നു മോക്ഷത്തിലെത്തും)

പററിവിടാഅ വിടുമ്പൈകൾപററിനൈ-
പ്പററിവിടാഅ തവർക്കു. ൭

സാ—ആസക്തിയെ നിശ്ശേഷം വെടിയാത്തവരെ പീഡകൾ വിട്ടൊഴിയാതെ മുറുകെപ്പിടിക്കുന്നതാണ്. (സക്തിയെ ഉന്മൂലനം ചെയ്യാത്തവരിൽ ദുഃഖം സ്ഥായിയായി നിൽക്കുമെന്നു താല്പര്യം)

തലൈപ്പട്ടാർ തീരത്തുറന്താർമയങ്കി
വലൈപ്പട്ടാർ മററൈയവർ. ൮

സാ—മഹാത്യാഗികൾ—നിശ്ശേഷംത്യജിച്ചവർ—മുക്തിയെ പ്രാപിക്കുന്നു; നിശ്ശേഷം ത്യജിക്കാത്തവർ മയക്കത്താൽ ജന്മമാകുന്ന വലയിൽ, കുടുങ്ങിക്കിടക്കുന്നതാണ്. (നിശ്ശേഷം ത്യജിച്ചവർക്കു മോക്ഷമുള്ളു; നിശ്ശേഷം ത്യജിക്കാത്തവർക്ക് അതിനു അവകാശമില്ല; ജനനമരണങ്ങളിൽനിന്നും അവർക്കു മോചനമില്ല.)

പററററകണ്ണേ പിറപ്പറുക്കുമററു
നിലൈയാമൈ കാണപ്പടും. ൯

സാ—സക്തിയെ അകററിയാൽ, ആ സക്തി ജന്മത്തെ അകററുന്നു; സക്തിയെ അകററാതിരിക്കുന്നിടത്തോളം, ജനിച്ചും മരിച്ചുമുള്ള അവസ്ഥയെ അനുഭവിക്കുന്നതാണ് (കാരണത്തിൻെറ അഭാവത്തിൽ കാര്യംനീങ്ങുന്നു; സക്തി ഒഴിയാതിരിക്കുന്നിടത്തോളം ജനനമരണം വിട്ടൊഴിയുന്നതല്ല)

പററുകപററററാൻപററിനൈയപ്പററെ-
പ്പററുക പററു വിടർകു. ൧൦

സാ—പററററവനായ് (സക്തിയൊഴിഞ്ഞവനായ) ഈശ്വരനാൽ നിർദ്ദേശിക്കപ്പെട്ട മുക്തിമാർഗ്ഗത്തെ മുറുകെപ്പിടക്കണം; പററൊഴിയാൻ, ആ മാർഗ്ഗത്തെ മനസാ ആചരിക്കണം. (ആ മാർഗ്ഗം ധ്യാനവും സമാധിയുമാകുന്നു.)

---

## മുപ്പത്തിആറാം അധികാരം.

### മെയ്യുണർതൽ—തത്വബോധം.

---

പൊരുളല്ലവററൈപ്പൊരുളെൻറുണരു-
മരുളാനാ മാണാപ്പിറപ്പു. ൧

സാ—സത്യമ(യഥാർത്ഥമ)ല്ലാത്തതിനെ, സത്യമാണെന്നു ബോധിക്കുന്ന മിഥ്യാജ്ഞാനത്താൽ അനഭിലഷണീയമായ ജനനം ഉണ്ടാകുന്നു. (ഇവിടെ സത്യമല്ലാത്തതിനെ സത്യമാണെന്നു ബോധിക്കുകയെന്നുവച്ചാൽ, പുനർജ്ജന്മം, സുകൃതദുഷ്കൃതഫലങ്ങൾ, ദൈവം ഇവയില്ലെന്നും മററും ഘോഷിക്കുന്ന നാസ്തികഗ്രന്ഥങ്ങളെ സത്യമാണെന്നു വിശ്വസിക്കുകയാകുന്നു. നരകന്മാർ, തിര്യക്കുകൾ, മനുഷ്യർ, ദേവന്മാർ മുതലായ ചതുർവ്വിധജന്മങ്ങളിലും അനുഭവം ദുഃഖമാകയാൽ, അവ അനഭിലഷണീയമായ ജന്മങ്ങളാകുന്നു.)

இருணீങ്കിയിൻപം പയക്കു മരുണീങ്കി
മാചറു കാട്ചിയവർക്കു. ൨

സാ—അധ്യാസ—മിഥ്യാഭ്രമ—ത്തിൽനിന്നും നീങ്ങി നിർമ്മലമായ തത്വജ്ഞാനത്തെ സമ്പാദിച്ചവർക്ക്—ആ കേവലജ്ഞാനം ജന്മത്തെ ഒഴിച്ചു മുക്തിയെ നൽകുന്നതാണ്.

ഐയത്തി നീങ്കിത്തെളിന്താർക്കുവൈയത്തിൻ
വാനം നണിയ തുടൈത്തു. ൩

സാ—സന്ദേഹത്തിൽനിന്നും നീങ്ങി, കേവലജ്ഞാനത്തെ സമ്പാദിച്ചവർക്കു മോക്ഷലോകം, ഈ ലോകത്തേക്കാൾ സമീപത്തിൽ കാണപ്പെടും. (ഇവിടെ സന്ദേഹമെന്നതു്, പുനർജ്ജന്മവും സുകൃതദുഷ്കൃതഫലങ്ങളും ദൈവവും ഉണ്ടോ ഇല്ലയോ എന്നു സംശയിച്ച് ഒന്നിലും ഉറയ്ക്കാത്ത നിലയാകുന്നു.)

ஐயுണർവെയ്തിയക്കണ്ണും പയമിൻേറ
മെയ്യുണർവില്ലാതവർക്കു. ൪

സാ—കേവലജ്ഞാനമില്ലാത്തവർക്ക്, പഞ്ചേന്ദ്രിയജ്ഞാനം സിദ്ധിച്ചതുകൊണ്ട് എന്തുഫലം? (തത്വജ്ഞാനമില്ലാത്തവർ പഞ്ചേന്ദ്രിയങ്ങളെ വശപ്പെടുത്തിയതുകൊണ്ട് ഒരു ഫലവുമുണ്ടാകുന്നില്ല.)

എപ്പൊരുളെത്തന്മൈത്തായിനുമപ്പൊരു-
ണ്മെയ്പ്പൊരുൾ കാൺപതറിവു. ൫

സാ—ഏതൊരുവസ്തുവും, ഏതൊരു സ്വഭാവത്തിൽ തോന്നപ്പെട്ടാലും, അതിനെ അതേനിലയിൽ ഗ്രഹിക്കാതെ, തോന്നപ്പെട്ട ആ വസ്തുവിൽനിന്നും അതിന്റെ പരമാർത്ഥതയെ ഗ്രഹിക്കുകയാകുന്നു തത്വജ്ഞാനം എന്നു പറയപ്പെടുന്നത്. (സകലപദാർത്ഥങ്ങളിലും, ലൗകികമായി നാമരൂപങ്ങളെസ്സംബന്ധിച്ചിടത്തോളം പല കല്പനകൾ അടങ്ങിയിട്ടുണ്ട്; ആ നാമരൂപാദികല്പനകളെ ഒഴിച്ച് ഓരോ വസ്തുവിന്റെയും പരമാർത്ഥത്തെ ഗ്രഹിക്കുകയാണു തത്വജ്ഞാനം എന്നു താല്പര്യം.)

കററീണ്ടുമെയ്പ്പൊരുൾകണ്ടാർ തലൈപ്പടുവർ
മററീണ്ടു വാരാ നെറി. ൬

സാ—ഈ ജന്മത്തിൽ ഗുരുമുഖത്തുനിന്നും കേട്ടു തത്വജ്ഞാനം സമ്പാദിച്ചവർ വീണ്ടും ജന്മത്തിലേക്കു വരാത്തവഴിയിൽ കടക്കുന്നു. (ഗുരൂപദേശപ്രകാരം തത്വജ്ഞാനം സിദ്ധിച്ചവർക്കു പുനർജ്ജന്മമുണ്ടാകുന്നതല്ല; മോക്ഷം ലഭിക്കുന്നു. ശ്രവണ, മനന, നിദിദ്ധ്യാസനങ്ങളിൽ, ശ്രവണത്തെപ്പററിയാണ് ഇവിടെപ്പറഞ്ഞിരിക്കുന്നത്.)

ഓർത്തുള്ളമുള്ളതുണറിനൊരുതലൈയാ-
പ്പേർത്തുള്ള വേണ്ടാപിറപ്പു. ൭

സാ—(അപ്രകാരം ഗുരുമുഖത്തുനിന്നും ശ്രവിച്ച ഉപദേശത്തെ) മനസ്സുകൊണ്ടു വീണ്ടും വീണ്ടും ചിന്തിച്ച് യഥാർത്ഥത്തെ ഗ്രഹിക്കുന്നതായാൽ അവനു പുനർജ്ജന്മമുണ്ടാകുമെന്നു തെററിദ്ധരിക്കേണ്ട ആവശ്യമില്ല. (ഇവിടെ മനനത്തെപ്പററി പ്രസ്താവിച്ചു.)

പിറപ്പെന്നുംപേതമൈ നീങ്കച്ചിറപ്പെന്നു-
ഞ്ചെമ്പൊരുൾ കാൺപതറിവു. ൮

സാ—ജന്മത്തിനു കാരണമായിട്ടുള്ളതെന്നു പറയപ്പെടുന്ന അജ്ഞാനം നശിച്ച്, മോക്ഷകാരണമെന്നു പറയപ്പെടുന്ന ഉൽകൃഷ്ടാർത്ഥത്തെ ഗ്രഹിക്കുകയാകുന്നു തത്വജ്ഞാനം. (തത്വാർത്ഥത്തോടു ഏകീകരിക്കുന്നതിനായി നിരന്തരം ചിന്തിച്ചു തത്വജ്ഞാനം സമ്പാദിക്കുന്നു. ഈ വിചിന്തനം സമാധിയെന്നു പറയപ്പെടുന്നു. അതത്രേ നിദിദ്ധ്യാസനം. മരണസമയത്തെ ചിന്തകൾ മരണാനന്തരമുള്ള അവസ്ഥാന്തരങ്ങൾക്കു പ്രേരകമാണ്. അപ്പോഴത്തെ ചിന്ത, ലൗകികമാണെന്നിരുന്നാൽ വീണ്ടും ലോകത്തിലേക്കു ജനിക്കുന്നു. അതിനാൽ മരണവേളയിൽ മനസ്സ് താദൃശചിന്തകളിൽ വ്യാപരിക്കാതിരിക്കാൻ നിദിദ്ധ്യാസനത്തെ ശീലിക്കേണ്ടതാകുന്നു. അതിനെക്കാൾ ഉൽകൃഷ്ടമായ മാർഗ്ഗാന്തരമില്ലതന്നെ.)

ചാർപുണർന്തു ചാർപുകെട വൊഴുകിൻമററഴിത്തു-
ച്ചാർതരാ ചാർതരുനോയ്. ൯

സാ—ഒരുവൻ സർവ്വത്തിനും ആധാരമായുള്ള വസ്തുവിനെ അറിഞ്ഞ് സക്തിയെ മാററിയാൽ, അവനെ പ്രാപിക്കാനിരുന്ന പീഡകൾ 'ഇങ്ങിനിവരാതവണ്ണം' ഒഴിഞ്ഞുപോകുന്നതാണ്. (മുൻചൊന്ന മൂന്നു ഉപായങ്ങളാൽ പരമാർത്ഥവസ്തുവിനെ അറിഞ്ഞാൽ, ജന്മാവൃത്തിയിൽനിന്നും മുക്തനാകുന്നതാണ്; ജന്മാവൃത്തിയിൽനിന്നും മുക്തനാകുന്നതോടുകൂടി തജ്ജന്യമായ പീഡകളും വിട്ടൊഴിയുന്നു.)

കാമം വെകുളി മയക്ക മിവൈ മൂൻറ-
നാമങ്കെട കെട്ട നോയ്. ൧൦

സാ—(അപ്രകാരം ജന്മാവൃത്തിയിലും തജ്ജന്യമായ പീഡകളിലും നിന്നു മോചനം സിദ്ധിക്കുന്നതോടുകൂടി) കാമം, ക്രോധം, അജ്ഞാനം ഇമ്മൂന്നു കാരണങ്ങളുടെ പേരും നശിക്കുന്നതിനാൽ, അവയുടെ കാൎയ്യങ്ങളാകുന്ന ഫലങ്ങൾ ഉണ്ടാകുന്നില്ല. (അവിദ്യയാകുന്ന അജ്ഞാനവും, അജ്ഞാനത്താലുണ്ടാകുന്ന അഹങ്കാരവും, അഹങ്കാരത്താലുള്ള ആഗ്രഹവും, ആഗ്രഹത്താലുണ്ടാകുന്ന ആശയും, ആശയാലുണ്ടാകുന്ന കോപവും ഇങ്ങനെ സംസ്കൃതാചാൎയ്യന്മാർ കാരണങ്ങൾ അഞ്ചാണെന്നു വിധിക്കുന്നു. പ്രസ്തുതാചാൎയ്യനാകട്ടെ, അവയിൽ അഹങ്കാരത്തെ അജ്ഞാനത്തിലും, ആഗ്രഹത്തെ ആശയിലും കലൎത്തി കാരണങ്ങൾ മൂന്നാണെന്നു വിധിച്ചിരിക്കുന്നു. ഇവമൂന്നും തത്വജ്ഞാനത്തിന്റെ മുമ്പിൽ, കാട്ടുതീയിൽപെട്ട പഞ്ഞിപോലെ ദഹിക്കപ്പെടുന്നു. തന്നിമിത്തം അവയുടെ ഫലങ്ങളെ ജ്ഞാനികൾ അനുഭവിക്കേണ്ടിവരുന്നില്ലെന്നു താല്പൎയ്യം.)

---

## മുപ്പത്തേഴാം അധികാരം.

### അവാവറുത്തൽ—അശാത്യാഗം.

---

അവാവെൻപ വെല്ലാ വുയിൎക്കുമെഞ്ഞാൻറു-
ന്തവാ അപ്പിറപ്പീനം വിത്തു. ൧

സാ—എല്ലാ ജീവരാശികൾക്കും എല്ലാകാലത്തും തുടൎന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ജന്മങ്ങൾക്കു ബീജം ആശയാണെന്നു പറയപ്പെടുന്നു (ആശ, ജന്മാവൃത്തിക്കു കാരണമാകുന്നു; ആശയുടെ അഭാവത്തിലല്ലാതെ ജന്മവൃത്തിയിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയുന്നതല്ല.)

വേണ്ടുങ്കാൽ വേണ്ടും പിറവാമൈ മററതു
വേണ്ടാമൈ വേണ്ടവരും. ൨

സാ—ആഗ്രഹിക്കുന്നെങ്കിൽ, ജന്മാഭാവത്തെ ആഗ്രഹിക്കണം; ജന്മാഭാവം, വിരക്തിയെ ആഗ്രഹിക്കുമ്പോൾ താനേ ഉണ്ടായിക്കൊള്ളും. (ആഗ്രഹിക്കേണ്ടതായിട്ടൊന്നുണ്ടെങ്കിൽ അതു ജന്മത്തിന്റെ അഭാവം ഒന്നുമാത്രമാണ്. മററൊന്നിനെ ആഗ്രഹിക്കാതിരുന്നാൽ അതു താനെ ഉണ്ടായിക്കൊള്ളും.)

വേണ്ടാമൈ യന്ന വിഴുച്ചെൽവമീണ്ടില്ലൈ
യാണ്ടു മതൊപ്പതിൽ. ൩

സാ—വിരക്തിപോലെ ഉൽകൃഷ്ടമായ ഐശ്വൎയ്യം, ഈ ലോകത്തിലില്ല; പരലോകത്തിലും അതുപോലെ ഒന്നില്ല. (യാതൊന്നിനെയും ആശിക്കാതെയിരിക്കുകയാകുന്ന മഹൈശ്വൎയ്യത്തിനു തുല്യമായി ഈ ലോകത്തിലും പരലോകത്തിലും മറെറാരു ഐശ്വൎയ്യമില്ലെന്നു താല്പൎയ്യം.)

തൂയ്മൈ യെൻപ തവാവിന്മൈ മററതു
വായ്മൈവേണ്ടവരും. ൪

സാ—മുക്തിയെന്നതു വിരക്തിയാകുന്നു; ആ വിരക്തി, തത്വേച്ഛയാൽ താനേ ഉണ്ടാകുന്നു. (വിരക്തിയാൽ മുക്തിയുണ്ടാകുന്നതിനാൽ വിരക്തിയെ മുക്തിയാക്കി ക

ല്പിച്ചതാണ്. തത്വേച്ഛയാൽ വിരക്തിയും വിരക്തിയാൽ മുക്തിയും സിദ്ധിക്കുന്നു എന്നു താല്പര്യം.)

അററവ രെൻപാ രവാവററാർമറ്റൈയാ-
രററാകവററതിലർ. ൫

സാ—ജന്മാവൃത്തിയററവർ—ജന്മാവൃത്തിക്കു കാരണമായ—ആശയററവരാകുന്നു; മറ്റുള്ളവർ ജന്മാവൃത്തി അററവരല്ല. (വിരക്തന്മാർ മാത്രമേ ജന്മാവൃത്തിയിൽനിന്നു മുക്തന്മാരായി ഭവിക്കുന്നുള്ളു എന്നു താല്പര്യം.)

അഞ്ചുവതോരു മറനേ യൊരുവനൈ
വഞ്ചിപ്പതോരുമവാ. ൬

സാ—(തത്വജ്ഞാനം സിദ്ധിച്ചു മുക്തിക്ക് അർഹനായ) ഒരുവനെ വഞ്ചിച്ചു (ജന്മാവൃത്തിയിൽ തള്ളി)കെടുത്താൻ ശക്തിയുള്ളതാണ് ആശ; ആ ആശയെപ്പേടിച്ചു സൂക്ഷിക്കേണ്ടതു ധർമ്മമാകുന്നു. (തത്വജ്ഞാനിയായ ഒരുവനെ വഞ്ചിച്ചു തന്നിലേക്ക് ആകർഷിക്കാൻ ആശയ്ക്കു ശക്തിയുള്ളതിനാൽ, ആശയെ ഭയത്തോടുകൂടി സൂക്ഷിക്കേണ്ടതാണെന്നു താല്പര്യം.)

അവാവിനൈയാററവറ്റപ്പിററാവിനൈ
താൻവേണ്ടുമാററാൻവരും. ൭

സാ—(ഒരുവൻ) ആശയെ—വഞ്ചിക്കാൻ ശക്തിയില്ലാത്തവണ്ണം—നിശ്ശേഷം അടക്കിയാൽ, അവനു മുക്തിമാർഗ്ഗങ്ങളായ കർമ്മങ്ങൾ തനിയെ ഉണ്ടായിക്കൊള്ളും. (ആശയെ നിശ്ശേഷം വെടിഞ്ഞവനു പിന്നീടു തപസ്സു ചെയ്യണമെന്നില്ല; അവൻ ചെയ്യുന്നതെല്ലാം ധർമ്മം തന്നെയായിരിക്കും.)

അവാവില്ലാർക്കില്ലാകുന്തുൻപമതുണ്ടേ-
ററവാഅതുമേന്മേൽവരും. ൮

സാ—ആശയില്ലാത്തവനു ദുഃഖം ഒന്നുണ്ടാകുന്നതല്ല; ആശയുണ്ടായിരുന്നാൽ അവസാനമില്ലാത്ത ദുഃഖങ്ങൾ മേൽക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കും. (ആശയററവനു ദുഃഖമുണ്ടാകാനില്ല; ആശയുള്ളവനു ദുഃഖം അല്ലാത്തതില്ല.)

ഇൻപമിടൈയറാതീണ്ടുമവ വെന്നു-
ന്തുൻപത്തുട്ടുൻപങ്കെടിൻ. ൯

സാ—ആശയെന്നു പറയപ്പെടുന്ന, തുൻപങ്ങളിൽവെച്ചു വലുതായ തുൻപം ഒഴിയുന്നതായാൽ, (പരത്തിൽ മാത്രമല്ല) ഇഹലോകത്തിലും ആനന്ദം ഒഴിയാതെ നില്ക്കും. (ആശ, അന്യങ്ങളായ സകല തുൻപങ്ങളിലുംവെച്ച് വലുതായ തുൻപത്തെ നൽകുന്നതിനാൽ, അതിനെത്തന്നെ കൊടിയ തുൻപമാക്കി കല്പിച്ചതാണ്.)

ആരാവിയർകൈ യവാനീപ്പിനന്നിലൈയേ
പേരാവിയർകൈ തരും. ൧൦

സാ—ഒരുകാലത്തും പൂർണ്ണമാകാത്ത സ്വഭാവത്തോടുകൂടിയ ആശയെ വെടിയുകയാണെങ്കിൽ, ആ ത്യാഗകർമ്മം, ജന്മമില്ലായ്മയെ നൽകുന്നതാണ്.

ധർമ്മപദ്ധതിയിൽ സന്ന്യാസാശ്രമധർമ്മം ഉത്തരകാണ്ഡം കഴിഞ്ഞു.

## മുപ്പത്തെട്ടാം അധ്യായം.

### ഊഴ്—വിധി.

അകൂഴാറ്റോൻറുമശൈചവിന്മൈ കൈപ്പൊരുൾ
പോകൂഴാറ്റോൻറുമടി. ൧

സാ—കൈവശമുള്ള ധനം വർദ്ധിക്കണമെന്നു വിധിയുള്ളപ്പോൾ പ്രയത്നം ഉണ്ടാകും; ക്ഷയിക്കണമെന്നു വിധിയുള്ളപ്പോൾ മടിയുണ്ടാകും. (ഒരുവൻറ സമ്പാദ്യം വർദ്ധിക്കണമെന്നു വിധിയുള്ളപ്പോൾ പ്രയത്നത്തിൽ ഉത്സാഹവും ക്ഷയിക്കണമെന്നു വിധിയുള്ളപ്പോൾ പ്രയത്നത്തിൽ മടിയും ഉണ്ടാകുമെന്നു താല്പര്യം. ഒരുവൻ ധനികനാകുന്നതും ദരിദ്രനാകുന്നതും വിധി അനുസരിച്ചാണെന്നു ഭാവം)

പേതൈപ്പടുക്കുമിഴവൂഴറിവകററു-
മാകലൂഴ്ററക്കടൈ. ൨

സാ—(ഒരുവനു) സകല അറിവുമുണ്ടായിരുന്നാലും (കൈവശമുള്ള ധനത്തിൻറ) നാശത്തിനു കാരണമായ വിധി (ആ അറിവിനെ) നശിപ്പിക്കും. (അറിവ് ഇല്ലാതിരുന്നാലും ധനത്തിൻറ) അഭിവൃദ്ധിക്കു കാരണമായ വിധി (ആ അറിവിനെ) വർദ്ധിപ്പിക്കും. (ധനം നശിക്കേണ്ട കാലത്ത് അറിവു നശിക്കുകയും വർദ്ധിക്കേണ്ട കാലത്ത് അറിവുവർദ്ധിക്കുകയും ചെയ്യുമെന്നു താല്പര്യം. ധനം വർദ്ധിക്കുന്നതിനും ക്ഷയിക്കുന്നതിനും കാരണം അറിവിൻറ കൂടുതലും കുറവും അല്ലെന്നും വിധിയാണെന്നും ഭാവം)

നുണ്ണിയ നൂൽപല കർപിനുമററുന്ത-
നുൺമൈയറിവേ മികും. ൩

സാ—അർത്ഥവത്തായ അനവധി ഗ്രന്ഥങ്ങൾ പഠിച്ചിരുന്നാലും, തനിക്കു വിധിക്കപ്പെട്ട അറിവുതന്നെ മികച്ചുനിൽക്കും. (ഒരുവൻ എത്ര വലിയ ശാസ്ത്രജ്ഞനായിരുന്നാലും അവനിൽ തൻമൂലം ഉണ്ടാകുന്ന അറിവിനെ അപേക്ഷിച്ച് വിധിഹേതുകമായ അറിവു മുന്നിട്ടുനിൽക്കുമെന്നു താല്പര്യം. വിധിദത്തമായ (സ്വാഭാവികമായ) അറിവ് ശാസ്ത്രങ്ങളിൽനിന്നും സമ്പാദിക്കപ്പെടുന്ന കൃത്രിമമായ അറിവിനെ കീഴ്പ്പെടുത്തുമെന്നു ഭാവം.)

ഇരുവേറുലകത്തിയർകൈ തിരുവേറു
തെള്ളിയ രാതലുംവേറു. ൪

സാ—ലോകത്തിൽ വിധിയുടെ ഗതി രണ്ടുവിധത്തിൽ കാണപ്പെടുന്നു; സമ്പത്തും അറിവും (അറിവുള്ളവർ ദരിദ്രന്മാരായും അറിവില്ലാത്തവർ സമ്പന്നന്മാരായും കാണപ്പെടുന്നതിനാൽ, മനുഷ്യൻ ധനികനാകുന്നതിലേക്കു അറിവും, അറിവിനെ സമ്പാദിക്കുന്നതിലേക്കു ധനവും കാരണമായിരിക്കുന്നതല്ല എന്നു താല്പര്യം)

നല്ലവൈയെല്ലാ അന്തീയവാ ന്തീയവു
നല്ലവാണ്ചെൽവ ഞ്ചെയർകു. ൫

സാ—ഐശ്വര്യത്തെ ഉണ്ടാക്കുന്നതിനു (വിധിവശാൽ) നല്ലതെല്ലാം ചീത്തയും ചീത്തയെല്ലാം നല്ലതുമായി മാറപ്പെടും. (ധനം ക്ഷയിക്കേണ്ടകാലത്ത്, കാലവും കർമ്മവും കാരണവും സ്ഥലവും അനുകൂലമായിരുന്നാലും, വിധി അവയെ പ്രതികൂലമാക്കിച്ചെയ്യുമെന്നും, ധനം വർദ്ധിക്കേണ്ടകാലത്ത്, അവ പ്രതികൂലമായിരുന്നാലും അനുകൂലമാക്കിച്ചെയ്യുമെന്നും ഭാവം.)

പരിയിനുമാകാവാം പാലല്ലവുയ്ത്തു-
ച്ചൊരിയിനും പോകാതമ. ൬

സാ—വിധിയാൽ തൻെറതല്ലാത്ത ധനത്തെ എത്രതന്നെ ബുദ്ധിമുട്ടി രക്ഷിച്ചാലും തന്നിൽ തങ്ങിനിൽക്കുകയില്ല. തൻെറതായ ധനത്തെ കൊണ്ടുചെന്നു പടിക്കുപുറത്തു ചൊരിഞ്ഞാലും അതു തന്നേ വിട്ടുപോകുന്നതല്ല. (കൈവശമുള്ള ധനം നഷ്ടപ്പെടണമെന്നു വിധിയുള്ളപ്പോൾ, എത്ര കഷ്ടപ്പെട്ടു രക്ഷിച്ചാലും നഷ്ടപ്പെട്ടുകതന്നെ ചെയ്യുമെന്നും, നഷ്ടപ്പെടരുതെന്നുള്ളപ്പോൾ ദാനിക്കളഞ്ഞാലും നഷ്ടം വരികയില്ലെന്നും താല്പര്യം. അപ്രകാരം നശിക്കാത്ത ധനം തൻെറതാണെന്നും നശിക്കുന്ന ധനം തൻെറതല്ലെന്നും കരുതണമെന്നുഭാവം.)

വകുത്താൻവകുത്ത വകൈയല്ലാർകോടി
തൊകുത്താർക്കുന്തുയ്ത്തലരിതു. ൭

സാ—കോടിക്കണക്കിനുനേടിയാലും, വിധിയാൽ ഭാഗിക്കപ്പെട്ടതല്ലാതെ അനുഭവിക്കാൻ പ്രയാസമാണ്. (കോടാനുകോടി നേടിയാലും വിധിക്കപ്പെട്ടതല്ലാതെ അനുഭവിക്കാൻ സാധിക്കുന്നതല്ല; അവനു വിധിക്കപ്പെട്ടതൊഴിച്ചു ശേഷത്തിനെല്ലാം അവകാശികൾ അന്യന്മാരായിരിക്കും. ആ അന്യന്മാരുടെ അവകാശത്തെ ഒരുവൻ കൈയടക്കം ചെയ്തിരിക്കുന്നു എന്നേ അർത്ഥമുള്ളു.)

തുറപ്പാർമ റ്റുപ്പുരവില്ലാരുററ്പാല
വൂട്ടാ കഴിയുമെനിൻ. ൮

സാ— ദാരിദ്ര്യപീഡയില്ലാത്തവരെ (വിധി) ദുഃഖങ്ങളെ അനുഭവിപ്പിക്കുന്നില്ലെങ്കിൽ (അവർ) സന്യസിക്കുന്നവരാണ്. (കർമ്മം ദുഃഖങ്ങളെ അനുഭവിപ്പിക്കാതിരിക്കുന്നുവെങ്കിൽ ധനികന്മാർ സന്യസിക്കുന്നവരാണെന്നു താല്പര്യം.)

നൻറാങ്കാ നല്ലവാക്കാൺപവരൻറാങ്കാ-
ലല്ലർപടുവതെവൻ. ൯

സാ—സുകൃതം അതിൻെറഫലത്തെ നൽകുമ്പോൾ, ആ സുഖഫലത്തെ സന്തോഷപൂർവ്വം അനുഭവിക്കുന്നവൻ, ദുഷ്കൃതം അതിൻെറ ദുഷ്ടഫലത്തെ നൽകുമ്പോൾ വൈരസ്യം കാട്ടുന്നതെന്തിനു? (ഒരുവനു, അവൻെറ സുകൃതത്തിൻെറ ഫലമായ സുഖവും ദുഷ്കർമ്മത്തിൻെറ ഫലമായ ദുഃഖവും അനുഭവിക്കേണ്ടിവരുമെന്നുള്ളതു നിശ്ചയമാണ്; അങ്ങനെയിരിക്കെ, സുഖത്തെ സന്തോഷത്തോടെ അനുഭവിക്കുകയും ദുഃഖത്തെ അനുഭവിക്കാൻ മടിക്കുകയും ചെയ്യുന്നതെന്തിനു? മടിച്ചു എന്നുവച്ച് അനുഭവിക്കാതിരിക്കാൻ കഴിയുന്നില്ല. വിധിക്കു കീഴ്പ്പെടുകതന്നെ വേണം.)

ഊഴിർ പെരുവലി യാവുള മററൊൻറു
ചൂഴിനുന്താമ്മുന്തുറും. ൧൦

സാ—വിധിയെ ഒഴിക്കാൻ ഏതുപായം തേടുകിലും, വിധിതന്നെ മികച്ചുനിൽക്കും; ആ വിധിയെപ്പോലെ ഏററവും വല്യതു മറെറന്തുള്ളു? (ഒഴിച്ചുമാററാൻ പ്രയാസമുള്ള വിധിയെപ്പോലെ വല്യതായി മറെറാന്നില്ലെന്നു താല്പര്യം.)

ധർമ്മപദ്ധതി സമാപ്തം.

ധർമ്മപദ്ധതിയിൽ അധികാരം ൩൮; തിരുക്കുറൾ ൩൮൦.

# അൎത്ഥപദ്ധതി.

## രാജത്വം.

### മുപ്പത്തൊൻപതാമധികാരം.

### ഇറൈമാട്ചി—രാജമഹിമ.

പടൈകുടി കൂഴമൈച്ചു നട്പരണാറു
മുടൈയാനരചരുളേറു. ൧

സാ—സേന, നാട്, അൎത്ഥം (ഭണ്ഡാരം), മന്ത്രി, മിത്രം, കോട്ട ഇവ ആറ് അംഗങ്ങളുമുള്ളവൻ രാജാക്കന്മാരിൽശ്രേഷ്ഠനാകുന്നു. (മന്ത്രി, മിത്രം, കോശം, രാഷ്ട്രം കോട്ട, സേന എന്നാണ ക്രമം. ഇവ ആറുമുള്ളവൻ എന്നു പറഞ്ഞതിനാൽ, ഇവയിൽ ഒന്നു കുറവായിരുന്നാൽ രാജനീതി നടക്കുകയില്ലെന്നു ഭാവം.)

അഞ്ചാമൈ യീകൈ യറിവൂക്ക മിന്നാങ്കു-
മെഞ്ചാമൈ വേന്തൎകിയൽപു. ൨

സാ—ധൈൎയ്യം, ദാനം, അറിവ്, ഉത്സാഹം ഇവ തെററാതിരിക്കേണ്ടതു രാജാക്കന്മാൎക്ക് ആവശ്യമാകുന്നു. (ധൈൎയ്യവും ദാനവും അറിവും ഉത്സാഹവും രാജാക്കന്മാൎക്കുണ്ടായിരിക്കണമെന്നു മാത്രമല്ല ഇവ നാലും ഒരിക്കലും വേൎപെടാതിരിക്കുകയും വേണമെന്നു താല്പൎയ്യം.)

തൂങ്കാമൈ കൽവി തുണിവുടൈമൈയിമ്മൂൻറു
നീങ്കാനിലനാൾ പവൎകു. ൩

സാ—ഭൂപാലന്മാൎക്ക് (ഭരണകാൎയ്യത്തിൽ) ഉണൎവും വിദ്യാഭ്യാസവും പൌരുഷവും (ഇമ്മൂന്നും) എല്ലായ്പോഴും ഉണ്ടായിരിക്കേണ്ടതാകുന്നു.

അറനിഴുക്കാതല്ലവൈ നീക്കിമറനിഴുക്കാ
മാനമുടൈയ തരചു. ൪

സാ—രാജധൎമ്മത്തിൽനിന്നും വ്യതിചലിക്കാതെ, രാജ്യത്തിൽനിന്നും അധൎമ്മത്തെ അകററി വീൎയ്യത്തെയും മാനത്തെയും പാലിക്കുന്നവനത്രേ രാജാവ്. (ധനഭ്രമിഷ്ഠതയിലും അധികാരപ്രമത്തതയിലും മതിമറന്നു ധൎമ്മത്തെ വ്യഭിചരിപ്പിച്ചു രാജ്യത്തിനും തനിക്കും അപമാനകരമായവിധത്തിൽ ജീവിച്ചുപോരുന്ന ഒരുത്തൻ, സിംഹാസനത്തിൽ കയറിയിരുന്നാലും, അവൻ രാജനാമത്തിന് അൎഹനല്ലെന്നു ഭാവം.)

ഇയററലു മീട്ടലുങ്കാത്തലുങ്കാത്ത
വകുത്തലും വല്ല തരചു. ൫

സാ—(ധനത്തെ) സമ്പാദിക്കുകയും, (സമ്പാദിച്ചതിനെ യഥാസ്ഥാനം സ്ഥാപിക്കുകയും (സ്ഥാപിച്ചതിനെ അന്യന്മാർ കൊണ്ടുപോകാതെ) രക്ഷിക്കുകയും (രക്ഷിച്ചതിനെ യഥായോഗ്യം) ചെലവുചെയ്യുകയും ചെയ്യുന്നതിൽ വിദഗ്ദ്ധനത്രേ രാജാവ്. (ശത്രുഭയത്തിൽനിന്നും നാട്ടിനെ രക്ഷിച്ചു ധനാഗമമാൎഗ്ഗങ്ങളെ അഭിവൃദ്ധിപ്പെടുത്തി, അതുവ

ഴി ധനത്തെ സമ്പാദിച്ചു സൈന്യത്താൽ സുരക്ഷിതമായ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു ശത്രുരാജാക്കന്മാർ, കള്ളന്മാർ, ചാർച്ചക്കാർ മുതലായവർ അപഹരിച്ചു കൊണ്ടുപോകാതെ പാലിച്ചു നാട്ടിന്റെ അഭിവൃദ്ധിക്കും തന്റെ ആവശ്യങ്ങൾക്കും മതകാര്യങ്ങൾക്കും സൈന്യത്തിനും മററുമായി ചെലവുചെയ്യുന്നതിൽ പ്രശംസനീയമായ പാടവം രാജാക്കന്മാൎക്കു വേണ്ടതാണെന്നു താല്പൎയ്യം.)

കാട്ചിക്കെളിയൻ കടുഞ്ചൊല്ലനല്ലനേൻ
മീക്കൂറുമന്നനിലം. ൬

സാ—സുഗമ്യനായി കഠിനവാക്കില്ലാത്തവനായുള്ള രാജാവിന്റെ രാജ്യത്തെ ലോകം പുകഴ്ത്തുന്നതാണ്. (സങ്കടം ഉണൎത്തേണ്ട ആവശ്യമുള്ള പ്രജകൾക്ക് തടസ്സമില്ലാതെ ഏതവസരത്തിലും അടുത്തുചെല്ലാൻ സൌകൎയ്യം നൽകിയിട്ടുള്ളവനും സദാ പ്രജകളോടു കൂടിയവനുമായ രാജാവിന്റെ രാജ്യം ലോകരുടെ പ്രശംസയ്ക്കു പാത്രീഭവിക്കുമെന്നു താല്പൎയ്യം. രാജാവിന്റെ യശസ്സിനും അയശസ്സിനും രാജ്യവും പാത്രമാകുമെന്ന് ഇതിനാൽ സൂചിപ്പിച്ചിരിക്കുന്നു.)

ഇൻചൊലാലീത്തളിക്ക വല്ലാൎക്കുത്തൻചൊലാ-
ററാൻകണ്ടനൈത്തിവ്വുലകു. ൭

സാ—പ്രിയവാക്കോടുകൂടി കൊടുത്തു രക്ഷിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള രാജാവിനു ലോകത്തിൽ കീൎത്തിയും അഭീഷ്ടസിദ്ധിയുമുണ്ടാകും. (ദാനശീലനും മധുരവാക്കുള്ളവനുമായ രാജാവിന്റെ കീൎത്തി സ്വരാജ്യപരിധിയെ ലംഘിച്ചു ലോകത്തിലെങ്ങും വ്യാപരിക്കുന്നതിനാൽ, ലോകം ആ രാജാവിന്റെ മനോരഥങ്ങൾക്ക് അനുകൂലിക്കുമെന്നു ഭാവം.)

മുറൈചെയ്തുകാപ്പാററുമന്നവൻ മക്കൾ
കിറൈയെന്റു വൈക്കപ്പെടും. ൮

സാ—ധൎമ്മാനുസാരേണ പ്രജാപാലനം നടത്തുന്ന രാജാവു, (ജന്മംകൊണ്ടു മനുഷ്യനായിരുന്നാലും) പ്രജകൾക്കു ദൈവമായി ഭവിക്കുന്നതാണ് (ഭരണപടുവായ രാജാവിനെ ജനങ്ങൾ ഈശ്വരതുല്യം കൊണ്ടാടുമെന്നു താല്പൎയ്യം)

ചെവികൈപ്പച്ചൊർപൊറുക്കുംപൺപുടൈവേന്തൻ
കവികൈക്കീഴ്ത്തങ്കുമുലകു. ൯

സാ—(മന്ത്രിമാർ മുതലായവരുടെ ഗുണദോഷ)വാക്കുകൾ ചെവിക്കു പരുഷതരമായിരുന്നാലും, (അതിന്റെ ഫലത്തെ കരുതി) സഹിക്കുന്ന സുശീലനായ രാജാവിന്റെ കുടത്തണലിൽ ലോകം വൎത്തിക്കും. (മന്ത്രിമാർ മുതലായവരുടെ പരുഷവാക്കുകളെ പൊറുത്ത് അവരുടെ ഗുണദോഷത്തെ ചെവിക്കൊള്ളുന്ന രാജാവ് ലോകം അടക്കിഭരിക്കുമെന്നു താല്പൎയ്യം.)

കൊടൈയളിചെങ്കോൽ കുടിയോമ്പനാൻകു
മുടൈയാനാം വേന്തക്കൊളി. ൧൦

സാ—ദാനം, മധുരഭാഷിതം, സൽഭരണം, പ്രജാവാത്സല്യം ഇവ നാലുമുള്ളവൻ രാജാക്കന്മാരുടെ ദീപമാകുന്നു. (ദാനശീലനും സൽഭാഷിതനും ഭരണനീതിയുള്ളവനും പ്രജാസ്നേഹിയുമായ രാജാവ് സകല രാജാക്കന്മാരിലുംവെച്ചു ശ്രേഷ്ഠനാണെന്നു താല്പൎയ്യം.)

..........................................

# നാല്പതാം അധികാരം.

## കൽവി.....വിദ്യ.

൦

കർക കചടറ കർപവൈ കററപി
നിർക വതർകു ത്തക. ൧

സാ:—പഠിക്കുന്ന ഗ്രന്ഥങ്ങളെ ക്രൂലങ്കഷമായി പഠിക്കണം; പഠിച്ചതിനുശേഷം അപ്പഠിപ്പിനു തക്കവണ്ണം നടക്കണം. (അഭ്യസിക്കുന്ന ഗ്രന്ഥങ്ങളെ ക്രൂലങ്കഷമായി അഭ്യസിക്കുകയും അഭ്യസിച്ചവയെ അനുഷ്ഠാനത്തിൽ കൊണ്ടുവരികയും വേണമെന്നു താല്പര്യം. പുരുഷാർത്ഥപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളെ പഠിക്കുക; വീണ്ടും വീണ്ടും പഠിച്ചു സംശയങ്ങളെ പരിഹരിക്കുക; പഠിച്ചറിഞ്ഞവയെ അനുഷ്ഠാനത്തിൽ കൊണ്ടുവരിക; എന്നിവ രാജാക്കന്മാരുടെ കർത്തവ്യമാകയാൽ രാജപത്തിൽ ഉൾപ്പെടുത്തിയെങ്കിലും മററുള്ളവൎക്കും ആവശ്യമായതിനാൽ പൊതുവെ പറഞ്ഞതാകുന്നു.)

എണ്ണെൻപവേനൈ യെഴുത്തെൻപ വിവ്വിരണ്ടും
കണ്ണെൻപ വാഴുമുയിൎക്കു. ൨

സാ—ഗണിതശാസ്ത്രം, ശബ്ദശാസ്ത്രം, ഇവ രണ്ടും മനുഷ്യരുടെ രണ്ടുകണ്ണുകളാകുന്നു. (ഇതരശാസ്ത്രങ്ങൾക്കു വഴികാട്ടിയായി നിന്നു സഹായിക്കുന്നതിനാൽ, ഈ രണ്ടുശാസ്ത്രങ്ങളെയും നയനങ്ങളോടു സാമ്യപ്പെടുത്തിയതാണ്.)

കണ്ണുടൈയ രെൻപവർ കറേറാർ മുകത്തിരണ്ടു
പുണ്ണുടൈയർ കല്ലാതവർ. ൩

സാ—പഠിച്ചവരത്രേ കണ്ണുള്ളവരെന്നു പറയപ്പെടുന്നവർ; പഠിക്കാത്തവർ മുഖത്തു രണ്ടു പുണ്ണുകളോടുകൂടിയവരാകുന്നു. (പഠിച്ചവരുടെ മുഖത്തുള്ളതു കണ്ണും പഠിക്കാത്തവരുടെ മുഖത്തുള്ളതു പുണ്ണുമാണെന്നു താല്പര്യം. ധർമ്മാധർമ്മങ്ങളെ കണ്ടറിയാനുള്ള ശക്തി പഠിപ്പില്ലാത്തവർക്കില്ലാത്തതിനാൽ, അവരുടെ കണ്ണുകൾ, കാണുന്നവയെയെല്ലാം കാമിച്ചു് അവയെ സമ്പാദിക്കാൻ ശ്രമിച്ചു്, തദ്വാരാ പലവിധത്തിലുള്ള ദുൻപങ്ങളെയും വരുത്തിവയ്ക്കുന്നതുകൊണ്ടു്, ആ കണ്ണുകളെ പുണ്ണുകൾ എന്നു പറഞ്ഞതാണ്.)

ഉവപ്പത്തലൈ ക്കൂടിയുള്ളപ്പിരിത-
ലനൈത്തേ പുലവർ തൊഴിൽ. ൪

സാ—വിദ്വാന്റെ കടമ, തന്റെ വിയോഗത്തിൽ മററുള്ളവർ ഖേദിക്കത്തക്കവണ്ണം പെരുമാറുകയാകുന്നു. (താൻ സന്മാർഗ്ഗത്തിൽ ചരിക്കുകയും മററുള്ളവരെ അതിലേക്കു ഉപദേശിക്കുകയും ചെയ്യേണ്ടതു വിദ്വാന്മാരുടെ കർത്തവ്യമാകയാൽ, ആ കർത്തവ്യത്തെ ശരിക്കു നിർവഹിക്കുന്ന വിദ്വാന്റെ സാന്നിദ്ധ്യത്തിൽ അന്യന്മാൎക്കു ചാരിതാർത്ഥ്യവും വിയോഗത്തിൽ താപവും ജനിക്കുന്നതാണ്.)

ഉടൈയാർ മുനില്ലാർ പോലേക്കറേറുങ്കറാർ
കടൈയരേ കല്ലാതവർ. ൫

സാ—ധനികന്മാരുടെ മുൻപിൽ ദരിദ്രന്മാർ എന്നപോലെ (ഗുരുവിന്റെ മുമ്പിൽ) കിഴിഞ്ഞുനിന്നു പഠിച്ചവർ ഉൽകൃഷ്ടന്മാർ; (നിൽക്കാൻ നാണിച്ചു പഠിക്കാത്തവർ) നികൃഷ്ടന്മാർ. (ഗുരുസന്നിധിയിൽ പഠിക്കണമെന്നുള്ള അത്യാശയോടെ കിഴിഞ്ഞുനിന്നവർ ഉൽകൃഷ്ടന്മാരായി ഭവിക്കും. ദുരഭിമാനത്താൽ ഗുരുവിനെ ആശ്രയിക്കാൻ മടിച്ചുവിദ്യയെ വെടിഞ്ഞവർ നികൃഷ്ടന്മാരായി ഭവിക്കും.)

തൊട്ടനൈത്തൂറു മണൎകേണി മാന്തൎക്ക-
ക്കററനൈത്തൂറു മറിവു. ൬

സാ—മണൽത്തറയിൽ കുളം കുഴിക്കുന്തോറും ജലം ഊറിവരുന്നതുപോലെ, വിദ്യ അഭ്യസിക്കുന്തോറും അറിവ് ഊറിവരും. (കുഴിക്കുന്തോറും വെള്ളം കൂടിവരുന്നതുപോലെ പഠിക്കുന്തോറും അറിവു കൂടിവരുമെന്നു താല്പൎയ്യം.)

യാതാനു നാടാമാലൂരാമാ லென்னொருவൻ
சாந்துணையுங் கல்லாத வாறு. ൭

സാ—വിദ്വാന് ഏതുദേശവും സ്വദേശമാണ്; അപ്രകാരമിരിക്കെ മരിക്കുവോളം വിദ്യാഭ്യാസം ചെയ്യാതെ കഴിയുന്നത് എന്തുകൊണ്ട്? (വിദ്വാൻ സൎവ്വത്ര പൂജ്യനായിരിക്കെ, അത്ര മഹത്തായ വിദ്യയെ ചിലർ മരിക്കുവോളം സമ്പാദിക്കാതെ കഴിഞ്ഞുകൂടുന്നത് എന്തുകൊണ്ട്?)

ഒരുമൈക്കട്ടാൻ കററ കൽവി യൊരുവർ
കെഴുമൈയു മേമാപ്പുടൈത്തു. ൮

സാ—ഒരു ജന്മത്തിൽ പഠിച്ച വിദ്യ ഏഴു ജന്മങ്ങളിലും സഹായിക്കാൻ കഴിവുള്ളതാണ്. (പുണ്യപാപങ്ങളെപ്പോലെ, വിദ്യയും ഏഴു ജന്മങ്ങളിലും ജീവനെ പിന്തുടൎന്നുചെന്നു സഹായിക്കുമെന്നു താല്പൎയ്യം. വിദ്യ സഹായിക്കുന്നതു സന്മാൎഗ്ഗത്തിലേക്കു നയിക്കുകയാകുന്നു.)

താമിൻപുറുവതുലകിൻപുറക്കണ്ടു
കാമുറുവർകറററിന്താർ. ൯

സാ—തങ്ങളുടെ ചാരിതാൎത്ഥ്യത്തിനു കാരണമായ വിദ്യയിൽ, ലോകം ചാരിതാൎത്ഥ്യപ്പെടുന്നതു കണ്ട്, വിദ്വാന്മാർ തങ്ങളുടെ വിദ്യയെ വീണ്ടും വീണ്ടും വൎദ്ധിപ്പിക്കുന്നതാണ്. (ഗ്രന്ഥങ്ങൾ പഠിക്കുമ്പോൾ, വാഗൎത്ഥങ്ങളുടെ ആസ്വാദ്യതയെ അനുഭവിച്ചും കീൎത്തിയും പൂജ്യതയും ധനവും സമ്പാദിച്ചും മോക്ഷകാരണമായ ധൎമ്മത്തെ അറിഞ്ഞും തങ്ങൾ ചാരിതാൎത്ഥ്യപ്പെടുന്നു. ലോകത്തിന്റെ ചാരിതാൎത്ഥ്യമാകട്ടെ, ഇപ്രകാരമുള്ള വിദ്വാന്മാരോട് ഇടപെട്ട് അറിവിനെ സമ്പാദിക്കുന്നതുകൊണ്ട് ഉണ്ടാകുന്നതാണ്. അപ്രകാരം ലോകം ചാരിതാൎത്ഥ്യപ്പെടുന്നതു കണ്ട് വിദ്വാന്മാർ തങ്ങളുടെ വിദ്യയെ വൎദ്ധിപ്പിക്കാൻ ശ്രമിക്കുമെന്നു താല്പൎയ്യം.)

കേടിൽ വിഴുച്ചെൽവങ്കൽവി യൊരുവൎക്കു
മാടല്ല മററൈയവൈ. ൧൦

സാ—ഒരുവന് അനശ്വരവും മഹനീയവുമായിട്ടുള്ള ഐശ്വൎയ്യം വിദ്യ ഒന്നുമാത്രമാണ്; അതൊഴിച്ച് സ്വൎണ്ണം, രത്നം മുതലായവയായുള്ള ഐശ്വൎയ്യമാകട്ടെ ഐശ്വൎയ്യമല്ലതന്നെ. (അന്യന്മാൎക്ക് അപഹരിക്കാൻ സാധിക്കാത്തതും അന്യന്മാൎക്കു കൊടുക്കുംതോറും വൎദ്ധിക്കുന്നതുമായ വിദ്യാധനമാണ്, സ്വൎണ്ണരത്നാദിധനത്തെക്കാൾ യഥാൎത്ഥമായിട്ടുള്ള ഐശ്വൎയ്യമെന്നു താല്പൎയ്യം.)

---

## നാല്പത്തൊന്നാം അധികാരം.

## കല്ലാമൈ—വിദ്യാവിഹീനത.

---

അരങ്കിൻറി വട്ടാടി യറ്റേ നിരമ്പിയ
നൂലിൻറിക്കോട്ടി കൊളൽ. ൧

സാ—അറിവിനെ വളൎത്തുന്ന ഗ്രന്ഥങ്ങളെ പഠിക്കാത്ത ഒരുവൻ സഭയിൽ പങ്കുകൊള്ളുന്നതു കളം വരയ്ക്കാതെ ചൂതുകളിക്കുന്നതുപോലെയാണ്. (വിദ്യാഹീനൻെറ വാക്കും അഭിപ്രായവും സഭയിൽ ശോഭിക്കുകയില്ലെന്നു താല്പൎയ്യം.)

കല്ലാതാൻ ചൊർകാ മുറുതൻ മുലൈയിരണ്ടു
മില്ലാതാൾ പെൺകാമുററററു. ൨

സാ—വിദ്യാവിഹീനനായ ഒരുവൻ സഭയിൽ പ്രസംഗിക്കണമെന്നു കാംക്ഷിക്കുന്നതു്, സ്തനദ്വയമില്ലാത്ത ഒരുവൾ സ്ത്രീത്വത്തെ കാംക്ഷിക്കുന്നതുപോലെയാണു്. (പഠിപ്പില്ലാത്തവൻ പ്രസംഗത്തിനു് ഉദ്യമിക്കുന്നതു് മുലരണ്ടുമില്ലാത്തവൾ സ്ത്രീത്വത്തെ കാംക്ഷിക്കുന്നതുപോലെയാണു്; രണ്ടുപേരുടെയും ഉദ്യമങ്ങൾ ഫലിക്കുന്നതല്ല; ഫലിച്ചാൽതന്നെയും പരിഹാസജനകമായിരിക്കും.)

കല്ലാതവരു നനിനല്ലർ കററാർമുർ
ചൊല്ലാ തിരുക്കപ്പെറിൻ. ൩

സാ—വിദ്വൽസദസ്സിൽ, മൌനം ദീക്ഷിക്കുന്ന വിദ്യാവിഹീനൻ ശ്രേഷ്ഠനായിഭവിക്കുന്നു. (അവിദ്വാൻ തൻെറ താഴ്ന്ന നിലയെ അറിഞ്ഞു് അപമാനം ഏൽക്കരുതെന്നുള്ള മുൻകരുതലോടുകൂടി വിദ്വാന്മാരുടെ സദസ്സിൽ യാതൊന്നും സംസാരിക്കാതിരുന്നാൽ അവൻ വിശിഷ്ടനാകുന്നു.)

കല്ലാതാനൊട്പങ്കഴിയനൻറായിനു-
ങ്കൊള്ളാരറിവുടൈയാർ. ൪

സാ—വിദ്യാവിഹീനൻെറ അറിവു് ശ്ലാഘനീയമായിരുന്നാലും, വിദ്വാന്മാർ അതിനെ ബഹുമാനിക്കുന്നതല്ല (അവിദ്വാൻെറ അഭിപ്രായം, ശ്ലാഘനീയമായിരുന്നാലും വിദ്വാന്മാർ അതിനെ വകവയ്ക്കുകയില്ല; ജലരേഖപോലെ കരുതുകയേ ഉള്ളൂ എന്നു താല്പൎയ്യം.)

കല്ലാതൊരുവൻ റകൈമൈ തലൈപ്പെയ്തു
ചൊല്ലാടച്ചോർവുപടും. ൫

സാ—പഠിപ്പില്ലാത്ത ഒരുവൻെറ (താൻ അറിവുള്ളവനാണെന്നുള്ള) തെററായ വിശ്വാസം, പഠിപ്പുള്ളവനുമായിട്ടുള്ള അഭിമുഖസംഭാഷണത്താൽ അസ്തംഗതമാകും. (താൻ അറിവുള്ളവനാണെന്നു നടിക്കുന്ന പഠിപ്പില്ലാത്തവൻെറ കള്ളി, അഭിജ്ഞന്മാരോടു് ഇടപെട്ടു സംസാരിക്കുമ്പോൾ പുറത്താകുമെന്നു താല്പൎയ്യം.)

ഉളരെന്നുമാത്തിരൈയ രല്ലാർപയവാ-
ക്കളരനൈയർ കല്ലാതവർ. ൬

സാ—പഠിപ്പില്ലാത്തവർ (ജീവിച്ചിരുപ്പു) ഉണ്ടെന്നു പറയിക്കാനായിട്ടുള്ളവരാണു്; (അവരെക്കൊണ്ടു് തനിക്കും അന്യന്മാൎക്കും യാതൊരു ഫലവുമില്ലാത്തതിനാൽ) അവരെ പാഴ്നിലത്തോടുപമിക്കാം. (പഠിപ്പില്ലാത്തവർ നാമമാത്രമനുഷ്യരാകുന്നു; അവ

രെ വിളവില്ലാത്ത ഭൂമിയോടുപമിക്കാം; വിളവില്ലാത്ത ഭൂമിയെക്കൊണ്ടു മനുഷ്യർക്കു യാതൊരു പ്രയോജനവുമില്ലാത്തതിനുപുറമെ ആ ഭൂമിക്കും യാതൊരു കൃതാർത്ഥതയ്ക്കും വകയില്ലല്ലോ.)

നുൺമാ ണുഴൈപുല മില്ലാ നെഴിനല
മൺമാൺ പുനൈപാവൈ യററു ൭

സം—വിശാലതേജോമയമായ സൂക്ഷ്മജ്ഞാനമില്ലാത്തവന്റെ ഉയരവും സൌന്ദര്യവും മൺപാവയുടെ കൃത്രിമാലങ്കാരത്തിനു തുല്യമാണ്. (യഥാർത്ഥമായ സൌന്ദര്യം വിദ്യയാണെന്നു ഭാവം)

നല്ലാർകട്പട്ട വറുമൈയിനിന്നാതേ
കല്ലാർകട്പട്ട തിരു. ൮

സം—വിദ്യാവിഹീനനിലുണ്ടാകുന്ന ഐശ്വര്യം, വിദ്വാനിലുണ്ടാകുന്ന ദാരിദ്ര്യത്തെക്കാൾ ദുഃഖപ്രദമാണ്. (അവിദ്വാന് അറിവില്ലാത്തതിനാൽ, തന്റെ ഐശ്വര്യത്തിൽ മതിമറന്നു ലോകത്തെ പീഡിപ്പിക്കും; വിദ്വാന് അറിവുള്ളതിനാൽ തന്റെ ദാരിദ്ര്യത്തിലും ശാന്തനായി പരപീഡകളെച്ചെയ്യാതെ കഴിയുന്നിടത്തോളം തന്റെ അറിവുകൊണ്ട് അന്യന്മാരെ സഹായിച്ചുകൊണ്ടിരിക്കുന്നതാണ്. അതിനാൽ പാമരന്റെ ഐശ്വര്യം പണ്ഡിതന്റെ ദാരിദ്ര്യത്തെക്കാൾ ദുഷ്ഫലത്തോടുകൂടിയതാണെന്നു താല്പര്യം.)

മേർപിറന്താരായിനുങ്കല്ലാതാർ കീഴ്പ്പിറന്തും-
കറാരനൈത്തിലർപാട്ടു. ൯

സം—വിദ്യാവിഹീനൻ ഉയർന്നജാതിയിൽ ജനിച്ചവനായാലും താഴ്ന്നജാതിയിൽ ജനിച്ച വിദ്വാനിലും താഴ്ന്നവനായിരിക്കും. (ശരീരത്തോടുകൂടി നശിക്കുന്ന ജാതിശ്രേഷ്ഠത, ജീവനോടുകൂടി നിലനിൽക്കുന്ന വിദ്യാശ്രേഷ്ഠതയ്ക്കു തുല്യമല്ല.)

വിലങ്കൊടുമക്കളനൈയരിലങ്കുനൂൽ
കറാരോടേനെയവർ. ൰

സം—ഉൽകൃഷ്ടഗ്രന്ഥങ്ങളെ അഭ്യസിച്ചവരോടു പഠിപ്പില്ലാത്തവരെ സാമ്യപ്പെടുത്തിയാൽ, മനുഷ്യരോടു മൃഗങ്ങളെ സാമ്യപ്പെടുത്തുന്നതുപോലെയിരിക്കും. (മൃഗങ്ങളെക്കാൾ മനുഷ്യർ ഉൽകൃഷ്ടന്മാരായിരിക്കുന്നതുപോലെ, വിദ്യാവിഹീനനെക്കാൾ വിദ്വാൻ അതീവ ഉൽകൃഷ്ടനാണെന്നു താല്പര്യം.)

---

## നാല്പത്തിരണ്ടാം അധികാരം.

### കേൾവി—ശ്രവണം.

---

ചെൽവത്തുട് ചെൽവഞ്ചെവിച്ചെൽവ മച്ചെൽവ-
ഞ്ചെൽവത്തു ളെല്ലാന്തലൈ. ൧

സം—മഹൈശ്വര്യം ശ്രവണത്താൽ ജാതമാകുന്ന ഐശ്വര്യമാകുന്നു; ആ ഐശ്വര്യം അന്യൈശ്വര്യങ്ങളെ അപേക്ഷിച്ച് ഉൽകൃഷ്ടമാണ്. (ശ്രവണജ്ഞാനമാകുന്ന ഐശ്വര്യം, നശ്വരമായ ദ്രവ്യൈശ്വര്യത്തെക്കാൾ ഉൽകൃഷ്ടവും ഫലവത്തുമാണെന്നു താല്പര്യം.)

ചെവിക്കുണവില്ലാത പോഴ്തു ചിറിതു
വയിററുക്കമീയപ്പടും. ൨

സാ—ചെവിക്ക്, ശ്രവണമാകുന്ന ആഹാരമില്ലാത്തപ്പോൾ, വയററിന് അല്പം ആഹാരം നൽകണം (കേൾക്കേണ്ടവയെ സ്വാദ്ധ്യതയും കേട്ടതിനുശേഷം ഫലത്തെയും നൽകുന്ന ശ്രവണം ഉള്ളപ്പോൾ വയറ് ആഹാരത്തെ വെറുക്കുന്നതിനാൽ, "ഇല്ലാത്തപ്പോൾ" എന്നും—ആഹാരം കൂടുതലായാൽ ശരീരവും വ്യാധിയും വർദ്ധിച്ചു ദുർപ്പഥത്തെ ചെലുത്തുന്നതിനാൽ "അല്പം" എന്നും—അല്പമെങ്കിലും അല്പാഹാരത്തെ നൽകുന്നതു ശ്രവണത്തിനായി ജീവിക്കുന്നതിനാകയാൽ "നൽകണം" എന്നും പറഞ്ഞതാണ്.)

ചെവിയുണവിൽ കേൾവിയുടൈയാ രവിയുണവി-
നാൻറാരോ ടൊപ്പർ നിലത്തു ൩

സാ—ചെവിക്കു ആഹാരമായ ശ്രവണമുള്ളവർ ഭൂമിയിൽ വസിച്ചാലും, ഹവിർഭാഗത്തെ ഭക്ഷിക്കുന്ന ദേവന്മാരോടു തുല്യന്മാരാകുന്നു (ഹവിർഭാഗം, യാഗകർമ്മത്തിൽ ഹോമിക്കുന്ന ഹവിസ്സിന്റെ ഫലം, അതു ദേവന്മാർക്കു ആഹാരമായി ഭവിക്കുന്നു.)

കററില നായിനു കേട്ക വതൊരു
കൊർകത്തി നൂററാന്തുണൈ. ൪

സാ—പഠിപ്പില്ലാത്തവനായിരുന്നാലും, പഠിപ്പുള്ളവരുടെ ഉപദേശത്തെ കേൾക്കേണ്ടതാകുന്നു; തൽശ്രവണം ഒരുവനു തളർച്ചയിൽ സഹായിക്കുന്നതാണ്. (പഠിപ്പില്ലാത്തവനു പഠിപ്പുള്ളവരുമായി ഇടപെടേണ്ടിവരുമ്പോൾ മനസ്സിനു തളർച്ച സംഭവിക്കുന്നതാണ്; പഠിച്ചവനിൽനിന്നും അറിവിനെ കേട്ടു പഠിച്ചാൽ, ആ പഠിത്തം മേൽപറഞ്ഞ തളർച്ചയെ പരിഹരിക്കുമെന്നു താല്പര്യം.)

ഇഴുക്ക ലുടൈയുഴി യൂററുക്കോ ലററ
യൊഴുക്ക മുടൈയാർ വായ്ച്ചൊൽ. ൫

സാ—സജ്ജനങ്ങളുടെ വാക്കുകൾ, വഴുതുന്ന ചെളിനിലത്തിൽ ഊന്നുവടിയെന്നപോലെ, ഉതകുന്നതാണ്.

എനൈത്താനു നല്ലവൈ കേട്ക വനൈത്താനു-
മാൻറ പെരുമൈ തരും. ൬

സാ—നല്ലതു അല്പമെങ്കിലും കേൾക്കുന്നതായാൽ അതിൽനിന്നും വലുതായ ഗുണം സിദ്ധിക്കുന്നതാണ്. (തുള്ളികൊണ്ടു കുടം നിറയുന്നതുപോലെ, അനേകം "അല്പ"ങ്ങൾ ചേർന്ന് അനല്പമായി വലുതായ ഫലത്തെ നൽകുമെന്നു താല്പര്യം.)

പിഴൈത്തുണർന്തും പേതൈമൈ ചൊല്ലാരിഴൈത്തുണ-
ർന്തീണ്ടിയ കേൾവിയവർ. ൭

സാ—ശ്രദ്ധയോടുകൂടിയായി പരിശോധിച്ച് അറിഞ്ഞ്, അതിനും പുറമെ ശ്രവിച്ചറിയുകയും ചെയ്തവർ, അറിയാതെപോലും മൂഢവാക്കു പറയുകയില്ല. (ശ്രദ്ധയോടുകൂടിയായി പഠിച്ചും പഠിച്ചവരിൽനിന്നും കേട്ടും അറിവിനെ സമ്പാദിച്ചവർ, ബുദ്ധിഹീനന്മാരെപ്പോലെ തെററു പറയുകയില്ലെന്നു താല്പര്യം.)

കേട്ട്പ്പിനുങ്കേളാത്തകൈയവേ കേൾവിയാ-
റോട്ക പ്പടാതചെവി. ൮

സാ—ശ്രവണത്താൽ തുളയ്ക്കപ്പെടാത്ത ചെവികൾ, ശ്രവണശക്തിയുള്ളവയായിരുന്നാലും, ബധിരങ്ങൾ തന്നെയാണ്. (ജ്ഞാനശ്രവണത്തെ ഉൾക്കൊള്ളാത്ത കാതുകൾ അബധിരങ്ങളായിരുന്നാലും പൊട്ടച്ചെവികൾക്കു തുല്യമാണെന്നു; അറിവുണ്ടാകുന്ന ചൊല്ലുകളെ കേൾക്കാത്ത ചെവി അന്യശബ്ദങ്ങളെ കേട്ടതുകൊണ്ടു യാതൊരു ഫലവുമില്ലെന്നു ഭാവം.)

നുണങ്കിയ കേൾവി യരല്ലാർ വണങ്കിയ
വായിന രാതലരിതു. ൯

സാ — അറിവുള്ള വാക്കുകളെ ശ്രവിക്കാത്തവർ, വിനീതമായ വാക്കുകളോടുകൂടിയവരാകുവാൻ പ്രയാസമാണ്.

ചെവിയിർ ചുവൈയുണരാ വായുണർവിൻമാക്ക
ളവിയിനും വായിനുമെൻ. ൧൦

സാ — ചെവി സ്വാദറിയാതെ, വായ് സ്വാദറിഞ്ഞമനുഷ്യൻ, ജീവിച്ചാലെന്ത്? മരിച്ചാലെന്ത്? (ചെവിക്കു സ്വാദ്, വാക്കിൻെറയും അർത്ഥത്തിൻെറയും ആസ്വാദ്യതയാകുന്നു; അപ്രകാരമുള്ള സ്വാദറിഞ്ഞിട്ടില്ലാത്തവൻ, സ്വാദിഷ്ഠമായ ഭക്ഷണങ്ങളെ അനുഭവിച്ചിട്ടുള്ളവനായാലും അവനെക്കൊണ്ടു ലോകത്തിനു യാതൊരുഫലവുമില്ലെന്നു താല്പര്യം.)

---

## നാല്പത്തിമൂന്നാമധികാരം.

### അറിവുടൈമൈ — അറിവ്.

---

അറിവററങ്കാക്കുങ്കരുവി ചെറുവാർക്ക
മുള്ളഴിക്ക ലാകാ വരൺ. ൧

സാ — അറിവ്. കാത്തുരക്ഷിക്കുന്ന സൈന്യവും ശത്രുക്കളാൽ ഭേദിക്കാൻകഴിയാത്ത ഉറച്ചകോട്ടയുമാകുന്നു. (അറിവു രാജാക്കന്മാർക്കു സുശിക്ഷിതമായ സൈന്യത്തിൻെറയും ശത്രുക്കൾക്കു ഭേദിക്കാൻ കഴിയാത്ത ഉറച്ചകോട്ടയുടെയും ഫലത്തെ ചെയ്യുന്നു.)

ചെൻറ വിടത്താർ ചെലവിടാ തീതൊരീഇ
നൻറിൻപാ ലുയ്പ്പതറിവു. ൨

സാ — മനസ്സിനെ, അതിൻെറ പോക്കിനു വിടാതെ (നല്ലതും ചീത്തയും കണ്ടറിഞ്ഞു) ചീത്തയിൽനിന്നും നീക്കി നല്ലതിൽ ചെലുത്തുന്നതാണ് അറിവ് എന്നു പറയപ്പെടുന്നതു്. (അറിവ് മനസ്സിനെ അടക്കി, ഉചിതമാർഗ്ഗത്തിൽ നയിക്കുന്നു എന്നു താല്പര്യം)

എപ്പൊരുൾ യാർയാർ വായ്ക്കേട്പിനു മപ്പൊരു-
ണ്മെയ്പ്പൊരുൾ കാൺപതറിവു. ൩.

സാ — ഏതുവാക്കും ഏതൊരുവൻെറ വായിൽനിന്നു കേട്ടാലും ആ വാക്കിൻെറ യഥാർത്ഥമായ അർത്ഥത്തെ കാണ്മാൻ കഴിവുള്ളതാണറിവ്. (അല്പവാക്ക്, അഭിജ്ഞൻെറയും അർത്ഥഗർഭമായ വാക്കു അനഭിജ്ഞൻെറയും സ്നേഹവാക്കു ശത്രുവിൻെറയും ക്രോധവാക്കു സ്നേഹിതൻെറയും മുഖത്തുനിന്നു പുറപ്പെടാം. അവയുടെ യഥാർത്ഥമായ അർത്ഥത്തെ അറിവാൻ അറിവുള്ളവനു കഴിയും.)

എൺപൊരുളവാകച്ചെല ച്ചൊല്ലിത്താൻ പിറർവായ്
നുൺപൊരുൾ കാൺപതറിവു. ൪

സാ—അന്യന്മാൎക്ക് അൎത്ഥം എളുപ്പത്തിൽ മനസ്സിലാകത്തക്കവണ്ണം പറഞ്ഞ്, അന്യന്മാരുടെ വാക്കുകളുടെ അൎത്ഥത്തെ സൂക്ഷ്മമായി ഗ്രഹിക്കുകയും ചെയ്യുന്നതാണ് അറിവ് (അന്യൎക്കു മനസ്സിലാകത്തക്കവണ്ണം സംസാരിക്കുകയും അന്യരുടെ സംസാരത്തെ എളുപ്പത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നവനാണ് അറിവുള്ളവനെന്നു താല്പൎയ്യം.)

ഉലകന്തഴീഇയ തൊട്ടമലൎതലു-
ക്കൂമ്പലുമില്ല ദറിവു. ൫

സാ—സജ്ജനങ്ങളുടെ പ്രീതിയെ സമ്പാദിക്കേണ്ടതു് അറിവിൻെറ കൎത്തവ്യമാകുന്നു; ആദ്യം സന്തോഷിക്കുകയും പിന്നെ വെറുക്കുകയും ചെയ്തുകൂടാത്തതാണ്. (യോഗ്യന്മാരുടെ പ്രീതിയെ സമ്പാദിക്കേണ്ടതും ആദ്യം സന്തോഷിക്കുകയും അനന്തരം വെറുക്കുകയും ചെയ്യാതിരിക്കേണ്ടതും അറിവുള്ളവരുടെ കടമയാകുന്നു.)

എവ്വതുറൈവ തുലക മുലകത്തോ-
ടവ്വ തുറൈവ തറിവു. ൬

സാ—ലോകം എപ്രകാരം നടക്കുന്നുവോ, അപ്രകാരം നടക്കുകയാണ് അറിവിൻെറ കടമ. (ലോകഗതിയറിഞ്ഞു് അതനുസരിച്ച് നടക്കേണ്ടതു് അറിവുള്ളവരുടെ കൎത്തവ്യമാകുന്നു. ലോകത്തെ താൻ നടത്തുന്നു എന്ന ഗൎവ്വോടുകൂടി രാജാക്കന്മാർ തോന്നിയപോലെ നടക്കാൻ പാടില്ലെന്നു വിവക്ഷ.)

അറിവുടൈയാരാവ തറിവാരറിവിലാ-
രതറി കല്ലാതവർ. ൭

സാ—വരാനിരിക്കുന്നതിനെ അറിവാൻ കഴിയുന്നവർ അറിവുള്ളവരാകുന്നു; അറിയുന്നില്ലാത്തവർ അറിവില്ലാത്തവരാകുന്നു.

അഞ്ചുവതഞ്ചാമൈ പേതൈമൈ യഞ്ചുവ-
തഞ്ചലറിവാർ തൊഴിൽ ൮

സാ—പേടിക്കേണ്ടതിനെ പേടിക്കായ്ക അറിവില്ലായ്മയാകുന്നു; പേടിക്കേണ്ടതിനെ പേടിക്കുക അറിവുമാകുന്നു. (അധൎമ്മത്തെ ഭയപ്പെടാതിരിക്കുന്നതു് അറിവില്ലായ്മയും ഭയപ്പെടുന്നതു് അറിവുമാകുന്നു എന്നു താല്പൎയ്യം)

എതിരതാക്കാക്കുമറിവിനാൎക്കില്ലൈ
യതിരവരുവതോർനോയ്. ൯

സാ—മുൻകൂട്ടി അറിഞ്ഞു സൂക്ഷിക്കുന്ന വിജ്ഞനു ഭയങ്കരമായ തുൻപങ്ങൾ ഉണ്ടാകുന്നില്ല. (വരാനിരിക്കുന്ന ആപത്തിനെ മുൻകൂട്ടി അറിഞ്ഞു് അതിൻെറ കാരണത്തെ പരിഹരിക്കുന്ന അഭിജ്ഞനു് തുൻപമുണ്ടാവുകയില്ലെന്നു താല്പൎയ്യം)

അറിവുടൈയാരെല്ലാ മുടൈയാരറിവിലാ-
രെന്നുടൈയ രേനു മിലർ. ൧൦

സാ—അറിവുള്ളവർ എല്ലാമുള്ളവരാണ്; അറിവില്ലാത്തവർ എല്ലാമുള്ളവരായാലും, ഒന്നുമില്ലാത്തവരാകുന്നു. (അറിവുള്ളവനു യാതൊരു ഐശ്വൎയ്യവുമില്ലാതിരുന്നാലും സകലൈശ്വൎയ്യവാനാണെന്നു താല്പൎയ്യം.)

## നാല്പത്തിനാലാം അധികാരം.

### കുററങ്കടിതൽ.—ദോഷത്യാഗം.

---

ചെരുക്കുഞ്ചിനമുഞ്ചിറുമൈയുമില്ലാർ
പെരുക്കംപെരുമിത നീർത്തു. ൧

സാ—മദം, ക്രോധം, കാമം ഇവയില്ലാത്ത രാജാവിൻെറ ഐശ്വൎയ്യം സവോൽകൃഷ്ടമായിട്ടുള്ളതാകുന്നു. (ഇവ മൂന്നും രാജൈശ്വൎയ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നു വിവക്ഷ)

ഇവറലുമാൺപിറന്തമാനമുമാണാ-
വുവകൈയുമേതമിറൈക്കു. ൨

സാ—വേണ്ടെടത്തു കൊടുക്കായ്കയും ദുരഭിമാനവും അതിർകടന്ന സന്തോഷവും രാജാക്കന്മാൎക്കുണ്ടാവാൻ പാടില്ലാത്ത കുററങ്ങളാകുന്നു

തിനൈത്തുണൈയാങ്കുററംവരിനും പനൈത്തുണൈയാ-
ക്കൊൾവർ പഴിനാണുവാർ. ൩

സാ—പാപത്തെ ഭയപ്പെടുന്നവർ, തിനയോളം ചെറുതായ കുററം തന്നിലുണ്ടായാൽ, അതിനെ പനയോളം വലുതായി കാണുന്നു. (എത്ര നിസ്സാരമായ തങ്ങളുടെ കുററത്തെയും പാപഭീരുക്കൾ ഏററവും വലുതായ കുററമായി ഗണിച്ചു് അതിനെക്കുറിച്ചു പശ്ചാത്തപിച്ചു മേൽ അപ്രകാരം സംഭവിക്കാതെ സൂക്ഷിക്കുന്നു എന്നു ഭാവം.)

കുററമേകാക്ക പൊരുളാക കുററമേ
യററന്തരൂഉംപകൈ. ൪

സാ—നാശത്തെ ഉണ്ടാക്കുന്ന ശത്രു കുററമാകുന്നു; ആ കുററം, തന്നെ ബാധിക്കാതിരിക്കുന്നതുതന്നെ ഐശ്വൎയ്യം എന്നു കരുതി സൂക്ഷിക്കേണ്ടതാണ്. (തനിക്കു നാശത്തെയുണ്ടാക്കുന്ന ശത്രുക്കൾ കാമക്രോധമദാദിദോഷങ്ങളാണെന്നും അവയുടെ അഭാവമത്രേ ഐശ്വൎയ്യമെന്നും വിശ്വസിച്ചു രാജാക്കന്മാർ അവ ബാധിക്കാതെ സൂക്ഷിക്കേണ്ടതാണെന്നു താല്പൎയ്യം. മേൽപറഞ്ഞ ഏതെങ്കിലും ഒന്നിനെ ആസ്പദമാക്കിയല്ലാതെ രാജാക്കന്മാൎക്കു ശത്രുക്കൾ ഉണ്ടാകുന്നതല്ലാത്തതിനാൽ അവയെത്തന്നെ ശത്രുക്കളായി കല്പിച്ചതാണ്. ശത്രുക്കളില്ലാത്തതുതന്നെ ഐശ്വൎയ്യമാകയാൽ അവയുടെ അഭാവത്തെ ഐശ്വൎയ്യമെന്നു വിവക്ഷിച്ചതാകുന്നു.)

വരുമുന്നർ ക്കാവാതാൻ വാഴ്ക്കൈയെരിമുന്നർ
വൈത്തൂറു പോലക്കെടും. ൫

സാ—വരുംമുമ്പു, വരാതെ സൂക്ഷിക്കാത്ത രാജാവിൻെറ വാഴ്ച, തീയിൻെറമുമ്പിൽ വയ്ക്കോൽത്തുറു എന്നപോലെ നശിക്കുന്നു. (മേൽപറഞ്ഞ ദോഷങ്ങൾ വന്നു ബാധിക്കുംമുമ്പു ബാധിക്കാതെ സൂക്ഷിക്കാത്ത രാജാവു് എളുപ്പത്തിൽ നശിക്കുമെന്നു ഭാവം.)

തൻകുററനീക്കി പ്പിറർകുററങ്കാൺകിർ പി-
നെൻകുററമാകുമിറൈക്കു. ൬

സാ—തൻെറ കുററത്തെ മുമ്പേ കണ്ടകററി, അന്യകുററത്തെ പിന്നീടു കാണാൻ കഴിവുള്ള രാജാവിനു് എന്തൊരു ദോഷമാണുണ്ടാകുന്നുള്ളതു? (തൻെറ കുററത്തെ പരിഹരിക്കാതെ അന്യകുററത്തെ കാണുന്നതു വലുതായ കുററമാകുന്നു. അതിനാൽ തൻെറ

കുററത്തെ ആദ്യം പരിഹരിച്ചിട്ട് (പിന്നീട്ട അന്യകുററത്തെ പരിഹരിക്കുകയാകുന്ന തന്റെ ധർമ്മത്തെ പാലിക്കേണ്ടതാകുന്നു. അപ്രകാരം, സ്വധർമ്മത്തെ വഴിപോലെവണ്ണം പാലിക്കുന്ന രാജാവിനു യാതൊരു ദോഷവും നേരിടുന്നതല്ലെന്നു വിവക്ഷ.)

ചെയർപാല ചെയ്യാതിവറിയാൻചെൽവ-
മുയർപാല തൻറിക്കെട്ടും. ൭

സാ—കർത്തവ്യത്തെ നിർവ്വഹിക്കാതെ, അതിൽ ലോഭം പ്രകടിക്കുന്ന രാജാവിന്റെ ഐശ്വര്യം നിഷ്പ്രയോജനമായി നശിക്കുന്നു. (ധർമ്മത്തെ ശരിയായ് അനുഷ്ഠിക്കാഞ്ഞാൽ രാജൈശ്വര്യം നശിക്കുമെന്നു വിവക്ഷ)

പററുള്ളമെന്നുമിവറൻമൈയെററുള്ളു-
മെണ്ണപ്പട്ടുവതൊൻറൻറു. ൮

സാ—(ധനത്തെ വേണ്ടെടുത്തു ചെലവുചെയ്യാതെ) മുറുകപ്പിടിക്കുന്ന ലോഭം, എല്ലാദോഷങ്ങളിലുംവെച്ചു വലുതായ ദോഷമാകുന്നു. (ആവശ്യത്തിനു ചെലവുചെയ്യാത്ത പിശുക്ക് രാജാക്കന്മാൎക്കു വലുതായ ദോഷമാണെന്നു താല്പൎയ്യം.)

വിയവർകവെഞ്ഞാൻറുന്തന്നൈനയവർക
നൻറിപയവാവിനൈ. ൯

സാ—എല്ലാകാലത്തും, അഹങ്കാരത്താൽ താൻ വലിയവനാണെന്നു ഭാവിക്കാതിരിക്കേണ്ടതാകുന്നു; നന്മയെവിളയിക്കാത്ത തൊഴിലുകളെ ആഗ്രഹിക്കാതിരിക്കേണ്ടതുമാകുന്നു. (ഉന്നതനിലയിൽ വർത്തിക്കുമ്പോഴും താൻ വലിയവനാണെന്നു ഭാവിക്കാതിരിക്കുകയും തനിക്കു നന്മയെച്ചെയ്യാത്ത തൊഴിലുകളെ ആഗ്രഹിക്കാതിരിക്കുകയും വേണ്ടതാകുന്നു.)

കാതല കാതലറിയാമൈ യുയ്ക്കിർപി-
നോതില വേതിലാർ നൂൽ. ൰

സാ—(തന്നാൽ) ആഗ്രഹിക്കപ്പെട്ടവയെ, ആ ആഗ്രഹത്തെ പരസ്യമാക്കാതെ അനുഭവിക്കാൻ കഴിഞ്ഞുവെങ്കിൽ, ശത്രുക്കളുടെ ഉദ്ദേശം വിഫലമാകുന്നതാണ്. (തന്റെ അഭിലാഷത്തെ ഗൂഢമായി സാധിക്കാൻ കഴിവുണ്ടായാൽ ശത്രുവിന്റെ ഉദ്ദേശം ഫലിക്കുന്നതല്ല എന്നു താല്പൎയ്യം)

---

## നാല്പത്തിഅഞ്ചാം അധികാരം.

### പെരിയാരൈത്തുണൈക്കോടൽ—മഹത്സാഹായ്യസമ്പാദനം.

---

അറനറിന്തുമൂത്തവറിവുടൈയാർകേൺമൈ
തിറനറിന്തുതേർന്തുകൊളൽ. ൧

സാ—ധർമ്മത്തെ അറിഞ്ഞ് (തന്നിൽനിന്നും) ഉയൎന്ന മഹത്തുകളുടെ സ്നേഹത്തെ (അവരുടെ യോഗ്യത) അറിഞ്ഞു സമ്പാദിക്കേണ്ടതാകുന്നു. (അറിവിലും പ്രായത്തിലും സ്വഭാവത്തിലും തന്നെക്കാൾ ഉയൎന്നവരും ധർമ്മത്തെ അറിഞ്ഞവരുമായ മഹാന്മാരുടെ യോഗ്യതയെ ഗ്രഹിച്ച് അവരുടെ സ്നേഹത്തെ സമ്പാദിക്കേണ്ടതു രാജാക്കന്മാരുടെ കടമയാകുന്നു)

ഉററനോയ്നീക്കി യുറാഅമൈ മുർകാക്കും
പെറിയാർപ്പേണിക്കൊളൽ. ൨

സാ—വന്ന തുമ്പത്തെ ഒഴിച്ച്, മേലാൽ വരാതിരിക്കത്തക്കവണ്ണം, മുൻകൂട്ടി സൂക്ഷിക്കാൻ കഴിവുള്ള മഹാന്മാരെ സബഹുമാനം സ്വീകരിക്കേണ്ടതാകുന്നു. (ദൈവത്താലും മനുഷ്യരാലും നേരിടുന്ന തുൻപങ്ങളെ പരിഹരിച്ച്, മേലാൽ അപ്രകാരം സംഭവിക്കാതെ മുൻകൂട്ടി സൂക്ഷിക്കാൻ കഴിവുള്ള മഹത്തുക്കളെ, അവരുടെ യോഗ്യത അറിഞ്ഞു ബഹുമാനിച്ചു രാജാവു സ്വീകരിക്കേണ്ടതാകുന്നു. ദൈവികമായ തുമ്പങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, അതിവാതം, അഗ്നിബാധ മുതലായവയാകുന്നു. അവയെ യാഗാദിപുണ്യകർമ്മങ്ങളാൽ പരിഹരിക്കാവുന്നതാണ്. മാനുഷികമായ തുൻപങ്ങൾ, ശത്രുക്കൾ, കള്ളന്മാർ, ബന്ധുക്കൾ, സേവകന്മാർ മുതലായവരിൽനിന്നും നേരിടുന്നവയാകുന്നു. അവ, സാമാദിചതുരുപായങ്ങളാൽ പരിഹരിക്കപ്പെടാവുന്നതാണ്. ഇപ്രകാരമുള്ള ആപത്തുകളെ മുൻകൂട്ടി അറിഞ്ഞ് അവയ്ക്കു പരിഹാരം നേടാൻ കഴിവുള്ള മന്ത്രിമാരെയും പുരോഹിതന്മാരെയും രാജാവു സമ്പാദിക്കുകയും അവരുടെ യോഗ്യത അറിഞ്ഞ് ബഹുമാനിക്കുകയും ചെയ്യേണ്ടതാകുന്നു.)

അരിയവററുളെല്ലാമരിതേ പെരിയാരൈ-
പേണിത്തമരാക്കൊളൽ. ൩

സാ—മഹത്തുക്കളെ തൃപ്തിപ്പെടുത്തി ബഹുമാനപുരസ്സരം വിശ്വസിച്ചു സ്വീകരിക്കുന്നതു (രാജാക്കന്മാർക്ക്) അപൂർവലാഭമാകുന്നു. (വലിയവരുടെ സ്നേഹം രാജാക്കന്മാർക്ക് ലഭിക്കത്തക്കവയിൽ, ത്രൈലോക്യശ്ലാഘ്യമാണെന്നു താൽപ്പര്യം.)

തമ്മിർപെരിയാർ തമരാവൊഴുകുതൽ
വന്മൈയുളെല്ലാന്തലൈ. ൪

സാ—(അറിവുമുതലായവയിൽ) തന്നെക്കാൾ ഉയർന്നവർ വിശിഷ്ടന്മാരാണെന്നു ബോധിച്ച്, അവരുടെ ഗുണദോഷങ്ങൾക്കു വഴിപ്പെട്ടു നടക്കുക എന്നതു രാജാക്കന്മാരുടെ സാമർത്ഥ്യപ്രകടനങ്ങളിൽ പ്രാധാന്യത്തെ അർഹിക്കുന്നതാണ്.

ചൂഴ്‌വാർ കണ്ണാകവൊഴുകലാൻ മന്നവൻ
ചൂഴ്‌വാരൈച്ചൂഴ്ന്തുകൊളൽ. ൫

സാ—മന്ത്രിമാരെ, കണ്ണുകളായി കല്പിച്ച് (തന്റെ ഭാരത്തെ) നിർവഹിപ്പിക്കുന്നതിനാൽ, മന്ത്രിമാരെ തിരഞ്ഞെടുത്തു സ്വീകരിക്കേണ്ടതാകുന്നു. (തന്റെ ചുമതലകളെ മുഴുവൻ വിശ്വാസപൂർവം നിർവഹിക്കുന്ന മന്ത്രിമാരെ രാജാവു തന്റെ കണ്ണുകളെപ്പോലെ സ്നേഹിക്കയും വിശ്വസിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള സ്നേഹവിശ്വാസങ്ങൾ അസ്ഥാനത്തിലാകാതിരിക്കാൻ, യോഗ്യന്മാരെത്തന്നെ തിരഞ്ഞെടുക്കേണ്ടതാണെന്നു ഭാവം.)

തക്കാരിനത്തനായ്ത്താനൊഴുകവല്ലാനൈ-
ച്ചെററാർ ചെയക്കിടന്തതിൽ. ൬

സാ—യോഗ്യന്മാരോടുചേർന്നവനായി ധർമ്മത്തെ മുൻനിർത്തി നടക്കാൻ കഴിവുള്ളവനായ രാജാവിന് ശത്രുക്കളാൽ നേരിടാവുന്ന തുൻപങ്ങൾ യാതൊന്നുമില്ല. (അറിവുള്ള മഹത്തുക്കളുടെ സഹായവും ധർമ്മവും നീതിയുമുള്ള രാജാവിന് ശത്രുക്കളിൽനിന്നും യാതൊരു തുൻപവും നേരിടാനില്ലെന്നു താൽപ്പര്യം)

ഇടിക്കുന്തുണൈയാരൈ യാൾവാരൈ യാരേ
കെടുക്കുന്തകൈമൈയവർ. ൭

സാ—(കുറ്റംകണ്ടാൽ ശാസിച്ചു ഗുണദോഷിക്കുന്ന സഹായികളെ ഭരിക്കുന്ന രാജാവിനെ നശിപ്പിക്കാൻ ശക്തിയുള്ള ശത്രുക്കൾ ആരുണ്ട്? (മുഖസ്തുതിചെയ്യാതെ തെററുകാണുമ്പോൾ ശാസിച്ചു ഗുണദോഷിക്കുന്നവരാണ് യഥാർത്ഥ ഗുണകാംക്ഷികൾ; അപ്രകാരമുള്ള സഹായികളെ സ്വീകരിച്ചു പാലിക്കുന്ന രാജാവിനെ ജയിക്കത്തക്ക ശത്രുക്കളില്ലെന്നു താൽപ്പര്യം.)

ഇടിപ്പാരെയില്ലാതവേമരാ മന്നൻ-
കെടുപ്പാരിലാനുങ്കെടും. ൮

സം—ശാസിച്ചുഗുണദോഷിക്കുന്നവരില്ലാത്ത നിസ്സഹായനായ രാജാവു്, നശിപ്പിക്കാൻ ശത്രുക്കളില്ലെങ്കിലും താനെനശിക്കും (താനേ നശിക്കുക, പാപ്പാനില്ലാത്ത ആന വഴിതെറ്റിച്ചരിച്ചു കുണ്ടിൽ ചാടുന്നതുപോലെ, അധർമ്മത്തിൽ ചരിച്ചു് ആപത്തിനെ സ്വയം വരിക്കുകയാകുന്നു.)

മുതലിലാർക്കൂതിയ മില്ലൈ മതലൈയാ
ഞ്ചാർപിലാർക്കില്ലൈ നിലൈ. ൯

സം—മുതലില്ലാത്ത വ്യാപാരിക്കു ലാഭമില്ലാത്തതുപോലെ, സഹായിക്കത്തക്ക ബന്ധുക്കളില്ലാത്ത രാജാവിനു നിലയില്ല (എപ്രകാരം മുതൽകൊണ്ടു ലാഭം വരുത്തുന്നുവോ, അപ്രകാരം മന്ത്രിമാർ തുടങ്ങിയുള്ള സഹായികളെക്കൊണ്ടു രാജത്വത്തിനു നില—ഉറപ്പു—വരുത്തേണ്ടതാകയാൽ സഹായികളില്ലാത്ത രാജാവിനു നാശം നേരിടുമെന്നു വിവക്ഷ.)

പല്ലാർപകൈ കൊളലിർ പത്തടുത്തതീമൈത്തേ
നല്ലാർ തൊടർകൈ വിടൽ. ൰

സം—വലിയവരുടെ സ്നേഹത്തെ ഉപേക്ഷിക്കുന്നതു പല ശത്രുക്കളെ സമ്പാദിക്കുന്നതിലും പത്തിരട്ടി ആപത്തിനു കാരണമാണു്. (അനേക ശത്രുക്കളോടു് ഏകകാലത്തിൽ എതിരിടേണ്ടിവരുന്നതിലും ദശഗുണം ആപത്തു് സൽസംഗത്തെ വെടിയുന്ന രാജാവിനു നേരിടുമെന്നു താല്പര്യം.)

---

## നാല്പത്താറാം അധികാരം.

### ചിററിനഞ്ചേരാമൈ—ദുഷ്ടസംസർഗ്ഗവർജ്ജനം.

---

ചിററിനമഞ്ചുംപെരുമൈ ചിറുമൈതാൻ
ചുററമാച്ചൂഴ്ന്തു വിടും. ൧

സം—വലിയവരുടെ മനസ്സു ചെറിയവരിൽ ഭയപ്പെടും; ചെറിയവരുടെ മനസ്സു് ചെറിയവരോടുചേരും. (അറിവുള്ളവർ തങ്ങളുടെ അറിവിനു നാശവും തങ്ങൾക്കു തുൻപവും നേരിടുമെന്നു ഭയന്നു് അറിവില്ലാത്തവരോടു ചേരുകയില്ല. അറിവില്ലാത്ത നിസ്സാരന്മാർക്കു് അപ്രകാരമുള്ള ഭയത്തിനു ഹേതുവില്ലാത്തതിനാൽ തങ്ങളെപ്പോലുള്ളവരോടു ചേർന്നുകൊള്ളുമെന്നു താല്പര്യം.)

നിലത്തിയൽപാ നീർതിരിന്തററാകുമാന്തർ
ക്കിനത്തിയൽപ താകുമറിവു. ൨

സം—ജലത്തിനു ഭൂമിയുടെ സ്വഭാവത്താൽ ഗുണവ്യത്യാസം സംഭവിക്കുന്നതുപോലെ, മനുഷ്യരുടെ അറിവിനു (മനുഷ്യ) സംസർഗ്ഗത്താൽ ഗുണവ്യത്യാസം സംഭവിക്കുന്നു (ആകാശത്തിൽനിന്നു ജലം ഭൂമിയിൽ പതിക്കുമ്പോൾ, അതിന്റെ സ്വാഭാവികമായ ഗുണം മാറി നിറത്തിലും ചുവയിലും അതതുമണ്ണിന്റെ സ്വഭാവം അനുസരിച്ചു വ്യത്യാസം നേരിടുന്നു, അതുപോലെ അറിവു മനുഷ്യരോടു ചേരുമ്പോൾ, ഓരോ മനുഷ്യന്റെയും സ്വഭാവത്തിനു് അനുസരിച്ചു മാററം നേരിടുന്നു, എന്നു താല്പര്യം.)

മനത്താനാമാന്തർ ക്കുണർച്ചി യിനത്താനാ-
മിന്നാനെനപ്പട്ടു ഞ്ചൊൽ. ൩

സാ—മനുഷ്യൎക്ക് അറിവു മനസ്സിലുണ്ടാകും; ഇവൻ ഇന്നവനാണെന്നുള്ള ചൊല്ല് അവന്റെ കൂട്ടുകെട്ടിൽ നിന്നുമുണ്ടാകും. (പൊതുവായ അറിവ് മനുഷ്യമനസ്സിൽത്തന്നെ ജാതമാകുന്നു; ഒരുവനെ സബുദ്ധി എന്നോ ദുർബുദ്ധി എന്നോ ഉള്ള ചൊല്ലിനു പാത്രമാക്കുന്ന അറിവ് അവന്റെ കൂട്ടുകെട്ടിൽ നിന്നുമുണ്ടാകുന്നു.)

മനത്തു ളതുപോല ക്കാട്ടി യൊരുവർ
കിനത്തുളതാകുമറിവു. ൪

സാ—(മേൽപറഞ്ഞവിധം) കൂട്ടുകെട്ടിൽനിന്നുണ്ടാകുന്ന അറിവ്, ഒരുവന് അവന്റെ മനസ്സിൽ ഉണ്ടായതുപോലെ പ്രദർശിപ്പിക്കുന്നതാണ്.

മനന്തുയ്മൈ ചെയ്വിനൈ തുയ്മൈ യിരണ്ടു-
മിനന്തുയ്മൈ തുവാ വരും. ൫

സാ—മനശ്ശുദ്ധിയും വൃത്തിശുദ്ധിയുമാകുന്ന രണ്ടു ശുദ്ധികളും സംസൎഗ്ഗശുദ്ധിയാലുണ്ടാകും. (മനസ്സിലുള്ള അജ്ഞാനത്തെ നീക്കി മനോവാക്കായ ശുദ്ധികളെ നൽകുന്നതു സംസർഗ്ഗശുദ്ധിയാലാണെന്നു താല്പൎയ്യം.)

മനന്തുയാർക്കെച്ചനൻറാകുമിനന്തുയാർ-
ക്കില്ലൈ നൻറാകാവിനൈ. ൬

സാ—മനശ്ശുദ്ധിയുള്ളവൎക്കു നല്ലപുത്രന്മാരുണ്ടാകും; സംസൎഗ്ഗശുദ്ധിയുള്ളവൎക്കു ശുഭമല്ലാത്തതു യാതൊന്നുമില്ല (മനശ്ശുദ്ധിയുള്ളവൎക്കു സൽപുത്രസമ്പത്തു ലഭിക്കും. സംസൎഗ്ഗശുദ്ധിയുള്ളവൎക്കു സകലഭാഗ്യവുമുണ്ടാകുന്നതാണ്. ഒരുവനു മനശ്ശുദ്ധിയുണ്ടെങ്കിൽ, അവന്റെ പുത്രന്മാരും യോഗ്യന്മാരായിരിക്കുമെന്നും, മനശ്ശുദ്ധിയില്ലാത്തവന്റെ പുത്രന്മാർ ദുർബ്ബുദ്ധികളായിരിക്കുമെന്നും ഭാവം.)

മനനല മന്നുയിർക്കാക്ക മിനനല-
മെല്ലാപ്പുകഴ്‌ന്തരും. ൭

സാ—മനുഷ്യൎക്ക്, മനസ്സിന്റെഗുണം ഐശ്വൎയ്യത്തെയും, സൽസംസൎഗ്ഗം സൎവ്വയശസ്സിനെയും നൽകും (മനശ്ശുദ്ധികൊണ്ടു ഐശ്വൎയ്യവും സംസൎഗ്ഗശുദ്ധികൊണ്ടു കീൎത്തിയും ലഭിക്കുമെന്നു താല്പൎയ്യം.

മനനല നൻകുടൈയ രായിനു ഞ്ചാൻറോ-
ക്കിനനല മേമാപ്പുടൈത്തു. ൮

സാ—മനശ്ശുദ്ധി പൂൎവ്വജന്മത്തിലെ സുകൃതംകൊണ്ടു ലഭിക്കപ്പെടുന്നതാണെങ്കിലും സത്തുക്കൾക്കു സൽസംഗം അതിനു (മനശ്ശുദ്ധിക്കു) ശക്തിയെ നൽകുന്നു. (പൂൎവ്വജന്മത്തിലെ സുകൃതത്താൽ ലഭിക്കപ്പെടുന്ന മനശ്ശുദ്ധിയുള്ളവൎക്കും സൽസംഗം ഗുണപ്രദമാകുന്നു എന്നു താല്പൎയ്യം.)

മനനലത്തിനാകു മറുമൈ മററു-
മിനനലത്തിനേമാപ്പുടൈത്തു. ൯

സാ—മനോഗുണത്താൽ മറുജന്മത്തെ പരമാനന്ദമുണ്ടാകും; അതും സൽസംഗത്താൽ പ്രവൃദ്ധമാകുന്നതാണ്. (ജന്മാന്തരത്തിലേക്കുള്ള പരമാനന്ദം മനോഗുണത്താൽ സിദ്ധിക്കുമെന്നും സൽസംഗത്താൽ അതിനു മററവകൂടുമെന്നും താല്പൎയ്യം.)

നല്ലിനത്തിനൂങ്കു ന്തുണെയില്ലൈ തീയിനത്തി-
നല്ലർ പടുപ്പതൂഉ മിൽ. ൧൦

സാ—സൽസംഗത്തെക്കാൾ വലുതായ ഒരു സഹായി (ബന്ധു) ഇല്ല; ദുസ്സംഗത്തെക്കാൾ വലിയൊരു ശത്രുവുമില്ല (സൽസംഗം മഹത്തായ സഹായത്തെയും ദുസ്സംഗം മഹോപദ്രവത്തെയും ചെയ്യുന്നതിനാൽ സൽസംഗം പരമബന്ധുവും ദുസ്സംഗം കൊടിയശത്രുവുമാണെന്നു താല്പര്യം )

---

## നാല്പത്തേഴാം അധികാരം.

### തെരിന്തുചെയൽവകൈ—കർത്തവ്യകർമ്മം.

അഴിവതൂഉ മാവതൂഉ മാകി വഴിപയക്കു-
മൂതിയമുഞ്ചൂഴ്ന്തുചെയൽ. ൧

സാ—നാശവും അഭിവൃദ്ധിയുമാകുന്ന ഫലങ്ങളെ ആരാഞ്ഞറിഞ്ഞു ചെയ്യേണ്ടതാകുന്നു. (ഒരുവൻ ഒരു പ്രവൃത്തി ചെയ്യുംമുമ്പ് അതിനാൽ നേരിട്ടേയ്ക്കാവുന്ന ദോഷത്തെയും ഗുണത്തെയും പററി ചിന്തിച്ച്, ദോഷഫലമാണുണ്ടാകുന്നതിനിടയുള്ളതെന്നു കണ്ടാൽ അതിനെ ചെയ്യാതിരിക്കുകയും ഗുണഫലമാണെന്നു കണ്ടാൽ ചെയ്യുകയും വേണമെന്നു ഭാവം.)

തെരിന്തവിനത്തൊടു തേർന്തെണ്ണിച്ചെയ്വാ-
ക്കരുംപൊരുൾ യാതൊ റുമിൽ. ൨

സാ—തിരഞ്ഞെടുത്തു സ്വീകരിച്ച കൂട്ടരോട് ആലോചിച്ചു പിന്നീട താനും ചിന്തിച്ചു (ഏതൊന്നിനെയും) ചെയ്യുന്ന രാജാവിനു ദുസ്സാധ്യമായ വിഷയം യാതൊന്നുമില്ല. (യോഗ്യത അറിഞ്ഞു ഉപദേഷ്ടാക്കളായി തന്നാൽ സ്വീകരിക്കപ്പെട്ട മന്ത്രിമാർ, പുരോഹിതന്മാർമുതലായ അഭിജ്ഞന്മാരോട ആലോചിച്ചിട്ട് തന്റെ ബുദ്ധിചെലുത്തി ചിന്തിക്കുകയും ചെയ്തതിനുശേഷം ഏതൊരു പ്രവൃത്തിയെയും ചെയ്യുന്ന രാജാവിനു സർവ്വവും സുസാധ്യമാണെന്നു താല്പര്യം )

ആക്കങ്കരുതിമുതലിഴക്കുഞ്ചെയ്വിനൈ
യൂക്കാരറിവുടൈയാർ. ൩

സാ—(വരാനിരിക്കുന്ന) ലാഭത്തെമോഹിച്ചു കൈവശമുള്ള മുതലിനെ നശിപ്പിക്കുന്ന(തിനു കാരണമാകുന്ന) തൊഴിലിൽ ബുദ്ധിമാന്മാർ ഏർപ്പെടുകയില്ല. (പരരാജ്യം ലഭിക്കുമെന്ന അത്യാശയോടുകൂടി, പ്രതിപക്ഷിയുടെ ശക്തിയും സന്ദർഭവും മററും ഓർക്കാതെ ചെന്നു സ്വസൈന്യത്തെയും ഭണ്ഡാരത്തെയും രാജ്യത്തെത്തന്നെയും നശിപ്പിക്കാൻ ബുദ്ധിമാനായ രാജാവു് ഒരുമ്പെടുകയില്ലെന്നു താല്പര്യം.)

തെളിവിലതനൈത്തൊടങ്കാരിളിവെന്നു-
മേതപ്പാടഞ്ചുപവർ. ൪

സാ—അപമാനകരമായ കുററത്തെ ഭയപ്പെടുന്നവർ, ചെയ്തുകൂടാത്തതിനെ ചെയ്യാനൊരുമ്പെടുകയില്ല. (ചെയ്തുകൂടാത്തതിനെ ചെയ്താൽ അപജയമായിരിക്കും; ലാഭം ആ ഫലത്തെ അന്യർ അറിഞ്ഞു് അതനു കാരണമായ കുററത്തെ അധിക്ഷേപിക്കുന്നതാണ്; ആ അധിക്ഷേപത്തെ സമ്പാദിക്കാൻ ബുദ്ധിമാന്മാർ ഒരുമ്പെടുകയില്ലെന്നു താല്പര്യം )

വകൈയറ ച്ചൂഴാതെഴുതൽ പകൈവരൈ-
പ്പാത്തിപ്പടുപ്പതോരാറു. ൫

സാ—കാര്യത്തെക്കുറിച്ചു നല്ലവണ്ണം ചിന്തിക്കാതെ, ചെല്ലുന്നതു ശത്രുക്കളെ ശക്തന്മാരാക്കുകയാണ്. (കൂലങ്കഷമായി ചിന്തിക്കാതെ രാജാവ്, ശത്രുവിനെ എതിർക്കാൻ പുറപ്പെടുന്നതു ശത്രുബലത്തെ വർദ്ധിപ്പിക്കുകയാണെന്നു താല്പര്യം)

ചെയ്തക്കവല്ല ചെയക്കെടുഞ്ചെയ്തക്ക
ചെയ്യാമൈ യാനുങ്കെടും. ൬

സാ—(രാജാവ്) ചെയ്തുകൂടാത്തതിനെ ചെയ്താൽ നശിക്കും; ചെയ്യേണ്ടതിനെ ചെയ്യാതിരുന്നാലും നശിക്കും. (രാജാവു കർത്തവ്യമല്ലാത്തതിനെ ചെയ്താലും കർത്തവ്യമായതിനെ ചെയ്യാതിരുന്നാലും നശിക്കുമെന്നു താല്പര്യം.)

എണ്ണിത്തുണിക കരുമന്തുണിന്തപി-
നെണ്ണുവമെൻ പതിഴുക്കു. ൭

സാ—കർത്തവ്യത്തെ(ത്തന്നെയും) ആലോചിച്ചിട്ടു ചെയ്യാൻ തുടങ്ങുക; തുടങ്ങിയതിനുശേഷം ആലോചിക്കാമെന്നു കരുതുന്നതു തെറ്റാണു. (കർത്തവ്യത്തെ ചെയ്യണമെന്നും അകർത്തവ്യത്തെ ചെയ്യരുതെന്നും മുകളിൽ അനുശാസിച്ചിട്ടുണ്ട്; എന്നാൽ കർത്തവ്യത്തെപ്പോലും, വേണ്ടവണ്ണം ആലോചിച്ചതിനുശേഷമേ ചെയ്തുതുടങ്ങാൻ പാടുള്ളു; തുടങ്ങിയിട്ടു ആലോചിക്കാമെന്നു വിചാരിക്കുന്നതു മൂഢത്വമാണ്.)

ആററിൻ വരുന്താ വരുത്തം പലർനിൻറു
പൊററിനും പൊത്തുപ്പടും. ൮

സാ—ഉപായത്തെക്കുറിച്ചുള്ള ആലോചനയിൽ യത്നിക്കാത്തവന്റെ പ്രയത്നം പല സഹായികളുണ്ടായിരുന്നാലും ദോഷത്തെ ചെയ്യും (കർത്തവ്യത്തെ ചെയ്യാൻതുടങ്ങുംമുമ്പ്, തന്റെ ഉപദേഷ്ടാക്കളുമായും തനിത്താൻതന്നെയും നല്ലവണ്ണം ആലോചിക്കണമെന്നും, അപ്രകാരമുള്ള യത്നത്തിനുമുമ്പു കർത്തവ്യത്തെ നിർവഹിക്കാൻ യത്നിക്കുന്നവനു എത്രവളരെ സഹായികളുണ്ടായിരുന്നാലും ഒടുവിൽ ദോഷംതന്നെ സംഭവിക്കുമെന്നും താല്പര്യം)

നൻറാററലുള്ളുന്തവറുണ്ടവരവർ
പൺപറിന്താററാക്കടൈ. ൯

സാ—ഉപായചതുഷ്ടയത്തെ അനുഷ്ഠിക്കുന്നതു്, അനുഷ്ഠിക്കപ്പെടുന്നവരുടെ ഗുണത്തെ അറിഞ്ഞുവേണ്ടതാണ്; അല്ലെങ്കിൽ അതു കുററമായിരിക്കും. (ഓരോരുത്തരുടെയും സ്വഭാവത്തെ അറിഞ്ഞ് തദനുസരണം, സാമ, ദാന, ഭേദ, ദണ്ഡങ്ങളെ അനുവർത്തിക്കാത്തപക്ഷം, ആ പ്രവൃത്തി കുററമായി ഭവിക്കുന്നതാണെന്നു ഭാവം.)

എള്ളാതവെണ്ണി ച്ചെയൽവേണ്ടുന്തമ്മൊടു
കൊള്ളാത കൊള്ളാതുലകു. ൧൦

സാ—തന്റെ നിലയ്ക്കു യോജിക്കാത്ത പ്രവൃത്തിയെ ലോകം സ്വീകരിക്കയില്ല; അതിനാൽ അധിക്ഷേപാർഹമല്ലാത്തതിനെ ആലോചിച്ചു ചെയ്യേണ്ടതാകുന്നു.

## നാല്പത്തെട്ടാം അധികാരം.

### വലിയറിതൽ—ബലമറിയുക.

വിനൈവലിയുന്തൻവലിയു മാററാൻവലിയു-
ന്തുണൈവലിയു ന്തൂക്കിച്ചെയൽ. ൧

സാ—(താൻ ചെയ്യാനുദ്ദേശിക്കുന്ന) കർമ്മത്തിന്റെ ശക്തിയും (ആ കർമ്മത്തെ ചെയ്യേണ്ടവനായ) തന്റെ ശക്തിയും (അതിനു പ്രതിബന്ധകനായി നില്ക്കുന്ന) ശത്രുവിന്റെ ശക്തിയും (ആ ശത്രുവിനും തനിക്കും) സഹായികളായി നില്ക്കുന്നവരുടെ ശക്തിയും തുലനംചെയ്തു (തന്റെഭാഗത്തു് കൂടുതൽ ശക്തിയുണ്ടെന്നുകണ്ടാൽ) ആ കർമ്മത്തെ നിർവ്വഹിക്കേണ്ടതാകുന്നു. (കർമ്മത്തിന്റെയും ശത്രുവിന്റെയും ശത്രുസഹായികളുടെയും തന്റെയും തന്റെ സഹായികളുടെയും ശക്തികളെ ആരാഞ്ഞറിഞ്ഞു്, കർമ്മത്തിനും ശത്രുവിനും ശത്രുസഹായികൾക്കും, തന്നിലും തന്റെ സഹായികളിലും നിന്നു കൂടുതൽ ശക്തിയുണ്ടെന്നു ബോദ്ധ്യംവന്നാൽ ആ സംരംഭത്തിൽനിന്നും പിൻവാങ്ങണമെന്നു താല്പര്യം.)

ഒൽവതറിവ തറിന്തതൻ കട്ടങ്കി-
ച്ചെൽവാർക്കു ച്ചെല്ലാതതിൽ. ൨

സാ—ചെയ്യാൻപോകുന്ന പ്രവൃത്തിയെയും (മേൽപ്പറഞ്ഞ) ശക്തികളെയും ആരാഞ്ഞറിഞ്ഞു്, ആ വിഷയത്തിൽതന്നെ ദത്തശ്രദ്ധനായി നിന്നു് (ശത്രുവിന്റെ നേക്കു) ചെല്ലുന്നവനു പ്രയാസമായിട്ടു യാതൊന്നുമില്ല.

ഉടൈത്തം വലിയറിയാ തൂക്കത്തിനൂക്കി
യിടൈക്കൺ മുരിന്താർ പലർ. ൩

സാ—തനിക്കുള്ള ശക്തിയെ അറിയാതെ അഹങ്കാരത്തോടുകൂടി (തന്നെക്കാൾ ശക്തിയുള്ള) ശത്രുവിനോടെതിരു് ഇടയ്ക്കുവച്ചു നശിച്ചവർ പലരുണ്ടു്. (സ്വശക്തിയെ മനസ്സിലാക്കാതെ ബലവാനായ ശത്രുവിനോടേററു യുദ്ധമദ്ധ്യേ പിന്തിരിഞ്ഞോടിയരാജാക്കന്മാർ അനേകംപേരുണ്ടെന്നു താല്പര്യം.)

അമൈന്താ ങൊഴുകാ നളവറിയാ ന്റന്നൈ
വിയന്താൻ വിരൈന്തുകെടും. ൪

സാ—അയൽരാജാക്കന്മാരോടു സഖ്യത്തിൽ പെരുമാറാതെയും തന്റെ ശക്തിയെ അറിയാതെയും അഹങ്കാരത്തോടുകൂടി അവരോടു ശത്രുത്വം കാട്ടുന്ന രാജാവു് എളുപ്പത്തിൽ നശിക്കും. (ബലിഷ്ഠനായ അയൽരാജാവിനോടു ബലഹീനനായ രാജാവ നയത്തിൽ പെരുമാറേണ്ടതാണു്; നേരേമറിച്ചു സ്വശക്തിയെ അറിയാതെ അയൽരാജാവിനോടു് എതിർക്കുന്നവൻ തന്റെ ബലഹീനതയാൽ എളുപ്പത്തിൽ നശിപ്പിക്കുമത്രേ.)

പീലിപെയ് ചാകാടു മച്ചിറുമപ്പണ്ടം
ചാലമികുത്തുപ്പെയിൻ. ൫

സാ—മയിൽപ്പീലി കയററിയ വണ്ടിയും, അതു് കണക്കിൽകവിഞ്ഞു കയററിയാൽ, അച്ചുതണ്ടു് ഒടിയും (മയിൽപ്പീലിതന്നെയായാലും, വണ്ടിയുടെ അച്ചുതണ്ടിന്റെ ശക്തിയിൽ കവിഞ്ഞഭാരത്തിൽ കയററിയാൽ ആ തണ്ടു ഒടിയുകതന്നെ ചെയ്യും. ബലഹീനന്മാരെന്നുകരുതി അവരേ ഉപദ്രവിച്ചാൽ അനേകം ബലഹീനന്മാർ ഒന്നിച്ചുചേരുമ്പോൾ, അവൻ നശിക്കുമെന്നുഭാവം)

നുനിക്കൊമ്പരേറി നാരതിറന്തൂക്കി-
നുയിർക്കിറുതി യാകിവിടും. ൬

സാ—(വൃക്ഷത്തിന്റെ) അഗ്രക്കൊമ്പിൽ കയറിയവൻ, അവിടന്നും മേല്പോട്ടുകയറിയാൽ ജീവനു നഷ്ടം സംഭവിക്കും. (ശത്രുക്കളോട് എതിരിടുന്നവൻ തന്റെ ശക്തികൊണ്ടു ജയിക്കാവുന്നിടത്തോളം ശത്രുക്കളെ ജയിച്ചുകഴിഞ്ഞാൽ അതുകൊണ്ടു തൃപ്തിപ്പെടാതെ വീണ്ടുംവീണ്ടും യുദ്ധകാൎയ്യത്തിൽത്തന്നെ പ്രവൎത്തിച്ചുകൊണ്ടിരുന്നാൽ അവൻ നശിക്കുമെന്നു ഭാവം.)

അററിനളവറിന്തീക വതുപൊരുൾ
പോററിവഴങ്കുനെറി. ൭

സാ—തന്റെ ധനശക്തി അറിഞ്ഞ് അതിനു ഒത്തവണ്ണം കൊടുക്കേ (ദാനം ചെയ്യേ)ണ്ടതാണ്; അക്കൊടുപ്പാകട്ടെ, ആ ധനത്തെ പാലിക്കുവാനുള്ള ഒരു മാൎഗ്ഗമാകുന്നു. (ശക്തിക്കൊത്തുള്ള ദാനം, ധനത്തിന്റെ രക്ഷാമാൎഗ്ഗമാണെന്നു താല്പൎയ്യം. ശക്തിക്കൊത്ത ദാനം, ആകെയുള്ള മുതലിനെ നാലായി ഭാഗിച്ചു രണ്ടുഭാഗത്തെ തന്റെ ആവശ്യങ്ങൾക്കും ഒരുഭാഗത്തെ തനിക്കുതാഴ്ചനേരിട്ടാൽ അന്നു ഉപയോഗിക്കേണ്ടതിലേക്കുമായി മാററിവച്ചിട്ടു ശേഷിച്ച ഒരു ഭാഗത്തെ ദാനത്തിനായി വിനിയോഗിക്കുകയാകുന്നു.)

ആകാറളവിട്ടി തായിനുങ്കേടില്ലൈ
പോകാറകലാക്കടൈ.

സാ—(രാജാവിന്റെ) ചെലവ് വരവിൽകവിയാതെ ചുരുങ്ങിയിരുന്നാൽ വരവിന്റെ മാൎഗ്ഗം ചെറുതായിരുന്നാലും ക്ഷയമുണ്ടാകുന്നതല്ല.

അളവറിന്തുവാഴാതാൻ വാഴ്ക്കൈയുളപോല
വില്ലാകിത്തോൻറാക്കെടും. ൯

സാ—വരവറിഞ്ഞു ജീവിക്കാത്തവന്റെ വാഴ്ച, ഉണ്ടെന്ന തോന്നലോടുകൂടി പെട്ടെന്ന് ഇല്ലാതായി, ആ തോന്നലും മായും. (വരവറിഞ്ഞു ജീവിക്കാത്തവൻ പെട്ടെന്നു നശിച്ച് അവൻ ജീവിച്ചിരുന്ന തോന്നലും മായുമെന്നു താല്പൎയ്യം.)

ഉളവരൈതൂക്കാത വൊപ്പുരവാൺമൈ
വളവരൈവല്ലൈക്കെടും. ൧൦

സാ—തനിക്കുള്ള ശക്തിയെ ഓൎക്കാതെ സഹായിക്കുന്നതായാൽ, തന്റെ ഐശ്വൎയ്യത്തിന്റെ അതിരുപൊട്ടി നശിക്കുന്നതാണ്. (തന്റെ ധനശക്തിയിൽ കവിഞ്ഞു സഹായിക്കുന്നവന്റെ ഐശ്വൎയ്യം എളുപ്പത്തിൽ നശിക്കുമെന്നു താല്പൎയ്യം. "അതി സൎവ്വത്രവൎജ്ജയേൽ" എന്നു മഹദ്വാക്യവുമുണ്ട്.)

---

## നാല്പത്തൊൻപതാം അധികാരം.

### കാലമറിതൽ—കാലമറിയുക.

---

പകൽവെല്ലുങ്കൂകൈയെ ക്കാക്കൈയികൽവെല്ലും
വേന്തക്കുവേണ്ടുമ്പൊഴുതു. ൧

സാ—കാക്ക, മൂങ്ങയെ പകലിൽ ജയിക്കുന്നു; അതുപോലെ ശത്രുക്കളെ ജയിക്കാൻ ഒരുമ്പെടുന്ന രാജാക്കന്മാർ കാലം അറിഞ്ഞു പ്രവൎത്തിക്കേണ്ടതാണ്. (എത്ര വലിയ ശക്തിയുണ്ടായിരുന്നാലും കാലം തെററി പ്രവൎത്തിച്ചാൽ ആ ശക്തികൊണ്ടു യാതൊരു ഫ

ലവുമുണ്ടാകുന്നതല്ല. യുദ്ധത്തിന് അനുകൂലമായ കാലം, ശീതവും ഉഷ്ണവും സമനിലയിൽ പ്രവൎത്തിക്കുമ്പോഴാകുന്നു.)

പരുവത്തോടൊട്ട വൊഴുക റിരുവിനൈ-
ത്തീരാമൈ യാൎക്കുങ്കയിറു. ൨

സാ—കാലമറിഞ്ഞുള്ള നടത്ത, ഐശ്വൎയ്യത്തെക്കെട്ടിനിൎത്തുന്ന കയറാകുന്നു. (ഏതൊന്നും കാലാനുസൃതം പ്രവൎത്തിച്ചാൽ, അചഞ്ചലമായ ഐശ്വൎയ്യം സിദ്ധിക്കുന്നതാണെന്നു താല്പൎയ്യം.)

അരുവിനൈ യെൻപ വുളവോ കരുവിയാർ
കാല മറിന്തു ചെയിൻ. ൩

സാ—സാമഗ്രികളോടുകൂടി കാലം അറിഞ്ഞു പ്രവൎത്തിക്കുന്നതായാൽ ഒരു രാജാവിനു പ്രയാസമാണെന്നുപറവാനെന്തുള്ളു? (കാലമറിഞ്ഞു പ്രവൎത്തിക്കുന്ന രാജാവിനു ദുസ്സാധ്യമായി യാതൊന്നുമില്ലെന്നു താല്പൎയ്യം.)

ഞാലങ്കരുതിനുങ്കൈകൂട്ടുങ്കാല-
ങ്കരുതി യിടത്താർ ചെയിൻ. ൪

സാ—കാലവും സ്ഥലവുമറിഞ്ഞു പ്രവൎത്തിക്കുന്ന രാജാവിനു ലോകത്തെ ആഗ്രഹിച്ചാലും കൈവശപ്പെടുത്താം.

കാലങ്കരുതി യിരുപ്പർ കലങ്കാതു
ഞാലങ്കരുതുപവർ. ൫

സാ—ഭൂമി മുഴുവൻ കൈവശപ്പെടുത്തണമെന്ന് ഇടവിടാതെ കരുതിക്കൊണ്ടിരിക്കുന്നവരും—തങ്ങൾ എത്ര വലിയ ധനശക്തിയും സൈന്യശക്തിയുമുള്ളവരായാലും തല്ശക്തികളെ കാൎയ്യമാക്കി കരുതാതെ—തക്കസമയം കാത്തിരിക്കുന്നതാണ്. (കാലം തെറ്റി യുദ്ധത്തിനിറങ്ങിയാൽ സൈന്യവും ധനവും ക്ഷയിച്ചു താനും നശിക്കുമെന്നുള്ളതിനാൽ സമയത്തെ പ്രതീക്ഷിക്കുമെന്നു ഭാവം.)

ഊക്കമുടൈയാ നൊടുക്കംപൊരുതകർ
താക്കൎക്കുപ്പേരുന്തകൈത്തു. ൬

സാ—അത്യന്തബലവാനായ രാജാവു തക്കസമയം കാത്തിരിക്കുന്നതു്, മുട്ടാട് എതിരാളിനെപ്പായുന്നതിനു പിൻവാങ്ങിനിന്ന് ഉന്നംനോക്കുന്നതുപോലെയാകുന്നു.

പൊള്ളെന വാങ്കേ പുറംവേരാർ കാലംപാ-
ൎത്തുൾവേൎപ്പ രൊള്ളിയവർ. ൭

സാ—ബുദ്ധിമാനായ രാജാവു് ശത്രു ഉപദ്രവിക്കുന്ന മാത്രയിൽ പെട്ടെന്നു കോപിച്ചു (കോപത്തെ) വെളിയിൽ കാട്ടാതെ, (ആ ശത്രുവിനെ ജയിക്കാനുള്ള) സമയം കണ്ടറിഞ്ഞ് (ആ സമയം വരുവോളം) മനസ്സാ കോപിച്ചുകൊണ്ടിരിക്കുന്നതാണ്. (കോപം പുറമേ കാട്ടിയാൽ, ശത്രു സ്വരക്ഷാൎത്ഥം മുൻകൂട്ടി വേണ്ട ഒരുക്കങ്ങൾ ചെയ്യുമെന്നുള്ളതിനാൽ, കോപത്തെ മനസ്സിൽ അടക്കിക്കൊണ്ടു യുക്തകാലം പ്രതീക്ഷിച്ചിരിക്കുമെന്നു താല്പൎയ്യം.)

ചെറുനരൈക്കാണിർ ചുമക്ക വിറുവരൈ
കാണിർ കിഴക്കാന്തലൈ. ൮

സാ—ശത്രുക്കളെ കണ്ടാൽ (ബുദ്ധിമാനായ രാജാവു്) അവരെ ചുമക്കാൻ തയ്യാറായിരിക്കും; തക്ക സന്ദൎഭം വരുമ്പോൾ അവരുടെ തല താഴത്തുരുട്ടുന്നതുമാണ്. (ത

ക്കതായ കാലംവരുവോളം, ബുദ്ധിമാനായ രാജാവ്, ശത്രുവിനോടു സ്നേഹഭാവേന പെരുമാറുന്നതും യഥാസന്ദർഭം അവനെ നശിപ്പിക്കുന്നതുമാണെന്നു താല്പൎയ്യം.)

എയ്തർകരിയ തിയൈയന്തക്കാലത്തിലൈയേ
ചെയ്തർകരിയ ചെയൽ. ൯

സാ—ചെയ്യാൻ തക്ക കാലം നേരിട്ടാൽ ആ നിമിഷത്തിൽ ചെയ്യേണ്ടതായിട്ടുള്ളതിനെ ചെയ്യുന്നതാണ്. (സന്ദർഭം കിട്ടിയാൽ ക്ഷണനേരം പാഴിൽ കളകയില്ലെന്നു ഭാവം.)

കൊക്കൊക്കക്കൂമ്പും പരുവത്തു മററതൻ
കുത്തൊക്ക ചീർത്ത വിടത്തു. ൧൦

സാ—(തക്കസമയം നേരിടുവോളം) അടങ്ങിയിരിക്കുന്നതായ കാലത്ത്, കൊക്ക് ഇരിക്കുന്നതുപോലെ തക്കംനോക്കിയിരിക്കേണ്ടതാണ്; തക്കം നേരിടുമ്പോൾ, കൊക്കു ചാടുന്നതുപോലെ ചാടേണ്ടതുമാകുന്നു. (കൊക്കു കുളക്കടവിൽ കൊററിനു മീൻപിടിക്കാൻ തനിക്കു ജീവനില്ലെന്നഭാവത്തിൽ പതുങ്ങിയിരിക്കുകയും മീൻ മീതേ കാണപ്പെടുന്ന മാത്രയിൽ ഒററച്ചാട്ടത്തിന് അതിനെ ചുണ്ടിലാക്കുകയും ചെയ്യുന്നതാണ്. അതുപോലെ, ശത്രുവിനെ ജയിക്കാൻ കരുതുന്ന രാജാവ് തക്ക സമയം നേരിടുവോളം തന്റെ ശത്രുതയെ ലേശം പുറത്തു കാട്ടാതെ ഇരിക്കുകയും സമയം നേരിടുമ്പോൾ, ആ നിമിഷത്തിൽ കാൎയ്യനിൎവ്വഹണത്തിന് ഒരുമ്പെടുകയും ചെയ്യണമെന്നു താല്പൎയ്യം)

---

## അൻപതാം അധികാരം.

### ഇടനറിതൽ—സ്ഥലമറിയുക.

---

തൊടങ്കർകവെവവിനൈയുമെള്ളർകമുററു-
മിടങ്കണ്ടപിന്നല്ലതു. ൧

സാ—(ശത്രുവിനെ) വളയുന്നതിന്, സ്ഥലത്തെ നിർദ്ദേശിച്ചതിനു ശേഷമല്ലാതെ യാതൊരു കൃത്യവും തുടങ്ങാൻ പാടില്ലാത്തതാകുന്നു; (ശത്രുവിനെ) നിന്ദിക്കാതിരിക്കേണ്ടതുമാകുന്നു. (സൌകൎയ്യമായ സ്ഥലം തീർച്ചപ്പെടുത്തുന്നതിൻമുമ്പ് ശത്രുവിനെ എതിൎക്കാനും അവരെ നിന്ദിക്കാനും പാടില്ലാത്തതാകുന്നു എന്നു താല്പൎയ്യം.)

മുരൺചേർന്തമൈയ്മപിനാൎക്കുമരൺചേർന്താ-
മാക്കം പലവുന്തരും. ൨

സാ—ശത്രുവിനെ ആക്രമിക്കുന്ന ബലവാനും ദുൎഗ്ഗത്താൽ സിദ്ധിക്കുന്ന ഫലം പലതാകുന്നു. (ബലവാനായ രാജാവിനു ദുൎഗ്ഗത്താൽ പല ഫലങ്ങളും സിദ്ധിക്കുന്നു എന്നു താല്പൎയ്യം)

ആററാരുമാററി യടുപവിടനറിന്തു
പോററാർകട് പോററിച്ചെയിൻ. ൩

സാ—ഇടമറിഞ്ഞു തന്നെക്കാത്തു ശത്രുവിനോട് എതിൎക്കുകയാണെങ്കിൽ ദുർബ്ബലനായ രാജാവും ബലമുള്ളവനായി വിജയം സമ്പാദിക്കുന്നതാണ്. (തന്നെക്കാക്കുകയെന്നുവച്ചാൽ സൈന്യത്താലും ദുൎഗ്ഗത്താലും ശത്രുവിന്റെ പീഡയ്ക്ക് ഉൾപ്പെടാതെ സൂക്ഷിക്കുകയാകുന്നു; അതിനു പറ്റിയതായ സ്ഥലം കണ്ടു ശത്രുവിനെ എതിൎത്താൽ ബലഹീനനായ രാജാവിനും വിജയം സമ്പാദിക്കാമെന്നു താല്പൎയ്യം.)

എണ്ണിയാരെണ്ണ മിഴപ്പരിടനറിന്തു
തുന്നിയാർതുന്നിച്ചെയിൻ. ൪

സാ— ഇടമറിഞ്ഞു ചെല്ലുന്ന രാജാവു്, കോട്ടപററിനിന്നു യുദ്ധം ചെയ്താൽ, ശത്രുവിൻെറ ഉദ്ദേശം സാധിക്കുന്നതല്ല. (ശത്രു തോല്ക്കുകതന്നെ ചെയ്യുമെന്നു ഭാവം.)

നെടുമ്പുനലുൾവെല്ലു മുതലൈയടുമ്പുനലി
നീങ്കിനതനൈപ്പിറ. ൫

സാ—മുതല, ആഴമുള്ള വെള്ളത്തിൽ സകലജീവികളെയും ജയിക്കുന്നു; അ വെള്ളത്തിൽ നിന്നും മാറിയാൽ സകല ജീവികളും അതിനെജയിക്കുന്നു. (ജയം സ്ഥലത്തെ അപേക്ഷിച്ചിരിക്കുന്നു എന്നു ഭാവം.)

കടലോടാ കാൽവനെടുന്തേർ കടലോടു
നാവായുമോടാനിലത്തു. ൬

സാ—കരയിലോടുന്ന വലിയരഥം കടലിൽ ഓടുകയില്ല; കടലിൽ ഓടുന്ന കപ്പൽ കരയിലോടുകയുമില്ല.

അഞ്ചാമൈയല്ലാററുണൈ വേണ്ടാ വെഞ്ചാമൈ
യെണ്ണിയിടത്താർചെയിൻ. ൭

സാ—നല്ലപോലെ ആലോചിച്ചു് സ്ഥലസൌകൎയ്യത്തോടുകൂടി പ്രവൎത്തിച്ചാൽമനോധൈൎയ്യമല്ലാതെ മററൊരുസഹായം ആവശ്യമില്ല

ചിറുപടൈയാൻ ചെല്ലിടഞ്ചേരിനുറുപടൈയാ-
നൂക്കമഴിന്തുവിടും. ൮

സാ—മഹാസൈന്യത്തോടുകൂടിയ രാജാവു്, അല്പസൈന്യത്തോടുകൂടിയ രാജാവിനെ ആക്രമിച്ചാൽ, ആശത്രുവിനാൽ ശക്തിക്ഷയിക്കപ്പെടുന്നതാണു്. (യുക്തസ്ഥലം പററി നിൽക്കുന്ന അല്പസൈന്യവാനായ രാജാവിനെ അല്പേതര സൈന്യവാനായ രാജാവു് എതിൎത്താൽ തൻെറ ശക്തി ക്ഷയിച്ചു തോററു പിൻവാങ്ങേണ്ടിവരുമെന്നു താല്പൎയ്യം.)

ചിറൈനല ഞ്ചീരു മിലരെനിനുമാന്ത-
രുറൈനിലത്തോടൊട്ടലരിതു. ൯

സാ—ദുൎബ്ബലവും സൈന്യശക്തിയുമില്ലാത്ത ശത്രുവിനെയും ഇരിപ്പിടത്തിൽ ചെന്നു് ആക്രമിക്കാൻ പ്രയാസമാണു്. (തൻെറ രാജ്യത്തെ ബലവാനായ ശത്രു തന്നെ എതിൎത്താലും ദുർബ്ബലനായ രാജാവിനു തൻെറ സ്ഥലം വിട്ടുപോകാൻ നിവൃത്തിയില്ലാത്തതിനാൽ ധീരധീരം പൊരുതു ശത്രുവിനെ തോല്പിക്കുന്നതാണു്.)

കാലാൾ കളരി നരിയടുങ്കണ്ണഞ്ചാ
വേലാൺ മുകത്ത കളിറു. ൧൦

സാ—ആനക്കാരെ അനുസരിക്കാത്തതും വലിയ കൊമ്പുകളോടുകൂടിയതുമായ ആന ചെളിനിലത്തിൽ അകപ്പെട്ടാൽ കുറുക്കനാൽപോലും കൊല്ലപ്പെടും. (അതിശക്തിമാനും സമൎത്ഥനുമായിരുന്നാലും സ്ഥലം തെററി അകപ്പെട്ടാൽ അവനിൽ നിന്നും തീരെ നിസ്സാരനായവൻെറ കൈകൊണ്ടു മരിക്കേണ്ടിവരുമെന്നും അതിനാൽ ശത്രുവിനെ ജയിക്കാൻ സ്ഥലം അറിഞ്ഞു ചെല്ലണമെന്നും ഭാവം.)

## അൻപത്തൊന്നാം അധികാരം

### തെരിന്തുതെളിതൽ—തിരഞ്ഞെടുക്കൽ

അറംപൊരുളിൻപ മുയിരച്ചനാൻകിൻ
റിറന്തെരിന്തുതേറപ്പെടും. ൧

സാ—ധർമ്മം, അർത്ഥം, കാമം, ജീവാഭിമാനം എന്നീ നാലിലും വിദഗ്ദ്ധനായവൻ രാജാവിനാൽ തിരഞ്ഞെടുക്കപ്പെടുന്നു.

കുടിപ്പിറന്തു കുററത്തിനീങ്കി വടുപ്പരിയു
നാണുടൈയാൻ കട്ടേതെളിവു. ൨

സാ—രാജാവിനാൽ തിരഞ്ഞെടുക്കപ്പെടുന്നവൻ, ഉൽകൃഷ്ടകുലത്തിൽ ജനിച്ചവനും കററങ്ങളിൽനിന്നും നീങ്ങിയവനും തനിയ്ക്കു താഴ്ചനേരിടുമോ എന്ന ഭയത്തോടുകൂടിയവനും ലജ്ജയുള്ളവനുമായിരിക്കും. (കുലീനനും ദോഷങ്ങൾ ബാധിക്കാത്തവനും അധഃപതനഭീരുവും ലജ്ജാശീലനുമായിട്ടുള്ളവരെ രാജാക്കന്മാർ മന്ത്രിമാരായും മററും തിരഞ്ഞെടുക്കുന്നു എന്നു താല്പര്യം.)

അരിയകററാച്ചററാർ കണ്ണുന്തെരിയുങ്കാ-
ലിൻമൈ യരിതേ വെളിറു. ൩

സാ—ധർമ്മശാസ്ത്രങ്ങളെ അഭ്യസിച്ച്, കററങ്ങളെ അകററിയവനിലും സൂക്ഷ്മമായി പരിശോധിച്ചാൽ അജ്ഞത്വം കണ്ടേയ്ക്കാം.

കുണനാടിക്കുററമുനാടിയവററുൾ
മികൈനാടിമിക്കകൊളൽ. ൪

സാ—ഗുണങ്ങളെ പരിശോധിച്ച് ദോഷങ്ങളെയും പരിശോധിച്ച് അവയിൽ കൂടുതൽ ഏതെന്നറിഞ്ഞ് ആ കൂടുതൽ ഭാഗത്തെ സ്ഥിരപ്പെടുത്തേണ്ടതാകുന്നു. (ഗുണം മാത്രമുള്ളവനും കുററം മാത്രമുള്ളവനും ലോകത്തിൽ കണപ്പെടുകയില്ല; ഒരുവന്റെ ഗുണത്തെയും ദോഷത്തെയും ആരാഞ്ഞ് അവയിൽ ഏതൊന്നു കൂടുതലായി കാണപ്പെടുന്നുവോ, അതിനെ സ്ഥിരപ്പെടുത്തേണ്ടതാകുന്നു ഗുണം കൂടുതലുള്ളവനെ ഗുണിയെന്നും ദോഷംകൂടുതലുള്ളവനെ ദുർഗ്ഗുണനെന്നും കരുതേണ്ടതാണെന്നു താല്പര്യം.)

പെരുമൈക്കുമേനൈച്ചിറുമൈക്കുന്തത്ത-
ങ്കരുമമേകട്ടളൈക്കൽ ൫

സാ—മഹത്വത്തെയും അല്പത്വത്തെയും ഉരച്ചു മാറററിയുന്നതിനുള്ള കല്ല് പ്രവൃത്തിയൊന്നുമാത്രമാകുന്നു. (മനുഷ്യന്റെ മഹത്വവും അല്പത്വവും അവരുടെ കർമ്മങ്ങളെക്കൊണ്ടു ഗ്രഹിക്കാവുന്നതാണെന്നു താല്പര്യം)

അററാരൈത്തേറുതലോമ്പുകമററവർ
പററിലർനാണാർപ്പഴി. ൬

സാ—ബന്ധുക്കളില്ലാത്തവരെ തിരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു; അവർക്കു ലോകത്തോടു സംബന്ധമില്ലാത്തതിനാൽ അവർ അപമാനത്തെ ഭയപ്പെടുന്നവരല്ല. (ബന്ധുക്കളില്ലാത്തവർക്കു ലോകത്തോടു ബന്ധമില്ലാത്തതിനാൽ അവർ അപമാനത്തെ ഭയപ്പെടുകയില്ല; അങ്ങനെയുള്ളവരെ തിരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു എന്നു താല്പര്യം.)

കാതൻമൈകന്താവറിവറിയാർത്തെറുതൽ
പേതൈമൈയെല്ലാന്തരും. ൭

സാ—സ്നേഹത്തെ മുൻനിറുത്തി, അറിയേണ്ടവയെ അറിഞ്ഞിട്ടില്ലാത്തവരെ തിരഞ്ഞെടുത്താൽ അവൻെറ അറിവില്ലായ്മ, ഏറെ ബാധിക്കും. (രാജാവ് അറിവില്ലാത്ത ഒരുവനെ, സ്നേഹത്തെയോ ബന്ധുത്വത്തെയോ ആസ്പദമാക്കി ഉദ്യോഗത്തിൽ നിയമിച്ചാൽ, ആ സ്ഥാനം അവൻെറ അറിവില്ലായ്മയാൽ നശിക്കുമെന്നു മാത്രമല്ല, അവൻെറ സംസർഗ്ഗത്താൽ ആ അജ്ഞത രാജാവിനെയും ബാധിക്കുമെന്നു താല്പര്യം)

തേരാൻപിറനൈത്തെളിന്താൻവഴിമുറൈ
തീരാവിടുംപൈ തരും. ൮

സാ—അന്യനായ ഒരുവനെ, അവൻെറ കുലീനതാദികളെക്കുറിച്ച് അന്വേഷിക്കാതെ, സ്വീകരിച്ചാൽ രാജാവിൻെറ സന്തതിപ്പരമ്പരയ്ക്കുകൂടി തുൻപത്തിനു കാരണമാകുന്നു. ("ബന്ധുവല്ലാത്തവനെ തിരഞ്ഞെടുക്കുന്ന രാജാവിനു തുൻപം നേരിടും" എന്നു ചില തമിഴ് ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന വ്യാഖ്യാനം സ്വീകാര്യമാണെന്നു തോന്നുന്നില്ല. അന്യനെ സ്വീകരിക്കരുതെന്ന് ഇവിടെ അർത്ഥമില്ല; അന്യനെ സ്വീകരിക്കുന്നതു് അവൻെറ കുലീനതയെയും അറിവിനെയും മററും പരിശോധിച്ചു ബോദ്ധ്യം വന്നതിനുശേഷമേ പാടുള്ളൂ എന്നാണ് വിവക്ഷ. ബന്ധുക്കളെയല്ലാതെ സ്വീകരിക്കയില്ലെന്നുവന്നാൽ ആ രാജാവിനാൽ രാജനീതി പാലിക്കപ്പെടുന്നില്ലെന്നും ആ നാട്ടിൽ സ്വാസ്ഥ്യവും സമാധാനവും നിലനിൽക്കുകയില്ലെന്നും ഗ്രഹിക്കേണ്ടതാകുന്നു. ആദ്യവ്യാഖ്യാതാവിനു പററിയ ഒരു പ്രമാദത്തെ പിൻഗാമികൾ 'മുമ്പേഗമിച്ചീടിന ഗോവുതൻെറ പിമ്പേഗമിക്കുന്ന ഗോക്കളേപ്പോലെ അനുകരിച്ചതിൻെറ ലക്ഷ്യമായിരിക്കാം മേൽപറഞ്ഞ പ്രമാദം)

തേറർകയാരൈയുന്തേരാതുതേർന്തപി
റേററുകതേറും പൊരുൾ. ൯

സാ—ഏതൊരുവനെയും പരിശോധിക്കാതെ സ്വീകരിക്കാൻ പാടില്ല; സ്വീകരിക്കേണ്ട വസ്തുവിനെ പരിശോധനാനന്തരം സ്വീകരിക്കേണ്ടതാകുന്നു. (രാജാവ് ഏതൊരുദ്യോഗസ്ഥനെയും പരിശോധിച്ച് അവൻെറ യോഗ്യതാംശങ്ങളിൽ വിശ്വാസം വന്നതിനുശേഷമല്ലാതെ സ്വീകരിക്കാൻ പാടില്ലെന്നു താല്പര്യം.)

തേരാൻറെളിവുന്തെളിന്താൻകണൈയുറവു-
ന്തീരാവിടുംപൈതരും. ൧൦

സാ—പരിശോധിച്ചറിയാതെ സ്വീകരിക്കുന്നതും സ്വീകരിച്ചവനിൽ സംശയം ജനിക്കുന്നതും തീരാദുഃഖത്തിനു കാരണങ്ങളാകുന്നു.

---

## അൻപത്തിരണ്ടാം അധികാരം.

### തെരിന്തുവിനൈയാടൽ—കൃത്യബോധം.

---

നന്മൈയും തീമൈയുംനാടിനലംപുരിന്ത
തന്മൈയാനാളപ്പടും. ൧

സാ—കൃത്യാകൃത്യങ്ങളെ അറിഞ്ഞു് കൃത്യത്തെ ചെയ്യുന്ന സ്വഭാവത്തോടുകൂടിയവൻ രാജാവിനാൽ ഭരിക്കപ്പെടും. (രാജാവ് ഏതൊരുതൊഴിലിൽ നിയമിക്കുമ്പോഴും, അ

തൊഴിലിനെ കൃത്യബോധത്തോടെ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന് ഉയർന്ന സ്ഥാനങ്ങളിലേക്ക കയററംകിട്ടുന്നതാണെന്നുഭാവം )

വാരിപെരുക്കി വളം പട്ടുററവൈ
യാരായ്‌വാൻചെയ്ക വിനൈ. ൨

സാ—ആദായമാർഗ്ഗങ്ങളെ തെളിച്ചു ധനത്തെ വർദ്ധിപ്പിച്ച്, അവയ്ക്കു ബാധകമായവയെ അറിഞ്ഞു പരിഹരിച്ചു സ്വകൃത്യത്തെ നിർവ്വഹിക്കുന്നവൻ, രാജാവിനെ സേവിക്കാൻ യോഗ്യനാകുന്നു.

അൻപറിവുതേററമവാവിൻമൈയിന്നാൻകു
നൻകുടൈയാൻ കട്ടേതെളിവു. ൩

സാ—(രാജാവിൽ) സ്നേഹവും (കൃത്യത്തിൽ) ബോധവും (നിർവഹണത്തിൽ) സാമർത്ഥ്യവും (രാജധനത്തിൽ) അത്യാഗ്രഹമില്ലായ്മയുമാകുന്ന നാലുഗുണങ്ങളും തികഞ്ഞവൻ രാജപ്രീതിയെ സമ്പാദിക്കും.

എനൈവകൈയാറേററിയക്കണ്ണും വിനൈവകൈയാൻ
വേറാകുമാന്തർ പലർ. ൪

സാ—എല്ലാ വിഷയത്തിലും സമർത്ഥനായിരുന്നാലും, സ്വീകരിക്കപ്പെട്ടതിനുശേഷം കർത്തവ്യത്താൽ തെററുന്ന മനുഷ്യർ പലരുണ്ട്. (മേൽപ്പറഞ്ഞ നാലുഗുണങ്ങളും തികഞ്ഞവനായിരുന്നാലും നിർവ്വഹിക്കേണ്ടിവരുന്ന ജോലിയുടെ സ്വഭാവമനുസരിച്ചു മനഃസന്തരപ്പെടുന്ന മനുഷ്യരുണ്ട്. അവരെ അറിഞ്ഞു താണതരം ജോലിയിൽ നിയമിച്ച് ഓരോപടിയായി കയററംകൊടുക്കേണ്ടതാണെന്നു ഭാവം.)

അറിന്താററിച്ചെയ്കിർപാർകല്ലാൽ വിനൈതാൻ
ചിറന്താനെൻറേവർപാററൻറു. ൫

സാ—പ്രവൃത്തിയെ (നിർവ്വഹിക്കാനുള്ള ഉപായങ്ങളെ) അറിഞ്ഞ് (തജ്ജന്യമായ കഷ്ടപ്പാടുകളെ) സഹിച്ചു ചെയ്യാൻ സാമർത്ഥ്യമുള്ളവനല്ലാതെ, സ്നേഹത്തെക്കരുതിമാത്രം ഒരുവന് ചുമതലയുള്ള ജോലികൾ ഏല്പിക്കാൻ പാടില്ല.

ചെയ്വാനെനാടി വിനൈനാടിക്കാലത്തോ
ടെയ്തവുണർന്തുചെയൽ. ൬

സാ—ചെയ്യുന്നവനെ അറിഞ്ഞ്, ചെയ്യപ്പെടേണ്ടതിനെയും അറിഞ്ഞു കാലത്തെയും അറിഞ്ഞു ചേർക്കേണ്ടതാകുന്നു. (ആദ്യം നിയമിക്കപ്പെടുന്നവൻെറ യോഗ്യതയെ മനസ്സിലാക്കി, പിന്നീട് അവനു നൽകേണ്ട ജോലിയുടെ ഗുരുലഘുത്വത്തെ ഗ്രഹിച്ച്, യഥാകാലം സംബന്ധിപ്പിക്കേണ്ടതാണെന്നു താല്പര്യം. ഒരുവനെ അവൻെറ യോഗ്യതാനുസരണം തക്കജോലിയിൽ യഥാകാലം ഏല്പെടുത്തണമെന്നു വിവക്ഷ.)

ഇതനൈയിതനാലിവൻമുടിക്കുമെൻറായ്-
ന്തതനൈയവൻകൺവിടൽ. ൭

സാ—ഈ തൊഴിലിനെ ഇന്നകാരണത്താൽ ഇവൻ ചെയ്യുന്നതിനു സമർത്ഥനാണെന്ന് അറിഞ്ഞ് ആ തൊഴിലിൽ അവനെ ചുമതലപ്പെടുത്തേണ്ടതാകുന്നു. (ഇന്നവൻ ഇന്നതൊഴിലിന് ഇന്നകാരണത്താൽ മിടുക്കനാകുന്നു എന്നറിഞ്ഞ്—കർത്താവിനും കർമ്മത്തിനും കാരണത്തിനും ഐകരൂപ്യമുണ്ടെന്നറിഞ്ഞിട്ട്—ഒരുവനെ ഒരു തൊഴിലിൽ നിയമിക്കേണ്ടതാകുന്നു എന്നു താല്പര്യം.)

വിനൈക്കുരിമൈ നാടിയ പിൻറൈയവനൈ
യതർക്കുരിയ നാകച്ചെയൽ. ൮

സാ—ഒരുവനെ ജോലിക്കു സമർത്ഥനാണെന്നറിഞ്ഞു നിയമിച്ചാൽ അവനെ അതിൽ വിദഗ്ദ്ധനാക്കിത്തീർക്കണം. (ഒരുവൻ ഒരു ജോലിക്കു സമർത്ഥനാണെന്നു കണ്ടാൽ, അവനെ ആ വിഷയത്തിൽ വിദഗ്ദ്ധനായിത്തീരത്തക്കവണ്ണം പ്രോത്സാഹിപ്പിക്കേണ്ടതു രാജാവിൻെറ കടമയാണെന്നു താല്പര്യം.)

വിനൈക്കൺ വിനൈയുടൈയാൻ കേൺമൈവേറാക
നിനൈപ്പാനൈനീങ്കുന്തിരു. ൯

സാ—തൊഴിലിൽ തന്നെ എല്ലായ്പ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നവൻെറ കൃത്യനിഷ്ഠയെ തെററിദ്ധരിക്കുന്ന രാജാവിനെ രാജശ്രീ ഒഴിഞ്ഞുമാറും. (കൃത്യനിഷ്ഠനെ, അസൂയാലുക്കളുടെ കണ്ണേജപത്വത്താലും മററും തെററിദ്ധരിക്കുന്ന രാജാവിൻെറ ഐശ്വര്യം ക്ഷയിക്കുമെന്നു താല്പര്യം.)

നാടോറുനാട്ടുകമന്നൻ വിനൈചെയ്വാൻ
കോടാമൈ കോടാതുലകു. ൰

സാ—പ്രവർത്തിക്കുന്നവൻ തെററാതിരിക്കുമ്പോൾ ലോകവും തെററുന്നതല്ല; അതിനാൽ ദിവസംതോറും രാജാവ് അവനെ പരിശോധിക്കണം. (ഭരിക്കുന്നവനായ മന്ത്രി തെററാതിരിക്കുന്നുവെങ്കിൽ രാജ്യവും തെററുകയില്ല; അതിനാൽ രാജാവ് ആ മന്ത്രിയുടെ ഗതിയെ അവൻ അറിയാതെ ശ്രദ്ധിക്കേണ്ടതാണെന്നു താല്പര്യം. രാജ്യത്തെ ഭരിക്കുന്ന മന്ത്രിയെ രാജാവ് ഭരിക്കണമെന്നു ഭാവം.)

---

## അൻപത്തിമൂന്നാം അധികാരം.

### ചുററന്തഴാൽ—ബന്ധുജനാദരണം.

---

പററററകണ്ണും പഴമൈ പാരാട്ടുതൽ
ചുററത്താർ കണ്ണേയുള. ൧

സാ—ഐശ്വര്യം ക്ഷയിച്ചു ദരിദ്രനായി ഭവിച്ചാലും, പഴയ ബന്ധുത്വത്തെ ആദരിക്കുന്നതു ബന്ധുക്കളുടെ സ്വഭാവമാകുന്നു. (ധനികനായിരുന്ന ഒരു ബന്ധു ദരിദ്രനായാലും അവൻെറ പഴയ ബന്ധുത്വത്തെ ബന്ധുക്കൾ ആദരിക്കുമെന്നു താല്പര്യം.)

വിരുപ്പറാച്ചുററമിയൈയിനരുപ്പറാ
വാക്കം പലവുന്തരും. ൨

സാ—സ്നേഹത്തോടുകൂടിയ ബന്ധുത്വം ലഭിക്കുമെങ്കിൽ അക്ഷയൈശ്വര്യങ്ങൾ പലതും സിദ്ധിക്കും. (സ്നേഹം കലർന്ന ബന്ധുത്വം സർവൈശ്വര്യങ്ങളെയും നൽകുന്നു എന്നു താല്പര്യം.)

അളവളാവില്ലാതാൻവാഴ്ക്കൈക്കുളവളാ-
ക്കോടിൻറി നീർനിറൈന്തററു. ൩

സാ—ബന്ധുസംബന്ധമില്ലാത്തവൻെറ ജീവിതമാകട്ടെ, കരയില്ലാക്കുളത്തിലെ ജലത്തിൻെറ നില്പുപോലെയാകുന്നു. (ബന്ധുവില്ലാത്തവൻെറ ജീവിതം കരയില്ലാക്കുളത്തിലെ വെള്ളംപോലെയാണെന്നു താല്പര്യം.)

ചുററത്താർചുററപ്പടവൊഴുകൽചെൽവന്താൻ
പെററത്താർപെററപയൻ. ൪

സാ—ഐശ്വൎയ്യം ലഭിച്ചതിനാലുള്ള ഫലമാകട്ടെ, ബന്ധുക്കളാൽ ചുററപ്പെട്ട ജീവിതമാകുന്നു. (ഐശ്വൎയ്യത്തിൻെറ പ്രയോജനം ബന്ധുക്കളോടുകൂടിയ ജീവിതമാകുന്നു എന്നു താല്പൎയ്യം. അപ്രകാരമുള്ള രാജാവിനു ശത്രുപീഡയുണ്ടാകുന്നതല്ല)

കൊടുത്തലുമിൻചൊലുമാററിനടുക്കിയ
ചുററത്താർചുററപ്പടും. ൫

സാ—ദാനവും നല്ല വാക്കും ക്രമമായി കൊടുക്കുന്നുവെങ്കിൽ ബന്ധുക്കൾ അടുക്കുന്നതാണ്. (ദാനവും നല്ല വാക്കും ഉള്ള രാജാവിനു ബന്ധുക്കളുടെ സാന്നിദ്ധ്യം എല്ലായ്പോഴുമുണ്ടായിരിക്കുമെന്നു താല്പൎയ്യം. ക്രമമായി എന്നു പറഞ്ഞതുകൊണ്ടു 'അതി' വൎജ്ജിക്കപ്പെടണമെന്നു വിവക്ഷ.)

പെരുങ്കൊടൈയാൻ പേണാൻവെകുളിയവനിൻ
മരുങ്കുടൈയാർ മാനിലത്തിൽ. ൬

സാ—ലോഭമില്ലാത്ത ദാനമുള്ളവനും കോപത്തെ വെറുക്കുന്നവനുമായ ഒരുവനെപ്പോലെ ബന്ധുസമ്പത്തുള്ളവൻ ഭൂമിയിൽ മററാരുമില്ല. (ലോഭമില്ലാത്തദാനം എന്നുവച്ചാൽ വാരിക്കൊടുക്കുകയെന്നൎത്ഥമല്ല; ആവശ്യമറിഞ്ഞ് എല്ലാവൎക്കും കൊടുക്കുകയെന്നാണ്. അപ്രകാരമുള്ള ദാനശീലവും കോപമില്ലായ്മയുമുള്ള ഒരുവനെക്കാൾ ബന്ധുസമ്പന്നൻ ലോകത്തിൽ മററാരുമില്ലെന്നു താല്പൎയ്യം.)

കാക്കൈകരവാകരെന്തുണ്ണുമാക്കമു-
മന്നനീരാൎക്കേയുള. ൭

സാ—കാക്ക, (ആഹാരം കാണുന്നിടത്തു) ഒളിക്കാതെ തൻെറ കൂട്ടുകാരെക്കൂടി വിളിച്ചുകൂട്ടി ഭക്ഷിക്കുന്നു; ബന്ധുജന്യമായ ഐശ്വൎയ്യം അപ്രകാരമുള്ള സ്വഭാവത്തോടുകൂടിയവനുമാത്രമേ ഉണ്ടാവുകയുള്ളു (കാക്ക തൻെറ വൎഗ്ഗത്തെ വിളിച്ചുകൂട്ടി തൻെറ ആഹാരത്തിൽ പങ്കുകൊള്ളിക്കുന്നതുപോലെ, തൻെറ ഐശ്വൎയ്യത്തിൽ ബന്ധുവൎഗ്ഗത്തെക്കൂടി പങ്കുകൊള്ളിക്കുന്നവനുമാത്രമേ ബന്ധുജന്യമായ ഐശ്വൎയ്യം സിദ്ധിക്കുകയുള്ളു എന്നു താല്പൎയ്യം. ബന്ധുജന്യമായ ഐശ്വൎയ്യം, ശത്രുഭാവം മുതലായവയാകുന്നു.)

പൊതുനോക്കാൻവേന്തൻ വരിചൈയാനോക്കി
നതുനോക്കിവാഴ്വാർപലർ. ൮

സാ—രാജാവ് എല്ലാവരെയും ഒരേപ്രകാരത്തിൽ നോക്കാതെ യോഗ്യതായോഗ്യതകളെ അറിഞ്ഞുനോക്കുന്നുവെങ്കിൽ, അതുകണ്ടു തന്നേ അടുക്കുന്ന ബന്ധുക്കൾ അനേകമുണ്ടാകും.

തമരാകിത്തററുറന്താർ ചുററമമരാമൈ-
ക്കാരണമിൻറി വരും. ൯

സാ—ബന്ധുക്കളായിരുന്നു പിരിഞ്ഞവർ വീണ്ടും ബന്ധുക്കളായിവരുന്നതു മുൻപു പിരിയാനുണ്ടായ കാരണം നീങ്ങുമ്പോഴത്രേ. (തൻെറ തെററുമൂലം പിരിഞ്ഞുപോകുന്ന ബന്ധുക്കൾ, ആ തെററു നീങ്ങുമ്പോൾ, വീണ്ടും താനേ ബന്ധുക്കളായി വരുന്നതാണെന്നു താല്പൎയ്യം.)

ഉഴൈപ്പിരിന്തുകാരണത്തിൻവന്താനൈവേന്ത-
നിഴൈത്തിരുന്തെണ്ണിക്കൊളൽ. ൧൦

സാ—കാരണമില്ലാതെ പിരിഞ്ഞുപോയ ബന്ധു, കാൎയ്യാൎത്ഥം വീണ്ടും വന്നാൽ രാജാവു് അവന്റെ കാൎയ്യത്തെ സാധിച്ചുകൊടുത്തിട്ടു ബുദ്ധിപൂൎവ്വം ആലോചിച്ചു സ്വീകരിക്കണം. (കാരണമില്ലാതെ പിരിഞ്ഞുപോയ ബന്ധു വീണ്ടും തന്റെ അടുക്കൽ വന്നാൽ അവന്റെ അഭീഷ്ടം സാധിച്ചുകൊടുക്കാം; എന്നാൽ വീണ്ടും സ്വീകരിക്കുന്നതു സൂക്ഷിച്ചു വേണമെന്നു താല്പൎയ്യം. പിരിഞ്ഞുപോയ ബന്ധു വീണ്ടും അടുക്കുന്നതു്, ശത്രുക്കളുടെ ചാരനായിട്ടോ മറ്റേതെങ്കിലും ദുരുദ്ദേശത്തോടുകൂടിയോ ആവാം. അതിനെക്കുറിച്ചു വേണ്ടതുപോലെ ചിന്തിച്ചു നിൎദ്ദോഷിയാണെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രമേ പുനസ്സ്വീകരണത്തിനു് തയാറാകാൻ പാടുള്ളു എന്നു വിവക്ഷ.)

---

## അൻപത്തിനാലാം അധികാരം.

### പൊച്ചാവാമൈ—അവിസ്മൃതി.

---

ഇറന്തവെകുളിയിറ്റിതേ ചിറന്ത
വുവകൈ മകിഴ്ച്ചിയർ ചോർവു. ൧

സാ—അത്യന്തസന്തോഷത്താലുണ്ടാകുന്ന വിസ്മൃതിയാകട്ടെ, അതികോപത്തെക്കാൾ ദോഷകരമാകുന്നു. (ഐശ്വൎയ്യപ്രമത്തതയാൽ ഭരണകാൎയ്യങ്ങളിലും ശത്രുക്കളെ ഒഴിക്കുന്ന വിഷയത്തിലും മറ്റും വിസ്മൃതി നേരിട്ടാൽ വലിയവലിയ ആപത്തുകൾ സംഭവിക്കാനിടയുള്ളതിനാൽ, വിസ്മൃതി വലുതായ ദോഷമാണെന്നു താല്പൎയ്യം)

പൊച്ചാപ്പുക്കൊല്ലും പുകഴൈ യറിവിനൈ
നിച്ചനിരപ്പുക്കൊൻറാങ്കു. ൨

സാ—നിത്യദാരിദ്ര്യം ബുദ്ധിയെ ക്ഷയിപ്പിക്കുന്നതുപോലെ മറവി യശസ്സിനെ നശിപ്പിക്കും. (യാചിച്ചുഭക്ഷിക്കുന്ന ദരിദ്രന്റെ ബുദ്ധിക്കു പ്രവൃത്തിയില്ലാത്തതിനാൽ, ഉപയോഗശൂന്യമായ ഇരിമ്പു തുരുമ്പുപിടിക്കുന്നതുപോലെ അതു നശിക്കുന്നു. അപ്രകാരം തന്നെ യശസ്വിയായ ഒരുവനെ വിസ്മൃതി ബാധിച്ചാൽ അവന്റെ സകലകാൎയ്യങ്ങൾക്കും മുടക്കം സംഭവിച്ചു് അന്യരുടെ അധിക്ഷേപത്തിനു പാത്രമായി അതുവഴി യശസ്സിനു നാശം ഭവിക്കുന്നു എന്നു താല്പൎയ്യം)

പൊച്ചാപ്പാൎക്കില്ലൈ പുകഴ്മൈ യതുവുലക-
ത്തെപ്പാന്നൂലോൎക്കുന്തുണിവു. ൩

സാ—യശസ്സു്, വിസ്മൃതിയുള്ളവൎക്കില്ല; അതു ലോകത്തിലുള്ള സകല ശാസ്ത്രങ്ങളുടെയും സിദ്ധാന്തമാണു്. (യശസ്സും വിസ്മൃതിയും ഒരിടത്തു പ്രവൎത്തിക്കുകയില്ലെന്നുള്ളതു് എല്ലാ ഗ്രന്ഥങ്ങളുടെയും സിദ്ധാന്തമാണെന്നു താല്പൎയ്യം. ഈ സിദ്ധാന്തം രാജാക്കന്മാരെമാത്രമല്ല, ഏതൊരുമനുഷ്യനെയും ബാധിക്കുമെന്നുള്ള അഭിപ്രായത്തെ, 'എല്ലാഗ്രന്ഥങ്ങളും സിദ്ധാന്തിക്കുന്നു' എന്നു പ്രയോഗത്താൽ വെളിപ്പെടുത്തുന്നു സന്യാസിയെയും സംസാരിയെയും സ്ത്രീയെയും പുരുഷനെയും സംബന്ധിക്കുന്നതാണെന്നു വിവക്ഷ )

അച്ചമുടൈയാൎക്കരണില്ലൈ യാങ്കില്ലൈ
പൊച്ചാപ്പുടൈയാൎക്കുനൻകു. ൪

സാ—പേടിയുള്ളവൎക്കു കോട്ടകൊണ്ടു് ഒരു ഫലവുമില്ല; അതുപോലെ വിസ്മൃതിയുള്ളവൎക്കു സകലൈശ്വൎയ്യങ്ങളെക്കൊണ്ടും യാതൊരു ഫലവുമില്ല. (ഭീരുക്കളുടെ കോട്ട എപ്രകാരം നിഷ്പ്രയോജനമായി ഭവിക്കുന്നുവോ, അപ്രകാരം വിസ്മൃതിയുള്ളവരുടെ ഐശ്വൎയ്യവും നിഷ്പ്രയോജനമായി ഭവിക്കുന്നു എന്നു താല്പൎയ്യം.)

മൂന്നുറക്കാവാതിഴുക്കിയാൻറൻപിഴൈ
പിന്നൂറിരങ്കിവിടും. ൫

സാ—കാലേക്കൂട്ടിക്കരുതാൻമറക്കുന്നവൻ പിന്നീട് ഉറാകാലത്തു തൻെറതെറ്റിനെ ഓൎത്തു പശ്ചാത്തപിക്കും. (വരാനിരിക്കുന്ന ആപത്തിനു കാലേകൂട്ടി പരിഹാരം നേടാൻ മറക്കുന്നവൻ ഒടുവിൽ ആ ആപത്തിൽ അകപ്പെടുമ്പോൾ തൻെറ ആ തെറ്റിനെക്കുറിച്ചു പശ്ചാത്തപിക്കുമെന്നു താല്പൎയ്യം.)

ഇഴുക്കാമൈ യാൎമാട്ടുമെൻറും വഴുക്കാമൈ
വായിനതുവൊപ്പതിൽ. ൬

സാ—(രാജാക്കന്മാൎക്ക്) ആരിലും എന്നും തെറ്റാതെ ഓൎമ്മയുണ്ടായിരുന്നാൽ, ആ ഓൎമ്മയോട് ഉപമിക്കാൻ യാതൊന്നുമില്ല. (മന്ത്രിമാർതുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരിലും ബന്ധുമിത്രാദികളിലും ശത്രുക്കളിലും ഉദാസീനന്മാരിലും രാജാവ് ഓൎമ്മയുള്ളവനായിരിക്കണം; അതും ദുഷ്കാലത്തുമാത്രം പോരാ; നല്ലകാലത്തും വേണ്ടതാണ്- എന്ന്, 'എന്നും' എന്ന പ്രയോഗത്താൽ വെളിപ്പെടുന്നു. തെറ്റാതെ എന്നു പറഞ്ഞിരിക്കുന്നതിനാൽ എല്ലാവരിലും ഒന്നുപോലെ വേണ്ടതാണെന്നു വിവക്ഷ. അപ്രകാരമുള്ള ഓൎമ്മശക്തിയോട് ഉപമിക്കാൻ യാതൊന്നുമില്ലെന്നു താല്പൎയ്യം.)

അരിയവെൻറാകാതവില്ലെ പൊച്ചാവാ-
ക്കരുവിയാർ പോററിച്ചെയിൻ. ൭

സാ—മറവിയില്ലാത്ത മനസ്സുകൊണ്ടു കരുതിച്ചെയ്താൽ, പ്രയാസമാണെന്നു പറയപ്പെടുന്ന വിഷമകാൎയ്യങ്ങൾ ഇല്ലതന്നെ.

പുകഴ്ന്തവൈപോററിച്ചെയൽവേണ്ടുംചെയ്യാ-
തികഴ്ന്താൎക്കെഴുമൈയുമിൽ. ൮

സാ—ധൎമ്മശാസ്ത്രങ്ങളിൽ വിധിക്കപ്പെട്ടവയെ ശരിക്കു നിൎവ്വഹിക്കണം; അതിനെ മറക്കുന്നവൎക്ക് ഏഴുജന്മത്തിലും നന്മയുണ്ടാവുകയില്ല. (ആശ്രമവിധികളെ പാലിക്കാൻ മറക്കുന്ന രാജാവിന് ഏഴുജന്മങ്ങളിലും നരകദുഃഖം അനുഭവിക്കേണ്ടിവരുമെന്നു താല്പൎയ്യം )

ഇകഴ്ച്ചിയിർ കെട്ടാരൈയുള്ളുകതാന്ത-
മ്മകിഴ്ച്ചിയിൻ മൈന്തുറും പോഴ്തു. ൯

സാ—സന്തോഷംകൊണ്ടു മതിമറക്കുമ്പോൾ, വിസ്മൃതിഹേതുവാൽ നശിക്കപ്പെട്ടവരെ ഓൎക്കേണ്ടതാണ്. (രാജാക്കന്മാർ ഐശ്വൎയ്യത്താൽ പ്രമത്തന്മാരാകുമ്പോൾ, ഐശ്വൎയ്യത്തിൽ മതിമറന്ന് മുമ്പു നശിച്ചിട്ടുള്ളവരെ ഓൎക്കേണ്ടതാണെന്നു താല്പൎയ്യം. അവരുടെ നാശത്തിനു ഹേതുവായ വിസ്മൃതിയെ ഓൎക്കുന്നതുകൊണ്ട്, അതു തന്നെ ബാധിക്കാതെ സൂക്ഷിക്കുമെന്നു ഭാവം.)

ഉള്ളിയതെയ്തലെളിതുമൻ മറവുന്താ-
നുള്ളിയ തുള്ളപ്പെറിൻ. ൧൦

സാ—ചിന്തിച്ചതിനെത്തന്നെ ചിന്തിക്കുകയാണെങ്കിൽ, ചിന്തിതം ലഘുവിൽ സാധിക്കും. (ചിന്തിച്ച കാൎയ്യത്തെക്കുറിച്ചു വീണ്ടും വീണ്ടും ചിന്തിക്കുന്ന രാജാവിന് ചിന്തിക്കപ്പെടുന്ന കാൎയ്യം എളുപ്പത്തിൽ സാധിക്കുമെന്നു താല്പൎയ്യം. വിസ്മൃതി കാൎയ്യസാദ്ധ്യത്തിനു വിഘ്നമാണെന്നു ഭാവം.)

# അൻപത്തഞ്ചാം അധികാരം.

## ചെങ്കോന്മൈ — സദ്ഭരണം.

ഓർന്തുകണ്ണോടാതിറൈപുരിന്തിയാർമാട്ടു-
ന്തേർന്തുചെയ്‌വതേ മുറൈ. ൧

സാ—(കുററത്തെ) കണ്ടുപിടിച്ച് ആരുടെ പക്ഷത്തിലും ചേരാതെ മദ്ധ്യസ്ഥനിലയിൽനിന്ന് (ദണ്ഡശാസ്ത്രം) അറിഞ്ഞു പ്രവൎത്തിക്കുകയാണു ഭരണനീതി. (കുററക്കാരുടെ തെററിനെ കണ്ടുപിടിക്കുകയും കുററക്കാരൻ ഉററബന്ധുവായിരുന്നാൽപോലും പക്ഷംപിടിക്കാതെ ദണ്ഡനീതിയെ ശരിക്കു നിൎവ്വഹിക്കുകയും ചെയ്യണമെന്നു താല്പൎയ്യം.)

വാനോക്കി വാഴുമുലകെല്ലാ മന്നവൻ
കോനോക്കി വാഴുങ്കുടി. ൨

സാ—ലോകമെല്ലാം മഴകാത്തു ജീവിക്കും; കുടികളെല്ലാം രാജാവിന്റെ ചെങ്കോൽകാത്തു ജീവിക്കും. (ലോകജീവികളെല്ലാം വൎഷത്തെ പ്രതീക്ഷിക്കുന്നതുപോലെ, കുടികളെല്ലാം രാജാവിന്റെ ചെങ്കോലിനെ പ്രതീക്ഷിച്ചു ജീവിക്കുന്നു എന്നു താല്പൎയ്യം. മഴ തെററിയാൽ ലോകം സങ്കടം അനുഭവിക്കുന്നതുപോലെ, രാജാവിന്റെ ഭരണനീതി തെററിയാൽ കുടികൾ സങ്കടം അനുഭവിക്കേണ്ടിവരും.)

അന്തണർനൂർക്കുമറത്തിർക്കുമാതിയായ്
നിൻറതുമന്നവൻകോൽ. ൩

സാ—രാജാവിന്റെ ചെങ്കോൽ ബ്രാഹ്മണന്റെ വേദത്തിനും ധൎമ്മത്തിനും കാരണമായിനിന്നു. (ബ്രാഹ്മണവേദത്തിനും ധൎമ്മത്തിനും ആശ്രയമായി നിന്നതു രാജാവിന്റെ ചെങ്കോലാകുന്നു. വേദവും ധൎമ്മവും രാജാവില്ലെങ്കിൽ നിലനില്ക്കുമായിരുന്നില്ല. രാജാവിന്റെ അഭാവത്തിൽ വൎണ്ണാശ്രമങ്ങൾക്കു വൈപരീത്യം സംഭവിക്കുകയും തദ്വാരാ വേദവും ധൎമ്മവും ദൂഷിക്കുകയും ചെയ്യുമെന്നു വിവക്ഷ.)

കുടിതഴീഇ ക്കോലോച്ചു മാനില മന്ന-
നടിതഴീഇ നിർക്കു മുലകു. ൪

സാ—ലോകം, കുടികളെപ്പോററി ചെങ്കോൽചെലുത്തുന്ന രാജശ്രേഷ്ഠന്റെ പാദങ്ങളിൽതങ്ങി നില്ക്കും. (പ്രജാപാലനത്തിൽ അത്യന്തം നിഷ്കൎഷയോടുകൂടി ചെങ്കോൽ നടത്തുന്ന രാജാവ് സൎവ്വത്ര പൂജ്യനും സൎവ്വാദരണീയനുമാകയാൽ, ജനങ്ങൾ—അന്യരാജ്യക്കാരുൾപ്പെടെ—രാജാവിനെ ആശ്രയിച്ചുനില്ക്കുമെന്നു താല്പൎയ്യം.)

ഇയൽപുളിക്കോലോച്ചു മന്നവനാട്ട-
പെയലുംവിളൈയുളുന്തൊക്കു. ൫

സാ—സദ്വൃഷ്ടിയും വിളവും വിധിപ്രകാരം ചെങ്കോൽചെലുത്തുന്ന രാജാവിന്റെ നാട്ടിൽ സുലഭങ്ങളാകുന്നു. (ധൎമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളപ്രകാരം ചെങ്കോൽ നടത്തുന്ന രാജാവിന്റെ രാജ്യത്തു കാലംതെററാത്ത മഴയും കൂടുതലായ വിളവും ഉണ്ടായിരിക്കുമെന്നു താല്പൎയ്യം.)

വേലൻറുവെൻറി തരുവതുമന്നവൻ
കോലതൂഉങ്കോടാതെനിൻ. ൬

സാ—രാജാവിന്ന് ജയം നല്കുന്നതു വേലല്ല, ചെങ്കോലാണ്, അതു കോണാതാതിരിക്കുന്നുവെങ്കിൽ. (രാജാവിന്നു യുദ്ധത്തിൽ വിജയം നല്കുന്നതു് ആയുധങ്ങളല്ല, തെററിതെ ചെലുത്തുന്ന ചെങ്കോലാകുന്നു എന്നു താല്പൎയ്യം.)

ഇറൈകാക്കുംവൈയകമെല്ലാമവനൈ
മുറൈകാക്കുമുട്ടാച്ചെയിൻ. ൭

സാ—രാജാവു ലോകത്തെ മുഴുവൻ കാക്കുന്നു; ധൎമ്മത്തിൽനിന്നു വ്യതിചലിക്കാത്ത ഭരണം രാജാവിനെ കാക്കുന്നു. (ലോകത്തെ രാജാവു കാക്കുന്നു; രാജാവിനെ ഭരണനീതി കാക്കുന്നു.)

എൺപതത്താനോരാ മുറൈചെയ്യാ മന്നവ-
ൻറൺപതത്താററാനേ കെടും. ൮

സാ—സമയം അനുവദിക്കുന്നവനും (ധൎമ്മശാസ്ത്രജ്ഞന്മാരോട്) ആലോചിച്ചു കൎത്തവ്യത്തെ നിൎവ്വഹിക്കുന്നവനുമല്ലാത്ത രാജാവ് അധഃപതത്തിൽ(ത്തന്നെ) നിന്നു സ്വയം നശിക്കുന്നതാണ്. (പരാതിയുള്ള പ്രജകൾക്കു എല്ലായ്പ്പൊഴും മുഖംകാണിക്കാൻ സമയം അനുവദിക്കേണ്ടതും കൎത്തവ്യത്തെ യോഗ്യന്മാരോട് ആലോചിച്ചു നിൎവ്വഹിക്കേണ്ടതും രാജാവിൻെറ ധൎമ്മമാകുന്നു; അപ്രകാരം ചെയ്യാത്ത രാജാവു താണപടിയിൽത്തന്നെനിന്നു നശിക്കുന്നതാണെന്നു താല്പൎയ്യം.)

കുടിപുറങ്കാത്തോമ്പിക്കുററങ്കടിതൽ
വടുവൻറുവേന്തൻറൊഴിൽ. ൯

സാ—കുടികളെ കാത്തുരക്ഷിച്ചു കുററംകണ്ടു ശിക്ഷിക്കുന്നതു രാജാവിൻെറ ധൎമ്മമാകുന്നു; കുററത്തിന്നു ശിക്ഷിക്കുന്നതു പാപമല്ല. (പ്രജകളെ കാത്തുരക്ഷിക്കുന്നതുപോലെ കുററത്തിന്നു ശിക്ഷ നല്കുന്നതും രാജധൎമ്മമാകുന്നു. കുററം അധൎമ്മമാകയാൽ അധൎമ്മിഷ്ഠനെ ശിക്ഷിക്കുന്നതു പാപമല്ല. പ്രത്യുത, അധൎമ്മത്തിൽനിന്നും പ്രജകളെ വിലക്കേണ്ടതു ധൎമ്മമാകയാൽ ധൎമ്മപാലനജന്യമായ പുണ്യവും സിദ്ധിക്കുമെന്നു വിവക്ഷ.)

കൊലൈയിൎകൊടിയാരൈവേന്തൊറുത്തൽപൈങ്കുഴ്
കളൈകട്ടതനൊടുനേർ. ൧൦

സാ—രാജാവു ദുഷ്ടന്മാരെ നിഗ്രഹിക്കുന്ന ശിക്ഷ (കൎഷകൻ) കൃഷിക്കു കള പറിക്കുന്നതുപോലെയാണ്. (രാജാവു ദുഷ്ടന്മാരെ ശിക്ഷിച്ചു ശിഷ്ടന്മാരെ രക്ഷിക്കുന്നതു്, കൎഷകൻ കളപറിച്ചു കൃഷിയെ രക്ഷിക്കുന്നതുപോലെയാണെന്നു താല്പൎയ്യം. കൃഷിചെയ്യപ്പെടുന്ന ധാന്യങ്ങളുടെ വളൎച്ചയ്ക്കു കള എപ്രകാരം പ്രതിബന്ധമായിത്തീരുന്നുവോ, അപ്രകാരം ദുഷ്ടന്മാർ ശിഷ്ടന്മാരുടെ സ്വൈരജീവിതത്തിന്നു പ്രതിബന്ധമായിത്തീരുന്നതിനാൽ കളപറിച്ചു കൃഷിയെ രക്ഷിക്കുന്നതുപോലെ ദുഷ്ടന്മാരെ ശിക്ഷിച്ചു ശിഷ്ടന്മാരെ പാലിക്കേണ്ടതാണെന്നു വിവക്ഷ.)

---

## അൻപത്താറാം അധികാരം.

### കൊടുങ്കോന്മൈ — ദുൎഭരണം.

---

കൊലൈമേർകൊണ്ടാരിർ കൊടിതേയലൈമേർകൊ-
ണ്ടല്ലവൈചെയ്തൊഴുകുംവേന്തു. ൧

സാ—(പ്രജകളെ) ഉപദ്രവിക്കുന്ന തൊഴിലിനെ കൈക്കൊണ്ട് അധൎമ്മങ്ങളെ പ്രവൎത്തിച്ചുപോരുന്ന രാജാവ്, കൊലപാതകം ചെയ്യുന്നവരിലും കൊടിയവനാകുന്നു. (ഒരിക്കൽ കൊലപാതകംചെയ്യുന്നവൻ വീണ്ടും ചെയ്യാനിടയാകുംമുമ്പു ശിക്ഷിക്കപ്പെടുന്നതിനാൽ, അവനിൽനിന്നും മറെറാരു പീഡ അനുഭവിക്കേണ്ടിവരുന്നില്ല; അനീതിയായ

കരംചുമത്തിയും അസഹ്യമായ നിയമങ്ങൾ ഏർപ്പെടുത്തിയും കൈക്കൂലിവാങ്ങിയും മററു പലപ്രകാരത്തിലും പ്രജകളെ പീഡിപ്പിക്കുന്ന രാജാവിൻെറ ഉപദ്രവത്തെ എല്ലാപ്രജകളും എന്നും അനുഭവിക്കേണ്ടിവരുന്നതിനാൽ, ആ രാജാവ് ഘാതകനെക്കാൾ ദുഷ്ടനാണെന്നു താല്പൎയ്യം.)

വേലൊടുനിൻറാനിടുവെൻറതുപോലു-
ങ്കോലൊടു നിൻറാനിരവു. ൨

സാ—രാജാവു പീഡിപ്പിച്ചു ധനം ആവശ്യപ്പെടുന്നതു്, ഖഡ്ഗവും കൈയുമായി നില്ക്കുന്നവൻ, 'വയ്ക്കുക'യെന്നാവശ്യപ്പെടുന്നതുപോലെയാണു്. (രാജാവു പ്രജകളെ പീഡിപ്പിച്ചു ധനം വാങ്ങുന്നതു്, രാത്രികാലങ്ങളിൽ വാളുമേന്തി വഴിയിൽനിന്നു കൊള്ളയടിയ്ക്കുന്നതിനു തുല്യമാണെന്നു താല്പൎയ്യം.)

നാടൊറുനാടി മുറൈചെയ്യാമന്നവ-
നാടൊറു നാടുകെടും. ൩

സാ—ദിനന്തോറും (നാട്ടിൽനേരിടുന്നകുററങ്ങളെ) അന്വേഷിച്ചു നീതിനടത്താത്ത രാജാവിൻെറ നാടു് നാൾതോറും ക്ഷയിക്കും. (നാട്ടിലെ, ശിക്ഷാൎഹന്മാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ശിക്ഷിച്ചു നീതിയെ പാലിക്കാത്ത രാജാവും അവൻെറ രാജ്യവും ക്രമേണ ക്ഷയിച്ചു നശിക്കുമെന്നു താല്പൎയ്യം.)

കൂഴുങ്കുടിയുമൊരുങ്കിഴക്കുങ്കോൽകോടി
ച്ചൂഴാതുചെയ്യുമരചു. ൪

സാ - (ഭാവിഫലത്തെ) ചിന്തിക്കാതെ ധൎമ്മംതെററി പ്രവൎത്തിക്കുന്ന രാജാവിൻെറ ധനവും കുടിയും ഒന്നോടെ നശിക്കുന്നു. (അധൎമ്മനിഷ്ഠനായ രാജാവിൻെറ കുടിയും നശിച്ചു ധനവും നശിക്കുമെന്നു താല്പൎയ്യം.)

അല്ലൎപട്ടാററാതഴുതകണ്ണീരൻറേ
ചെൽവത്തെത്തേയ്ക്കുംപടൈ. ൫

സാ—രാജാവിൻെറ ഐശ്വൎയ്യതരുവിനെ വെട്ടിമുറിക്കുന്നഖഡ്ഗം, രാജാവിൽനിന്നു നേരിടുന്ന പീഡകളെ സഹിക്കാത്ത കുടികളുടെ കണ്ണീരല്ലേ? (രാജാവിനാൽ പീഡിപ്പിക്കപ്പെടുന്ന കുടികളുടെ കണ്ണീർ, രാജാവിൻെറ ഐശ്വൎയ്യവൃക്ഷത്തിനു കോടാലിയായി ഭവിക്കുമെന്നു ഭാവം.)

മന്നക്കു മന്നുതരു ചെങ്കോന്മൈയതിൻേറൻ
മന്നാവാ മന്നക്കൊളി. ൬

സാ—രാജാവിൻെറ ശാശ്വതകീൎത്തിക്കു ഹേതു, ഭരണനീതിയാകുന്നു; ഭരണനീതിയില്ലെങ്കിൽ കീൎത്തിയുണ്ടാകുന്നതല്ല. (ഭരണനീതിയുള്ള രാജാവിൻെറ യശസ്സ്, മരണത്തിനുശേഷവും നിലനില്ക്കുന്നു; തദിതരനായ രാജാവിനു് ആ യശസ്സുണ്ടാകുന്നതല്ല. ഏതെങ്കിലും ഒരു സൽപ്രവൃത്തിയാൽ കീൎത്തിക്കപ്പെട്ടാലും, ആ കീൎത്തി ക്ഷണഭംഗുരമായിരിക്കും.)

തുളിയിന്മൈ ഞാലത്തിൎക്കെററേറവേന്ത-
നളിയിന്മൈ വാഴുമുയിൎക്കു. ൭

സാ—കുടികൾക്കു രാജാവിൻെറ സ്നേഹമില്ലായ്ക, ജീവരാശികൾക്കു മഴയില്ലായ്കയാൽ എപ്രകാരം സങ്കടം അനുഭവിക്കേണ്ടിവരുന്നുവോ, അപ്രകാരം സങ്കടത്തിനു കാരണമായി ഭവിക്കുന്നു. (മഴയില്ലാതിരുന്നാൽ ജീവരാശികൾ സങ്കടം അനുഭവിക്കേണ്ടിവരുന്നതുപോലെ രാജസ്നേഹമില്ലാതിരുന്നാൽ, പ്രജകൾ സങ്കടം അനുഭവിക്കേണ്ടിവരുമെന്നു താല്പൎയ്യം.)

ഇന്മെയിനിന്നാതുടൈത്തെ മുറൈചെയ്യാ
മന്നവൻ കോർകീഴ്പ്പടിൻ. ൮

സാ—കർത്തവ്യത്തെ നിറവേററാത്ത രാജാവിൻെറ ദുർഭരണത്തിൻകീഴിൽ ജീവിക്കുന്നതു ധനമില്ലാത്ത അവസ്ഥയേക്കാൾ സങ്കടമാകുന്നു. (ദുഷ്ടരാജാവിൻെറ പ്രജയായിരിക്കുന്ന അവസ്ഥ, അതിദാരിദ്ര്യത്തെക്കാൾ ദുഃഖഹേതുകമാണെന്നു താല്പര്യം.)

മുറൈകോടിമന്നവൻ ചെയ്യിനുറൈകോടി
യൊല്ലാതു വാനംപെയൽ. ൯

സാ—ധർമ്മം തെററി രാജാവു പ്രവൎത്തിച്ചാൽ രാജ്യത്തു മഴപെയ്യാതിരിക്കമാറു് മേഘം സ്വപ്രവൃത്തിയിൽനിന്നും വിരമിക്കും.

ആപയൻ കുൻറു മറുതൊഴിലോർ നൂൻമറപ്പർ
കാവലൻ കാവാനെനിൻ. ൧൦

സാ—പാലിക്കാൻ കടപ്പെട്ടവനായ രാജാവു് പാലിച്ചില്ലെങ്കിൽ, (ആ രാജാവിൻെറ നാട്ടിൽ) പശുക്കൾ പാൽ ചുരുക്കും, വേദജ്ഞന്മാർ വേദങ്ങൾ മറക്കും. (പ്രജകളെ കാത്തുരക്ഷിക്കുകയെന്ന തൻെറ കർത്തവ്യത്തെ ശരിക്കു നിർവ്വഹിക്കാത്ത രാജാവിൻെറ നാട്ടിൽ പശു പാൽ ചുരുക്കുകയും വേദജ്ഞന്മാർ വേദങ്ങളെ മറക്കുകയും ചെയ്യുമെന്നു താല്പര്യം. പാൽ ചുരുക്കുകയും വേദം മറക്കുകയും ചെയ്താൽ, ദേവന്മാൎക്കായുള്ള യാഗാദികൎമ്മങ്ങൾ മുടങ്ങുന്നതുകൊണ്ടു് മഴപെയ്യാൻ ദേവന്മാർ പ്രസാദിക്കുകയില്ലെന്നു ഭാവം.)

---

## അമ്പത്തേഴാം അധികാരം.

### വെരുവന്തചെയ്യാമൈ—നിഷ്ഠുരമായി ശിക്ഷിക്കായ്ക.

---

തക്കാങ്കു നാടിത്തലൈച്ചെല്ലാ വണ്ണത്ത-
ലൊത്താങ്കൊറുപ്പതു വേന്തു. ൧

സാ—മദ്ധ്യസ്ഥനിലയിൽ നിന്നുംകൊണ്ടു് അന്വേഷണം നടത്തി (കുററം കണ്ടുപിടിച്ചു വീണ്ടും) അക്കുററത്തിനിടയാകാതെ ന്യായപ്രകാരം ശിക്ഷിക്കുന്നവനാണു രാജാവു്. (പക്ഷംപിടിക്കാതെ കുററക്കാരനെ കണ്ടുപിടിച്ചു്, മേലും ആ കുററം ചെയ്യാതിരിക്കാൻ ന്യായപ്രകാരം ശിക്ഷിക്കേണ്ടതു രാജാവിൻെറ കർത്തവ്യമാണെന്നു താല്പര്യം.)

കടിതോച്ചി മെല്ലവെറികനെടിതാക്ക
നീങ്കാമൈ വേണ്ടുപവർ. ൨

സാ—ഐശ്വര്യം നിലനിൽക്കണമെന്നു് ആഗ്രഹിക്കുന്നവർ, ഉഗ്രമായ ശിക്ഷക്കു് ആരംഭിച്ചു്, തെററിനുതക്ക ശിക്ഷ നൽകേണ്ടതാകുന്നു. (നിത്യൈശ്വര്യത്തെ കാംക്ഷിക്കുന്ന രാജാവു്, അപരാധിയുടെ കുററത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, അവർ, ഭയപ്പെടത്തക്കവണ്ണം കഠിനമായ ശിക്ഷയെ ഭാവിച്ചു്, ഒടുവിൽ തെററിനുതക്ക—ചെറിയ—ശിക്ഷ വിധിക്കേണ്ടതാണെന്നു താല്പര്യം. തെററിൻെറ ലഘുത്വത്തെ വിസ്മരിച്ചു വലുതായ ശിക്ഷ നൽകുന്നതും, തെററു ലഘുവാണെന്നുവച്ചു ശിക്ഷിക്കാതിരിക്കുന്നതും അധർമ്മമാകയാൽ അപ്രകാരം പ്രവൎത്തിക്കരുതെന്നു വിവക്ഷ.)

വെരുവന്ത ചെയ്തൊഴുകും വെങ്കോലനായി
നൊരുവന്തമൊല്ലെക്കെടും. ൩

സാ—ഭയങ്കരകർമ്മങ്ങളെ ചെയ്തുപോരുന്ന നിഷ്ഠുരനായ രാജാവു നിശ്ചയമായി എളുപ്പത്തിൽ നശിക്കും. (അപ്രകാരമുള്ള പ്രവൃത്തികളുടെ സ്വഭാവവും അവയുടെ ഫലങ്ങളും ഇതിനുപരി വെളിപ്പെടുന്നതാണ്.)

ഇറൈകടിയനെൻറുരൈക്കുമിന്നാച്ചൊൽവേന്ത-
നുറൈകടുകിയൊല്ലൈക്കെടും. ൪

സാ—'നമ്മുടെ രാജാവു നിഷ്ഠുരനാണെന്നു' പ്രജകളാൽ അപലപിക്കപ്പെടുന്ന രാജാവിൻെറ ആയുസ്സു കുറഞ്ഞു്, ഐശ്വര്യം നശിക്കും.

അരുഞ്ചെവ്വിയിന്നാ മുകത്താൻപെരുഞ്ചെൽവം
പേയ്കണ്ടന്ന തുടൈത്തു. ൫

സാ—അനുവദിക്കപ്പെടാത്ത സമയവും ദുർമ്മുഖവുമുള്ള രാജാവിൻെറ മഹാധനം, ഭൂതംകണ്ട മോഷത്തോടുകൂടിയതായി ഭവിക്കും. (ഭൂതംകണ്ട ധനം ശപിക്കപ്പെട്ടതാകയാൽ അതു് അവകാശിക്കും അന്യനും പ്രയോജകീഭവിക്കുകയില്ലെന്നു ചൊല്ലുണ്ടു്; തന്നെക്കണ്ടു സങ്കടം ഉണർത്താൻവരുന്ന പരാതിക്കാൎക്കു സമയം അനുവദിക്കാത്ത ദുർമ്മുഖനായ രാജാവിൻെറ വലുതായ ധനം മേല്പറഞ്ഞ—ഭൂതശാപമേററ—ധനംപോലെ നിഷ്പ്രയോജനമാണെന്നു താല്പര്യം.)

കടുഞ്ചൊല്ലൻ കണ്ണിലനായി നെടുഞ്ചെൽവ-
നീടിൻറി യാങ്കേ കെടും. ൬

സാ—ക്രൂരഭാഷിതനും ദയാവീക്ഷണ്യമില്ലാത്തവനുമായിരുന്നാൽ, ആ രാജാവിൻെറ വലുതായ ഐശ്വര്യം ക്ഷയിച്ചു് ഉടനേനശിക്കും. (നിർദ്ദയമായ വാക്കും നോക്കുമുള്ള രാജാവിൻെറ ധനം—ഒരുകാലത്തും ക്ഷയിക്കുകയില്ലെന്നു വിശ്വസിക്കത്തക്കവണ്ണം അത്ര വലുപ്പമുള്ളതായിരുന്നാലും—ഉടനെ നശിക്കുമെന്നു താല്പര്യം.)

കടുമൊഴിയുംകൈയികന്ത തണ്ടമും വേന്ത-
നടുമുരണ്ടേയ്ക്കു മരം. ൭

സാ—ക്രൂരവാക്കും കഠിനശിക്ഷയും, രാജാവിൻെറ, ശത്രുക്കളെ ജയിക്കാൻ പര്യാപ്തമായ, ശക്തിയെ രാവിക്കുറയ്ക്കുന്ന അരങ്ങളാകുന്നു. (ക്രൂരവാക്കിലും കഠിനശിക്ഷയിലും അതൃപ്തന്മാരായ സൈന്യങ്ങളും പ്രജകളും ക്രമേണ രാജാവിനെ വിട്ടു് അകലുന്നിടയുള്ളതിനാൽ, അപ്രകാരം രാജശക്തിക്ഷയത്തിനു ഹേതുക്കളായവയെ അരങ്ങളാക്കി കല്പിച്ചതാണു്.)

ഇനത്താററിയെണ്ണാത വേന്തൻചിനത്താററി-
ച്ചീറിർ ചിറുകുന്തിരു. ൮

സാ—(ഭരണകാര്യത്തെ) മന്ത്രിമാരിൽ ചുമത്തി അവരുമായി ആലോചിക്കാതെ (കാര്യം അപകടത്തിലായതിനുശേഷം) കോപാവേശത്തോടുകൂടി മന്ത്രിമാരോടു കയർക്കുന്ന രാജാവിൻെറ ഐശ്വര്യം ക്ഷയിക്കും.

ചെരുവന്ത പോഴ്തിർ ചിറൈചെയ്യാവേന്തൻ
വെരുവന്തു വെയ്തു കെടും. ൯

സാ—ദുർഗ്ഗാദികളാൽ സുരക്ഷിതനാകാത്ത രാജാവു് ശത്രുക്കളാൽ ആക്രമിക്കപ്പെടുമ്പോൾ—രക്ഷാമാർഗ്ഗമില്ലാതെ—പേടിച്ചു് എളുപ്പത്തിൽ നശിക്കും. (കോട്ടമതിലുകൾ കെട്ടിയും മററും മുൻകൂട്ടി തന്നെ കാത്തുകൊള്ളാത്ത രാജാവു് ശത്രുക്കളുടെ ആക്രമണകാലത്തു പോംവഴിയില്ലാതെ പേടിച്ചു നശിക്കുമെന്നു താല്പര്യം.)

കല്ലാർപ്പിണിക്കങ്കടുങ്കോലതുവല്ല
തില്ലൈനിലക്കുപ്പൊറൈ. ൧൦

സാ—നിഷ്ഠുരനായ രാജാവു്, (നീതിശാസ്ത്രാദികളിൽ) പഠിപ്പില്ലാത്ത പരിഷകളെ തന്റെ സഹായികളായി തെരഞ്ഞെടുക്കും; ആ സംഘമല്ലാതെ ഭൂമിക്കു വേറെ ഭാരമില്ല (നീതിയില്ലാത്ത രാജാവും അവന്റെ സഹായികളായ ദുഷ്ടന്മാരും ഭൂമിക്കു വലുതായ ഭാരമായി ഭവിക്കുമെന്നു ഭാവം.)

---

## അൻപത്തെട്ടാം അധികാരം.

### കണ്ണോട്ടം—ദാക്ഷിണ്യം.

---

കണ്ണോട്ടമെന്നുങ്കഴിപെരുങ്കാരികൈ
യുൺമൈയാനുണ്ടിവ്വുലകു. ൧

സാ—ദാക്ഷിണ്യമെന്നു പറയപ്പെടുന്ന ഏററവും വലുതായ സൌന്ദൎയ്യം (രാജാക്കന്മാൎക്കു്) ഉണ്ടായിരിക്കുന്നതുകൊണ്ടാണു് ഈ ലോകം പ്രവൎത്തിക്കുന്നതു്. (രാജാക്കന്മാരുടെ ദാക്ഷിണ്യമാകുന്ന മഹത്തായ ഗുണത്താൽ ഈ ലോകം പ്രവൎത്തിക്കുന്നുവെന്നു താല്പൎയ്യം.)

കണ്ണോട്ടത്തുള്ളതുലകിയലതിലാ-
രുൺമൈനിലക്കുപ്പൊറൈ. ൨

സാ—ലോകത്തിന്റെ വൎത്തിപ്പു ദാക്ഷിണ്യത്തിലാകുന്നു; ദാക്ഷിണ്യമില്ലാത്തവന്റെ വാഴ്ച ഭൂമിക്കു ഭാരത്തിനായിട്ടുമാത്രമാണു്. (ലോകം ദാക്ഷിണ്യത്തിൽ വൎത്തിക്കുന്നു; ദാക്ഷിണ്യമില്ലാത്തവൻ ഭൂമിക്കു ഭാരം മാത്രമാകുന്നു. അവനെക്കൊണ്ടു മറെറാരുഫലവും ലോകത്തിനുണ്ടാകാനില്ലെന്നു വിവക്ഷ.)

പണ്ണെന്നാംപാടർകിയൈപിൻറേർകണ്ണെന്നാ-
ങ്കണ്ണോട്ടമില്ലാതകൺ. ൩

സാ—ശ്രുതി, പാട്ടിനു് ഒത്തിരുന്നില്ലെങ്കിൽ എന്തുഫലമാണുണ്ടാകാനുള്ളതു്? ദയാവീക്ഷണമില്ലാത്ത കണ്ണുകൊണ്ടു് എന്തൊരു ഫലമാണു്? (പാട്ടിനൊക്കാത്ത ശ്രുതികൊണ്ടു ഫലമില്ലാത്തതുപോലെ ദയാവീക്ഷണമില്ലാത്ത കണ്ണുകൊണ്ടു യാതൊരു ഫലവുമില്ലെന്നു ഭാവം.)

ഉളപോൻമുകത്തെവൻചെയ്യുമളവിനാർ
കണ്ണോട്ടമില്ലാതകൺ. ൪

സാ—വേണ്ടത്ര ദയാവീക്ഷണമില്ലാത്ത കണ്ണുകൾ മുഖത്തു് ഉണ്ടെന്നല്ലാതെ അതുകൊണ്ടെന്തുഫലം? (വേണ്ടത്ര എന്നു പറഞ്ഞതിനാൽ അമിതമായ ദാക്ഷിണ്യം പാടില്ലെന്നു വിവക്ഷ. മിതമായ ദാക്ഷിണ്യത്തോടുകൂടാത്ത കണ്ണു്, മുഖത്തുണ്ടെന്നു് അന്യൎക്കു തോന്നിക്കുന്നതിനല്ലാതെ മറെറാരു ഫലവും ചെയ്യുന്നില്ലെന്നു താല്പൎയ്യം.)

കണ്ണിർകണികലങ്കണ്ണോട്ടമതിൻറേൻ
പുണ്ണെൻറുണരപ്പടും. ൫

സാ—കണ്ണിനു് ആഭരണം ദയാവീക്ഷണമാകുന്നു; ആ ആഭരണമില്ലെങ്കിൽ (കണ്ണു) പുണ്ണാണെന്നു പറയപ്പെടുന്നു. (ദയാനോട്ടം കൂടാതെ അന്യഭൂഷണങ്ങൾ കണ്ണി

നില്ല. ആ ആഭരണം അണിയാത്ത കണ്ണു പുണ്ണിന്റെ വൈരൂപ്യത്തെ വെളിപ്പെടുത്തുന്നതിനാൽ പുണ്ണെന്നു കല്പിച്ചതാണ്.)

മണ്ണോടിയൈന്ത മരത്തനൈയർകണ്ണോ-
ടിയൈന്തു കണ്ണോടാതവർ. ൬

സാ—(ചലനസ്വഭാവമുള്ള) കണ്ണോടുകൂടിയവരായിരുന്നിട്ടും കണ്ണുചലിക്കാത്തവർ—ദയാനോട്ടമില്ലാത്തവർ—ഭൂമിയിൽ ഉറച്ചുനിൽക്കുന്ന വൃക്ഷങ്ങൾക്കു തുല്യന്മാരാകുന്നു. (കണ്ണിന്റെ ചലനഭാവം കണ്ണുള്ളവനിൽ ആരോപിച്ച് അവനെ വൃക്ഷത്തോടുസാമ്യപ്പെടുത്തിയതാണ്. ദാക്ഷിണ്യമില്ലാത്തവൻ ഒരിടത്തു് ഇളകാതെ നിൽക്കുന്ന വൃക്ഷത്തിനു തുല്യനാണെന്നു താല്പര്യം)

കണ്ണോട്ടമില്ലവർ കണ്ണിലർ കണ്ണുടൈയാർ
കണ്ണോട്ടമിൻമൈയുമിൽ. ൭

സാ—ദയാവീക്ഷണ്യമില്ലാത്തവർ, കണ്ണുള്ളവരല്ല; കണ്ണുള്ളവർ ദയാവീക്ഷണ്യമില്ലാത്തവരാകുകയുമില്ല. (ദാക്ഷിണ്യമില്ലാത്തവൻ കുരുടനും ദാക്ഷിണ്യമുള്ളവൻ കണ്ണുള്ളവനുമാണെന്നു താല്പര്യം. ദയാനോട്ടത്തിനും കണ്ണിനും തമ്മിലുള്ള സംബന്ധം അഭേദ്യമാണെന്നു വിവക്ഷ തീയുണ്ടെങ്കിൽ പുകയും പുകയുണ്ടെങ്കിൽ തീയും ഉണ്ടെന്നുള്ള അനുമാനപ്രമാണം ഇവിടെ അനുസ്മരണീയമാകുന്നു.)

കരുമഞ്ചിതൈയാമർകണ്ണോടവല്ലാ-
ക്കുരിമൈയുടൈത്തിവ്വുലകു. ൮

സാ—ഈ ലോകം, കർത്തവ്യത്തെ വ്യഭിചരിക്കാത്ത ദാക്ഷിണ്യവാനായ രാജാവിനു് അവകാശപ്പെട്ടതാകുന്നു (സർവ്വത്ര ദാക്ഷിണ്യം പ്രദർശിപ്പിച്ചിരിക്കുന്ന രാജാവിന് ഈ ലോകത്തിൽ എവിടെയും സ്വാധീനശക്തിയുണ്ടായിരിക്കും. സാർവ്വത്രികമായ ദാക്ഷിണ്യത്തിൽ അപരാധിയെ ശിക്ഷിക്കാതിരിക്കുക, ശത്രുപീഡയെ തടുക്കാതിരിക്കുക മുതലായവ ഉൾപ്പെടുന്നതല്ല; എന്നാൽ ശിക്ഷയിൽ ബുദ്ധിപൂർവ്വകമായ ദാക്ഷിണ്യം കർത്തവ്യവുമാകുന്നു)

ഒറുത്താററുംപൺപിനാർകണ്ണുങ്കണ്ണോടി-
പ്പൊറുത്താററുംപൺപേതലൈ. ൯

സാ—തന്നെ ഉപദ്രവിക്കുന്നവരിലും ദാക്ഷിണ്യം പ്രദർശിപ്പിച്ച് അവരുടെ തെററിനെ ക്ഷമിക്കുന്ന സ്വഭാവം രാജാക്കന്മാർക്ക് അത്യുത്തമസ്വഭാവമാകുന്നു (ഇവിടെ 'തന്നെ' എന്നു പരാമർശിച്ചതു്, രാജശരീരത്തെ മാത്രമാകുന്നു; അതിനാൽ ആ ശരീരത്തിനു നേരിടുന്ന പീഡ ക്ഷന്തവ്യമാണ്. രാജാവിന്റെ നിലയ്ക്കു നേരിടുന്ന പരന്മാരുടെ ഉപദ്രവങ്ങൾ രാജ്യത്തെ ബാധിക്കുന്നവയാകയാൽ അവയും ക്ഷന്തവ്യങ്ങളാണെന്നു വിവക്ഷയില്ല സ്വകാര്യനിലയ്ക്കു് അനുഭവിക്കാനിടയാകുന്ന പരന്മാരുടെ ഉപദ്രവത്തെ ദാക്ഷിണ്യബുദ്ധ്യാ ക്ഷമിക്കണമെന്നു താല്പര്യം)

പെയക്കണ്ടുനഞ്ചുണ്ടമൈവർനയത്തക്ക
നാകരികംവേണ്ടുപവർ. ൧൦

സാ—അഭിലഷണീയമായ ദാക്ഷിണ്യത്തെ ഇച്ഛിക്കുന്നവർ, വിഷംകലക്കിയതു കണ്ടിട്ടും അതിനെ ഭക്ഷിച്ച് അവരോടു സ്നേഹിക്കുന്നതാണ്.

---

## അമ്പത്തൊമ്പതാം അധികാരം.

### ഒററാടൽ — ചാരസ്വീകരണം.

KARTHYAYENI PERINAD QUILON AYATHU-H

ഒററുമുറൈചാൻറ നൂലുമിവൈയിരണ്ടു-
ന്തെററെൻകമന്നവൻകൺ.

സാ—ചാരൻ, പ്രസിദ്ധമായ നീതിശാസ്ത്രം, ഇവരണ്ടിനെയും രാജാവ് തൻെറ കണ്ണുകളെപ്പോലെ കരുതേണ്ടതാകുന്നു (ചാരൻ, തൻെറ കണ്ണെത്താത്ത സ്ഥലങ്ങളിൽ ഗൂഢമായി സഞ്ചരിച്ച് അവിടവിടെ നടക്കുന്ന സംഭവങ്ങളെ അപ്പപ്പോൾ, തന്നെ അറിയിക്കുന്നതുകൊണ്ടും, നീതിശാസ്ത്രം ആ സംഭവങ്ങളിൽ തൻെറ കർത്തവ്യത്തെ ഉദ്ബോധിപ്പിക്കുന്നതുകൊണ്ടും, ചാരനെയും നീതിശാസ്ത്രത്തെയും രാജാവു കണ്ണുകളെപ്പോലെ കരുതുകയും സ്നേഹിക്കുകയും വേണമെന്നു താല്പര്യം)

എല്ലാക്കുമെല്ലാനികഴ്പവൈ യെഞ്ഞാൻറും
വല്ലറിതൽവേന്തൻറൊഴിൽ. ൧

സാ—എല്ലാവരിലും നടക്കുന്ന സംഭവങ്ങളെയെല്ലാം നാൾതോറും (ചാരമുഖേന) അറിയേണ്ടത് അരചൻെറ കർത്തവ്യമാകുന്നു. (ശത്രുക്കൾ, മിത്രങ്ങൾ, ഉദാസീനന്മാർ ഈ മൂന്നുപേരിലും സംഭവിക്കുന്ന വൃത്താന്തങ്ങളെ അന്നന്ന് ചാരന്മാർമൂലം അറിഞ്ഞിരിക്കേണ്ടതു രാജാവിൻെറ ചുമതലയാണെന്നു താല്പര്യം.)

ഒററിനാനൊററി പ്പൊരുടെരിയാ മന്നവൻ
കൊററങ്കൊളക്കിടന്തതിൽ. ൨

സാ—ചാരമുഖേന സംഭവങ്ങളെആരാഞ്ഞറിയാത്തരാജാവിനു ജയംപ്രാപിക്കാൻ മാർഗ്ഗമില്ല. (ചാരന്മാരെ അയച്ച് ശത്രുക്കളുടെ രഹസ്യങ്ങളും ഉദ്ദേശങ്ങളും ഗൂഢമായി അറിഞ്ഞ് അവയ്ക്ക് അനുസരിച്ചുവേണ്ട സജ്ജീകരണങ്ങൾ മുൻകൂട്ടിച്ചെയ്യാത്ത രാജാവിനു ജയിക്കാൻ സാധിക്കുകയില്ലെന്നു താല്പര്യം.)

വിനൈചെയ്വാർ തഞ്ചുററംവേണ്ടാതാരെൻറാ-
ങ്കനൈവരൈയുമാരാവ്വതൊററു. ൩

സാ—സ്വകൃത്യത്തെ നിർവഹിക്കുന്നവർ (ഉദാസീനന്മാർ) ബന്ധുക്കൾ, ശത്രുക്കൾ എന്നു പറയപ്പെടുന്ന സകലരെയും ആരാഞ്ഞു സംഗതികൾ ഗ്രഹിക്കുന്നവനാണ ചാരൻ. (ശത്രുക്കളെയും സഹായികളായ മിത്രങ്ങളെയും ശത്രുവും മിത്രവുമല്ലാതെ സ്വകൃത്യശ്രദ്ധാലുക്കളായ ഉദാസീനന്മാരെയും ആരാഞ്ഞറിഞ്ഞു രാജാവിനെ അറിയിക്കുന്നവനാണ ചാരൻ എന്നു താല്പര്യം.)

കടാഅ വുരുവൊടുകണ്ണഞ്ചാ തിയാണ്ടു
മുകാഅമൈ വല്ലതേയൊററു. ൪

സാ—സംശയിക്കപ്പെടാത്ത വേഷത്തോടുകൂടിയവനും എത്രകണ്ടു ഹിംസിച്ചാലും മനോനിശ്ചയത്തെ വെളിക്കുവിടാതെ ധൈര്യം പ്രദർശിപ്പിക്കുന്നവനുമാണ സമർത്ഥനായ ചാരൻ. (ഏതൊരാളിൻെറ വൃത്താന്തത്തെ ആരായുവാൻ പോകുന്നുവോ അവനാൽ സംശയിക്കപ്പെടാത്ത വേഷം ചമയുന്നതിലും ഒരുപക്ഷേ, സംശയിച്ചു പിടിച്ചു പ്രകടമായി ദണ്ഡിച്ചാലും മനസ്സിലുള്ളതിനെ-തൻെറരഹസ്യത്തെ-പുറത്തുവിടാതെ ധൈര്യം പ്രദർശിപ്പിക്കുന്നതിലും സമർത്ഥനായിട്ടുള്ളവനാണ ചാരൻ എന്നു താല്പര്യം.)

തുറന്താർ പടിവത്തരാകിയിറന്താരായ്-
ന്തെൻചെയിനുഞ്ചോർവില തൊററു. ൬

സാ—സർവ്വസംഗപരിത്യാഗിയായി, വ്രതാനുഷ്ഠാനനിരതനായി ദുഷ്പ്രാപസ്ഥാനങ്ങളിലും പ്രവേശിക്കുന്നവനായി, അറിയേണ്ടകാൎയ്യങ്ങളെ ശരിക്ക് അന്വേഷിച്ച് അറിയുന്നവനായി സംശയിച്ചുപിടിച്ചവരാൽ ദീർഘമായി പീഡിപ്പിക്കപ്പെട്ടാലും തന്റെ രഹസ്യത്തെ വെളിപ്പെടുത്താത്തവനായി യാതൊരുത്തനുണ്ടോ അവനത്രേ ചാരൻ.

മറൈന്തവൈകേട്കവററാകിയറിന്തവൈ
യൈയപ്പാടില്ലതേയൊററു. ൭

സാ—അറിയേണ്ടവയെ കേട്ടറിയാൻ സാമർത്ഥ്യമുള്ളവനായി, കേട്ടറിഞ്ഞവയിൽ സംശയമില്ലാത്തവനായിരിക്കുന്നവനാണു ചാരൻ. (തനിക്ക് അറിവാനുള്ള സംഗതികൾ ചോദിച്ച് അറിയുന്നതിലേക്ക്--ഏതൊരുവന്റെ വൃത്താന്തത്തെ അറിയണമോ അവന്റെ—ചാർച്ചക്കാരെ കണ്ടുപിടിച്ച് അവൎക്ക സംശയമുണ്ടാകാത്ത വിധത്തിൽ ചോദിച്ചറിഞ്ഞു്, അറിഞ്ഞ സംഗതികൾ തന്റെ രാജാവിനെ നിസ്സംശയം ധരിപ്പിക്കുന്നവനാണു ചാരൻ എന്നു താല്പൎയ്യം. താൻ അറിഞ്ഞ സംഗതികളിൽ തനിക്കുതന്നെ സംശയം ജനിച്ചാൽ, രാജാവിന് അതിനെ വിശ്വസിച്ചു വേണ്ടതു പ്രവൎത്തിക്കാൻ നിവൃത്തിയില്ലാത്തതിനാൽ നിസ്സംശയം ധരിപ്പിക്കണമെന്നു ഭാവം.)

ഒററൊററിത്തന്തപൊരുളൈയുമററുമോ
രൊററിനാലൊററിക്കൊളൽ. ൮

സാ—ചാരൻമുഖാന്തരം ഗൂഢമായി അറിഞ്ഞ സംഗതികളെയും മറെറാരു ചാരനാൽ അറിഞ്ഞുകൊള്ളേണ്ടതാണ്. (ഒരു ചാരൻമുഖേന അറിഞ്ഞ വിവരങ്ങൾ വീണ്ടും മറെറാരു ചാരന്മുഖേന അന്വേഷിച്ചറിഞ്ഞു വിശ്വാസം വന്നതിനുശേഷം വേണ്ടതു പ്രവൎത്തിക്കണമെന്നു താല്പൎയ്യം.)

ഒററൊററുണരാമൈ യാൾകവുടൻ മൂവർ
ചൊററൊക്ക തേറപ്പടും. ൯

സാ—ചാരൻ, ചാരനെ അറിയാത്തവിധത്തിൽ നിയമിക്കണം; അപ്രകാരം മൂന്നുചാരന്മാരിൽനിന്നും കിട്ടുന്ന വൃത്താന്തങ്ങളെ അംഗീകരിക്കണം. (മുഖ്യവിഷയങ്ങളിൽ മൂന്നുചാരന്മാരെ, അവർതമ്മിൽ അറിയാതിരിക്കത്തക്ക വിധത്തിലയച്ചു മൂന്നുപേരിൽനിന്നും കിട്ടുന്ന വിവരങ്ങൾ അറിഞ്ഞു് മൂന്നിനും തമ്മിൽ സാമ്യമുള്ളപക്ഷം, അവയെ സ്വീകരിക്കേണ്ടതാണെന്നു താല്പൎയ്യം.)

ചിറപ്പറിയവൊററിൻകട് ചെയ്യർക ചെയ്യിർ
പുറപ്പടുത്താനാകുമറൈ. ൧൦

സാ—ചാരനെ അന്യർ അറിയെ സമ്മാനിക്കാതിരിക്കേണ്ടതാണ്; സമ്മാനിച്ചാൽ രഹസ്യത്തെ വെളിപ്പെടുത്തിയവനായിഭവിക്കുന്നു. (ചാരനെ അന്യന്മാർ അറിയെ സമ്മാനിച്ചാൽ, രാജസമ്മാനത്തിനു പാത്രമായ ഒരുവൻ ആരെന്നും അവന്റെ വസ്തുസ്ഥിതികൾ എന്തെന്നും അവനു രാജസമ്മാനം ലഭിക്കാൻകാരണമെന്തെന്നും മററുള്ളവർ തിരക്കി അറിഞ്ഞു് സകലരഹസ്യങ്ങളും പരസ്യമാകുന്നതാണ്; അതിനു് ഇടയാക്കുന്നവൻ രാജാവാകയാൽ രാജാവ് അതിനെ വെളിപ്പെടുത്തിയവനായി ഭവിക്കുന്നു.)

# അറുപതാം അധികാരം.

## ഊക്കമുടമൈ—മനശ്ശക്തി.

---

ഉടൈയരെനപ്പടുവ തൂക്കമതില്ലാ-
രുടൈയ തുടൈയരോമററു. ൧

സാ - ഉള്ളവരെന്നു പറയപ്പെടുന്നവർ മനശ്ശക്തിയുള്ളവരാകുന്നു; അതില്ലാത്തവർ മററെന്തുണ്ടായിരുന്നാലും ഉള്ളവരാകുമോ? (സമ്പന്നൻ എന്നു പറയപ്പെടുന്നവൻ മനശ്ശക്തിയുള്ളവനാണ്; മനശ്ശക്തിയില്ലാത്തവനു മററുസമ്പത്തുകൾ എന്തൊക്കെയുണ്ടായിരുന്നാലും--അവയെ പാലിക്കാനുള്ള മനശ്ശക്തിയില്ലാത്തതിനാൽ—അവൻ സമ്പന്നനല്ലെന്നു താല്പര്യം.)

ഉള്ളമുടൈമൈയുടൈമൈ പൊരുളുടൈമൈ
നില്ലാതു നീങ്കിവിടും. ൨

സാ—മനശ്ശക്തിയാണു ശാശ്വതമായ സമ്പത്ത്, ധനസമ്പത്ത് നിലനില്ക്കാതെ നശിച്ചുപോകും. (ധനസമ്പത്തിനെക്കാൾ, മനശ്ശക്തി ശാശ്വതമാകയാൽ, സമ്പത്ത് എന്നു പറയേണ്ടതു മനശ്ശക്തിയെയാണെന്നുള്ള മുനഭിപ്രായത്തെ ഇവിടെ ബലപ്പെടുത്തുന്നു.)

ആക്കമിഴന്തേമെൻറല്ലവാ രൂക്ക-
മൊരുവന്തകൈത്തുടൈയാർ. ൩

സാ—ശാശ്വതമായ മനശ്ശക്തിയെ സമ്പാദിച്ചിട്ടുള്ളവർ, തങ്ങളുടെ ധനസമ്പത്തു നശിച്ചാൽ മനസ്താപിക്കയില്ല

ആക്കമതർവിനായ് ചെല്ലുമചൈവിലാ-
വൂക്ക മുടൈയാനുഴൈ. ൪

സാ--അചഞ്ചലമായ മനശ്ശക്തിയുള്ളവനിൽ ധനസമ്പത്ത്, വഴിചോദിച്ചു ചെല്ലുന്നതാണ്. (വലിയേ ചെല്ലുമെന്നു താല്പര്യം.)

വെള്ളത്തനൈയ മലർനീട്ടമാന്തർത-
മുള്ളത്തനൈയ തുയർവു. ൫

സാ—പുഷ്പങ്ങളുടെ വളർച്ച ജലത്തിൻെറ ഉയർച്ച അനുസരിച്ചിരിക്കും; രാജാവിൻെറ ഉയർച്ച മനശ്ശക്തി അനുസരിച്ചിരിക്കും. (ജലത്തിൽ നില്ക്കുന്ന താമരത്തണ്ടിൻെറ വളർച്ച ജലത്തിൻെറ ഉയർച്ചയെ അനുസരിച്ചിരിക്കുന്നതുപോലെ, രാജാവിൻെറ അഭിവൃദ്ധി മനശ്ശക്തിയെ അനുസരിച്ചിരിക്കുമെന്നു താല്പര്യം.)

ഉള്ളുവതെല്ലാമുയർവുള്ളൽ മററതു
തള്ളിനുന്തള്ളാമൈ നീർത്തു. ൬

സാ—മനസ്സിൽ വിചാരിക്കേണ്ടതു് അഭിവൃദ്ധിയെയാണ്; (കർമ്മഫലത്താൽ) സാധിക്കാതെവന്നാലും ആശിക്കേണ്ടതു് അതിനെയാകുന്നു. (കർമ്മഫലത്താൽ അഭിവൃദ്ധിയുണ്ടായില്ലെങ്കിലും മനസ്സിൻെറ ലക്ഷ്യം എല്ലായ്പോഴും അതുതന്നെയായിരിക്കണമെന്നു താല്പര്യം.)

ചിതൈവിടത്തൊൽകാരുരവോർ പുതൈയമ്പിർ
പട്ടുപ്പാടൂൻറുങ്കളിറു. ൭

സാ—അമ്പുകൊണ്ടു വ്രണപ്പെട്ടാലും ആന തന്റെ പരാക്രമത്തെ പ്രവൎത്തിപ്പിക്കും; അധഃപതനം നേരിട്ടാലും മനശ്ശക്തിയുള്ളവർ അതിനെ (മനശ്ശക്തിയെ) പ്രകാശിപ്പിക്കും. (അമ്പുതച്ചാലും ആന അടങ്ങാത്തതുപോലെ തന്റെ ധനം മുഴുവൻ നശിച്ചാലും മനശ്ശക്തിയുള്ളവർ അതിനെ—ആ മനശ്ശക്തിയെ—കൈവിടുകയില്ലെന്നു താല്പൎയ്യം.)

ഉള്ളമിലാതവരെയ്ത്താരുലകത്തു
വള്ളിയമെന്നുഞ്ചെരുക്ക. ൭

സാ—മനശ്ശക്തിയില്ലാത്ത രാജാവിനു ലോകർ, തന്നെ ദാതാവായി മതിക്കുമെന്നുള്ള വിശ്വാസമുണ്ടാകാനില്ല. (മനശ്ശക്തിയില്ലാത്ത രാജാവിനെ ലോകർ അന്നദാതാവായി കരുതുകയില്ലെന്നു ഭാവം.)

പരിയതുകൂർങ്കോട്ടതായിനുംയാനൈ
വെരുളും പുലിതാക്കുറിൻ. ൯

സാ— ആന ഭീമഗാത്രത്തോടുകൂടിയതാണ്; കൂൎത്ത കൊമ്പുകളുള്ളതുമാണ്; എന്നാൽ പുലി എതിൎത്താൽ ഭയപ്പെടും. (പുലിയെക്കാൾ വലുതായ ശരീരവും തടിച്ചുകൂൎത്ത വലിയ കൊമ്പുകളുമുള്ള ആന മനശ്ശക്തിയില്ലാത്തതിനാൽ പുലിയോടു് എതിൎക്കാൻ ഭയപ്പെടുമെന്നു താൽപൎയ്യം. അപ്രകാരം രാജാവു തന്റെ ശത്രുരാജാവിനെക്കാൾ വലുതായ സൈന്യബലവും ധനശക്തിയുമുള്ളവനായിരുന്നാലും മനശ്ശക്തിയില്ലെങ്കിൽ ശത്രുവിനെ കാണുമ്പോൾ ഭയപ്പെടുമെന്നു ഭാവം. ഭയത്തോടുകൂടി എതിൎക്കുന്നവനു തോൽമ നിശ്ചയവുമാണ്.)

ഉരമൊരുവർകുള്ള വെറുക്കൈയതില്ലാർ
മരമക്കളൊതലേവേറു. ൧൦

സാ—ഒരുവന്റെ ദൃഢമായ അറിവു മനശ്ശക്ത്യാധിക്യമാകുന്നു; അതില്ലാത്തവർ മരങ്ങളാണ്; മനുഷ്യരൂപത്തിൽ തിരിച്ചറിയപ്പെടുന്നു. (മനശ്ശക്തിയില്ലാത്തവൻ മനുഷ്യരൂപം ധരിച്ച മരമാണെന്നു താൽപൎയ്യം.)

---

## അറുപത്തൊന്നാം അധികാരം.

## മടിയിൻമൈ - മടിയില്ലായ്മ.

---

കുടിയെന്നുങ്കുൻറാവിളക്കു മടിയെന്നു-
മാച്ചൂരമായ്ന്തുകെടും. ൧

സാ—വംശമാകുന്ന അണയാവിളക്ക് അലസതയാകുന്ന അന്ധകാരത്താൽ ആവൃതമാകുമ്പോൾ നിഷ്പ്രഭമായി നിഷ്ഫലമാകുന്നു. (ഒരുവന്റെ മടി, അവന്റെ വംശത്തെ നശിപ്പിക്കുമെന്നു ഭാവം.)

മടിയൈ മടിയാവൊഴുകൽ കുടിയൈ.
ക്കുടിയാകവേണ്ടുപവർ. ൨

സാ—വംശം വംശമായിരിക്കണമെന്നു കാംക്ഷിക്കുന്നവർ, മടിയെ മടിയായിക്കണ്ടു ജീവിക്കേണ്ടതാകുന്നു. (താൻ ജനിച്ച വംശം, നിൎമ്മലമായി നിലനിൽക്കണമെന്നു് ഇച്ഛിക്കുന്നവൻ, മടിയെപ്പോലെ വലുതായ ദോഷം മടിതന്നെയാണെന്നു ബോധിച്ചു് അതിനെ വെടിഞ്ഞു ജീവിക്കണമെന്നു താല്പൎയ്യം.)

മടിമടിക്കൊണ്ടൊഴുകും പേതൈപിറന്ത
കുടിമടിയുന്തന്നിനുമുന്തു. ൩

സാ—മടി കാണിക്കപ്പെടേണ്ടതായ മടിയെ കൈക്കൊണ്ടു ജീവിക്കുന്ന അജ്ഞൻെറ വംശം, അവനിലും മുൻപു നശിക്കും. (മടികാട്ടേണ്ടതു മടിയെ സ്വീകരിക്കുന്നകാര്യത്തിലാകുന്നു; അപ്രകാരമുള്ള മടിയെ സ്വീകരിക്കുന്നവൻെറ വംശം, അവൻെറ നാശത്തിനും മുമ്പു നശിക്കുമെന്നു താല്പര്യം)

കുടിമടിന്തു കുററംപെരുകു മടിമടിന്തു
മാണ്ടവുഞററിലവർക്കു. ൪

സാ—മടിയിൽ മുഴുകി, പ്രയത്നിക്കാതിരിക്കുന്നവൻെറ വംശം നശിച്ചു് കുററങ്ങൾ വർദ്ധിക്കും. (കുററങ്ങൾ ഇതിനുപരി വെളിപ്പെടുന്നതാണു് )

നെടുനീർ മറവിമടി തുയിനാൻകു-
ങ്കെടുനീരാർ കാമക്കലൻ. ൫

സാ—മടി, അമാന്തം, മറവി, ഉറക്കം ഇവ നാലും നശിക്കാനുള്ളവർക്കു്, മോഹിച്ചുകയറാനുള്ള കപ്പലുകളാകുന്നു. (മടിയും അതിൽനിന്നുമുണ്ടാകുന്ന മററ മൂന്നുദോഷങ്ങളും നാശത്തെച്ചെയ്യുന്നവയാകുന്നു എന്നു താല്പര്യം.)

പടിയുടൈയാർ പാററമൈന്തക്കണ്ണു മടിയുടൈയാർ
മാൺപയനെയ്തലരിതു. ൬

സാ—ലോകത്തെ അടക്കിബ്ഭരിച്ച രാജാവിൻെറ ഐശ്വര്യം വലിയവന്നാലും, അതു മടിയനു വലിയ ഫലത്തെ ചെയ്യുന്നില്ല.

ഇടുപുരിന്തെള്ളുഞ്ചൊർകേട്പർമടിപുരിന്തു
മാണ്ടവുഞററിലവർ. ൭

സാ—മടിയെ ഇച്ഛിച്ചു പ്രയത്നിക്കാതിരിക്കുന്നവർ, അന്യന്മാരുടെ ഗുണദോഷങ്ങളെയും അധിക്ഷേപങ്ങളെയും കേൾക്കുകയില്ല. (മടിപൂണ്ടു പ്രവൃത്തിരഹിതന്മാരായിരിക്കുന്നവനെ അന്യന്മാർ ഗുണദോഷിച്ചാലും, ഗുണദോഷിച്ചിട്ടു കേൾക്കാഴികയാൽ അധിക്ഷേപിച്ചാലും കേൾക്കുകയില്ല; കേൾക്കാൻപോലും മടികാണിക്കുമെന്നു ഭാവം.)

മടിമൈ കുടിമൈക്കട്ടങ്കിററന്നൊന്നാ-
ക്കടിമൈ പുകുത്തിവിടും. ൮

സാ—മടി, രാജാവിങ്കൽ കുടികൊള്ളുന്നതായാൽ, ആ മടി ആ രാജാവിനെ ശത്രുക്കൾക്കു് അടിമയാക്കിച്ചെയ്യും.

കുടിയാൺമൈയുൾവന്തകുററമൊരുവൻ
മടിയാൺമൈ മാററക്കെടും. ൯

സാ—ഒരുവൻ മടിയെപ്പുലർത്തുന്ന സ്വഭാവത്തെ ഒഴിക്കുകയാണെങ്കിൽ, അവനിലും അവൻെറ വംശത്തിലുമുള്ള ദോഷങ്ങൾ അസ്തമിക്കും. (ഒരുവൻ മടിയെ വെടിയുകയാണെങ്കിൽ അവനിലും അവൻെറ വംശത്തിലും മടിയാലും ഇതരകാരണങ്ങളാലും സ്ഥിതിചെയ്യുന്ന ദോഷങ്ങൾ നശിക്കുമെന്നു താല്പര്യം.)

മടിയിലാമന്നവനെയ്തു മടിയളന്താ-
ൻററായ തെല്ലാമൊരുങ്കു. ൧൦

സാ—മടിയില്ലാത്ത രാജാവു്, എല്ലാലോകത്തെയും ച്ചുവടുകൊണ്ടു് അളന്ന ഭഗവാൻെറ ആ അളവിത്തിരി മുഴുവൻ സ്വാധീനമാക്കുന്നതാണു്.

---

## അറുപത്തിരണ്ടാം അധികാരം.

## ആൾവിനൈയുടൈമൈ—ഉത്സാഹം.

അരുമൈയുടൈത്തെൻറചാവാമൈവേണ്ടും
പെരുമൈ മുയർചിതരും. ൧

സാ—പ്രയാസമാണെന്നുകരുതി നിരുത്സാഹനാകാതിരിക്കണം; നിരന്തരമായ ഉത്സാഹം അഭിവൃദ്ധിയെ നൽകുന്നതാണ്. (പ്രയാസമാണെന്നു കരുതി നിരുത്സാഹനാകാതെ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നാൽ—പ്രയാസമാണെന്നുകരുതിയ അക്കാര്യം—നിർവ്വഹിക്കപ്പെടുന്നതാണെന്നു താല്പര്യം.)

വിനൈക്കൺവിനൈകെടലോമ്പൽവിനൈക്കുറൈ
തീർന്താരിററീർന്തൻറുലകു. ൨

സാ—കർത്തവ്യകർമ്മത്തെ ത്യജിച്ചവരെ ലോകം ത്യജിക്കുന്നു; ചെയ്യേണ്ട ജോലിയെ ചെയ്യാതിരിക്കുന്ന സ്വഭാവത്തെ ഉപേക്ഷിക്കേണ്ടതാകുന്നു. (ഏതൊരുവൻ താൻ ചെയ്തുതീർക്കേണ്ടതായിട്ടുള്ള ജോലിയെ ചെയ്യാതിരിക്കുന്നു, അവനെ ലോകം—അറിവുള്ളവർ—നിസ്സാരനെന്നുതള്ളുന്നു; അതിനാൽ മടിയെ ഉപേക്ഷിച്ചിട്ട് അവനവൻ ചെയ്തുതീർക്കേണ്ടതായ ജോലിയെ ശരിക്കു നിർവ്വഹിക്കണമെന്നു ഭാവം.)

താളാൺമൈയെന്നുന്തകൈമൈക്കട്ടങ്കിററേ
വേളാൺമൈയെന്നുഞ്ചെരുക്കു. ൩

സാ—ഉപകാരം എന്നതിൻെറ വൈശിഷ്ട്യം, ഉത്സാഹം എന്ന ഉൽകൃഷ്ടഗുണത്തിൽ സ്ഥിതിചെയ്യുന്നു. (തൊഴിലിൽ സോത്സാഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനു ധനസമൃദ്ധിയുണ്ടാകുന്നതിനാൽ, അപ്രകാരമുള്ള ഉത്സാഹശീലനു് പരന്മാക്ക് ഉപകാരം ചെയ്യാൻ സന്തോഷമുണ്ടാകുന്നതാണ്. ഉപകാരബുദ്ധി, ഉത്സാഹിയിൽത്തന്നെ സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞതിനാൽ, നിരുത്സാഹിക്ക് അതു് ഉണ്ടാവുകയില്ലെന്നു ഭാവം)

താളാൺമൈയില്ലാതാൻ വേളാൺമൈപേടികൈ
വാളാൺമൈപോലക്കെടും. ൪

സാ—ഉത്സാഹമില്ലാത്തവൻെറ ഉപകാരശീലം, ഭീരു കൈയിൽ ധരിക്കുന്ന ഖഡ്ഗംപോലെ നശിക്കുന്നു—നിഷ്പ്രയോജനമായി ഭവിക്കുന്നു. (ഭീരുവായ ഒരുവൻ ഭയത്താൽ ശത്രുസൈന്യത്തിൻെറനേക്ക് താൻ ധരിക്കുന്ന വാൾ പ്രയോഗിക്കുന്നില്ലാത്തതിനാൽ ആ വാൾ നിഷ്പ്രയോജനമായി ഭവിക്കുന്നു; അതുപോലെയാണു നിരുത്സാഹിയുടെ ഉപകാരതല്പരതയുടെ അവസ്ഥയും. അവൻെറ ദാരിദ്ര്യം ഉപകാരാഭിലാഷത്തെ നിഷ്പ്രയോജനമാക്കിച്ചെയ്യുന്നു.)

ഇൻപംവിഴൈയാൻവിനൈവിഴൈയാൻറൻകേളിർ
തുൻപന്തുടൈത്തൂൻറുന്തൂൺ. ൫

സാ—തനിക്കു സുഖത്തെ ഇച്ഛിക്കാതെ തൊഴിലിനെ ആഗ്രഹിക്കുന്നവൻ, തൻെറ സംബന്ധികളുടെ ദുഃഖത്തെ അകററി അവക്കു താങ്ങുതൂണായി ഭവിക്കുന്നതാണ്. (നിരന്തരോത്സാഹിയായവനു ബന്ധുമിത്രാദികളുടെ ദാരിദ്ര്യാദിദുഃഖങ്ങളെ ഒഴിക്കാൻ കഴിയുന്നതിനാൽ അവൻ അവക്ക് ഒരാശ്രയസ്തംഭമാണെന്നു താല്പര്യം. അപ്രകാരം ഉപകാരംചെയ്യുന്നവനു യഥാർത്ഥമായ സ്വർഗ്ഗസുഖം സിദ്ധിക്കുമെന്നുള്ളതിനാൽ, മടികൊണ്ടുള്ള കൃത്രിമസുഖത്തെ കാംക്ഷിക്കരുതെന്നു വിവക്ഷ.)

മുയർച്ചിതിരുവിനൈയാക്കുമുയററിൻമൈ
യിൻമൈപുകുത്തിവിടും. ൬

സാ—ഉത്സാഹം ഐശ്വൎയ്യത്തെ വളൎത്തും; ഉത്സാഹമില്ലായ്മ ദാരിദ്ര്യത്തെ ജനിപ്പിക്കും.

മടിയുളാൺമാമുകടിയെൻപമടിയിലാ-
ൻറാളുളാടാമരൈയിനാൾ. ൭

സാ—കെടിയ ജ്യേഷ്ഠ, മടിയിൽ കുടികൊള്ളുന്നു; ലക്ഷ്മി മടിയില്ലാത്തവൻെറ ഉത്സാഹത്തിൽ വസിക്കുന്നു എന്നു പറയപ്പെടുന്നു. (ജ്യേഷ്ഠാദേവി മടിയിലും ശ്രീദേവ ഉത്സാഹത്തിലും കുടികൊള്ളുന്നു എന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു എന്നു താല്പൎയ്യം.)

പൊറിയിൻമൈ യാൎക്കും പഴിയൻററിവറി-
ന്താൾവിനൈ യിൻമൈപഴി. ൮

സാ—(ഫലത്തെ നൽകുന്ന) വിധിയുടെ അഭാവം ആൎക്കും (ലോക) പഴിക്കു കാരണമാകുന്നില്ല; അറിയേണ്ടുവയെ അറിഞ്ഞു തൊഴിൽ ചെയ്യാതിരിക്കുകയത്രേ പഴിക്കു കാരണമാകുന്നതു്. (ഉത്സാഹശീലൻെറ യത്നം വിധിവശാൽ ഫലവത്തായില്ലെന്നു വച്ചു ലോകം അവനെ പഴിക്കുന്നില്ല; കൃത്യബോധത്തോടുകൂടി പ്രവൎത്തിക്കാത്തവനെയാണു് പഴിക്കുന്നതു്—എന്നു വിവക്ഷ.)

തെയ്വത്താനാകാ തെനിനുമുയർച്ചിതൻ
മെയ്‌വരുത്തക്കൂലിതരും. ൯

സാ—വിധിബലത്താൽ വലുതായ ഫലം സിദ്ധിച്ചില്ലെങ്കിലും, ഉത്സാഹം തൻെറ ശരീരത്തിൻെറ പ്രയത്നക്കൂലി നൽകാതിരിക്കയില്ല. (വിധി, വിപരീതമായി നിൽക്കുന്ന ഉത്സാഹിക്കു വലുതായ ഫലം സിദ്ധിക്കാതിരുന്നാലും, ശരീരത്തിൻെറ പ്രയത്നക്കൂലിയെങ്കിലും ലഭിക്കാതിരിക്കയില്ലെന്നു താല്പൎയ്യം. ഉത്സാഹം ഒരിക്കലും നിഷ്ഫലമാകയില്ലെന്നു വിവക്ഷ.)

ഊഴൈയുമുപ്പക്കങ്കാൺപ രുലൈവിൻറി-
ത്താഴാതുഞററുപവർ. ൧൦

സാ—അവിച്ഛിന്നമായ അചഞ്ചലോത്സാഹത്തോടുകൂടി പ്രവൎത്തിക്കുന്നവർ (മേല്പറഞ്ഞപ്രകാരം ഫലത്തെ നൽകാത്ത) വിധിയെ തോല്പിക്കുന്നതാണു്. (അചഞ്ചലമായ ഉത്സാഹത്തോടുകൂടി നിരന്തരം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവനു്, തനിക്കു ശത്രുവായിനിന്നു് തൻെറ പ്രവൎത്തിഫലത്തെ തടയുന്ന വിധിയെ ജയിക്കാൻ കഴിയുമെന്നു താല്പൎയ്യം. വിധിയെ ഉത്സാഹം ജയിക്കുമെന്നു വിവക്ഷ.)

## അറുപത്തിമൂന്നാം അധികാരം.

### ഇടുക്കണഴിയാമൈ—മനോനിശ്ചലത.

ഇടുക്കൺ വരുങ്കാ നകുകവതനൈ
യടുത്തൂൎവ്വതൊപ്പതിൽ. ൧

സാ—ദുൻപം നേരിടുമ്പോൾ സന്തോഷിക്കേണ്ടതാണു്; അതു ദുൻപങ്ങളോടു് നിരന്തരസമ്പൎക്കത്തിനു സമൎത്ഥനാക്കിച്ചെയ്യാൻ ശക്തിയുള്ളതു മറെറാന്നില്ല. (സോദരം

ഷം (നിരന്തരമായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവന് ഇടയ്ക്കിടയ്ക്കു പല കഷ്ടതകളും അനുഭവിക്കേണ്ടിവന്നേയ്ക്കാം; ആവക കഷ്ടതകളെ സഹിക്കുന്നതിനുള്ള സന്തോഷമനഃസ്ഥിതി വേണ്ടതാണ്; അപ്രകാരം പഴകിയവന് ആ തുൻപങ്ങൾ നിത്യപരിചയത്താൽ തുൻപമായി തോന്നുന്നതല്ല എന്നു ഭാവം.)

വെള്ളത്തനൈയ വിടുംബൈ യറിവുടൈയാ
നുള്ളത്തിനുള്ളക്കെടും. ൨

സാ—വെള്ളംപോലെ നിസ്സീമമായ തുൻപങ്ങൾ, അറിവുള്ളവൻ മനസ്സുകൊണ്ടു വിചാരിക്കുന്നമാത്രയിൽ അസ്തമിക്കും. (ദുഃഖം മനോവൃത്തിയുടെ ഒരു വകഭേദം മാത്രമാകുന്നു; ആ മനോവൃത്തിയുടെ വിരുദ്ധഭാവത്തെ അംഗീകരിക്കാൻ അറിവുള്ളവൎക്കേ സാധിക്കുകയുള്ളു; അപ്രകാരം അറിവുള്ളവൎക്കു എത്ര വലുതായ ദുഃഖത്തെയും ഇല്ലാതാക്കാൻ കഴിയുമെന്നു ഭാവം.)

ഇടുംബൈക്കിടുംബൈ പടുപ്പരിടുംബൈ-
ക്കിടുംബൈ പടാഅതവർ. ൩

സാ—ദുഃഖം നേരിടുമ്പോൾ ദുഃഖിക്കാത്തവൻ, ദുഃഖത്തിനു ദുഃഖത്തെ ഉണ്ടാക്കുന്നു. (തന്റെ പ്രവൃത്തിക്കു പ്രതിബന്ധകമായി നേരിടുന്ന ദുഃഖത്തിൽ, മുൻചൊന്ന മനഃസ്ഥിതിയെ അവലംബിച്ചു ദുഃഖത്തെ ഉൾക്കൊള്ളാതിരിക്കുന്നവൻ, ദുഃഖത്തിനു തന്റെ ഉദ്ദേശം ഫലിക്കാത്തതിനാലുള്ള പശ്ചാത്താപത്തെ ജനിപ്പിക്കുമെന്നു ഭാവം.)

മടുത്തവായെല്ലാം പകടന്നാനുററ-
വിടുക്കണിടർപ്പാടുടൈത്തു. ൪

സാ—(നേരിടുന്ന) പ്രതിബന്ധങ്ങളിലെല്ലാം, ചേററിൽ പോത്തു കലപ്പയെ എന്നപോലെ, തന്റെ തൊഴിലിനെ മുറുകെപ്പിടിച്ചു മുൻപോട്ടുകയറുന്നവനെ ബാധിക്കുന്ന ദുഃഖംതന്നെത്താൻ ദുഃഖിക്കുന്നു. (ഭാരത്തെ വഹിക്കാൻ പ്രയാസമായുള്ള ചേററുനിലത്തിൽ തൽപ്രതിബന്ധത്തെ വകവയ്ക്കാതെ കലപ്പയും വലിച്ചുകൊണ്ടു മുമ്പോട്ടുപോകുന്ന പോത്തിനെപ്പോലെ, ഒരുവൻ തന്റെ തൊഴിലിനെ നിൎവ്വഹിക്കുമ്പോൾ എന്തെല്ലാം ദുഃഖങ്ങൾ അതിരുതടസ്സങ്ങളായി തീൎന്നാലും അവയെ കൂട്ടാക്കാതെ, തന്റെ തൊഴിലിനെത്തന്നെ മുറുകെപ്പിടിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്നാൽ തൽപ്രതിബന്ധങ്ങളായ ദുഃഖങ്ങൾ സ്വയം ദുഃഖിക്കുന്നു എന്നു താല്പൎയ്യം.)

അടുക്കിവരിനു മഴിവിലാനുററ
വിടുക്കണിടുക്കട്പടും. ൫

സാ—തുടരെത്തുടരെ സംഭവിച്ചുകൊണ്ടിരുന്നാലും, ധൈൎയ്യം വിടാത്തവനെ ബാധിക്കുന്ന ദുഃഖം, സ്വയം ദുഃഖിക്കുന്നു.

അററേമെൻറല്ലർ പടുപവോ പെററേമെ
ൻറോമ്പുതററോതവർ. ൬

സാ—സമ്പൽകാലത്തു ലോഭംകാട്ടാത്തവർ, ദാരിദ്ര്യകാലത്തു ദുഃഖിക്കേണ്ടിവരുമോ? (ഒരുവന്റെ സമ്പൽകാലത്ത് അവനാൽ സഹായിക്കപ്പെട്ടവർ അവന്റെ ദരിദ്രാവസ്ഥയിൽ അവനെസ്സഹായിക്കുമെന്നു നിശ്ചയമുള്ളതിനാൽ ദുഃഖിക്കേണ്ടിവരികയില്ലെന്നു ഭാവം.)

ഇലക്കമുടമ്പിടുമ്പൈക്കെൻറുകലക്കത്തൈ
ക്കൈയാറാക്കൊള്ളാതാ മേൽ. ൭

സാ—ശരീരം ദുഃഖമാകുന്ന ആയുധത്തിന്റെ ലക്ഷ്യമാണെന്നു ബോധിക്കുന്ന അറിവുള്ളവർ മേലിൽ തങ്ങളെ ബാധിക്കുന്ന ദുഃഖത്തെ ദുഃഖമായി ഉൾക്കൊള്ളുകയില്ല.

ഇൻപം വിഴൈയാ നിട്ടുംപൈ യിയൽപെൻപാ-
ൻറുൻപ മുറുതലിലൻ. ൮

സാ—സുഖത്തെ ആഗ്രഹിക്കാതെ, ദുഃഖം സഹജമാണെന്നു ബോധിക്കുന്നവൻ ദുഃഖം അനുഭവിക്കുന്നില്ല. (ദുഃഖാനുഭൂതിയും സുഖാനുഭൂതിയും വിധിക്കു അധീനമാണെന്നു വിശ്വസിച്ചു സുഖത്തെ അഭിലഷിക്കുകയും ദുഃഖത്തെ വെറുക്കുകയും ചെയ്യാതെ രണ്ടിലും ഒരേ മനഃസ്ഥിതിയോടുകൂടിയിരിക്കുന്നവനു ദുഃഖാനുഭൂതി ഒരിക്കലും ഉണ്ടാകുന്നില്ലെന്നു ഭാവം.)

ഇൻപത്തുളിൻപം വിഴൈയാതാൻ തുൻപത്തു-
ട്ടുൻപമുറുതലിലൻ. ൯

സാ—സുഖംവരുമ്പോൾ (അതിനെ അനുഭവിച്ചുകൊണ്ടു മേലും) സുഖത്തെ ആഗ്രഹിക്കുന്നില്ലാത്തവൻ, ദുഃഖം വരുമ്പോൾ, (മനസാ) ദുഃഖത്തെ അനുഭവിക്കുന്നില്ല. (സുഖത്തിൽ സന്തോഷിക്കാത്തവൻ ദുഃഖത്തിൽ സന്തപിക്കുന്നില്ലെന്നു താല്പൎയ്യം. സുഖത്തിൽ സുഖിക്കാത്തവൻ ദുഃഖത്തിൽ ദുഃഖിക്കയില്ലെന്നു ഭാവം)

ഇന്നാമൈ യിൻപ മെനക്കൊളി നാകുന്ത-
ന്നൊന്നാർ വിഴൈയുഞ്ചിറപ്പു. ൧൦

സാ—ദുഃഖത്തെ സുഖമായി കരുതുന്നവൻ, തന്റെ ശത്രുക്കളാൽ ബഹുമാനിക്കപ്പെടുന്ന അഭിവൃദ്ധിയെ പ്രാപിക്കും. (സ്വകൃത്യനിൎവഹണത്തിൽ തന്റെ ശത്രുക്കളിൽനിന്നു നേരിടുന്ന ദുഃഖങ്ങളെ സുഖങ്ങളായി കരുതുന്നവൻ ആ ശത്രുക്കളാൽ ബഹുമാനിക്കപ്പെടുന്ന അഭിലഷണീയമായ ഉന്നതിയെ പ്രാപിക്കുമെന്നു താല്പൎയ്യം. തന്റെ ജോലിക്കു തടസ്സമായി നേരിടുന്ന ദുഃഖത്തെ ദുഃഖമായി കരുതാതിരുന്നാൽ ആ ജോലി നിൎവിഘ്നം നിൎവഹിക്കപ്പെട്ടു ഉദ്ദിഷ്ടഫലത്തെ പ്രാപിച്ചു അതുവഴി അഭിവൃദ്ധിപദത്തിൽ എത്തുന്നതാണെന്നു വിവക്ഷ)

അൎത്ഥപദ്ധതിയിൽ രാജത്വംകഴിഞ്ഞു.

---

## രാജാംഗം.

---

## അറുപത്തിനാലാമധികാരം.

### അമൈച്ചു—മന്ത്രിത്വം.

---

കരുവിയുങ്കാലമുഞ്ചെയ്കൈയുഞ്ചെയ്യു-
മരുവിനൈയുമാണ്ടതമൈച്ചു. ൧

സാ—സാധനം, കാലം, ഉപായം, കൎമ്മം എന്നിവയെക്കുറിച്ചു സൂക്ഷ്മമായി ചിന്തിക്കാൻ പ്രാപ്തിയുള്ളവനാണു മന്ത്രി. (തന്റെ കൎമ്മനിൎവഹണത്തിനു യോജിച്ച സാധനങ്ങളെയും കാലത്തെയും ഉപായത്തെയും തൽകൎമ്മത്തെയും പററി ചിന്തിച്ചുതീൎച്ചപ്പെടുത്താൻതക്ക ബുദ്ധിയും ശാസ്ത്രജ്ഞാനവും തന്റേടവുമുള്ളവനത്രേ ഉത്തമനായ മന്ത്രി എന്നു താല്പൎയ്യം.)

വൻകൺ കുടികാത്തൽ കററ റിതലാൾവിനൈയോ-
ടൈന്തുടൻ മാണ്ടതമൈച്ചു. ൨

സാ—ശമശ്രുതത്വം, കുടികളെ സംരക്ഷിക്കൽ, ശാസ്ത്രജ്ഞാനം, അറിവ്, ഉത്സാഹം ഇവ അഞ്ചിനോടു വിവേചനശക്തിയുമുള്ളവൻ യഥാർത്ഥമന്ത്രിയാകുന്നു.

പിരിത്തലുംപേണിക്കൊളലുംപിരിന്താർ-
പ്പൊരുത്തലുംവല്ല തമൈച്ചു. ൩

സാ—(തന്നോടു സംബന്ധമുള്ളവരിൽ, ശത്രുപക്ഷത്തോട് ആനുകൂല്യമുള്ളവരെ അറിഞ്ഞ് അവരെ) പിരിച്ചയയ്ക്കാനും (അവരിൽ യോഗ്യന്മാരെ അറിഞ്ഞ്) ബഹുമാനിക്കാനും പിരിച്ചയയ്ക്കപ്പെട്ടവരെ (യോഗ്യന്മാരായി എന്നു കണ്ടാൽ) പുനസ്സ്വീകരിക്കാനും സാമർത്ഥ്യമുള്ളവൻ യഥാർത്ഥമന്ത്രിയാകുന്നു.

തെരിതലുന്തേർന്തു ചെയലുമൊരുതലൈയാ-
ച്ചൊല്ലലും വല്ലതമൈച്ചു. ൪

സാ—ആരാഞ്ഞ് അറിയുകയും ആരാഞ്ഞു ചെയ്യുകയും വിശ്വസിക്കത്തക്കവണ്ണം പറയുകയും ചെയ്‌വാൻ സാമർത്ഥ്യമുള്ളവനാണു മന്ത്രി. (കാര്യാകാര്യങ്ങളെ വിവേചിച്ചറിയുന്നതിനും കൃത്യത്തെ അറിഞ്ഞു ചെയ്യുന്നതിനും ശ്രോതാവിനു വിശ്വാസം ജനിക്കുമാറു പറയുന്നതിനും സാമർത്ഥ്യമുള്ളവനാണു യഥാർത്ഥമന്ത്രി എന്നു താല്പര്യം.)

അറനറിന്താൻറമൈന്ത ചൊല്ലാനെഞ്ഞാൻറു-
ന്തിറനറിന്താൻറേർച്ചിത്തുണൈ. ൫

സാ—ധർമ്മത്തെ അറിഞ്ഞു ജ്ഞാനഗർഭമായ വാക്കുകളോടുകൂടിയവനായി എല്ലാക്കാലങ്ങളിലും കർമ്മത്തെ അറിഞ്ഞവനായിരിക്കുന്നവൻ ആലോചനയ്ക്കു സഹായിയായിരിക്കും. (സ്വധർമ്മത്തെ അറിഞ്ഞവനും ജ്ഞാനഗർഭമായ വാക്കുകളോടുകൂടിയവനും കാലാകാലകർമ്മജ്ഞനുമായവൻ മന്ത്രാലോചനയ്ക്കു സഹായിയാണെന്നു താല്പര്യം.)

മതിനുട്പമുലോടുടൈയാർ ക്കതിനുട്പം
യാവുളമുന്നിർപവൈ. ൬

സാ—ബുദ്ധിക്രമത ശാസ്ത്രജ്ഞാനത്തോടു സമ്മേളിച്ചുള്ളവനു അതിസൂക്ഷ്മമായിട്ടു മുമ്പിൽ നിൽക്കാനെന്തുണ്ട്? (ബുദ്ധിക്രമതയും ശാസ്ത്രജ്ഞാനവും ഉള്ള മന്ത്രിയുടെ മുമ്പിൽ നിൽക്കാൻ അതിസൂക്ഷ്മമായിട്ടുള്ളതു യാതൊന്നുമില്ലെന്നു താല്പര്യം. അയാളുടെ ബുദ്ധിക്കും ആലോചനയ്ക്കും അടങ്ങാത്തതായി യാതൊന്നുമില്ല.)

ചെയർകൈ യറിന്തക്കടൈത്തു മുലക-
ത്തിയർകൈ യറിന്തുചെയൽ. ൭

സാ—കർത്തവ്യത്തെ-ശാസ്ത്രങ്ങളിൽനിന്ന്-അറിഞ്ഞിട്ടുള്ളവനായാലും, ലോകസ്വഭാവം അറിഞ്ഞു പ്രവർത്തിക്കണം. (ശാസ്ത്രരീത്യാ പ്രവർത്തിക്കുന്നതായാലും, ആ പ്രവൃത്തി ലോകസ്വഭാവത്തോടു യോജിക്കാതിരുന്നാൽ ഫലം അനാശാസ്യമായിരിക്കുമെന്നു വിവക്ഷ. ലോകസ്വഭാവത്തിനു അനുസരിച്ചു പ്രവർത്തിക്കേണ്ടതു മന്ത്രിയുടെ കടമയാകുന്നു.)

അറികൊൻ ററിയാ നെനിനു മുറുതി
യുഴൈയിരുന്താൻ കൂറൽകടൻ. ൮

സാ—അറിവില്ലാത്തവനും അറിഞ്ഞുപറയുന്നവരുടെ അറിവിനെ കെടുത്തുന്നവനുമായ രാജാവിനു സദുപദേശം ചെയ്യേണ്ടതു മന്ത്രിയുടെ കടമയാകുന്നു. (അറിവില്ലാത്തവനും അറിവുള്ളവരുടെ വാക്കിനെ തട്ടുന്നവനുമായ രാജാവിനെ നിർബന്ധിച്ച് ഉപദേശിക്കേണ്ടതു മന്ത്രിയുടെ കർത്തവ്യമാണെന്നു താല്പര്യം.)

പഴുതെണ്ണുമന്തിരിയിർപക്കത്തുട്ടെവ്വോ-
രെഴുപതുകോടിയുറും. ൯

സാ—സമീപത്തിലിരുന്നു ദ്രോഹംചെയ്വാൻ വിചാരിക്കുന്ന മന്ത്രി, എതിരിടുന്ന എഴുപതുകോടിശത്രുക്കളിലും കൊടിയവനാകുന്നു. (ശത്രുക്കൾ സംഖ്യാതീതന്മാരായിരുന്നാലും അവർ ശത്രുഭാവത്തിൽ എതിരിടുന്നതിനാൽ, രാജാവിനു സ്വരക്ഷയെ കരുതാൻ കഴിയുന്നു. ബന്ധുഭാവത്തിൽ പെരുമാറുന്ന മന്ത്രിയുടെ ദ്രോഹപ്രവൃത്തിയിൽനിന്നും, കാലേക്കൂട്ടി രക്ഷതേടാൻ കഴിയാത്തതിനാൽ ദ്രോഹബുദ്ധിയുള്ള മന്ത്രി കോടാനുകോടി ശത്രുക്കളെക്കാൾ കൊടിയവനാണെന്നു താല്പൎയ്യം.)

മുറൈപ്പടച്ചൂഴ്ന്തുമുടിവിലവേചെയ്വർ
തിറപ്പാടിലഅതവർ. ൧൦

സാ—പ്രവൃത്തിസാമൎത്ഥ്യം ഇല്ലാത്തവർ, (അതിനെക്കുറിച്ചു മുൻകൂട്ടി) ആലോചിച്ചുറച്ചിരുന്നാലും അവസാനംകാണാതെ പ്രവൎത്തിക്കേയുള്ളുവരും (പ്രവൃത്തിസാമൎത്ഥ്യമില്ലാത്തവൻ, സാദ്ധ്യമാൎഗ്ഗം ആലോചിച്ചു തീൎച്ചപ്പെടുത്തിയിരുന്നാലും സാദ്ധ്യകോടിയിൽ എത്തുകയില്ലെന്നു താല്പൎയ്യം.)

---

## അറുപത്തഞ്ചാം അധികാരം.

### ചൊൽവന്മൈ—വാക്സാമൎത്ഥ്യം.

---

നാനലമെന്നു നലനുടമൈ യന്നലം
യാനലത്തുള്ളതൂഉമന്റു. ൧

സാ—രസനാഗുണം എന്നുപറയപ്പെടുന്ന ഉൽകൃഷ്ടഗുണം ഉണ്ടായിരിക്കേണ്ടതാകുന്നു; ആ ഗുണം അന്യഗുണങ്ങളിൽനിന്നു മികച്ചതാകുന്നു. (എല്ലാഗുണങ്ങളിലുംവെച്ചു ഉൽകൃഷ്ടമായിട്ടുള്ള നാവിൻഗുണം മന്ത്രിമാൎക്കു അവശ്യം വേണ്ടതാണെന്നു താല്പൎയ്യം.)

ആക്കമുങ്കേടുമതനാൽവരുതലാർ.
കാത്തോമ്പൽ ചൊല്ലിൻകട്ചോർവു. ൨

സാ—വാക്കിൽ ന്യൂനത സംഭവിക്കാതെ സൂക്ഷിക്കേണ്ടതാകുന്നു; ഐശ്വൎയ്യവും നാശവും വാക്കിനാൽ സംഭവിക്കുന്നതാണ്. (രാജാവിനും രാജാംഗങ്ങൾക്കും ഐശ്വൎയ്യവും നാശവും മന്ത്രിയുടെ വാക്കിനാൽ സംഭവിക്കാനിടയുള്ളതുകൊണ്ടു വാക്, ദോഷം വരാതെ സൂക്ഷിക്കേണ്ടതു മന്ത്രിയുടെ കടമയാകുന്നു. മന്ത്രിക്കു വാഗ്ഗുണം ആവശ്യമാണെന്നുള്ള മുന്നഭിപ്രായത്തെ ഇവിടെ ബലപ്പെടുത്തുന്നു.)

കേട്ടാർപ്പിണിക്കുന്തകൈയവായ്കേളാരും
വേട്പമൊഴിവതാഞ്ചൊൽ. ൩

സാ—തന്നെ സംബന്ധിച്ചു നിൽക്കുന്ന മിത്രങ്ങൾ വേർപെടാതെ ചേർന്നിരിക്കത്തക്കവണ്ണവും അകന്നുനിൽക്കുന്ന ശത്രുക്കൾ മിത്രങ്ങളായി അടുക്കത്തക്കവണ്ണവും പറയപ്പെടുന്നതത്രേ വാക്. (മിത്രങ്ങൾ ശത്രുക്കളാകാതിരിക്കാനും ശത്രുക്കൾ മിത്രങ്ങളാകാനും പറയപ്പെടുന്ന വാക്കത്രേ യഥാൎത്ഥമായ വാക്.)

തിറനറിന്തുചൊല്ലുകചൊല്ലൈയറനും
പൊരുളുമതനിനൂഉങ്കിൽ. ൪

സാ—വാക്കിനെ (കേൾക്കുന്നവരുടെയും തന്റെയും) സ്ഥിതി അറിഞ്ഞു പറയേണ്ടതാകുന്നു; അതിനെക്കാൾ വലുതായ ധർമ്മവും ഐശ്വര്യവുമില്ലതന്നെ. (മന്ത്രികൾ, തന്റെയും താൻ ആരോടു പറയുന്നുവൊ അവരുടെയും, കുലീനത, വിദ്യാഭ്യാസയോഗ്യത, ധനസ്ഥിതി, പ്രായം എന്നിവ അറിഞ്ഞ് അതനുസരിച്ചു സംസാരിക്കേണ്ടതാകുന്നു; അതിനെക്കാൾ വലുതായ ധർമ്മവും ഐശ്വര്യവും ഇല്ല.)

ചൊല്ലുകചൊല്ലൈപ്പിറിതോർചൊലച്ചൊല്ലൈ
വെല്ലുഞ്ചൊലിന്മൈയറിന്തു. ൫

സാ—വാക്കിനെ ജയിക്കാനുള്ള വാക്ക് എതിരാളിക്ക് ഇല്ലാതിരിക്കുമാറ്, അപ്രകാരമുള്ള വാക്ക് ഓർത്തു ചൊല്ലേണ്ടതാകുന്നു. (തന്റെ വാക്കിനെ ജയിക്കാനുള്ള വാക്ക് അന്യന്മാർക്ക് ഉണ്ടാകാതിരിക്കത്തക്കവണ്ണം ഉചിതമായ വാക്കിനെ ഓർത്തു സംസാരിക്കേണ്ടതു മന്ത്രിയുടെ കടമയാകുന്നു.)

വേട്പത്താഞ്ചൊല്ലിപ്പിറർചൊർപയൻകോടാൻ
മാട്ചിയിൻ മാചററാർകോൾ. ൬

സാ—കേൾക്കാൻ ഇഛയുള്ള വാക്കുകളെ താൻ പറഞ്ഞ് അന്യന്മാരുടെ വാക്കുകളുടെ ഫലത്തെ അറിയുന്നതു ദോഷരഹിതന്മാരായ മന്ത്രികളുടെ മുഖ്യലക്ഷണമാകുന്നു. (ശ്രവണമധുരമായി സംസാരിക്കുകയും അന്യന്മാരുടെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുകയും ചെയ്യുന്നതു ഉത്തമനായ മന്ത്രിയുടെ ലക്ഷണമാകുന്നു. അന്യന്മാർ സംസാരിക്കാൻ സമ്മതിക്കാതെ പരുഷവാക്കുകളാൽ തടയുന്നവൻ ദുർമ്മന്ത്രിയാണെന്നു വിവക്ഷ.)

ചൊലൽവല്ലൻചോർവിലനഞ്ചാനവനൈ
യികൽവെല്ലൽയാർക്കുമരിതു. ൭

സാ—വാക്കിൽ സാമർത്ഥ്യമുള്ളവനായി കാര്യത്തിൽ തളർച്ചയില്ലാത്തവനായി അഭീരുവായിരിക്കുന്നവൻ യാവനൊരുത്തനൊ അവനെ സ്ഥിതിഭ്രംശപ്പെടുത്തി ജയിക്കാൻ ആർക്കും സാധിക്കുന്നതല്ല. (വാഗ്മിയും കർമ്മശൂരനും അഭീരുവുമായ മന്ത്രിയെ ജയിക്കാനും ആ മന്ത്രിയുടെ സ്ഥിതിഗതികൾക്കു മാററം വരുത്താനും എതിരാളിക്കും സാധിക്കുന്നതല്ല.)

വിരൈന്തുതൊഴിൽകേട്കുഞാലനിരന്തിനിതു
ചൊല്ലുതൽ വല്ലാർപ്പെറിൻ. ൮

സാ—പറയാനുള്ള സംഗതികളെ മനസാ സജ്ജീകരിച്ചു മധുരമായി പറയാൻ സാമർത്ഥ്യമുള്ളവനെ ലഭിച്ചാൽ ലോകം സ്വീകരിക്കുന്നതാണ്. (ഇന്നതു പറയേണമെന്ന് ആലോചിച്ചു പറയേണ്ട ക്രമത്തിന് മനസ്സുകൊണ്ടു ഒരു ആസൂത്രണം തയ്യാറാക്കി അവയെ മധുരമായി പറഞ്ഞു ഫലിപ്പിക്കാൻ സാമർത്ഥ്യമുള്ളവൻ ഉണ്ടായിരുന്നാൽ അവനെയും അവന്റെ വാക്കുകളെയും ലോകം സ്വീകരിക്കുമെന്നു താല്പര്യം.)

പലചൊല്ലക്കാമുറുവർമൻറമാചററ
ചിലചൊല്ലറേററാതവർ. ൯

സാ—നിർദ്ദോഷമായ ചുരുങ്ങിയ വാക്കുകൾ കിട്ടാത്തവർ വളരെപ്പറയാൻ ആഗ്രഹിക്കുന്നതാണ്. (കാര്യമടക്കി അല്പം പറവാൻ അറിഞ്ഞുകൂടാത്തവർ കാര്യമില്ലാത്ത വളരെ വാക്കുകൾ പറവാനാഗ്രഹിക്കുമെന്നു താല്പര്യം.)

ഇണരൂഴ്ത്തും നാറാ മലരനൈയർകററ
തുണരവിരിത്തുരൈയാതാർ. ൧൦

സാ—പഠിച്ചതിനെ, അന്യന്മാൎക്ക മനസ്സിലാകത്തക്കവണ്ണം വ്യക്തമായിപറവാൻ അറിഞ്ഞുകൂടാത്തവർ, ഞെട്ടിൽ നിന്നിട്ടും മണമില്ലാത്ത പുഷ്പത്തോട് ഉപമിക്കപ്പെടാവുന്നവരാണ്. (പണ്ഡിതനായിരുന്നിട്ടും ഉദ്ബോധനസാമൎത്ഥ്യമില്ലാത്തതിനാൽ അവൻെറ പാണ്ഡിത്യം പരന്മാൎക്ക പ്രയോജനീഭവിക്കുന്നില്ല; മനോഹരമായ പുഷ്പം വികസിച്ചു ഞെട്ടൽനിന്നിട്ടും സൗഗന്ധത്തെ നൽകാൻ കഴിയാത്തതിനാൽ അതു് അന്യന്മാൎക്ക പ്രയോജനീഭവിക്കുന്നില്ല.)

---

## അറുപത്താറാം അധികാരം.

## വിനൈത്തൂയ്മൈ—കൎമ്മശുദ്ധി.

---

തുണൈനലമാക്കന്തരൂഉംവിനൈനലം
വേണ്ടിയവെല്ലാന്തരും. ൧

സാ—സഹായഗുണം ഐശ്വൎയ്യത്തെമാത്രം നൽകുന്നു; കൎമ്മഗുണം ഇച്ഛിക്കപ്പെടുന്ന സകലത്തെയും നൽകുന്നു. (സഹായഗുണം ഐഹികമായ ഐശ്വൎയ്യത്തെ മാത്രവും കൎമ്മഗുണം ഐഹികപാരത്രികങ്ങളായ സകല അഭീഷ്ടങ്ങളെയും നൽകുമെന്നു താല്പൎയ്യം.)

എൻറുമൊരുവുതൽവേണ്ടുംപുകഴൊടു
നൻറിപയവാവിനൈ. ൨

സാ—യശസ്സിനെയും ധൎമ്മത്തെയും നൽകാത്ത കൎമ്മത്തെ എന്നും ത്യജിക്കേണ്ടതാകുന്നു. (തൻെറ രാജാവിനു് ഈ ലോകത്തിലേക്ക യശസ്സും പരലോകത്തിലേക്ക ധൎമ്മവും നൽകാത്ത കൎമ്മങ്ങളെ മന്ത്രിമാർ എന്നും ത്യജിക്കേണ്ടതാണെന്നു താല്പൎയ്യം.)

ഓഒതൽവേണ്ടുമൊളിമാഴ്കുഞ്ചെയ്വിനൈ
യാഅതുമെന്നുമവർ. ൩

സാ—ഉന്നതിയെ പ്രാപിക്കണമെന്നു് അഭിലഷിക്കുന്നവർ, കീൎത്തിയെ കെടുത്തുന്ന കൎമ്മങ്ങളെ ത്യജിക്കേണ്ടതാകുന്നു. (അഭിവൃദ്ധിയെ ഇച്ഛിക്കുന്ന മന്ത്രി, അയശസ്സിനു കാരണമായിട്ടുള്ള കൎമ്മങ്ങളെ കൈവിടണമെന്നു താല്പൎയ്യം.)

ഇടുക്കട്പടിനുമിളിവന്തചെയ്യാർ
നടുക്കററകാട്ചിയവർ. ൪

സാ—സ്ഥിരപ്രജ്ഞനായിട്ടുള്ളവൻ പീഡിതനായി ഭവിച്ചാലും നീചകൎമ്മങ്ങൾ ചെയ്യുന്നതല്ല. (ദാരിദ്ര്യത്താലോ പരപീഡയാലോ ദുഃഖം നേരിടുന്നതായാലും, തന്മൂലം മനസ്സിനു ക്ഷോഭം നേരിടാത്ത സ്ഥിരപ്രജ്ഞൻ, ആ ചെറിയ ദുഃഖത്തെ പരിഹരിക്കുന്നതിനായി ദീൎഘദുഃഖത്തിനു കാരണമായ നീചകൎമ്മങ്ങളെ ചെയ്വാൻ ഒരിക്കലും ഇച്ഛിക്കുന്നില്ലെന്നു ഭാവം.)

എററെൻറിരങ്കുവചെയ്യർകചെയ്വാനേൻ
മററന്നചെയ്യാമൈനൻറു. ൫

സാ—ഒരുവൻ ഞാൻ എന്താണു ചെയ്തുപോയതെന്നു് ഒടുവിൽ പശ്ചാത്തപിക്കത്തക്ക കൃത്യങ്ങളെ ചെയ്യാതിരിക്കേണ്ടതാകുന്നു; അഥവാ അറിവില്ലാതെ ഒരിക്കൽ ചെയ്തുപോയാലും വീണ്ടും അതിനെ ചെയ്യാതിരിക്കുകയാണു നന്നു്. (പശ്ചാത്താപത്തെ ജനിപ്പിക്കുന്ന അബദ്ധകൎമ്മങ്ങൾ ചെയ്യാതിരിക്കേണ്ടതും, ഒരുപക്ഷെ അറിവില്ലാതെ ചെയ്തുപോയാൽ, അതിൻെറ ദോഷഫലത്തെ അറിഞ്ഞു മേൽ അപ്രകാരമുള്ള കൃത്യം ചെ

യ്യാതിരിക്കത്തക്കവണ്ണം സൂക്ഷിക്കേണ്ടതുമാണെന്നു താല്പര്യം. അബദ്ധം ആക്കും ഒരു പ്രാവശ്യം നേരിട്ടേയ്ക്കാമെന്നുള്ളതിനാൽ ആദ്യത്തെ തെററു ക്ഷന്തവ്യമല്ലെന്നു വരുന്നതല്ല. ചെയ്ത തെററു വീണ്ടും ചെയ്യുന്നതായാൽ അതു ക്ഷന്തവ്യവുമല്ല )

ഈൻറാൾപചികാൺപാനായിനുംചെയ്യർക
ചാൻേറാർപഴിക്കുംവിനൈ. ൬

സാ—മാതാവിൻെറ വിശപ്പിനെ കാണേണ്ടവനായി ഭവിച്ചാലും, സജ്ജനങ്ങളാൽ നിന്ദിക്കപ്പെട്ട കർമ്മങ്ങളെ ചെയ്തുകൂടാത്തതാകുന്നു. (ദരിദ്രനായ ഒരുവൻ, തൻെറ മാതാവിൻെറ ദുസ്സഹമായ വിശപ്പിനെ കാണേണ്ടവനായി ഭവിച്ചാലും, ആ വിശപ്പിനെ പരിഹരിക്കാനായിട്ടുപോലും, നിന്ദ്യമായകർമ്മങ്ങളെ ചെയ്തുകൂടാത്തതാണെന്നുതാല്പര്യം.)

പഴമലൈന്തെയ്തിയവാക്കത്തിർചാൻേറാർ
കഴിനൽകുരവേതലൈ. ൭

സാ—പാപത്തെ സമ്പാദിച്ചുള്ള ഐശ്വര്യത്തെക്കാൾ, അറിവുള്ളവർ അനുഭവിക്കുന്ന കഠിനദാരിദ്ര്യം ശ്രേഷ്ഠമാകുന്നു. (പാപകൃത്യങ്ങൾ ചെയ്ത് അതുവഴി സമ്പാദിക്കുന്ന ദുർജ്ജനത്തിൻെറ ധനൈശ്വര്യത്തെക്കാൾ, അപ്രകാരമുള്ള പ്രവൃത്തികളിൽ വിമുഖതയോടുകൂടിയ സജ്ജനത്തിൻെറ ദാരിദ്ര്യം ഉൽകൃഷ്ടമാണെന്നു താല്പര്യം. അനശ്വരമായ പാപത്തെ, നശ്വരമായ ഐശ്വര്യത്തിനുവേണ്ടി, ചെയ്യുന്നവൻ അധമനാണെന്നു വിവക്ഷ )

കടിന്തകടിന്തൊരാർചെയ്താർക്കവൈതാ
മുടിന്താലും പീഴൈതരും. ൮

സാ—ശാസ്ത്രത്താൽ വിലക്കപ്പെട്ട കർമ്മങ്ങളെ, താനും ഉപേക്ഷിക്കാതെ, ചെയ്യുന്നവക്ക്, ഒരുപ്രകാരത്തിൽ ചെയ്വാൻ കഴിഞ്ഞാലും, അതു ദുഃഖത്തെ നൽകുന്നതാണ്. (ശാസ്ത്രനിഷിദ്ധമായ കർമ്മങ്ങളെ ചെയ്യുന്ന മന്ത്രിക്ക വല്ലപ്രകാരം അതു ചെയ്വാൻ കഴിഞ്ഞാലും, അതു ഭാവിദുഃഖത്തിനു കാരണമായി ഭവിക്കുന്നു. ആ പ്രവൃത്തിയുടെ ഫലം ഭാവിദുഃഖമാണെന്നു താല്പര്യം.)

അഴക്കൊണ്ടവെല്ലാ മഴപ്പോമിഴപ്പിനും
പിർപയക്കു നർപാലവൈ. ൯

സാ—കരയിച്ചു സമ്പാദിക്കുന്ന ധനം, സമ്പാദിച്ചവനെ കരയിച്ചു നശിപ്പിക്കും; സന്മാർഗ്ഗത്തിൽ സമ്പാദിക്കുന്ന ധനം നശിച്ചാലും ഒടുവിൽ അതിൻെറ ഫലം ലഭിക്കാതിരിക്കയില്ല. (ചെയ്തുകൂടാത്തതിനെ ചെയ്ത് അന്യന്മാരെ പീഡിപ്പിച്ചു സമ്പാദിക്കുന്ന ധനം തൽകർത്താവിനെ പീഡിപ്പിച്ചുംകൊണ്ടു കഴിയും; സൽകർമ്മങ്ങളാൽ സമ്പാദിക്കുന്ന ധനമാകട്ടെ ക്ഷയിച്ചുപോയാലും ആ സൽകർമ്മങ്ങളാൽ സമ്പാദിക്കപ്പെട്ട ധർമ്മത്തിൻെറ ഫലം ഈ ജന്മത്തിലും ജന്മാന്തരത്തിലും അനുഭവിക്കാനിടയാകുമെന്നു താല്പര്യം.)

ചലത്താർ പൊരുൾ ചെയ്തേമാർത്തൽപചുമട്
കലത്തുണീർ പെയ്തിരീഇ യററു. ൧൦

സാ—ദുഷ്കർമ്മത്താൽ ധനം സമ്പാദിച്ചു രക്ഷിക്കുന്നത്, പച്ചമൺകലത്തിൽ വെള്ളംപകൎന്നുവച്ചു സൂക്ഷിക്കുന്നതുപോലെയാണ്. (മന്ത്രി, ദുഷ്കർമ്മത്താൽ സമ്പാദിക്കപ്പെട്ട ധനംകൊണ്ടു രാജാവിനെയും രാജ്യത്തെയും സൂക്ഷിക്കുന്നതു പച്ചമൺകലത്തിൽജലംപകൎന്നു വച്ചു സൂക്ഷിക്കുന്നതുപോലെയാകുന്നു. ജലത്തിൻെറ അരക്ഷിതാവസ്ഥയായിരിക്കും രാജാവിൻെറയും അവസ്ഥയെന്നു വിവക്ഷ.)

---

# അറുപത്തേഴാം അധികാരം.

## വിനൈത്തിട്പം—പ്രവൃത്തിശക്തി.

---

വിനൈത്തിട്പമെൻപതൊരുവൻമനത്തിട്പ
മറ്റൈയവെല്ലാംപിറ. ൧

സാ—പ്രവൃത്തിശക്തിയെന്നു പറയപ്പെട്ടതു് ഒരുവന്റെ (പ്രവർത്തിക്കുന്നവന്റെ) മനശ്ശക്തിയാകുന്നു; മററുള്ള ശക്തികളെല്ലാം (അതിനെസ്സംബന്ധിച്ചിടത്തോളം) ശക്തികളാണെന്നു പറവാൻ പാടില്ല. (പ്രവൃത്തിക്കു വേണ്ടതു മനശ്ശക്തി മാത്രമാകുന്നു; മനശ്ശക്തിയില്ലാത്ത മന്ത്രിക്കു സൈന്യശക്തി ഭണ്ഡാരശക്തി മുതലായ സകലശക്തികളുമുണ്ടായിരുന്നാലും അവന്റെ പ്രവൃത്തി ഉദ്ദിഷ്ടഫലത്തെ പ്രാപിക്കുകയില്ലെന്നു വിവക്ഷ)

ഊറൊരാലുററപിനൊൽകാമൈയിവ്വിരണ്ടി-
നാറെൻപരായ്ന്തവർകോൾ. ൨

സാ—ശാസ്ത്രജ്ഞന്മാരായ മന്ത്രികളുടെ നിശ്ചയം, നിഷ്ഫലങ്ങളായ കർമ്മങ്ങളെ ചെയ്യാതിരിക്കയും ചെയ്ത കർമ്മം നിഷ്ഫലമായാൽ പശ്ചാത്തപിക്കാതിരിക്കയുമാകുന്നു. (നിഷ്ഫലങ്ങളായ പ്രവൃത്തികളെ ചെയ്യാതിരിക്കയും ചെയ്ത പ്രവൃത്തി ഒരുപക്ഷേ, നിഷ്ഫലമായി ഭവിച്ചാൽ അതിനെക്കുറിച്ചു പിന്നീടു പശ്ചാത്തപിക്കാതിരിക്കയുമാകുന്നു ശാസ്ത്രജ്ഞന്മാരായ മന്ത്രിമാരുടെ നിശ്ചയമെന്നു താല്പര്യം)

കടൈക്കൊട്കച്ചെയ്തക്കതാൺമൈയിടൈക്കൊട്കി-
നെററാവിഴുമന്തരും. ൩

സാ—അവസാനത്തിൽ പരസ്യമായി പ്രവർത്തിക്കുന്നതാണു പൌരുഷം; ഇടയ്ക്കുവച്ചു പരസ്യമായാൽ, അപരിഹാരണീയമായ ദുഃഖം നേരിടും. (ഏതൊരു സംരംഭവും ആരംഭംമുതൽ ഗോപ്യമായി വച്ചിരുന്നു് അവസാനത്തിൽ പരസ്യമായി പ്രവർത്തിക്കേണ്ടതാകുന്നു; യുദ്ധസംരംഭമാണെങ്കിൽ ഉദ്യോഗാരംഭംമുതൽ സൈന്യത്തെ സജ്ജീകരിക്ക മുതലായ സംഗതികളും അതു സംബന്ധമായ ആലോചനകളുംമററും രഹസ്യമായി നിർവ്വഹിക്കയും ആവക ഒരുക്കങ്ങൾക്കുശേഷം പരസ്യമായി ശത്രുവിനെ ആക്രമിക്കയും ചെയ്യേണ്ടതാകുന്നു. ഇടയ്ക്കുവച്ചു് യുദ്ധാലോചന പരസ്യമാകുന്നതായാൽ, ശത്രുക്കൾ വേണ്ട മുൻകരുതലുകൾചെയ്തു തങ്ങളുടെ ശക്തിയെ വർദ്ധിപ്പിച്ചു യുദ്ധത്തിൽ ജയം പ്രാപിക്കുന്നതിനും അതുവഴി തനിക്കു വലുതായ ദുഃഖം നേരിടുന്നതിനുമിടയാകുന്നതാണു്.)

ചൊല്ലുതൽയാർക്കുമെളിയവരിയവാ-
മ്ചൊല്ലിയ വണ്ണഞ്ചെയൽ. ൪

സാ—പറയാൻ ആർക്കും എളുപ്പത്തിൽ സാധിക്കും; പറഞ്ഞതുപോലെ ചെയ്യാൻ പ്രയാസമുണ്ടു്. (ഇന്നപ്രവൃത്തി ഇന്നപ്രകാരത്തിൽ ചെയ്യാമെന്നുള്ള പറച്ചിലിനു് ആർക്കും പ്രയാസമില്ല; പറച്ചിൽ അനുസരിച്ചു പ്രവർത്തിക്കാനാണു പ്രയാസമെന്നു താല്പര്യം.)

വീറെയ്തിമാണ്ടാർ വിനൈത്തിട്പംവേന്തൻക-
ണൂറെയ്തിയുള്ളപ്പടും. ൫

സാ—ഉൽകൃഷ്ടതയെ പ്രാപിച്ചവരും മററു യോഗ്യതാംശങ്ങളോടുകൂടിയവരുമായ മന്ത്രികളുടെ പ്രവൃത്തിശക്തി രാജാവിനു് അനുയോജ്യമായിരുന്നാൽ പ്രശംസാർഹമാ

യിരിക്കും. (യോഗ്യന്മാരായ മന്ത്രികളുടെ കർമ്മശക്തി രാജാവിന്ന് അനുഗുണമായിരുന്നാൽ അഭിനന്ദനീയമായിരിക്കുമെന്നു താല്പര്യം)

എണ്ണിയവെണ്ണിയാങ്കെയ്തുപവെണ്ണിയാർ
തിണ്ണിയരാകപ്പെറിൻ. ൬

സാ—ഉദ്ദേശിക്കുന്നവർ, പ്രവൃത്തിശക്തിയെ സമ്പാദിച്ചിരുന്നാൽ ഉദ്ദേശങ്ങൾ ഉദ്ദേശിക്കുന്നതുപോലെ സാധിക്കുന്നതാണ് (പ്രവൃത്തിശക്തിയുള്ളവൻെറ ഉദ്ദേശങ്ങൾ ഉദ്ദേശംപോലെതന്നെ സാധിക്കുമെന്നു താല്പര്യം.)

ഉരുവുകൺടെള്ളാമൈവേണ്ടുമുരുൾപെരുന്തേ-
ക്കച്ചാണിയന്നാരുടൈത്തു. ൭

സാ—ഉരുളുന്ന വലിയ തേരിന്ന് അച്ചാണിപോലെയാണ്, പ്രവൃത്തിശക്തിയുള്ളവൻെറ സ്ഥിതി; ആകൃതികണ്ട് ഒരുവനെ അവമതിക്കാതിരിക്കേണ്ടതാകുന്നു (അച്ചാണി ആകൃതിയിൽ വളരെ ചെറുതായിരുന്നാലും, ഏററവും വലുതായ തേരിനെയും തേരിൽ കയററപ്പെടുന്ന ഭാരത്തെയും അതു താങ്ങുന്നു; അതുപോലെ പ്രവൃത്തിശക്തിയുള്ളവൻ ആകൃതിയിൽ അതികൃശനായിരുന്നാലും അവൻെറ ഉദ്ദേശത്തെ അവൻ സാധിക്കുന്നു; അയതിനാൽ ആകൃതികണ്ട് ഒരുവനെ നിന്ദിക്കാൻ പാടില്ലെന്നു താല്പര്യം.)

കലങ്കാതുകണ്ടവിനൈക്കട്കുളങ്കാതു
തുക്കങ്കടിന്തുചെയൽ. ൮

സാ—മനസ്സുതെളിഞ്ഞു ചെയ്യാനുദ്യമിച്ച കൃത്യത്തെ മടിക്കാതെ ഉത്സാഹം ചെയ്യുകതന്നെ വേണം. (ചെയ്യണമെന്നു തീർച്ചപ്പെടുത്തിയ തൊഴിലിൽനിന്നും പിന്നീട പിൻവാങ്ങാതെ, അതിനെ പ്രസരിപ്പോടുകൂടി ചെയ്യേണ്ടതാണെന്നു താല്പര്യം.)

തുൻപമുറവരിനുഞ്ചെയ്ക തുണിവാററി
യിൻപംപയക്കുംവിനൈ. ൯

സാ—ക്ലേശക്കൂടുതൽ നേരിട്ടാലും സുഖത്തെ നൽകുന്ന പ്രവൃത്തിയെ ശക്തിപൂർവ്വം ചെയ്യേണ്ടതാകുന്നു. (ആദ്യം ദേഹാദ്ധ്വാനത്താൽ കൂടുതൽ ക്ലേശം അനുഭവിക്കേണ്ടിവന്നാലും അവസാനം സുഖത്തെ നൽകുന്ന പ്രവൃത്തിയെ ഉത്സാഹപൂർവ്വം ചെയ്യേണ്ടതാണെന്നു താല്പര്യം.)

എനൈത്തിട്പമെയ്തിയക്കണ്ണും വിനൈത്തിട്പം
വേണ്ടാരൈവേണ്ടാതുലകു. ൧൦

സാ—പ്രവൃത്തിശക്തിയെ കൈക്കൊള്ളാത്ത മന്ത്രിമാരെ, അതൊഴിച്ചു മററുള്ള ഗുണങ്ങളെല്ലാം തികഞ്ഞവരായിരുന്നാലും ലോകം കൈക്കൊള്ളുകയില്ല—സജ്ജനങ്ങൾ മാനിക്കുകയില്ല.

---

## അറുപത്തെട്ടാം അധികാരം.

### വിനൈചെയൽവകൈ—പ്രവൃത്തിസ്ഥിരത.

---

ചൂഴ്ച്ചിമുടിവു തുണിവെയ്തലത്തുണിവു
താഴ്ച്ചിയുട്ടങ്കുതറീതു. ൧

സാ—ആലോചനയുടെ അതിരു 'തീർച്ച'യാണു്; ആ തീർച്ചയിൽ അമാന്തം കാട്ടുന്നതു കുററകരമാകുന്നു (ആലോചനയുടെ അവസാനം, ഏതൊന്നിനെപ്പററി ആലോചിക്കുന്നുവോ അതിൽനിന്നും പിൻവാങ്ങുകയില്ലെന്നുള്ള തീർച്ചയാകുന്നു; അപ്രകാരം തീർച്ചപ്പെടുത്തിയ കാര്യത്തിൽ പിന്നീടു മടികാണിക്കുന്നതു തെററാണെന്നു താല്പര്യം. ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടേണ്ടതായി വന്നാൽ ആദ്യം അതിനെപ്പററി സൂക്ഷ്മമായി വിചിന്തനം നടത്തി, ആ പ്രവൃത്തിയിൽനിന്നും ഗുണഫലം സിദ്ധിക്കുമെന്നു ബോദ്ധ്യംവന്നാൽ, പിന്നെ മാത്രസമയംപോലും വൃഥാകളയാതെ പ്രവർത്തിച്ചുതുടങ്ങേണ്ടതാണെന്നു വിവക്ഷ.)

തൂങ്കുകതൂങ്കിച്ചെയ്യർപാലതൂങ്കർക
തൂങ്കാതുചെയ്യും വിനൈ. ൨

സാ—ഉദാസീനമായി നിർവ്വഹിക്കേണ്ട പ്രവൃത്തികളിൽ അമാന്തം കാട്ടേണ്ടതാകുന്നു; ഉദാസീനത പ്രദർശിപ്പിക്കാൻ പാടില്ലാത്ത തൊഴിലുകളിൽ അമാന്തം കാണിച്ചുകൂടാത്തതാകുന്നു. (തൊഴിൽ രണ്ടുപ്രകാരത്തിലുണ്ടു്; ഉടനടി നിർവ്വഹിക്കേണ്ടവയും അല്ലാതെ നിർവ്വഹിക്കേണ്ടവയും. ഉടനടി നിർവ്വഹിക്കേണ്ടവയിൽ അമാന്തവും മററതിൽ ഊർജ്ജിതവും കാണിക്കാൻ പാടില്ലാത്തതാണു്. ഈ തത്വത്തെ ലംഘിച്ചാൽ രണ്ടിൻെറയും ഫലം അനാശാസ്യമായിരിക്കുമെന്നു വിവക്ഷ.)

ഒല്ലുംവായെല്ലാം വിനൈനൻെറയൊല്ലാക്കാൽ
ചെല്ലുംവായ്നോക്കിച്ചെയൽ. ൩

സാ—വേണ്ട സ്ഥാനങ്ങളിലെല്ലാം ദണ്ഡം നന്നു്; അതു വേണ്ടാത്തിടത്തു് വേണ്ടുന്നതിനെ സ്വീകരിക്കേണ്ടതാകുന്നു. (വേണ്ട സ്ഥാനങ്ങളിൽ ദണ്ഡശിക്ഷ നടത്തേണ്ടതും, അതിൻെറ ആവശ്യം ഇല്ലാത്ത സ്ഥാനങ്ങളിൽ സ്ഥാനാനുസൃതമായ ശിക്ഷ—സാമം, ദാനം, ഭേദം ഇവയിലൊന്നു്—കല്പിക്കേണ്ടതുമാണെന്നു താല്പര്യം. ദണ്ഡശിക്ഷയ്ക്കുള്ള സ്ഥാനം തന്നേക്കാൾ അശക്തനായ ശത്രുവാകുന്നു. തൻെറ രാജ്യത്തെ ആക്രമിക്കുന്ന ശത്രു തന്നേക്കാൾ അശക്തനാണെങ്കിൽ, ആ ശത്രുവിനെ ദണ്ഡിച്ചു ശിക്ഷിക്കുകയും തുല്യബലനോ തന്നേക്കാൾ ബലവാനോ ആയിരുന്നാൽ, മററ മൂന്നു് ഉപായങ്ങളിൽ യഥാർത്ഥം ഒന്നിനെ പ്രയോഗിക്കുകയും വേണമെന്നു ഭാവം.)

വിനൈപകൈയെൻറിരണ്ടിനെച്ചനിനൈയുങ്കാ-
ററീയെച്ചപോലത്തെറും. ൪

സാ—പ്രവൃത്തി, രിപുത്വം എന്നീ രണ്ടിൻെറയും അല്പത്വത്തെ ഓർക്കുമ്പോൾ, തീയിൻെറ അല്പത്വംപോലെ—വളർന്നു—നശിപ്പിക്കും. (തീ ആരംഭത്തിൽ ചെറുതായിരുന്നാലും, പൂർണ്ണമായി കത്തിയ ക്ഷണത്തിൽ അണച്ചില്ലെങ്കിൽ, അതു ക്രമേണ വളർന്നു കത്തിദ്ദഹിക്കും; അതുപോലെ, ചെയ്യപ്പെടേണ്ട ജോലി ചെറുതാണെന്നുവിചാരിച്ചു ചെയ്തുതീർക്കാനും ഒരാളിനു തന്നെക്കുറിച്ചു് അല്പമായ ശത്രുത ഉണ്ടായാൽ, അതു് അല്പമാത്രമാണെന്നുകരുതി, അതിനെ ഇല്ലാതാക്കാനും അമാന്തിച്ചാൽ, ഒടുവിൽ അപരിഹരണീയമായവിധത്തിൽ വർദ്ധിച്ചു നാശത്തെച്ചെയ്യുമെന്നു ഭാവം.)

പൊരുൾകരുവികാലംവിനൈയിടനോടൈന്തു
മിരുടീരവെണ്ണിച്ചെയൽ. ൫

സാ—ധനം, സാമഗ്രി, കാലം, കർത്തവ്യം, സ്ഥലം ഇവ അഞ്ചിനെയുംപററി സൂക്ഷ്മമായി ചിന്തിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. (തൻെറയും ശത്രുവിൻെറയും ധനസ്ഥിതി, സൈന്യം മുതലായ സാമഗ്രികൾ, എതിരിടുന്ന കാലം, ജയംസിദ്ധിക്കുന്നതിനു തന്നാൽ നിർവ്വഹിക്കപ്പെടേണ്ട കർത്തവ്യം, ഇരുകൂട്ടരും എതിരിടുന്ന സ്ഥലം എന്നീ അഞ്ചിനെയുംപററി നല്ലപോലെ ചിന്തിച്ചു പ്രവർത്തിക്കേണ്ടതാണെന്നു താല്പര്യം.)

മുടിവുമിടൈയൂറു മുററിയാങ്കെയ്തും
പടുപയനുംപാൎത്തുച്ചെയൽ. ൬

സാ—പ്രയത്നത്തെയും പ്രതിബന്ധത്തെയും ഓൎത്തുകൊണ്ടും നിൎവ്വഹിച്ചാലുണ്ടാകുന്ന ഫലത്തെക്കുറിച്ചു ചിന്തിച്ചും പ്രവൎത്തിക്കേണ്ടതാകുന്നു. (പ്രയത്നിക്കേണ്ട വിധത്തേക്കുറിച്ചു ചിന്തിച്ചു തീൎച്ചപ്പെടുത്തി, നേരിട്ടേക്കാവുന്ന പ്രതിബന്ധങ്ങളെ പരിഹരിച്ചു പ്രവൎത്തിച്ചാൽ മാത്രം പോരാ, അപ്രകാരം പ്രവൎത്തിച്ചാലുണ്ടാകുന്ന ഫലത്തെയുംപററി ആലോചിക്കേണ്ടതാണെന്നു താല്പൎയ്യം.)

ചെയ്വിനൈ ചെയ്വാൻ ചെയൻമുറൈയവ്വിനൈ
വുള്ളറിവാനുള്ളങ്കൊളൽ. ൭

സാ—ചെയ്യപ്പെടേണ്ട ജോലിയെ ചെയ്വാൻ ആരംഭിക്കുന്നവൻ ചെയ്യേണ്ടതു്, ആ പ്രവൃത്തിയുടെ രീതിയെ അറിഞ്ഞിട്ടുള്ളവൻെറ അഭിപ്രായത്തെ കൈക്കൊള്ളുകയാകുന്നു (മുൻചൊന്നപ്രകാരം പ്രവൎത്തിക്കാനൊരുമ്പെട്ടവൻ, അപ്രകാരം പ്രവൎത്തിച്ചു തഴക്കവും പഴക്കവും വന്നിട്ടുള്ളവൻെറ അഭിപ്രായത്തെ അറിയണമെന്നു താല്പൎയ്യം.)

വിനൈയാൻ വിനൈയാക്കിക്കോടനനൈകവുൾ
യാനൈയാൽ യാനൈയാൎത്തററു. ൮

സാ—(ഒരു) കൎമ്മത്താൽ (മറെറാരു) കൎമ്മത്തെ സാധിക്കേണ്ടതാകുന്നു; നനഞ്ഞ ചെകിടോടുകൂടിയ ആനയെ മറെറാരാനയെക്കൊണ്ടു കെട്ടുന്നതുപോലെ. (മദംപൊട്ടിയൊഴുകുന്ന ആനയെ മറെറാരാനയെക്കൊണ്ടു കെട്ടുന്നു; ആയതുപോലെ, ഒന്നിലേക്കു പ്രവൎത്തിക്കുമ്പോൾ, അതുകൊണ്ടു മറെറാന്നിനെക്കൂടി സാധിക്കേണ്ടതാണെന്നുതാല്പൎയ്യം.)

നട്ടാൎക്കുനല്ല ചെയലിൻ വിരൈന്തതേ
യൊട്ടാരൈയൊട്ടിക്കൊളൽ. ൯

സാ—ബന്ധുക്കൾക്കു നന്മയെ ചെയ്യുന്നതിനും മുമ്പു്, ശത്രുവിൻെറ ശത്രുവിനെ ബന്ധുവാക്കിക്കൊള്ളേണ്ടതാകുന്നു. (ശത്രുവിനെ ജയിക്കാൻ ബന്ധുക്കളെ പ്രീതിപ്പെടുത്തി അവരുടെ സഹായത്തെ സമ്പാദിക്കേണ്ടതു് ആവശ്യമാണു്; എന്നാൽ, തൻെറ ശത്രുവിൻെറ ശത്രുവിനെ വശത്താക്കുന്നതു് അതിനെക്കാൾ ആവശ്യമാണെന്നു താല്പൎയ്യം.)

ഉറൈചിറിയാരുള്ളനടുങ്ക ലഞ്ചിക്കുറൈപെറിർ
കൊൾവർപെരിയാൎപ്പണിന്തു. ൧൦

സാ—ചെറിയ രാജ്യത്തെ ഭരിക്കുന്ന മന്ത്രി (തന്നെക്കാൾ ബലവാനുമായിട്ടു് എതിരിടേണ്ടിവരുമ്പോൾ) തൻെറ പക്ഷക്കാരുടെ ഭീരുതയെ ഓൎത്തു പേടിച്ചു, സമാധാനസന്ധിക്കു സാധിക്കുമെങ്കിൽ, ആ ബലവാനെ വണങ്ങി സന്ധിയെ സ്വീകരിക്കുന്നതാണു്. (ചെറിയ രാജ്യത്തോടുകൂടിയ—മുതലെടുപ്പും സൈന്യവും കുറഞ്ഞ—മന്ത്രി തന്നേക്കാൾ വലിയവനായ ശത്രുവിനോടു നേരിടുമ്പോൾ, തൻെറ അല്പസൈന്യത്തിൻെറ ഭീതിയെ ഓൎത്തു ഭയന്നു്, ആ ശത്രുവിനോടു സന്ധിക്കു് അപേക്ഷിക്കേണ്ടതാണെന്നു ഭാവം.)

---

## അറുപത്തൊമ്പതാം അധികാരം.

### തൂതു—ദൂത്യം.

---

അൻപുടൈമൈ യാൻറകുടിപ്പിറന്തൽവേന്തവാം
പൺപുടൈമൈ തൂതുരൈപ്പാൻ പൺപു. ൧

സാ—സ്നേഹം, കുലീനത, രാജാക്കന്മാരാൽ അഭിലാഷ്യമായ ഗുണങ്ങൾ ഇവ ദൂതുപറയുന്നവന്റെ ലക്ഷണങ്ങളാകുന്നു. (ഒരു ദൂതനുണ്ടായിരിക്കേണ്ട ലക്ഷണങ്ങൾ സ്നേഹവും കുലീനതയും രാജാക്കന്മാരാൽപോലും ആശിക്കപ്പെടത്തക്ക ഗുണങ്ങളുമാണെന്നു താല്പര്യം. ആദ്യത്തെ രണ്ടു ലക്ഷണങ്ങളും ദൂതുപറവാനയയ്ക്കുന്ന രാജാവിനു വിശ്വാസം ജനിപ്പിക്കേണ്ടവയും ഒടുവിലത്തേതു് ഏതൊരു രാജാവിന്റെ സമീപത്തേക്കു് അയയ്ക്കുന്നുവോ ആ രാജാവിനെ ആകർഷിക്കാനുള്ളതുമാകുന്നു.)

അൻപറിവാരായ്ന്ത ചൊൽവന്മൈ തൂതുരെപ്പാർ-
ക്കിൻറി യമൈയാത മൂൻറു. ൨

സാ—(തന്റെ രാജാവിൽ) സ്നേഹവും (തന്നെച്ചുമതലപ്പെടുത്തുന്ന കാര്യം സ്വാർത്ഥമായി നിർവ്വഹിക്കാൻ വേണ്ട) അറിവും (ദൂതുകേൾക്കുന്ന രാജാവിനു ബഹുമാനം ജനിക്കത്തക്ക) വാഗ്മിത്വവും, ഇങ്ങനെ ഒരു ദൂതനു വേണ്ട മുഖ്യഗുണങ്ങൾ മൂന്നാകുന്നു.

നൂലാരുണ്ണാൽവല്ലനാകുതൽ വേലാരുൾ
വെൻറി വിനൈയുരൈപ്പാൻപൺപു. ൩

സാ—വേൽധരിക്കുന്ന രാജാവിന്റെ മുമ്പിൽ, (തന്റെ രാജാവിന്റെ) വിജയസാമർത്ഥ്യത്തെക്കുറിച്ചു പ്രസംഗിക്കുന്നവനു വേണ്ട യോഗ്യത ശാസ്ത്രജ്ഞന്മാരിൽവച്ചു ശാസ്ത്രജ്ഞനായിരിക്കുകയെന്നുള്ളതാകുന്നു. (നിഗ്രഹശക്തിയുള്ള ഒരു രാജാവിന്റെ മുമ്പിൽ ഒരു ദൂതൻ തന്റെ രാജാവിന്റെ സാമർത്ഥ്യത്തെപ്പറ്റി പ്രസംഗിക്കുമ്പോൾ ഒരുപക്ഷേ രാജപദഭ്രംശിനു് ഇരയായെന്നും വന്നേയ്ക്കാം; ദൂതൻ ശാസ്ത്രജ്ഞനായിരുന്നാൽ, നീതിധർമ്മങ്ങളെ ഉദ്ബോധിപ്പിച്ചു രാജാവിന്റെ കോപത്തെ അടക്കി സ്വജീവനെ രക്ഷിക്കാൻ കഴിവുള്ളതുകൊണ്ടു് ശാസ്ത്രജ്ഞാനം ദൂതനു മുഖ്യമായി വേണ്ട ഗുണമാണെന്നു താല്പര്യം.)

അറിവുരുവാരായ്ന്തകൽവിയിമ്മൂൻറിൻ
ചെറിവുടൈയാൻ ചെൽകവിനൈക്കു. ൪

സാ—അറിവു്, രൂപസൌന്ദര്യം, ക്രമലക്ഷമായ പഠിപ്പു്, ഇവ മൂന്നും തികഞ്ഞിയവർ ദൌത്യം വഹിച്ചുപോകാൻ സമർത്ഥനാകുന്നു. (ദൂതുകേൾക്കുന്ന രാജാവു് പ്രസ്തുതഗുണത്രയത്താൽ ആകൃഷ്ടനായിഭവിക്കുമെന്നു ഭാവം.)

തൊകച്ചൊല്ലിത്തൂവാതനീക്കിനകച്ചൊല്ലി
നൻറി പയപ്പതാന്തൂതു. ൫

സാ—(ദൂതുകേൾക്കുന്ന രാജാവിനോടു്) ചുരുക്കിപ്പറഞ്ഞും കഠിനവാക്കുകളെ ത്യജിച്ചും രമ്യവാക്കുകൾ ഉപയോഗിച്ചും (തന്റെ രാജാവിനു) നന്മയെ വിളയിക്കുന്നവനാണു ദൂതൻ.

കറ്റുക്കണ്ണഞ്ചാൻ ചെലച്ചൊല്ലിക്കാലത്താ-
ററക്കതറിവതാന്തൂതു. ൬

സാ—ധർമ്മശാസ്ത്രങ്ങൾ പഠിച്ചവനും മനസ്സിൽ പതിയത്തക്കവണ്ണം പറയുന്നവനും (അതുകേട്ടു കോപാഗ്നി ജ്വലിപ്പിച്ചു നോക്കുന്ന ശത്രുരാജാവിന്റെ) കണ്ണുകളെക്കണ്ടു ഭയപ്പെടാത്തവനും (ശത്രുരാജാവിൽനിന്നും വല്ല ആപത്തും നേരിടുമെന്നു കണ്ടാൽ) സന്ദർഭാനുസൃതമായ ഉപായത്തെ അറിയുന്നവനുമത്രേ ദൂതൻ. (ആ ഉപായത്തെ അറിയുന്നതിനും മനസ്സിൽ പതിയത്തക്കവണ്ണം പറഞ്ഞു ഫലിപ്പിക്കുന്നതിനും ധൈര്യത്തിനും ശാസ്ത്രജ്ഞാനം ഉപകരിക്കുന്നതാണു്.)

കടനറിന്തു കാലങ്കരുതിയിടനറി-
ന്തെണ്ണിയുരൈപ്പാൻറലൈ ൭

സാ—കർത്തവ്യത്തെ ബോധിച്ച്, സന്ദർഭം കരുതി, സ്ഥലം അറിഞ്ഞ്, വാക്ക് ഓർത്തു പറയുന്നവനാണു ദൂതന്മാരിൽ പ്രഥമഗണനീയൻ. (വാക്കു ഓർക്കുകയെന്നുവച്ചാൽ, പറവാനുള്ളതെന്തെന്നും പറഞ്ഞു ഫലിപ്പിക്കേണ്ടതെങ്ങനെയെന്നും മുൻകൂട്ടി ആലോചിച്ചുറയ്ക്കുകയാകുന്നു )

തുയ്മൈ തുണൈമൈ തുണിവുടൈമൈയിമ്മൂൻറിൻ
വായ്മൈ വഴിയുരൈപ്പാൻപൺപു. ൮

സാ—പരിശുദ്ധി, (ശത്രുരാജാവിന്റെ മന്ത്രിപുംഗവന്മാരുടെയും മററും സഹായത്തെ സമ്പാദിക്കാൻതക്ക) സാമർത്ഥ്യം (കർത്തവ്യത്തിലുള്ള) ഉത്സാഹം ഇവമൂന്നും സത്യവും, ദൂത്യം വഹിക്കുന്നവനു വേണ്ട മുഖ്യലക്ഷണങ്ങളാകുന്നു (വ്യാമോഹങ്ങൾക്കു വഴിപ്പെടാത്ത മനശ്ശുദ്ധി, ദൂതുചെൽക്കുന്ന രാജാവിന്റെ മന്ത്രിമാരുടെയും മററും സഹായത്തെ സമ്പാദിക്കുവാനുള്ള സാമർത്ഥ്യം കൃത്യോത്സാഹം, സത്യസന്ധത ഇവ ദൂതന്റെ പ്രധാനലക്ഷണങ്ങളാണെന്നു താല്പര്യം )

വിട്ടുമാററം വേന്തർക്കുരൈപ്പാൻ വടുമാററം
വായ്ചോരാ വൻകണവൻ. ൯

സാ—ദൌത്യത്തെ ശത്രുരാജാവിന്റെമുമ്പിൽ പ്രഖ്യാപനം ചെയ്യുന്നവൻ താഴ്ന്ന വാക്കുകളെ വായൊററിപ്പോലും പറയാത്തവനായിരിക്കണം; അവൻ ദൂതന്മാരിൽ പ്രഥമഗണനീയനാകുന്നു. (ശത്രുരാജാവിൽനിന്നും നേരിടുന്നിരിക്കുന്ന അപായത്തെ ഭയന്നു് ഭീരുചിതമായ താഴ്ന്നവാക്കുകൾ ഓർക്കാതെപോലും പറവാൻ പാടില്ലെന്നു താല്പര്യം )

ഇറുതി പയപ്പിനുമെഞ്ചാതിറൈവർ
കുറുതിപയപ്പതാം തൂതു. ൧൦

സാ—പ്രാണനഷ്ടം വരുത്തുമെന്നിരുന്നാലും പേടിക്കാതെ തന്റെ രാജാവു പറഞ്ഞ വാക്കുകളെ ശത്രുരാജാവിന്റെ മുമ്പിൽ പറയുന്നവനാണു ദൂതരിൽ ശ്രേഷ്ഠൻ. (പ്രഹരം മുതലായ ചില്ലറ ഉപദ്രവങ്ങൾ ദൂതന്മാർക്കു മിക്കപ്പോഴും ലഭിക്കാനിടയുണ്ട്. അതിനുപുറമേ ശത്രുരാജാവിന്റെ ഖഡ്ഗത്തിനു് ഇരയാകുമെന്നിരുന്നാലും ലേശം ഭയപ്പെടാതെ, ദൌത്യവാക്കുകളെ ശത്രുരാജാവിന്റെ മുമ്പിൽ ധീരധീരമായി ഉച്ചരിക്കുന്നവൻ സമർത്ഥനായ ദൂതനാണെന്നു താല്പര്യം.)

---

## എഴുപതാം അധികാരം.

### മന്നരൈച്ചേർന്തൊഴുകൽ——രാജാക്കന്മാരോടു് ഇടപെടുക.

---

അകലാതണുകാതു തീക്കായ്വാർപോൽക
ഇകൽവേന്തർച്ചേർന്തൊഴുകുവാർ. ൧

സാ—അസ്ഥിരമനസ്കനായ രാജാവിനോടു ഇടപെട്ടുവരുന്നവർ, അധികം അടുക്കാതെയും ഏറെ അകലാതെയും, തീയിൽ കുളിർപോക്കുന്നതുപോലെ, നിൽക്കേണ്ടതാകുന്നു. (സ്ഥിരചിത്തനല്ലാത്ത രാജാവിനെ സേവിക്കേണ്ടിവരുന്ന മന്ത്രിമാരും മററും, വളരെ അടുക്കുകയും തീരെ അടുക്കാതിരിക്കുകയും ചെയ്യരുതാത്തതാകുന്നു. അഗ്നിയോടു് ഏററം അടുത്താൽ പൊള്ളുകയും തീരെ അടുക്കാതിരുന്നാൽ, കുളിർമാററാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നു. താദൃശാനുഭൂതി രാജാവിനെ അടുത്താലും അടുക്കാതിരുന്നാലുമുണ്ടാകുമെന്നു താല്പര്യം )

മന്നർ വിഴൈപ്പ വിഴൈയാമൈ മന്നരാൻ
മന്നിയ വാക്കന്തരും. ൨

സാ—രാജാവിനാൽ കാംക്ഷിക്കപ്പെടുന്നതിനെ (മന്ത്രി) ആഗ്രഹിക്കാതിരുന്നാൽ രാജാവിനാൽ ശാശ്വതമായ സമ്പത്തു ലഭിക്കപ്പെടും. (രാജാവിന്റെ സ്വകാൎയ്യനിലയ്ക്കുള്ള കാംക്ഷിതങ്ങളെ മന്ത്രി ഇച്ഛിച്ചാൽ രാജാവിന്റെ അപ്രീതിക്കു പാത്രമായി അനൎത്ഥങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും ഇച്ഛിക്കാതിരുന്നാൽ രാജാവിന്റെ പ്രീതിയും തജ്ജന്യമായ ഐശ്വൎയ്യവും ലഭിക്കുമെന്നും ഭാവം)

പോററിനാിയവൈ പോററൽ കടുത്തപിൻ
റേത്തുതൽ യാക്കുമരിതു. ൩.

സാ—തന്നെ രക്ഷിക്കണമെന്നുണ്ടെങ്കിൽ ആ മന്ത്രി വലിയ തെററുകൾ, തന്നെ ബാധിക്കാതെ സൂക്ഷിക്കേണ്ടതാകുന്നു; (തെററുപററിയതായി രാജാവിനു) സംശയം ജനിച്ചാൽ പിന്നീട് ആ രാജാവിനെ മനസ്സാന്തരപ്പെടുത്താൻ ആൎക്കും പ്രയാസമായിത്തീരും. (മന്ത്രിയുടെ സ്വകാൎയ്യനിലയ്ക്കുള്ള പ്രവൃത്തികളിലും തെററുകൾ പററാനിടയാകരുതെന്നും, തെററുകാരനെന്നു രാജാവിനു സംശയംജനിച്ചാൽ രാജാവിന്റെ ശാശ്വതമായ അപ്രീതിക്കു പാത്രമാകുമെന്നും ഭാവം.)

ചെവിച്ചൊല്ലുഞ്ചേർന്ത നകൈയു മവിത്തൊഴുക
ലാൻറപെരിയാരകത്തു. ൪

സാ—രാജാവിന്റെ മുമ്പിൽനില്ക്കുമ്പോൾ, കാതിൽ പറച്ചിലും നോക്കിച്ചിരിക്കലും മാററി പെരുമാറേണ്ടതാകുന്നു. (രാജസന്നിധിയിൽ നില്ക്കുന്ന മന്ത്രി, ഒരുവന്റെ ചെവിയിൽ മന്ത്രിക്കുന്നതും ഒരുവന്റെ മുഖത്തുനോക്കിച്ചിരിക്കുന്നതും രാജാവിൽ അനാദരം പ്രകടിക്കുകയാകുന്നു; ഇങ്ങനെ വരാതെ സൂക്ഷിക്കേണ്ടതു മന്ത്രിയുടെ കടമയാണെന്നു താല്പൎയ്യം.)

എപ്പൊരുളുമോരാർ തൊടരാർ മററപ്പൊരുളൈ
വിട്ടക്കാർകേട്ക മറൈ. ൫

സാ—മറെറാരുവനോടുള്ള രാജാവിന്റെ രഹസ്യഭാഷണത്തിൽ യാതൊരുവാക്കും ചെവികൊടുത്തു കേൾക്കാൻ പാടില്ല; അതേപ്പററ്റ് അടുക്കാനും പാടില്ല; ആ രഹസ്യത്തെ വെളിപ്പെടുത്തിപ്പറഞ്ഞാൽ കേൾക്കേണ്ടതുമാകുന്നു.

കുറിപ്പറിന്തു കാലങ്കരുതിവെറുപ്പില
വേണ്ടുപ വേട്പച്ചൊലൽ. ൬

സാ—മനോഭാവം അറിഞ്ഞ്, സന്ദർഭം കരുതി, വെറുപ്പുണ്ടാകാത്തവിധത്തിൽ കാൎയ്യത്തെ മാത്രം മധുരമായി പറയേണ്ടതാകുന്നു. (രാജാവിനോടു രാജ്യകാൎയ്യത്തെപ്പററി ആലോചിക്കാൻ ചെല്ലുന്ന മന്ത്രി, മുഖഭാവത്താൽ രാജാവിന്റെ തൽകാലമനോവൃത്തിയും സന്ദർഭവും അറിഞ്ഞു കാൎയ്യത്തെ മാത്രം രാജാവിനു രുചിക്കത്തക്കവിധത്തിൽ പറയണമെന്നു താല്പൎയ്യം രാജാവ് അന്തഃപുരത്തിൽ പെരുമാറുമ്പോഴും അന്തഃപുരചിന്തയിൽ വൎത്തിക്കുമ്പോഴും രാജ്യകാൎയ്യത്തെക്കുറിച്ച് ആലോചിക്കുവാൻ മന്ത്രി ചെല്ലരുതെന്നു വിവക്ഷ)

വേട്പന ചൊല്ലി വിനൈയില വെഞ്ഞാൻറു-
ങ്കേട്പിനുഞ്ചൊല്ലാവിടൽ. ൭

സാ—അഭിലഷണീയമായിട്ടുള്ളവയെ രാജാവ് ആവശ്യപ്പെട്ടില്ലെങ്കിലും പറയുക; നിഷ്ഫലമായിട്ടുള്ളവയെ രാജാവ് എന്നും ചോദിച്ചാലും പറയാതിരിക്കുക. (ഫലപ്ര

ദങ്ങളായ കാൎയ്യങ്ങൾ രാജാവിനു കേൾക്കാനിഷ്ടമില്ലെങ്കിലും പറയണമെന്നും നിഷ്ഫലങ്ങളായ കാൎയ്യങ്ങൾ കേൾക്കണമെന്ന് എത്രതന്നെ നിർബന്ധിച്ചാലും പറയരുതെന്നും താല്പൎയ്യം.)

ഇളൈയർ ഇനമുറൈയർ എൻറികഴാർ നിൻറ
ഒളിയോ ടൊഴുകപ്പടും. ൮

സാ—(രാജാവ് തന്നിൽ) ചെറുപ്പമാണ്; ഇന്നപ്രകാരത്തിൽ (തന്റെ) ബന്ധുവാണ്; എന്നിങ്ങനെ താഴ്ത്തിക്കരുതാതെ (രാജസന്നിധിയിൽ) ഉണൎവ്വോടുകൂടി പെരുമാറേണ്ടതാകുന്നു. (രാജാവു് മന്ത്രിയേക്കാൾ ചെറുപ്പവും മന്ത്രി രാജാവിന്റെ ജാതിയിലോ ചാൎച്ചക്കാരിലോ ഉൾപ്പെട്ടവനും ആണെന്നു വരുന്നതാം; അക്കാരണത്താൽ രാജാവിനെ താഴ്ത്തിക്കരുതരുതെന്നും രാജസമക്ഷത്തിൽ അപ്രകാരമുള്ള മനഃസ്ഥിതിയെ വെടിഞ്ഞ്, നല്ല ഉണൎവ്വോടുകൂടി പെരുമാറണമെന്നും ഭാവം.)

കൊളപ്പട്ടേ മെൻറെണ്ണി ക്കൊള്ളാത ചെയ്യാ
തുളക്കറ്റ കാട്ചിയവർ ൯

സാ—അചഞ്ചലമായ അറിവോടുകൂടിയവർ, (തങ്ങൾ) രാജാവിനാൽ മാനിക്കപ്പെട്ടു എന്നു വിചാരിച്ച് അനാശാസ്യമായി പ്രവൎത്തിക്കുകയില്ല. (അറിവുള്ള മന്ത്രിയെ രാജാവു ബഹുമാനിച്ചാൽ, ആ മന്ത്രി രാജബഹുമാനത്തിൽ അന്ധാളിച്ചു ബുദ്ധിപൂൎവ്വകമല്ലാത്ത പ്രവൃത്തികളിൽ മനസ്സിനെ ചെലുത്തുകയില്ലെന്നു താല്പൎയ്യം.)

പഴൈയ മെനക്കരുതി പൺപല്ല ചെയ്യു-
ങ്കെഴുതകൈമൈ കേടുതരും. ൧൦

സാ—പഴകിയവനാണെന്നു കരുതി, അനൎഹങ്ങളായ പ്രവൃത്തികളെച്ചെയ്യുന്ന സ്വഭാവം നാശത്തെ നൽകും. (രാജാവുമായി അനേകകാലത്തെപ്പഴക്കമുള്ള മന്ത്രി, അപ്പഴക്കത്തെ ഓൎത്ത് എന്തും ചെയ്യാൻ തുനിഞ്ഞാൽ നാശം നേരിടുമെന്നു താല്പൎയ്യം. അപ്രിയമായിട്ടുള്ള പ്രവൃത്തികൾ കണ്ടാൽ അപ്പഴക്കത്തെ അവഗണിച്ചും രാജാവു ശിക്ഷിക്കതന്നെ ചെയ്യുമെന്നു ഭാവം.)

## എഴുപത്തൊന്നാം അധികാരം.

### കുറിപ്പറിതൽ—മനോഭാവമറിയുക.

കൂറാമൈ നോക്കി ക്കുറിപ്പറിവാനെഞ്ഞാൻറു
മാറാനീർ വൈയക്കണി. ൧

സാ—രാജാവിന്റെ മനോഭാവത്തെ (രാജാവു്) പറഞ്ഞറിയാതെ (മുഖഭാവം) കണ്ട് അറിയുന്ന മന്ത്രി വറ്റാത്ത ജലത്താൽ ചുറ്റപ്പെട്ട ലോകത്തിനു ആഭരണമാകുന്നു.

ഐയപ്പടാഅതകത്ത തുണർവാനൈ-
ത്തെയ്വത്തോടൊപ്പക്കൊളൽ. ൨

സാ—മനസ്സിൽ ഉദിക്കുന്നതിനെ സംശയിക്കാതെ തീൎച്ചയായി അറിയുന്നവനെ ദൈവത്തെപ്പോലെ മതിക്കുന്നതാണ്. (രാജാവിന്റെ മനസ്സിൽ ഉദിക്കുന്നതിനെ നിസ്സംശയം അറിയുന്ന മന്ത്രിയെ ഈശ്വരനെപ്പോലെ ബഹുമാനിക്കണമെന്നു താല്പൎയ്യം.)

കുറിപ്പിൽ കുറിപ്പുണർവാരെയുറുപ്പിനിൽ
യാതുകൊടുത്തുംകൊളൽ. ൨

സാ—സ്വാനുഭവത്താൽ പരംഗിതത്തെ—രാജാവിന്റെ മനസ്സിലുദിക്കുന്നതിനെ—അറിവാൻ കഴിവുള്ളവനെ രാജാവു തന്റെ അവയവങ്ങളെ—തനിക്കു സ്വന്തമായിട്ടുള്ളതെന്തും—കൊടുത്തും പാലിക്കേണ്ടതാകുന്നു. (ഒരുവനു് എന്തെങ്കിലും ഒരാഗ്രഹം ജനിക്കുമ്പോൾ അതിന്റെ ഏതാണ്ടൊരു ഛായ അവന്റെ മുഖത്തു നിഴലിച്ചുകാണുന്നതു സാധാരണയാണു്; ആ അനുഭവത്തെ ആസ്പദമാക്കി രാജാവിന്റെ മനോരഥത്തെ ശരിക്കു് ഊഹിച്ചറിയുന്ന മന്ത്രി രാജാവിനാൽ സമ്മാനിക്കപ്പെടേണ്ടവനാണെന്നു താല്പൎയ്യം.)

കുറിത്തതുകൂറാമൈക്കൊൾവാരോടേനൈ
യുറുപ്പോരനൈയരാൽവേറു. ൩

സാ—ഒരുവന്റെ മനസ്സിൽ തോന്നുന്നതിനെ, പറയാതെ അറിയുവാൻ കഴിയുന്നവനോടു്, (അപ്രകാരം) അറിവാൻ കഴിവില്ലാത്തവൻ അവയവങ്ങളെക്കൊണ്ടു് ഏതാണ്ടു തുല്യനാണെങ്കിലും അറിവുകൊണ്ടു തുല്യനല്ല.

കുറിപ്പിർകുറിപ്പുണരാവായിനുറുപ്പിനു-
ളെന്നപയത്തവോകൺ. ൪

സാ—മുഖക്കുറികൊണ്ടു് മനക്കുറി അറിവാൻ കഴിവില്ലെങ്കിൽ അവയവങ്ങളിൽ നയനങ്ങൾകൊണ്ടു് എന്തുഫലം? (ഒരു ഫലവുമില്ലെന്നു ഭാവം.)

അടുത്തതുകാട്ടുംപളിങ്കുപോനെഞ്ചം
കടുത്തതുകാട്ടുമുകം. ൫

സാ—തന്നെസമീപിക്കുന്ന സാധനത്തെക്കാണിക്കുന്ന കണ്ണാടിയെപ്പോലെ, മുഖം മനസ്സിൽ കുടികൊള്ളുന്നതിനെ കാണിക്കുന്നു.

മുകത്തിൻമുതുക്കുറൈന്തതുണ്ടോവുവപ്പിനുങ്
കായിനുന്താൻമുന്തുറും. ൬

സാ—(മനസ്സു്) ആഗ്രഹിച്ചാലും വെറുത്താലും അതിനെ വെളിപ്പെടുത്തുന്ന മുഖത്തേക്കാൾ അറിവുള്ളതേതുണ്ടു്? (മനസ്സു് ആഗ്രഹിച്ചാൽ മുഖം തെളിയുകയും മനസ്സു വെറുത്താൽ മുഖം വാടുകയും ചെയ്യുന്നു; അപ്രകാരം മനസ്സിന്റെ ഭാവത്തെ വെളിപ്പെടുത്തുന്ന മുഖത്തെക്കാൾ അറിവുള്ളതു മറ്റൊന്നില്ലെന്നു താല്പൎയ്യം.)

മുകനോക്കിനിർകവമൈയുമകനോക്കി
യുററതുണർവാർപ്പെറിൻ. ൭

സാ—മനോഭാവത്തെ മുഖക്കുറിമൂലമാക്കി അറിയുന്നവനെ ലഭിച്ചാൽ, അവന്റെ മുഖംനോക്കി നിന്നാൽ മതിയാകും. (അഭിമുഖസന്ദർശനത്താൽ തന്റെ മനോഭാവത്തെ അവൻ അറിഞ്ഞുകൊള്ളും.)

പകൈമൈയുങ്കേൺമൈയുങ്കണ്ണുരൈക്കുങ്കണ്ണിൻ
വകൈമൈയുണർവാർപ്പെറിൻ. ൮

സാ—ഉള്ളിലെഭാവത്തെ അറിവാൻ സാമൎത്ഥ്യമുള്ളവനെ ലഭിച്ചാൽ വിരോധത്തെയും സ്നേഹത്തെയും കണ്ണുകൾ പറയും. (കണ്ണിന്റെ നിൎഭാവത്തോടുകൂടിയ നോട്ടത്തെയും സന്തോഷത്തോടുകൂടിയ നോട്ടത്തെയും കണ്ടറിവാൻ കഴിവുള്ള മന്ത്രിയെ ലഭിച്ചാൽ, രാജാവിനു ശത്രുമിത്രങ്ങളെ എളുപ്പത്തിൽ തിരിച്ചറിയുവാൻ സാധിക്കുമെന്നു താല്പൎയ്യം.)

നുണ്ണിയമെൻപാരളക്കുങ്കോൽകാണുങ്കാൽ
കണ്ണല്ലതില്ലൈപിറ. ൧൦

സാ — സൂക്ഷ്മഗ്രാഹികളെന്നു പറയപ്പെടുന്ന മന്ത്രിമാരുടെ മാനദണ്ഡത്തെ—രാജാവിന്റെ മനോഭാവത്തെ തിട്ടപ്പെടുത്തുന്നതിനുള്ള അളവുകോലിനെ—പ്പററി ചിന്തിക്കുകയാണെങ്കിൽ, കണ്ണല്ലാതെ മററൊന്നില്ലെന്നു ബോദ്ധ്യംവരും.

---

## എഴുപത്തിരണ്ടാം അധികാരം.

### അവൈയറിതൽ—സഭയറിയുക.

---

അവൈയറിന്താരായ്ന്തു ചൊല്ലുക ചൊല്ലിൻ
റൊകൈയറിന്ത തൂയ്മൈയവർ. ൧

സാ — വാഗ്വിഭാഗങ്ങളെ അറിഞ്ഞ പരിശുദ്ധന്മാർ സഭയറിഞ്ഞു ചിന്തിച്ചുപറയണം. (അർത്ഥാപത്തി, ലക്ഷണം, വ്യംഗ്യം ഇമ്മൂന്നു വാഗ്വിഭാഗങ്ങളെയും അറിഞ്ഞവൻ പരിശുദ്ധഹൃദയനാകുന്നു; അപ്രകാരമുള്ള ഒരുവൻ സഭയിൽ പ്രസംഗിക്കാനൊരുമ്പെട്ടുമ്പോൾ സഭയുടെ ഉദ്ദേശ്യവും സദസ്യന്മാരുടെ യോഗ്യതകളും തനിക്കു പ്രസംഗിക്കാനുള്ള വിഷയവും പ്രസംഗിക്കേണ്ട രീതിയും നല്ലപോലെ ആലോചിച്ച് അറിഞ്ഞതിനുശേഷം പ്രസംഗിക്കണമെന്നു താല്പര്യം.)

ഇടൈതെരിന്തു നൻകുണർന്തു ചൊല്ലുക ചൊല്ലി
നടൈതെരിന്ത നന്മൈയവർ. ൨

സാ — വാക്കിന്റെ രീതി അറിഞ്ഞ സത്തുക്കൾ സഭയിൽ കാലമറിഞ്ഞു നല്ലപോലെ ആലോചിച്ചു സംസാരിക്കേണ്ടതാകുന്നു. (വാഗ്ജ്ഞാനിയായ ഒരുവൻ സഭയിൽ പ്രസംഗിക്കാനൊരുമ്പെട്ടുമ്പോൾ, സന്ദർഭം അറിഞ്ഞ് ആലോചിച്ചു സംസാരിക്കണമെന്നു താല്പര്യം.)

അവൈയറിയാർ ചൊല്ലന്മേർകൊൾപവർ ചൊല്ലിൻ
വകൈയറിയാർ വല്ലതൂഉമിൽ. ൩

സാ — സഭയറിയാതെ സംസാരിക്കുന്നവർ, വാഗ്വിഭാഗത്തെ അറിയാത്തവരാണ്; ഇതരജ്ഞാനവും അവർക്കില്ല.

ഒളിയാർമുന്നൊള്ളിയരാതൽവെളിയാർമുൻ
വാൻചുതൈ വണ്ണങ്കൊളൽ. ൪

സാ — അഭിജ്ഞന്മാരുടെ സദസ്സിൽ അഭിജ്ഞനാകണം; അനഭിജ്ഞന്മാരുടെ സദസ്സിൽ അനഭിജ്ഞനാവുകയും വേണം. (പണ്ഡിതസദസ്സിൽ പണ്ഡിതനായും പാമരസഭയിൽ പാമരനായും സഹകരിക്കണമെന്നു താല്പര്യം.)

നൻറെൻറവററുള്ളു നൻറേമുതുവരുൾ
മുന്തുകിളവാച്ചെറിവു. ൫

സാ — തന്നെക്കാൾ വലിയവരുടെ സഭയിൽ, മുന്നിട്ടുകയറി പറയാതിരിക്കുകയാകുന്ന അടക്കം, അഭിനന്ദനീയമായ ഗുണങ്ങളിൽ പ്രഥമഗണനീയമാകുന്നു. (തന്നെക്കാൾ അഭിജ്ഞന്മാരാൽ നിറയപ്പെടുന്ന സഭയിൽ അവരുടെ അഭിപ്രായങ്ങൾ അറിയും മുമ്പു കടന്നുകയറിപ്പറയാതിരിക്കുന്ന ഗുണം ഒരുവനു വേണ്ട സദ്ഗുണങ്ങളിൽ പ്രാഥമ്യ

ത്തെ വഹിക്കുന്നു എന്നു താല്പര്യം. അവരുടെ ഉയർന്ന നിലയും തന്റെ താണനിലയും അവർ പറയുംമുമ്പു താൻ പറയുന്നതിനാലുണ്ടാകാവുന്ന അപമാനവും പറയാതിരുന്നാലുള്ള മാനവും ഓർത്തു് അടങ്ങുന്നതിനാൽ ആ അടക്കം ഗുണോത്തരമാണെന്നു വിവക്ഷ.)

അററിന്നിലൈതളർന്തററവിയൻപുല
മേററുണർവാർമുന്നരിഴുക്കു. ൬

സാ—ഉൽകൃഷ്ടശാസ്ത്രങ്ങളെ ഗ്രഹിച്ച വിജ്ഞന്മാരുടെ സദസ്സിൽ, അപ്രകാരമുള്ള ഒരുവനു് അബദ്ധം പററുന്നതു് (ഇന്ദ്രിയനിഗ്രഹംചെയ്തു തപോമാർഗ്ഗത്തിൽ ചരിക്കുന്ന ഒരുവനു്) തപോമാർഗ്ഗത്തിൽനിന്നും വ്യതിചലനം സംഭവിക്കുന്നതുപോലെയത്രെ.

കറററിന്താർകൽവിവിളങ്കുങ്കചടറ-
ച്ചൊററെരിതൽ വല്ലാരകത്തു. ൭

സാ—നിർദ്ദോഷമായ വാക്കചിന്തനത്തിൽ സമർത്ഥന്മാരായവരുടെ സഭയിൽ വിജ്ഞന്മാരുടെ വിദ്യ വിളങ്ങും. (വിദ്വാന്റെ വിദ്യ, വിദ്വത്സദസ്സിൽ വിളങ്ങുമെന്നു താല്പര്യം. അപ്രകാരമുള്ള സദസ്സിലാണു വിദ്വാൻ തന്റെ വിദ്യയെ പ്രകടിപ്പിക്കേണ്ടതെന്നു ഭാവം.)

ഉണർവതുടൈയാർമുൻചൊല്ലൽ വളർവതൻ
പാത്തിയുൾനീർചൊരിന്തററു. ൮

സാ—അറിവാൻ പ്രാപ്തിയുള്ള അഭിജ്ഞന്മാരുടെ സദസ്സിൽ അറിവുള്ളവർ എന്തെങ്കിലും പറയുക എന്നതു്, വളരാനുള്ള ചെടി നിൽക്കുന്ന പാത്തിയിൽ വെള്ളംഒഴിക്കുന്നതുപോലെയാകുന്നു. (പാത്തിയിൽ വീഴുന്ന വെള്ളം ചെടിയുടെ വളർച്ചയെ പോഷിപ്പിക്കുന്നതുപോലെ, സദസ്സിൽ പറയുന്ന വാക്കു് സദസ്യരുടെ അറിവിനെ പോഷിപ്പിക്കുമെന്നു ഭാവം.)

പുല്ലവൈയുട്പൊച്ചാന്തുഞ്ചൊല്ലർകനല്ലവൈയു-
ണൻകുചെലച്ചൊല്ലുവാർ. ൯

സാ—സജ്ജനസഭയിൽ, സജ്ജനങ്ങൾ ഗ്രഹിക്കുന്നതിനു നല്ലതു പറവാൻ കഴിവുള്ളവർ, ദുർജ്ജനസഭയിൽ മറന്നിട്ടുപോലും അതിനെ പറയാതിരിക്കേണ്ടതാകുന്നു. (പറഞ്ഞാൽ അതിനെ ഗ്രഹിക്കാനുള്ള അറിവു് അവർക്കില്ലാത്തതിനാൽ അവർ അവനെ പരിഹസിക്കുമെന്നു മാത്രമല്ല, തനിക്കൊത്ത സഭയെ അറിയാഞ്ഞ കുററത്തിനു സജ്ജനങ്ങളാൽ നിന്ദിക്കപ്പെടുകയും ചെയ്യും.)

അങ്കണത്തുളുക്കവമിഴ്ത്തററാററങ്കണാത്ത
രല്ലാർമുർകോട്ടി കൊളൽ. ൧൦

സാ—(വിജ്ഞനായ ഒരുവൻ) വിജ്ഞന്മാരല്ലാത്തവരുടെ സഭയിൽ യാതൊന്നും പറയാതിരിക്കേണ്ടതാകുന്നു; പറയുന്നതായാൽ അതു പറച്ചിൽ മുററത്തൊഴിച്ച അമൃതിനുതുല്യമായിരിക്കും. (സജ്ജനവാക്കു് ദുർജ്ജനസദസ്സിൽ പുറപ്പെടുവിക്കുന്നതു് അമൃതു മുററത്തൊഴിക്കുന്നതുപോലെ—അപൂർവ്വവസ്തുവിനെ പാഴിൽ കളയുക—ആകുന്നു.)

---

## എഴുപത്തിമൂന്നാമധികാരം.

### അവൈയഞ്ചാമൈ—സഭാഭീതിയില്ലായ്മ.

---

വകൈയറിന്തു വല്ലവൈവായ് ചോരാർചൊല്ലി-
ൻറാകൈയറിന്തുയ്മൈയവർ. ൧

സാ—വാഗ്വിഭാഗങ്ങളെ അറിഞ്ഞ പരിശുദ്ധഹൃദയന്മാർ, സഭയറിഞ്ഞു വിദ്വത്സഭയിൽ പ്രസംഗിക്കുമ്പോൾ (ഭയത്താൽ നാക്കുതെററി) അബദ്ധം പറയുകയില്ല. (വാഗ്ജ്ഞാനികൾ സഭാകമ്പത്താൽ പ്രമാദം സംഭവിക്കുകയില്ലെന്നു താല്പൎയ്യം.)

കററാരുട് കററാ രെനപ്പട്ടവർ കററാർമുർ
കററചെലച്ചൊല്ലുവാർ. ൨

സാ—വിദ്വത്സദസ്സിൽ, വിദ്വാന്മാർ ഗ്രഹിക്കുമാറു്, താൻ ഗ്രഹിച്ചിട്ടുള്ളവയെ പറവാൻ കഴിവുള്ളവരെ എല്ലാവിദ്വാന്മാരിലുംവച്ചു് വിദ്വാന്മാരായി ലോകർ ബഹുമാനിക്കുന്നതാണു്. (സ്വവിദ്യയെ വിദ്വത്സദസ്സിൽ വെളിപ്പെടുത്താൻ ഭയപ്പെടാത്തവൻ വിദ്വാന്മാരിൽവച്ചു ശ്രേഷ്ഠനാകുമെന്നു താല്പൎയ്യം.)

പകൈയകത്തുച്ചാവാരെളിയ രരിയ-
രവൈയകത്തഞ്ചാ തവർ. ൩

സാ—ശത്രുക്കളുടെ മുമ്പിൽചെന്നു മരിക്കാൻ ഭയപ്പെടാത്തവർ പലർ ഉണ്ടായിരിക്കും: സഭയിൽചെന്നു സംസാരിക്കാൻ ഭയപ്പെടാത്തവർ ചിലരേ ഉണ്ടായിരിക്കൂ.

കററാർ മുർ കററ ചെലച്ചൊല്ലിത്താങ്കററ
മിക്കാരുൺമിക്ക കൊളൽ. ൪

സാ—വിജ്ഞന്മാരുടെ സദസ്സിൽ താൻ പഠിച്ചിട്ടുള്ളതിനെ (സദസ്യരുടെ) മനസ്സിൽ പതിയത്തക്കവണ്ണം പറഞ്ഞു്. താൻ പഠിച്ചിട്ടുള്ളതിൽ കൂടുതൽ, അധികം പഠിച്ചിട്ടുള്ളവരിൽനിന്നും ഗ്രഹിക്കേണ്ടതാകുന്നു. (എല്ലാവിഷയത്തെയും പററി സമ്പൂൎണ്ണജ്ഞാനം സിദ്ധിച്ചിട്ടുള്ളവർ ഉണ്ടായിരിക്കയില്ല; ഓരോവിഷയങ്ങളിൽ ഓരോരുത്തൎക്കു് അറിവുണ്ടായിരിക്കും. ആ വിധത്തിൽ അറിവുള്ള പലർ കൂടുന്നിടത്തു് ഓരോരുത്തനിൽനിന്നും ഓരോ പുതിയ അറിവിനെ സമ്പാദിക്കാൻ സാധിക്കുന്നതാണു്; അപ്രകാരമുള്ള അറിവിനെ സമ്പാദിക്കുകയും തനിക്കു് അറിവുള്ള വിഷയത്തെ മററുള്ളവരെ ഗ്രഹിപ്പിക്കുകയും ചെയ്യേണ്ടതു് ഓരോരുത്തന്റെയും കടമയാണെന്നു ഭാവം.)

അററിനളവറിന്തു കർകവവൈ യഞ്ചാ
മാററങ്കൊടുത്തർ പൊരുട്ടു. ൫

സാ—സഭയിൽ ഭയപ്പെടാതെ പ്രത്യുത്തരം നൽകാൻ, ശബ്ദശാസ്ത്രവും തൎക്കശാസ്ത്രവും അഭ്യസിച്ചിരിക്കേണ്ടതാകുന്നു.

വാളൊടെൻ വൻകണ്ണരല്ലാൎക്കു നൂലൊടെ-
ന്നുണ്ണവൈയഞ്ചുപവൎക്കു. ൬

സാ—ശൌൎയ്യവാന്മാരല്ലാത്തവൎക്കു ഖഡ്ഗത്തോടു് എന്തുസംബന്ധമുണ്ടു്? പ്രഗത്ഭമായ (ബുദ്ധിമാന്മാരാൽ നിറയപ്പെട്ട) സഭയെ ഭയപ്പെടുന്നവൎക്കു ശാസ്ത്രത്തോടു് എന്തു സംബന്ധമാണു്? (അധീരന്മാൎക്കു ഖഡ്ഗത്തോടെന്നപോലെ, വിജ്ഞന്മാരാൽ അലങ്കൃതമായ സദസ്സിനെ ഭയപ്പെടുന്നവൎക്കു ശാസ്ത്രങ്ങളോടു യാതൊരു സംബന്ധവുമില്ലെന്നു ഭാവം.)

പകൈയകത്തു പ്പേടികൈ യൊൾവാളവൈയക-
ത്തഞ്ചുമവൻ കററ നൂൽ. ൭

സാ—സഭയിൽ ഭയപ്പെടുന്നവൻ പഠിച്ച ശാസ്ത്രം, ശത്രുമദ്ധ്യത്തിൽ ഭയപ്പെടുന്നവൻ കൈയിൽ പിടിച്ച വാളിനു തുല്യമാകുന്നു. (സഭാഭീതന്റെ ശാസ്ത്രജ്ഞാനം, ശത്രുഭീതന്റെ ഖഡ്ഗത്തിനു തുല്യമത്രേ; രണ്ടും നിഷ്ഫലങ്ങളാണെന്നു ഭാവം.)

പല്ലവൈകററും പയമിലരേ നല്ലവൈയു
ണൻകു ചെലച്ചൊല്ലാതാർ. ൮

സാ—വിജ്ഞന്മാരുടെ സദസ്സിൽ സഭാപ്രിയങ്ങളെ നിർഭയം പറയാത്തവർ അനേകശാസ്ത്രങ്ങളെ അഭ്യസിച്ചവരായിരുന്നാലും പ്രയോജനമില്ല. (വിദ്വാന്മാരുടെ മുമ്പിൽ വെളിപ്പെടുത്താൻ ഭയപ്പെടുന്നവൻെറ വിദ്യാസമ്പത്തു അവനും മററുള്ളവൎക്കും പ്രയോജകീഭവിക്കുന്നില്ലെന്നു താല്പൎയ്യം.)

കല്ലാതവരിർ കടൈയെൻപ കററ റിന്തു
നല്ലാരവൈയഞ്ചുവാർ. ൯

സാ—പഠിച്ച് അതിൻെറ പ്രയോജനത്തെ അറിഞ്ഞിരുന്നിട്ടും വിജ്ഞന്മാരുടെ സദസ്സിനെ ഭയപ്പെടുന്നവൻ, മൂഢന്മാരിലും താഴ്ന്നവനാണെന്നു ലോകർ പറയും. (നല്ല പഠിപ്പുള്ളവനായാലും വിദ്വത്സദസ്സിനെ ഭയപ്പെടുന്നവൻ മഹാമൂഢനാണെന്നു താല്പൎയ്യം.)

ഉളരെനിനു മില്ലാരൊടൊപ്പർകളനഞ്ചി-
ക്കററ ചെലച്ചൊല്ലാതാർ. ൧൦

സാ—സഭയെ ഭയന്നു താൻ പഠിച്ചതിനെ പറയാതിരിക്കുന്നവർ സഭാഭീതിയാൽ സ്വവിദ്യയെ വെളിപ്പെടുത്താൻ മടിക്കുന്നവർ ജീവിച്ചിരുന്നാലും മരിച്ചവരോടു തുല്യന്മാരാണ്.

---

## എഴുപത്തിനാലാം അധികാരം.

### നാടു—രാഷ്ട്രം.

---

തള്ളാ വിളൈയുള്ള ന്തക്കാരുന്താഴ്വിലാ-
ച്ചെൽവരുഞ്ചേർ വതുനാടു. ൧

സാ—അക്ഷീണം കൃഷിചെയ്യുന്നവരും, അറിവുള്ളവരും അക്ഷയധനികരും ചേൎന്നു വസിക്കുന്നതാണു രാജ്യം (കൃഷീവലന്മാർ, അറിവുള്ളവർ, ധനികന്മാർ ഈ മൂന്നു വകപ്പിലുമുള്ളവരാൽ അധിവസിക്കപ്പെട്ട രാജ്യമാണ് യഥാൎത്ഥരാജ്യം ഭക്ഷണത്തിനു മുട്ടുണ്ടാകാതിരിക്കാൻ കൃഷീവലന്മാരും, ധൎമ്മസംരക്ഷണത്തിന് അറിവുള്ളവരും ധനാവശ്യത്തിലേക്ക് ധനികന്മാരും ഒരു രാജ്യത്തിനു് അവശ്യമാണെന്നു ഭാവം.)

പെരുമ്പൊരുളാർ പെട്ടക്ക താകിയരുങ്കേട്ടാ-
ലാററവിളൈവതുനാടു. ൨

സാ—സീമാതീതമായ ധനസമൃദ്ധിയാൽ അഭിലഷണീയമായി ഈതി യെഴിഞ്ഞ വിളവോടുകൂടിയതത്രേ രാജ്യം. (അയൽരാജ്യക്കാരാൽ അഭിലഷിക്കപ്പെടത്തക്ക ധനസമൃദ്ധിയും വിളവും ഉള്ളതാണു രാജ്യമെന്നു താല്പൎയ്യം. ഈതി—അതിവൃഷ്ടി, അനാവൃഷ്ടി, ശലഭം, എലി, കിളി, അത്യാസന്നനായ ശത്രുരാജാവ് ഇവയാകുന്നു. ഈ ആറിൻെറയും ഉപദ്രവം ബാധിക്കാതിരുന്നാൽ വിളവിനു ക്ഷയം നേരിടുന്നതല്ല.)

പൊറൈയൊരുങ്കുമേൽവരുങ്കാററാങ്കിയിറൈവർ
ചിറൈയൊരുങ്കുനേൎവതുനാട്ടു്. ൩

സാ—അയൽനാട്ടുകളിലെ ഭാരമെല്ലാം ഒന്നുചേർന്നു തന്നിൽ തങ്ങിയാൽ ആ ഭാരവും വഹിച്ച് രാജഭോഗത്തെ മുഴുവൻ കൊടുക്കുന്നതാണു രാജ്യം. (ശത്രുക്കളുടെ ആക്രമണത്താലോ സ്വരാജാവിന്റെ ദുർഭരണത്താലോ ക്ഷാമം ഹേതുവാലോ അയൽനാട്ടുകളിൽനിന്നും വന്ന്, തന്നെ അഭയംപ്രാപിച്ച ജനങ്ങളെയും മൃഗങ്ങളെയും പുലർത്തേണ്ടതായ വലിയഭാരം നിർവ്വഹിക്കേണ്ടതായി നേരിട്ടാൽ ആ ഭാരവുംവഹിച്ച് പതിവുള്ള രാജഭോഗത്തെ നൽകുകയും ചെയ്യാൻ ശക്തിയുള്ളതിനെയാണ് രാജ്യം എന്നു പറയേണ്ടതെന്നു ഭാവം.)

ഉറുപചിയുമോവാപ്പിണിയുഞ്ചെറുപകൈയു-
ഞ്ചേരാതിയൽവതുനാട്ടു. ൪

സാ—അതിവിശപ്പും, തീരാരോഗവും, നശീകരണശത്രുവും ബാധിക്കാതെ കഴിഞ്ഞുകൂടുന്നതാണുരാജ്യം. (വിശപ്പു കൃഷീവലന്മാരാലും, രോഗം കാലാനുസൃതമായ ആഹാരനിർവ്വഹണത്താലും, ശത്രുബാധ രാജബലത്താലും പരിഹരണീയമാണ്.)

പൽകുഴുവും പാഴ്ചെയ്യുമുട്പകൈയും വേന്തലൈക്ക-
ങ്കൊൽകുറുമ്പുമില്ലതുനാട്ടു. ൫

സാ—ദുസ്സംഘവും നാശത്തെച്ചെയ്യുന്ന അന്തശ്ശത്രുത്വവും രാജാവിനെ അലട്ടുന്ന കൊലപാതകന്മാരും ഇല്ലാത്ത രാഷ്ട്രമാണു രാജ്യം.

കേടറിയാക്കെട്ട വിടത്തും വളങ്കുൻറാ
നാടെൻപനാട്ടിററലൈ. ൬

സാ—കേടറിയാത്തതും (ഒരുപക്ഷേ) കെട്ടാലും വളംകുറയാത്തതുമായ രാഷ്ട്രം രാജ്യങ്ങളിൽ പ്രാധാന്യത്തെ അർഹിക്കുന്നതാണെന്നു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. (ഈതിബാധകൾ നേരിടാത്തതും നേർട്ടാലും വിളവുകുറയാത്തതും ആയ രാജ്യം പ്രാധാന്യത്തെ അർഹിക്കുമെന്നു താല്പര്യം.)

ഇരുപുനലും വായ്ന്തമലൈയും വരുപുനലും
വല്ലരണുനാട്ടിർ കുറുപ്പു. ൭

സാ—രാഷ്ട്രത്തിന്റെ അവയവങ്ങൾ, ജലവും മലയും (അതിൽനിന്നും ഉദ്ഭവിച്ചു) പ്രവഹിക്കുന്ന ജലവും തലസ്ഥാനനഗരിയുമാകുന്നു.

പിണിയിന്മൈ ചെൽവംവിളൈവിൻപ മമ
മണിയെൻപനാട്ടിർ കിവ്വൈന്തു. ൮

സാ—അരോഗത, ഐശ്വര്യം, വിളവ്, സുഖം, കാവൽ, ഇവ അഞ്ചും രാഷ്ട്രത്തിനു അലങ്കാരമായി ഗണിക്കപ്പെടുന്നു.

നാടെൻപനാടാ വളത്തനനാടല്ല
നാടവളന്തരുനാട്ടു. ൯

സാ—തേടാത്ത ഐശ്വര്യത്തോടുകൂടിയ രാഷ്ട്രം രാഷ്ട്രമാകുന്നു; തേടി കഷ്ടപ്പെട്ടതിനുശേഷം ഐശ്വര്യത്തെ തരുന്ന രാജ്യം രാജ്യമല്ല; എന്നു പറയപ്പെടുന്നു (പ്രകൃത്യാ(ഐശ്വര്യസമൃദ്ധിയോടുകൂടിയ രാജ്യം രാജ്യവും കഷ്ടപ്പെട്ടു വരുത്തിയകൃത്രിമൈശ്വര്യത്തോടുകൂടിയ രാജ്യം അപ്പേരിനു അർഹതയില്ലാത്തതുമാണെന്നു താല്പര്യം.)

ആങ്കമൈ വെയ്തിയ കണ്ണുംപയമിൻറേ
വേന്തമൈ വില്ലാതനാട്ടു. ൧൦

സാ—(മുൻചൊന്ന) സകലലക്ഷണങ്ങളും സമ്പൂർണ്ണങ്ങളായിരുന്നാലും രാജതത്തോടു യോജിക്കാത്ത രാഷ്ട്രം നിരുപയോഗമാകുന്നു. (രാജാവിനു പ്രജകളോടും പ്ര

ജനങ്ങൾക്ക രാജാവിനോട്ടും പരസ്പരസ്നേഹവിശ്വാസങ്ങൾ ഉണ്ടായിരിക്കണം; അതില്ലാത്തരാജ്യം എത്രതന്നെ ധനപുഷ്ടമായിരുന്നാലും അതുകൊണ്ടു പ്രയോജനമുണ്ടാകുന്നതല്ല. അതിനുകാരണം അടിക്കടി നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അന്തഃഛിദ്രങ്ങളും കലാപങ്ങളുംകൊണ്ടുള്ള അസംതൃപ്തിയും അസ്വാസ്ഥ്യവുമാണെന്നു വിവക്ഷ.)

## എഴുപത്തിഅഞ്ചാം അധികാരം.

### അരൺ—കോട്ട.

അററുപവർക്കു മരൺ പൊരുളഞ്ചിത്തർ
പോററുപവർക്കും പൊരുൾ. ൧

സാ—അന്യനെ ആക്രമിച്ചുകയറുന്നവനും കോട്ടപ്രധാനമാകുന്നു; പേടിയോടുകൂടി, തന്നെ പോററുന്നവർക്കും പ്രധാനമാകുന്നു. കോട്ട, തന്നേ പോററിരക്ഷിക്കുന്ന രാജാവിനും, ആ രാജാവിനെ ആക്രമിക്കുന്ന ശത്രുവിനും പ്രധാനമായിട്ടുള്ളതാണ്. തന്നെ ശത്രുരാജാവിന്റെ കൈയിൽപെടാതെ രക്ഷിക്കുന്നതിനാൽ രക്ഷകനും ഉദ്ദേശ്യസിദ്ധിക്കു പ്രതിബന്ധകമായി നിൽക്കുന്നതിനാൽ ആഗന്തുകനായ ശത്രുവിനും പ്രകാരാന്തരേണ ദുർഗ്ഗം പ്രാധാന്യം വഹിക്കുന്നു.)

മണിനീരു മണ്ണു മലൈ യുമണിനിഴർ
കാട്ടു മുടൈയ തരൺ. ൨

സാ—കോട്ടയെന്നു പറയപ്പെടുന്നതു്, മണിവർണ്ണമൊത്ത ജലവും വെളിസ്ഥലവും മലയും കുളുർഛായയുള്ള കാടും ഉള്ളതാകുന്നു. (ഒരിക്കലും വററാത്ത ജലത്തിനു മണിവർണ്ണമൊത്ത ജലമെന്നും ജലവും നിഴലുമില്ലാത്ത വിസ്തൃതമായ മരുഭൂമിക്കു വെളിസ്ഥലമെന്നും ഇടതൂർന്നു വളർന്നു ദുഷ്പ്രാപമായുള്ള വനത്തിനു കുളുർഛായയുള്ള കാടെന്നും ഇവിടെ അർത്ഥം ഗ്രഹിച്ചുകൊള്ളണം. ശത്രുക്കൾ സമീപിക്കാതിരിക്കാനായി ജലദുർഗ്ഗം, സ്ഥലദുർഗ്ഗം, പർവ്വതദുർഗ്ഗം, വനദുർഗ്ഗം ഇങ്ങനെ നാലുകോട്ടകളാൽ ചുററപ്പെട്ടതാണു് കോട്ടയെന്നു പറയപ്പെടുന്നതു് എന്നു താല്പര്യം.)

ഉയർവകലന്തിണ്മൈ യരുമൈയിന്നാൻകി-
നമൈവരണെൻറു രൈക്കു നൂൽ. ൩

സാ—പൊക്കവും വണ്ണവും ഉറപ്പും ദുഷ്പ്രവേശതയും ആകുന്ന നാലുലക്ഷണങ്ങളുമൊത്ത മതിലിനെ കോട്ടയെന്നു ശാസ്ത്രങ്ങൾ വിധിക്കുന്നു (ഏണിവച്ചാലും എത്താത്ത പൊക്കവും വെളിയിൽനിന്നും തുരന്നാൽ മറുവശം സുഷിരംവീഴാത്ത വ്യാസവും ഒരുപ്രകാരത്തിലും ഭേദിക്കാൻ കഴിയാത്ത ഉറപ്പും ഉള്ളതും യന്ത്രസഹായത്താൽ കടക്കാൻ ശ്രമിക്കുന്നവർക്കു പ്രയാസത്തെ നൽകുന്നതുമായ മതിലിനെ കോട്ട എന്നു വ്യവഹരിക്കുമെന്നു താല്പര്യം.)

ചിറുകാപ്പിർ പേരിടത്ത താകിയുറുപകൈ
യൂക്കമെഴിപ്പതരൺ. ൪

സാ—കോട്ടയെന്നതു്, ചെറുതായ കാവൽസ്ഥലത്തോടുകൂടിയതും സ്ഥലവിസ്തീർണ്ണതയുള്ളതും തന്നേ വളഞ്ഞ ശത്രുക്കളുടെ അഹങ്കാരത്തെ കെടുത്തുന്നതുമാകുന്നു.

കൊളർകരിതായ് ക്കൊണ്ടകൂഴ്ത്താകിയകത്താർ
നിലൈക്കെളിതാ നീരതരൺ. ൫

സാ—കോട്ട (ശത്രുക്കളാൽ) സമീപിക്കപ്പെടാൻ പ്രയാസമായിട്ടുള്ളതും, പലവിധ ഭക്ഷണസാധനങ്ങളെ ഉൾക്കൊണ്ടതും അകത്തുള്ളവരുടെ (യുദ്ധ) നിലയെ ലാഘവപ്പെടുത്തുന്ന ഗുണത്തോടുകൂടിയതുമാകുന്നു. (ശത്രുക്കൾക്കു അടുക്കാൻ പ്രയാസമായിട്ടുള്ളതും അകത്തുള്ളവൎക്കു നാനാവിധ ഭക്ഷണസാധനങ്ങൾ കൃഷിചെയ്യാൻ സൌകൎയ്യമുള്ളതും അകത്തുള്ളവരുടെ യുദ്ധശ്രമത്തെ ലഘൂകരിപ്പെടുത്തുന്നതുമാണെന്നു താല്പൎയ്യം. യുദ്ധശ്രമത്തെ ലഘൂപ്പെടുത്തുന്നതു് അകത്തുനിന്നു ശത്രുവിന്റെ നേൎക്കു പ്രയോഗിക്കുന്ന ആയുധങ്ങൾ കുറിക്കു കൊള്ളുന്നതിനും ശത്രുക്കളാൽ പ്രയോഗിക്കപ്പെടുന്നവ ലക്ഷ്യത്തിൽ കൊള്ളാതിരിക്കുന്നതിനും സഹായിക്കുകയാകുന്നു.)

എല്ലാപ്പൊരുളുമുടൈത്തായിടത്തുതവു
നല്ലാളുടൈയ തരൺ. ൬

സാ—കോട്ട, (അകത്തുള്ളവൎക്കു് ആവശ്യമുള്ള) എല്ലാവസ്തുക്കളോടുകൂടിയതും (ശത്രുക്കളിൽനിന്നും) നാശം നേരിടുന്നതുവരെ (അപ്രകാരമുള്ള നാശം നേരിടാതെ) സഹായിക്കാൻതക്ക യുദ്ധവീരന്മാരോടു കൂടിയതുമാകുന്നു.

മുററിയുമുററാതെറിന്തു മറൈപ്പടുത്തും
പററർ കരിയതരൺ. ൭

സാ—കോട്ടയാകട്ടെ, ഞെരുങ്ങി വളഞ്ഞും അങ്ങനെ ചെയ്യാതെ ഒരുവശത്തുനിന്നു ശ്രമിച്ചും അടിതുരന്നും ഭേദിക്കപ്പെടാൻ പ്രയാസമായിട്ടുള്ളതാകുന്നു. (ഒരുപ്രകാരത്തിലും ശത്രുക്കളാൽ ഭേദിക്കപ്പെടാൻ പ്രയാസമായിട്ടുള്ളതാണെന്നു താല്പൎയ്യം.)

മുററാററി മുററിയവരൈയും പററാററി-
പ്പററിയാർ വെൽവതരൺ. ൮

സാ—കോട്ടയാകട്ടെ, സൈന്യാധിക്യത്താൽ ആക്രമിക്കാൻ തയ്യാറായി വന്നു തന്നെ വളയുന്ന ശത്രുക്കളെപ്പോലും, നിലതെററാതെ നിന്നു പൊരുതു തോല്പിക്കുന്നവരെ ഉൾക്കൊള്ളുന്നതാകുന്നു.

മുനൈമുകത്തു മാററലർ ചായവിനൈ മുകത്തു
വീറെയ്തിമാണ്ട തരൺ. ൯

സാ—കോട്ടയെന്നതു്, യുദ്ധാരംഭത്തിൽതന്നെ ശത്രുക്കൾ നശിക്കാൻ (അകത്തുള്ളവർ ചെയ്യുന്ന) വിവിധപ്രവൃത്തികളിൽ സഹായിച്ചു പ്രശസ്തിയെ സമ്പാദിക്കുന്നതാകുന്നു.

എനൈമാട്ചിത്താകിയക്കണ്ണും വിനൈമാട്ചി
യില്ലാർ കണില്ല തരൺ. ൰

സാ—കോട്ടയെന്നതു്, മുൻചൊന്ന ഗുണങ്ങളെല്ലാം തികഞ്ഞതായിരുന്നാലും, തൊഴിൽസാമൎത്ഥ്യം ഇല്ലാത്തവൎക്കു് അതു നിഷ്പ്രയോജനമായി ഭവിക്കുന്നു.

---

## എഴുപത്താറാം അധികാരം.

### പൊരുൾചെയൽവകൈ—ധനസമ്പാദനം.

---

പൊരുളല്ലവരൈപ്പൊരുളാകച്ചെയ്യും
പൊരുളല്ലതില്ലൈ പൊരുൾ. ൧

സാ—അഗണ്യരായ നിസ്സാരന്മാരെയും ഗണ്യന്മാരാക്കിച്ചെയ്യാൻ കഴിവുള്ള ധനമല്ലാതെ മറെറാരു ധനം മനുഷ്യനില്ല. (കെട്ടിവച്ചിരിക്കുന്ന ധനം ഒരുവനെ ഗണ്യനാക്കിച്ചെയ്യുന്നില്ല; ധനത്തെ പാത്രമറിഞ്ഞു ധൎമ്മാചെയ്യും വേണ്ടകാൎയ്യങ്ങൾക്കു വിനിയോഗിച്ചും ബുദ്ധിപൂൎവ്വം ചെലവുചെയ്യുന്നവൻ ഗണ്യനായിഭവിക്കുന്നു; അപ്രകാരം ചെലവുചെയ്യപ്പെടുന്ന ധനത്തേക്കാൾ ശ്രേഷ്ഠമായ മറെറാരു ധനമില്ലെന്നു താല്പൎയ്യം.)

ഇല്ലാരൈയെല്ലാരു മെള്ളുവർചെൽവരൈ
യെല്ലാരു ഞ്ചെയ്‌വർ ചിറപ്പു. ൨

സാ—ധനമില്ലാത്തവരെ എല്ലാവരും നിന്ദിക്കും; ധനമുള്ളവരെയെല്ലാവരും സ്തുതിക്കും.

പൊരുളെന്നും പൊയ്യാവിളക്കമിരുളറുക്കു-
മെണ്ണിയതേയത്തുച്ചെൻറു. ൩

സാ—ധനമെന്നു പറയപ്പെടുന്ന മണിദീപം വിചാരിക്കുന്നിടത്തെത്തി ഇരുളിനെ നശിപ്പിക്കും. (ധനമെന്ന മണിവിളക്ക് ശത്രുവെന്ന ഇരുളിനെ നശിപ്പിക്കുമെന്നു താല്പൎയ്യം.)

അറനീനുമിൻപമുമീനുന്തിറനറിന്തു
തീതിൻറിവന്ത പൊരുൾ. ൪

സാ—സാമൎത്ഥ്യമറിഞ്ഞു്, സന്മാൎഗ്ഗത്തിൽക്കൂടി ആൎജ്ജിക്കപ്പെടുന്ന ധനം, ധൎമ്മത്തെയും സുഖത്തെയും പ്രദാനംചെയ്യും. (ദേശോചിതമായ സമ്പാദ്യം ധൎമ്മസുഖങ്ങളെ നൽകുന്നു. ദാനങ്ങൾ ചെയ്യുന്നതുകൊണ്ടു ധൎമ്മവും, തന്നിമിത്തം ആ ധനത്തെ ആയുരന്തം അനുഭവിക്കുന്നതിടയാകുന്നതിനാൽ സുഖവും ഉണ്ടാകുമെന്നു വിവക്ഷ.)

അരുളൊടുമൻപൊടും വാരാപ്പൊരുളാക്കം
പുല്ലാർപുരളവിടൽ. ൫

സാ—കരുണയോടും സ്നേഹത്തോടും സംബന്ധിക്കാതെ വരുന്ന ധനത്തെ സ്വീകരിക്കാതെ തള്ളേണ്ടതാകുന്നു. (രാജാക്കന്മാർ പ്രജകളോടു കരുണ ചെലുത്തിയും പ്രജകൾ രാജാവിനെ സ്നേഹിച്ചും സമ്പാദിക്കപ്പെടുന്ന ധനം സ്വീകാൎയ്യമാകുന്നു; പരസ്പരസ്നേഹവും സഹഭാവവുമില്ലാതെ സമ്പാദിക്കുന്ന ധനം, ന്യായമായി ആൎജ്ജിക്കപ്പെട്ട ധനത്തേക്കൂടി നഷ്ടപ്പെടുത്തുന്ന സ്വഭാവത്തോടുകൂടിയതാകയാൽ അതു കേവലം വൎജ്ജ്യമാണെന്നു ഭാവം.)

ഉറുപൊരുളുമുൽകു പൊരുളുന്തന്നൊന്നാർ
ത്തെറുപൊരുളും വേന്തൻപൊരുൾ. ൬

സാ—അവകാശികളില്ലാതെ ലഭിക്കപ്പെടുന്ന സ്വത്തും ചുങ്കംവരവും ശത്രുക്കളെ തോല്പിച്ചു കിട്ടുന്ന സ്വത്തും രാജാവിൻെറ സമ്പാദ്യമാകുന്നു. (അവകാശികളില്ലാതെ ലഭിക്കപ്പെടുന്ന സ്വത്തുക്കൾ, നിധിധനവും കളഞ്ഞുകിട്ടുന്നവയും ഒരുവൻെറ മരണാനന്തരം അവകാശികളില്ലാത്തതിനാൽ അന്യംനിൽക്കുന്നവയും മററുമാകുന്നു.)

അരുളെന്നുമൻപീൻ കുഴവി പൊരുളെന്നു
ഞ്ചെൽവച്ചെവിലിയാലുണ്ടു്. ൭

സാ—പ്രേമത്താൽ പ്രസവിക്കപ്പെട്ട ഭക്തിയെന്ന ശിശു, ധനമെന്നു ശ്ലാഘിച്ചു പറയപ്പെടുന്ന ഐശ്വൎയ്യത്തോടുകൂടിയ ധാത്രിയാൽ വളരുന്നു. (രാജാവിൻെറ സ്നേഹം പ്രജകളിൽ ഭക്തിയെ ജനിപ്പിക്കുന്നതിനാൽ പ്രേമത്തെ ഭക്തിയുടെ മാതാവായും ആ ഭ

കതിയെ നിലനിൎത്തുന്ന രാജാവിൻെറ ധനത്തെ വളൎത്തമ്മയായും കല്പിച്ചിരിക്കുന്നു. രാജാവിൻെറ ധനം പ്രജകളുടെ ക്ഷേമത്തിനായി വിനിയോഗിക്കണമെന്നു വിവക്ഷ.)

കുൻറേറി യാനൈനെപ്പോർ കണ്ടററാററൻകൈത്തൊ-
ൻറുണ്ടാകച്ചെയ്‌വാൻ വിനൈ. ൮

സാ—തൻെറ സ്വത്തിരിക്കെ, ഒരു തൊഴിൽ ചെയ്യുന്നവൻെറ യത്നം, കുന്നിൽ കയറിനിന്ന് ആനപ്പോരു കാണുന്നതുപോലെയാണ്. (ഒരുവൻ കുന്നിന്മേൽകയറിനിന്നു താഴെ ആനയും ആനയുംതമ്മിൽ പൊരുതുന്നതു എപ്രകാരം നിൎഭയമായും സന്തോഷത്തോടുകൂടിയും കണ്ടുനിൽക്കുന്നുവോ, അപ്രകാരം കൈയിൽ പണമുള്ളവൻ, ആദായത്തിൽ പൂൎണ്ണവിശ്വാസത്തോടുകൂടി തൊഴിലിൽ പ്രവൎത്തിക്കുമെന്നു താല്പൎയ്യാൎത്ഥം.)

ചെയ്കപൊരുളൈച്ചെറുനർചെരുക്കറുക്ക-
മെകതനിർ കൂരിയതിൽ. ൯

സാ—ധനത്തെ സമ്പാദിക്കേണ്ടതാവശ്യമാകുന്നു; ശത്രുവിൻെറ അഹങ്കാരത്തെ ഹനിക്കുന്ന ആയുധമാണതു്; അതുപോലെ മൂൎച്ചയുള്ള മറെറാരായുധമില്ല (ശത്രുരാജാക്കന്മാരെ തോല്പിച്ചു അവരുടെ അഹങ്കാരത്തെ കുറയ്ക്കുവാൻ ധനത്തിനെക്കാൾ ശക്തി മറെറാന്നിനില്ല യുദ്ധസാമഗ്രികളെ ധാരാളമായി സംഭരിക്കുന്നതിനും സൈന്യശക്തിയെ വൎദ്ധിപ്പിക്കുന്നതിനും ധനമുണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. അപ്രകാരമുള്ള ധനത്തെ സമ്പാദിക്കേണ്ടതു് രാജാക്കന്മാരുടെ കടമയാകുന്നു.)

ഒൺപൊരുൾകാഴ്പ്പവിയററിയാർക്കെൺപൊരു-
ളേനൈയിരണ്ടുമൊരുങ്കു. ൧൦

സാ—സദ്ധനത്തെ ക്രമാതീതമായി സമ്പാദിക്കുന്നവൎക്കു് മററവരണ്ടും എളുപ്പത്തിൽ സിദ്ധിക്കും. (നിഷ്കളങ്കമായ ധനത്തെ അധികമായി സമ്പാദിക്കുന്നവൎക്കു് ധൎമ്മവും കാമവും ലഘുവിൽ സിദ്ധിക്കുമെന്നു താല്പൎയ്യം.)

---

## എഴുപത്തേഴാം അധികാരം.

### പടൈമാട്ചി—സൈന്യഗുണം.

---

ഉറുപ്പമൈന്തുറഞ്ചാവെൽപടൈവേന്തൻ
വെറുക്കൈയുളെല്ലാന്തലൈ. ൧

സാ—ഗജാദി നാലംഗങ്ങളോടുചേൎന്നുനിന്നു്, പരുക്കേൽക്കുമെന്നു ഭയപ്പെടാതെ, (പൊരുതു) ജയം സമ്പാദിക്കുന്ന സൈന്യം രാജാവിൻെറ ഐശ്വൎയ്യങ്ങളിൽ പ്രഥമഗണനീയമാകുന്നു. (നിൎഭയം യുദ്ധംചെയ്തു ശത്രുവിനെ ജയിക്കുന്ന സൈന്യം രാജാവിൻെറ അദ്വിതീയമായ ധനമാണെന്നു താല്പൎയ്യം.)

ഉലൈവിടത്തുറഞ്ചാവൻകണ്ടൊലൈവിടത്തു
തൊൽപടൈക്കല്ലാലരിതു. ൨

സാ—ശക്തിക്ഷയത്താൽ, രാജാവിനു യുദ്ധത്തിൽ പരാജയം സംഭവിക്കുമെന്ന ഘട്ടത്തിൽ, പ്രാണഭീതികൂടാതെ പൊരുതുനിൽക്കുന്ന ശൌൎയ്യം, ആ രാജാവിൻെറ പൂൎവ്വികന്മാരുടെ കാലംമുതൽ സേവിച്ചുപോരുന്ന സൈന്യത്തിനല്ലാതെ ഉണ്ടാവുകയില്ല. (വൻപനായ ശത്രുവിൽനിന്നും അഴിവുനേരിടാനിരിക്കുന്ന ഘട്ടത്തിൽ, സംഖ്യാബലം കുറഞ്ഞിരുന്നാലും സ്വരക്ഷയെക്കരുതാതെ രാജാവിൻെറ രക്ഷയ്ക്കുവേണ്ടി മരണത്തെ തൃണവദ്ഗണിച്ചു യുദ്ധംചെയ്യുന്നതിനുള്ള ശൌൎയ്യം പരമ്പരാസേവകന്മാരായ ഭടന്മാൎക്കല്ലാതെ ഉണ്ടാകുന്നതല്ലെന്നു താല്പൎയ്യം.)

ഒലിത്തക്കാലെന്നാമുവരിയെലിപ്പകൈ
നാകമുയിർപ്പക്കെടും. ൩

സാ—എലികൾ അലറിപ്പെരുകി അടുത്താൽ എന്തുവരാനാണ്? പാമ്പു നിശ്വസിക്കുന്നമാത്രയിൽ ഒന്നോടെ നശിക്കും. (ഒട്ടുവളരെ മൂഷികന്മാർ അലറി അഹങ്കരിച്ച് പാമ്പിന്റെ നേർക്കടുത്താൽ പാമ്പിന് എന്തു നഷ്ടമാണുണ്ടാകാനിരിക്കുന്നത്? പാമ്പു കടക്കെ ഒന്നു നിശ്വസിച്ചാൽ ഒക്കെ നശിക്കും. അതുപോലെ ശൂരന്മാരല്ലാത്ത ഒട്ടുവളരെ ഭടന്മാർ സംഘബലത്താൽ അഹങ്കരിച്ച് സമർത്ഥനായ ഒരു രണശൂരന്റെ നേർക്കടുത്താൽ അവർ ആ ഒരുവനാൽ പരാജിതന്മാരായി ഭവിക്കുമെന്നു ഭാവം.)

അഴിവിന്റവൈപ്പോകാതാകിവഴിവന്ത
വൻകണതുവേപ്പടൈ. ൪

സാ—പടയെന്നത്, അഴിവില്ലാത്തതും അജയ്യമായതും പാരമ്പര്യശൗര്യത്തോടുകൂടിയതുമാകുന്നു (യുദ്ധക്കളത്തിൽ പരാജയം സംഭവിക്കാത്തതും ശിഥിലീകരിക്കപ്പെടാത്തതും പരമ്പരാശൗര്യത്തോടുകൂടിയതുമായ സൈന്യമത്രേ സൈന്യം എന്ന വാക്കിനെ അർഹിക്കുന്നത് എന്നു താല്പര്യം.)

കൂറ്റുടൻറുമേൽവരിനുംകൂടിയെതിർനിർക്കു
മാററലതുവേപ്പടൈ. ൫

സാ—പടയെന്നത്, യമൻ കോപത്തോടുകൂടിവന്ന് എതിർത്താലും മനഃപൂർവ്വം എതിർത്തുനിൽക്കുന്ന മനശ്ശക്തിയുള്ളതാണ്. (യമൻതന്നെ നേരിട്ടാലും നിർഭയം എതിർത്തുനിൽക്കുന്ന മനശ്ശക്തിയുള്ളതിനെയാണ് സൈന്യമെന്നുപറയേണ്ടതെന്നു താല്പര്യം.)

മറമാനമാണ്ടവഴിച്ചെലവുതേററ
മെനനാൻകേയേമംപടൈക്കു. ൬

സാ—ശൗര്യം, അഭിമാനം, അഭിനന്ദനീയമായ സന്മാർഗ്ഗത്തിൽ ചരിക്കുന്ന സ്വഭാവം, വിശ്വസ്തത ഈ നാലുഗുണങ്ങളും സേനയ്ക്കു കോട്ടയാകുന്നു. (ഈ നാലുഗുണങ്ങൾ യഥാക്രമം, രാജാവിന്റെ ശത്രുക്കളെ നശിപ്പിക്കുകയും, രാജാവിന്റെ മാനത്തെ പാലിക്കുകയും, പരാജിതരാക്കപ്പെട്ട ശത്രുക്കളെ പീഡിപ്പിക്കാതിരിക്കുകയും, ശത്രുപക്ഷത്തിൽ ചേരാതിരിക്കുകയും ചെയ്യുന്നു എന്നു വിവക്ഷ. ഈദൃശന്മാരായ ഭടന്മാർക്ക് ഒരിക്കലും അപജയമുണ്ടാകാനിടയില്ലാത്തതിനാൽ തദ്ഗുണചതുഷ്ടയത്തെ, അവരെ കാത്തുരക്ഷിക്കുന്ന കോട്ടയാക്കി കല്പിച്ചതാണ്.)

താർതാങ്കിച്ചെൽവതുതാനൈ തലൈവന്ത
പോർതാങ്കുന്തൻമൈയറിന്തു. ൭

സാ—യുദ്ധമർമ്മം അറിഞ്ഞ്, പ്രതിവ്യൂഹം നിർമ്മിച്ച് ശത്രുവിനെ എതിർത്തുകയറുന്നതാണ് സൈന്യം എന്ന പേരിനെ അർഹിക്കുന്നത്.

അടലറാകൈയുമാററലുമില്ലെനിനുന്താനൈ
പടൈത്താകൈയാർപാടുപെറും. ൮

സാ—യുദ്ധസാമർത്ഥ്യവും സഹനതയും ഇല്ലെങ്കിലും സൈന്യം കൃത്രിമാലങ്കാരങ്ങളാൽ ശ്ലാഘനീയമായി ഭവിക്കും (യുദ്ധസാമർത്ഥ്യവും സഹനതയുമില്ലെങ്കിലും എന്നു പറഞ്ഞതുകൊണ്ട് അവ ആവശ്യമില്ലെന്നർത്ഥമില്ല; അവ രണ്ടിനേയുംകാൾ കൃത്രിമാലങ്കാരം അവശ്യം വേണ്ടതാണെന്നും അത് ഉണ്ടായിരുന്നാൽ ശ്ലാഘനീയമായി ഭവിക്കുമെന്നും ഭാവം. കൃത്രിമാലങ്കാരങ്ങൾ, കമനീയമായി അലങ്കരിക്കപ്പെട്ട രഥങ്ങളും ബലിഷ്ഠങ്ങളായ കുതിരകളും കുട, കൊടി, തഴ, പടഹം, കാഹളം മുതലായ സാമഗ്രികളുമാകുന്നു.)

ചിറുമൈയുഞ്ചെല്ലാത്തുനിയുംവറുമൈയു-
മില്ലായിൻവെല്ലുംപടൈ. ൯

സാ—ക്ഷയവും, തീരാവെറുപ്പും, ദാരിദ്ര്യവുമില്ലെങ്കിൽ, സൈന്യം ജയിക്കും. (രാജാവു ശരിക്കു മാസപ്പടികൊടുക്കാത്തതിനാൽ സൈന്യത്തിനു ദാരിദ്ര്യവും അക്കാരണത്താൽ ഭടന്മാർ പിരിഞ്ഞുപോകുന്നതുകൊണ്ടുള്ള ക്ഷയവും മനസ്സിനു തീരാവെറുപ്പും നേരിടുന്നു; അങ്ങനെ ഉണ്ടാകാതിരുന്നാൽ ഭടന്മാർ യുദ്ധക്കളത്തിൽ പ്രസരിപ്പും ധൈര്യവും പ്രകടിപ്പിച്ചു വിജയംസമ്പാദിക്കുമെന്നു താല്പര്യം.)

നിലൈമക്കൾ ചാലവുടൈത്തെനിനുന്താനൈ
തലൈമക്ക ളിൽവഴി യിൽ. ൧൦

സാ—സൈന്യം, വളരെവളരെ വീരഭടന്മാരടങ്ങിയതായിരുന്നാലും, സൈന്യാധിപന്റെ അഭാവത്തിൽ ഉറച്ചുനിൽക്കുകയില്ല. (നാഥനില്ലാത്ത സേന യുദ്ധക്കളത്തിൽനിന്നും പലായനംചെയ്യുമെന്നു താല്പര്യം )

---

## എഴുപത്തെട്ടാം അധികാരം.

### പടൈച്ചെരുക്കു—വീരോക്തി *

---

എന്നൈമുന്നില്ലുൻമിൻറെവ്വിർപലരെന്നൈ
മുന്നിൻറുകന്നിൻറവർ. ൧

സാ—ശത്രുവേ! എന്റെ നായകന്റെ മുമ്പിൽനിന്നു്, ശിലയായി ഭവിച്ചിട്ടുള്ള വീരന്മാർ പലരാണു്; നിങ്ങൾക്കു ശരീരത്തോടുകൂടി നിൽക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ എന്റെ നായകന്റെ മുമ്പിൽ നിൽക്കായ്പിൻ! (എന്റെ നായകന്റെ മുമ്പിൽ എതിർത്തുനിന്നു യുദ്ധംചെയ്തിട്ടുള്ള ഭടന്മാരെല്ലാം ശിലാപ്രതിമാവശേഷന്മാരായി ഭവിക്കുകയാണുചെയ്തിട്ടുള്ളതു്; നിങ്ങൾ ആ അനുഭവത്തെ ഇച്ഛിക്കുന്നില്ലെങ്കിൽ, ശരീരത്തോടുകൂടിവർത്തിക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ, അല്ലയോ ശത്രുക്കളേ! എന്റെ നായകന്റെ മുമ്പിൽ എതിർത്തുനിൽക്കായ്പിൻ! എന്നു താല്പര്യം )

കാനമുയലെയ്തവമ്പിനിൽയാനൈ
പിഴൈത്തവേലേന്തലിനിതു. ൨

സാ—കാട്ടിലെ മുയലിനെ എയ്ത അമ്പിനെക്കാൾ, ആനയെ എയ്തു തെററിയ അമ്പു് ഏറ്റവും ശ്ലാഘ്യം. (കാട്ടിൽ വസിക്കുന്ന മുയലിനെ എയ്തു തെററാതെ കൊള്ളിക്കുന്ന അമ്പിനെ വഹിക്കുന്നതിനെക്കാൾ നാട്ടിൽ വിഹരിക്കുന്ന ആനയെ എയ്തു തെററിയ അമ്പിനെ വഹിക്കുകയാണു വേണ്ടതെന്നു താല്പര്യം. വിജനമായ വനപ്രദേശത്തിൽ വസിക്കുന്ന സാധുപ്രകൃതിയായ മുയലിനെ കുറിതെററാതെ എയ്തുകൊള്ളിക്കുന്ന അമ്പിനെ വഹിക്കുന്നതു് അശൌര്യലക്ഷണവും, നാട്ടിൽകടന്നു ജനോപദ്രവംചെയ്യുന്ന മദയാനയെ എയ്യുന്ന അമ്പു് കുറിക്കുകൊണ്ടില്ലെങ്കിലും അതിനെ വഹിക്കുന്നതു ശൌര്യലക്ഷണവുമാണെന്നു ഭാവം. വിദൂരസ്ഥനും ശാന്തനുമായ രാജാവിനെ എതിർത്തു തോല്പിക്കുന്നതിലല്ല, സമീപസ്ഥനും ധിക്കാരിയുമായ രാജാവിനെ-തോല്പിക്കാൻ കഴിഞ്ഞില്ലെങ്കിലും—എതിർക്കുന്നതിലാണു രണശൂരതാ അന്തർഭവിച്ചിരിക്കുന്നതെന്നു വിവക്ഷ )

---

* യുദ്ധത്തിൽ മരിച്ച ഒരു വീരൻ ആകാശത്തിൽ മറഞ്ഞുനിന്നുംകൊണ്ടു പറയുന്ന വാക്കുകൾ.

പേരാൺമെയെൻപതറുകണൊൻറുററക്കാ
ലൂരാൺമൈമററതനെകു. ൩

സാ—മുഖംനോക്കാത്ത ശൌൎയ്യം ശ്രേഷ്ഠമായ പൌരുഷമാകുന്നു; തഴ്ച്ച വരുന്നിടത്തു് ഉപകരിക്കുന്നതു് അതിലും ശ്രേഷ്ഠമാകുന്നു. (ശത്രുവിനെ മുഖംനോക്കാതെ എതിൎക്കുന്ന ശൌൎയ്യം ഉൽകൃഷ്ടമായ പൌരുഷവും ആ ശത്രുവിനുതന്നെയും എന്തെങ്കിലും ആപത്തുനേരിട്ടപ്പോൾ അവരെ സഹായിക്കുന്ന ഔദാൎയ്യം അതിനെക്കാൾ പൌരുഷവുമാണെന്നു താല്പൎയ്യം.)

കൈവേൽകളിററൊടുപോക്കിവരുപവൻ
മെയ്‌വേൽപറിയാനകും. ൪

സാ—കൈയ്യിലിരുന്ന വേലിനെ ആനയുടെ നേൎക്കു പ്രയോഗിച്ചുംവച്ചു വരുന്നവൻ തന്റെ ശരീരത്തിൽ തറച്ചിട്ടുള്ള വേൽ ഊരി (പ്രയോഗിച്ചു) സന്തുഷ്ടനായി ഭവിക്കുന്നു (കൈയ്യിലുണ്ടായിരുന്ന അമ്പിനെ ആനയുടെ നേൎക്കു പ്രയോഗിച്ചവൻ, മറെറാരുത്തനെ എതിരിടുന്നതു കണ്ടു്, തന്റെ മാറിൽത്തറച്ചിരുന്ന അമ്പു് വലിച്ചൂരി അതിന്റെ നേൎക്കു പ്രയോഗിച്ചു സന്തുഷ്ടനായി ഭവിക്കുമെന്നു ഭാവം)

വിഴിത്തകൺവേൽ കൊണ്ടെറിയ വഴിത്തിമെപ്പി-
റോട്ടന്റോ വൻക ണവൎക്കു. ൫

സാ—ശത്രുവിനെ കടുക്കെ നോക്കുന്ന കണ്ണു്, ആ ശത്രു തന്റെ നേൎക്കു പ്രയോഗിച്ച വേൽകണ്ടു്, ഇമ പൂട്ടുന്നു എങ്കിൽ, (ആ ഇമപൂട്ടൽ) പരാജയമല്ലേ? (ശത്രുവിനെ കോപിച്ചു നോക്കുന്ന കണ്ണു് ശത്രുശസ്ത്രത്തിന്റെ വരവുകണ്ടു് ഇമ വെട്ടുമെങ്കിൽ അതു തന്നെ തോല്മയാണെന്നു താല്പൎയ്യം.)

വിഴുപ്പുൺപടാത നാളെല്ലാം വഴുക്കിനുൾ
വൈക്കുന്തൻ നാളെയെടുത്തു. ൬

സാ—(ഒരു രണവീരൻ, തന്റെ കഴിഞ്ഞ ദിവസങ്ങളെ എടുത്തു ചിന്തിച്ചു് അവയിൽ തനിക്കു് വലിയ പരുക്കുകൾ ഏററിട്ടില്ലാത്ത ദിവസങ്ങൾ നിഷ്പ്രയോജനങ്ങളായി കഴിഞ്ഞവയാണെന്നു കരുതും. (ഒരു പൂൎണ്ണവീരൻ തന്റെ ശരീരത്തിൽ പരുക്കേൾക്കാതെ കഴിഞ്ഞിട്ടുള്ള ദിവസങ്ങൾ ഫലമില്ലാതെ കഴിഞ്ഞുകൂടിയ ദിവസങ്ങളാണെന്നു കരുതുമെന്നു താല്പൎയ്യം )

ചുഴലുമിചൈ വേണ്ടിവേണ്ടാവുയിരാർ
കഴൽയാപ്പു ക്കാരികൈ നീത്തു. ൭

സാ—പരന്ന കീൎത്തിയെ ആഗ്രഹിച്ചു്, ഇച്ഛിക്കപ്പെടാത്ത ജീവനെ വിട്ടുകൂടിയ വീരന്മാർ വീരകങ്കണം അണിയുന്നതു് അലങ്കാരമാകുന്നു. (വലുതായ യശസ്സിനെമോഹിച്ചു് ജീവിതത്തെ വെറുക്കുന്ന രണശൂരന്മാൎക്കു വീരകങ്കണം—വീരന്മാർകെട്ടുന്ന കാപ്പു്—അലങ്കാരമായ ആഭരണമാണെന്നു താല്പൎയ്യം)

ഉറിനുയിരഞ്ചാ മറവരിറെവൻ
ചെറിനുഞ്ചീർ കുൻറലലർ. ൮

സാ—യുദ്ധം നേരിട്ടാൽ ജീവനെ ഭയപ്പെടാത്ത വീരന്മാർ തങ്ങളുടെ രാജാവു തടുത്താലും വീരതപറ്റാത്ത പൈവിഭ്രമമില്ല. (പ്രാണഭയമില്ലാത്ത യോദ്ധാവു തന്റെ രാജാവു തടുത്താലും യുദ്ധത്തിൽ പിൻവാങ്ങുകയില്ലെന്നു താല്പൎയ്യം.)

ഇഴൈത്തതികവാമൈ ച്ചാവാരെയാരേ
പിഴൈത്തതൊറുക്കിർ പാവർ. ൯

സാ—ചെയ്ത ശപഥത്തെ തെററാതെ പാലിക്കാൻ ചാകുന്ന വീരരെ, ആ കുററത്തിനു പഴിക്കുന്നവർ ആരുണ്ട്? (യുദ്ധപ്രതിജ്ഞ നിർവഹിക്കാനായി മരിക്കുന്നതായാൽ മരണത്തിനിടയാക്കിയ ആ തെററിനു കുററപ്പെടുത്തുന്നവർ ആരാണ്? ആരും കുററപ്പെടുത്തുകയില്ലെന്നു ഭാവം)

പുരന്താർക ണ്ണീർമല്‌ക ച്ചാകിർപിർ ചാക്കാ
ടിരന്തുകോട്ടക്ക തുടൈത്തു. ൧൦

സാ—രാജാവിൻെറ കണ്ണുകൾ അശ്രുപൂർണ്ണങ്ങളാകുമാറു—യുദ്ധത്തിൽ—മരിക്കുന്നതായാൽ, ആ മരണം യാചിച്ചും സമ്പാദിക്കേണ്ടതാകുന്നു. (രാജാവിൻെറ കണ്ണുകളിൽ കൃതജ്ഞതാശ്രുക്കൾ ഉണ്ടാക്കുന്നതായ മരണത്തെ യാചിച്ചും സമ്പാദിക്കണമെന്നു താല്പര്യം.)

# എഴുപത്തൊൻപതാം അധികാരം.

## നട്പു—സ്നേഹത്വം.

ചെയർകരിയായവുള നട്പിനതുപോൽ
വിനൈക്കരിയ യാവുളകാപ്പു. ൧

സാ—സ്നേഹത്തെപ്പോലെ സമ്പാദിക്കാൻ പ്രയാസമായിട്ടുള്ളതു വേറെ എന്തുണ്ട്? സമ്പാദിച്ചാൽ യുദ്ധകർമ്മത്തിൽ സഹായിക്കുന്നതായിട്ടെന്തുണ്ട്? (സ്നേഹത്തെപ്പോലെ സമ്പാദിക്കാൻ പ്രയാസമായിട്ടുള്ളതും യുദ്ധത്തിൽ സഹായിക്കുന്നതുമായ മറെറാന്നില്ലെന്നു താല്പര്യം.)

നിറൈനീര നിരവർ കേൺമൈ പിറൈമതി-
പ്പിന്നീര പേതൈയാർ നട്പു. ൨

സാ—അറിവുള്ളവരുടെ സ്നേഹം ചന്ദ്രൻെറ കലപോലെ ദിനന്തോറും വളരുന്ന സ്വഭാവത്തോടുകൂടിയതാണ്; അറിവില്ലാത്തവരുടെ സ്നേഹം പൂർണ്ണചന്ദ്രനെപ്പോലെ ദിനന്തോറും കുറയുന്ന സ്വഭാവത്തോടുകൂടിയതാകുന്നു. (സജ്ജനങ്ങളുടെ സ്നേഹം വെളുത്തപക്ഷത്തിലെ ചന്ദ്രനെപ്പോലെ ദിനംപ്രതി വളർന്നുകൊണ്ടിരിക്കുന്നതും ദുർജ്ജനങ്ങളുടെ സ്നേഹം കറുത്തപക്ഷത്തിലെ ചന്ദ്രനെപ്പോലെ ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നതുമാണെന്നു താല്പര്യം.)

നവിറൊറു നൂനയംപോലും പയിറൊറും
പൺപുടൈ യാളർ തൊടർപു. ൩

സാ—സത്സ്വഭാവികളായ മനുഷ്യരുടെ സ്നേഹം പഴകുംതോറും, ഗ്രന്ഥങ്ങൾ പഠിക്കുന്തോറും ഉണ്ടാകുന്ന ആനന്ദമുണ്ടാക്കും. (സജ്ജനങ്ങളുടെ സ്നേഹത്തിൽ പഴകുന്തോറും ഗ്രന്ഥങ്ങളിൽ പഴകുന്തോറും സിദ്ധിക്കുന്ന ആനന്ദമുണ്ടാകുമെന്നു താല്പര്യം.)

നകുതർ പൊരുട്ടൻറു നട്ടൽ മികുതിക്കൺ
മേർചെൻറിടിത്തർ പൊരുട്ടു. ൪

സാ—സ്നേഹിക്കുന്നതു്, ചിരിക്കാനായിട്ടല്ല; അകൃത്യം ചെയ്യുന്നിടത്തു് അതു ചെയ്യുംമുമ്പു തടുത്തു് ഉപദേശിക്കാനായിട്ടാകുന്നു. (ഒരാൾ മറെറാരാളിനെ സ്നേഹിക്കുന്നതു ചിരിച്ചു സന്തോഷിക്കാനായിട്ടല്ല, ചെയ്തുകൂടാത്ത പ്രവൃത്തിയെ ചെയ്യുംമുമ്പ്, അതു ചെയ്യുന്നയാളെ തടുത്തു കൃത്യാകൃത്യോപദേശം ചെയ്യുന്നതിനാണെന്നു താല്പര്യം.)

പുണൎച്ചിപഴകുതൽ വേണ്ടാവുണൎച്ചിതാ-
നട്പാങ്കിഴമൈതരും. ൫

സാ—ഒന്നിച്ചുസഹവസിക്കയും എപ്പോഴും കണ്ടു സംസാരിക്കുകയും വേണമെന്നില്ല; പരസ്പരമുള്ള യോഗ്യമായ അറിവു സ്നേഹത്തെ നൽകും. (സ്നേഹത്തിനു നിത്യസഹവാസവും സദാ സംഭാഷണവും കൂടിയേതീരു എന്നില്ല; യോഗ്യമായ അറിവ് പരസ്പരം ഉണ്ടായിരുന്നാൽ മതിയാകും.)

മുകനക നട്പതു നട്പൻറുനെഞ്ച-
ത്തകനക നട്പതുനട്പു. ൬

സാ—കാണുമ്പോൾ മുഖം പ്രസന്നമാകുന്ന സ്നേഹം സ്നേഹമല്ല; മനസ്സ് പ്രസന്നമാകുന്ന സ്നേഹമത്രേ സ്നേഹം എന്നു പറയപ്പെടുന്നതു്. (കാണുമ്പോൾ ചിരിക്കുന്ന സ്നേഹം സ്നേഹമല്ലെന്നും മനഃപ്രസാദത്തെ ജനിപ്പിക്കുന്ന സ്നേഹമാണു് യഥാൎത്ഥസ്നേഹമെന്നും താല്പൎയ്യം.)

അഴിവിനവൈ നീക്കിയാറുയ്ത്തഴിവിൻക-
ണല്ലലുഴപ്പതാനട്പു. ൭

സാ—സ്നേഹമെന്നതു്, കേടുവിളയിക്കുന്ന ദുൎമ്മാൎഗ്ഗങ്ങളിൽ നിന്നു വിലക്കി സന്മാൎഗ്ഗത്തിൽ നയിച്ചു്, (കൎമ്മഫലത്താൽ) കേടുനേരിടുന്നുവെങ്കിൽ ആ ദുഃഖത്തിൽ പങ്കുകൊള്ളുകയാകുന്നു. (ദുഃഖകാരണമായ ദുൎമ്മാൎഗ്ഗത്തിൽ നിന്നും അകററി സന്മാൎഗ്ഗത്തിൽ നയിക്കുകയും, വിധിവശാൽ ദുഃഖം നേരിടുന്നുവെങ്കിൽ തദ്ദുഃഖത്തിൽ ഹൃദയപൂൎവ്വം പങ്കുകൊള്ളുകയുമാകുന്നു യഥാൎത്ഥസ്നേഹത്തിന്റെ അടയാളമെന്നു താല്പൎയ്യം.)

ഉടുക്കൈയിഴന്തവൻ കൈപോലവാങ്കേ
യിടുക്കൺ കളൈവതാനട്പു. ൮

സാ—സ്നേഹം എന്നതു്, വസ്ത്രം അഴിഞ്ഞവനു കൈ സഹായിക്കുന്നതുപോലെ, ആപത്തുനേരിടുന്നിടത്തു് ഉടനടി സഹായിക്കുന്നതാകുന്നു. (മററുള്ളവരുടെ മുമ്പിൽ വച്ചു് ഉടുതുണി അഴിയുന്ന ഒരുവന്റെ കൈ എപ്രകാരം താനറിയാതെ സഹായിക്കുന്നുവോ, അപ്രകാരം സ്നേഹിതനു നേരിടുന്ന ആപത്തിൽ ഉടനടി ഹൃദയപൂൎവ്വം സഹായിക്കുകയാണു സ്നേഹത്തിന്റെ ലക്ഷണം.)

നട്പിൎക്കു വീററിരുക്കൈ യാതെനിൻ കൊട്പിൻറി
യൊല്ലുംവായൂൻറു നിലൈ. ൯

സാ—സ്നേഹത്തിന്റെ ഭദ്രാസനമാകട്ടെ, അവിച്ഛിന്നമായി കഴിയുന്നിടത്തെല്ലാം സഹായിക്കുന്ന അവസ്ഥയാകുന്നു. (സ്നേഹിതനു തുടരെത്തുടരെ നേരിടുന്ന ആപത്തുകളിലെല്ലാം സർവാത്മനാ സഹായിക്കുന്ന മനഃസ്ഥിതിയാണു് സ്നേഹത്തിന്റെ സിംഹാസനമെന്നു താല്പൎയ്യം.)

ഇനൈയ രിവരെമക്കി നൈയാമെൻറു
പുനൈയിനും പുല്ലെന്നുനട്പു. ൧൦

സാ—ഇവർ ഞങ്ങളുടെ സ്നേഹിതന്മാരാകുന്നു; ഞങ്ങൾ ഇവരുടെ സ്നേഹിതന്മാരാകുന്നു; എന്നിങ്ങനെ പറയുന്നതും സ്നേഹത്തിന്റെ സങ്കുചിതത്വത്തെകാണിക്കുന്നു "ഇന്ദ്രഹത്തിനു എന്റെപേരിൽ വലുതായ സ്നേഹം ഉണ്ടു്; എനിക്കും അങ്ങനെതന്നെ" എന്നു പറയുന്നതു സ്നേഹത്തിന്റെ കുറവിനെ കാണിക്കുകയാകുന്നു എന്നു താല്പൎയ്യം.)

## എൺപതാം അധികാരം.

### നട്പാരായ്തൽ—സ്നേഹപരീക്ഷണം.

---

നാടാതു നട്ടലിൻ കേടില്ലൈ നട്ടപിൻ
വീടില്ലൈ നട്പാൾപവർക്ക്. ൧

സാ—സ്നേഹത്തെ ഭരിക്കുന്നവൎക്ക്, സ്നേഹിച്ചതിനുശേഷം ഉപേക്ഷ ഉണ്ടാകുന്നതല്ല; പരീക്ഷിക്കാതെയുള്ള സ്നേഹംപോലെ ദോഷത്തെ ചെയ്യുന്നമറ്റൊന്നില്ല (സ്നേഹപ്രിയന്മാർ സ്നേഹിച്ചുകഴിഞ്ഞാൽ ആ സ്നേഹത്തെ കൈവിടുകയില്ല; ആലോചിക്കാതെയുള്ള സ്നേഹം ആപൽകരമാകുന്നു; അതിനെപ്പോലെ ദോഷംചെയ്യുന്ന മറ്റൊന്നില്ല എന്നു താല്പൎയ്യം. ആലോചിക്കാതെ സ്നേഹിക്കയെന്നുവച്ചാൽ, സ്വഭാവത്തെയും പ്രവൃത്തിയെയും പററി അന്വേഷിക്കാതെ സ്നേഹിക്കുകയെന്നു അൎത്ഥമാകുന്നു )

ആയ്ന്തായ്ന്തു കൊള്ളാതാൻകേണ്മൈ കടൈമുറൈ
താൻചാന്തുയരംതരും. ൨

സാ—വീണ്ടുംവീണ്ടും ആലോചിച്ചു സ്നേഹിക്കാത്തവൻ, ഒടുവിൽ മരണത്തിനുപോലും കാരണമായ ആപത്തുകളെ വിളയിക്കുന്നു. (ഒരുവന്റെ സ്വഭാവത്തെയും നടപടിയെയും പററി നല്ലപോലെ പരിശോധിക്കാതെ സ്നേഹിക്കുന്നതായാൽ, അപ്രകാരം സ്നേഹിക്കുന്നവൻ തനിക്കു മരണത്തിനുപോലും കാരണമായ ആപത്തിനെ വരുത്തിക്കൂട്ടുകയായിരിക്കുമെന്നു താല്പൎയ്യം.)

കുണനുങ്കുടിമൈയുങ്കുററമുങ്കുൻറാ
വിനനുമറിന്തിയാക്കനട്പു. ൩

സാ—ഗുണത്തെയും കുലത്തെയും കുററത്തെയും ബന്ധുത്വത്തെയും ആരാഞ്ഞറിഞ്ഞു സ്നേഹിക്കേണ്ടതാകുന്നു. (ഒരുവന്റെ സ്വഭാവം, ജനിച്ചകുലം, തെററുകൾ, ബന്ധുക്കളുടെ വിവരങ്ങൾ, എന്നിവയെക്കുറിച്ചു അന്വേഷിച്ചതിനുശേഷമേ അവനെ സ്നേഹിക്കാൻ പാടുള്ളു എന്നു താല്പൎയ്യം. കുററമില്ലാത്ത മനുഷ്യർ കാണപ്പെടുന്നതു് അപൂൎവ്വമാകയാൽ കുററം ക്ഷന്തവ്യമോ അക്ഷന്തവ്യമോ എന്നു പരിചിന്തനംചെയ്യണമെന്നു വിവക്ഷ.)

കുടിപ്പിറന്തുതൻകട്പഴിനാണുവാനൈ-
ക്കൊടുത്തുങ്കൊളൽവേണ്ടുനട്പു. ൪

സാ—സദ്വംശത്തിൽ ജനിച്ചു് അപകീൎത്തിയെ ഭയപ്പെടുന്നവനെ കൊടുത്തും സ്നേഹിക്കേണ്ടതാകുന്നു. (നല്ലകുലത്തിൽ ജനിച്ചവനും അപകീൎത്തിയെ ഭയപ്പെടുന്നവനുമായ ഒരുവനെ തന്റെ സൎവ്വസ്വവും കൊടുത്തെങ്കിലും സ്നേഹിക്കേണ്ടതാണെന്നു താല്പൎയ്യം.)

അഴച്ചൊല്ലിയല്ലു തിടിത്തുവഴക്കറിയ
വല്ലാർനട്പായ്ന്തുകൊളൽ. ൫

സാ—നന്നല്ലാത്ത നടപടികൾക്കു് ഉദ്യമിക്കുമ്പോൾ, മനസ്സിൽ കൊണ്ടുകരയത്തക്കവണ്ണം അതിന്റെ പാപഫലത്തെപ്പററിപ്പറഞ്ഞു തടുത്തു, നല്ലവഴിക്കുതിരിക്കാൻ കഴിവുള്ളവനെ തേടിപ്പിടിച്ചു സ്നേഹിക്കേണ്ടതാകുന്നു. (സദുപദേശംചെയ്യാൻ സാമൎത്ഥ്യമുള്ളവരെ കണ്ടുപിടിച്ചു സ്നേഹിക്കണമെന്നു താല്പൎയ്യം.)

കേട്ടിനുമുണ്ടോരുറുതികിളൈഞരൈ
നീട്ടിയളപ്പതോർകോൽ. ൬

സാ—ഒരുവന്റെ അധഃപതനം, സ്നേഹിതന്മാരുടെ സ്നേഹമാകുന്ന ഭൂമിയെ നീട്ടി അളക്കാനുള്ള ഒരു കോലാകുന്നു; ആ അധഃപതനത്തിലും നിന്ന് ഒരു അറിവുസമ്പാദിക്കാനുണ്ടാകും. (അധഃപതനം നേരിടുമ്പോൾ, ഐശ്വൎയ്യത്തോടുകൂടി ജീവിച്ചകാലത്തു സ്നേഹിതന്മാരായിരുന്നവരുടെ സഹായങ്ങളെ അപേക്ഷിക്കുന്നു; യഥാൎത്ഥസ്നേഹിതന്മാരെയും നാമമാത്രസ്നേഹിതന്മാരെയും അപ്പോൾ കണ്ടറിയുവാൻ കഴിയുന്നതാണ്. അതിൽനിന്നും ഒരു നല്ലതായ അറിവ്—ഗുണപാഠം—കിട്ടുന്നുണ്ട്. അപ്രകാരം സ്നേഹിതന്മാരുടെ സ്നേഹത്തിന്റെ സ്വഭാവത്തെ അറിവാൻ കഴിയുന്നതു് അധഃപതനകാലത്താകയാൽ, ആ അധഃപതനത്തെ അളവുകോലാക്കി കല്പിച്ചു.)

ഊതിയമെൻപതൊരുവർകുപ്പേതൈയാർ
കേൺമൈയൊരീഇവിടൽ. ൭

സാ—ഒരുവനു് ലാഭം എന്നു പറയുന്നതു്, അറിവില്ലാത്തവരുടെ സ്നേഹത്തെ വെടിഞ്ഞു് അവരെ ഉപേക്ഷിക്കയാകുന്നു. (സ്നേഹത്തെ വെടിഞ്ഞാലും ഏതെങ്കിലും പ്രകാരത്തിൽ ഇടപെട്ടു എന്നു വന്നേയ്ക്കാം; ആ ഇടപാടും ദോഷകരമാകയാൽ അതിനും ഇടയാകാതിരിക്കത്തക്കവണ്ണം അവരെ (മൂഢന്മാരെ) നിശ്ശേഷം വെടിയണമെന്നു ഭാവം.)

ഉള്ളർകവുള്ളഞ്ചിറുകുവകൊള്ളർക
വല്ലർകണാററ റുപ്പാർനട്പു. ൮

സാ—മനസ്സിനു സങ്കോചം ജനിപ്പിക്കുന്നവയെ വിചാരിക്കാൻപോലും പാടില്ല; അതുപോലെ, ആപത്തിൽ കൈവിടുന്നവരുടെ സ്നേഹത്തെ സ്വീകരിച്ചുകൂടാത്തതാകുന്നു. (മനസ്സങ്കോചത്തെ ജനിപ്പിക്കുന്ന പ്രവൃത്തികളെ ചെയ്യരുതെന്നു മാത്രമല്ല, വിചാരിക്കാൻകൂടി പാടില്ല; അതുപോലെ ആപത്തുകാലത്തു കൈവിടുന്നവരുടെ സ്നേഹത്തെ നിശ്ശേഷം വൎജ്ജിക്കേണ്ടതാകുന്നു. ആദ്യത്തേതിൽ വേണ്ട നിഷ്കർഷ രണ്ടാമത്തേതിലും വേണമെന്നു ഭാവം.)

കെടുങ്കാലൈകൈവിടുവാർ കേൺമൈ യടുങ്കാലൈ
യുള്ളിനുമുള്ളഞ്ചുടും. ൯

സാ—ആപത്തുകാലത്തു കൈവിടുന്നവരുടെ സ്നേഹത്തെ, കാലൻ കൊല്ലുന്ന കാലത്തു് ഓൎത്താലും മനസ്സിനു ചൂടുപിടിക്കും. (തൽസ്നേഹഫലിതം കാലന്റെ പ്രവൃത്തിയെക്കാൾ ദുസ്സഹമാണെന്നു ഭാവം.)

മരുവുകമാചററാർകേൺമൈയൊൻറീത്തു
മൊരുവുകവൊപ്പിലാർനട്പു. ൧൦

സാ—യോഗ്യന്മാരുടെ സ്നേഹത്തെ പാലിക്കേണ്ടതാകുന്നു; അയോഗ്യന്മാരുടെ സ്നേഹത്തെ ഒന്നുകൊടുത്തും തള്ളേണ്ടതാകുന്നു. (അയോഗ്യന്മാരെ വല്ലതും കൊടുത്തിട്ടെങ്കിലും അകററണമെന്നു താല്പൎയ്യം.)

---

## എൺപത്തൊന്നാം അധികാരം.

### പഴൈമൈ—പഴക്കം.

---

പഴൈമൈയെനപ്പടുവതിയാതെനിൻയാതു-
ങ്കിഴമൈക്കീഴ്ന്തിടാനട്പു. ൧

സാ—പഴക്കം എന്നു പറയപ്പെടുന്നതു യാതൊന്നാണെന്നാൽ അവകാശത്തോടുകൂടി ചെയ്യപ്പെടുന്നവയെ അല്പംപോലും ചികഞ്ഞുനോക്കാത്ത സ്നേഹമാകുന്നു. (പൂൎവ്

സ്നേഹത്തെ മുൻനിൎത്തി ഒരു സ്നേഹിതൻ ചെയ്യുന്ന അനിഷ്ടങ്ങളെയും സസന്തോഷം സഹിക്കുന്ന സ്നേഹത്തിനാണു പഴക്കമെന്നു പറയപ്പെടുന്നതെന്നു താല്പൎയ്യം.)

നട്പിൎകുറുപ്പുക്കെഴുതകൈമൈമറ്റതർ
കുപ്പാതൽചാൻറോർകടൻ. ൨

സാ—സ്നേഹത്തിൻെറ അവയവങ്ങൾ, സ്നേഹിതന്മാരുടെ അവകാശത്തോടുകൂടിയ പ്രവൃത്തിയാകുന്നു; ആ അവകാശചെയ്തിയ്ക്കു് അനുകൂലിക്കേണ്ടതു് അറിവുള്ളവരുടെ കടമയാകുന്നു.

പഴകിയനട്പെവൻചെയ്യുങ്കെഴുതകൈമൈ
ചെയ്താങ്കമൈയാക്കടൈ. ൩

സാ—സ്നേഹിതന്മാർ അവകാശത്തോടുകൂടി ചെയ്യുന്ന പ്രവൃത്തികളെ താൻചെയ്ത പ്രവൃത്തികളായി കരുതി അവയ്ക്കു് അനുകൂലിക്കാതിരുന്നാൽ അവരുമായുള്ള പഴയ സ്നേഹംകൊണ്ടു് എന്തു ഫലമാണു്? (സ്നേഹിതന്മാരുടെ സ്നേഹപ്രവൃത്തികൾക്കു് അനുകൂലിക്കാത്തവൻെറ പഴയ സ്നേഹംകൊണ്ടു യാതൊരു ഫലവുമില്ലെന്നു ഭാവം.)

വിഴൈതകൈയാൻവേണ്ടിയിരുപ്പർതൊഴുതകൈയാർ
കേളാതുനട്ടാർചെയിൻ. ൪

സാ—സ്നേഹിതന്മാർ ചോദിക്കാതെ പ്രവൎത്തിക്കുന്നതായാൽ ആ പ്രവൃത്തിയുടെ അഭിലഷണീയതയെ മുന്നിൎത്തി അതിനെ ആഗ്രഹിക്കും. (തന്നോടു് ആലോചിച്ചു ചെയ്യേണ്ടതായിരുന്ന ഒരു പ്രവൃത്തി, തന്നെ അറിയിക്കാതെ ഒരു സ്നേഹിതൻ ചെയ്യുന്നതായാൽ, സ്നേഹിതൻ അവകാശത്തോടുകൂടി ചെയ്യുന്ന പ്രവൃത്തി അഭിലഷണീയമാണെന്നുള്ള തത്വത്തെ പുരസ്കരിച്ചു്, അതിനോടു് അനുകൂലിക്കേണ്ടതാണെന്നു താല്പൎയ്യം.)

പേതൈമൈയൊൻറോ പെരുങ്കിഴമൈയെൻറുണർക
നോതക്കനട്ടാർചെയിൻ. ൫

സാ—തനിക്കിഷ്ടമില്ലാത്ത ഒരു പ്രവൃത്തി സ്നേഹിതൻ ചെയ്താൽ, (അപ്രകാരം ചെയ്വാനുണ്ടായ കാരണം) അറിവില്ലായ്മയോ, (അഥവാ) സ്നേഹസഹജമായ അവകാശമോ ആണെന്നു ധരിക്കണം. (സ്നേഹിതൻ ചെയ്ത അനിഷ്ടപ്രവൃത്തിക്കു കാരണം അറിവില്ലായ്മയോ സ്നേഹിതൻെറ നിലയ്ക്കുള്ള അവകാശമോ ആണെന്നു കരുതുകയല്ലാതെ സ്നേഹത്തിൻെറ കുറവുകൊണ്ടാണെന്നു തെറ്റിദ്ധരിക്കരുതെന്നു ഭാവം)

എല്ലൈക്കണിൻറാർ തുറവാർതൊലൈവിടത്തു-
തൊല്ലൈക്കണിൻറാർ തൊടർപു. ൬

സാ—സ്നേഹത്തിൻെറ പരമപരിധിയിൽ നിൽക്കുന്നവർ, സ്നേഹത്തിൽ പഴകിയവരുടെ സ്നേഹത്തെ അവർ ഉപേക്ഷിച്ചാലും കൈവിടുകയില്ല. (ഒരു യഥാൎത്ഥ സ്നേഹിതൻ, തന്നാൽ സ്നേഹിക്കപ്പെട്ടവൻ, കാരണത്തോടുകൂടിയോ അല്ലാതെയോ തൻെറ സ്നേഹത്തെ ഉപേക്ഷിക്കുന്നതായാലും, അവനിൽ തനിക്കുള്ള സ്നേഹത്തെ കൈവിടുകയില്ലെന്നു താല്പൎയ്യം.)

അഴിവന്ത ചെയ്യിനുമൻപറാൻപിൻ
വഴിവന്ത കേൺമൈയവർ. ൭

സാ—ഹൃദയപൂൎവ്വകമായ സ്നേഹത്തോടുകൂടിയവർ, (സ്നേഹിക്കപ്പെട്ടവർ) തങ്ങൾക്കു് ആപൽകരമായ പ്രവൃത്തിയെ ചെയ്താലും സ്നേഹത്തെ വെടിയുകയില്ല.

കേളിഴുക്കങ്കേളാക്കെഴുതകൈമൈവല്ലാൎക്കു
നാളിഴുക്കനട്ടാർചെയിൻ. ൮

സാ—സ്നേഹിതന്മാരുടെ അകൃത്യത്തിനു ചെവികൊടുത്തുകൂടാത്തതായ കർത്തവ്യത്തെ അറിവാൻ കഴിവുള്ളവൎക്ക്, സ്നേഹിതന്മാർ അപ്രകാരം വല്ല അകൃത്യവും പ്രവൎത്തിച്ചാൽ അന്നു ഫലവത്തായ ദിവസമായിരിക്കും. (സ്നേഹിതന്മാരുടെ അകൃത്യത്തെക്കുറിച്ച് ആരെങ്കിലും പറയുന്നതായാൽ അതിനെ കേൾക്കാൻ പാടില്ല; സൗഹൃത്സാധാരണമായ ആ കടമയെ അറിഞ്ഞവർ, തന്റെ സ്നേഹിതന്മാർ വല്ല അകൃത്യവും ചെയ്താൽ അപ്രകാരം ചെയ്ത ദിവസത്തെ ഒരു ശുഭദിനമായി അംഗീകരിക്കും. സൗഹൃത്തിന്റെ അകൃത്യത്തെ സഹിക്കാനിടയായതിൽ ചാരിതാർത്ഥ്യപ്പെട്ടുമെന്നു ഭാവം.)

കെടാഅവഴി വന്തകേൺമൈയാർകേൺമൈ
വിടാഅർവിഴൈയുമുലകു- ൯

സാ—തെററാതെ ചിരകാലമായി നിലനിൽക്കുന്ന സ്നേഹത്തോടുകൂടിയവരുടെ സ്നേഹത്തെ (അവർ തെററുചെയ്താലും) കൈവിടാത്തവരെ ലോകം ആഗ്രഹിക്കും. (പൂൎവസ്നേഹിതന്റെ സ്നേഹത്തെ വെടിയാത്തവരെ ലോകർ ഇച്ഛിക്കുമെന്നു താല്പൎയ്യം. ആ സ്നേഹത്തിന്റെ അഗാധതയെ ഗ്രഹിക്കുന്ന ജനങ്ങൾ തങ്ങളെയും അപ്രകാരം സ്നേഹിക്കുമെന്നുകരുതി വലിയവനു സ്നേഹത്തെ സമ്പാദിക്കുമെന്നു വിവക്ഷ)

വിഴൈയാർവിഴൈയപ്പടുപ പഴൈയാർകട്
പൺപിററലൈപിരിയാതാർ. ൧൦

സാ—പഴയ സ്നേഹിതന്മാരിൽ—അവർ തെററുചെയ്താലും—സ്നേഹഭംഗം വരുത്താത്തവർ ശത്രുക്കളാലും ഇച്ഛിക്കപ്പെടും. (പൂൎവസൗഹൃത്തുകളിലുള്ള സ്നേഹത്തെ ത്യജിക്കാത്തവരെ ശത്രുക്കൾപോലും ആഗ്രഹിക്കും. അവരുടെ സ്നേഹത്തെ ഇച്ഛിക്കുമെന്നു താല്പൎയ്യം.)

---

## എൺപത്തിരണ്ടാം അധികാരം.

### തീനട്പു—ദുഃസ്നേഹം.

---

പരുകുവാർപോലിനും പൺപിലാർ കേൺമൈ
പെരുകലിർ കുൻറലിനിതു. ൧

സാ—ഭക്ഷണാൎത്തിയാൽ ഉണ്ണുന്നവരായി ഭവിച്ചാലും, ദുൎജ്ജനന്മാരുടെ സ്നേഹത്തെ വളൎത്തുന്നതിനെക്കാൾ കുറയ്ക്കുന്നതാണ് നല്ലതു്. (ആഹാരത്തിനു നിവൃത്തിയില്ലാത്ത ദരിദ്രന്മാർ ദുർബ്ബുദ്ധികളായ ധനികന്മാരെ ആശ്രയിക്കേണ്ടിവന്നേയ്ക്കാം; അങ്ങനെ സംഭവിച്ചാലും അവരുമായുള്ള സ്നേഹത്തെ വളൎത്തുന്നതിനെക്കാൾ കുറയ്ക്കുന്നതാണ നല്ലതെന്നു താല്പൎയ്യം.)

ഉറിനട്ടറിനൊരൂഉ മൊപ്പിലാർകേൺമൈ
പെറിനുമിഴപ്പിനുമെൻ. ൨

സാ—ഫലമുള്ളെടത്തു സ്നേഹിക്കുകയും ഇല്ലാത്തേടത്തു അകലുകയും ചെയ്യുന്നതിൽ അദ്വിതീയന്മാരായവരുടെ സ്നേഹത്തെ സമ്പാദിച്ചാലെന്ത്? ഇല്ലെങ്കിലെന്തു്? (തനിക്കു പ്രയോജനമുണ്ടെന്നു കണ്ടെന്നേടത്തു സ്നേഹിക്കുകയും പ്രയോജനമില്ലെന്നു കണ്ടാൽ ഒഴിഞ്ഞുമാറുകയും ചെയ്യുന്നതിൽ സമൎത്ഥന്മാരായ സ്വാർത്ഥന്മാരുടെ സ്നേഹം ഉണ്ടായാലും ഇല്ലെങ്കിലും ഫലമൊന്നുതന്നെ എന്നു താല്പൎയ്യം.)

ഉറുവതു ചീർതൂക്കു നട്പും പെറുവതു
കൊൾവാരുങ്കൾവരുനേർ. ൩

സാ—ലാഭത്തെ അളക്കുന്ന സ്നേഹവാന്മാരും പ്രതിഫലത്തെ കൊള്ളുന്ന ഗണികകളും കള്ളന്മാരും തുല്യന്മാരാകുന്നു. (സ്നേഹത്തെ കരുതാതെ പ്രയോജനത്തെ കരുതുന്ന സ്നേഹവാന്മാരും ആളിനെ സ്നേഹിക്കാതെ ആദായത്തെ ഇച്ഛിക്കുന്ന വേശ്യമാരും അന്യന്മാരുടെ നഷ്ടത്തെ ഓക്കാതെ തൻകാര്യം നോക്കുന്ന കള്ളന്മാരും മനഃസ്ഥിതിയിൽ തുല്യന്മാരാണെന്നു താല്പര്യം )

അമരകത്താറററുക്ക ങ്കല്ലാമാവന്നാർ
തമരിററനിമൈ തലൈ. ൪

സാ—യുദ്ധകാലത്തു യുദ്ധക്കളത്തിൽതള്ളിയിട്ടുംവച്ചു ഓടിപ്പോകുന്ന വിദ്യാഭ്യാസമില്ലാത്ത അശ്വതുല്യന്മാരുടെ ഉദവിയെക്കാൾ തനിയേ കഴിഞ്ഞുകൂട്ടുന്നതാണു നല്ലതു്. (ഉററസഹായികളാണെന്നു സദാ നടിച്ചുകൊണ്ടിരുന്നു്, യുദ്ധം നേരിടുന്നകാലത്തു യുദ്ധക്കളത്തിൽവച്ചു പിരിഞ്ഞുപോകുന്ന അശ്വതുല്യന്മാരായ മൂഢന്മാരോടു സഹവസിക്കുന്നതിൽ ഭേദം ഏകനായി വസിക്കുകയാണെന്നു താല്പര്യം.)

ചെയ്തേമഞ്ചാരാച്ചിറിയവർ പുൻകേൺമൈ
യെയ്തലിനെയ്താമൈ നൻറു ൫

സാ—ഏതാപ്പെട്ടത്തിയാലും കാക്കാൻകൊള്ളാത്ത നിസ്സാരന്മാരുടെ ദുഃസ്നേഹം ഉണ്ടാകുന്നതിനെക്കാൾ ഇല്ലാതിരിക്കുകയാണു നല്ലതു്.

പേതൈ പെരുങ്കഴീഇ നട്പി നറിവുടൈയാ-
രേതിന്മൈ കോടിയുറും. ൬

സാ—അറിവില്ലാത്തവരുടെ ഏറാവും ഞെരുങ്ങിയ സ്നേഹത്തെക്കാൾ, അറിവുള്ളവൻെറ ശത്രുത്വം കോടിഗുണം ഭേദമത്രേ. (അറിവില്ലാത്തവൻെറ സ്നേഹപ്രവൃത്തികളും ധർമ്മവിരുദ്ധങ്ങളായിരിക്കും; അറിവുള്ളവൻെറ വൈരപ്രവൃത്തികൾപോലും അധർമ്മങ്ങളായിരിക്കയില്ല. അവൻ ഒന്നുകൊണ്ടും ധർമ്മത്തിൽനിന്നു വ്യതിചലിക്കയില്ല. അതുകൊണ്ടു് അധർമ്മിഷ്ഠനായ സ്നേഹിതനെക്കാൾ ധർമ്മിഷ്ഠനായ ശത്രു, കോടിയിരട്ടി ഭേദപ്പെട്ടവനാകുന്നു എന്നുഭാവം )

നകൈവകൈയ രാകിയ നട്പിർപകൈവരാൽ
പത്തടുത്ത കോടിയുറും ൭

സാ—പരിഹാസത്തിനു ഹേതുവായ സ്നേഹത്തിൽനിന്നുണ്ടാകുന്ന അനുഭവത്തെക്കാൾ, ശത്രുക്കളിൽനിന്നുണ്ടാകുന്ന അനുഭവം പത്തുകോടിഗുണം ഭേദമാകുന്നു. (പരിഹാസ്യമായ സ്നേഹത്തിൻെറ അനുഭവത്തെക്കാൾ ശത്രുക്കളിൽനിന്നുണ്ടാകുന്ന അനുഭവം വളരെ വളരെ അശാസ്യമാണെന്നു താല്പര്യം.)

ഒല്ലുങ്കരുമമുടററുപവർകേൺമൈ
ചൊല്ലാടാർചോരവിടൽ. ൮

സാ—തനിക്കു സാദ്ധ്യമായിട്ടുള്ള കർമ്മങ്ങളെ സാധിക്കാൻ സമ്മതിക്കാതെ മുടക്കുന്നവരോടുള്ള സ്നേഹത്തെ (കാരണം) പറയാതെ ക്രമേണ വെടിയേണ്ടതാകുന്നു. (കാരണംപറഞ്ഞാൽ അപ്പോൾ അതിനു പരിഹാരം സാധിച്ചിട്ടു വീണ്ടും സ്നേഹിച്ചു ചതിക്കാൻ ഉദ്യമിക്കും. കാരണം പറഞ്ഞില്ലെങ്കിലും ഉടനടി സ്നേഹം ഉപേക്ഷിച്ചാൽ, കാരണം ഇന്നതാണെന്നു് ഊഹിക്കാനിടയുള്ളതുകൊണ്ടു് അല്പാല്പമായി കുറച്ചു് ഒടുവിൽ നിശ്ശേഷം വെടിയേണ്ടതാണെന്നു ഭാവം )

കനവിലുമിന്നാതു മന്നോവിനൈവേറു
ചൊൽവേറു പട്ടാർതൊടർപു. ൯

സാ—ചെയ്യുന്ന വേറെയും ചൊല്ലുവേറെയുമായി കാണപ്പെടുന്നവൻെറ സ്നേഹം സ്വപ്നത്തിലും ദുഃഖഹേതുകമാകുന്നു. (പ്രസംഗം ഒരുവിധത്തിലും പ്രവൃത്തി മററൊരുവിധത്തിലുമായി കാണപ്പെടുന്നവൻെറ സ്നേഹത്തെ വെറുക്കേണ്ടതാണ്; ആ സ്നേഹം ജാഗ്രത്തിൽ മാത്രമല്ല സ്വപ്നത്തിൽപോലും ദുഃഖത്തെ വിളയിക്കും എന്നു താല്പര്യം.)

എനൈത്തുങ്കുറുകുതലോമ്പൽ മനൈക്കെഴീഇ
മൻറിർപഴിപ്പാർ തൊടർപ്പു. ൨൰

സാ—വീട്ടിൽ സ്നേഹിച്ചു സഭയിൽ പഴിക്കുന്നവരുടെ സ്നേഹം എത്ര ചെറുതായിരുന്നാലും, തന്നെത്തീണ്ടാതെ ഒഴിക്കേണ്ടതാകുന്നു. (തനിച്ചിരിക്കുമ്പോൾ വീട്ടിൽവച്ചു സ്നേഹിച്ചും പലരും കൂടിയിരിക്കുന്ന സഭയിൽവച്ചു പഴിച്ചും സംസാരിക്കുന്നവനുമായി അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ അതു നിശ്ശേഷം വെടിയേണ്ടതാണെന്നു താല്പര്യം.)

---

## എൺപത്തിമൂന്നാം അധികാരം.

### കൂടാനട്പു—അയുക്തസ്നേഹം.

---

ചീരിടങ്കാണിനെറിതർക്കുപ്പട്ടൈ
നേരാനിരന്തവർ നട്പു. ൧

സാ—ചതിക്കാൻ തരംകിട്ടാതെ പിറകേ ചുററിപ്പററിനടക്കുന്നവരുടെ സ്നേഹം, തക്കസമയത്തു് അടിക്കുന്ന കൂടംപോലെയാകുന്നു. (കൂടം=ചുട്ടുപഴുപ്പിച്ച ഇരുമ്പു് അടിച്ചുനീട്ടുകയും പരത്തുകയും ഉരുട്ടുകയും ചെയ്യുന്നതിനു് ഉപയോഗിക്കുന്ന ഒരു ആയുധമാകുന്നു. ആവശ്യമില്ലാത്തപ്പോൾ ആ ആയുധം അതിൻെറ ഉപയോഗത്തെ അതു വെളിപ്പെടുത്താത്തതുപോലെ, തരംകിട്ടാതെ പിറകേചുററിപ്പററി നടക്കുന്നവൻെറ പെരുമാററം അവൻെറ പൈശാചികമായ മനഃസ്ഥിതിയിൽ സംശയം ജനിപ്പിക്കുന്നതല്ല. ആവശ്യം നേരിടുമ്പോൾ എപ്രകാരം ആയുധം തൻെറ ശക്തി വെളിപ്പെടുത്തുന്നുവോ, അപ്രകാരം തരംകിട്ടുമ്പോൾ ആ ചതിയനായ കപടസ്നേഹിതൻ തൻെറ മലിനമനഃസ്ഥിതിയെ പ്രകാശിപ്പിക്കുന്നു.)

ഇനംപോൻറിനമല്ലാർ കേൺമൈമകളിർ
മനംപോല വേറുപടും. ൨

സാ—ബന്ധുഭാവം നടിക്കുന്ന ബന്ധുവല്ലാത്തവൻെറ സ്നേഹം സ്ത്രീകളുടെ ഹൃദയംപോലെ ഭേദിക്കും. (തരംകിട്ടുമ്പോൾ ചതിക്കുമെന്നു ഭാവം.)

പലനല്ലകററക്കടൈത്തുമനനല്ല
രാകുതൻമാണാർക്കരിതു. ൩

സാ—പല സദ്ഗ്രന്ഥങ്ങൾ പഠിച്ചാലും മനസ്സുതെളിഞ്ഞു-നിഷ്കളങ്കമായി-സ്നേഹിക്കുകയെന്നുള്ളതു ശത്രുക്കൾക്കില്ല. (എത്രതന്നെ പഠിച്ചാലും ശത്രുക്കൾ നിഷ്കളങ്കമായി സ്നേഹിക്കുകയില്ലെന്നു താല്പര്യം.)

മുകത്തിനിനിയ നകാഅ വകത്തിന്നാ
വഞ്ചരൈയഞ്ചപ്പടും. ൪

സാ—മുഖംകൊണ്ടു നല്ലുപോലെ ചിരിച്ചു് മനസ്സുകൊണ്ടു ദ്രോഹംകരുതുന്ന വഞ്ചകന്മാരെ ഭയപ്പെടേണ്ടതാകുന്നു. (മുഖത്തു ചിരിയും അകത്തു വഞ്ചനയുമുള്ള ദുഷ്ടന്മാരെ ഭയപ്പെടണമെന്നു താല്പര്യം.)

മനത്തിനമൈയാതവരൈയെനൈത്തൊൻറു-
ഞ്ചൊല്ലിനാറേറ ററ്പാററൻറു. ൬

സാ—മനസ്സുടക്കാത്തവരെ, വാക്കുകേട്ടു വിശ്വസിച്ചു യാതൊരു കമ്മത്തിലും പങ്കുകൊള്ളിക്കാൻ പാടില്ലെന്നു ശാസ്ത്രം ഉദ്ബോധിപ്പിക്കുന്നു.

നട്ടാർപോനല്ലവൈചൊല്ലിനുമൊട്ടാർചൊ-
ലൊല്ലൈയുണരപ്പടും. ൭

സാ—സ്നേഹിതന്മാരെപ്പോലെ നല്ലവാക്കുകൾ പറഞ്ഞാലും, ശത്രുക്കളുടെ വാക്കുകൾ, കേട്ടമാത്രയിൽ അറിയാവുന്നതാകുന്നു (സ്നേഹഭാവം നടിച്ചു ശത്രുക്കൾ കണ്ണുപീയൂഷമായ വാക്കുകൾ പറഞ്ഞാലും, ആ വാക്കുകളുടെ സ്വഭാവം കേൾക്കപ്പെടുന്ന മാത്രയിൽ അറിയാമെന്നു താല്പൎയ്യം. ആ വാക്കുകൾ അവരുടെ മനസ്സിൽതട്ടി പുറപ്പെടുന്നതല്ലാത്തതിനാൽ അവരുടെ മനഃസ്ഥിതി അവയിൽ നിഴലിക്കുമെന്നു ഭാവം.)

ചൊൽവണക്കമൊന്നാർ കട്കൊള്ളർകവിൽവണക്ക-
ന്തീങ്കുകുറിത്തമൈയാൻ. ൮

സാ—വില്ലിൻെറ വണക്കം തിന്മചെയ്യലിനെക്കുറിക്കുന്നതിനാൽ, ശത്രുക്കളുടെ ചൊല്ലിൻെറ വണക്കവും അവിശ്വസനീയമാകുന്നു. (വില്ലു വളയുന്നതു്, നേക്കുനിൽക്കുന്നവരെ നിഗ്രഹിക്കാനാണെന്നു മനസ്സിലാകുന്നതുപോലെ ശത്രുക്കൾ വാക്കുകൊണ്ടു വണക്കംകാട്ടുന്നതു ചതിക്കാനാണെന്നു ഗ്രഹിക്കണമെന്നു ഭാവം.)

തൊഴുതകൈയുള്ളും പടൈയൊടുങ്കുമൊന്നാ
രഴുതകണ്ണീരുമനൈത്തു. ൯

സാ—ശത്രുക്കൾ തൊഴുകൈയിൽ ആയുധം മറച്ചുവച്ചിരിക്കും; കരഞ്ഞ കണ്ണീരിലും അപ്രകാരംതന്നെ. (ശത്രുക്കൾ തൊഴുകൈയിലും കണ്ണീരിലും ആയുധം മറച്ചുവച്ചിരിക്കും. ബുദ്ധിയുള്ളവർ അതറിഞ്ഞു് അവരോടു സഹവസിക്കാതിരിക്കണം.)

മികച്ചെയ്തുതമ്മെള്ളുവാരൈനകച്ചെയ്തു
നട്പിനുട്ചാപ്പുല്ലർപാററു. ൰

സാ—പുറമേ സ്നേഹിച്ചു് ഉള്ളിൽ പകകരുതുന്ന ശത്രുക്കളെ ആ സ്നേഹത്തിനു് അനുകൂലഭാവം നടിച്ചുനിന്നു പരിഹരിക്കേണ്ടതാകുന്നു.

പകൈനട്പാങ്കാലംവരുങ്കാൻമുകനട്
ടകനട്പൊരീഇ വിടൽ. ൧൦

സാ—ശത്രുക്കൾ സ്നേഹഭാവത്തിൽ പെരുമാറുമ്പോൾ, അവരെ മുഖംകൊണ്ടു സ്നേഹിച്ചു് അകംകൊണ്ടു് ആ സ്നേഹത്തെ വെറുക്കേണ്ടതാകുന്നു. (സ്നേഹഭാവത്തിൽ പെരുമാറുന്ന ശത്രുക്കളെ മുഖംകൊണ്ടു സ്നേഹിക്കുകയും ഹൃദയംകൊണ്ടു വെറുക്കുകയും ചെയ്യണമെന്നു താല്പൎയ്യം.)

---

## എൺപത്തിനാലാം അധികാരം.

### പേതൈമൈ—മൂഢത്വം.

---

പേതൈമൈയെൻപതൊൻറിയാതെനിനേതങ്കൊ-
ണ്ടൂതിയുംപോകവിടൽ. ൧

സാ—അറിവില്ലായ്മ എന്ന ഒന്ന് യാതൊന്നാണെന്നാൽ, അധഃപതനമാഗ്ഗങ്ങളെ കൈക്കൊണ്ട് ഐശ്വൎയ്യമാൎഗ്ഗങ്ങളെ കൈവിടുകയാകുന്നു. (അഭിവൃദ്ധിയെ ഓക്കാതെ അധഃപതനമാൎഗ്ഗത്തിൽ ചരിക്കുന്നതിനാണ് അറിവില്ലായ്മയെന്നു പറയപ്പെടുന്നത്.)

പേതൈമൈയുളെല്ലാം പേതൈമൈകാതന്മൈ-
കൈയല്ലതൻകട് ചെയൽ. ൨

സാ—അറിവില്ലായ്മയിൽവച്ചു വലുതായ അറിവില്ലായ്മ, പാടില്ലാത്തതിൽ ആശയെ ചെല്ലുത്തുകയാകുന്നു (ആശിച്ചുകൂടാത്തതിനെ ആശിക്കുക വലുതായ അജ്ഞതയാണെന്നു താല്പൎയ്യം.)

നാണാമൈ നാടാമൈ നാരിൻമൈ യാതൊൻറും
പേണാമൈ പേതൈ തൊഴിൽ. ൩

സാ—അലജ്ജയും ആലോചിക്കായ്കയും പരുഷോക്തിയും സൂക്ഷിക്കായ്കയും മൂഢത്വമാകുന്നു. (ലജ്ജിക്കേണ്ടിടത്തു ലജ്ജിക്കായ്കയും പ്രവൎത്തിക്കുന്നതിനുമുമ്പ് ആലോചിക്കായ്കയും പരുഷവാക്കുകളെപ്പറയുകയും സൂക്ഷിക്കേണ്ടവയെ സൂക്ഷിക്കായ്കയും മൂഢത്വമാണെന്നു താല്പൎയ്യം)

ഓതിയുണർന്തും പിറൎക്കുരൈത്തുന്താനടങ്കാ-
പ്പേതൈയിൻപേതൈയാരിൽ. ൪

സാ—പഠിച്ചറിഞ്ഞിട്ടും പരന്മാരെ പഠിപ്പിച്ചിട്ടും അടങ്ങിനടക്കാത്ത മൂഢനെക്കാൾ മൂഢൻ ലോകത്തിലില്ല. (പഠിച്ചും പഠിപ്പിച്ചും വേദശാസ്ത്രാദികളിൽ നല്ല തഴക്കവും പഴക്കവും ഉണ്ടായിട്ടും മദമാത്സൎയ്യാദിദോഷങ്ങളിൽനിന്നും വേർപെട്ട് അടങ്ങിനടക്കാത്ത മനുഷ്യൻ മൂഢന്മാരിൽവച്ചു മൂഢനാണെന്നു താല്പൎയ്യം.)

ഒരുമൈച്ചെയലാററുംപേതൈയെഴുമൈയു-
ന്താൻപുക്കഴുന്തുമളറു. ൫

സാ—മൂഢൻ, ഏഴുജന്മങ്ങളിൽകടന്ന് അനുഭവിക്കുന്ന നരകത്തെ ഈ ഒരുജന്മത്തിൽത്തന്നെ അനുഭവിക്കുന്നതിന് അധികാരിയാണ്. (മൂഢൻ വൎത്തമാനജന്മത്തിൽ തന്നെ ജന്മാന്തരനരകങ്ങളെ അനുഭവിക്കാൻ അധികാരിയായി ഭവിക്കുമെന്നു താല്പൎയ്യം.)

പൊയ്പടുമൊൻറോപുനൈപൂണുംകൈയറിയാ-
പ്പേതൈവിനൈമേർകൊളിൻ. ൬

സാ—കൃത്യബോധമില്ലാത്ത മൂഢൻ, ഒരു പ്രവൃത്തിയെ സ്വീകരിക്കുന്നതായാൽ കുററകരമായി ഭവിക്കും; മാത്രമല്ല, അവൻ തള (വിലങ്ങു) ധരിക്കേണ്ടതായും വരും. (തിരിച്ചറിവില്ലാത്ത ഒരു മൂഢൻ ഒരു പ്രവൃത്തിക്ക് ഒരുമ്പെട്ടാൽ ആ പ്രവൃത്തി കുററകരമായിത്തീരുന്നതിനുപുറമേ അവൻ രാജശിക്ഷയ്ക്കു പാത്രമായി ഭവിക്കുകയും ചെയ്യും.)

ഏതിലാരാരത്തമർപചിപ്പർപേതൈ
പെരുഞ്ചെൽവമുററക്കടൈ. ൭

സാ—മൂഢൻ, വലുതായ ധനികത്വത്തെ പ്രാപിച്ചാൽ, അവനു യാതൊരു ബന്ധുത്വവുമില്ലാത്തവർ ഉണ്ണം അനുഭവിക്കവെ, അവൻെറ ഉററബന്ധുക്കൾ വിശന്നിരിക്കുന്നതാണ്. (മൂഢൻ, ദൈവഗത്യാ സമ്പന്നനായി ഭവിച്ചാൽ, അവനു യാതൊരു സംബന്ധവുമില്ലാത്ത അന്യന്മാൎക്ക് അവനിൽനിന്നും ഉണ്ണം സിദ്ധിക്കുകയും അവൻെറ അടുത്ത സംബന്ധികൾ പട്ടിണികിടക്കേണ്ടതായി വരികയും ചെയ്യുന്നു.)

മെയ്യ ലൊരുവൻ കളിത്തററാർ പേതൈതൻ
കൈയൊൻറുടൈമൈ പെറിൻ. ൮

സാ—മൂഢന്റെ കൈയിൽ ഒരുവസ്തു സ്വന്തമായി കിട്ടിയാൽ ഭ്രാന്തൻ മദ്യപാനംചെയ്തു മദിക്കുമ്പോഴത്തെ ആനന്ദം അനുഭവിക്കും. (കള്ളുകുടിച്ച ഭ്രാന്തന്റെയും എന്തെങ്കിലും ഒരു വസ്തു സ്വന്തമായി ലഭിച്ച മൂഢന്റെയും മനോഭാവത്തിനു വ്യത്യാസമില്ലെന്നു താല്പര്യം.)

പെരിതിനിതു പേതൈയാർ കേണ്മൈ പിരിവിൻകട്
പീഴൈ തരുവതൊൻറിൽ. ൯

സാ—വേർപാടിൽ നേരിടുന്ന ദുഃഖം ഒന്നില്ല; (അതുകൊണ്ടു്) മൂഢന്റെ സ്നേഹം അതിസുഖം. (വേർപെടേണ്ടിവരുന്നകാലത്തു് യാതൊരാപത്തിനും ദുഃഖത്തിനും സംഗതിയില്ലാത്തതിനാൽ മൂഢന്റെ സ്നേഹം വളരെ സുഖമാണെന്നുതാല്പര്യം.)

കഴാഅക്കാൽ പള്ളിയുൾ വൈത്തററാർ ചാൻേറാർ
കുഴാ അത്തുപ്പേതൈ പുകൽ. ൧൦

സാ—അറിവുള്ളവരുടെ സഭയിൽ മൂഢൻ കടക്കുന്നതു് ശയ്യാതലത്തിൽ കഴുകാത്ത കാൽ വയ്ക്കുന്നതുപോലെയാണു്. (യോഗ്യന്മാർ കൂടുന്ന സദസ്സിൽ അറിവില്ലാത്ത മൂഢൻ കയറിച്ചെല്ലുന്നതുകൊണ്ടു് മനോഹരമായ മെത്തയിൽ ചെളിപുരണ്ട കാൽ പതിഞ്ഞാലത്തെ അവസ്ഥ ആ സഭയ്ക്കു നേരിടുമെന്നു ഭാവം.)

---

## എൺപത്തഞ്ചാം അധികാരം.

## പുല്ലറിവാൺമൈ......അറിവില്ലായ്മ.

---

അറിവിൻമൈ യിൻമൈയുളിൻമൈ പിറിതിൻമൈ
യിൻമൈയാ വൈയാതുലകു. ൧

സാ—ഇല്ലായ്മകളിൽവച്ചു് ഇല്ലായ്മയെന്നതു് അറിവില്ലായ്മയാകുന്നു; മററുള്ള ഇല്ലായ്മകളെ ലോകം ഇല്ലായ്മയായി വിചാരിക്കുകയില്ല. (അറിവില്ലായ്മയെ അല്ലാതെ ധനമില്ലായ്മ മുതലായ ഇല്ലായ്മകളെ ലോകർ ഇല്ലായ്മയായി കരുതുകയില്ലെന്നു താല്പര്യം. അറിവാണു് ലോകത്തിൽവച്ചു ഏററവും ശ്ലാഘ്യമായിട്ടുള്ളതു്. അപ്രകാരം ഉള്ള അറിവില്ലാത്തവനെ, അവൻ ധനംകൊണ്ടു കുബേരനായിരുന്നാലും, ജനങ്ങൾ മാനിക്കുകയില്ല. പ്രത്യുത അറിവുള്ളവനെ, അവൻ എത്രതന്നെ ദരിദ്രനായിരുന്നാലും ബഹുമാനിക്കുകയും ചെയ്യും.)

അറിവ്വിലാനെഞ്ചുവന്തീതൽ പിറിതിയാതു
മില്ലൈ പെറുവാൻറവം. ൨

സാ—അറിവില്ലാത്തവൻ, മനസ്സുതെളിഞ്ഞു (എന്തെങ്കിലും ഒരുവനു) കൊടുക്കുന്നുവെങ്കിൽ (അതിനു കാരണം) മററൊന്നുമല്ല; വാങ്ങിക്കുന്നവന്റെ പുണ്യമാണു്. (ഒരുവന്റെ ദാരിദ്ര്യംകണ്ടു ധർമ്മബുദ്ധിയോടുകൂടി കൊടുക്കുന്നതല്ലെന്നും അപ്രകാരം ഒരു മനഃസ്ഥിതി അറിവില്ലാത്തവനു് ഉണ്ടാവുകയില്ലെന്നും ഭാവം.)

അറിവിലാർ താന്തമ്മൈപ്പീഴിക്കും പീഴൈ
ചെറുവാർക്കുംചെയ്യലരിതു. ൩

സാ—അറിവില്ലാത്തവർ, തങ്ങളെ തങ്ങൾതന്നെ പീഡിപ്പിക്കും; ആ പീഡനം ശത്രുക്കളും ചെയ്യുന്നതല്ല. (ക്ലേശിപ്പിക്കലിന്ന് അധികാരികളായ ശത്രുക്കൾപോലും ക്ലേശിപ്പിക്കാത്ത നിലയിലായിരിക്കും അറിവില്ലാത്തവൻ തന്നേത്തന്നെ ക്ലേശിപ്പിക്കുന്നതു് എന്നു താല്പര്യം. ശത്രു പലകാലം കാത്തിരുന്നു സന്ദർഭം കിട്ടുമ്പോൾ മാത്രമായിരിക്കും ക്ലേശിപ്പിക്കുന്നതു്. അതിനാൽ ശത്രുവിൽനിന്നുമുണ്ടാകുന്ന ക്ലേശം എന്നെങ്കിലും ഒരിക്കലാത്ര അനുഭവിക്കുന്നതു്. അറിവില്ലാത്തവന്റെ സകല പ്രവൃത്തികളും തനിക്കുതന്നെ ക്ലേശകരങ്ങളാകയാൽ നിരന്തരമായ ക്ലേശത്തെ അനുഭവിക്കുന്നു എന്നു വിവക്ഷ.)

വെൺമൈയെനപ്പട്ടുവതിയാതെനി നൊൺമൈ
യുടൈയംയാമെന്നുഞ്ചെരുക്കു. ൨

സാ—അറിവില്ലായ്മ എന്നു പറയപ്പെടുന്നതു് യാതൊന്നാണെന്നാൽ, "ഞാൻ നല്ല അറിവുള്ളവനാണ്" എന്നു നടിക്കുകയാകുന്നു. (താൻ വലിയ അറിവുള്ളവനാണെന്ന ഭാവം അറിവില്ലായ്മയുടെ ലക്ഷണമാണെന്നു താല്പര്യം.)

കല്ലാത മേർകൊണ്ടൊഴുകൽകചടറ
വല്ലതൂഉ മൈയന്തരും. ൩

സാ—പഠിച്ചിട്ടില്ലാത്ത പുസ്തകങ്ങൾ പഠിച്ചിട്ടുണ്ടെന്നു ഭാവിച്ചാൽ പഠിച്ചിട്ടുള്ളപുസ്തകത്തെസ്സംബന്ധിച്ചും (പരന്മാൎക്കു) സംശയം ജനിക്കുന്നു. (തനിക്കു ഇല്ലാത്ത പഠിപ്പുണ്ടെന്നു നടിക്കുന്നതിനാൽ ഉള്ള പഠിപ്പും അന്യന്മാൎക്കു സംശയാസ്പദമായി ഭവിക്കുമെന്നു ഭാവം.)

അററമറൈത്തലോപുല്ലറിവുതംവയിർ
കുററമറൈയാവഴി. ൪

സാ—തന്നിലുള്ള കുററത്തെ മറയ്ക്കുന്നില്ലെങ്കിൽ, മറയ്ക്കേണ്ട അവയവങ്ങളെ മറച്ചാലും അവൻ അറിവില്ലാത്തവനാകുന്നു. (കുററത്തെ മറയ്ക്കുകയെന്നുവച്ചാൽ, തന്നിലുണ്ടാകുന്ന കുററങ്ങളെ അറിഞ്ഞു് അവയെ ഒഴിക്കുകയാകുന്നു. അങ്ങനെ ചെയ്യാത്തവൻ, മുണ്ടുടുത്താലും ഉടുക്കാത്തവനെപ്പോലെ അറിവില്ലാത്തവനാണെന്നു താല്പര്യം.)

അരുമറൈ ചോരുമറിവിലാൻചെയ്യും
പെരുമിറൈ താനേതനക്കു. ൫

സാ—ഉൽകൃഷ്ടമായ ഉപദേശങ്ങളെ (ലഭിച്ചാലും) ഉൾക്കൊള്ളാതിരിക്കുന്ന അജ്ഞൻ സ്വയം തനിക്കു പീഡയെ ചെയ്യുകയാണ്. (തത്വങ്ങളെ ഗ്രഹിക്കാത്ത അജ്ഞൻ തന്നെത്താൻ ദുഃഖത്തെ സമ്പാദിക്കുകയാണെന്നു താല്പര്യം.)

ഏവവുഞ്ചെയ്ത ലാൻറാൻേറ റാനവ്വുയിർ
പോഒമളവുമോർ നോയ്. ൬

സാ—അറിവുള്ളവർ പറഞ്ഞാലും ചെയ്യുകയില്ല; താനായിട്ട് അറിഞ്ഞും ചെയ്യുകയില്ല; അല്പപ്രകാരമുള്ള അജ്ഞന്മാർ മരിക്കുവോളം ഭൂമിക്ക് ഒരു രോഗമാകുന്നു. (അറിവില്ലാത്തവൻ, അറിവുള്ളവർ പറഞ്ഞാലും അറിയുകയില്ല, തന്നെത്താനും അറിയുകയില്ല. അവൻ ജീവിച്ചിരിക്കുവോളം ഭൂമിക്ക് ഒരു തീരാവ്യാധിയാകുന്നു.)

കാണാതാർ കാട്ടുവാൻറാൻ കാണാൻ കാണാതാൻ
കണ്ടാനാന്താൻ കണ്ടവാറു. ൭

സാ—കാണാൻ കഴിയാത്തവനെ കാണിക്കാൻ ശ്രമിക്കുന്നവൻ കാണാത്തവനാകുന്നു; കാണാൻ കഴിയാത്തവൻ കണ്ട പ്രകാരത്തിൽ കണ്ടവനായി ഭവിക്കുന്നു. (അ

റിവാൻ കഴിയാത്തവനെ അറിയിക്കാൻ ശ്രമിക്കുന്നവൻ അറിവില്ലാത്തവനായി ഭവിക്കുന്നു; അറിവാൻ കഴിയാത്തവൻ-അവന്റെ വഴികേടായ അറിവിനെസ്സംബന്ധിച്ചിടത്തോളം അറിവുള്ളവനാകുന്നു.)

ഉലകത്താരുണ്ടെൻപതില്ലെൻപാൻ വൈയ-
ത്തലകൈയാ വൈക്കപ്പെട്ടും. ൧൦

സാ—ലോകർ ഉണ്ടെന്നുപറയുന്നതിനെ ഇല്ലെന്നുപറയുന്ന അറിവില്ലാത്തവർ ഭൂമിയിലുള്ള ഒരുതരം പിശാചുക്കളായി കരുതപ്പെടുന്നു. (ദൈവവും ജന്മാന്തരങ്ങളും കർമ്മഫലങ്ങളും മററും ഉണ്ടെന്നു് അറിവുള്ളവർ പറഞ്ഞാൽ ഇല്ലെന്നുവാദിക്കുന്ന അജ്ഞാനികൾ മനുഷ്യജന്മമെടുത്ത ഒരുതരം പിശാചുക്കളാണെന്നു താല്പര്യം.)

---

## എൺപത്താറാം അധികാരം.

### ഇകൽ—ക്രോധം.

---

ഇകലെൻപവെല്ലാവുയിർക്കും പകലെന്നും
പൺപിന്മൈ പാരിക്കുനോയ്. ൧

സാ—എല്ലാ ജീവരാശികൾക്കും ഭിന്നിപ്പാകുന്ന ദുർഗ്ഗുണത്തെ വളർത്തുന്ന ദോഷം ക്രോധമാണെന്നു പറയപ്പെടുന്നു. (മനുഷ്യർക്കു മാത്രമല്ല, സകലപ്രാണികൾക്കുംക്രോധം എന്ന ദുർഗ്ഗുണം ഭിന്നിപ്പിനെ വളർത്തുന്നു എന്നു താല്പര്യം.)

പകൽകരുതി പ്പററാചെയിനു മികൽകരുതി
യിന്നാചെയ്യാമൈ തലൈ. ൨

സാ—ഭിന്നിപ്പിനെ കരുതി (ഒരുവൻ) വെറുക്കത്തക്ക പ്രവൃത്തിചെയ്താലും ക്രോധംപൂണ്ടു് (അവനു) ദോഷത്തെ ചെയ്യാതിരിക്കുക ഉൽകൃഷ്ടഗുണമാകുന്നു. (ഒരുവൻ അനാശാസ്യമായി എന്തെങ്കിലും പ്രവർത്തിച്ചാലും അവനിൽ ക്രോധം ജനിക്കരുതെന്നു ഭാവം.)

ഇകലെന്നുമെവ്വനോയ് നീക്കിററവഴിില്ലാ-
ത്താവിൽ വിളക്കന്തരും. ൩

സാ—ക്രോധം എന്നു പറയപ്പെടുന്ന ദുഃഖനിദാനമായ വ്യാധിയെ ഹൃദയത്തിൽനിന്നും ഒഴിക്കുന്നുവെങ്കിൽ അഴിവില്ലായ്മക്കു കാരണമായ അനശ്വരകീർത്തി ലഭിക്കും. (കീർത്തിയെ സമ്പാദിക്കുന്നവൻ, മരിച്ചാലും ആ കീർത്തി നിലനിൽക്കുന്നിടത്തോളം അവന്റെ പേരും ലോകത്തിൽ നിന്നും മായാത്തതിനാൽ ജീവിച്ചുപോരുന്നവനു തുല്യനാകുന്നു. ആ അഴിയാജീവിതത്തിനു കാരണമായ മേൽപറഞ്ഞ കീർത്തി, ദുഃഖനിദാനമായ ക്രോധവ്യാധിയെ ഹൃദയത്തിൽനിന്നും ഒഴിക്കുന്നവനു ലഭിക്കുമെന്നു താല്പര്യം.)

ഇൻപത്തുളിൻപം പയക്കുമികലെന്നു-
ന്നുൻപത്തുട്ടുൻപങ്കെടിൻ. ൪

സാ—ദുഃഖത്തിൽവച്ചു ദുഃഖമാകുന്ന ക്രോധം നശിച്ചാൽ, സുഖത്തിൽ വച്ചു മേത്തരമായ സുഖം ലഭിക്കും. (അത്യന്തദുഃഖത്തിനു കാരണമായ ക്രോധം നശിച്ചാൽ സർവ്വോപരിശ്ലമായ സുഖം ലഭിക്കപ്പെടുമെന്നു താല്പര്യം.)

ഇകലെതിർ ചായ്‌ന്തൊഴുക വല്ലാരെയാരേ
മികലൂക്കുന്തൻമൈയവർ. ൫

സാ—ക്രോധത്തെ ജയിക്കാൻ സാമൎത്ഥ്യമുള്ളവരെ ജയിക്കേണമെന്നുള്ള കരുതലോട്ടുകൂടിയവർ ആരുണ്ടു്? (രാജാക്കന്മാൎക്ക ക്രോധത്തെ അകറ്റാൻ വളരെ പ്രയാസമുള്ളതിനാൽ സാമൎത്ഥ്യമുള്ളവരെന്നു പറഞ്ഞതാണു്. അതിനു സാമൎത്ഥ്യമുള്ളവൎക്ക ശത്രുക്കളുണ്ടാകാൻ ഇടയില്ലാത്തതുകൊണ്ടു് ജയിക്കേണമെന്നു കരുതുന്നവരുണ്ടായിരിക്കയില്ലെന്നു ഭാവം.)

ഇകലിൻ മികലിനിതെൻപവൻ വാഴ്‌ക്കൈ
തവലുങ്കെടലു നിണിത്തു. ൬

സാ—ക്രോധാധിക്യം നല്ലതാണെന്നു കരുതുന്നവന്റെ ജീവിതം ക്ഷയിക്കുന്നതും നശിക്കുന്നതും പെട്ടെന്നാകുന്നു. (അധികം കോപമുള്ളവന്റെ ജീവിതം പെട്ടെന്നു ക്ഷയിക്കുക മാത്രമല്ല ചിലപ്പോൾ പെട്ടെന്നു അസ്തമിക്കുകയും ചെയ്യുമെന്നു താല്പൎയ്യം.)

മികൻമേവൻ മെയ്‌പ്പൊരുൾ കാണാരികന്മേവ-
ലിന്നാവറിവിനവർ. ൭

സാ—തന്റെ ക്രോധത്തിനു് അനുഗുണമായ പീഡയെ ചെയ്യുന്നതിൽ അറിവുള്ളവർ വിജയകരമായ തത്വശാസ്ത്രത്തെ അറിയുന്നില്ല (തനിക്ക ക്രോധം ജനിച്ചാൽ ഏതൊരാളിന്റെ നേൎക്ക ജനിച്ചുവോ ആ ആളിനെ ക്രോധത്തിനു യോജിച്ചവണ്ണം പീഡിപ്പിക്കുന്ന വിഷയത്തിൽ അഭിജ്ഞന്മാർ തത്വശാസ്ത്രങ്ങളിൽ അനഭിജ്ഞന്മാരാണെന്നു താല്പൎയ്യം)

ഇകലിർ കെതിർചായ്‌തലാക്കമെതനൈ
മികലൂക്കിനൂക്കമോങ്കേട്ടു. ൮

സാ—ക്രോധത്തിനു വശപ്പെടാതിരിക്കുന്നതു് ഐശ്വൎയ്യമാണു്; അതിന്റെ മൂൎദ്ധന്യതയെ സ്വീകരിക്കുന്നുവെങ്കിൽ നാശത്തെയും സ്വീകരിക്കുകയായിരിക്കും. (ക്രോധത്തെ അകറ്റിയാൽ ഐശ്വൎയ്യവും അംഗീകരിച്ചാൽ നാശവും ഫലമാണെന്നു താല്പൎയ്യം.)

ഇകൽ കാണാനാക്കം വരുങ്കാലതനൈ
മികൽ കാണുങ്കേട്ടു തരർക്കു. ൯

സാ—ഐശ്വൎയ്യം വരുമ്പോൾ ക്രോധത്തെ കൈക്കൊള്ളുകയില്ല; ആ ഐശ്വൎയ്യത്തിനു തന്നെത്താൻ നാശം വരുത്തുന്നിടത്തു് ക്രോധത്തിന്റെ ക്രൂരതയിനെ സ്വീകരിക്കുന്നു. (ഐശ്വൎയ്യവാൻ ക്രോധത്തിനു വശപ്പെടുകയില്ല; ക്രോധത്തെ കൈക്കൊള്ളുന്നതു് ഐശ്വൎയ്യത്തെ സ്വയം നശിപ്പിക്കുകയായിരിക്കും)

ഇകലാനാമിന്നാത വെല്ലാനകലാനാ
നന്നായമെന്നുണൈരുക്ക. ൧൦

സാ—ക്രോധത്താൽ സകലദുഃഖങ്ങളുമുണ്ടാകും; സ്നേഹത്താൽ സൎവൈശ്വൎയ്യങ്ങളും സിദ്ധിക്കും.

---

## എൺപത്തേഴാം അധികാരം.

### പകൈമാട്ചി—ശത്രുത്വം.

---

വലിയാൎക്ക മാറേററലോമ്പുകവോമ്പാ
മെലിയാർമേൻ മേകപകൈ. ൧

സാ—(തന്നെക്കാൾ) വലിയവരോടു ശത്രുത്വം പ്രകടിപ്പിക്കാൻ പാടില്ലാത്തതാകുന്നു; എളിയവരോടു ശത്രുത്വം പ്രകടിപ്പിക്കാം. (തന്നേക്കാൾ വലിയ ശത്രുവിനോടു രാജാക്കന്മാർ എതിരിടാൻപാടില്ല; എളിയ ശത്രുവിനോട്ട് ഏറ്റുമുട്ടേണ്ടിവന്നാൽ പിൻവാങ്ങേണ്ടതായി വരുന്നതുമില്ല എന്നു താല്പര്യം.)

അൻപിലനാൻറതുണൈയിലൻറാൻറുവ്വാ
നെൻപരിയുമേതിലാൻറുപ്പു. ൨

സാ—സ്നേഹമില്ലാത്തവനും വലുതായ സഹായമില്ലാത്തവനും സ്വശക്തിയില്ലാത്തവനുമായ ഒരുവൻ തന്നോട്ട് എതിരിടുന്ന ശത്രുവിൻെറ ശക്തിയെ എങ്ങനെ നശിപ്പിക്കാനാണ്? (സ്നേഹത്താൽ സഹായവും സഹായത്താൽ ശക്തിയും ഉണ്ടാകുന്നു; ഇമ്മൂന്നുമില്ലാത്ത രാജാവിനു ശത്രുശക്തിയെ ഉന്മൂലനം ചെയ്യാൻ കഴിയുകയില്ലെന്നു താല്പര്യം.)

അഞ്ചുമറിയാനമൈവിലനീകലാൻ
റഞ്ചുമെളിയൻ പകൈക്കു. ൩

സാ—(പേടിക്കേണ്ടാത്തവയെ) പേടിക്കുന്നവനും (അറിയേണ്ടവയെ) അറിയാത്തവനും (അന്യന്മാരോട്ട്) ഇണക്കമില്ലാത്തവനും ലുബ്ധനുമായവൻ ശത്രുവിനു നിസ്സാരനായി ഭവിക്കുന്നു. (ഭീരുവും അജ്ഞനും സ്നേഹമില്ലാത്തവനും ലോഭിയുമായ രാജാവ് ശത്രുവിനു നിസ്സാരനായി ഭവിക്കുന്നു. ശത്രു ആ രാജാവിനെ ലഘുവിൽ ജയിക്കുമെന്നു ഭാവം.)

നീങ്കാൻ വെകുളി നിറൈയിലനെഞ്ഞാൻറും
യാങ്കണും യാർക്കുമെളിതു. ൪

സാ—കോപത്തിൽനിന്നും ഒഴിയാത്തവനും ധൈര്യമില്ലാത്തവനുമായ രാജാവ് എന്നും എവിടെയും ആർക്കും നിസ്സാരനാകുന്നു. (ക്രുദ്ധനും ധൈര്യമില്ലാത്തവനുമായ രാജാവ് ആർക്കും എന്നും നിസ്സാരനാണെന്നു താല്പര്യം.)

വഴിനോക്കാൻവായ്പ്പന ചെയ്യാൻ പഴിനോക്കാൻ
പൺപിലൻ പററാർക്കിനിതു. ൫

സാ—ശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്തവനും വിധിക്കപ്പെട്ടവയെ ചെയ്യാത്തവനും അപമാനത്തെ ചിന്തിക്കാത്തവനും ദുർഗ്ഗുണനുമായ രാജാവ് ശത്രുക്കൾക്കു നിസ്സാരനാകുന്നു.

കാണാച്ചിനത്താൻ കഴിപെരുങ്കാമത്താൻ
പേണാമൈ പേണപ്പടും. ൬

സാ—അധികമായ കോപമുള്ളവനും മേൽക്കുമേൽ വളർന്നുകൊണ്ടിരിക്കുന്ന അതിയായ കാമത്തോടുകൂടിയവനുമായ രാജാവിൻെറ ശത്രുത്വം ആശിച്ചു സമ്പാദിക്കുന്നതാണ്. (കോപാന്ധനും കാമാന്ധനുമായ രാജാവിൻെറ ശത്രുത്വം ആശിച്ചു സമ്പാദിക്കുന്നതാണ; കോപാന്ധതയാൽ സഹായികളുണ്ടായിരിക്കയില്ല; കാമാന്ധതയാൽ കാര്യാന്തരങ്ങളിൽ അശ്രദ്ധനായിരിക്കുകയും ചെയ്യും. ഈ രണ്ടുദോഷവുമുള്ള രാജാവിനെ എളുപ്പത്തിൽ പരാജയപ്പെടുത്താൻ കഴിയുന്നതിനാൽ ആ രാജാവിൻെറ ശത്രുത്വത്തെ ആശിച്ചു സമ്പാദിക്കുമെന്നു ഭാവം.)

കൊടുത്തുങ്കൊളൽവേണ്ടുമൻറവടുത്തിരുന്തു
മാണാതചെയ്വാൻ പകൈ. ൭

സാ—ഒരു പ്രവൃത്തിയിൽ ഒരുമ്പെട്ടിട്ട് അതിനോടു സംബന്ധമില്ലാത്തവയെ ചെയ്യുന്നവന്റെ ശത്രുത്വം നിശ്ചയമായി കൊടുത്തും കൊള്ളേണ്ടതാണ്. (പണം കൊടുത്തെങ്കിലും സമ്പാദിക്കണമെന്നു താല്പൎയ്യം)

കുണനിലനായ്ക്കുററം പലവായിൻമാററാ-
ൎക്കിനനിലനാമേമാപ്പുടൈത്തു. ൮

സാ—യാതൊരു ഗുണവുമില്ലാത്തവനും പല കുററങ്ങളോടുകൂടിയവനുമായ രാജാവ് നിസ്സഹായനാകും; അവൻ ശത്രുക്കൾക്കു നിസ്സാരനായി ഭവിക്കും. (ഗുണമില്ലാത്തവനും വേറയും പല ദോഷങ്ങളോടുകൂടിയവനുമായ രാജാവിനു സഹായികളുണ്ടായിരിക്കയില്ല. അവനെ ജയിക്കാൻ ശത്രുക്കൾക്കു യാതൊരു പ്രയാസവുമില്ലെന്നു താല്പൎയ്യം.)

ചെറുവാൎക്കുഞ്ചേണികവാവിൻപമറിവിലാ
വഞ്ചുംപകൈവൎപ്പെറിൻ. ൯

സാ—അറിവില്ലാത്ത ഭീരുക്കളായ ശത്രുക്കളെ സമ്പാദിച്ചാൽ, അവരെ ജയിക്കുന്നവൎക്കു ഉൽകൃഷ്ടസുഖങ്ങൾ ഒഴിയുകയില്ല. (ഉപായം അറിഞ്ഞുകൂടാത്തവനും അറിഞ്ഞാൽ ചെയ്യാൻ ഭയപ്പെടുന്നവനുമായ ശത്രുവിനെ ജയിക്കുന്നവൎക്കു ആനന്ദമൊഴിയുകയില്ലെന്നു താല്പൎയ്യം.)

കല്ലാൻ വെകുളുഞ്ചിറുപൊരുളെഞ്ഞാൻറു
മൊല്ലാനൈ യൊല്ലാതൊളി. ൧൦

സാ—വിദ്യാഭ്യാസമില്ലാത്തവനോട് എതിരിട്ടാൽ ലഭിക്കപ്പെടാവുന്ന സുലഭസമ്പത്തുക്കൾ കിട്ടാത്തവന് ഒരിക്കലും കീൎത്തിയുണ്ടാകുന്നതല്ല (ശാസ്ത്രപാണ്ഡിത്യമില്ലാത്തവനോടു പൊരുതാൽ അവന്റെ സമ്പത്തുക്കൾ എളുപ്പത്തിൽ കൈവശമാകുന്നതാണ്; അപ്രകാരമുള്ള സമ്പത്തിനെ കരസ്ഥമാക്കാത്ത രാജാവിനു കീൎത്തി ലഭിക്കയില്ലെന്നു താല്പൎയ്യം.)

---

## എൺപത്തെട്ടാം അധികാരം.

### പകൈത്തിറന്തെരിതൽ—ശത്രുബലമറിയുക.

---

പകൈയെന്നും പൺപിലതനൈ യൊരുവ-
നകൈയേയ്യുംവേണ്ടർപാററൻറു. ൧

സാ—ഒരുവൻ ശത്രുത്വമെന്നു പറയപ്പെടുന്ന ദോഷബീജത്തെ വിനോദത്തിൽ പോലും ആശിക്കാൻ പാടില്ലാത്തതാകുന്നു. (കളിയിൽ നേരിടുന്ന ശത്രുത്വം കാൎയ്യത്തിൽ കലാശിക്കാനിടയുള്ളതുകൊണ്ട് കളിയായിട്ടുപോലും, ഭാവിദോഷങ്ങൾക്കു കാരണമായ ശത്രുത്വം കൈക്കൊള്ളാൻ പാടില്ലാത്തതാണെന്നു താല്പൎയ്യം.)

വില്ലേരുഴവർപകൈകൊളിനുങ്കൊള്ളൎക
ചൊല്ലേരുഴവർ പകൈ. ൨

സാ—വില്ലാകുന്ന കലപ്പയോടുകൂടിയ കൃഷിക്കാരോടു ശത്രുത്വം പ്രദൎശിപ്പിച്ചാലും ചൊല്ലാകുന്ന കലപ്പയോടുകൂടിയ കൃഷിക്കാരോടു ശത്രുത്വം പ്രദൎശിപ്പിക്കാൻ പാടില്ലാത്തതാകുന്നു. (യോദ്ധാക്കളോടു വിരോധം കാണിച്ചാലും മന്ത്രികളോടു പാടില്ലെന്നു താല്പൎയ്യം രണ്ടുകൂട്ടരിലും വിരോധം പാടില്ലെന്നും വിശേഷിച്ചും മന്ത്രിമാരോടു തീരെപ്പാടില്ലെന്നും ഭാവം.)

ഏമുററവരിനു മേഴൈതമിയനായ്-
പ്പല്ലാർപകൈകൊൾപവൻ. ൩

സാ—ഏകനായിനിന്നു പലരുടെ ശത്രുത്വത്തെ സമ്പാദിക്കുന്നവൻ ഭ്രാന്തനെക്കാൾ അറിവില്ലാത്തവനാകുന്നു. (നിസ്സഹായനായ രാജാവിനു പല ശത്രുക്കളോട് എതിർക്കാൻ ശക്തിയില്ല; ആ തത്വം അറിഞ്ഞിരുന്നും പല ശത്രുക്കളെ സമ്പാദിക്കുന്നതു ബുദ്ധിഹീനത്വമാണെന്നു താല്പര്യം.)

പകൈനട്പാക്കൊണ്ടൊഴുകുംപണ്പുടൈയാളൻ
റകൈമെക്കട്ടങ്കിററുലകു. ൪

സാ—ശത്രുത്വത്തെ സ്നേഹമാക്കി വർത്തിക്കുന്ന സ്വഭാവത്തോടുകൂടിയവന്റെ മഹത്വത്തിൽ ലോകം തങ്ങുന്നു. (ശത്രുക്കളെ ബന്ധുവാക്കിപ്പോരുന്ന രാജാവിനു ലോകം സ്വാധീനമാകുമെന്നു താല്പര്യം.)

തൻറുണൈയിൻറാർ പകൈയിരണ്ടാററാനൊരുവ-
നിൻറുണൈയാക്കൊൾകവററിനൊൻറു. ൫

സാ—തനിക്കു സഹായി ഇല്ല; ശത്രുക്കളാണെങ്കിൽ രണ്ടുപേർ; (ഈ അവസ്ഥയിൽ) ഏകനായ ഒരുവൻ ആ രണ്ടുശത്രുക്കളിൽ ഒരുവനെ ഉററ സഹായിയായി സ്വീകരിക്കേണ്ടതാകുന്നു (രണ്ടു ശത്രുക്കളോടുകൂടിയ നിസ്സഹായിയായ ഒരു രാജാവ് ആ ശത്രുക്കളാൽ നശിപ്പിക്കപ്പെടും. അതിനിടയാക്കാതെ അവരിൽ ബലവാനായ ശത്രുവിനെ നയത്താൽ തൽകാലബന്ധുവാക്കി സ്വീകരിച്ചു മററെശത്രുവിനെ തോല്പിക്കണം; അനന്തരം തോല്പിക്കപ്പെട്ട ശത്രുവിന്റെയും ബലത്തോടുകൂടി തൽകാലബന്ധുവായ ശത്രുവിനെ ജയിക്കുകയും വേണമെന്നു ഭാവം)

തേറിനുന്തേറാവിടിനുമഴിവിൻക-
ട്ടേറാൻപകാ അൻവിടൽ. ൬

സാ—ശത്രു നേരിട്ടാലും നേരിട്ടില്ലെങ്കിലും തന്റെ ക്ഷീണാവസ്ഥയിൽ അടുക്കാതെയും അകലാതെയും കഴിയേണ്ടതാകുന്നു. (ശത്രുരാജാവു നേരിട്ടാലും നേരിട്ടില്ലെങ്കിലും തന്റെ ക്ഷീണാവസ്ഥയിൽ അധികം അടുക്കാതെയും അധികം അകലാതെയും മദ്ധ്യനിലയിൽനിന്നു യുദ്ധത്തിനിടയാകാതെ കഴിക്കണമെന്നുഭാവം.)

നോവർകനൊന്തതറിയാർക്കു മേവർക
മെൻമൈ പകൈവരകത്തു. ൭

സാ—തന്റെ നോവ് അറിയാത്ത സ്നേഹിതന്മാരെ അതു പറഞ്ഞറിയിക്കാതിരിക്കണം; തന്റെ ശക്തിക്കുറവിനെ ശത്രുവിനെ അറിയിക്കാതിരിക്കണം (ഒരു സ്നേഹിതനിൽനിന്നും തനിക്കു നൊമ്പരം നേരിട്ടുവെങ്കിൽ ആ അനുഭവം ആ സ്നേഹിതനെ അറിയിച്ചാൽ അയാൾക്കു പശ്ചാത്താപം നേരിടാനിടയുള്ളതുകൊണ്ട് അറിയിച്ചുകൂടെന്നും, ഒരു രാജാവിനു ശക്തിക്ഷയം സംഭവിച്ചാൽ ആ അവസ്ഥ തന്റെ ശത്രുവിനെ അറിയിക്കുന്നുവെങ്കിൽ ആ തക്കംകണ്ടു ശത്രു എതിർക്കാനിടയുള്ളതുകൊണ്ട് ക്ഷീണസ്ഥിതി അറിയിക്കരുതെന്നും താല്പര്യം)

വകൈയറിന്തു തർചെയ്തു തർകാപ്പമായ്യും
പകൈവർ കട്പട്ടചെരുക്കു. ൮

സാ—മുൻകരുതലോടുകൂടി തന്റെ ബലത്തെ വർദ്ധിപ്പിച്ചു സുരക്ഷിതനായിരുന്നാൽ, ശത്രുവിനുണ്ടായ അഹങ്കാരം നീങ്ങും. (കാലേക്കൂട്ടി ധനശക്തിയും സൈന്യബലവും വർദ്ധിപ്പിച്ചു സുരക്ഷിതനായിരുന്നാൽ, ലഘുവിൽ ജയിച്ചുപോരാമെന്നുണ്ടായിരുന്ന ശത്രുവിന്റെ വിശ്വാസവും തജ്ജന്യമായ അഹങ്കാരവും അസ്തംഗതമാകുമെന്നു താല്പര്യം.)

ഇളൈതാക മുൾമരങ്കൊൽക കളൈയുനർ
കൈകൊല്ലുങ്കാഴ്ത്ത വിടത്തു. ൯

സാ—മുൾമരത്തെ മുളയിൽത്തന്നെ കൊല്ലേണ്ടതാകുന്നു; മുതിൎന്നതിനുശേഷം അതുതന്നേ മുറിക്കാൻ തുടങ്ങുന്നവരുടെ കൈയിനെ മുറിക്കും.

ഉയിൎപ്പ വുളരല്ലർ മൻറചെയിൎപ്പവർ
ചെമ്മൽചിതൈക്കലാതാർ. ൧൰

സാ—ശത്രുക്കളുടെ ഗൎവ്വം അടക്കാതിരിക്കുന്ന രാജാക്കന്മാർ ശ്വാസനേരത്തിനുള്ളിൽ നിശ്ചയമായിമരിക്കുന്നവരാണ്. (ശത്രുവിൻെറ അഹങ്കാരം ആരംഭത്തിലെ അടക്കിയില്ലെങ്കിൽ അവിചാരിതമായി പെട്ടെന്നു മരിക്കാനിടയാകുമെന്നു താല്പൎയ്യം.)

---

## എൺപത്തൊൻപതാം അധികാരം.

### ഉട്പകൈ—ഉൾപ്പക.

---

നിഴൽനീരുമിന്നാതവിന്നാതമർനീരു-
മിന്നാവാമിന്നാ ചെയിൻ. ൧

സാ—നിഴൽനീരു (വെയിൽകൊള്ളാതെ നിഴൽമറച്ച വെള്ളം) ആദ്യം സുഖകരമായി തോന്നിയാലും പിന്നീടു രോഗത്തെ ചെയ്യുന്നതിനാൽ അതു് ഉപദ്രവകാരിയാകുന്നു; അതുപോലെ ബന്ധുക്കളുടെ സ്വഭാവവും ആദ്യം സന്തോഷത്തെ നൽകിയാലും ഒടുവിൽ സന്താപത്തെയും നൽകുന്നതിനാൽ ഉപദ്രവകാരിയാകുന്നു. (ആരംഭത്തിൽസുഖവും പിന്നീടു രോഗവും നൽകുന്ന നിഴൽനീരുപോലെ ഉൾപ്പകയുള്ള ബന്ധുക്കളുടെ സ്വഭാവം ഉപദ്രവകാരിയാണെന്നു താല്പൎയ്യം നിഴൽനീരിലുണ്ടാകുന്ന രോഗങ്ങൾ പെരുക്കാൽ പെരുവയറമുതലായവയാകുന്നു.)

വാൾപോൽ പകൈവരൈ യഞ്ചർക വഞ്ചുക
കേൾപോൽ പകൈവർ തൊടർപു. ൨

സാ—വാൾപോലെ പാഞ്ഞുവരുന്ന ശത്രുക്കളെ ഭയപ്പെടേണ്ടതില്ല; ബന്ധുക്കളെപ്പോലെ നടിക്കുന്ന ശത്രുക്കളുടെ സ്നേഹത്തെ ഭയപ്പെടേണ്ടതാകുന്നു. (കൊല്ലാൻ പാഞ്ഞടുക്കുന്ന ശത്രുവിനെക്കാളും ഉൾപ്പകയോടെ സൗഹൃദ്ഭാവത്തിൽ അടുക്കുന്ന ശത്രുവിനെ ഭയപ്പെടണമെന്നു താല്പൎയ്യം. ആദ്യത്തെ ശത്രുവിനെക്കാൾ രണ്ടാമത്തെ ശത്രു ഭയങ്കരനാകുന്നു. ആദ്യത്തെ ശത്രു തൻെറ ശത്രുതയെ നേരിൽ പ്രകടിപ്പിക്കുന്നതിനാൽ അവനെക്കാൾ ശക്തിയും സാമൎത്ഥ്യവുമുണ്ടെങ്കിൽ അപായത്തിൽനിന്നും രക്ഷപ്പെടാം. ഉൾപ്പകയുള്ള ശത്രുവാകട്ടെ, സ്നേഹഭാവത്തിൽ അടുക്കുന്നതിനാൽ അവനെ തിരിച്ചറിയാൻ കഴിയുന്നില്ലാത്തതുകൊണ്ടു് അവനിൽനിന്നും ഉണ്ടാകാനിരിക്കുന്ന ആപത്തിൽനിന്നും മോചിക്കാൻ കഴിയുന്നില്ല തന്നിമിത്തം പ്രത്യക്ഷശത്രുവിനെക്കാൾ ഉൾപ്പകയോടുകൂടിയ പരോക്ഷശത്രുവിനെ ഭയപ്പെടണമെന്നു വിവക്ഷ.)

ഉട്പകൈ യഞ്ചിത്തർകാക്ക വുലൈവിടത്തു
മട്പകൈയിൻ മാണത്തെറും. ൩

സാ—ഉൾപ്പകയുള്ളവരെ ഭയന്നു തന്നെത്താൻ സൂക്ഷിച്ചു നടക്കേണ്ടതാകുന്നു; അങ്ങനെ നടക്കാഞ്ഞാൽ പഴുതുകിട്ടുന്നിടത്തു കുശവൻെറ മൺകലം അറുക്കുന്ന കത്തിപോലെ അവർ നശിപ്പിക്കും. (ഉൾപ്പകയുള്ളവരെ ഭയന്നു് അവൎക്കു് ഉൾപ്പെടാതെയും

അവർ അടുക്കാതെയും സൂക്ഷിച്ചു നടക്കാഞ്ഞാൽ തക്കംനോക്കി അവർ ദോഷത്തെ ചെയ്യുമെന്നു താല്പര്യം )

മനമാണാവുട്പകൈ തോൻറിനിനമാണാ-
വേതം പലവുന്തരും. ൨

സാ—മനസ്സു തെളിയാതെ, ഉൾപ്പക കുടികൊള്ളുകയാണെങ്കിൽ അതു പലദോഷത്തെയും നൽകും. (രാജാക്കന്മാരുടെ ശരീരശുദ്ധി ഹൃദയത്തിനും വേണ്ടതാണ്; പ്രത്യുത അ ഹൃദയത്തിൽ ഉൾപ്പക കുടികൊള്ളുകയാണെങ്കിൽ അതുനിമിത്തം പല ദോഷങ്ങളും നേരിടുമെന്നു താല്പര്യം.)

ഉറൻമുറൈയാനുട്പകൈ തോൻറിനിറമ്മുറൈയാ
നേതം പലവുന്തരും. ൩

സാ—ബന്ധുഭാവത്തോടുകൂടിയ ഉൾപ്പക ഉണ്ടായാൽ, മരണഭാവത്തോടുകൂടിയ പല ദോഷങ്ങളെയും അതു നൽകും. (രാജാവ് സ്നേഹഭാവത്തിൽ പെരുമാറുകയും ഉൾപ്പകകരുതുകയുംചെയ്താൽ ആ രാജാവിനു മരണതുല്യമായ പല ദോഷങ്ങൾ നേരിടുമെന്നു താല്പര്യം.)

ഒൻറാമൈയൊൻറിയാർ കട്പടിനെഞ്ഞാൻറും
പൊൻറാമൈ യൊൻറലരിതു. ൪

സാ—ഉൾപ്പക അടുത്തവരിൽ തോന്നിയാൽ അകാലമൃത്യു നിശ്ചയമായും ഉണ്ടാകാതിരിക്കയില്ല. (രാജാവിനു തൻെറ അടുത്തബന്ധുക്കളിൽ (മന്ത്രിമാർ—സേവകന്മാർ തുടങ്ങിയുള്ളവരിൽ)—ഉൾപ്പകതോന്നിയാൽ തീർച്ചയായും അകാലമൃതി സംഭവിക്കുമെന്നു താല്പര്യം.)

ചെപ്പിൻപുണർച്ചിപോർ കൂടിനു കൂടാതെ
യുട് പകൈ യുററകുടി. ൫

സാ—ഉൾപ്പകയുള്ളവർ ചെപ്പിൻെറ യോജിപ്പുപോലെ പുറമേ യോജിച്ചുകൊണ്ടാലും ഉള്ളുരണ്ടും തീരെ അടുക്കുകയില്ല. (ചെപ്പും മൂടിയും തമ്മിൽ പുറമേ വ്യത്യാസം തോന്നാത്ത വിധത്തിൽ ചേൎന്നു കാണപ്പെട്ടാലും അവയുടെ അകം ഒരിക്കലും ചേരുകയില്ല; അതുപോലെ ഉൾപ്പകയുള്ളവർ പുറമേയുള്ള പെരുമാററത്തിൽ യാതൊരു വ്യത്യാസവുമില്ലാത്തവരായി കാണപ്പെട്ടാലും അവരുടെ ഹൃദയങ്ങൾ തമ്മിൽ തെല്ലും യോജിക്കുകയില്ലെന്നു താൽപര്യം. പരസ്പരം ക്ഷതിക്കാൻ തരംനോക്കുന്നുണ്ടായിരിക്കുമെന്നു ഭാവം.)

അരംപൊരുതപൊൻപോലത്തേയുമുരംപൊരു-
തുട്പകൈയുററകുടി. ൬

സാ—ഉൾപ്പകയുള്ള കുടി, അരംകൊണ്ടുരാവപ്പെട്ട സ്വൎണ്ണംപോലെ തേഞ്ഞു ശക്തികുറയും (കുടുംബത്തിനുള്ള ഉൽകൃഷ്ടതയെ വെളിപ്പെടുത്താനായി സ്വൎണ്ണത്തോടുപമിച്ചതാണ്; അല്ലെങ്കിൽ ഇരിമ്പിരുമ്പോടോ മററോ ഉപമിച്ചാൽ മതിയായിരുന്നു. അപ്രകാരം ഉൽകൃഷ്ടതയുള്ള ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് പരസ്പരം ഉൾപ്പകജനിച്ചാൽ, ആ കുടുംബം സ്വൎണ്ണം അരംകൊണ്ടുരാവിയാൽ എന്നപോലെ ക്ഷയിച്ചു നശിക്കുമെന്നു താല്പര്യം.)

എട്പകവന്നചിറുമൈത്തേയായിനു-
മുട്പകൈയുള്ളതാങ്കേടു. ൭

സാ—ഉൾപ്പക എള്ളിൻെറ പിളൎപ്പിനോളം ചെറിയതായിരുന്നാലും ദോഷത്തെ ചെയ്യുന്നതാണ് (രാജാവിൻെറ ഉൾപ്പക എള്ളിൽപ്പാതിതുല്യം ചെറുതായിരുന്നാലും വലുതായ രാജൈശ്വൎയ്യത്തെ ഉൻമൂലനം ചെയ്യാൻ ശക്തിയുള്ളതാണെന്നു താല്പൎയ്യം.)

ഉടംപാടിലാതവർവാഴ്ക്കൈ കുടങ്കരുട്
പാംപോട്ടുടനുറൈന്തററു. ൧൦

സാ—മനപ്പൊരുത്തമില്ലാത്ത കൂടിക്കഴിയൽ, വിഷപ്പാമ്പിനോടൊന്നിച്ച് ഒരു കുടിലിൽ പാൎക്കുന്നതുപോലെയാകുന്നു. (അന്യോന്യം ഉൾപ്പകയുള്ളവർ തമ്മിൽ ഒരു വീട്ടിൽ ഒന്നിച്ചുപാൎക്കുന്നത് ഒരു കുടിലിൽ ഒരു മൂൎഖപ്പാമ്പിനോടുകൂടി താമസിക്കുന്നതുപോലെയാണെന്നു താല്പൎയ്യം. പാമ്പിൻെറ സംസൎഗ്ഗം, എപ്പോഴെങ്കിലും ഒരിക്കൽ പ്രാണഹാനിക്കു കാരണമാണെന്നുള്ളതു നിശ്ചയമാണ്; ആ അനുഭവം ഉൾപ്പകയോടെ അന്യോന്യം സംസൎഗ്ഗംചെയ്യുന്നവൎക്കും ഉണ്ടാകുമെന്നു ഭാവം.)

---

## തൊണ്ണൂറാം അധികാരം.

### പെരിയാരൈപ്പിഴൈയാമൈ—വലിയവരെ നിന്ദിക്കായ്ക.

---

ആററുവാരാററലികഴാമൈപോററുവാർ
പോററലുളെല്ലാന്തലൈ. ൧

സാ—സ്വയം കാക്കുന്നവൎക്കുള്ള വലുതായ കാവൽ, വലിയവരെ നിന്ദിക്കായ്കയാകുന്നു. (രാജാക്കന്മാൎക്കു സ്വരക്ഷാൎത്ഥം അനേക കാവലുകൾ ഉണ്ടു്; അവയിൽ സൎവ്വപ്രധാനമായിട്ടുള്ളവ തന്നെക്കാൾ വലിയവരെ നിന്ദിക്കായ്കയാകുന്നു എന്നു താല്പൎയ്യം. തന്നെക്കാൾ വലിയവർ, ആത്മജ്ഞാനം സിദ്ധിച്ച മഹാത്മാക്കളും തന്നേക്കാൾ സൈന്യബലവും ധനശക്തിയുമുള്ള രാജാക്കന്മാരുമാകുന്നു. ഈ രണ്ടുതരക്കാരെയും നിന്ദിക്കുന്നതുകൊണ്ടു തനിക്കും വംശത്തിനും ഹാനിനേരിടുമെന്നുള്ളതിനാൽ അവരെ ഒരുപ്രകാരത്തിലും നിന്ദിക്കാൻ പാടില്ലെന്നു ഭാവം.)

പെരിയാരൈപ്പേണാതൊഴുകിൽപെരിയാരാർ
പേരാവിടുംപൈതരും. ൨

സാ—വലിയവരെ മതിക്കാതിരുന്നാൽ, അവരാൽ തീരാദുഃഖങ്ങൾ നേരിടും. (വലിയവരെ നിന്ദിച്ചാൽ ഫലം തീരാദുഃഖമാണെന്നു താല്പൎയ്യം.)

കെടൽവേണ്ടിൽകേളാതുചെയ്ക വടൽവേണ്ടി-
നാററുപവൎകണിഴക്കു. ൩

സാ—തന്നെ ദ്രോഹിക്കണമെന്നു കരുതുന്ന ജയശീലനായ രാജാവിനെ ജയിക്കുവാൻ ശക്തിയുള്ളവനായ രാജാവിൻെറനേൎക്കും ശാസ്ത്രോക്തികളെ കേൾക്കാതെ ദ്രോഹിക്കേണ്ടതാകുന്നു. (ശത്രുവിനെയും സ്നേഹിക്കണമെന്നു ശാസ്ത്രങ്ങൾ വിധിക്കുന്നു; തന്നെ ദ്രോഹിക്കാൻവരുന്ന രാജാവ് എത്ര ശക്തിമാനായാലും, ആ ശാസ്ത്രോക്തിയെ വകവയ്ക്കാതെ പ്രതികാരംചെയ്യേണ്ടതാണെന്നു താല്പൎയ്യം.)

കൂററത്തൈക്കൈയാൽ വിളിത്തററാലാററുവാ-
ൎക്കാററാതാരിന്നാചെയൽ. ൪

സാ—തന്നെക്കാൾ ശക്തന്മാരെ ശക്തികുറഞ്ഞവർ വലിയേച്ചെന്ന് ഉപദ്രവിക്കുന്നതു് കാലനെ കൈകാട്ടിവിളിക്കുന്നതുപോലെയാണ്. (ബലഹീനനായ രാജാവ് തന്നേക്കാൾ ധനശക്തിയും സൈന്യബലവും ഉള്ള രാജാവിനോടു വലിയേച്ചെന്നു നേരിടുന്നതു് കാലനെ വിളിച്ചുവരുത്തുകയാണെന്നു താല്പൎയ്യം.)

യാണ്ടുച്ചെൻറിയാണ്ടു മുളരാകാർവെന്തുപ്പിൻ
വേന്തുചെറപ്പട്ടവർ. ൫

സാ—അത്യന്തശക്തിയോടുകൂടിയ രാജാവിൻെറ കോപത്തിനു പാത്രീഭവിച്ച രാജാവു് അവനിൽനിന്നും തെററി എവിടെപ്പോയി ജീവനെ രക്ഷിക്കാനാണ്. (അവനാൽ കൊല്ലപ്പെട്ടകതന്നെ ചെയ്യുമെന്നു ഭാവം.)

എരിയാർ ചുടപ്പടിനുമുയ്വുണ്ടാ മുയ്യാർ
പെരിയാർ പ്പിഴൈത്തൊഴുകുവാർ. ൬

സാ—അഗ്നിമദ്ധ്യത്തിൽ അകപ്പെട്ടവനും ഒരുപ്രകാരത്തിൽ രക്ഷപ്പെടാം; ശക്തനായ രാജാവിനോട്ടു് അപരാധംപ്രവത്തിച്ച ശക്തിഹീനനായ രാജാവിനു് ഒരുവഴിക്കും രക്ഷപ്പെടാൻ മാഗ്ഗമില്ല.

വകൈമാണ്ടവാഴ്കൈയ്യും വാൻപൊരുളുമെന്നാ-
ന്തകൈമാണ്ടതക്കാർചെറിൻ. ൭

സാ—വിശിഷ്ടന്മാരായ മഹാതപസ്വികളെ നിന്ദിക്കുന്നതായാൽ, സൈന്യാദ്യംഗങ്ങളാൽ പ്രശോഭിതമായ രാജൈശ്വൎയ്യവും വലുതായ ഭണ്ഡാഗാരവുംകൊണ്ടു് എന്തുഫലം? (ശാപാനുഗ്രഹശക്തിയുള്ള താപസേശ്വരന്മാരെ നിന്ദിക്കുന്ന രാജാവിൻെറ മഹൈശ്വൎയ്യസമ്പൂൎണ്ണമായ വാഴ്ചകൊണ്ടു യാതൊരുഫലവുമില്ലെന്നു താല്പൎയ്യം. അവരുടെ കോപാഗ്നിക്കു വിഷയീഭവിക്കുന്ന രാജപ്രതാപം നാമാവശേഷമാകുമെന്നു ഭാവം.)

കുൻറന്നാർ കുൻറമതിപ്പിർകുടിയൊടു
നിൻറന്നാർ മായ്വർനിലത്തു. ൮

സാ—കുന്നൊത്ത താപസന്മാർ "നശിക്കട്ടെ" എന്നു വിചാരിച്ചാൽ, ഈ ഭൂമിയിൽ സ്ഥിരപ്രതിഷ്ഠിതമായ ഐശ്വൎയ്യത്തോടുകൂടിയവർ കുലത്തോടുകൂടി നശിക്കും. (കുന്നൊത്ത താപസന്മാർ എന്നാൽ കുന്നിൻെറ ഗുണത്തോടുകൂടിയ താപസന്മാർ എന്നൎത്ഥം. കുന്നിൻെറ ഗുണം വെയിൽ, മഴ, കാററുമുതലായവയെ സഹിച്ചു് അചഞ്ചലമായി സ്ഥിതിചെയ്യുകയാകുന്നു. അപ്രകാരമുള്ള താപസേശ്വരന്മാർ അന്യന്മാരുടെ നാശത്തെ അഭിലഷിക്കുകയില്ലെങ്കിലും അങ്ങനെ സംഭവിക്കട്ടെന്നുകരുതിയാൽ ആ മാത്രയിൽ അവർ കുലത്തോടെ നശിക്കും. അതിനാൽ രാജാക്കന്മാർ അവരുടെ അപ്രീതിക്കു പാത്രമാകാതെ പ്രത്യേകം സൂക്ഷിക്കണമെന്നു വിവക്ഷ.)

ഏന്തിയകൊൾകൈയാർ ചീറിനിടൈമുരിന്തു
വേന്തനുംവെന്തുകെടും. ൯

സാ—ഉൽകൃഷ്ടവ്രതനിഷ്ഠന്മാരായ താപസന്മാർ കോപിച്ചാൽ ഇന്ദ്രനും സ്ഥാനഭ്രംശം സംഭവിച്ചുനശിക്കും. (ഇന്ദ്രപദം ലഭിച്ച നഹുഷൻ, അഗസ്ത്യമുനിശാപത്താൽ അധഃപതിച്ച കഥ ഉദാഹരണമായി ഓക്കുക )

ഇറന്തമൈന്ത ചാർപുടൈയരായിനുമുയ്യാർ
ചിറന്തമൈന്ത ചീരാർ ചെറിൻ. ൧൦

സാ—ഉൽകൃഷ്ടതപോനിഷ്ഠന്മാരായ മഹർഷീശ്വരന്മാർ കോപിച്ചാൽ, വളരെ ബലവത്തായ സംരക്ഷയോടുകൂടിയവരായിരുന്നാലും നശിക്കാതിരിക്കയില്ല. (ദുൎഗ്ഗം, സൈന്യം, ഭണ്ഡാരം, ബന്ധുസഹായം മുതലായ സംരക്ഷയോടുകൂടിയവരായാലും മഹർഷിമാരുടെ കോപത്തിനു പാത്രമായാൽ ആ മാത്രയിൽ നശിക്കുമെന്നു താല്പൎയ്യം.)

# തൊണ്ണൂററൊന്നാം അധികാരം.

## പെൺവഴിച്ചേറൽ——സ്ത്രീവശഗത.

മനൈവിഴൈവാർ മാൺപയനെയ്താർ വിനൈവിഴൈവാർ
വേണ്ടാപ്പൊരുളുമതു. ൧

സാ——ഭാൎയ്യക്കു വശപ്പെട്ടുനടക്കുന്നവർ, ഉററബന്ധുവായ ധൎമ്മത്തെ പ്രാപിക്കുക യില്ല; ധനാർജ്ജനതല്പരന്മാർ അവകാശമില്ലാത്ത ധനത്തെയും ആശിക്കും (ഭാൎയ്യയെ മോഹിച്ച് അവൾക്കു വശപ്പെട്ടു നടക്കുന്നവൻ, ധനംസമ്പാദിക്കണമെന്ന ഏകോദ്ദേശ്യത്തോടുകൂടിയവർ തനിക്ക് അവകാശപ്പെട്ടതല്ലാത്ത ധനത്തെയും ആശിക്കുന്നതുപോലെ അധൎമ്മങ്ങളിൽ ആസക്തനായി ഭവിക്കുമെന്നു ഭാവം.)

പേണാതുപെൺവിഴൈവാനാക്കം പെരിയതോർ
നാണാകനാണുത്തരും. ൨

സാ——തൻെറ പൌരുഷത്തെ കരുതാതെ, ഭാൎയ്യയുടെ സ്ത്രീത്വത്തെ കാമിക്കുന്നവൻെറ ഐശ്വൎയ്യം ലോകൎക്കു ലജ്ജയെ നൽകി തനിക്കും സങ്കോചത്തെ ഉണ്ടാക്കും. (പൌരുഷം വിട്ടു ഭാൎയ്യയെ കാമിക്കുന്നവൻെറ ഐശ്വൎയ്യം തനിക്കും പരന്മാൎക്കും ലജ്ജയെ നൽകുമെന്നു താല്പൎയ്യം.)

ഇല്ലാൾകട്ടാഴ്ന്തവിയൽപിൻമൈയെഞ്ഞാൻറു
നല്ലാരുൾനാണുത്തരും. ൩

സാ——ഭാൎയ്യക്കു കീഴ്പ്പെട്ടുനടക്കുന്ന വിനയം എല്ലായ്പ്പോഴും സജ്ജനങ്ങൾക്കു ലജ്ജയെ ജനിപ്പിക്കും. (ഭാൎയ്യ പുരുഷനു കീഴ്പ്പെട്ടുനടക്കേണ്ടതാണ്; അതിനു വിപരീതമായി ഭാൎയ്യക്കു പുരുഷൻ കീഴ്പ്പെട്ടുനടന്നാൽ അവനെ അവൾ തൻെറ ഭൎത്തൃസ്ഥാനത്തു നിയമിച്ചതാണെന്നു ലോകർ കരുതും. അപ്രകാരം ഉള്ള ഒരു ഭൎത്താവിനെ കാണുമ്പോൾ, പെണ്ണു, ഒത്താൽ മതി, ലജ്ജതോന്നും.)

മനൈയാളെയഞ്ചുമറുമൈയിലാളൻ
വിനൈയാൺമൈവീറെയ്തലിൻറു. ൪

സാ——ഭാൎയ്യയെ ഭയപ്പെട്ടുനടക്കുന്ന ജന്മാന്തരസൽഫലമില്ലാത്തവൻെറ പൌരുഷം സജ്ജനങ്ങളാൽ അവഹേളിതമായി ഭവിക്കുന്നു. (ഭൎയ്യയെ ഭയപ്പെടുന്നവനു സൽഫലം ഈ ജന്മത്തിലെന്നല്ല, അടുത്ത ജന്മത്തിലുമില്ല; അപ്രകാരമുള്ള പുരുഷൻെറ പൌരുഷം സജ്ജനങ്ങളാൽ നിന്ദിക്കപ്പെടുമെന്നു താല്പൎയ്യം)

ഇല്ലാളെയഞ്ചുവാനഞ്ചുമറെറഞ്ഞാൻറും
നല്ലാൎക്കു നല്ലചെയൽ. ൫

സാ——ഭൎയ്യയെ ഭയപ്പെടുന്നവൻ സത്തുക്കളെ സഹായിക്കാൻ ഭയപ്പെടും. (തന്നാൽ സമ്പാദിക്കപ്പെട്ട ധനംതന്നെയാണെങ്കിലും അപ്പണം സത്തുക്കൾക്കുവേണ്ടി ചെലവുചെയ്യാൻ ഭാൎയ്യയിൽ പേടിയുള്ളവൻ ഭയപ്പെടുമെന്നു താല്പൎയ്യം)

ഇമൈയാരിൻ വാഴിനും പാടിലരേയില്ലാ-
ളമൈയാർതോളഞ്ചുപവർ. ൬

സാ——ഭാൎയ്യയുടെ ഭുജത്തെ ഭയപ്പെടുന്നവർ, വിഷ്ണുസാൎഗ്ഗം പ്രാപിച്ച ദേവന്മാരൊപ്പം ജീവിക്കുന്നവരായാലും പുരുഷത്വമില്ലാത്തവരാണ്. (ധൂലധീരന്മാരുടെ കരബ

ലത്തെ ജയിച്ച—വീര്യസ്വൎഗ്ഗത്തിന്ന് അവകാശികളായി—ജീവിക്കുന്നവരായാലും ഭാൎയ്യാഭുജത്തെ ഭയപ്പെട്ടുന്നവർ പുരുഷത്വമില്ലാത്തവരാണെന്നു താല്പൎയ്യം.)

പെണ്ണേവൽ ചെയ്തൊഴുകുമാൺമൈയിനാണുടൈ-
പ്പെണ്ണേപെരുമൈയുടൈത്തു. ൭

സാ—പെണ്ണുങ്ങളുടെ ആജ്ഞയെ—ലജ്ജാരഹിതനായി—സാധിച്ചു നടക്കുന്നവന്റെ പുരുഷത്വത്തെക്കാൾ, ലജ്ജയോടുകൂടിയ അപ്പെണ്ണുങ്ങളാണ ശ്രേഷ്ഠതയെ അൎഹിക്കുന്നതു്. (പൌരുഷമില്ലാതെ പെണ്ണുങ്ങളുടെ വാക്കനുസരിച്ചു നടക്കുന്നവനെക്കാൾ അപ്പെണ്ണുങ്ങൾ ശ്രേഷ്ഠകളാണെന്നു താല്പൎയ്യം.)

നട്ടാർകുറൈമുടിയാർ നൻറാററാർനന്നുതലാൾ
പെട്ടാങ്കൊഴുകുപവർ. ൮

സാ—ഭാൎയ്യയുടെ നിയോഗം അനുസരിച്ചു നടക്കുന്നവൻ തന്റെ സ്നേഹിതന്മാരുടെ കുറവിനെ പരിഹരിക്കുകയില്ല; ധൎമ്മത്തെ നിൎവ്വഹിക്കുകയുമില്ല. (ഭാൎയ്യയുടെ ആജ്ഞപ്രകാരം നടക്കുന്നവൻ സ്വസുഹൃത്തുകൾക്ക് ഉപകരിക്കുകയില്ലെന്നു മാത്രമല്ല, ധൎമ്മത്തെ അനുസരിച്ചു പ്രവൎത്തിക്കുകയുമില്ലെന്നു താല്പൎയ്യം.)

അറവിനൈയുമാൻറ പൊരുളുംപിറവിനൈയും
പെണ്ണേവൽ ചെയ്വാർകണിൽ. ൯

സാ—ധൎമ്മപ്രവൃത്തിയും അതിലേക്ക് ആവശ്യമായ ധനവ്യയവും മററു സുഖവൃത്തികളും ഭാൎയ്യയുടെ ആജ്ഞക്ക് അധീനന്മാരായവരിൽ ഉണ്ടാകുന്നതല്ല.

എൺചേർന്തനെഞ്ചത്തിടനുടൈയാർക്കെഞ്ഞാൻറും
പെൺചേർന്താം പേതൈമൈയിൽ. ൧൦

സാ—ആലോചനയോടുകൂടിയ ഹൃദയവും ഐശ്വൎയ്യവുമുള്ളവൎക്ക്, സ്ത്രീസംസൎഗ്ഗത്താൽ ഉളവാകുന്ന മൌഢ്യം ഉണ്ടാകുന്നതല്ല (ധൎമ്മചിന്തയോടുകൂടിയ മനസ്സും തജ്ജന്യമായ ഐശ്വൎയ്യവും ഉള്ളവൎക്ക് ഭാൎയ്യാവശഗത്വപരമായ മൌഢ്യം ഉണ്ടാവുകയില്ല; അവർ പൌരുഷംവിട്ടു ഭാൎയ്യക്കു വിധേയന്മാരായി ഭവിക്കുകയില്ലെന്നു ഭാവം.)

---

## തൊണ്ണൂററിരണ്ടാം അധികാരം.

### വരൈവിൻമകളിർ—വാരസ്ത്രീ.

അൻപിൻവിഴൈയാർപൊരുൾവിഴൈയുമായ്തൊടിയാ-
രിൻചൊലിഴുക്കുത്തരും ൧

സാ—സ്നേഹത്തെപ്പററി ആഗ്രഹിക്കാതെ പണത്തെപ്പററി ആഗ്രഹിക്കുന്ന സ്ത്രീയുടെ മധുരവാക്ക ദുഃഖത്തെ നൽകും. (സ്നേഹത്തെ അല്ലാതെ ധനത്തെ ആഗ്രഹിക്കുന്ന വേശ്യാസ്ത്രീകളുടെ ഇഷ്ടവാക്ക് അനൎത്ഥകാരിയാണെന്നു താല്പൎയ്യം.)

പയൻറൂക്കിപ്പൺപുരൈക്കും പൺപിൻമകളിർ
നയൻറൂക്കി നള്ളാവിടൽ ൨

സാ—(തനിക്കു കിട്ടാനിരിക്കുന്ന) ഫലത്തെ തൂക്കിത്തിട്ടപ്പെടുത്തിയിട്ട്—അതു കിട്ടുവോളം,—ഗുണഗണങ്ങളെ പ്രശംസിക്കുന്ന ഗുണമില്ലാത്ത സ്ത്രീകളുടെ നയത്തെ തൂക്കിത്തിട്ടപ്പെടുത്തി—അവളെ—അടുപ്പിക്കാതെ അകററണം (ആദായത്തെ ഉദ്ദേശിച്ച്

ആയു കരസ്ഥമാകുവോളം, "ഇന്ദ്രനോടൊക്കും ഭവാൻ ചന്ദ്രനോടൊക്കും സ്വാമി" എന്നും മററും മുഖസ്തുതിചെയ്യുന്ന വേശ്യാസ്ത്രീകളുടെ നയത്തെ അറിഞ്ഞു് അവരെ അടുപ്പിക്കാതിരിക്കണമെന്നു താല്പര്യം.)

പൊരുട്പെണ്ടിർപോയ്മ്മൈമുയക്കമിരുട്ടറൈയി-
ലേതിൽ പിണന്തഴീഇ യറ്റു. ൩

സാ—ദ്രവ്യോപജീവികളുടെ കപടാശ്ലേഷമാകട്ടെ, ഇരുട്ടുമുറിയിൽ അജ്ഞാതപ്രേതത്തെ കൂലിക്കാർ പരിരംഭണം ചെയ്യുന്നതിനു തുല്യമാണു്. (ഇരുട്ടുമുറിയിൽ കിടക്കുന്ന പിണത്തെ, ആ പിണത്തോടു യാതൊരു സംബന്ധവുമില്ലാത്ത കൂലിക്കാർ, കേവലം പണത്തെ മോഹിച്ചു ദുർഗ്ഗന്ധങ്ങളും അശുദ്ധികളും മററും സഹിച്ചു് എടുക്കുന്നതുപോലെയാണു്, പണത്തെമാത്രം മോഹിച്ച വേശ്യാസ്ത്രീകൾ പരിരംഭണം ചെയ്യുന്നതെന്നു താല്പര്യം. കൂലിക്കാരുടെയും വേശ്യാസ്ത്രീകളുടേയും മനഃസ്ഥിതി ഒന്നാണെന്നു വിവക്ഷ.)

പൊരുട്പൊരുളാർ പുന്നലന്തോയാരരുട്പൊരു-
ളായുമറിവിനവർ. ൪

സാ—പണമാകുന്ന ധനത്തെ മോഹിക്കുന്ന വേശ്യാസ്ത്രീകളുടെ നീചമായ നയത്തെ, സ്നേഹമാകുന്ന ധനത്തെ ഇച്ഛിക്കുന്ന അറിവുള്ളവർ തീണ്ടുകയില്ല. (ധനത്തെ മോഹിക്കുന്ന വേശ്യകളെ സ്നേഹത്തെ ഇച്ഛിക്കുന്ന സജ്ജനങ്ങൾ തീണ്ടുകയില്ലെന്നു താല്പര്യം.)

പൊതുനലത്താർ പുന്നലന്തോയാർമതിനലത്തിൻ
മാണ്ടവറിവിനവർ. ൫

സാ—ബുദ്ധിവൈഭവത്താൽ ബഹുമാന്യന്മാരായ അഭിജ്ഞന്മാർ, പൊതുപ്പണത്തെ ആശിക്കുന്നവളായ വേശ്യാസ്ത്രീയുടെ നീചമായ നയത്തെ തീണ്ടുകയില്ല. (ബുദ്ധിശക്തിയും പഠിച്ചറിവുമുള്ള മാന്യന്മാർ പലരുടെയും പണത്തെ മോഹിക്കുന്ന വേശ്യാസ്ത്രീകളെത്തീണ്ടുകപോലുമില്ലെന്നു താല്പര്യം.)

തന്നലം പാരിപ്പാർതോയാർ തകൈച്ചെരുക്കി-
പ്പുന്നലംപാരിപ്പാർതോൾ. ൬

സാ—നൃത്യഗീതവേഷാദികളാൽ മയക്കി മനസ്സിനെ ഇളക്കി, പണം കൊടുക്കുന്നവരെയെല്ലാം സ്നേഹിക്കുന്ന വേശ്യാസ്ത്രീകളുടെ ഭുജത്തെ, പഠിപ്പുകൊണ്ടും അറിവുകൊണ്ടും കീർത്തിപരത്തിയ യോഗ്യന്മാർ തീണ്ടുകയില്ല. (നാട്യംകൊണ്ടും പാട്ടുകൊണ്ടും വേഷാഡംബരങ്ങളെക്കൊണ്ടും പുരുഷഹൃദയത്തെവശപ്പെടുത്തുന്ന വേശ്യകളെ യശസ്വികളായ സജ്ജനങ്ങൾ തീണ്ടുകപോലുമില്ലെന്നു താല്പര്യം.)

നിറൈനെഞ്ചമില്ലവർ തോയ്വർ പിറനെഞ്ചിർ
പേണിപ്പുണർപവർ തോൾ. ൭

സാ—ഹൃദയംകൊണ്ടു സ്നേഹേതരമായ വസ്തുക്കളെ—സ്നേഹത്തിൽനിന്നും അന്യങ്ങളായ ധനം മുതലായവയെ—മോഹിച്ചു പുണരുന്ന വേശ്യകളുടെ ഭുജങ്ങളെ വിശാലഹൃദയമില്ലാത്തവർ ചേരും. (വിശാലഹൃദയമില്ലാത്തവർ വേശ്യകളെപ്പുണരുമെന്നു താല്പര്യം.)

ആയുമറിവിനരല്ലാർക്കണങ്കെൻപ
മായമകളിർമുയക്കു. ൮

സാ—വഞ്ചകികളായ വേശ്യകളെപ്പുണരുക, അവരുടെ വഞ്ചനയെക്കുറിച്ചു ചിന്തിക്കാനുള്ള അറിവില്ലാത്തവർക്കു സ്വൈരവേശ്യാസംഗമാണെന്നു പറയപ്പെടുന്നു. (ദേവ

ലോകത്തെ വേശ്യകളെ ഭൂലോകത്തിലെ പുരുഷന്മാർ പ്രാപിക്കാറുണ്ടെന്നു പുരാണഗ്രന്ഥങ്ങളിൽ കാണുന്നു. തത്തുല്യമായ സൗന്ദര്യഭൂതി, ആകൃതികൊണ്ടും വാക്കുകൊണ്ടും അഭിനയംകൊണ്ടും വഞ്ചിച്ചു പാട്ടിലാക്കി പണം പിടുങ്ങുന്ന വേശ്യകളെപ്പുണരുന്ന അറിവില്ലാത്ത മൂഢന്മാർക്കുണ്ടാകുന്നുവെന്നു താല്പര്യം. എന്നാൽ, സ്വവേശ്യാസംഗം ആദ്യം പരമാനന്ദത്തെയും അനന്തരം പരമദുഃഖത്തെയും നൽകുമെന്നുള്ളതിനാൽ, ഗണികാസംസർഗ്ഗം ആദ്യം എത്ര വലിയ ആനന്ദത്തെ നൽകിയാലും അവസാനം പരമദുഃഖത്തിനു കാരണമാകുമെന്നു വ്യംഗ്യാർത്ഥം.)

വരൈവിലാമാണിഴൈയാർ മെൻറോൾപുരൈയിലാ-
പ്പൂരിയർകളാഴമള്ളറു. ൯

സാ—(ആരെയും) പുണരുന്ന, വിലയുയർന്ന ആഭരണം ധരിച്ച വേശ്യകളുടെ കൃശമായ ഭുജം, അറിവില്ലാത്ത അധമന്മാർ പതിക്കുന്ന നരകക്കുഴിയാകുന്നു. (ധനികനെന്നും ദരിദ്രനെന്നും വലിയവനെന്നും ചെറിയവനെന്നുമുള്ള വ്യത്യാസമില്ലാതെ ആർക്കും വശപ്പെടുന്നവളും വിലപിടിച്ച ആഭരണങ്ങൾ അണിയുന്നവളും ആയ ഗണികകളുടെ ഭുജം, അവരുടെ സ്ഥിതിയെക്കുറിച്ച് അറിവാൻ കഴിവില്ലാത്ത അധമന്മാർ വീഴുന്ന നരകക്കുഴിയാകുന്നു എന്നു താല്പര്യം. ആ അധമന്മാർ നിശ്ചയമായും നരകത്തിൽ വീഴുമെന്നു ധ്വനി.)

ഇരുമനപ്പെണ്ടിരുങ്കള്ളുങ്കവറു-
ന്തിരുനീക്കപ്പട്ടാർ തൊടർപു. ൧൦

സാ—വേശ്യാസ്ത്രീയും മദ്യവും ചൂതും ശ്രീദേവിയാൽ കൈവിടപ്പെട്ടവർക്കു സഖാക്കളാകുന്നു. (ഐശ്വര്യദേവതയാൽ കൈവിടപ്പെട്ടവർക്ക് ഗണികയും മദ്യവും ചൂതും സഖാക്കളാണ്; അവർക്ക് ഐശ്വര്യം ഒരുകാലത്തും ഉണ്ടാവുകയില്ലെന്നു ഭാവം.)

---

## തൊണ്ണൂററിമൂന്നാം അധികാരം.

### കള്ളുണ്ണാമൈ—മദ്യപാനംചെയ്യായ്ക.

---

ഉട്കപ്പടാഅ രൊളിയിഴപ്പരെഞ്ഞാൻറു-
ങ്കട്കാതൽകൊണ്ടൊഴുകുവാർ. ൧

സാ—മദ്യാസക്തിയോടുകൂടി നടക്കുന്ന രാജാവിനെ എന്നും ശത്രുക്കൾ ഭയപ്പെടുകയില്ല; (എന്നല്ല, ആ രാജാവിന്റെ) പ്രതാപം നശിക്കുകയും ചെയ്യും. (മദ്യാസക്തനായ രാജാവിനെ ധനശക്തിയും സൈന്യബലവും തികഞ്ഞ കാലത്തും ശത്രുക്കൾ ഭയപ്പെടുകയില്ലെന്നുമാത്രമല്ല, പൂർവികന്മാരുടെ കാലംമുതൽക്കേ നിലനിന്നുപോരുന്ന പ്രതാപം നശിക്കുകയും ചെയ്യുമെന്നു താല്പര്യം.)

ഉണ്ണർകകള്ളൈയുണ്ണിലുൺകചാൻറോരാ-
നെണ്ണപ്പടവേണ്ടാതാർ. ൨

സാ—മദ്യം കുടിക്കാതിരിക്കണം; കുടിക്കുന്നുവെങ്കിൽ സജ്ജനങ്ങളാൽ മാനിക്കപ്പെടേണ്ടെന്നുള്ളവർ കുടിക്കേണ്ടതാകുന്നു. (കുടിക്കുന്നവർ സജ്ജനങ്ങളുടെ നിന്ദയ്ക്കു പാത്രീഭവിക്കുമെന്നു ഭാവം.)

ഈൻറാൺമുകത്തേയുമിന്നാതാലെൻമററു-
ച്ചാൻറോർമുകത്തുക്കളി. ൩

സാ—മാതാവിന്റെ മുമ്പിലും—മദ്യപാനിയുടെ—ക്രുത്താട്ടം ദുഃഖഹേതുകമാകുന്നു; അന്യരായ അറിവുള്ളവരുടെ മുമ്പിലായാൽ എന്തായിരിക്കും ഫലം? (പുത്രന്മാരുടെ ഏതൊരുതെററും സഹിക്കുന്ന മാതാവിന്റെ മുമ്പിൽ മദ്യപാനംചെയ്തുകൊണ്ടുള്ള ക്രുത്താട്ടം അസഹ്യതവ്യമായിരിക്കെ, യാതൊരുതെററും സഹിക്കാത്ത അന്യരായ അറിവുള്ളവരുടെ മുമ്പിൽ അതു് എത്ര വലുതായ തെററാണെന്നു പറയേണ്ടതില്ലെന്നു താല്പര്യം.)

നാണെന്നുനല്ലാൾപുറങ്കൊടുക്കുങ്കള്ളെന്നും
പേണാപ്പെരുങ്കുററത്താർക്കു. ൪

സാ—മദ്യപാനമെന്ന ഗർഹണീയമായ കുററംചെയ്തവരെ ലജ്ജിച്ചു ലജ്ജയാകുന്ന ദേവി പിന്തിരിയും. (മദ്യപാനംചെയ്തു സാജ്ജനങ്ങളുടെയും ദുർജ്ജനങ്ങളുടെയും കർക്കശമായ അധിക്ഷേപത്തിനു പാത്രമായി നടക്കുന്നവനെ ലജ്ജ ബാധിക്കുകയില്ലെന്നു താല്പര്യം.)

കൈയറിയാമൈയുടൈത്തേപൊരുൾകൊടുത്തു
മെയ്യറിയാമൈ കൊളൽ. ൫

സാ—പണംകൊടുത്തു ബുദ്ധിമയക്കത്തെ വിലയ്ക്കുവാങ്ങിയ്ക്കുന്നതു് പൂർവ്വജന്മഫലമായ മൌഢ്യത്താലാകുന്നു. (മൂഢന്മാരല്ലാത്തവർ തന്റെ ബുദ്ധിയെക്കെടുത്തുന്ന മദ്യത്തെ പണംകൊടുത്തു വിലയ്ക്കു വാങ്ങുകയില്ലെന്നു വിവക്ഷ.)

തുഞ്ചിനാർചെത്താരിൻവേറല്ലരെഞ്ഞാൻറു
നഞ്ചുൺപാർ കള്ളുൺപവർ. ൬

സാ—ഉറങ്ങിയവർ മരിച്ചവരിൽനിന്നും വ്യത്യസ്തരല്ല, മദ്യം കുടിച്ചവർ എന്നും വിഷംകുടിച്ചവർക്കു തുല്യന്മാരാണു്. (ഉറങ്ങുന്നവരും മരിച്ചവരും തമ്മിൽ വലിയ വ്യത്യാസമില്ല; അതുപോലെയാണു് മദ്യപാനികൾക്കും വിഷംകുടിച്ചവർക്കും തമ്മിലുള്ള സാമ്യം. മദ്യം നിത്യം ഉപയോഗിക്കുന്നതുകൊണ്ടു് മനശ്ശക്തിയും ദേഹശക്തിയും ക്രമേണ ക്ഷയിച്ചു്ക്ഷയിച്ചു് ഒടുവിൽ ദുസ്സഹസങ്കടം അനുഭവിച്ചു് അകാലമൃത്യുവിനിരയാകുന്നു. വിഷംകുടിക്കുന്നവൻ ഉടനെ മരിക്കുന്നതിനാൽ വിഷം മദ്യത്തെക്കാൾ കഠിനമാണെന്നുപക്ഷമുണ്ടെങ്കിൽ, മദ്യം സ്വജനങ്ങളുടെയും പരജനങ്ങളുടെയും നിരന്തരമായ അധിക്ഷേപത്തിനു പാത്രമാക്കി, പലപല ആപത്തുകളിലും ചാടിച്ചു് സകലരുടെയും വിരോധത്തെ സമ്പാദിപ്പിച്ചു പലകാലം കൊല്ലാതെ കൊന്നു് ഒടുവിൽ തീവ്രമായ മരണവേദനയും അനുഭവിപ്പിച്ചതിനുശേഷം കൊല്ലുന്നു; അതുമാത്രമോ? അതു് ഈ ജന്മത്തിലെ അനുഭവം; ജന്മാന്തരത്തിലാകട്ടെ, ഈ ജന്മത്തിൽ മദ്യപാനലഹരിയാൽ ചെയ്തിട്ടുള്ള സകല ദുഷ്കർമ്മങ്ങളുടെയും കർക്കശമായ ഫലത്തെക്കൂടി അനുഭവിപ്പിക്കുന്നു. ആ സ്ഥിതിക്കു് വിഷത്തെക്കാൾ കാഠിന്യം മദ്യത്തിനാണെന്നു സമാധാനം.)

ഉള്ളൊററിയുള്ളൂർനകപ്പട്ടവരെഞ്ഞാൻറു-
ങ്കള്ളൊററിക്കൺചായ്പവർ. ൭

സാ—മദ്യത്തെ ഒളിച്ചു കുടിച്ചു മയങ്ങിയവർ തന്റെ നാട്ടുകാരാൽ, ആ അവസ്ഥ അറിഞ്ഞു് പരിഹസിക്കപ്പെടും. (ആ നിന്ദ്യമായ പ്രവൃത്തിയെയും അതിലേക്കു പ്രേരകമായ മനഃസ്ഥിതിയെയുംപററി പരിഹസിക്കുമെന്നു താല്പര്യം.)

കളിത്തറിയേനെൻപതുകൈവിടുകനെഞ്ച-
ത്തൊളിത്തതൂഉമാങ്കേമികും. ൮

സാ—മദ്യപാനംചെയ്തു പരിചയമേയില്ല എന്ന പറച്ചിലിനെ ഉപേക്ഷിക്കുക; ആ പൊളിപറഞ്ഞ കുററവും പിന്നീടു വെളിപ്പെടും. ('ഞാൻ കള്ളുകുടിച്ചിട്ടേയില്ല; കള്ളുകുടിച്ച ഓർമ്മപോലുമില്ല' എന്നു കള്ളംപറഞ്ഞാൽ, ആ കുററം കള്ളു വെളിപ്പെടുത്തുമെന്നു താല്പര്യം.)

കളിത്താനൈ ക്കാരണങ്കാട്ടുതൽകീഴ്നീ-
ക്കുളിത്താനൈ ത്തീത്തുരീഇ യററു. ൯

സാ—മദ്യംകുടിച്ചു മദിച്ചവനെ ആ അവസ്ഥ ചൂണ്ടിക്കാട്ടി അവന്റെ തെററിനെ മനസ്സിലാക്കുന്നതു് വെള്ളത്തിനടിയിൽ മുങ്ങിയ ഒരുവനെ വിളക്കുകൊണ്ടുതേടുന്നതുപോലെയാണ്. (കള്ളുകുടിച്ചു കൂത്താടുന്ന ഒരുവനെ അവന്റെ തെററിനെ ഗ്രഹിപ്പിക്കാനായി അവന്റെ ആ അവസ്ഥയെത്തന്നെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നതു്, വെള്ളത്തിൽ ഒളിച്ച ഒരുവനെ കണ്ടുപിടിക്കാൻ വിളക്കുകൊളുത്തി നോക്കുന്നതുപോലെയാണെന്നു താല്പര്യം. ഉദ്യമം രണ്ടും നിഷ്ഫലങ്ങളെന്നു മാത്രമല്ല, പരിഹാസ്യങ്ങളുമാണെന്നു ഭാവം.)

കള്ളുണ്ണാപ്പോഴ്തിർകളിത്താനൈക്കാണുങ്കാ-
ലുള്ളാൻകൊലുണ്ടുതൻചോർവു. ൧൦

സാ—മദ്യം കുടിക്കാത്ത സമയത്തു് മദ്യംകുടിച്ചു മദിച്ച ഒരുവനെ കാണുമ്പോൾ താൻ കുടിച്ചപ്പോഴത്തെ അവസ്ഥ മനസ്സിലാക്കും. (ഒരു മദ്യപാനി, മദ്യപാനംചെയ്യാതിരിക്കുന്ന അവസരത്തിൽ, കള്ളുകുടിച്ചു മദിച്ച മറെറാരുവനെക്കണ്ടു്, താൻ കള്ളുകുടിക്കുമ്പോഴത്തെ അവസ്ഥ അറിയേണ്ടതാണ്. കള്ളുകുടിച്ചവനു് അവന്റെ ആ സമയത്തെ അവസ്ഥ മനസ്സിലാക്കാൻ കഴിയുന്നില്ലാത്തതിനാൽ കുടിക്കാത്തപ്പോൾ കുടിച്ചവനെക്കണ്ടു മനസ്സിലാക്കണമെന്നു വിവക്ഷ.)

---

## തൊണ്ണൂററിനാലാം അധികാരം.

### ചൂതു—ചൂതു്.

---

വേണ്ടർകവെൻറിടിനുഞ്ചൂതിനൈവെൻറതൂഉ-
ന്തുണ്ടിർപൊൻമീൻവിഴുങ്കിയററു. ൧

സാ—ജയിച്ചാലും ചൂതുകളി പാടില്ലാത്തതാകുന്നു; വിജയം മീൻവിഴുങ്ങിയ ചൂണ്ടയിലെ ഇരിമ്പുപോലെയാകുന്നു. (ഒരിക്കൽ ജയിച്ചാൽ മറെറാരിക്കൽ തോൽക്കുമെന്നുള്ളതു നിശ്ചയമാകുന്നു; ജയം ഇരയാൽ മറയ്ക്കപ്പെട്ട ചൂണ്ടപോലെയാകുന്നു: ആഹാരമാണെന്നു തെററിദ്ധരിച്ചുകൊണ്ടു് ഇരയെ വിഴുങ്ങുന്ന മത്സ്യം അപകടത്തിൽ കുടുങ്ങുന്നുണ്ടല്ലൊ. അതുപോലെ ഒരുപ്രാവശ്യം ജയിച്ചുകിട്ടിയ ലാഭംകണ്ടു തനിക്കു് ഇതു് ഒരു ആദായമാർഗ്ഗമാണെന്നുകരുതി വീണ്ടും കളിക്കുന്നവൻ ആ ലാഭവും തന്റെ സ്വന്തംധനവും നഷ്ടപ്പെടേണ്ടിവരും. അതുകൊണ്ടു ജയിച്ചാലും ചൂതുകളി പാടില്ലെന്നു താൽപ്പര്യം.)

ഒൻറെയ്തി നൂറിഴക്കും ചൂതർക്കുമുണ്ടാങ്കൊ
നൻറെയ്തി വാഴ്വതോററു. ൨

സാ—ഒന്നുകിട്ടി നൂറു നഷ്ടപ്പെടുന്ന ചൂതുകളിക്കാർക്കും, ധർമ്മം ചെയ്തു വാഴുന്ന ഒരുവഴിയുണ്ടോ! (ഒന്നുകിട്ടി നൂറുനഷ്ടപ്പെടുന്ന ചൂതുകളിക്കാർക്കുണ്ടോ ധർമ്മജീവിതം? ഇല്ലെന്നുതാല്പര്യം. അവർക്കു ചൂതുകളി ഒന്നിലല്ലാതെ ധർമ്മാധർമ്മചിന്തനത്തിൽ താല്പര്യവും സാവകാശവുമില്ല. അത്തരക്കാർക്കു് എന്തൊരു ധാർമ്മികജീവിതമാണു്?)

ഉരുളായമോവാതു കൂറിർ പൊരുളായം
പോഒയ്പ്പുറമേപടും. ൩

സാ—ചൂതുകളിയെപ്പററിത്തന്നെ എല്ലായ്പോഴും സംസാരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അവന്റെ ധനവും ധനാഗമമാൎഗ്ഗവും അവനെ വിട്ടൊഴിഞ്ഞ് അന്യനിൽ ചേരും. (എല്ലായ്പോഴും ചൂതുകളിയെപ്പററി വിചാരിച്ചും പറഞ്ഞും പ്രവൎത്തിച്ചും കഴിയുന്ന രാജാവിന്റെ ധനവും ധനാഗമമാൎഗ്ഗവും എന്നുവേണ്ട സകല ഐശ്വൎയ്യവും തന്റെ ശത്രുവിന്റെ അധീനത്തിലാകുമെന്നു താല്പൎയ്യം.)

ചിറുമൈപലചെയ്തു ചീരഴിക്കുഞ്ചൂതിൻ
വറുമൈതരുവതൊൻറിൽ. ൪

സാ—കഷ്ടതകൾ പലതും നൽകി കീൎത്തിയും നശിപ്പിക്കുന്ന ചൂതിനെപ്പോലെ ദാരിദ്ര്യത്തെത്തരുന്ന മറെറാന്നില്ല. (പലപ്രകാരത്തിലുള്ള കഷ്ടതകളും ദുഷ്കീൎത്തിയും നൽകുന്ന ചൂതിനോളം ദാരിദ്ര്യത്തെ ഉളവാക്കുന്ന മറെറാന്നില്ലെന്നു താല്പൎയ്യം.)

കവറുങ്കഴകമുങ്കൈയുന്തരുക്കി
യിവറിയാരില്ലാകിയാർ. ൫

സാ—യാതൊന്നുമില്ലാതെ ജീവിച്ചിട്ടുള്ളവർ, ചൂതും ഇടവും കൈയുമായി കഴിഞ്ഞുകൂടിയിട്ടുള്ളവരാണ്. (ചൂതും കളിസ്ഥലവും കൈയുമായി കഴിഞ്ഞുകൂടിയിട്ടുള്ള രാജാക്കന്മാരാണ് സൎവൈശ്വൎയ്യസമ്പന്നന്മാരായിരുന്നു നശിച്ചവരെന്നു താല്പൎയ്യം.)

അകടാരാരല്ലലുഴപ്പർ ചൂതെന്നു
മുകടിയാൻ മൂടപ്പട്ടാർ. ൬

സാ—ചൂതെന്നുപറയപ്പെടുന്ന ജ്യേഷ്ഠയാൽ വിഴുങ്ങപ്പെട്ടവൎക്ക് ക്ഷുത്ത് അടങ്ങുകയില്ല; തുൻപം ഒഴിയുകയുമില്ല (ചൂതെന്ന ജ്യേഷ്ഠയാൽ ബാധിക്കപ്പെട്ടവർ ദരിദ്രന്മാരായിഭവിക്കും; തുൻപങ്ങൾ അനുഭവിക്കുകയും ചെയ്യും. വിശപ്പു അടക്കാൻ നിവൃത്തിയില്ലാത്തവൎക്ക വസ്ത്രധാരണം മുതലായവയ്ക്കും നിവൃത്തിയില്ലെന്നു പറയേണ്ടതില്ലല്ലോ. ആഹാരത്തിനു നിവൃത്തിയില്ലാത്തവൻ മഹാദരിദ്രനാകുന്നു. അവനു ദുഃഖം ഒരുകാലത്തും ഒഴിയുന്നതല്ല. അവന്റെ ജീവിതമേ ദുഃഖമയമായിരിക്കും. അങ്ങനെയിരിക്കെ ദുഃഖം അനുഭവിക്കുമെന്നു എടുത്തുപറഞ്ഞിട്ടുള്ളത് ജന്മാന്തരദുഃഖത്തെ ഓൎമ്മിപ്പിക്കാനായിട്ടാണ്. ജന്മാന്തരദുഃഖം നരകാനുഭൂതിയാകുന്നു. ചൂതുകളിക്കാരന്റെ മനസ്സും വാക്കും പ്രവൃത്തിയും വ്യാജപൂൎണ്ണമായിരിക്കും; അവൻ ഏതൊരവസരത്തിലും അന്യന്റെ നാശത്തെ കരുതുന്നവനുമായിരിക്കും. ധൎമ്മത്തെ അവൻ ഒരിക്കലും ഓൎക്കുകപോലും ചെയ്യുകയില്ല. അപ്രകാരമുള്ള അധമാധമൻ നരകാനുഭൂതിക്കു പാത്രമാകാതിരിക്കുന്നതെങ്ങനെ?)

പഴകിയചെൽവമും പൺപുങ്കെടുക്കു-
ങ്കഴകത്തുക്കാലൈ പുകിൻ. ൭

സാ—ചൂതുകളിയിൽ കാലംകളയുന്നതായാൽ അവന്റെ പഴയ ഐശ്വൎയ്യവും സൽഗുണങ്ങളും നശിക്കും. (പുരുഷാൎത്ഥങ്ങൾക്കായി ചെലവുചെയ്യേണ്ട ഉൽകൃഷ്ടസമയത്തെ ചൂതുകളിക്കായി ചെലവുചെയ്യുന്ന രാജാവിന്റെ പൂൎവൈശ്വൎയ്യവും സൽഗുണങ്ങളും നശിക്കുമെന്നു താല്പൎയ്യം.)

പൊരുൾകെടുത്തുപ്പൊയ്‌മേർകൊളീഇ യരുൾകെടു-
ത്തല്ലലുഴപ്പിക്കുഞ്ചൂതു. ൮

സാ—ചൂത്, ധനത്തെ നശിപ്പിച്ച് വ്യാജത്തെ സമ്പാദിച്ചുതന്ന് സ്നേഹത്തെ കെടുത്തു ദുഃഖത്തെ അനുഭവിപ്പിക്കും. (ചൂതുകളി ധനത്തെ നശിപ്പിച്ച് കള്ളംപറയുക, കള്ളം പ്രവൎത്തിക്കുക, മുതലായവയിൽ ഏൎപ്പെടുത്തി അന്യന്മാരുടെ നേൎക്കുള്ള സ്നേഹത്തെ അകററി വൎത്തമാനഭവിഷ്യജ്ജന്മങ്ങളിൽ ദുഃഖാനുഭൂതിയെ നൽകുകയും ചെയ്യും.)

ഉടൈ ചെൽവ മൂണൊളി കൽവിയെൻറൈന്തും
അടൈയാവാ മായങ്കൊളിൻ. ൯

സാ—ചൂതുകളിയെ സ്വീകരിക്കുന്നുവെങ്കിൽ, കീൎത്തി, പഠിപ്പ്, ഐശ്വൎയ്യം, അന്നം, വസ്ത്രം എന്നീ അഞ്ചും ലഭിക്കുന്നതല്ല. (ചൂതുകളിക്കുന്നവന്ന് കീൎത്തിയും വിദ്യാഭ്യാസവും ഐശ്വൎയ്യവും അന്നവും വസ്ത്രവും കിട്ടുകയില്ലെന്നു താല്പൎയ്യം.)

ഇഴത്തൊറൂഉ ങ്കാതലിക്കു ഞ്ചൂതേപോററുൻപ-
മുഴത്തൊറൂഉ ങ്കാതററുയിർ. ൧൦

സാ—നഷ്ടപ്പെട്ടതോറും ചൂതിൽ ആസക്തി ചെലുത്തുന്ന ചൂതാടിയെപ്പോലെ ജീവൻ കഷ്ടപ്പെട്ടതോറും (ശരീരത്തിൽ) ആശ ചെലുത്തുന്നു. (ശരീരത്താൽ ദുഃഖം അനുഭവിക്കുന്തോറും ജീവൻ ശരീരത്തെ സ്നേഹിക്കുന്നതുപോലെ, ചൂതിനാൽ നഷ്ടം അനുഭവിക്കുന്തോറും ചൂതാടി ചൂതിനെ സ്നേഹിക്കുന്നു എന്നു താല്പൎയ്യം.)

---

## തൊണ്ണൂററഞ്ചാം അധികാരം.

### മരുന്തു—മരുന്ന്.

---

മികിനുങ്കുറൈയിനു നോയ്ചെയ്യുന്നൂലോർ
വളിമുതലാവെണ്ണിയ മൂൻറു. ൧

സാ—കൂടിയാലും കുറഞ്ഞാലും ആയുൎവ്വേദജ്ഞന്മാരാൽ വിധിക്കപ്പെട്ട വാതം മുതലായ ത്രിദോഷങ്ങൾ രോഗങ്ങളെ ഉണ്ടാക്കും. (ആഹാരവും പ്രവൃത്തിയും കൂടുകയോ കുറയുകയോ ചെയ്താൽ ആയുൎവ്വേദവിധിപ്രകാരമുള്ള ത്രിദോഷങ്ങൾ വ്യാധികളെ ഉണ്ടാക്കും. പ്രവൃത്തികൾ, മാനസികവും കായികവുമായ പ്രവൃത്തികളാകുന്നു. ത്രിദോഷങ്ങൾ വാതം, പിത്തം, കഫം ഇവയാകുന്നു.)

മരുന്തെനവേണ്ടാവാം യാക്കൈക്കരുന്തിയ
തററതുപോററിയുണിൻ. ൨

സാ—ഭക്ഷിച്ചതിൻെറ ദഹനത്തെ വ്യക്തമായി അറിഞ്ഞു ഭക്ഷിച്ചാൽ ആ ശരീരത്തിനു മരുന്നിൻെറ ആവശ്യമില്ല. (ഉണ്ടതു ദഹിച്ചു എന്നു ബോദ്ധ്യം വന്നതിനുശേഷം ഉണ്ണുന്നവനു മരുന്നിൻെറ ആവശ്യം നേരിടുകയില്ലെന്നു താല്പൎയ്യം. ദഹിച്ചതിനുശേഷം ഉണ്ടാൽ രോഗം ഉണ്ടാകാനിടയില്ലാത്തതുകൊണ്ട് ഔഷധത്തിൻെറ ആവശ്യംനേരിടുകയില്ലെന്നു ഭാവം.)

അററാലളവറിന്തുണ്‍ക വതുടമ്പു
പെററാനെടിതുയ്ക്കുമാറു. ൩

സാ—ദഹിച്ചാൽ, ഭോജനത്തിൻെറ അളവനുസരിച്ച് ഉണ്ണേണ്ടതാകുന്നു; ശരീരമെടുത്തവനു ദീൎഘകാലം അതിനെ പുലൎത്താനുള്ള മാൎഗ്ഗം അതാകുന്നു. (ദഹനത്തിൻെറ കണക്കനുസരിച്ച്—കണക്കിൽ കൂടാതെയും കുറയാതെയും—ഭക്ഷിക്കേണ്ടതാവശ്യമാകുന്നു; അകാലമരണത്തിനിടയാകാതെ ദീൎഘകാലം ജീവിക്കാനുള്ള മാൎഗ്ഗം അതാകുന്നു എന്നു താല്പൎയ്യം.)

അററതറിന്തുകടൈപ്പിടിത്തുമാറല്ല
തുയ്ക്ക തുവരപ്പചിത്തു. ൪

സാ—ദഹിച്ചതറിഞ്ഞ്, കൂട്ടതലായി വിശന്നതിനുശേഷം, വ്യത്യസ്തമാകാത്ത ഭക്ഷ്യങ്ങളെ മുറുകെപ്പിടിച്ചു ഭക്ഷിക്കേണ്ടതാകുന്നു. (നല്ലപോലെ ദഹിച്ചു വിശന്നതിനുശേഷം ഭക്ഷിക്കണം; ഭക്ഷിക്കേണ്ടസാധനമാകട്ടെ ഉള്ളിൽ ചെന്നാൽ പ്രകൃത്യന്തരപ്പെടാത്തതായിരിക്കണം നെയ്യും തേനും കലർന്നു ഭക്ഷിച്ചാൽ, അവയുടെ പ്രകൃതിക്കു വൈപരീത്യം സംഭവിച്ച് അവ വിഷഫലത്തെ ചെയ്യുന്നതാണ്. അപ്രകാരം അനിഷ്ടഫലത്തെ ചെയ്യുന്നതല്ലാത്ത ഭക്ഷ്യങ്ങളെ സ്വീകരിക്കണമെന്നു വിവക്ഷ ആ ഭക്ഷണത്തെ പതിവാക്കണമെന്നും താൽപ്പര്യം.)

മാറുപാടില്ലാതവുണ്ടി മറുത്തുണ്ണി-
നൂറുപാടില്ലെയുയിക്കു. ൬

സാ—പ്രകൃത്യന്തരപ്പെടാത്ത ഭക്ഷണങ്ങളെ മിതമായി ഭക്ഷിക്കുന്നതായാൽ ജീവനു പീഡകൾ നേരിടുകയില്ല. (ഉള്ളിൽ ചെന്നതിനുശേഷം പ്രകൃതി ഭേദിക്കാത്ത ഭക്ഷണപദാർത്ഥങ്ങളെ മിതമായി ഭക്ഷിക്കുന്നവൻെറ ജീവനു രോഗപീഡയുണ്ടാവുകയില്ലെന്നുതാല്പര്യം.)

ഇഴിവറുന്തുൺപാൻ കണ്ണിൻപം പോന്റിർകും
കഴിപേരിരൈയാൻകണ്ണോയ്. ൭

സാ—മിതത്വം വേണ്ടതാണെന്ന് അറിഞ്ഞു ഭക്ഷിക്കുന്നവനിൽ സുഖമെന്നപോലെ അമിതമായി ഭക്ഷിക്കുന്നവനിൽ രോഗം ഒഴിയാതെ നിൽക്കും. (മിതമായി ഭക്ഷിക്കുന്നവനിൽ സുഖം കുടികൊള്ളുന്നതുപോലെ അമിതമായി ഭക്ഷിക്കുന്നവനിൽ രോഗം കുടികൊള്ളുമെന്നു താല്പര്യം.)

തീയളവൻറി ത്തെരിനാൻ പെരിതുണ്ണി-
നോയളവിൻറിപ്പടും. ൮

സാ—ദഹനശക്തി അറിയാതെ വളരെ ഭക്ഷിക്കുന്നുവെങ്കിൽ, രോഗം സീമാതീതമായി വളരും. (തൻെറ ദഹനശക്തിക്ക് അനുസരിച്ചല്ലാതെ അധികം ഭക്ഷിച്ചാൽ പലപ്രകാരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുമെന്നു താല്പര്യം.)

നോയ്നാടിനോയ്മുതനാടിയതുതണിക്കും
വായ്നാടിവായ്പ്പച്ചെയൽ ൯

സാ—വൈദ്യൻ (രോഗിയുടെ ലക്ഷണങ്ങളെക്കൊണ്ട്) രോഗത്തെ അറിഞ്ഞ്, രോഗകാരണത്തെ മനസ്സിലാക്കി അതിനെ ശമിപ്പിക്കാനുള്ള ഉപായത്തെ കണ്ടുപിടിച്ചു വിധിപ്രകാരം ചികിത്സിക്കണം

ഉററാനളവും പിണിയളവും കാലമു-
ങ്കററാൻ കരുതിച്ചെയൽ. ൧൦

സാ—പഠിപ്പുള്ള വൈദ്യൻ, രോഗിയുടെ സ്ഥിതിയും രോഗത്തിൻെറ സ്ഥിതിയും കാലസ്ഥിതിയും അറിഞ്ഞുചികിത്സിക്കേണ്ടതാകുന്നു. (ശാസ്ത്രജ്ഞനായ വൈദ്യൻ രോഗിയുടെ ശരീരാവസ്ഥയും രോഗം ഭേദപ്പെടുന്ന കാര്യം സാദ്ധ്യമോ അസാദ്ധ്യമോ കൃച്ഛ്റസാദ്ധ്യമോ വിളംബസാദ്ധ്യമോ എന്നുള്ള വസ്തുതയും കാലം ചികിത്സയ്ക്കു പററിയതോ അല്ലാത്തതോ എന്ന സംഗതിയും സൂക്ഷ്മമായി അറിഞ്ഞ്, വിധിപ്രകാരം ചികിത്സ നടത്തണമെന്നു താല്പര്യം.)

ഉററവൻറീർപ്പാൻ മരുന്തുഴൈച്ചെൽവാനെ-
ൻറപ്പാനാർകൂറേറമരുന്തു. ൧൦

സാ—മരുന്ന് എന്നു പറയപ്പെടുന്നതു്, രോഗി, വൈദ്യൻ, ഔഷധം മരുന്നു കൊടുക്കുന്നവൻ ഈ നാലംശങ്ങളും ചേർന്നതാകുന്നു. (ഈ നാലു് അംശങ്ങളും അനുയോജ്യങ്ങളായിരുന്നെങ്കിൽ മാത്രമേ രോഗം ഗുണപ്പെടുകയുള്ളു എന്നുള്ളതിനാൽ അവയും മരുന്നു് എന്നു പറഞ്ഞതാണ്.)

൨

# സാമാന്യഗുണവിഭാഗം.

## തൊണ്ണൂററാറാം അധികാരം.

### കുടിമൈ—കുലീനത.

ഇർപിറന്താർ കണ്ണല്ലതില്ലൈയിയൽപാക-
ച്ചെപ്പമുനാണു മൊരുങ്കു. ൧

സാ—മനോദനേർമ്മയും നാണവും ഒന്നിച്ചു്, ഉയന്നകുലത്തിൽ ജനിച്ചിട്ടുള്ളവരിലല്ലാതെ സ്വാഭാവികമായി കാണപ്പെടുന്നതല്ല. (മനോനേർമ്മ, വിചാരത്തിന്റെയും വാക്കിന്റെയും പ്രവൃത്തിയുടെയും ഐകരൂപ്യമാകുന്നു നാണം, പാപഭീതിയുമത്രേ. ഈ രണ്ടു് ഉൽകൃഷ്ടഗുണങ്ങളും കുലീനന്മാരിലല്ലാതെ കുലഹീനന്മാരിൽ സ്വാഭാവികമായി കാണപ്പെടുന്നതല്ല എന്നുതാല്പര്യം. സ്വാഭാവികമായി എന്നുപറഞ്ഞതിനാൽ, ഇവരണ്ടും വിദ്യാഭ്യാസംകൊണ്ടും സത്സമ്പർക്കത്താലും കുലഹീനന്മാർക്കും വശപ്പെട്ടേക്കാമെന്ന് ആചാര്യാഭിപ്രായം ധ്വനിക്കുന്നു.)

ഒഴുക്കമും വായ്മൈയുനാണു മിമ്മൂൻറു-
മിഴുക്കാർ കുടിപ്പിറന്താർ. ൨

സാ—ഉയന്നകുലത്തിൽ ജനിച്ചവർ നല്ലനടത്ത, സത്യസന്ധത, നാണം, ഇമ്മൂന്നിലും വ്യതിചലിക്കാതെ നിൽക്കുന്നതാണ്. (സൽകുടുംബജാതന്മാർ സ്വാഭാവികമായിത്തന്നെ നല്ലനടത്തയും സത്യസന്ധതയും നാണവും ഉള്ളവരായിരിക്കുമെന്നു ഭാവം.)

നകൈയീകൈയിൻ ചൊലികഴാമൈനാൻകും
വകൈയെൻപ വായ്മൈക്കുടിക്കു. ൩

സാ—മുഖപ്രസന്നത, വാങ്മാധുര്യം, ദാനം, നിന്ദയില്ലായ്മ, ഇവ നാലും യഥാർത്ഥ കുടുംബത്തിൽ ജനിച്ചവന്റെ ലക്ഷണങ്ങളാകുന്നു. (ചിരിച്ചമുഖം, സ്നേഹപൂർവ്വകമായ വാക്ക്, ദാനശീലം, ആരെയും നിന്ദിക്കാത്തസ്വഭാവം ഇവനാലും കുലീനന്റെ ലക്ഷണങ്ങളാണെന്നു താല്പര്യം.)

അടുക്കിയകോടിപെറിനുംകുടിപ്പിറന്താർ
കുൻറുവചെയ്തലിലർ ൪

സാ—കോടിക്കണക്കിനു ധനം കിട്ടിയാലും ഉയന്നകുലത്തിൽ ജനിച്ചവർ അധർമ്മം പ്രവൎത്തിക്കയില്ല. (കോടി ധനം ലാഭമുണ്ടെന്നിരുന്നാലും കുലീനന്മാർ അധർമ്മം പ്രവൎത്തിക്കുകയില്ലെന്നു താല്പര്യം.)

വഴങ്കുവതുൾവീഴ്ന്തക്കണ്ണും പഴങ്കുടി
പ്പൺപിററലൈപ്പിരിതലിൻറു. ൫

സാ—പുരാതനമായ കുടുംബത്തിൽ ജനിച്ചവർ, കൊടുക്കുന്ന പണത്തിൽ (ക്രമേണ) കുറവു നേരിട്ടാൽതന്നെയും (അവരുടെ) ഗുണത്തിൽ കുറവുനേരിടുന്നതല്ല. (കുലീനന്മാർ പക്ഷേ, ധനക്ഷയംമൂലം ദാനത്തിൽ കുറച്ചാലും ഗുണത്തിൽ കുറയ്ക്കുകയില്ലെന്നു താല്പൎയ്യം.) കുലീനന്മാൎക്കു ധനദാരിദ്ര്യം സംഭവിച്ചാലും ഗുണദാരിദ്ര്യം സംഭവിക്കുകയില്ലെന്നു ഭാവം.)

ചലംപററിച്ചാൽപില ചെയ്യാർ മാചററ
കുലംപററിവാഴ്ത്തു മെൻപാർ. ൬

സാ—നിലനിന്നുപോരുന്ന തന്റെ കുലമഹിമയെ പാലിക്കണമെന്നു കരുതി ജീവിക്കുന്ന കുലീനൻ, തന്റെ ദാരിദ്ര്യാവസ്ഥയിൽപോലും വ്യാമോഹങ്ങളാൽ വഞ്ചിതനായി യുക്തമല്ലാത്ത—തന്റെ കുലീനതയ്ക്കു പോരാത്ത—അധൎമ്മമായ പ്രവൃത്തികളെ ചെയ്യുകയില്ല. (കുലീനൻ ദാരിദ്ര്യം സംഭവിച്ചാലും തന്റെ കുലമഹിമയെ പാലിക്കുകയല്ലാതെ അധൎമ്മം ചെയ്യുകയില്ലെന്നു ഭാവം.)

കുടിപ്പിറന്താർ കൺവിളങ്കും കുററം വിചുമ്പിൻ
മതിക്കൺ മറുപ്പോലുയർന്തു. ൭

സാ—കുലീനന്മാരിൽ കുററം ചന്ദ്രനിൽ കളങ്കമെന്നപോലെ തെളിഞ്ഞുകാണും. (കുലീനന്മാരിൽ ഉണ്ടാകുന്ന കുററം എത്രതന്നെ ചെറുതായിരുന്നാലും അന്യന്മാരുടെ ദൃഷ്ടിയിൽ അതു തെളിഞ്ഞുകാണുമെന്നു താല്പൎയ്യം.)

നലത്തിൻകൺ നാരിൻമൈ തോൻറിനവനൈ-
ക്കുലത്തിൻകൺ ഐയപ്പടും. ൮

സാ—കുലീനനിൽ സ്നേഹമില്ലായ്മ ഉണ്ടായാൽ, അവന്റെ കുലീനതയിൽ സംശയം ജനിക്കും. (നല്ലകുലത്തിൽ ജനിച്ചവൻ പരന്മാരിൽ സ്നേഹമില്ലാത്തവനായി ഭവിച്ചാൽ, അവൻ സൽകുടുംബജാതനാണോ എന്നു ലോകർ സംശയിക്കുമെന്നുതാല്പൎയ്യം.)

നിലത്തിൽകിടന്തമൈ കാൽകാട്ടുംകാട്ടു-
ങ്കുലത്തിൽ പിറന്താർ വായ്ച്ചൊൽ. ൯

സാ—നിലത്തിന്റെ മഹത്വത്തെ ആ നിലത്തിൽ മുളച്ചമരം വെളിപ്പെടുത്തും; കുലത്തിന്റെ മഹത്വത്തെ ആ കുലത്തിൽ ജനിച്ചവന്റെ വാക്കു വെളിപ്പെടുത്തും. (വൃക്ഷം അതിന്റെ വിളഭൂമിയുടെ മഹത്വത്തെ എന്നപോലെ കുലീനന്റെ വാക്ക് അവന്റെ കുലത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുമെന്നു താല്പൎയ്യം.)

നലംവേണ്ടിൻ നാണുടൈമൈ വേണ്ടുങ്കുലംവേണ്ടിൻ
വേണ്ടുകയാൎക്കും പണിവു. ൧൦

സാ—നന്മയെ കാംക്ഷിക്കുന്നവൻ നാണത്തെ കാംക്ഷിക്കണം; കുലത്തെ കാംക്ഷിക്കുന്നവൻ ആരെയും വണങ്ങുന്ന സ്വഭാവത്തെ കാംക്ഷിക്കണം. (യശഃകാംക്ഷി നാണത്തെയും കുലകാംക്ഷി വിനയത്തെയും പാലിക്കണമെന്നു ഭാവം. വിനയമില്ലാത്തവന്റെ കുലീനത അപലപനീയമാണെന്നു വിവക്ഷ.)

---

## തൊണ്ണൂറേഴാം അധികാരം.

### മാനം—മാനം.

---

ഇൻറിയമൈയാച്ചിറപ്പിന വായിനു-
ങ്കുൻറവരുപവിടൽ. ൧

സാ—എത്ര പ്രലോഭനകരമായതായിരുന്നാലും നാശഹേതുകമായ പ്രവൃത്തിയെ കൈവിടേണ്ടതാകുന്നു. (തന്നെയും തന്റെ വംശത്തെയും അധഃപതിപ്പിക്കാൻ ശക്തിയുള്ള പ്രവൃത്തി എത്രതന്നെ ആകർഷണീയകരമായിരുന്നാലും അതിനെ കൈവെടിയേണ്ടതാണെന്നു താല്പര്യം.)

ചീരിനുഞ്ചീരല്ല ചെയ്യാർരെച്ചീരൊട്ടു
പേരാണ്മെവേണ്ടുപവർ. ൨

സാ—യശസ്സും മാനവും നിലനിൽക്കണമെന്ന് ഇച്ഛിക്കുന്നവർ, അതിനായി (ആ ഇച്ഛയെ സാധിക്കുന്നതിനായി) തന്നെയും, യുക്തമല്ലാത്ത പ്രവൃത്തി ചെയ്യുന്നതല്ല. (കീർത്തിയും മാനവും കാംക്ഷിക്കുന്നവൻ ധർമ്മമല്ലാത്തതിനെ പ്രവർത്തിക്കുന്നതല്ലെന്നു താല്പര്യം.)

പെരുക്കത്തുവേണ്ടും പണിതൽചിറിയ
ചുരുക്കത്തുവേണ്ടുമുയർവു. ൩

സാ—നിറഞ്ഞ ഐശ്വര്യത്തോടുകൂടിയ കാലത്ത്, ആരിലും വണക്കം വേണ്ടതാകുന്നു; ഐശ്വര്യം ക്ഷയിച്ച ദാരിദ്ര്യത്തിൽ എത്തിയ കാലത്ത് മാനഭാവം വേണ്ടതാകുന്നു. (ധനമുള്ളപ്പോൾ അനഹങ്കാരപരമായ വിനയം ആവശ്യമാണെന്നും ധനം ക്ഷയിച്ച ദരിദ്രനാകുമ്പോൾ തന്റെ ദീനതയെ ദ്യോതിപ്പിക്കാത്ത അയാചകതാപരമായ വിനയം വേണ്ടതാണെന്നു ഭാവം.)

തലൈയിനിഴിന്തമയിരനൈയർ മാന്തർ
നിലൈയിനിഴിന്തക്കടൈ. ൪

സാ—മനുഷ്യർ നിലവിട്ട് അധഃപതിക്കുന്നത്, തലയിൽനിന്നും തലമുടി പൊഴിഞ്ഞു വീഴുന്നതുപോലെയാകുന്നു. (നിലവിട്ട മനുഷ്യനും തലവിട്ട രോമവും തുല്യമാണെന്നു താല്പര്യം. മനോഹരമായി തലയിൽനിന്ന തലമുടി, തലയിൽനിന്നും പൊഴിഞ്ഞാൽ അതിന് ആദ്യമുണ്ടായിരുന്ന മനോഹരത്വം നശിക്കുമെന്നു മാത്രമല്ല, എല്ലാവരും അതിനെ വെറുക്കുകയും ചെയ്യുന്നു. അതുപോലെ അഭിലഷണീയമായ ഉന്നതസ്ഥിതിയിൽ ഇരുന്ന മനുഷ്യർ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിലവിട്ട് അധഃപതിക്കുന്നതായാൽ, അവർക്ക് ആദ്യമുണ്ടായിരുന്ന മാനവും അന്തസ്സും നശിച്ച്, സകലരുടെയും വെറുപ്പിനെ സമ്പാദിക്കുകയും ചെയ്യുമെന്നു ഭാവം.)

കുൻറിനനൈയാരുങ്കുൻറുവർ കുൻറുവ
കുൻറിയനൈയ ചെയിൻ. ൫

സാ—കുന്നുപോൽ ഉയർന്നവരും നാശഹേതുകമായ പ്രവൃത്തി കുന്നിക്കുരുവോളം ചെയ്താലും അധഃപതിക്കുന്നതാണ്. (വളരെ ഉയർന്ന സ്ഥിതിയിലിരിക്കുന്നവരും, യുക്തമല്ലാത്ത പ്രവൃത്തി, എത്ര ചെറുതായിരുന്നാലും, ചെയ്താൽ അധഃപതിക്കതന്നെ ചെയ്യുമെന്നു താല്പര്യം.)

പുകഴിൻറാർ പുത്തേണാട്ടുയ്യാതാലെന്മ-
ററികഴ്വാർ പിൻ ചെൻറുനിലൈ. ൬

സാ—നിന്ദിക്കുന്നവരുടെ പിന്നിൽ ചെന്നുനിൽക്കുന്ന നില കീർത്തിയെത്തരികയില്ല; മാത്രമല്ല ദേവലോകത്തിൽ എത്തിക്കയുമില്ല. (നിന്ദിക്കുന്നവരെ ആശ്രയിച്ചുള്ള നില്പ്, മാനത്തിനും പരലോകപ്രാപ്തിക്കും ഹാനികരമാണെന്നു താല്പര്യം.)

ഒട്ടാർപിൻ ചെൻറൊരുവൻ വാഴ്തലിനന്നിലൈയേ
കെട്ടാനെനപ്പടുതനൻറു. ൭

സാ—നിന്ദിക്കുന്നവന്റെ പിന്നിൽചെന്നുനിന്ന് (അവനിൽനിന്നും കിട്ടുന്നപണംകൊണ്ട്) ഒരുവൻ ജീവിക്കുന്നതിനെക്കാൾ ആ നിലയിൽനിന്നു നശിച്ചു എന്നു പറയപ്പെടുന്നതു തന്നെ നല്ലത്. (തന്നെ നിന്ദിക്കുന്നവനെ ആശ്രയിച്ച് ഉപജീവിക്കുന്നതിൽഭേദം, മരിച്ചു എന്ന പറച്ചിലിന് ഇടയാകുന്നതാണെന്നു താല്പര്യം. മാനംകെട്ടു ജീവിക്കുന്നതിൽഭേദം, മരിച്ചു എന്നു കേൾപ്പിക്കുന്നതാണെന്നു ഭാവം.)

മരുന്തോ മററൂനോമ്പും വാഴ്ക്കൈപെരുന്തകൈമൈ
പീടഴിയ വന്തവിടത്തു. ൮

സാ—ഉയർന്നകുലത്തിൽ ജനിച്ചതായ മാനം നശിക്കുന്ന ഘട്ടത്തിൽ, ശരീരത്തെ പാലിക്കുന്ന ജീവിതം മരിക്കാതിരിക്കുന്നതിനു മരുന്നാകുമോ? (മാനം നശിക്കുമ്പോൾ മരിക്കാതെ സൂക്ഷിക്കുന്നതു മരണമില്ലായ്മയ്ക്കു മരുന്നാകുമോ? മാനത്തെ വിററതിനു ജീവിച്ചാലും മരിക്കുന്നകാര്യം നിശ്ചയമാണെന്നു താല്പര്യം.)

മയിർനീപ്പിൻ വാഴാക്കവരിമാവന്നാ-
രുയിർ നീപ്പർ മാനംവരിൻ. ൯

സാ—രോമംകൊഴിഞ്ഞാൽ ജീവിച്ചിരിക്കാത്ത കവരിമാനെപ്പോലെ, മാനം നശിക്കേണ്ടിവന്നാൽ ജീവനെ ഉപേക്ഷിക്കുന്നു. (കവരിമാൻ രോമം കൊഴിഞ്ഞാൽ മരിക്കുന്നതുപോലെ കുലീനൻ മാനം നശിക്കുമ്പോൾ മരിക്കുമെന്നു താല്പര്യം.)

ഇളിവരിൻ വാഴാതമാനമുടൈയാ-
രൊളിതൊഴുതേത്തുമുലകു. ൧൦

സാ—അപമാനം നേരിടുന്ന ഘട്ടത്തിൽ ജീവനെ ഉപേക്ഷിക്കുന്ന മനുഷ്യരുടെ യശശ്ശരീരത്തെ ലോകം പുകഴ്ത്തിസ്തുതിക്കുന്നതാണ്. (ജീവനെക്കാൾ മാനത്തെ സ്നേഹിക്കുന്ന മനുഷ്യരുടെ കീർത്തി ദേഹത്തെ ലോകം വന്ദിച്ചു സ്തുതിക്കുമെന്നുതാല്പര്യം.)

---

## തൊണ്ണൂററെട്ടാം അധികാരം.

### പെരുമൈ—ഉൽകൃഷ്ടത.

---

ഒളിയൊരുവർ കുള്ളാവെറുക്കൈ യിളിവൊരുവർ
കതിറന്തുവാഴ്തുമെനൽ. ൧

സാ—ഒരുവനു ശ്രേയസ്സു മനശ്ശക്തിയാകുന്നു; ഒരുവനു അശ്രേയസ്സ് അതില്ലാതെ (മനശ്ശക്തിയില്ലാതെ) ജീവിക്കാമെന്നുള്ള കരുതലാകുന്നു. (ഒരുവനു മാനത്തെ നൽകുന്നതു് അവന്റെ മനശ്ശക്തിയും അപമാനത്തെ നൽകുന്നതു മനശ്ശക്തിയില്ലായ്മയുമാകുന്നു എന്നു താല്പര്യം.)

പിറപ്പൊക്കുമെല്ലാവുയിർക്കുഞ്ചിറപ്പൊവ്വാ
ചെയ്തൊഴിൽ വേററുമൈയാൻ. ൨

സാ—മനുഷ്യരെല്ലാം ജന്മനാതുല്യന്മാരാണ്; പ്രവൃത്തിവ്യത്യാസത്താൽ ഉൽകൃഷ്ടതയിൽ വിഭിന്നന്മാരായി ഭവിക്കുന്നു. (നല്ലതും, ചീത്തയും, രണ്ടുംകലർന്നതും, രണ്ടുമല്ലാത്തതുമായ പലകർമ്മങ്ങളിൽ ഏർപ്പെടുന്ന മനുഷ്യർ അതതു കർമ്മങ്ങളെയും തത്തൽഫലാനുഭൂതികളെയും സംബന്ധിച്ചുള്ള ഉയർച്ചയും താഴ്ചയുംകൊണ്ടു വ്യത്യസ്തന്മാരാണെന്നല്ലാതെ ജന്മത്താൽ മനുഷ്യജാതികളെല്ലാം സമന്മാരാകുന്നു എന്നു താൽപ്പര്യം.)

മേലിരുന്തും മേലല്ലാർ മേലല്ലർ കീഴിരുന്തും-
ങ്കീഴല്ലാർ കീഴല്ലവർ. ൩

സാ—താഴ്ന്നവൻ ഉയന്നനിലയിലിരുന്നാലും ഉയന്നവനല്ല; ഉയന്നവൻ താഴ്ന്നനിലയിലിരുന്നാലും താഴ്ന്നവനല്ല. (ഉൽകൃഷ്ടനിലയിൽ വത്തിക്കുന്നവൻ, ആ സ്ഥിതിക്കു യോജിക്കാത്തവണ്ണം പ്രവത്തിച്ചാൽ അവൻ അപകൃഷ്ടനാണെന്നും, താഴ്ന്ന നിലയിൽ വത്തിച്ചുകൊണ്ടു ഉൽകൃഷ്ടനിലയ്ക്കു യോജിച്ചവണ്ണം പ്രവത്തിക്കുന്നവൻ ഉൽകൃഷ്ടനാണെന്നും താല്പര്യം.)

ഒരുമൈമകളിരേപോലപ്പെരുമൈയു-
ന്തന്നൈത്താൻകൊണ്ടൊഴുകിനുണ്ടു. ൪

സാ—ദൃഢമനസ്സുകളായ പതിവ്രതകളെപ്പോലെ, തന്നെത്താൻ കാക്കുന്നവക്ക് ഉൽകൃഷ്ടതയുമുണ്ടാകും. (തന്നെ കാക്കുന്ന ദൃഢചിത്തയായ പതിവ്രതയ്ക്ക് എന്നപോലെ അധമ്മങ്ങളിൽ വ്യതിചലിക്കാതെ ധമ്മത്തിൽ ഉറച്ചുനിൽക്കത്തക്കവണ്ണം തന്നെത്താൻ കാക്കുന്നവനു് ഉൽകൃഷ്ടതയുണ്ടാകുമെന്നു താല്പര്യം.)

പെരുമൈയുടൈയവരാററുവാരാററി-
നരുമൈയുടൈയചെയൽ. ൫

സാ—ഉൽകൃഷ്ടന്മാരായവർ—അവർ ധനമില്ലാത്തവരായാലും ധനമുള്ളവക്കു പ്രയാസമായിട്ടുള്ള—മഹാകാര്യങ്ങളെ വഴിയാംവണ്ണം നിവ്വഹിക്കാൻ കഴിവുള്ളവരാണു്. (മഹാന്മാരാൽ ഏതൊരു മഹാകാര്യവും നിഷ്പ്രയാസം സാധിക്കാൻ കഴിവുണ്ടാകുന്നതാണെന്നു താല്പര്യം.)

ചിറിയാരുണർച്ചിയുളില്ലൈപ്പെരിയാരൈ-
പ്പേണിക്കൊൾവേമെൻറുനോക്കു. ൬

സാ—വലിയവക്കു വഴിപ്പെട്ടു് (അവരുടെ സ്വഭാവത്തെ പകത്തി)ക്കൊള്ളാമെന്ന വിചാരം അപകൃഷ്ടന്മാരുടെ മനസ്സിൽ ഉണ്ടാവുകയില്ല. (മുൻചൊന്ന വലിയവരെ അനുകരിച്ചു് അവരുടെ ആദർശത്തെ പകത്താമെന്ന ആശ അപകൃഷ്ടന്മാരുടെ മനസ്സിൽ ഉദിക്കുകയില്ലെന്നു താല്പര്യം)

ഇറപ്പേപുരിന്തതൊഴിററാഞ്ചിറപ്പുന്താൻ
ചിരല്ലവർകട്പടിൻ. ൭

സാ—ഉന്നതസ്ഥിതി അയോഗ്യന്മാക്കു് ഉണ്ടായാൽ, അതു വല്ലതായ അഹങ്കാരത്തെ ചെയ്യും. (കുലീനത, ധനം, വിദ്യാഭ്യാസം ഇവയാലുള്ള ഉന്നതസ്ഥിതി അയോഗ്യന്മാക്കു സിദ്ധിച്ചാൽ അവർ അത്യന്ത ഗവിഷ്ഠന്മാരായി ഭവിക്കുമെന്നു താല്പര്യം.)

പണിയുമാമെൻറും പെരുമൈ ചിറുമൈ
യണിയുമാന്തന്നൈ വിയന്തു. ൮

സാ—ഉൽകൃഷ്ടത എന്നും വണങ്ങിനിൽക്കും; അപകൃഷ്ടത തന്നെത്താൻ വാഴ്ത്തി സ്തുതിക്കും. (ഉൽകൃഷ്ടന്മാർ-മഹാന്മാർ-എന്നും-ധനാഢ്യന്മാരായി ഭവിച്ചാൽ അക്കാലത്തും-വിനയത്തെ കൈവിടുകയില്ലെന്നും അപകൃഷ്ടന്മാർ-അല്പന്മാർ-ദാരിദ്ര്യസ്ഥിതിയിൽ വത്തിച്ചാൽ അക്കാലത്തും ഔന്നത്യം പ്രകടിപ്പിക്കുമെന്നും താല്പര്യം.)

പെരുമൈപെരുമിതമിൻമൈചിറുമൈ
പെരുമിതമൂർന്തുവിടൽ. ൯

സാ—ഉൽകൃഷ്ടഗുണം (കാരണമുണ്ടായിരുന്നാലും സ്വാഭാവികമായ) അനഹങ്കാരത്തെ പ്രകാശിപ്പിക്കുകയാകുന്നു; അപകൃഷ്ടഗുണം അഹങ്കാരത്തെ വൎദ്ധിപ്പിച്ച് അതിന്റെ അഗ്രംകൂടിയിൽ നടമാടുകയാകുന്നു. (മഹാന്മാരുടെ ഗുണം അനഹങ്കാരവും അധമന്മാരുടെ ഗുണം അഹങ്കാരാധിക്യവുമാണെന്നു താല്പൎയ്യം)

അററമറൈക്കും പെരുമൈ ചിറുമൈതാൻ
കുററമേക്കൂറിവിടും. ൧൦

സാ—മഹാന്മാർ അന്യന്മാരുടെ ദോഷത്തെ മറച്ചു ഗുണത്തെ പ്രശംസിക്കും; അല്പന്മാർ അന്യന്മാരുടെ ഗുണത്തെ മറച്ചു ദോഷത്തെ പ്രസംഗിക്കും. (മഹാന്മാൎക്ക് അന്യന്മാരുടെ ദോഷത്തെ ചൂണ്ടിക്കാണിച്ച് അവരെ അപമാനിക്കണമെന്നു ആശയില്ലാത്തതിനാലും അവർ-മഹാന്മാർ-ഒരിക്കലും ഒരിടത്തും ദോഷത്തെ നോക്കുന്നില്ലാത്തതിനാലും അന്യന്മാരുടെ ദോഷം അവരുടെ കണ്ണിൽ കാണുകയില്ലെന്നു വിവക്ഷ.)

---

## തൊണ്ണൂററൊൻപതാം അധികാരം.

### ചാൻറാൺമൈ—സദ്ഗുണലക്ഷണം.

---

കടനെൻപ നല്ലവൈയെല്ലാങ്കടനറിന്തു
ചാൻറാൺമൈമേർകൊൾപവൎക്കു. ൧

സാ—വേണ്ട ഗുണങ്ങളെ അറിഞ്ഞ് അവയെ സമ്പാദിച്ചു ഭരിക്കാൻ ശക്തിയുള്ളവൎക്ക് നല്ല ഗുണങ്ങൾ സ്വാഭാവികമായി ഉണ്ടായിക്കൊള്ളും എന്നു പറയപ്പെടുന്നു. (ഒരുവനു വേണ്ട ഗുണങ്ങൾ ഇന്നിന്നവയാണെന്ന് അറിഞ്ഞ് അവയെ സമ്പാദിച്ചു ശരിക്കു ഭരിക്കാൻ കഴിയുന്നവരിൽ നല്ലഗുണങ്ങൾ താനേ ഉണ്ടായിക്കൊള്ളുമെന്നു താല്പൎയ്യം.)

കുണനലഞ്ചാൻറോർനലനേപിറനല
മെന്നലത്തുള്ളതൂഉമൻറു. ൨

സാ—ഗുണപൂൎണ്ണന്മാരുടെ നന്മ, ഗുണനന്മയാകുന്നു; അന്യമായ നന്മ മററുനന്മകളൊന്നിലുമില്ല. (ഗുണനന്മയോളം പ്രാധാന്യം മറെറാരു നന്മയ്ക്കുമില്ലെന്നു താല്പൎയ്യം.)

അൻപുനാണൊപ്പുരവുകണ്ണോട്ടംവായ്മൈയോ
ടൈന്തുചാൽപൂൻറിയതൂൺ. ൩

സാ—സ്നേഹം, നാണം, ഉപകാരംചെയ്യൽ, ദാക്ഷിണ്യം, സത്യസന്ധത ഇവ അഞ്ചുമാണ് ശ്രേഷ്ഠതയെന്ന ഭാരത്തെ താങ്ങുന്ന തൂണുകൾ (അതിലും സ്നേഹവും, പരോപകാരവും, പാപഭീതിയും, ദയയും, സത്യസന്ധതയുമാകുന്ന അഞ്ചുതൂണുകളാണ് ശ്രേഷ്ഠതയെന്ന ഭാരത്തെ താങ്ങുന്നതെന്നു താല്പൎയ്യം. ഈ അഞ്ചു മഹാഗുണങ്ങളുമാണു ശ്രേഷ്ഠതയ്ക്കു കാരണങ്ങളെന്നു ഭാവം.)

കൊല്ലാനലത്തതുനോന്മൈപിറർതീമൈ
ചൊല്ലാനലത്തതുചാൽപു. ൪

സാ—തപസ്സ് എന്നതു കൊല്ലായ്കയെ സംബന്ധിച്ചതാകുന്നു; ശ്രേഷ്ഠതയെന്നതു പരന്മാരുടെ ദോഷത്തെ ചൊല്ലായ്കയാകുന്നു. (തപസ്സെന്നതു്, ഇതരാംഗങ്ങളും ചേൎന്നതാണെങ്കിലും, പ്രധാനമായി അഹിംസയെ സംബന്ധിച്ചു നിൽക്കുന്നു; അതുപോലെ ശ്രേഷ്ഠതയെന്നതു് അന്യഗുണങ്ങളും ചേൎന്നതാണെങ്കിലും മുഖ്യമായി അന്യന്മാരുടെ ദോഷത്തെ പറയാതിരിക്കുകയാണെന്നു താല്പൎയ്യം.)

ആററുവാരാററൽപണിതലതു ചാൻേറാർ
മാററാരെമാററുംപടൈ. ൫

സാ—കർമ്മശൂരന്മാരുടെ ശക്തി വിനയമാകുന്നു; സജ്ജനങ്ങൾക്കു ശത്രുക്കളെ ഒഴിക്കാനുള്ള ആയുധവും അതുതന്നെയാകുന്നു. (കർമ്മശൂരന്മാരുടെ ശക്തിയും അറിവുള്ളവൎക്കു ശത്രുക്കളെ ജയിക്കാനുള്ള ആയുധവും വിനയം ഒന്നുമാത്രമാണെന്നു താല്പൎയ്യം.)

ചാൽപിർകുക്കട്ടളൈയാതെനിറേറാൽവി
തുലൈയല്ലാർ കണ്ണുങ്കൊളൽ. ൬

സാ—അറിവിൻെറ മാറററിയാനുള്ള ഉരകല്ല് യാതൊന്നാണെന്നാൽ തന്നേക്കാൾ താഴ്ന്നവരിലും നിന്നു തോൽമയെ കൈക്കൊള്ളുകയാകുന്നു (തന്നെക്കാൾ ശക്തി കുറഞ്ഞവരിലും നിന്നു തോൽമയെ കൈക്കൊള്ളുകയാണ് അറിവിൻെറ മാറററിയുന്ന ഉരകല്ല് എന്നു താല്പൎയ്യം.)

ഇന്നാചെയ്താൎക്കുമിനിയവേചെയ്യാക്കാ-
ലെന്നപയത്തതോചാൽപു. ൭

സാ—തിന്മചെയ്തവൎക്കും നന്മയെത്തന്നെ ചെയ്യാഞ്ഞാൽ അറിവുകൊണ്ട് എന്തു ഫലമാണ്? (തിന്മ ചെയ്തവൎക്കു തിന്മതന്നെ ചെയ്താൽ അറിവുകൊണ്ടു യാതൊരു ഫലവുമില്ലെന്നു ഭാവം. അറിവുള്ളവർ മിത്രങ്ങൾക്ക് എന്നപോലെ ശത്രുക്കൾക്കും നന്മതന്നെ ചെയ്യണമെന്നു വിവക്ഷ.)

ഇൻമൈയൊരുവർകിളിവൻറു ചാൽപെന്നു-
ന്തിൺമൈയുണ്ടാകപ്പെറിൻ. ൮

സാ—അറിവെന്നു പറയപ്പെടുന്ന ശക്തിയെ സമ്പാദിച്ചാൽ ഒരുവനു ദാരിദ്ര്യത്താൽ താഴ്ചയുണ്ടാകുന്നതല്ല (അറിവാകുന്ന ശക്തിയുണ്ടെങ്കിൽ ദാരിദ്ര്യം നേരിട്ടാലും അവനു താഴ്ചയുണ്ടാവുകയില്ലെന്നു താല്പൎയ്യം.)

ഊഴിപെയരിനുന്താംപെയരാർ ചാൻറാൺമൈ-
ക്കാഴിയെനപ്പട്ടവാർ. ൯

സാ—അറിവാകുന്ന സമുദ്രത്തിനു കരയെന്നുപറയപ്പെടുന്നവർ, കാലം വേർപെട്ടാലും, വേർപെടുകയില്ല. (കാലസ്ഥിതിക്കു മാററം സംഭവിച്ചാലും അറിവുള്ളവരുടെ മനഃസ്ഥിതിക്കു മാററം നേരിടുകയില്ലെന്നു താല്പൎയ്യം. അറിവിൻെറ മഹത്വത്തെ വെളിപ്പെടുത്താനായി അറിവിനെ സമുദ്രമാക്കി കല്പിച്ചിരിക്കുന്നു. ആ അറിവിനെ വഹിക്കുന്ന മനുഷ്യർ സമുദ്രത്തെ വഹിക്കുന്ന ഭൂമിയെപ്പോലെ ഉറപ്പുള്ളവരാണെന്നു ഭാവം.)

ചാൻറവർ ചാൻറാൺമൈകുൻറിനിരുനിലന്താ-
ൻറാങ്കാതുമന്നോപൊറൈ. ൰

സാ—അറിവുള്ളവർ അറിവിനെ കൈവിടുകയാണെങ്കിൽ ഭൂമി ഭാരത്തെ താങ്ങാതാകും. (അറിവുള്ളവർ അവരുടെ അറിവിനെ കൈവിട്ടാൽ, ഭൂമി തൻെറ ഭാരത്തെയും ഉപേക്ഷിക്കുമെന്നു താല്പൎയ്യം. അറിവുള്ളവർ അറിവിനെ ഉപേക്ഷിക്കാതിരിക്കുന്നതും ഭൂമി ഭാരത്തെ താങ്ങുന്നതും സ്വാഭാവികമാകയാൽ രണ്ടും സംഭാവ്യമല്ലെന്നു ഭാവം.)

# നൂറാം അധികാരം.

## പൺപുടൈമൈ — ഗുണഭാവം.

എൺപതത്താലെയ്തലെളിതെൻപയാർമാട്ടും
പൺപുടൈമൈ യെന്നുംവഴക്കു. ൧

സാ—ആൎക്കും സുഗമനായിരുന്നാൽ ഗുണഭാവം എന്നു പറയപ്പെടുന്ന സുമാൎഗ്ഗത്തെ പ്രാപിക്കാൻ എളുപ്പമാണെന്നു പറയപ്പെടുന്നു. (ആൎക്കും നിഷ്പ്രയാസം അടുക്കപ്പെടാൻ സാധിക്കുന്നവനു സകലഗുണങ്ങളും എളുപ്പത്തിൽ സിദ്ധിക്കുമെന്നു താല്പൎയ്യം.)

അൻപുടൈമൈയാൻറകുടിപ്പിറത്തലിവ്വിരണ്ടും
പൺപുടൈമൈയെന്നുംവഴക്കു. ൨

സാ—സ്നേഹശീലം, കുലീനത ഇവരണ്ടുമാണ്, ഗുണഭാവം എന്നു പറയപ്പെടുന്ന പദ്ധതി. (കുലീനനും സ്നേഹവാനുമായവനു സകലഗുണങ്ങളും സിദ്ധിക്കുന്നതിനാൽ ഗുണഭാവത്തെ പ്രാപിക്കാനുള്ള മാൎഗ്ഗം സ്നേഹശീലവും കുലീനതയും ആണെന്നു താല്പൎയ്യം.)

ഉറുപ്പൊത്തൻമക്കളൊപ്പൻറാൽവെറുത്തക്കത്ത
പൺപൊത്തലൊപ്പതാമൊപ്പു. ൩

സാ—അവയവത്താലുള്ള അടുപ്പം മനുഷ്യൎക്ക് അടുപ്പമല്ല; അടുപ്പമെന്നതു തികഞ്ഞ ഗുണത്താലുള്ള അടുപ്പമാകുന്നു. (ഗുണത്താലുള്ള അടുപ്പമല്ലാതെ ശരീരത്താലുള്ള അടുപ്പം അടുപ്പമല്ലെന്നു താല്പൎയ്യം. ശരീരസംബന്ധമായ അടുപ്പം ക്ഷണഭംഗുരവും ഗുണസംബന്ധമായ അടുപ്പം അഭംഗുരവുമാകയാൽ രണ്ടാമത്തേതിനല്ലാതെ ആദ്യത്തേതിന് അടുപ്പമെന്നു പറയാൻ പാടില്ലെന്നു ഭാവം.)

നയനൊടുനൻറിപുരിന്തപയനുടൈയാർ
പൺപുപാരാട്ടുമുലകു. ൪

സാ—നീതിയേയും ധൎമ്മത്തെയും കാംക്ഷിക്കുന്ന സുഫലകൎത്താക്കളുടെ ഗുണത്തെ ലോകം പ്രശംസിക്കും. (നീതിധൎമ്മങ്ങളെ സ്നേഹിക്കുന്നവർ തനിക്കും അന്യന്മാൎക്കും പ്രയോജകീഭവിക്കുന്നവരാണ്; അവരുടെ ഗുണഭാവത്തെ ലോകം സ്തുതിക്കുമെന്നു താല്പൎയ്യം.)

നകൈയുള്ളുമിന്നാതികഴ്ച്ചിപകൈയുള്ളും
പൺപുളപാടറിവാർമാട്ടു. ൫

സാ—അധിക്ഷേപം വിനോദത്തിലും അനിഷ്ടമാണ്; കാൎയ്യബോധമുള്ളവൎക്ക് ശത്രുക്കളുടെനേൎക്കും ഗുണഭാവം ഉണ്ടാകുന്നതാണ്. (കളിയിലും അധിക്ഷേപം അനിഷ്ടത്തെ ചെയ്യുന്നതുപോലെ ശത്രുവിനും അറിവുള്ളവർ ഗുണം ചെയ്യുമെന്നു താല്പൎയ്യം.)

പൺപുടൈയാർപ്പട്ടുണ്ടുലകമതുവിൻേറൽ
മൺപുക്കുമായ്വതുമൻ. ൬

സാ—ഗുണികളോടു സംഗം ഉള്ളതിനാൽലോകം വൎത്തിക്കുന്നു; ഇല്ലെങ്കിൽ ലോകം മണ്ണിൽത്തന്നെ മറഞ്ഞുപോകും. (ഗുണികളോടുള്ള സമ്പൎക്കത്താൽ ലോകം സ്ഥിതിചെയ്യുന്നു എന്നും, ആ സൽസംഗമില്ലെങ്കിൽ അതു നശിച്ചുപോകുമെന്നും താല്പൎയ്യം.)

അരംപോലുങ്കൂർമൈയരേനുമരംപോൽവർ
മക്കട്പൺപില്ലാതവർ. ൭

സാ—മനുഷ്യനുവേണ്ടുന്ന സദ്ഗുണങ്ങളില്ലാത്തവർ, അരംപോലെ ക്രമ്മബുദ്ധിയുള്ളവരായിരുന്നാലും അവർ മരത്തിനുതുല്യന്മാരാകുന്നു (എത്രതന്നെ ക്രമ്മബുദ്ധിയുള്ളവരായിരുന്നാലും മനുഷ്യനുവേണ്ട സദ്ഗുണങ്ങളില്ലെങ്കിൽ അവർ വൃക്ഷത്തേപ്പോലുള്ളവരാണെന്നു താല്പൎയ്യം )

നൺപാററാരാകിനയിമിലചെയ്വാൎക്കും
പൺപാററാരാതൽകടൈ. ൮

സാ—സ്നേഹം പ്രകടിപ്പിക്കാതെ (പ്രത്യുത) ശത്രുത്വം പ്രകടിപ്പിക്കുന്നവൎക്കും ഗുണവാനായി നടക്കാതിരിക്കുന്നതു നിഷിദ്ധമാകുന്നു. (സൌഹാൎദ്ദത്തിന്റെ കണികപോലുമില്ലാത്ത പരമശത്രുക്കളോടുകൂടെനക്കും ഗുണബുദ്ധിയോടെ പെരുമാറേണ്ടതാകുന്നു; അലങ്കാരം ചെയ്യാത്തവൻ നിന്ദ്യനാണെന്നു താല്പൎയ്യം.)

നകൽവല്ലരല്ലാൎക്കുമായിരുഞാലം
പകലുംപാൎപ്പട്ടൻറിരുൾ. ൯

സാ—(ഗുണബുദ്ധിയില്ലായ്കയാൽ എല്ലാവരോടും ഇടവിട്ടുപെരുമാറാത്ത) ഹൃദയാഹ്ലാദമില്ലാത്തവൎക്ക് വലുതായ ഈ ലോകം പകലും ഇരുളിൽ പെട്ടതായിരിക്കും. (ഗുണവാന്മാരല്ലാത്തവൎക്ക് ഈ വലുതായ ലോകം പകലും അന്ധകാരമയമായി കാണപ്പെടുമെന്നു താല്പൎയ്യം. പലരോടും ഇടപെട്ടു ലോകസ്വഭാവം അറിയുന്നില്ലാത്തതിനാൽ ലോകം ഇരുളടഞ്ഞതായി അനുഭവപ്പെടുമെന്നു വിവക്ഷ )

പൺപിലാൻപെററപെരുഞ്ചെൽവനൻപാൽ
കലന്തീമൈയാററിരിന്തററു. ൧൦

സാ—ഗുണമില്ലാത്തവനു സിദ്ധിച്ച ഐശ്വൎയ്യം, ശുദ്ധമായ പാൽ പാത്രത്തിന്റെ അശുദ്ധിയാൽ എന്നപോലെ ദുഷിക്കും. (ദുൎഗ്ഗുണന്റെ ധനം ദുഷ്പാത്രത്തിലെ പാൽപോലെ ദുഷിക്കുമെന്നു താല്പൎയ്യം )

---

## നൂറെറാന്നാം അധികാരം.

### നൻറിയിൽചെൽവം — ഫലമില്ലാത്ത ഐശ്വൎയ്യം.

---

വൈത്താൻവായ്ചാൻറപെരുംപൊരുളുണ്ണാൻ
ചെത്താൻ ചെയക്കിടന്തതിൽ. ൧

സാ—ഗൃഹംനിറഞ്ഞപെരുംധനംവച്ചുംകൊണ്ടു ഉണ്ണാത്തവൻചത്തവനൊക്കും; ആ ധനത്തെ പെരുമാറാനുള്ള അധികാരം അവനില്ല (ഗൃഹംനിറച്ചു പണം കെട്ടിവച്ചുംകൊണ്ടു പട്ടിണികിടക്കുന്ന പിശുക്കൻ ജീവിച്ചിരിക്കുന്നു എന്നുവരികിലും, മരിച്ചവനു തുല്യനാണു; ആ പണത്തിനും അവനും തമ്മിൽ യാതൊരു ബന്ധവുമില്ല; എന്നു താല്പൎയ്യം.)

പൊരുളാനാമെല്ലാമെൻറീയാതിവറു-
മരുളാനാമാണാപ്പിറപ്പു. ൨

സാ—സകലവും ധനത്താലുണ്ടാകും എന്നും പറഞ്ഞു ചെലവുചെയ്യാതെ പിശുക്കുകാണിക്കുന്ന അജ്ഞാനത്താൽ പൈശാചികജന്മങ്ങളുണ്ടാകും. (ദാനം മുതലായ സൽകൎമ്മങ്ങൾക്കു വിനിയോഗിക്കാതെ ധനത്തെ കെട്ടിവയ്ക്കുന്ന പിശുക്കന്മാൎക്കു ഭൂതപിശാചാദിജന്മങ്ങൾ സംഭവിക്കുമെന്നു താല്പൎയ്യം.)

ഈട്ടമിവറിയിച്ചൈവേണ്ടാവാഃവർ
തോററനിലക്കുപ്പൊറൈ. ൩

സാ— സമ്പാദിക്കണമെന്ന് ആഗ്രഹിച്ചിട്ട്, കീൎത്തിയെ കാംക്ഷിക്കാതിരിക്കുന്ന മനുഷ്യരുടെ ജന്മം ഭൂമിക്കു ഭാരമാകുന്നു. (പണത്തെ സമ്പാദിക്കുന്നതിലും അതിനെ രക്ഷിക്കുന്നതിലും മാത്രം കണ്ണും കരളും ചെലുത്തി, ഐഹികപാരത്രികസുഖങ്ങൾക്കു കാരണമായ ധൎമ്മത്തെ മറന്നു ജീവിച്ചുപോരുന്ന പണക്കാരുടെ ജന്മം ഭൂമിക്കു ഭാരം മാത്രമാണെന്നു താല്പൎയ്യം. അവരുടെ ജന്മംകൊണ്ടു യാതൊരു ഫലവുമില്ലെന്നു വിവക്ഷ)

എച്ചമെൻറന്നെണ്ണുങ്കൊല്ലോവൊരുവരാ-
നച്ചപ്പടാതവൻ. ൪

സാ— ഒരുവരാലും ഇച്ഛിക്കപ്പെടാത്തവൻ, ശേഷിച്ചുനിൽക്കാനായിട്ട് എന്തുകരുതുന്നുവോ! (സ്വധനത്തെ സദ്വിനിയോഗംചെയ്തു ലോകപ്രീതിയെ സമ്പാദിക്കേണ്ടതിനു പകരം പിശുക്കുകൊണ്ടു സകലരുടെയും അപ്രീതിയെ സമ്പാദിക്കുകയാണെങ്കിൽ അവൻ തന്റെ മരണശേഷം ലോകത്തിൽ നിലനിൽക്കണമെന്നു കരുതുന്നതെന്തൊന്നാണ്? യാതൊന്നുമില്ല; അവശ്യം കരുതേണ്ടതായ സൽകീൎത്തിയെ അവൻ കരുതുന്നില്ല. തന്നിമിത്തം മരണാനന്തരസദ്ഗതിയും അവനാൽ ത്യജിക്കപ്പെടുന്നു എന്നു വിവക്ഷ.)

കൊടുപ്പതൂഉന്തുയ്പ്പതൂഉമില്ലാർക്കടുക്കിയ
കോടിയുണ്ടായിനുമിൽ. ൫

സാ— കൊടുക്കലും അനുഭവിക്കലും ഇല്ലാത്തവൎക്ക് കോടിധനമുണ്ടായിരുന്നാലും അതു് ഇല്ലതന്നെ. (അന്യന്മാൎക്കു കൊടുക്കാത്തവനും താൻ അനുഭവിക്കാത്തവനുമായവന് കോടിക്കണക്കിനു സമ്പാദ്യമുണ്ടായിരുന്നാലും അതുകൊണ്ട് അവനു യാതൊരു ഫലവുമില്ലാത്തതിനാൽ, ആ ധനമേ അവന് ഇല്ലെന്നു താല്പൎയ്യം.)

ഏത്തംപെരുഞ്ചെൽവന്താൻറുവ്വാൻറക്കാർക്കൊ-
ൻറീതലിയൽപിലാതാൻ. ൬

സാ— താൻ അനുഭവിക്കാതെയും തക്കവൎക്ക് ഒന്നും കൊടുക്കാതെയും കഴിയുന്ന ധനികൻ, അവന്റെ മഹാധനത്തിന് ഒരു വ്യാധിയാകുന്നു. (ഉപകരിക്കുകയാകുന്നു ധനത്തിന്റെ ധൎമ്മം. ആ ധൎമ്മനിൎവ്വഹണത്തിന് അശക്തമാക്കിത്തീൎക്കുന്നതിനാൽ അവൻ ധനത്തിന്റെ വ്യാധിയാണെന്നു ഭാവം.)

അററാർക്കൊൻറാററാതാൻചെൽവമികനലം
പെററാടമിയൺമൂത്തററു. ൭

സാ— അഗതികൾക്കു കൊടുത്തു സഹായിക്കാത്ത ധനം, സ്ത്രീത്വംതികഞ്ഞ ഒരുവൾ ഭൎത്താവില്ലാതിരുന്നു വൃദ്ധയാകുന്നതുപോലെ നിഷ്ഫലമായി ഭവിക്കുന്നു. (അഗതികൾക്കു സഹായിക്കാത്ത ധനവും ഭൎത്താവില്ലാത്ത സ്ത്രീയും നിഷ്ഫലങ്ങളായി ഭവിക്കുന്നു എന്നു താല്പൎയ്യം.)

നച്ചപ്പടാതവൻചെൽവനടുവൂരു
ണച്ചുമരംപഴുത്തററു. ൮

സാ— ഇച്ഛിക്കപ്പെടാത്തവന്റെ ഐശ്വൎയ്യം, പട്ടണമദ്ധ്യത്തിൽ പഴുത്തുനിൽക്കുന്ന കാഞ്ഞിരമരംപോലെയാകുന്നു. (ദരിദ്രന്മാരുടെ മദ്ധ്യത്തിൽ താമസിക്കുന്ന ധനികൻ അവരെ സഹായിക്കുന്നില്ലാത്തതിനാൽ അവരാൽ സ്നേഹിക്കപ്പെടുന്നില്ല. ഒരുപ്രകാരം പരന്മാരാൽ വെറുക്കപ്പെട്ട ധനികന്റെ ഐശ്വൎയ്യവും പട്ടണമദ്ധ്യത്തിൽ പഴുത്തുനിൽക്കുന്ന കാഞ്ഞിരമരവും ഒന്നുപോലെയാണെന്നു താല്പൎയ്യം. രണ്ടിന്റെയും സാമീപ്യംകൊണ്ടു ഫലമൊന്നുമില്ലെന്നു ഭാവം.)

അൻപൊരീഇത്തർചെററ റനോക്കാതീട്ടിയ
വൊൺപൊരുൾകൊൾവാർപിറർ. ൯

സാ—(സഹായിക്കണമെന്നുകരുതി അന്യന്മാരെ) സ്നേഹിക്കാതെയും (വേണ്ടതു് അനുഭവിക്കാതെ) തന്നെത്താൻ പീഡിപ്പിച്ചും (ദാനംതുടങ്ങിയുള്ള) ധർമ്മങ്ങളെ മറന്നു സമ്പാദിച്ച ധനത്തെ അനുഭവിക്കുന്നതു് അന്യന്മാരായിരിക്കും. (അവനും അവൻെറ സന്തതികളും അല്ല, യാതൊരു ബന്ധവുമില്ലാത്ത അന്യന്മാരായിരിക്കും അനുഭവിക്കുന്നതെന്നു താല്പര്യം.)

ചീരുടൈച്ചെൽവർ ചിറുതുനിമാരി
വറങ്കൂർന്തനൈയതുടൈത്തു. ൧൦

സാ—പ്രസിദ്ധന്മാരായ ഐശ്വര്യവാന്മാരുടെ ദാരിദ്ര്യാവസ്ഥ, മഴയ്ക്കു ദാരിദ്ര്യം ബാധിക്കുന്നതുപോലെയാണു്. (മഴ ലോകത്തെ നിലനിർത്തുന്നു; ആ മഴയ്ക്കു ദാരിദ്ര്യം നേരിട്ടാൽ ലോകം നശിക്കുന്നു; അതുപോലെ യോഗ്യന്മാരായ ധനികന്മാരാൽ അനേകം ആളുകൾ ജീവിച്ചുപോരുന്നു; അവർ ക്ഷയിച്ചു ദരിദ്രന്മാരായാൽ ആ സാധുക്കൾക്കും നാശം സംഭവിക്കുമെന്നു താല്പര്യം. മഴയ്ക്കു ദാരിദ്ര്യം നേരിട്ടാൽ ക്രമേണ ആ അവസ്ഥയ്ക്കു മാററം സംഭവിക്കുന്നതുപോലെ ധനികരുടെ ദാരിദ്ര്യാവസ്ഥയും നിലനിൽക്കുന്നതല്ലെന്നു ഭാവം.)

## നൂററിരണ്ടാം അധികാരം

### നാണുടൈമൈ—നാണം.

കരുമത്താനാണുതനാണുത്തിരുനുത-
നല്ലവർനാണുപ്പിറ. ൧

സാ—സജ്ജനങ്ങളുടെ നാണം, ദുഷ്കർമ്മത്തെ സംബന്ധിച്ച നാണമാകുന്നു; അന്യമായ നാണം, സുന്ദരികളായ കുലീനകളുടെ ലജ്ജയാകുന്നു.

ഊണുടൈയെച്ചമുയിർക്കെല്ലാംവേറല്ല
നാണുടൈമൈ മന്താർചിറപ്പു. ൨

സാ—ഊണും ഉടുപ്പും മററുള്ളവയും മനുഷ്യവർഗ്ഗത്തിനു പൊതുവേയുള്ളതാണു്; സജ്ജനങ്ങൾക്കു് അലങ്കാരം നാണമാകുന്നു. (ഊണും ഉടുപ്പും ഉറക്കവും എല്ലാം മനുഷ്യവർഗ്ഗത്തിനു പൊതുവായിട്ടുള്ളതും, നാണം ഒന്നുമാത്രം സജ്ജനങ്ങൾക്കു പ്രത്യേകമായിട്ടുള്ളതുമാണെന്നു താല്പര്യം.

ഊനൈക്കുറിത്തവുയിരെല്ലാനാണെന്നു
നന്മൈകുറിത്തതു ചാൽപു. ൩

സാ—ജീവന്മാരെല്ലാം ശരീരത്തിൽ തങ്ങിയതാണു്; സദ്ഗുണം നാണത്തിൽ തങ്ങിയതാകുന്നു. (ജീവൻ ശരീരത്തിൽ കുടികൊള്ളുന്നതുപോലെ സദ്ഗുണം നാണത്തിൽ കുടികൊള്ളുന്നു എന്നു് താല്പര്യം.)

അണിയൻറോനാണുടൈമൈ ചാൻറോർക്കതിൻറേൽ
പിണിയൻറോ പീടുനടൈ. ൪

സാം — ഗുണികൾക്കു നാണം ആഭരണമല്ലേ? ആ ആഭരണമില്ലെങ്കിൽ ഗൎവ്വോട്ടക്കൂടിയ നടത്ത പ്രേക്ഷകന്മാൎക്കു ദുസ്സഹമല്ലേ? (പൂൎണ്ണപുണ്യന്മാൎക്കു പാപഭീതി ഭൂഷണവും അതില്ലെങ്കിൽ അവൻെറ ഗൎവ്വോട്ടക്കൂടിയ നടത്ത പരന്മാൎക്കു ദുസ്സഹവുമാണെന്നു താല്പൎയ്യം.)

പിറർപഴിയുന്തൻപഴിയുനാണുവാർനാണു-
ക്കുറൈപതിയെന്നുമുലകു. ൩

സാം — അന്യന്മാരുടെ ദുഷ്കീൎത്തിയെയും തൻെറ ദുഷ്കീൎത്തിയെയും ലജ്ജിക്കുന്നവരെ, ലോകം, ലജ്ജയുടെ ഇരിപ്പിടമാണെന്നു പറയും. (തൻെറ ദുഷ്കീൎത്തിയിൽ മാത്രമല്ല, അന്യൻെറ ദുഷ്കീൎത്തിയിലും ലജ്ജിക്കുന്നവൻ ലജ്ജയുടെ ഇരിപ്പിടമാണെന്നു ലോകർ പറയുമെന്നു താല്പൎയ്യം.)

നാൺവേലിക്കൊള്ളാതു മന്നോ വിയൻഞാലം
പേണലർ മേലായവർ. ൬

സാം — വലിയവർ വേലിയായി ലജ്ജയെ സ്വീകരിക്കയല്ലാതെ പരപ്പേറിയ ഭൂമിയെ സ്വീകരിക്കുകയില്ല. (പാപദുഷ്കീൎത്തികൾ അടുക്കാതെ സൂക്ഷിക്കാനുള്ള വേലയായി മഹാന്മാർ ലജ്ജയെയല്ലാതെ പരപ്പേറിയ ഭൂമിയെ സ്വീകരിക്കുകയില്ലെന്നു താല്പൎയ്യം.)

നാണാലുയിരൈത്തുറപ്പരുയിർപ്പൊരുട്ടാ
നാണ്ടുറവാർ നാണാൾപവർ. ൭

സാം — ലജ്ജയെ ഭരിക്കുന്നവർ ലജ്ജയ്ക്കുവേണ്ടി ജീവനെ ഉപേക്ഷിക്കും; ജീവനുവേണ്ടി ലജ്ജയെ ഉപേക്ഷിക്കുകയില്ല. (ലജ്ജയെക്കരുതുന്നവർ, അതിനെ പാലിക്കാനായി വേണ്ടിവന്നാൽ ജീവനെ കൈവിടുമെന്നും ജീവനെ രക്ഷിക്കാനായി ലജ്ജയെ കൈവിടുകയില്ലെന്നും താല്പൎയ്യം. ലജ്ജ ജീവനെക്കാൾ വലുതാണെന്നു വിവക്ഷ.)

പിറർനാണത്തക്കതുതാനാണാനായി-
നറനാണത്തക്കതുടൈത്തു. ൮

സാം — അന്യന്മാർ ലജ്ജിക്കുന്നതിനെ താൻ ലജ്ജിക്കുന്നില്ലെങ്കിൽ ആ കുററം ധൎമ്മം, ലജ്ജിക്കത്തക്ക കുററമായിരിക്കും. (കാണുന്നവരും കേൾക്കുന്നവരും ലജ്ജിക്കത്തക്ക പ്രവൃത്തികളെ ചെയ്യുന്നവൻ, ധൎമ്മം ലജ്ജിക്കത്തക്ക കുററത്തോടുകൂടിയവനാണെന്നു താല്പൎയ്യം. ലജ്ജയില്ലാത്തവനെ ധൎമ്മം വിട്ടൊഴിയുമെന്നു ഭാവം.)

കുലഞ്ചുടുങ്കൊൾകൈപിഴൈപ്പിനലഞ്ചുടു
നാണിന്മൈനിൻറക്കടൈ. ൯

സാം — ആചാരം തെററിയാൽ കുലം നശിക്കും; ലജ്ജയില്ലായ്മ നിൽക്കുന്നിടത്തു സകലനന്മയും നശിക്കും. (ഒരുവൻ ആചാരത്തിൽനിന്നും വ്യതിചലിച്ചാൽ കുടുംബം നശിക്കുമെന്നും ലജ്ജയിൽനിന്നും തെററിയാൽ സകല നന്മകളും നശിക്കുമെന്നും താല്പൎയ്യം.)

നാണകത്തില്ലാരിയക്കമരപ്പാവൈ
നാണാലുയിർമരുട്ടിയററു. ൧൦

സാം — മനസ്സിൽ നാണമില്ലാത്തവൻെറ ചലനം മരപ്പാവ യന്ത്രക്കയറിനാൽ ജീവനുള്ളതാക്കിച്ചെയ്യപ്പെടുന്നതുപോലെയാണ്. (ലജ്ജയില്ലാത്തവൻെറ ചലനം, യന്ത്രക്കയറിനാലുള്ള മരപ്പാവയുടെ ചലനംപോലെയാണെന്നു താല്പൎയ്യം. ലജ്ജയില്ലാത്തവനും മരപ്പാവയ്ക്കും തമ്മിൽ വ്യത്യാസമില്ലെന്നു വിവക്ഷ.)

## നൂററിമൂന്നാം അധികാരം.

### കുടിചെയൽവകൈ—കുലോദ്ധരണം.

---

കരുമഞ്ചെയവൊരുവൻകൈതൂവേനെന്നും
പെരുമൈയിർപീടുടൈയതിൽ. ൧

സാ—ഒരുവൻ കർമ്മംചെയ്യുകയെ കൈവിടാതിരിക്കുന്ന ശ്രേഷ്ഠതയെക്കാൾ ശ്രേഷ്ഠമായിട്ടു മറെറാന്നില്ല (കുലത്തിനു് അഭിവൃദ്ധികരമായിട്ടുള്ള പ്രവൃത്തികൾചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠത്വം മറെറാന്നില്ലെന്നു താല്പര്യം.)

ആൾവിനൈയുമാൻറവറിവുമെനവിരണ്ടി-
നീൾവിനൈയാനീളുംകുടി. ൨

സാ—പ്രയത്നവും തികഞ്ഞ അറിവുമാകുന്ന രണ്ടും മുന്നിത്തിയുള്ള അനസ്യൂത കർമ്മങ്ങളാൽ കുലം അഭിവൃദ്ധിയെ പ്രാപിക്കും. (അക്ഷീണപ്രയത്നത്തോടും പൂർണ്ണജ്ഞാനത്തോടുംകൂടിയ അനസ്യൂതകർമ്മങ്ങൾ കുലത്തെ അഭിവൃദ്ധിപ്പെടുത്തുമെന്നു താല്പര്യം.)

കുടിചെയ്വലെന്നുമൊരുവർകുത്തെയ്വ
മടിതററുത്താൻമുന്തുറും. ൩

സാ—കുലത്തെ ഉയർത്തുമെന്ന നിശ്ചയത്തോടുകൂടിയ ഒരുവൻെറ മുമ്പിൽ ദൈവം വസ്ത്രം മുറുകെയുടുത്തുംകൊണ്ടു് (തയ്യാറായി) വന്നുനില്ക്കും. (കുലത്തെ ഉയർത്തുമെന്ന ദൃഢവ്രതത്തോടുകൂടിയവൻെറ മുമ്പിൽ ഈശ്വരൻ—അവനെ സഹായിക്കാൻ—സന്നദ്ധനായി നിൽക്കുമെന്നു താല്പര്യം. അവൻെറ കർമ്മങ്ങൾക്കു തക്കതായ ഫലത്തെ ഈശ്വരൻ നൽകുമെന്നു വിവക്ഷ.)

ചൂഴാമററാനേമുടിവെയ്തു ന്തങ്കുടിയൈ-
ത്താഴാതുഞററുപവർക്കു. ൪

സാ—സ്വകുലത്തിനു തക്ക പ്രവൃത്തിയിൽ ഉത്സാഹം പ്രയത്നിക്കുന്നവർക്കു് തേടാതെതന്നെ ഫലസിദ്ധിയുണ്ടാകും (സ്വകുലത്തിൻെറ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളിൽ അക്ഷീണം പ്രവർത്തിക്കുന്നവനു്, അവൻെറ പ്രവൃത്തിയുടെ ഫലത്തെക്കുറിച്ചു ചിന്തിക്കുകയോ സംശയിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല; ആ പ്രവൃത്തികളുടെ ഫലം താനേ ഉണ്ടായിക്കൊള്ളും; എന്നു താല്പര്യം.)

കുററമിലനായ് കുടിചെയ്തുവാഴ്വാനൈ-
ച്ചുററമാച്ചുററുമുലകു. ൫

സാ—കുററമില്ലാത്തവനായി കുലത്തെ അഭിവൃദ്ധിപ്പെടുത്തി ജീവിക്കുന്നവൻെറ ബന്ധുത്വത്തെ കാംക്ഷിച്ചു ലോകർ ചുററിക്കൂടും. (ധർമ്മനീതികൾക്കു വിരുദ്ധമായി പ്രവർത്തിക്കാത്ത നിർദ്ദോഷിയും കുലോദ്ധാരകനുമായവൻെറ ബന്ധുഭാവത്തെ കാംക്ഷിച്ചു ജനങ്ങൾ അവൻെറ ചുററും വന്നുകൂടുമെന്നു താല്പര്യം.)

നല്ലാണ്മൈ യെൻപതൊരുവർകുത്താൻപിറന്ത
വല്ലാണ്മൈ യാക്കിക്കൊളൽ. ൬

സാ—ഒരുവനു സൽപൌരുഷമെന്നു പറയപ്പെടുന്നതു് താൻ ജനിച്ചകുലത്തെ ഭരിക്കുകയെന്ന സ്വഭാവത്തെ സമ്പാദിക്കുകയാകുന്നു. (സ്വവംശഭരണത്വമാണു് ഒരുവനു സൽപൌരുഷമെന്നു പറയപ്പെടുന്നതെന്നു താല്പര്യം.)

അമരകത്തു വൻകണ്ണർപോലത്തമരകത്തു
മാററുവാർ മേറേറപൊറൈ. ൭

സാ—യുദ്ധക്കളത്തിൽ വീരന്മാർ എന്നപോലെ, കുലത്തിൽ സമൎത്ഥന്മാർ ചുമതലവഹിക്കുന്നു. (യുദ്ധക്കളത്തിൽ നിരവധിഭടന്മാർ സംബന്ധിച്ചിട്ടുണ്ടെങ്കിലും അതിൻെറ സകലചുമതലകളും രണശൂരനായ നായകനിൽ സ്ഥിതിചെയ്യുന്നതുപോലെ, കുലത്തിൽ അനവധി അംഗങ്ങൾ ഉണ്ടായിരുന്നാലും അതിൻെറ ചുമതലകൾ (വഹിക്കാൻ) സാമൎത്ഥ്യമുള്ളവനിൽ സ്ഥിതിചെയ്യുന്നു എന്നു താല്പൎയ്യം.)

കുടിചെയ്‌വാർക്കില്ലൈപ്പരുവമടിചെയ്തു
മാനങ്കരുതക്കെടും. ൮

സാ—മടിപൂണ്ട് അഭിമാനം കരുതിയിരിക്കുന്നവൻെറ കുലം കെടും; സ്വകുടുംബത്തെ ഉദ്ധരിക്കാൻ കാലാവസ്ഥയെ ഗണിക്കേണ്ട ആവശ്യമില്ല. ("മഴക്കാലമാണ്, അഥവാ വെയിൽകാലമാണ്" എന്നിങ്ങനെ കാലാവസ്ഥയെ പഴിപറയുന്ന മടിയും, കുടുംബത്തിലെ മററംഗങ്ങൾ യാതൊരുജോലിയും ചെയ്യാതെ സുഖമായിരിക്കുമ്പോൾ "എല്ലാവൎക്കുംവേണ്ടി ഞാൻമാത്രം വേലചെയ്യുന്നതു പോരായ്കയാണ്" എന്നുള്ള ദുരഭിമാനവുമുള്ളവൻെറ കുലം നശിക്കും; വംശാഭിവൃദ്ധിക്കുവേണ്ടി പ്രവൎത്തിക്കാൻ കാലാവസ്ഥ നോക്കേണ്ട ആവശ്യമില്ല.)

ഇടുംപൈക്കേ കൊൾകലങ്കൊല്ലോ കുടുമ്പത്തൈ-
ക്കുററ മറൈപ്പാനുടമ്പു ൯

സാ—കുടുംബത്തെ ത്രിവിധദുഃഖങ്ങളിൽനിന്നും കാക്കുന്നവൻെറ ദേഹം ദുഃഖത്തിനുമാത്രമേ പാത്രമാകുന്നുള്ളു. (ആത്മാവ്, ആ ദുഃഖദേഹം അനുഭവിക്കുന്നതായ വൎത്തമാനജന്മത്തിലും ഭവിഷ്യജ്ജന്മത്തിലും സുഖം അനുഭവിക്കുമെന്നു വിവക്ഷ.)

ഇടുക്കൺകാൽകൊൻറിടവീഴുമടുത്തൂൻറു
നല്ലാളിലാതകുടി. ൧൦

സാ—ഊന്നുകൊടുത്തു താങ്ങാൻ ശക്തിയുള്ള സൽപുരുഷൻ ജനിക്കാത്ത കുടുംബവൃക്ഷം, ദുഃഖമാകുന്ന കോടാലി തൻെറ ചുവടു മുറിക്കുമ്പോൾ, നിലം പതിക്കും. (അധഃപതനത്തിൽനിന്നും രക്ഷിക്കാൻ ശക്തിയുള്ളവൻ ജനിക്കാത്ത കുടുംബം നശിക്കുമെന്നു താല്പൎയ്യം.)

---

## നൂററിനാലാം അധികാരം.

### ഉഴവ്—കൃഷി,

---

ചുഴൻറുമേർപ്പിന്നതുലകമതനാ-
ലുഴന്തു മുഴവേതലൈ. ൧

സാ—ലോകം (കൃഷിത്തൊഴിലുള്ള ശരീരാദ്ധ്വാനത്തെ കരുതി അന്യതൊഴിലുകൾ ചെയ്തു) അലഞ്ഞാലും (ഒടുവിൽ) കലപ്പക്കാരൻെറ പിന്നിൽ ചെല്ലണം; അതുകൊണ്ട് ബുദ്ധിമുട്ടുള്ളതായ കൃഷിയാണു സകല തൊഴിലുകളിലുംവെച്ചു പ്രധാനമായിട്ടുള്ളത്. (ഏതുതൊഴിലുകാരനും ഒടുവിൽ കൃഷിക്കാരനെ ആശ്രയിക്കാതെ തരമില്ല; എങ്കിൽമാത്രമേ അവനു ഭക്ഷണത്തിനു നിവൃത്തിയുള്ളു; അത്ര വിശിഷ്ടമായ കൃഷിത്തൊഴിൽ സകല തൊഴിലുകളിലുംവെച്ചു പ്രാഥമ്യത്തെ അൎഹിക്കുന്നു എന്നു താല്പൎയ്യം.)

ഉഴുവാരുലകത്താർക്കാണിയതാററാ-
തെഴുവാരെയെല്ലാംപൊറുത്തു. ൨

സാ—കൃഷിക്കാർ, അത്തൊഴിൽ ചെയ്യാതെ അന്യതൊഴിൽചെയ്യുന്നവരെയെല്ലാം, താങ്ങുന്നതിനാൽ ലോകത്തിന് അച്ചാണിയാകുന്നു. (കർഷകന്മാർ, മററുള്ളവരെയെല്ലാം കാത്തുരക്ഷിക്കുന്നതുകൊണ്ട്, അവർ ലോകമാകുന്ന തേരിൻെറ അച്ചാണിയാണെന്നു താല്പര്യം.)

ഉഴുതുണ്ടുവാഴ്വാരേ വാഴ്വാർ മററെല്ലാ-
ന്തൊഴുതുണ്ടു പിൻചെൽപവർ. ൩

സാ—ഉഴുതുണ്ടുജീവിക്കുന്നവരാണു ജീവിക്കുന്നവർ; മററുള്ളവർ തൊഴുതുണ്ടു പിറകെ നടക്കുന്നവരാണ്. (തനിക്കും അന്യന്മാക്കുംവേണ്ടി കൃഷിചെയ്തു് അന്യന്മാരെ ഊട്ടി താനും ഉണ്ണുന്നവൻ പരമാത്ഥത്തിൽ ജീവിക്കുന്നവനും, അന്യതൊഴിലുകൾ ചെയ്തു കൃഷിക്കാരെ ആശ്രയിച്ചു് ഉണ്ണുന്നവൻ പിറകേനടക്കുന്നവനുമാണെന്നു താല്പര്യം.)

പലകുടൈ നീഴലുന്തങ്കുടൈക്കീഴ്ക്കാൺപ-
രലകുടൈ നീഴലവർ. ൪

സാ—നെല്ലുള്ളവരായ കൃപാലുക്കൾ പല കുടകളുടെ നിഴൽ സ്വന്തംകുടകളുടെ അടിയിൽ കാണും. (പലേ കുടകളുടെ നിഴലിൽ പലേ ആളുകൾ വിശ്രമിക്കുന്നു; കർഷകൻെറ ഐശ്വര്യമാകുന്ന കുടയുടെ നിഴലിൽ അനേകംപേർ വിശ്രമിക്കുന്നു. അന്യതൊഴിലുകാർ കൃഷിക്കാരെ ആശ്രയിക്കുന്നു എന്നു മുൻചൊന്ന കുറളിലെ താല്പര്യത്തെ ഇവിടെ ബലപ്പെടുത്തുന്നു.)

ഇരവാരിരപ്പാർക്കൊൻറീവർകരവാതു
കൈചെയ്തുണ്മാലൈയവർ. ൫

സാ - കൈകൊണ്ടു് ഉഴുതുണ്ണുന്നവരായിട്ടുള്ളവർ യാചിക്കുകയില്ല; യാചിക്കുന്നവക്കു മടിക്കാതെ ഉള്ളതുകൊടുക്കും. (കൃഷിചെയ്തു് ഉപജീവിക്കുന്നവർ, അന്യരോടു യാചിക്കുകയില്ല; യാചിക്കുന്നവരായ അന്യക്കു കൊടുക്കുകയും ചെയ്യുമെന്നു താല്പര്യം.)

ഉഴവിനാർകൈമ്മടങ്കിനില്ലൈ വിഴൈവതൂഉം
വിട്ടേമെൻപാക്കുനിലൈ. ൬

സാ—കൃഷിത്തൊഴിലോടുകൂടിയവരുടെ കൈ (ആ തൊഴിലിൽനിന്നും) പിൻവാങ്ങുകയാണെങ്കിൽ (സന്യാസധർമ്മത്തിനും മുടക്കം നേരിടുമെന്നു ഭാവം.) (ആക്കും) വേണ്ടപ്പെട്ടതായ ഭക്ഷണവും ത്യജിച്ചു എന്നുള്ളവക്കും നില ഉണ്ടാവുകയില്ല.

തൊടിപ്പുഴുതികഃചാവുണക്കിൻപിടിത്തെരുവും
വേണ്ടാതുചാലപ്പടും. ൭

സാ—ഒരുപങ്കു മണ്ണു കാൽപ്പങ്കാകത്തക്കവണ്ണം ഉണക്കുന്നുവെങ്കിൽ ആ മണ്ണിൽ, ഒരുപിടി വളംപോലും ഇടാതെ കൊഴുത്തുവിളയും. (ഒരു നിലത്തിലെ മണ്ണു് കാൽപങ്കാകത്തക്കവണ്ണം ഉണക്കിയതിനുശേഷം അതിൽ വിത്തു വിതയ്ക്കുകയാണെങ്കിൽ ലേശംപോലും വളമിടാതെ കൊഴുത്തു വിളയുമെന്നു താല്പര്യം.)

ഏരിനുനൻറാലെരുവിടുതൽകട്ടപി-
നീരിനുനൻറതൻകാപ്പു. ൮

സാം—ഉഴുന്നതിനെക്കാൾ ഗുണം വളമിടലിനാണ്; കളപറിച്ചതിനുശേഷം, കാക്കുന്നതു് നനയ്ക്കുന്നതിനെക്കാൾ ഗുണമാകുന്നു. (ഉഴുന്നതിനെക്കാൾ നന്നു വളമിടലും (ഉഴുതലും വളമിടലും കഴിഞ്ഞു) കളപറിച്ചതിനുശേഷം നനയ്ക്കുന്നതിനെക്കാൾ ശ്രേഷ്ഠം കാവൽ ഏൎപ്പെടുത്തുന്നതുമാകുന്നു.)

ചെല്ലാൻ കിഴവനിരുപ്പിനിലംപുല-
ന്തില്ലാളിനൂടിവിടും. ൯

സാം—ഉടമസ്ഥൻ പോകാതിരുന്നാൽ നിലം, ഭാൎയ്യയെപ്പോലെ പിണങ്ങും; ഭൎത്താവു ഭാൎയ്യാഗൃഹത്തിൽ ചെല്ലാതെയും അവൾക്കു വേണ്ട കാൎയ്യാദികളെ അന്വേഷിക്കാതെയുമിരുന്നാൽ ആ ഭാൎയ്യ അവനോടു പിണങ്ങും; എന്നതുപോലെ കൃഷീവലൻ കണ്ടത്തിൽ ചെന്നു കൂടക്കൂടെ അന്വേഷിക്കാതെയും വേണ്ടതു പ്രവൎത്തിക്കാതെയുമിരുന്നാൽ ആ നിലം അവനോടു പിണങ്ങും; അതു ശാസ്യമായ വിളവിനെ നൽകുകയില്ലെന്നു താല്പൎയ്യം.

ഇലമെൻറചൈഇ യിരുപ്പാരൈക്കാണി-
നിലമെന്നുനല്ലാണകും. ൰

സാം—ദരിദ്രരെന്നുപറഞ്ഞു് അലസരായിരിക്കുന്നവരെക്കണ്ടാൽ ശ്രീദേവി ഉൾച്ചിരികൊള്ളും. (ഞാൻ ദരിദ്രനാണ് എന്നുപറഞ്ഞു മടിപൂണ്ടിരിക്കുന്നവനെക്കണ്ടാൽ അവൻെറ അജ്ഞതയെ ഓൎത്തു ഐശ്വൎയ്യദേവത ഉള്ളുകൊണ്ടു ചിരിക്കുമെന്നു താല്പൎയ്യം.)

---

# നൂററിഅഞ്ചാം അധികാരം.

## നൽകുരവു—ദാരിദ്ര്യം.

---

ഇന്മൈയിനിന്നാത തിയാതെനിനിന്മൈയി-
നിന്മൈയേ യിന്നാതതു. ൧

സാം—ദാരിദ്ര്യത്തെക്കാൾ ദുഃഖകരമായിട്ടുള്ളതു യാതൊന്നാണെന്നാൽ ദാരിദ്ര്യംതന്നെ. (ദാരിദ്ര്യത്തെക്കാൾ ദുഃഖത്തെച്ചെയ്യുന്നതു ദാരിദ്ര്യം ഒന്നുമാത്രമാണെന്നു താല്പൎയ്യം. ദാരിദ്ര്യത്തെക്കാൾ ദുഃഖപ്രദമായി മറെറാന്നില്ലെന്നു വിവക്ഷ.)

ഇന്മൈയെനവൊരുപാവിമറുമൈയു-
മിന്മൈയുമിൻറിവരും. ൨

സാം—ദാരിദ്ര്യമെന്നു പറയപ്പെടുന്ന പാപി, പാരത്രികസുഖവും ഐഹികസുഖവുമില്ലാതെയാക്കിക്കൊണ്ടാണു വരുന്നതു്. (ദാരിദ്ര്യബാധയുടെ വരവു് ഇഹപരസുഖങ്ങളെ നശിപ്പിച്ചുംകൊണ്ടായിരിക്കുമെന്നു താല്പൎയ്യം. ദാരിദ്ര്യം ബാധിക്കുന്നവനു് പരലോകസുഖം മാത്രമല്ല, ഈ ലോകത്തെ സുഖവും നശിക്കുമെന്നു ഭാവം. ഇഹലോകസുഖത്തെക്കാൾ പ്രാധാന്യം പരലോകസുഖത്തിനാണെന്നുള്ള തത്വത്തെ വെളിപ്പെടുത്താനായി പരലോകസുഖത്തെ ആദ്യം പറഞ്ഞതാണ്.)

തൊൽവരവുന്തോലുങ്കെടുക്കുന്തൊകൈയാക
നൽകുരവെന്നുനചൈ. ൩

സാം—ദാരിദ്ര്യമാകുന്ന ദുൎഭൂതം കുടുംബത്തെയും അതിൻെറ കീൎത്തിയെയും ഒന്നിച്ചു നശിപ്പിക്കും. (ദാരിദ്ര്യം വംശത്തെയും അതിൻെറ യശസ്സിനെയും നശിപ്പിക്കുമെന്നു താല്പൎയ്യം.)

ഇർപിറന്താർ കണ്ണേയുമിൻമൈയിളിവന്ത
ചൊർപിറക്കുഞ്ചോർവുതരും. ൪

സാ—ദാരിദ്ര്യം ഉൽകൃഷ്ടകുലത്തിൽ ജനിച്ചവക്കും, അപമാനവാക്കിനു കാരണമാകുന്ന അധഃപതനത്തെ ഉണ്ടാക്കും. (ദാരിദ്ര്യം ശ്രേഷ്ഠകുടുംബത്തിൽ ജനിച്ചവക്കും അവഹേളനത്തിനു കാരണമായ തളർച്ചയെ നൽകുമെന്നു താല്പര്യം)

നൽകുരവെന്നുമിടുംപൈയുട്പൽകുരൈ-
ത്തുൻപങ്കൾ ചെൻറുപടും. ൫

സാ - ദാരിദ്ര്യമെന്നു പറയപ്പെട്ടദുഃഖത്തിനുള്ളിൽ പലപ്രകാരത്തിലുള്ള അന്യദുഃഖങ്ങൾ വന്നു തങ്ങും. (ദാരിദ്ര്യം ദുഃഖപാത്രമാകയാൽ ദാരിദ്ര്യമാകുന്ന ദുഃഖമെന്നു പറഞ്ഞതാണ്; ആ ദുഃഖംബാധിക്കുന്നവനു വേറെയും പലേ ദുഃഖങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നു ഭാവം.)

നർപൊരുണൻകുണർന്തുചൊല്ലിനുനൽക്കൂർന്താർ
ചൊർപൊരുൾചോർവുപടും. ൬

സാ—തത്വാർത്ഥങ്ങൾ നല്ലവണ്ണം ഗ്രഹിച്ചു പറഞ്ഞാലും ദരിദ്രന്റെ വാക്കു നിഷ്ഫലമായി ഭവിക്കും (ദരിദ്രൻ തത്വാർത്ഥങ്ങളെ പറയുന്നതായാലും, അവന്റെ പറച്ചിലിനു ഫലമുണ്ടാവുകയില്ല. ദരിദ്രനായ ഇവന്റെ വാക്കിൽ ശ്രദ്ധിച്ചാൽ ഇവന്റെ ദാരിദ്ര്യത്തെ പരിഹരിക്കേണ്ടിവരുമെന്നു കരുതി കേൾക്കാൻ ആളുണ്ടാകയില്ലെന്നു ഭാവം.)

അറഞ്ചാരാ നൽകുര വീൻറതായാനും
പിറൻപോലനോക്കപ്പെടും. ൭

സാ—ധർമ്മത്തോടു സംബന്ധമില്ലാത്ത ദാരിദ്ര്യത്തോടുകൂടിയവൻ പ്രസവിച്ച മാതാവിനാലും അന്യനെപ്പോലെ വീക്ഷിക്കപ്പെടും. (ധർമ്മത്തോടു ദാരിദ്ര്യത്തിനു യാതൊരുസംബന്ധവുമില്ല. അപ്രകാരമുള്ള ദാരിദ്ര്യത്താൽ ബാധിക്കപ്പെട്ടവനെ അവന്റെ മാതാവുപോലും അന്യനെപ്പോലെ നോക്കുന്നതാണ്. അവനിൽനിന്നും ഫലംകൊള്ളാനില്ലാത്തതിനാൽ അവൻ തന്റെ മകനാണെന്നു കരുതുകയില്ലെന്നു താല്പര്യം. മാതാവ് അന്യനെന്നു കരുതുമ്പോൾ സഹോദരങ്ങളുടെയും മററുള്ള ബന്ധുക്കളുടെയും മനഃസ്ഥിതിയെപ്പററി പറയേണ്ടതില്ല. ധർമ്മത്തിനും ദാരിദ്ര്യത്തിനും തമ്മിൽ പൊരുത്തമില്ലെന്നു മുൻചൊന്ന അഭിപ്രായം ഇവിടെ സ്പഷ്ടമാണല്ലോ.)

ഇൻറും വരുവതു കൊല്ലോനെരുനലു-
ങ്കൊൻറതുപോലുനിരപ്പു. ൮

സാ—ഇന്നലെയും, കൊന്നതുപോലെപീഡിപ്പിച്ച ദാരിദ്ര്യം ഇന്നുംവരികയോ? (ഇന്നലെ എന്നെ കൊല്ലാതെകൊന്ന ദാരിദ്ര്യം ഇന്നും ഉണ്ടാകുമോ എന്നു ഒരു ദരിദ്രന്റെ മനോഗതമാണ് ഇന്നലെ അരിഷ്ടിച്ചു നിത്യത കഴിച്ചുകൂട്ടി. ഇന്ന് എന്തുചെയ്യേണ്ടൂ? എന്ന മനഃസ്ഥിതി.)

നെരുപ്പിനുട്ടുഞ്ചലുമാകു നിരപ്പിനുൾ
യാതൊൻറുങ്കൺ പാടരിതു. ൯

സാ—തീയിൽകിടന്നു ഉറങ്ങാൻകഴിയും; ദാരിദ്ര്യത്തിൽകിടന്നുറങ്ങാൻ എന്തുകൊണ്ടും പ്രയാസംതന്നെ (വേണമെങ്കിൽ തീയിൽകിടന്നുറങ്ങാം; എന്നാൽ ദാരിദ്ര്യത്തിൽ കിടന്നുറങ്ങാൻ സാധിക്കുന്നതല്ല. ദരിദ്രനു വിശപ്പ് അടക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടും മനസ്സിന്റെ ചിന്താഭാരത്താലും ഉറക്കം ഉണ്ടാവുകയില്ലെന്നു ഭാവം.)

തുപ്പുരവില്ലാർ തുവരത്തുറവാമെ
യുപ്പിർക്കു ങ്കാടിക്കുങ്കുററു. ൧൦

സാ—നിൎദ്ധനന്മാർ (ദരിദ്രന്മാർ) സന്യസിക്കാതിരിക്കുക ഉപ്പിനും കാടിക്കും കാലന്മാരായി ഭവിക്കുകയാകുന്നു. (ഒരു കഴിവുമില്ലാത്ത ദരിദ്രന്മാർ സന്യസിക്കുന്നതുനന്ന്. അങ്ങനെ ചെയ്യാതിരിക്കുന്ന ദരിദ്രന്മാർ ഉപ്പിനും കാടിക്കും കാലന്മാരായി ഭവിക്കുമെന്നു താല്പൎയ്യം. കടിച്ചുതീൎക്കുമെന്നു വിവക്ഷ.)

---

## നൂററിആറാം അധികാരം.

### ഇരവു—യാചന.

---

ഇരക്കവിരത്തക്കാർ ക്കാണിർ കരപ്പി-
നവർ പഴി തം പഴിയൻറു. ൧

സാ—ദാനശക്തന്മാരെക്കണ്ടാൽ (അവരോട്) യാചിക്കേണ്ടതാകുന്നു; (അവർ യാചകനെക്കണ്ട്) ഒളിക്കുന്നുവെങ്കിൽ അവൎക്ക് അപമാനം തനിക്ക് അപമാനമില്ല (ദാനംചെയ്യാൻ കഴിവുള്ളവരെക്കണ്ടാൽ യാചിക്കേണ്ടതാകുന്നു; ദാനം ചെയ്യാൻ മടിച്ച് അവർ മറഞ്ഞുകളഞ്ഞാൽ അതിൻെറ കുറച്ചിൽ അവൎക്കല്ലാതെ, യാചകനല്ല എന്നു താല്പൎയ്യം.)

ഇൻപ മൊരുവർ കിരത്തലിരന്തവൈ
തുൻപമുറാ അവരിൻ. ൨

സാ—ഒരുവന്ന് യാചന സുഖകരമാകുന്നു, യാചിക്കപ്പെട്ടതു് ബുദ്ധിമുട്ടില്ലാതെ (ലഘുവിൽ) കിട്ടുന്നുവെങ്കിൽ. (യാചിതം അനായാസേന ലഭിക്കപ്പെടുന്നുവെങ്കിൽ, യാചനയും സുഖകരമായിരിക്കുമെന്നു താല്പൎയ്യം അനായാസേന ലഭിക്കപ്പെടുന്നതു് വഴക്കുപറയാതെയും നിൎത്തിത്താമസിപ്പിക്കാതെയും ദാനംചെയ്യുന്നവർ നൽകുന്നതാണ്.)

കരപ്പിലാനെഞ്ചിർ കടനറിവാർമുന്നി-
ൻറിരപ്പുമോരേഎ്വ രുടൈത്തു. ൩

സാ—കപടമില്ലാത്ത ഹൃദയത്തോടുകൂടിയ മാനാപമാനബോധമുള്ളവരുടെ മുമ്പിൽനിന്നു യാചിക്കുന്നതു് ഒരഴകാണ്. (നിഷ്കപടഹൃദയന്മാരും മാനാപമാനബുദ്ധിയുള്ളവരുമായ സജ്ജനങ്ങൾ യാചകനെക്കണ്ടമാത്രയിൽ അവൻെറ ഇംഗിതം അറിഞ്ഞ് അവൻ ആവശ്യപ്പെടാതെതന്നെ ദാനംചെയ്യുന്നവരാകയാൽ അവരുടെ മുമ്പിൽനിന്ന് യാചിക്കുന്നതു് ഒരു ഭൂഷണമായിട്ടേ കരുതാനുള്ളു എന്നു താല്പൎയ്യം)

ഇരത്തലുമിതലേ പോലുങ്കരത്തൽ
കനവിലുന്തേററാ താർമാട്ടു. ൪

സാ—സ്വപ്നത്തിൽപോലും ഒളിക്കാൻ അറിഞ്ഞുകൂടാത്തവരോടു യാചിക്കുന്നതും ദാനംചെയ്യുന്നതിനു തുല്യമാണ്. (യാചകനെക്കണ്ടാൽ ഒളിക്കാൻ സ്വപ്നത്തിലും ശീലിച്ചിട്ടില്ലാത്തവരോട് യാചിക്കുന്നതു് ദാനംചെയ്യുന്നതിനു തുല്യമാണെന്നു താല്പൎയ്യം.)

കരപ്പിലാർ വൈയകത്തുണ്മൈയാർകണ്ണി-
ൻറിരപ്പവർ മേർകൊൾവതു. ൫

സാ—ഒളിക്കാതെ കൊടുക്കുന്നവർ ലോകത്തിലുള്ളതുകൊണ്ട് യാചകന്മാർ യാചകത്വത്തെ അംഗീകരിക്കുന്നു. (കൊടുക്കുന്നവർ ഉള്ളതുകൊണ്ട് കൊടുക്കുന്നവരെയും കൊടുക്കാത്തവരെയും തിരിച്ചറിയാൻ നിവൃത്തിയില്ലാതെ എല്ലാവരോടും ചെന്നു യാചിക്കുന്നു. കൊടുക്കുന്നവരായ കൂട്ടരില്ലെങ്കിൽ ഭിക്ഷുക്കന്മാർ യാചനയ്ക്കു ഒരുമ്പെടാതെ ജീവിതത്തെ ബലികഴിച്ചും മാനത്തെ സംരക്ഷിക്കുന്നതാണ്.)

കരപ്പിടുംപൈയില്ലാരൈ ക്കാണിനിരപ്പിടുംപൈ
യെല്ലാമൊരുങ്കുകെടും. ൬

സാ—ഒളിക്കലാകുന്ന രോഗം ബാധിച്ചിട്ടില്ലാത്തവരെക്കണ്ടാൽ (യാചകന്റെ) ദാരിദ്ര്യദുഃഖങ്ങൾ നിശ്ശേഷം നശിക്കും (യാചകനെക്കണ്ടാൽ ഒളിക്കാത്ത സജ്ജനം അർത്ഥിക്കുമുമ്പു യാചകന്റെ അഭിലാഷത്തെ സാധിക്കുന്നു; അപ്രകാരമുള്ള ഗുണവാനെ കണ്ടമാത്രയിൽ യാചകന്റെ ദാരിദ്ര്യദുഃഖം അവനെ നിശ്ശേഷം വിട്ടുമാറുന്നു; താൻ ദരിദ്രനാണെന്നുള്ള ഓർമ്മപോലും അവനു ഉണ്ടായിരിക്കുന്നതല്ല; ഒരു സമ്പന്നന്റെ ആഹ്ലാദം അവൻ അപ്പോൾ അനുഭവിക്കുന്നു എന്നു വിവക്ഷ.)

ഇകഴ്ന്തെള്ളാ തീവാരൈ ക്കാണിൻ മകിഴ്ന്തുള്ള-
മുള്ളുളുവപ്പതുടൈത്തു. ൭

സാ—അധിക്ഷേപവാക്കുകൾ പറയാതെ ദാനം ചെയ്യുന്നവരെ കണ്ടാൽ (യാചകന്റെ) ഹൃദയം സന്തുഷ്ടമായി ഹൃദയത്തിന്റെ ഹൃദയം വികസിക്കുന്നതാണ്. (യാചകനെക്കണ്ടാൽ അവനെ നിന്ദിക്കാതെയും പരുഷവാക്കു പറയാതെയുംസന്തോഷത്തോടുകൂടി ദാനം ചെയ്യുന്ന സജ്ജനങ്ങളെക്കണ്ടമാത്രയിൽ സന്തോഷാധിക്യത്താൽ യാചകന്റെ ഹൃദയാന്തരം വികസിതമായി ഭവിക്കുമെന്നു താല്പര്യം.)

ഇരപ്പാരൈയില്ലായിനീർങ്കൺമാ ഞാല
മരപ്പാവൈചെൻറു വന്തററു. ൮

സാ—യാചകന്മാരില്ലെങ്കിൽ ശീതളമായ ഈ മഹാഭൂമി, മരപ്പാവ വരികയും പോവുകയും ചെയ്യുന്ന അവസ്ഥയെ പ്രാപിക്കുന്നതാണ്. (യാചകന്മാരില്ലെങ്കിൽ ഭൂമി മരപ്പാവയ്ക്കുതുല്യമാണ്; ജീവനില്ലാത്ത പാവ ചലിക്കുന്നതുപോലെ ഈ വിസ്തൃതമായ ഭൂമി ചലിക്കുന്നതാണ് എന്നു ഭാവം.)

ഈവാർ കണെന്നുണ്ടാ ന്തോററമിരന്തുകോൺ
മേവാരിലാഅ ക്കടൈ. ൯

സാ—യാചകത്വത്തെ കൈക്കൊള്ളാത്തവരില്ലെങ്കിൽ, എന്തൊരു യശസ്സാണ്? (അർത്ഥികളില്ലെങ്കിൽ ദാതാക്കൾക്കു കീർത്തിയില്ലെന്നു താല്പര്യം.)

ഇരപ്പാൻ വെകുളാമൈ വേണ്ടുനിരപ്പിടും പൈ
താനേയുഞ്ചാലുങ്കരി. ൰

സാ—യാചകനു കോപമുണ്ടാകാതിരിക്കേണ്ടതാകുന്നു. (അതാവശ്യമാകുന്നുള്ളതിലേക്ക് അവന്റെ) ദാരിദ്ര്യപീഡതന്നെ സാക്ഷ്യം വഹിക്കുന്നു. (ദാനംചെയ്യുന്നവർ ദാനം ചെയ്യാതിരിക്കുകയോ, ശകാരിക്കുകയോ എന്തുതന്നെ ചെയ്താലും യാചകനു കോപം ഉണ്ടാകാതിരിക്കേണ്ടതു് ആവശ്യമാണ്; ഉണ്ടായാലുള്ള അനുഭവത്തെ അവന്റെ ദാരിദ്ര്യാവസ്ഥതന്നെ സാക്ഷീകരിക്കുന്നു എന്നു താല്പര്യം. കോപിഷ്ഠനായ യാചകനു മേലും മേലും ദാരിദ്ര്യത്താൽ പീഡിക്കേണ്ടിവരുമെന്നു വിവക്ഷ.)

## നൂററിഏഴാം അധികാരം.

### ഇരവച്ചം—യാചനാഭിമാനം.

കരവാതുവന്തീയുങ്കണ്ണന്നാർകണ്ണു-
മിരവാമൈ കോടിയുറും. ൧

സാ—ഒളിക്കാതെ ചിത്താഹ്ലാദപൂർവ്വം ദാനംചെയ്യുന്ന, നയനതുല്യം ഉൽകൃഷ്ടന്മാരായവരോടും യാചിക്കാതിരിക്കുക—യാചിക്കുന്നതിനേക്കാൾ—കോടിഗുണം നന്നാണത്രേ. (യാതൊരു മടിയുംകൂടാതെ സന്തോഷപൂർവ്വം ദാനംചെയ്യുന്ന മഹാന്മാരോടുപോലും യാചിക്കാതിരിക്കുന്നതാണ് നന്നെന്നു താല്പര്യം.)

ഇരന്തുമുയിർ വാഴ്തൽവേണ്ടിൽ പരന്തു
കെടുകവുലകിയററിയാൻ. ൨

സാ—ഈ ലോകത്തെ സൃഷ്ടിച്ചവൻ, യാചിച്ചും ഉപജീവിക്കണമെന്നു വിധിച്ചു എങ്കിൽ, (ആ സൃഷ്ടികർത്താവും ആ യാചകന്മാരെപ്പോലെ) തെണ്ടിത്തിരിഞ്ഞു നശിക്കതന്നെവേണം. (ലോകത്തെ സൃഷ്ടിച്ച ബ്രഹ്മാവ് ഓരോ മനുഷ്യനും അവനവന്റെ ജീവിതകാലവും ജീവിക്കാൻ വേണ്ട ഭക്ഷണസാധനവും അതിനെ സമ്പാദിക്കാനുള്ള തൊഴിലും വിധിച്ചിട്ടുണ്ടായിരിക്കും. അല്ലാതെ ഒരുകൂട്ടർ തെണ്ടിത്തിരിയണമെന്ന് അദ്ദേഹം വിധിച്ചുവെങ്കിൽ ആ സൃഷ്ടികർത്താവും അവരെപ്പോലെ അലഞ്ഞുനശിക്കണം. ഒരിക്കലും അപ്രകാരം വിധിക്കയില്ലെന്നും ജോലി ചെയ്യാനുള്ള മടികൊണ്ടും ചിലക്കു കർമ്മഫലത്താലും യാചിച്ചു ജീവിതം കഴിച്ചുകൂട്ടേണ്ടതായി വരുന്നതാണെന്നും ഭാവം.)

ഇൻമൈയിടുംപൈയിരന്തുതീർവാമെന്നും
വൻമൈയിൻ വൻപാട്ടതിൽ. ൩

സാ—ദാരിദ്ര്യദുഃഖത്തെ യാചിച്ചു പരിഹരിക്കാമെന്നു കരുതുന്ന സാമർത്ഥ്യത്തെപ്പോലെ മഹാസാമർത്ഥ്യം വേറെയില്ലപോൽ! (ദാരിദ്ര്യദുഃഖത്തെ തൊഴിൽചെയ്തു പരിഹരിക്കാമെന്നിരിക്കെ, യാചനകൊണ്ടു പരിഹരിക്കാമെന്നു കരുതുന്നതാണുപോൽ സാമർത്ഥ്യം! യാചന നിന്ദ്യമായ തൊഴിലാണെന്നു ഭാവം.)

ഇടമെല്ലാംകൊള്ളാത്തകൈത്തേയിടമില്ലാ-
ക്കാലുമിരവെല്ലാച്ചാൽവു. ൪

സാ—പ്രയത്നത്താൽ ലഭിക്കപ്പെട്ടതു് തെളിഞ്ഞ വെള്ളത്തിനു സമമായ കാടി തന്നെയായാലും, അതിനെ അനുഭവിക്കുന്നതിനേക്കാൾ ആനന്ദം മററൊന്നിൽനിന്നും സിദ്ധിക്കുന്നതല്ല (പ്രയത്നത്തിൽനിന്നും കിട്ടിയതു പച്ചവെള്ളത്തിനു സമമായ കാടിയായാലും, അതിനെ ഉപയോഗിക്കുന്നതിൽ നിന്നുമുള്ള ആനന്ദം, യാചിച്ചുകിട്ടിയ അമൃതത്തിനുമില്ലെന്നു താല്പര്യം.)

തെണ്ണീരട്ടുപുർകൈ യായിനുന്താടന്ത
തുണ്ണലിനൂങ്കിനിയതിൽ. ൫

സാ—ഗത്യന്തരമില്ലാതിരുന്നാലും യാചനയ്ക്കു് ഒരുമ്പെടാത്ത സദ്ഗുണം, ലോകത്തിനുള്ളിൽ കൊള്ളാത്ത മഹത്വത്തോടുകൂടിയതാകുന്നു. (ഉപജീവനത്തിനു യാചിക്കയല്ലാതെ മറെറാരു വഴിയുമില്ലെന്നുള്ള അവസ്ഥയിലും യാചിക്കാതിരിക്കുന്ന സദ്ഗുണം ലോകത്തെക്കവിഞ്ഞ മഹത്വത്തോടുകൂടിയതാണെന്നു താല്പര്യം.)

ആവിർക്കു നീരെൻറിരപ്പിനുനാവിർ
കിരവിനിളിവന്തതിൽ. ൬

സാ—പശുവിനു വെള്ളം തരണമെന്നു യാചിക്കുമ്പോഴും ആ യാചനപോലെ നാവിനു് അപമാനത്തെ ചെയ്യുന്ന മറ്റൊന്നില്ല. (പശുവിനെ രക്ഷിക്കുന്നതു മഹത്തായ ധർമ്മമാകുന്നു; അപ്രകാരമുള്ള ധർമ്മത്തെ പാലിക്കാനായിട്ടുള്ള യാചനപോലും മാനക്ഷയകരമാണെന്നു താല്പര്യം)

ഇരപ്പനിരപ്പാരെയെല്ലാമിരപ്പിർ
കരപ്പാരിരവൻമിനെൻറു. ൭

സാ—ഞാൻ യാചിക്കുന്നവരോടെല്ലാം യാചിക്കുന്നു:—യാചിക്കണമെങ്കിൽ ഒളിക്കുന്നവരോടു യാചിക്കരുതേ! (യാചന പാടില്ലെന്നു മേൽപറഞ്ഞുവല്ലോ. യാചിച്ചേ കഴിയൂ എന്നു നിർബന്ധമാണെങ്കിൽ, യാചകന്മാരെക്കണ്ടു് ഒളിക്കുന്നവരോടു യാചിക്കാതിരിക്കുവിൻ എന്നു എല്ലാ യാചകന്മാരോടും ഞാൻ യാചിക്കുന്നു—അപേക്ഷിക്കുന്നു—എന്നു താല്പര്യം.)

ഇരവെന്നു മേമാപ്പിറോണികരവെന്നും
പാർതാക്കപ്പെക്കുവിട്ടും. ൮

സാ—യാചനയെന്ന അരക്ഷിതമായ തോണി, ഒളിക്കലെന്ന ദ്വീപത്തിൽ മുട്ടിയാൽ പിളർന്നുപോകും. (ദാരിദ്ര്യമാകുന്ന കടലിനെ കടക്കാൻ പ്രയത്നമാകുന്ന സുരക്ഷിതത്തോണിയിൽ കയറാതെ, യാചനയാകുന്ന അരക്ഷിതത്തോണിയിൽ കയറി തുഴഞ്ഞുപോയാൽ ഒളിക്കലാകുന്ന ദ്വീപിൽ മുട്ടുന്നുവെങ്കിൽ അത്തോണി ശിഥിലീകൃതമായിഭവിക്കും.)

ഇരവുള്ളവുള്ളമുരുകുങ്കരവുള്ള
വുള്ളതുഉമിൻറിക്കെട്ടും. ൯

സാ—യാചനയുടെ അധർമ്മത്തെ ഓർത്താൽ ഹൃദയം ഉരുകിപ്പോകും; (യാചകനെക്കണ്ടു്) ഒളിക്കുന്നതിന്റെ അധർമ്മത്തെ ഓർത്താൽ ഉരുകാൻപോലുമില്ലാതെ ദഹിച്ചുപോകും. (സൃഷ്ടിയെ സംബന്ധിച്ചിടത്തോളം മനുഷ്യർ തുല്യയോഗ്യന്മാരാണെന്നിരിക്കെ, ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ മുമ്പിൽ ചെന്നുനിന്നു് "എനിക്കു് എന്തെങ്കിലും തരണം" എന്നു യാചിക്കുന്നതു് അധർമ്മമാണു്; ആ അധർമ്മത്തെ ഓർക്കുമ്പോൾ ഹൃദയം ഉരുകിപ്പോകും; എന്നാൽ യാചകനു ധർമ്മാധർമ്മബോധം സമ്പാദിക്കാൻ ശക്തിയില്ലാത്തതിനാൽ അവന്റെ തെറ്റു് ഒരുപ്രകാരത്തിൽ ക്ഷന്തവ്യമാണെന്നു വന്നേയ്ക്കാം; എന്നാൽ യാചകനെക്കണ്ടു ഒളിക്കുന്നവന്റെ തെറ്റു് ഒരുവിധത്തിലും ക്ഷന്തവ്യമല്ല; അവനു് ധർമ്മാധർമ്മബോധം സമ്പാദിക്കാൻ ശക്തിയുണ്ടു്. അതുകൊണ്ടു അവന്റെ അധർമ്മത്തെ ഓർക്കുമ്പോൾ ഹൃദയം ഉരുകാൻപോലുമില്ലാത്തവണ്ണം ദഹിച്ചുപോകും.)

കരപ്പവർക്കി യാങ്കൊളിക്കുങ്കൊല്ലോ വിരപ്പവർ
ചൊല്ലാടപ്പോഉമുയിർ. ൰

സാ—ഇല്ലെന്നു പറഞ്ഞു കേൾക്കുമ്പോൾ യാചകന്റെ ജീവൻപോകും; ആ ഇല്ലെന്നുപറയുന്നവന്റെ ജീവൻ എവിടെച്ചെന്നൊളിക്കും. (ഇല്ലെന്നു കേട്ടാൽ യാചകന്റെ ജീവൻ പോകാതെപോകും; ആ സങ്കടം അനുഭവിപ്പിച്ച വാക്കു പുറപ്പെടുവിച്ചവന്റെ ജീവൻ ആ കുറ്റത്തിനുള്ള ശിക്ഷ അനുഭവിക്കാതെ എവിടെച്ചെന്നൊളിക്കും? ഒളിക്കാൻ ഒരിടത്തും സ്ഥലമില്ലെന്നു ഭാവം.)

## നൂററി എട്ടാം അധികാരം.

### കയമൈ—ചണ്ഡാളത്വം.

മക്കളേപോൽവർ കയവരവരന്ന
വൊപ്പാരിയാങ്കണ്ടതിൽ. ൧

സാ—ചണ്ഡാളനും മനുഷ്യനെപ്പോലെ കാണപ്പെടും. അവരുടെ ആ സാമ്യം ഞാൻ മററൊരു സ്ഥാനത്തും കണ്ടിട്ടില്ല (മനുഷ്യൻ എന്ന പേരിനെ അർഹിക്കുന്നില്ലാത്ത ചണ്ഡാളനും അപ്പേരിനെ അർഹിക്കുന്ന മനുഷ്യനും തമ്മിൽ ആകൃതിയിൽ യാതൊരു വ്യത്യാസവുമില്ല; തിരിച്ചറിവാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള ഈ സാമ്യം വേറേകണ്ടില്ല എന്നു താല്പര്യം.)

നൻററിവാരിർ കയവർ തിരുവുടൈയർ
നെഞ്ചത്തവലമിലർ. ൨

സാ—ധർമ്മത്തെ അറിയുന്നവരെക്കാൾ, ചണ്ഡാളന്മാർ സുഖികളാണ്; അവക്ക് ഹൃദയവേദനയില്ല (ധർമ്മാധർമ്മബോധമുള്ളവക്ക് അവരുടെ മനോവാക്കായങ്ങളെ ശരിക്കു നിയന്ത്രിക്കുന്നതിലുള്ള ബുദ്ധിമുട്ടും ഒരുപക്ഷേ അവ അധർമ്മത്തിൽ ചരിച്ചുപോയാൽ അനുഭവിക്കേണ്ടിവരുന്ന പാപത്തെക്കുറിച്ചുള്ള ഭീതിയും ഓരോ നിമിഷത്തിലുമുണ്ടായിരിക്കും; ആവക മനഃക്ലേശം ചണ്ഡാളന്മാക്കില്ലാത്തതിനാൽ അവർ സുഖികളാണെന്നു താല്പര്യം.)

തേവരനൈയർ കയവരവരുന്താ-
മേവന ചെയ്തൊഴുകലാൻ. ൩

സാ—ദേവന്മാരും ചണ്ഡാളരും ഒരേസ്വഭാവത്തോടു കൂടിയവരാണ്; ചണ്ഡാളരും ദേവന്മാരെപ്പോലെ സ്വേച്ഛാനുസരണം നടക്കുന്നു. (ചണ്ഡാളന്മാർ ദേവന്മാരെപ്പോലെ സ്വേച്ഛാനുസരണം പ്രവത്തിക്കുന്നവരാകയാൽ ഇരുക്കൂട്ടരും തുല്യന്മാരാണെന്നു താല്പര്യം )

അകപ്പട്ടിയാവാരൈക്കാണിനവരിൻ
മികപ്പട്ടുച്ചെമ്മാക്കുങ്കീഴ്. ൪

സാ—ചണ്ഡാളൻ, തന്നിലും താണവരേക്കണ്ടാൽ അവരെക്കാൾ ഉയന്നവനെന്നു നടിക്കും. (തന്നിൽ താണവനെക്കണ്ട് ഉയന്നവനാണെന്നു നടിക്കുന്നവൻ ചണ്ഡാളനാണെന്നു ഭാവം )

അച്ചമേ കീഴ്കളതാചാരമെച്ച
മവാവുണ്ടേലുണ്ടാഞ്ചിറിതു. ൫

സാ—ചണ്ഡാളന്മാരുടെ വണക്കം ഭയത്തിലാണ്; അതുകഴികെ അഭിലാഷനിവ്വഹണത്തിലും അല്പാല്പമുണ്ടാകും. (ഭയപ്പെട്ടു വണങ്ങുന്നവനും കാര്യസാദ്ധ്യത്തിനായി വണങ്ങുന്നവനും ചണ്ഡാളനാണെന്നു ഭാവം.)

അറൈപറൈയന്നർ കയവർതാങ്കേട്ട
മറൈപിറർക്കുയ്ത്തുരൈക്കലാൻ. ൬

സാ—താൻകേട്ട രഹസ്യത്തെ പേറിക്കൊണ്ടു നടന്ന് അന്യന്മാരോടു പറയുന്നതിനാൽ ചണ്ഡാളന്മാർ പെരുമ്പറകളാകുന്നു. (രഹസ്യത്തെ പരസ്യപ്പെടുത്തുന്നവൻ ചണ്ഡാളനാണെന്നു ഭാവം..

ഈൎങ്കൈ വിതിരാർകയവർ കൊടിറുടൈക്ക-
ങ്കൂൻകൈയരല്ലാതവൎക്കു. ൭

സാ—ചണ്ഡാളന്മാർ കഴുത്തിനുനേരെ കൈയോങ്ങാത്തവൎക്കു നനച്ചകൈ കുടയുകയില്ല (യാചിക്കുന്നവൎക്കു കൊടുക്കാതെ മുഷ്ടിചുരുട്ടി കഴുത്തിനു കുത്താൻവരുന്നവൎക്കു കൊടുക്കുന്നവനാണു ചണ്ഡാളനെന്നു ഭാവം)

ചൊല്ലപ്പയൻ പടുവർ ചാൻറോർ കരുമ്പുപോർ
കൊല്ലപ്പയൻ പടുങ്കീഴ്. ൮

സാ—സജ്ജനങ്ങൾ, വാക്കുകേട്ടു പ്രയോജകീഭവിക്കും; ചണ്ഡാളന്മാർ കരിമ്പുപോൽ—കരിമ്പെന്നോണം— മൎദ്ദിക്കപ്പെട്ടാൽ പ്രയോജകീഭവിക്കും. (സജ്ജനങ്ങൾകേട്ടാൽ തരും; ചണ്ഡാളന്മാർ മൎദ്ദിച്ചാൽ തരുമെന്നു ഭാവം)

ഉടുപ്പതൂഉ മുൺപതൂഉ ങ്കാണിർ പിറർമേൽ
വടുക്കാണ വററാകുങ്കീഴ്. ൯

സാ—ചണ്ഡാളന്മാർ, അന്യർ ഉടുക്കുന്നതും ഉണ്ണുന്നതും കണ്ടാൽ ദോഷാരോപണം ചെയ്യാൻ സമൎത്ഥന്മാരായിത്തീരുന്നു. (ചണ്ഡാളന്മാർ, അന്യർ ഉടുക്കുന്നതും ഉണ്ണുന്നതും കണ്ടാൽ അസൂയകൊണ്ടു അവരിൽ കുററം ആരോപിക്കുമെന്നു താല്പൎയ്യം.)

എററിർ കുറിയർ കയവരൊൻറുററക്കാൽ
വിററർ കുരിയർ വിരൈന്തു ൰

സാ—ചണ്ഡാളന്മാർ ഒരു ദുഃഖം നേരിടുമ്പോൾ വേഗത്തിൽ, തന്നെ അന്യന്മാൎക്കു വിൽക്കുന്നവരാണു; മാത്രമല്ല, എന്തുവേണമെങ്കിലും ചെയ്യുകയും ചെയ്യും. (എന്തെങ്കിലും ഒരു ദുഃഖം നേരിട്ടാൽ അതിനെ പരിഹരിക്കുന്നതിനായി ചണ്ഡാളന്മാർ, തന്നേ അന്യന്മാൎക്കു വിൽക്കുകമാത്രമല്ല, എത്ര നീചമായ കൎമ്മങ്ങൾക്കു ഒരുമ്പെടുകയും ചെയ്യുമെന്നു താല്പൎയ്യം.)

അൎത്ഥപദ്ധതി കഴിഞ്ഞു.

ആകെ അധികാരം ൧൦൮-ക്കു കുറൾ ൧൦൮൦.

---

## കാമപദ്ധതി.

---

### വ്യഭിചാരം.

---

## നൂററിഒൻപതാം അധികാരം.

### തകൈയണങ്കുറുത്തൽ—നായകാനുമാനം.

---

(വിശ്രമാൎത്ഥം പൂന്തോട്ടത്തിൽ കടന്ന നായകൻ, അവിടെ ഏകാകിനിയായി നിൽക്കുന്ന നായികയെക്കണ്ടപ്പോൾ ഉണ്ടായ മനോഗതമാണു ഈ അധികാരത്തിൽ വൎണ്ണിക്കുന്നതു്.)

അണങ്കുകൊലായ്മയിൽ കൊല്ലോകനങ്കുഴൈ
മാതർകൊൻ മാലുമെന്നെഞ്ചു ൧

സാ—ഈ സുന്ദരി, ദേവസ്ത്രീയോ, മയൂരവിശേഷമോ, അതോ, മനുഷ്യസ്ത്രീയോ? എൻെറ ഹൃദയത്തിനു മയക്കമുണ്ടാകുന്നു. (അത്യാദ്ഭുതമായ സൌകുമാൎയ്യത്താൽ ദേവസ്ത്രീയോ എന്നും മനോഹരമായ ചലനത്താൽ മയൂരവിശേഷമോ എന്നും തൻെറ ദൃഷ്ടിക്കു വിഷയീഭവിച്ച കാരണത്താൽ മനുഷ്യസ്ത്രീയോ എന്നും സംശയിച്ച നായകൻെറ ഹൃദയം അനുരാഗപരവശമായി ഭവിച്ചു എന്നു ഭാവം)

നോക്കിനാനോക്കെതിർ നോക്കുതറാക്കണങ്കു
താനൈക്കൊണ്ടന്ന തുടൈത്തു. ൨

സാ—ഈ സുന്ദരിയുടെ എതിർവീക്ഷണം, തനിയേ എതിരിടാൻ കഴിവുള്ള ഒരു ദേവസ്ത്രീ സൈന്യവുംകൊണ്ടെത്തിയ ശങ്കയെ ജനിപ്പിക്കുന്നു. (ഒരു ദേവസ്ത്രീക്ക് ഒരു മനുഷ്യനോടു തനിയേ എതിൎക്കത്തക്ക ശക്തിയുണ്ടെന്നിരിക്കെ, ഒരു സൈന്യവുമായി വന്നാലത്തെ അവസ്ഥ പറയേണ്ടതില്ല; സുന്ദരിയായ നായികയുടെ ദർശനത്തിൽതന്നെ ഹൃദയം അനുരാഗപരവശമായി ഭവിച്ചു എന്നിരിക്കെ എതിർവീക്ഷണത്താൽ ആ ഹൃദയത്തിനുണ്ടായ പാരവശ്യം ശതഗുണിതമാണെന്നു ഭാവം.)

പണ്ടറിയേൻ കൂററെൻപതനൈയിനിയറിന്തേൻ
പെണ്ടകൈയാർ പേരമർക്കട്ടു. ൩

സാ യമൻ എന്നു പണ്ടു കേട്ടറിഞ്ഞിട്ടുണ്ട്; കണ്ടറിഞ്ഞിട്ടില്ല; ഇപ്പോൾ കണ്ടറിഞ്ഞു; സ്ത്രീത്വത്താൽ വലിയ പോർ നടത്തുന്ന കണ്ണുകളാണത് (കാലനെ ഗ്രന്ഥകൎത്താക്കന്മാർ പറഞ്ഞു പണ്ടു കേട്ടിട്ടുള്ളതല്ലാതെ കണ്ടറിഞ്ഞിട്ടില്ല; ഇപ്പോൾ കണ്ടറിയാനിടയായി; സുന്ദരിയായ നായികയുടെ കണ്ണുതന്നെയാണ കാലൻ. നായികയുടെ മനോഹരമായ നയനം ഹൃദയത്തെ ആനന്ദിപ്പിക്കുന്നുണ്ടെങ്കിലും അതിനെ കൊല്ലുന്നുമുണ്ടെന്നു വിവക്ഷ )

കണ്ടാരുയിരുണ്ണുന്തോററത്താർ പെണ്ടകൈ-
പ്പേതൈക്കമർത്തനകൺ. ൪

സ:—സ്ത്രീഗുണങ്ങളോടുകൂടിയ നായികയുടെ കണ്ണുകൾ പ്രേക്ഷകന്മാരുടെ ജീവനെ ഭക്ഷിക്കത്തക്ക ശക്തിയുള്ളതായി വ്യത്യസ്തപ്പെട്ടിരിക്കുന്നു. (നായികയിൽ സൎവ്വത്ര സ്ത്രീത്വം തികഞ്ഞുകാണുന്നു; എന്നാൽ കണ്ണുകൾമാത്രം വ്യത്യസ്തമാണ്; പ്രേക്ഷകന്മാരുടെ പ്രാണനെ അപഹരിക്കാനുള്ള ശക്തി അതിനുണ്ട്. നായികയുടെ നയനങ്ങളെ കാലനോട് ഉപമിച്ചതിൻെറ കാരണത്തെ ഇവിടെ വെളിപ്പെടുത്തുന്നു)

കൂററമോ കണ്ണോ പിണൈയോ മടവരൽ
നോക്കമിമ്മൂൻറു മുടൈത്തു. ൫

സാ—കാലനോ, കണ്ണോ, മാൻപേടയോ? ഈ സുന്ദരിയുടെ നോട്ടം, ഇമ്മൂന്നിൻെറയും സ്വഭാവത്തോടുകൂടിയതാകുന്നു. (സുന്ദരിയായ നായികയുടെ നോട്ടം, കാലൻെറയും കണ്ണിൻെറയും മാൻപേടയുടെയും സ്വഭാവത്തോടുകൂടിയതാണ്; ഹൃദയത്തെ പീഡിപ്പിക്കുന്നതിനാൽ യമത്വവും തന്നെ നോക്കുന്നതിനാൽ നയനത്വവും സ്വാഭാവികമായ സങ്കോചം കാണുന്നതിനാൽ ഹരിണീത്വവും അന്തർഭവിച്ചിരിക്കുന്നു. എന്നാൽ ഇവയിൽ ഏതൊന്നാണ് ആ കണ്ണുകളെന്നു നിശ്ചയമില്ല.)

കൊടുമ്പുരുവങ്കോടാ മറൈപ്പിനടുങ്കഞർ
ചെയ്യലമന്നിവൾ കൺ. ൬

സാ—കൊടിയ പുരികങ്ങൾ കോട്ടമില്ലാതെ നിന്നു തടഞ്ഞാൽ ഈ സുന്ദരിയുടെ നയനങ്ങൾ നടുക്കത്തെ ഉണ്ടാക്കുന്ന പീഡയെ ചെയ്യുന്നതല്ല. (മാദ്ധ്യസ്ഥം വഹിക്കുന്ന സുഹൃത്ത് യാതൊരു കോട്ട (ദ്വേഷ) വുമില്ലാത്ത ആളായിരിക്കണം. പുരികത്തിനു നയനങ്ങളുടെ കഠിനവൃത്തിയെ തടയാനുള്ള സ്വാധീനശക്തി, നിത്യസഹവാസജന്യമായ സുഹൃദ്ഭാവത്താൽ സിദ്ധിച്ചിട്ടുണ്ട്. എന്നാൽ ആ പുരികത്തിനുതന്നെ കോട്ടമുള്ളതിനാൽ അതിൻെറ മാദ്ധ്യസ്ഥം അഭിലഷണീയമല്ല.)

കടാക്കളിററിൻ മേർകട്പടാ മാതർ
പടാഅ മുലൈമേറവുകിൽ. ൭

സാ—ഈ സുന്ദരിയുടെ ചായ്വില്ലാത്ത മുലമേലിട്ട മുണ്ട്, മദയാനയുടെ മസ്തകത്തേലിട്ട മുഖപടത്തോടു സാമ്യം വഹിക്കുന്നു. (മദയാനയെ മൂടുപടമിട്ട് ഒതുക്കാത്തപക്ഷം കൊലനടത്തും; നായികയുടെ കത്തുമുല ഉത്തരീയത്താൽ മറയ്ക്കപ്പെട്ടില്ലെങ്കിൽ പ്രേക്ഷകനായ നായകനെ കൊല്ലും; ഈ ധർമ്മസാമ്യത്താൽ നായികയുടെ ഉത്തരീയത്തിനും മദയാനയുടെ മുഖപടത്തിനും സാമ്യം കല്പിച്ചിരിക്കുന്നു.)

ഒണ്ണാർകോൾ വുടൈന്തതേ ഞാട്പിനു-
ണ്ണാരു മുട്കുമെൻ പീട്ടു. ൮

സാ—യുദ്ധക്കളത്തിൽ ആരാലും എതിർക്കപ്പെടാത്ത ശത്രുയോദ്ധാക്കളെയും ഭയവിഹ്വലരാക്കിച്ചെയ്യുന്ന എൻെറ (മനോവാക്കായങ്ങളുടെ) ശക്തി ഈ സുന്ദരിയുടെ പ്രകാശമേറിയ ഫാലപ്രദേശം ഒന്നിനാൽ ശിഥിലീകൃതമായി ഭവിച്ചു. (കാമവികാരത്തെ അടക്കാൻ ശക്തിയില്ലാത്തവണ്ണം, നായികയുടെ അതുലശോഭാവഹമായ നെററിത്തടം നായകൻെറ സ്വതസ്സിദ്ധവും അജയ്യവുമായ ശക്തിയെ ശിഥിലിതമാക്കിച്ചെയ്തു എന്നു ഭാവം.)

പിണൈനേർ മടനോക്കു നാണമുടൈയാട്
കണിയെവനോ വേതില തന്തു ൯

സാ—മാൻപേടയുടേതിനോടു തുല്യമായ നോട്ടവും നാണവുമുള്ള ഈ മനോഹരാംഗിക്കു കൃത്രിമങ്ങളായ ആഭരണങ്ങൾ അണിയുന്നതുകൊണ്ടു ഫലമെന്താണ്? (മാനിൻെറ നോട്ടവും സങ്കോചവുമാകുന്ന ആഭരണങ്ങൾ സ്വാഭാവികമായിട്ടുണ്ടെന്നിരിക്കെ സ്വർണ്ണം, രത്നംമുതലായവകൊണ്ടു നിർമ്മിക്കപ്പെട്ട കൃത്രിമാഭരണങ്ങൾ നായികയ്ക്ക് എന്തൊരുഫലത്തെ ചെയ്യാനാണ്!)

ഉണ്ടാർകണല്ല തടുനറാക്കാമംപോർ
കണ്ടാർമകിഴ്ചെയ്തലിൻറു. ൰

സാ—വാററിയമദ്യം, കൊണ്ടവരെയല്ലാതെ, കാമത്തെപ്പോലെ കണ്ടവരെ മയക്കാൻ ശക്തിയുള്ളതല്ല. (വാറുചാരായത്തിന്, തന്നെ കുടിച്ചവരെ മയക്കാനുള്ള ശക്തിയേയുള്ളു. കാമത്തിനാകട്ടെ തന്നെ നോക്കുന്നവരെ മയക്കാനുള്ള ശക്തിയുണ്ട്. മദ്യത്തേക്കാൾ കാമിനികൾക്കു കൂടുതൽ ലഹരിയുണ്ടെന്നു ഭാവം.)

---

## നൂററിപ്പത്താം അധികാരം.

## കുറിപ്പറിതൽ—ഇംഗിതജ്ഞത്വം.

---

(നായകൻ പൂന്തോട്ടത്തിൽവച്ചു കണ്ടുമുട്ടിയ നായികയുടെ ഇംഗിതം അറിയുകയാണ് ഈ അധികാരത്തിൽ വർണ്ണിക്കുന്നത്.)

ഇരുനോക്കിവളുൺകണ്ണുള്ളതൊരുനോക്കു
നോയ്നോക്കൊൻറനോയ്മരുന്തു. ൧

സാ—ഇവളുടെ കണ്ണുകൾക്കു രണ്ടുനോട്ടമുണ്ട്; ഒന്നു പീഡയെച്ചെയ്യുന്ന നോട്ടവും മററൊന്നു ആ പീഡയ്ക്കു ഔഷധവുമാകുന്നു. (നായികയുടെ ഒരു നോട്ടം നായകൻെറ ഹൃദയത്തെ പീഡിപ്പിക്കുന്നുഎങ്കിലും മററൊരുനോട്ടം ആ പീഡയെ പരിഹരിക്കുന്നുമുണ്ട്. അതിനാൽ നായികയുടെ ഭാവം അനനുകൂലമല്ലെന്നു നായകൻ സമാധാനിക്കുന്നു.)

കൺകളവുകൊള്ളുഞ്ചിറുനോക്കങ്കാമത്തിർ
ചെംപാകമൻറുപെരിതു. ൨

സാ—ഇവളുടെ കള്ളച്ചെറുനോട്ടം കാമത്തിൽ പകുതിയല്ല; അതിൽ കൂടുതലാണ്. (നായകൻ നോക്കുമ്പോൾ നോക്കാതിരിക്കുകയും നോക്കാത്തപ്പോൾ നോക്കുകയും ചെയ്യുന്നതിനാൽ അതുവ്യാജനോട്ടമാണെന്നും, നിമിഷനേരത്തേക്കു നില്ക്കുന്നതിനാൽ ചെറുനോട്ടമെന്നും വിവക്ഷ. അപ്രകാരമുള്ള നോട്ടം നായകൻെറ ഉദ്ദേശം പകുതിയിൽ കൂടുതൽ സാധിതമായ അനുഭവത്തെ നൽകുന്നതിനാൽ കാമത്തിൽ പകുതിയിൽ കൂടുതലാണെന്നും തൻെറ ഉദ്ദേശം പൂർണ്ണമായി സാധിക്കുമെന്നും മനോഗതം.)

നോക്കിനാൾനോക്കി യിറൈഞ്ചിനാളതവൻ
യാപ്പിനുളട്ടിയ നീർ. ൩

സാ—അവൾ (എന്നെ) നോക്കി; നോക്കിയിട്ടു തലകുനിച്ചു; ഈ ഭാവന പ്രണയബീജത്തെ വളർത്തുന്ന ജലമാണ്. (അവളെന്നെനോക്കി; ഞാൻ നോക്കിയപ്പോൾ ലജ്ജിച്ചു തലകുനിച്ചു; അവളുടെ ഈ ഭാവന രണ്ടുപേരുടെയും ഹൃദയവാടിയിൽ അങ്കുരിച്ച പ്രണയവല്ലിയെ വളർത്തുന്ന ജലമാകുന്നു)

യാനോക്കുങ്കാലൈ നിലനോക്കു നോക്കാക്കാ-
ററാനോക്കി മെല്ലനകും. ൪

സാ—ഞാൻ നോക്കുമ്പോൾ നിലത്തുനോക്കും; ഞാൻ നോക്കാത്തപ്പോൾ എന്നെ നോക്കി—പ്രണയസൂചകമായ—പുഞ്ചിരികൊള്ളും.

കുറിക്കൊണ്ടു നോക്കാമൈ യല്ലാലൊരുകൺ
ചിറക്കണിത്താൾ പോലനകും. ൫

സാ—നേരെനോക്കാതിരിക്കമാത്രമല്ല, ഒരു കണ്ണ് അടച്ചവളെപ്പോലെ (എന്നെ നോക്കി) ഉൾച്ചിരികൊള്ളും. (ലജ്ജാഭാരത്താൽ നോക്കാൻ മടിച്ചും പ്രണയാധിക്യത്താൽ നോക്കാൻ കൊതിച്ചും നോക്കാതെ നോക്കിക്കൊണ്ടു പുഞ്ചിരിതൂകുമെന്നു താല്പര്യം)

ഉറാഅതവർപോർ ചൊലിനുഞ്ചെറാഅർചൊ-
ലൊല്ലൈയുണരപ്പടും. ൬

സാ—അന്യരെപ്പോലെ സംസാരിച്ചാലും (ഉള്ളിൽ) വിരോധമില്ലാത്തവരുടെ ചൊല്ല് ഉടനേ അറിയാം. (അന്യരെപ്പോലെ സംസാരിച്ചാലും സ്നേഹമുള്ളവരുടെ വാക്ക് കേട്ടമാത്രയിൽ അറിയാമെന്നു താല്പര്യം.)

ചെറാഅച്ചിറുചൊല്ലുഞ്ചെററാർപോനോക്കു-
മുറാഅർപോൻറുററാർ കുറിപ്പു. ൭

സാ—കോപവ്യാജനയുള്ള വാക്കും ശത്രുഭാവം നടിച്ചുള്ളനോട്ടം അന്യരെപ്പോലെ നടിക്കുന്ന ബന്ധുവിൻെറ അടയാളമാകുന്നു. (കോപഭാവം നടിച്ചുള്ള വാക്കും നോക്കും അനുരാഗപൂർണ്ണമായ മനഃസ്ഥിതിയുടെ അടയാളമാണെന്നു താല്പര്യം.)

അമൈ ചെയിയർ കുണ്ടാണ്ടോരേഎർ യാനോക്ക-
പ്പചെയിനൾ പൈയറാകും. ൮

സാ—ഞാൻ നോക്കുമ്പോൾ, അനുകമ്പയോടുകൂടി ഉള്ളുകൊണ്ടു ചിരിക്കുന്നു; അല്പം ചാഞ്ചനിലയോടുകൂടിയ ഈ സുന്ദരിയുടെ ആ ചിരിയിൽ ഗുണമുണ്ടു്. (മനോരഥം സാധിക്കാതിരിക്കയില്ലെന്നു വിശ്വസിക്കാം)

ഏതിലാർ പോലപ്പൊതുനോക്കുനോക്കുതൽ
കാതലാർ കണ്ണേയുള. ൯

സാ—യാതൊരു പരിചയവുമില്ലാത്തവരുടേതുപോലെ ഉദാസീനമായ നോട്ടം, കാമുകന്മാരായ ഈ രണ്ടുപേരിലുമുണ്ടു്. (ഉദാസീനമായ നോട്ടം അപരിചിതന്മാരിലുള്ള നോട്ടമാകുന്നു. ആ നോട്ടം ഞങ്ങൾ രണ്ടുപേരിലുമുണ്ടു് എന്നു താല്പര്യം.)

കണ്ണോട്ടു കണ്ണിണൈ നോക്കൊക്കിൻവായ്ച്ചൊർക-
ളെന്നപയനുമില. ൧൦

സാ—കണ്ണുകളോടു കണ്ണുകളുടെ നോക്കൊത്താൽ വായ്മൊഴികൊണ്ടു് ഒരു ഫലവുമില്ല. (കാമുകീകാമുകന്മാർക്കു കണ്ണോടു കണ്ണു നോക്കൊത്താൽ വാക്കുകൊണ്ടു ഫലം യാതൊന്നുമില്ല എന്നു താല്പര്യം)

---

## നൂററിപ്പതിനൊന്നാം അധികാരം.

### പുണർച്ചിമകിഴ്തൽ — സുരതാഭിനന്ദനം.

---

(അപ്രകാരം ഇംഗിതം അറിഞ്ഞു നായികയുമായി ഗ്രാമ്യധർമ്മം നടത്തിയ നായകൻ അതിനെക്കുറിച്ചു പ്രശംസിക്കുന്നു.)

കണ്ടുകേട്ടുണ്ടുയിർത്തുററ റിയുമൈമ്പുലനും
മൊണ്ടൊടികണ്ണേയുള. ൧

സാ—കണ്ടും കേട്ടും ഉണ്ടും മണത്തും തൊട്ടും അറിയുന്ന അഞ്ചു് ഇന്ദ്രിയവിഷയങ്ങളും ശോഭമാനമായ കങ്കണം ധരിച്ച ഇവളിൽ ഉണ്ടു്. (സകല ഇന്ദ്രിയസുഖങ്ങളും ഇവളിൽ അന്തർഭവിച്ചിരിക്കുന്നു എന്നു താല്പര്യം. ഓരോരോ സമയത്തു് ഓരോരോ ഇന്ദ്രിയങ്ങളെക്കൊണ്ടു്, ഓരോരോ വിഷയങ്ങളിൽനിന്നും അനുഭവിക്കപ്പെടുന്ന സകലസുഖങ്ങളും ഏകകാലത്തു നായികയിൽനിന്നും അനുഭവിക്കാൻ കഴിയുമെന്നു ഭാവം)

പിണിക്കുമരുന്തുപിറമനണിയിഴൈ
തന്നോയ്ക്കുത്താനേമരുന്തു. ൨

സാ—രോഗങ്ങൾക്കു മരുന്നു് അന്യങ്ങളാണു്; ആഭരണം ധരിച്ചു് അലംകൃതയായ ഇവളാകട്ടെ, അവൾമൂലമുണ്ടാകുന്ന വ്യാധിക്കു മരുന്നാകുന്നു. (വാതം തുടങ്ങിയുള്ള വ്യാധികൾക്കു് അവയുടെ കാരണത്തിന്റെ സ്വഭാവത്തിൽനിന്നും വ്യത്യസ്തമായ സ്വഭാവത്തോടുകൂടിയ ഔഷധങ്ങളാണു്; ഈ സുന്ദരിനിമിത്തമുണ്ടായ സുഖക്കേടിനു് അവൾതന്നെ ഔഷധമായി ഭവിച്ചു എന്നു താല്പര്യം.)

താംവീഴ്വാർമെൻറോട്ടയിലിനിനിതുകൊ
ൽതാമരൈക്കണ്ണാനുലകു. ൩

സാ—തന്നാൽ മോഹിക്കപ്പെട്ട സ്ത്രീയുടെ തോളോട്ടുചേന്ന നിദ്രപോലെ വിഷ്ണുവിൻെറ ലോകം പരമാനന്ദത്തെ നൽകുമോ? (തന്നാൽ കാമിക്കപ്പെട്ട സുന്ദരിയുടെ തോളോടുതോൾ ചേർത്തു കിടന്നുറങ്ങുമ്പോൾ അനുഭൂതമാകുന്ന ദിവ്യാനന്ദം വൈകുണ്ഠത്തിലുമില്ലെന്നു താല്പര്യം.)

നീങ്കിറ്റെറൂഉങ്കുറുകുങ്കാററണ്ണെന്നും-
തീയാണ്ടുപ്പെററാളിവൾ. ൪

സാ—അകലുമ്പോൾ അധികമായ ചൂടിനെ നൽകും; അടുക്കുമ്പോൾ അതിയായ ശീതത്തെ നൽകും; ഇപ്രകാരമുള്ള അഗ്നിയെ ഇവൾ ഏതുലോകത്തിൽനിന്നും സമ്പാദിച്ചു? (അകലുമ്പോൾ അധികമായ ചൂടും അടുക്കുമ്പോൾ വലുതായ തണുപ്പും തരുന്ന ഈ പുതിയമാതിരിയിലുള്ള അഗ്നിയെ എനിക്കായിട്ട് ഇവൾ എവിടുന്നു സമ്പാദിച്ചു?)

വേട്ടപൊഴുതിനവൈയവൈപോലുമേ
തോട്ടാർകതുപ്പിനാൾതോൾ. ൫

സാ—പൂച്ചൂടിയ കുന്തളഭാരത്തോടുകൂടിയ ഈ സുന്ദരിയുടെ തോളുകൾ, ഏതേതു സുഖങ്ങളെ ആഗ്രഹിക്കുന്നുവോ അതതുസുഖങ്ങളെ പ്രദാനംചെയ്യും (സുന്ദരിയായ നായികയുടെ തോളുകൾ സർവ്വാഭീഷ്ടപ്രദായകങ്ങളാണെന്നു താല്പര്യം.)

ഉറുതോറുയിർതളിർപ്പത്തീണ്ടലാർപേതൈ-
ക്കമിഴ്തിനിയൻറനതോൾ. ൬

സാ—പ്രത്യംഗം ജീവനെ വളർത്തുന്നതാകുംവണ്ണം സ്പർശിക്കുന്നതിനാൽ ഈ സുന്ദരിയുടെ തോളുകൾ അമൃതത്തിനാൽ ചെയ്യപ്പെട്ടതാകുന്നു. (എൻെറ ഓരോ അവയവത്തിനും നവീനതേജസ്സും പുഷ്ടിയും നൽകുന്ന സ്പർശനത്തോടുകൂടിയ നായികയുടെ തോളുകൾ അമൃതംകൊണ്ടു നിർമ്മിച്ചതാണ് എന്നു താല്പര്യം.)

തമ്മിലിരുന്തുതമതുപാത്തുണ്ടററാ
ലമ്മാവരിവൈമുയക്കു. ൭

സാ—മനോഹരമായ മാംസനിറത്തോടുകൂടിയ ഈ സുന്ദരിയുടെ സംസർഗ്ഗം, സ്വന്തം പത്നിയോടുകൂടി ഗൃഹസ്ഥാശ്രമത്തിലിരുന്നു സ്വപ്രയത്നഫലത്തെ വിധിപ്രകാരം ദാനംചെയ്തു ശേഷിച്ചതിനെ അനുഭവിച്ചാലുണ്ടാകുന്ന ആനന്ദത്തെ നൽകും. (സ്വഭാര്യയോടുകൂടി ഗൃഹസ്ഥാശ്രമത്തിലിരുന്നു പ്രയത്നഫലത്തെ അതിഥിസൽകാരാദിസൽകർമ്മങ്ങൾക്കും തനിക്കുമായി വിഭജിച്ച് തൻെറ ഓഹരികൊണ്ട് ഉപജീവിക്കുന്നവനു സ്വർഗ്ഗസുഖം ലഭിക്കും; ആ പരമസുഖം ഈ നായികയുമായുള്ള സുരതത്താൽ അനുഭൂതമാകുമെന്നു ഭാവം.)

വീഴുമിരുവർക്കിനിതേവളിയിടൈ
പോഴപ്പടാഅമുയക്കു. ൮

സാ—കാററിനാൽ (പോലും, പ്രതിബന്ധിക്കപ്പെടാത്ത ഗ്രാമ്യധർമ്മം രണ്ടുപേക്കും ഒരുപോലെ ആനന്ദപ്രദമാണ്. (യാതൊരു പ്രതിബന്ധകവുമില്ലാത്ത ഗ്രാമ്യധർമ്മം അന്യോന്യാനുരക്തരായ നായികാനായകന്മാക്ക് പരമാനന്ദദായകമാണെന്നു സ്വാനുഭവത്തെ നായകൻ സാക്ഷിനൽകുന്നു.)

ഊടലുണർതൽപുണർതലിവൈകാമ-
ക്കൂടിയാർപെററപയൻ. ൯

സാ—പ്രണയകലഹം, തൽപരിഹരണം, (അനന്തരം) സുരതം ഇവ ഇടവിടാതെ കാമത്തെ അനുഷ്ഠിക്കുന്നവരുടെ (ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടവരുടെ) അ

സ്ഥയാണ്. (അനുസ്യൂതമായി കാമത്തെ അനുഷ്ഠിച്ചുപോരുന്ന ഭാര്യാഭർത്താക്കന്മാൎക്കു ക്രമേണ ഗ്രാമ്യധർമ്മത്തിൽ വിരക്തി ജനിക്കകയാൽ വീണ്ടും അഭിരുചിയുണ്ടാകാനായി പ്രണയകലഹം നേരിടുവിക്കുകയും എന്നിട്ട് ആ കലഹത്തെ പരിഹരിക്കുകയും പിന്നീട ഗ്രാമ്യധൎമ്മം നടത്തുകയും പതിവാണ്; ഈ പതിവിനെ തുടൎന്നുകൊണ്ടിരിക്കുകയെന്നുള്ളതാണ് ഭാര്യാഭർത്താക്കന്മാൎക്കുള്ള അനുഭവം. ആ അനുഭവം നായികയുമായുള്ള സംസൎഗ്ഗത്തിൽ തനിക്കുണ്ടാവുകയില്ലെന്നു നായകൻ അഭിപ്രായപ്പെടുന്നു.)

അറിതോറ റിയാമൈകണ്ടററാർകാമ-
ച്ചെറിതോറുഞ്ചേയിഴൈമാട്ടു. ൧൦

സാ—പുണരുംതോറും ആഭരണവിശേഷങ്ങളാൽ അലംകൃതയായ ഇവളിൽ ഉണ്ടാകുന്ന മോഹമാകട്ടെ ശാസ്ത്രപഠനങ്ങളാലും ബുദ്ധിശക്തിയാലും അറിവിനെ സമ്പാദിക്കുന്തോറും അജ്ഞാനം തെളിഞ്ഞു കാണപ്പെടുന്നതുപോലെ തെളിയുന്നു (ശാസ്ത്രപഠനത്താലുംമററും അറിവിനെ സമ്പാദിക്കുന്തോറും അജ്ഞാനത്തിന്റെ സ്വരൂപം തെളിയുന്നതുപോലെ ഈ സുന്ദരിയുമായി കാമത്തെ അനുഷ്ഠിക്കുന്തോറും അവളിലുള്ള മോഹത്തിനു മാറാകൂടുന്നു - മോഹം വർദ്ധിക്കുന്നു—എന്നു താല്പൎയ്യം സ്വഭാൎയ്യയുമായുള്ള അനുസ്യൂതകാമാനുഷ്ഠാനത്താൽ കാമത്തിനു വിരക്തിയുണ്ടാകുന്നതുപോലെ, നായികയുമായുള്ള നിരന്തരകാമാനുഷ്ഠാനത്താൽ നായികയിൽ കാമവിരക്തിയുണ്ടാവുകയില്ല; അതു വൎദ്ധിക്കുകയാണു ചെയ്യുന്നതെന്നു ഭാവം.)

---

## നൂററിപ്പന്ത്രണ്ടാം അധികാരം.

### നലംപുനൈന്തുരൈത്തൽ—വൈശിഷ്ട്യവൎണ്ണന.

---

(നായികയുടെ വൈശിഷ്ട്യത്തെ നായകൻ വൎണ്ണിക്കുന്നു.)

നന്നീരൈവാഴിയനിച്ചമേനിന്നിനു
മെന്നീരൾയാംവീഴ്പവൾ. ൧

സാ—നെന്മേനിവാകപ്പൂവേ! നീ വാഴ്‌വൂതാക! പുഷ്പങ്ങളിൽവച്ചു വിശേഷമായ പുഷ്പം നീയാണ്; എന്നാൽ, എന്നാൽ കാമിക്കപ്പെട്ടവൾ നിന്നെക്കാൾ മുറ്റുമ്യകുന്നു. (നായികയുടെ അംഗത്തെ സ്പൎശിച്ച നായകന്റെ അനുഭവത്തെ വെളിപ്പെടുത്തിയതാണ്.)

മലർകാണിൻമൈയാത്തിനെഞ്ചേയിവൾകൺ
പലർകാണുംപൂവൊക്കുമെൻറു. ൨

സാ—ഹൃദയമേ! ഇവളുടെ കണ്ണുകൾ പലരാലും കാണപ്പെടുന്ന പൂക്കളോടൊക്കുമെന്നു കരുതി നീ വഞ്ചിക്കപ്പെട്ടുവല്ലോ! (അല്ലയോ ഹൃദയമേ! ഇവളുടെ കണ്ണുകൾ പൂക്കളോടൊക്കുമെന്നു നീ വിശ്വസിച്ചിരുന്നുവല്ലോ! ഇപ്പോൾ എന്തുതോന്നുന്നു? ഉദ്യാനത്തിൽ കാണപ്പെടുന്ന പുഷ്പങ്ങളെ നോക്കുക! ഏതൊരു പുഷ്പത്തിനാണ് ആ കണ്ണുകൾക്കുള്ളതുപോലെ നിന്നെ വശീകരിക്കാൻ ശക്തിയുള്ളതു?)

മുറിമേനിമുത്തമുറുവൽവെറിനാററം
വേലുൺകൺവേയ്ത്തോളവൾക്കു. ൩

സാ—മുളയൊത്ത ഭുജങ്ങളോടുകൂടിയ ഈ സുന്ദരിയുടെ കളേബരം തളിർ; പല്ലു മുത്തുകൾ; സ്വാഭാവികമായ ഗന്ധം അതിസുഗന്ധം; കണ്ണു വേലായുധത്തിനു തുല്യം.

കാനിർകുവളൈകവിഴ്ന്തുനിലനോക്ക-
മാണിഴൈകണ്ണാമ്മേമെൻറു. ൪

സാ—നെന്മേനിവാകയ്ക്കു നോക്കാൻ കഴിയുമായിരുന്നെങ്കിൽ ആഭരണങ്ങളാൽ അലംകൃതയായ ഈ സുന്ദരിയെക്കണ്ടു "എനിക്ക് ഇവളോടു സാമ്യമല്ലല്ലോ" എന്നു ലജ്ജിച്ചു തലകനിച്ചു നിലത്തുനോക്കും. (നെന്മേനിവാകയ്ക്കു കണ്ണുണ്ടായിരുന്നെങ്കിൽ ഈ ജഗന്മോഹിനിയെക്കണ്ടു ലജ്ജിച്ചു തല കുനിക്കുമെന്നു താല്പര്യം.)

അനിച്ചപ്പൂക്കാൽകളൈയാൾപെയ്താനുചുപ്പിർക്കു
നല്ലപടാഅ പറൈ. ൫

സാ—നെന്മേനിവാകപ്പൂവു തണ്ടുകളയാതെ ചൂടിയിരിക്കുന്നു; കടിതടത്തിനു നല്ല പറമുഴങ്ങും. (ഈ സുന്ദരി നെന്മേനിവാകപ്പൂവ് തണ്ടോടുകൂടി തലയിൽ ചൂടിയിരിക്കുന്നു; അതിന്റെ ഭാരം താങ്ങാൻ ശക്തിയില്ലായ്കയാൽ ഇവളുടെ കൃശമായ കടിതടം ഒടിഞ്ഞു ചാവുപറ മുഴങ്ങുന്നതു കേൾക്കാമെന്നു താല്പര്യം.)

മതിയുമടന്തൈ മുകനറിയാ
പതിയിർ കലങ്കിയമീൻ. ൬

സാ—നക്ഷത്രങ്ങൾ, ചന്ദ്രനെയും ഈ സുകുമാരിയുടെ മുഖത്തെയും തിരിച്ചറിയാതെ അതതിന്റെ സ്ഥാനങ്ങളിൽനിന്നു കുഴങ്ങുന്നു. (നായികയുടെ മുഖത്തെയും ചന്ദ്രനെയും തിരിച്ചറിവാൻ നിവൃത്തിയില്ലാത്തതിനാൽ നക്ഷത്രങ്ങൾ വിഷമിക്കുന്നു എന്നു താല്പര്യം.)

അറുവായ്നിറൈന്തവവിർമതിക്കുപ്പോല
മറുവുണ്ടോമാതർമുകത്തു. ൭

സാ—ക്ഷയിച്ച ഭാഗങ്ങൾ വീണ്ടും ഉണ്ടായിവിളങ്ങുന്ന ചന്ദ്രനിലുള്ളതുപോലെ ഈ സുന്ദരിയുടെ മുഖത്തു കളങ്കമുണ്ടോ? (നക്ഷത്രങ്ങൾ എന്തിനു കുഴങ്ങുന്നു? ചന്ദ്രനുള്ള കളങ്കം ഈ സുന്ദരിയുടെ മുഖത്തുണ്ടോ? നായികയുടെ നിഷ്കളങ്കമായ മുഖം സകളങ്കനായ ചന്ദ്രനേക്കാൾ വിശിഷ്ടമാകയാൽ രണ്ടിനെയും എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുമെന്നും ആ സ്ഥിതിക്കു നക്ഷത്രങ്ങൾ കുഴങ്ങുന്നതു മൌഢ്യത്താലാണെന്നും ഭാവം.)

മാതർമുകംപോലൊളിവിടവല്ലൈയേൽ
കാതലൈ വാഴിമതി. ൮

സാ—അല്ലയോ! ചന്ദ്ര! നീ ജയിച്ചാലും! ഈ സുന്ദരിയുടെ മുഖംപോലെ കാന്തിയെ ജ്വലിപ്പിക്കാൻ നിനക്കു സാമർത്ഥ്യമില്ലെങ്കിൽ നീ എന്നാൽ ഇഷ്ടപ്പെടുന്നില്ല. (അല്ലയോ കലാനിധേ, ജയിച്ചാലും! ഈ സുന്ദരിയുടെ മുഖംപോലെ കാന്തിവീശാൻ നിനക്കു ശക്തിയില്ലെങ്കിൽ ഞാൻ നിന്നെ ഇഷ്ടപ്പെടുന്നില്ല, എന്നു താല്പര്യം. ജയിച്ചാലും എന്ന ആശംസ, അധിക്ഷേപാത്മകമാണ്.)

മലരന്നകണ്ണാൾമുകമൊത്തിയായിർ
പലർകാണത്തോൻറൽമതി. ൯

സാ—അല്ലയോ ചന്ദ്ര! ഈ ഇന്ദീവരാക്ഷിയുടെ മുഖത്തോടു സാമ്യം വഹിക്കണമെങ്കിൽ, പലർ കാണത്തക്കവണ്ണം ഉദിക്കാതിരിക്കുക! (ഈ മുഖത്തോടു സാമ്യം വഹിക്കണമെങ്കിൽ നീ പരസ്യമായി ഉദിക്കരുത്; രഹസ്യമായി ഒളിച്ചിരുന്നുകൊള്ളണമെന്നു താല്പര്യം. ആരുടെയും കണ്ണിൽ കാണാതെ ഒളിച്ചിരുന്നാൽ വല്ല സാമ്യവും ഉണ്ടായിരിക്കാമെന്നു വല്ലവരും സംശയിക്കുന്നെങ്കിലുംചെയ്യും. പരസ്യമായി ഉദിച്ചാൽ അതുമുണ്ടാകയില്ലെന്നു ഭാവം.)

അനിച്ചമുമന്നത്തിൻറൂവിയുമാത-
രടിക്കുനെരുഞ്ചിപ്പഴം. ൧൦

സാ—നെന്മേനിവാകപ്പൂവും അന്നത്തിന്റെ തൂവലും ഈ സുന്ദരിയുടെ പാദത്തിനു മുള്ളിൻകായ്പോലെ പീഡയെ ഉണ്ടാക്കും. (പാദം അത്രകണ്ടു മൃദുലമാണെന്നു ഭാവം.)

## നൂററിപ്പതിമൂന്നാം അധികാരം.

### കാതർചിറപ്പുരൈത്തൽ — കാമമാഹാത്മ്യവൎണ്ണന.

പാലൊടുതേൻകലന്തററേപണിമൊഴി
വാലെയിറൂറിയ നീർ. ൧

സാ—ഈ മൃദുഭാഷിണിയുടെ വെൺമയേറിയ പല്ലുകളിൽനിന്നും ഊറിയ ജലം, പാലും തേനും കലന്ന സ്വാദുള്ളതാകുന്നു. (പാലും തേനും കലന്ന സ്വാദ് അവൎണ്ണനീയമാകുന്നു; നായകൻ നായികയുടെ അധരത്തെ പാനംചെയ്യുമ്പോൾ നായികയുടെ പല്ലിൽനിന്നും ഊറിവന്ന ജലത്തിൽ ആ സ്വാദ് അനുഭവിച്ചു എന്നുഭാവം.)

ഉടംപൊടുയിരിടൈയെന്നമററന്ന
മടന്തൈയൊടെമ്മിടൈനട്പു. ൨

സാ—ഈ സുന്ദരിക്ക് എന്റെ പേരിൽ ഉണ്ടായ സ്നേഹം, ദേഹത്തിനു ദേഹിയുടെ പേരിലുള്ളതിനോടു തുല്യമാണ്. (ശരീരത്തിനു ജീവന്റെ പേരിലുള്ളതിനോടു തുല്യമായ സ്നേഹം നായികയ്ക്കു നായകന്റെ പേരിലുണ്ടായി എന്നു താല്പൎയ്യം. ദേഹത്തിനു ജീവന്റെ പേരിലുള്ള സ്നേഹം ഒരു കാലത്തും നശിക്കുന്നതോ ക്ഷയിക്കുന്നതോ അല്ല.)

കരുമണിയിർപാവായ്നീപോതായാംവീഴ-
ത്തിരുനുതർകില്ലെയിടം. ൩

സാ—എന്റെ കൃഷ്ണമണിയിൽ വസിക്കുന്ന നിഴലേ! നീ ഒഴിഞ്ഞുമാറുക! എന്നാൽ കാമിക്കപ്പെടുന്ന ഈ സുന്ദരിക്കു വസിക്കാൻ വേറേ സ്ഥലമില്ല. (നായികയിൽ നായകനുള്ള അവിച്ഛിന്നമായ പ്രേമം ഇവിടെ വെളിപ്പെടുന്നു. കൃഷ്ണമണിയിലെ നിഴൽ വസ്തുക്കളുടെ പ്രതിച്ഛായയാകുന്നു.)

വാഴ്തലുയിർക്കന്നള്ളായിഴൈചാത
ലതർകന്നണിീങ്കുമിടത്തു. ൪

സാ—വിശിഷ്ടാഭരണങ്ങളാൽ അലംകൃതയായ (ഈ)സുന്ദരിയുമായി ഗ്രാമ്യധൎമ്മം നടത്തുമ്പോഴത്തെ അവസ്ഥ ദേഹിയും ദേഹവും തമ്മിൽ സംബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ്; പിരിയുമ്പോഴത്തെ അവസ്ഥയോ, അവയുടെ വേർപാടിനോടു തുല്യവുമാകുന്നു.

ഉള്ളുവൻമൻയാൻ മറപ്പിൻ മറപ്പറിയേ-
നൊള്ളമർക്കണ്ണാൾകുണം. ൫

സാ—(അവിചാരിതമായി വഴിയിൽവച്ചു നായകനെക്കണ്ടുമുട്ടിയ തോഴി "എന്റെ സഖിയെ ഓൎക്കുന്നുണ്ടോ?" എന്നു ചോദിച്ചതിനു നായകൻ പറയുന്ന സമാധാനമാണ്) ഒളിയുള്ള എല്ലുന്ന കണ്ണുകളോടുകൂടിയ ഇവളുടെ ഗുണങ്ങളെ ഞാൻ മറന്നുവെങ്കിൽ

ഓക്കേണ്ടതാണ; (ആ സുന്ദരിയെ സംബന്ധിച്ചിടത്തോളം എനിക്ക) മറവി എന്താണെന്നറിഞ്ഞുകൂടാ. (ഭവതിയുടെ സഖിയെ ഞാൻ മറന്നിട്ടില്ലാത്തതുകൊണ്ടു് ഓക്കുന്നില്ല. എന്നുതന്നെയുമല്ല, ഭവതിയുടെ സഖിയെ സംബന്ധിച്ചിടത്തോളം മറവി എന്താണെന്നുപോലും എനിക്കറിഞ്ഞുകൂടാ.. അതുകൊണ്ടു് ഓക്കാനും അറിഞ്ഞുകൂടാ എന്നുഭാവം )

കണ്ണുള്ളിർപോകാരിറൈപ്പ്പ്പിഴ്പരുവരാർ
നുണ്ണിയരെങ്കാതലവർ. ൬

സാ—(നായിക സഖിയോടു പറയുന്നു) എൻെറ കാമുകൻ എൻെറ കണ്ണിൽനിന്നു മാറുകയില്ല, ഞാൻ ഓക്കാതെ ഇമവെട്ടിയാൽ അദ്ദേഹത്തിനു പീഡനേരിടുകയുമില്ല; അത്ര സൂക്ഷ്മരൂപനാണു് അദ്ദേഹം. (മററൊരു ചിന്തയുമില്ലാതെ സ്വകാമുകനെത്തന്നെ അവിച്ഛിന്നമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന നായിക, ആ കാമുകൻെറ രൂപത്തെ നക്കല്ല ദൃഷ്ട്യാ എല്ലായ്പോഴും നോക്കിക്കൊണ്ടിരിക്കുന്നതിനാൽ, നായകൻ തൻെറ ദൃഷ്ടിയിൽനിന്നും മാറാതെ ഉറച്ചുനിൽക്കുന്നുവെന്നും, അദ്ദേഹത്തിനു പീഡയുണ്ടാകരുതെന്നുള്ള കരുതൽകൊണ്ടു താൻ കണ്ണടയ്ക്കുന്നില്ലെങ്കിലും, ഓക്കാതെ അടച്ചുപോയാൽ അതുനിമിത്തം അദ്ദേഹത്തിനു പീഡയുണ്ടാവുകയില്ലെന്നും തൻെറ നായകൻ അത്രത്തോളം സൂക്ഷ്മശരീരനാണെന്നും താല്പൎയ്യം. നായികയ്ക്കു നായകനോടുള്ള പ്രേമം ശരീരസംബന്ധിയല്ലെന്നു വിവക്ഷ.)

കണ്ണുള്ളാർകാതലവരാകക്കണ്ണു)
മെഴുതേങ്കരപ്പാക്കറിന്തു. ൭

സാ—എൻെറ കാമുകൻ എൻെറ കണ്ണിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് ഞാൻ കണ്ണിൽ മഷിയെഴുതുകയില്ല; കാരണം, മറയ്ക്കപ്പെട്ടുമെന്നുള്ള അറിവു്. (കണ്ണെഴുതിയാൽ, കണ്ണിൽ നിൽക്കുന്ന കാമുകൻ മറയ്ക്കപ്പെട്ടുമെന്നുള്ളതിനാൽ നായിക കണ്ണെഴുതാറില്ലെന്നു താല്പൎയ്യം.)

നെഞ്ചത്താർകാതലവരാകവെയ്യുണ്ട-
ലഞ്ചുതുംവേപാക്കറിന്തു. ൮

സാ—എൻെറ കാമുകൻ എൻെറ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു്, ചൂടോടുകൂടി ഭക്ഷിക്കാൻ ഞാൻ ഭയപ്പെടുന്നു; കാരണം, പൊള്ളുമെന്നുള്ളതാണു്. (ചൂടുള്ള ഭക്ഷണസാധനങ്ങളുപയോഗിച്ചാൽ ഹൃദയത്തിൽ വസിക്കുന്ന നായകനു ചൂടുതട്ടുമെന്നുള്ളതിനാൽ നായിക ചൂടുള്ള ഭക്ഷണസാധനങ്ങൾ ഭക്ഷിക്കാൻ ഭയപ്പെടുന്നു എന്നു താല്പൎയ്യം.)

ഇമൈപ്പിർകരപ്പാക്കറിവലനൈത്തിർകേ
യേതിലരെന്നുമിവ്വൂർ. ൯

സാ—കണ്ണടയ്ക്കുമെങ്കിൽകണ്ണിനകത്തു സ്ഥിതിചെയ്യുന്ന കാമുകൻ മറയ്ക്കപ്പെട്ടുമെന്നു് അറിവുണ്ടു; അത്രയ്ക്കുമാത്രം, സ്നേഹമില്ലാത്തവനെന്നു് അദ്ദേഹത്തെ ലോകോപഴിക്കുകയുംചെയ്യും (ഞാൻ കണ്ണടയ്ക്കുന്നതായാൽ കണ്ണിന്നകത്തിരിക്കുന്ന എൻെറ കാമുകൻ മറയ്ക്കപ്പെടാനിടയുള്ളതുകൊണ്ടു്, ഞാൻ കണ്ണടയ്ക്കുന്നില്ല. എന്നാൽ, അദ്ദേഹം, എനിക്കു് ഉറക്കമില്ലായ്മയാകുന്ന വ്യാധിയെ ഉണ്ടാക്കിയെന്നു തെററിദ്ധരിച്ചു ലോകർ അദ്ദേഹത്തെ നിർദ്ദയനാണെന്നു പഴിയ്ക്കുകയുംചെയ്യും )

ഉവന്തുറൈവരുള്ളത്തുളെൻറുമികന്തുറൈവ
രേതിലരെന്നുമിവ്വൂർ. ൰

സാ—എൻെറ കാമുകൻ എല്ലായ്പോഴും എൻെറ ഹൃദയത്തിൽ, സന്തോഷപൂൎവ്വം വാസംചെയ്യുന്നു; അപ്പരമാൎത്ഥമറിയാതെ ലോകർ, അദ്ദേഹത്തെ 'കഷ്ടം! പിരിഞ്ഞുപോയ്ക്കളഞ്ഞു നിർദ്ദയൻ' എന്നു പഴിക്കും.

## നൂററിപ്പതിനാലാമധികാരം.

### നാണുത്തുറവുരൈത്തൽ—ലജ്ജവിട്ടുപറക.

.....................

കാമമുഴന്തുവരുന്തിനാർക്കേമ
മടലല്ലതില്ലൈവലി. ൧

സാ—(നായകൻ തോഴിയോടു പറയുന്നു) കാമത്താൽ പീഡിതരായ പുരുഷന്മാൎക്കു പനമടൽകൊണ്ടുണ്ടാക്കിയ കുതിരയെക്കാൾ ഉപകരിക്കാൻ ശക്തിയുള്ളതു മറെറാന്നുമില്ല. (നിൻെറ സഹായത്തെ വിശ്വസിച്ചു പ്രയത്നിച്ചതെല്ലാം വിഫലമായി; കാമപീഡിതരായ പുരുഷന്മാരെ പണ്ടേ സഹായിച്ചുകൊണ്ടിരിക്കുന്ന മരക്കുതിരയെക്കാൾ സഹായിക്കാനുള്ള ശക്തി നിനക്കെന്നല്ല ആൎക്കുമില്ല. ഞാൻ ഇനി അതിനെ അഭയം പ്രാപിച്ചുകൊള്ളാം. മരക്കുതിരയുടെ ഉള്ളിൽ കയറിയിരുന്നു പരന്മാരുടെ സഹായത്തോടുകൂടി നായികാന്തികത്തിൽ എത്തിക്കൊള്ളാമെന്നു ഭാവം.)

നോനാച്ചുടമ്പുമുയിരുമടലേറു
നാണിനൈനീക്കി നിറുത്തു. ൨

സാ—("ലജ്ജാലുവായ അങ്ങു മടൽക്കുതിരയിൽ കരയുകയില്ലല്ലോ." എന്നു പറഞ്ഞ തോഴിയോടു നായകൻ പറയുന്നു) കാമതാപത്തെ സഹിക്കാത്ത ശരീരവും ജീവനും ലജ്ജയെ വെടിഞ്ഞുവച്ചു് മടലിൽ കയറാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു.

നാണൊടുനല്ലാണ്മൈപണ്ടുടൈയേനിൻറുടൈയേൻ
കാമുററാരേറുമടൽ. ൩

സാ—("അതു ലജ്ജാവഹമായ ഒരു സംരംഭമാണു്; സൽപുരുഷത്വമുള്ള അങ്ങേയ്ക്കു് അതിനു സാധിക്കുകയില്ല" എന്നു തോഴി പറഞ്ഞതു കേട്ടുനായകൻ പറയുന്നു) ലജ്ജയും സൽപൌരുഷവും പണ്ടു് ഉണ്ടായിരുന്നു; (അതു രണ്ടും കാമപീഡിതനായ എനിക്കു നഷ്ടപ്പെട്ടിട്ടു കാലം പലതായി.) ഇന്നു്, കാമപീഡിതർ കയറുന്ന മടലാണു എനിക്കുള്ളതു്.

കാമക്കടുമ്പുനലുയ്ക്കുമേ നാണൊടു
നല്ലാണ്മൈ യെന്നും പുണൈ. ൪

സാ—("ലജ്ജയും സൽപൌരുഷവും കാമനദീപ്രവാഹത്തിനു പ്രതിബന്ധങ്ങളാകയാൽ അവയെ വിലക്കാൻ കാമത്തിനു ശക്തിയില്ല" എന്നുപറഞ്ഞ തോഴിയോടു നായകൻ പറയുന്നു.) ലജ്ജയും സൽപൌരുഷവുമാകുന്ന പ്രതിബന്ധങ്ങളെ കാമത്തിൻെറ ശക്തിയേറിയ ഒഴുക്കത്തു് ശിഥിലീകൃതമാക്കും.

തൊടലൈക്കുറുന്തൊടി തന്താൾമടലൊടു
മാലൈയുഴക്കുന്തുയർ. ൫

സാ—("ഈ കാമലമ്പടത്വവും മടലും അങ്ങേയ്ക്കു് എങ്ങനെ കിട്ടി?" എന്നുചോദിച്ച തോഴിയോടു നായകൻ പറയുന്നു.) അസ്തമയകാലത്തു അനുഭവിക്കുന്ന പീഡയും മടലും ചങ്ങല വളധരിക്കുന്ന (നിൻെറ സഖിയായ) സുന്ദരി തന്നതാണു്. (ഞാൻ രാത്രിയിൽ അനുഭവിക്കുന്ന വേദനയും അതിനെ പരിഹരിക്കാനുള്ള മടൽക്കുതിരയും നിൻെറ സഖി എനിക്കു തന്നതാണു് എന്നു താല്പൎയ്യം.)

മടലൂർതൽ യാമത്തു മുള്ളുവേൻമൻറ-
പടലൊല്ലാ പേതൈക്കെൻകൺ. ൬

സാ—("ഉദ്ദിഷ്ടസമയം പ്രതീക്ഷിച്ച് ഉറക്കമൊഴിഞ്ഞിരിക്കാൻ അങ്ങേയ്ക്കു സാധിക്കുകയില്ല" എന്നു പറഞ്ഞ തോഴിയോടു നായകൻ പറയുന്നു) സുന്ദരിയായ നിന്റെ സഖിക്ക് എന്റെ കണ്ണുകളെ നിദ്രാധീനങ്ങളാക്കാൻ സാധിക്കുകയില്ല; (അതുകൊണ്ട്) അർദ്ധരാത്രിസമയത്തും മടലിൽ കയറുന്നകാര്യം ഞാൻ ഓർക്കും.

കടലന്നകാമമുഴന്നു മടലേറാ-
പ്പെണ്ണിൻ പെരുന്തക്കതിൽ. ൭

സാ—("അറിവുള്ളവരെന്നു അഭിമാനിക്കുന്ന പുരുഷന്മാരെക്കാൾ അറിവില്ലാത്തവരെന്നു പറയപ്പെടുന്ന സ്ത്രീകളാണ് അടക്കമുള്ളവർ" എന്നു തോഴിപറഞ്ഞതിനു നായകന്റെ സമാധാനം.) (നീ പറഞ്ഞതു വാസ്തവമാണ്.) കടൽപോലെ അതിരില്ലാത്ത കാമവേദന അനുഭവിച്ചിട്ടും മടലിൽ കയറാതെ സഹിച്ചിരിക്കുന്ന സ്ത്രീകളോട് ഉപമിക്കത്തക്കതായി ഒന്നുംതന്നെ ഇല്ല. (സ്ത്രീകൾ അനുപമകഠിനഹൃദയകളാണെന്നു വ്യംഗ്യം)

നിറൈയരിയർ മന്നളിയരെന്നാതുകാമ
മറൈയിറന്തുമൻറുപടും. ൮

സാ—(ഭർത്തൃമതിയാകേണ്ട കാലം അതിക്രമിച്ചിട്ടും, ഗുരുജനങ്ങൾ ഉദാസീനരായിരിക്കുന്ന കണ്ടു നായിക തന്റെ തോഴിയോടുപറയുന്നു) (സ്ത്രീകൾ) പാതിവ്രത്യത്തിനു അവകാശികളും ദയനീയകളുമാണെന്നു (അവരുടെഗുരുജനങ്ങൾ) ഓർക്കാത്തതിനാൽ കാമം ഒളിവിൽനിന്നും വെളിയിൽ ചാടുന്നു. (സ്ത്രീകൾ പാതിവ്രത്യത്തെ പാലിക്കേണ്ടവരാണ്; അതിലേക്കു ഭർത്തൃസാന്നിധ്യം അവശ്യമാകുന്നു; ഭർത്തൃസാന്നിദ്ധ്യം സിദ്ധിക്കണമെങ്കിൽ ഗുരുജനങ്ങളുടെ ദയ വേണ്ടതാണ്; ഈ വക ഒന്നും ഓർക്കാതെ കേവലം അവർ ഉദാസീനരായി കഴിഞ്ഞുകൂടുന്നതുകൊണ്ടാണ്, കാമം ഒളിവിൽനിന്നും വെളിയിൽ ചാടുന്നത്; എന്നു താല്പര്യം.)

അറികിലാരെല്ലാരു മെൻറയെൻകാമ-
മറുകിൻമറുകു മരുണ്ടു. ൯

സാ—(നായിക തുടർന്നുപറയുന്നു.) എല്ലാവരും അറിവില്ലാത്തവരാണെന്നു ഞാൻ വിചാരിച്ചില്ല; എന്റെ കാമം തെരുവീഥിയിൽ നടമാടുന്നു. (എന്റെ ഗുരുജനങ്ങൾ ഇത്രത്തോളം അറിവില്ലാത്തവരാണെന്നു ഞാൻവിചാരിച്ചിരുന്നില്ല; എന്റെ കാമകാര്യം തെരുവീഥിയിൽ നിറഞ്ഞുകഴിഞ്ഞു; ധർമ്മാനുസൃതം കാമത്തെ അനുഷ്ഠിക്കാനുള്ള എന്നെ ഇങ്ങനെ വീട്ടിൽ പാർപ്പിച്ചിരിക്കുന്ന സംഗതി നാട്ടിലൊക്കെപ്പരന്നു; എന്നു ഭാവം.)

യാങ്കണ്ണിർ കാണനകുപ വറിവില്ലാർ
യാംപട്ട താംപടാ വാറു. ൧൦

സാ—(അനുയോജ്യനായ ഒരു ഭർത്താവിനെ അന്വേഷിച്ചു തന്റെ വിവാഹകാര്യം ക്ഷണത്തിൽ നിർവഹിക്കണമെന്നു നായിക ഗുരുജനങ്ങളെ തെര്യപ്പെടുത്തിയ വിവരം അറിഞ്ഞു ചിലർ ചിരിക്കുന്നതുകണ്ടു നായിക തോഴിയോടു പറയുന്നു.) ഈ അറിവില്ലാത്തവർ നമ്മുടെ കൺമുമ്പിൽനിന്നു ചിരിക്കുന്നു; ഞാൻ അനുഭവിച്ച സങ്കടം ഇവർ അനുഭവിച്ചിട്ടില്ല.

---

## നൂററിപ്പതിനഞ്ചാം അധികാരം.

### അലരറിവുറുത്തൽ— ലോകാപവാദപ്രസംഗം.

---

അലരെഴ വാരുയിർ നിർക്കുമതനൈ-
പ്പലരറിയാർ പാക്കിയത്താൽ. ൧

സാ—(നായകൻ തോഴിയോട്ട്, പരന്മാരുടെ ദോഷാരോപണത്തെപ്പററി പറയുന്നു) നിൻെറ സഖിക്കും എനിക്കുമുള്ള പരസ്പരസ്നേഹം പരന്മാരുടെ അധിക്ഷേപത്തിനു കാരണമായി ഭവിക്കയാൽ എൻെറ അപൂൎവ്വജീവൻ നിലനില്ക്കുന്നു; ഭാഗ്യംകൊണ്ടു് ആ സംഗതി പലരും അറിയാത്തതാണ്. (മദനവിധി സാധിച്ചില്ലെങ്കിലും നായികയ്ക്കു തന്നിൽ സ്നേഹമുണ്ടെന്നു വെളിപ്പെട്ടാൽ അതുതന്നെ ഒരനുഗ്രഹമായി കരുതുന്ന നായകനു് പരന്മാരുടെ അധിക്ഷേപം മനസ്സമാധാനത്തിനു കാരണമായിത്തീരുന്നു. നായിക, തന്നെ സ്നേഹിക്കുന്നില്ലെങ്കിൽ പരന്മാർ അധിക്ഷേപിക്കാൻ സംഗതിയില്ലാത്തതിനാൽ താൻ നായികയുടെ സ്നേഹപാത്രമാണെന്നുള്ള സമാധാനമാണതു്.)

മലരന്ന കണ്ണാളരുമൈയറിയാ
തലരെമക്കീന്തതിവ്വൂർ. ൨

സാ—(നായകൻ തോഴിയോടു തുടൎന്നുപറയുന്നു) ആ കരിങ്കുവളാക്ഷിയുടെ ഔൽകൃഷ്ട്യത്തെ അറിയാതെ ഇന്നാട്ടുകാർ ആ സുന്ദരിയെ ദൂഷിച്ചു സംസാരിക്കുന്നു; എന്നാൽ അതു് എനിക്കു ഉപകരമായിട്ടാണതീൎന്നതു്. (ആസുന്ദരിയ്ക്കു സ്നേഹമുണ്ടെന്നുള്ള പരമാൎത്ഥം അറിഞ്ഞു് എനിക്കു ജീവിച്ചിരിക്കാൻ അതുമൂലം ഇടയായി, എന്നുഭാവം.)

ഉറാതോവൂരറിന്ത കൌവൈയതനൈ-
പ്പെറാഅതു പെററന്നനീർത്തു. ൩

സാ—(നായകൻ തുടൎന്നുപറയുന്നു) നാട്ടുകാർ അറിഞ്ഞു ദൂഷിക്കുന്നതുമൂലം എനിക്കു സിദ്ധിച്ച ഫലം ഒന്നാണു്; മനോരഥം സാധിക്കാതിരുന്നിട്ടും സാധിച്ചപോലുള്ള അനുഭവത്തെ നൽകിയിരിക്കുന്നു. (മദനവിധി സാധിക്കാഞ്ഞിട്ടും സാധിച്ചതുപോലുള്ള അനുഭവം നാട്ടുകാരുടെ അപവാദംമൂലം സിദ്ധിച്ചിട്ടുണ്ടെന്നു താല്പൎയ്യം.)

കവ്വൈയാർ കവ്വിതു കാമ മതുവിൻെറ-
ററവ്വെന്നുന്തന്മൈയഴന്തു. ൪

സാ—(തുടൎന്നുപറയുന്നു) ലോകാപവാദത്താൽ എൻെറ കാമം അഭിവൃദ്ധമായി; അതില്ലെങ്കിൽ ആ കാമം ക്ഷയിച്ചു നശിക്കുമായിരുന്നു.

കളിത്തൊറുങ്കള്ളുണ്ടൽ വേട്ടററാർ കാമം
വെളിപ്പട്ടന്തോറു മിനിതു. ൫

സാ—(തുടൎച്ച) ലഹരിപിടിക്കുംതോറും മദ്യത്തിനു ആസ്വാദ്യത വൎദ്ധിക്കുന്നതുപോലെ അപവാദം മുഴക്കുന്തോറും കാമത്തിനു് ആസ്വാദ്യത വൎദ്ധിക്കുന്നു (മദ്യപാനത്താൽ ലഹരിവൎദ്ധിക്കുന്തോറും മദ്യത്തിൽ ആസ്വാദ്യത കൂടുന്നതുപോലെ നാട്ടുകാർ അപവദിക്കുന്തോറും കാമത്തിനു ആസ്വാദ്യത കൂടുന്നു എന്നു താല്പൎയ്യം.)

കണ്ടതുമന്നുമൊരു നാളലർമന്നു-
ന്തിങ്കളൈ പ്പാമ്പുകൊണ്ടററു. ൬

സാ—(നായിക തോഴിയോടുപറയുന്നു) ഞാൻ കണ്ടതു് ഒരുദിവസം മാത്രമാണു്; എന്നാൽ അപവാദം ചന്ദ്രനെ പാമ്പു വിഴുങ്ങിയ വിഷയംപോലെ വിസ്തൃതമാകുന്നു. (നായകനെ ഞാൻ ഒരേ ഒരുപ്രാവശ്യം കാണുകമാത്രമേയുണ്ടായിട്ടുള്ളു; അപവാദം ചന്ദ്രനെ സൎപ്പം ഗ്രസിച്ച സംഗതിപോലെ അത്യന്തവിപുലമായി ഭവിച്ചു. പരമാൎത്ഥത്തിൽ ഭൂഛായ ചന്ദ്രനെ മറയ്ക്കുകയാണു്; ആ സങ്കുചിതമായ വിഷയത്തെ അസ്സദമാക്കി രാഹുവിനാൽ ചന്ദ്രൻ ഗ്രസിക്കപ്പെട്ടു എന്നൊരു വലിയകഥ കെട്ടിയുണ്ടാക്കുകയാണു ചെയ്യുന്നതു്. എന്നതുപോലെയാണു് എന്നെപ്പററി ലോകർ പറയുന്ന അപവാദവും. ഞാൻ ഒരുപ്രാവശ്യം നായകനെ കണ്ടിട്ടുള്ളതല്ലാതെ ഇത്രവലിയ അപവാദം ഉണ്ടാകത്തക്കവണ്ണം ഞാനൊന്നും പ്രവൎത്തിച്ചിട്ടില്ല, എന്നു താല്പൎയ്യം.)

ഊരവർ കൌവൈ യെരുവാക വന്നെചൊ-
ന്നീരാകനീളുമിന്നോയ്. ൭

സാ—(നായകസമാഗമം ക്ഷണസാദ്ധ്യമല്ലെന്നുള്ള പരമാൎത്ഥം അറിഞ്ഞു ഖിന്നയായ നായികയോടു ലോകാപവാദത്തെയും മാതാവിന്റെ അതൃപ്തി ദ്യോതകമായ അഭിപ്രായത്തെയും അറിയിച്ചിട്ടു മനസ്സിനെ അടക്കണമെന്നു തോഴി ഉണൎത്തിച്ചതിനു നായിക പറയുന്ന സമാധാനം.) എന്റെ ഈ വ്യാധിക്കു ലോകാപവാദം വളവും മാതാവിന്റെ പരുഷവാക്കു ജലവുമാകുന്നു.

നെയ്യാലെരിനുതുപ്പേമെന്റ ററാർ കൌവൈയാർ
കാമനുതുപ്പേ മെനൽ. ൮

സാ—(നായിക തോഴിയോടു തുടൎന്നു പറയുന്നു.) അപവാദത്താൽ കാമത്തെ അടക്കാമെന്നു കരുതുന്നതു, നെയ്യിനാൽ അഗ്നിയെ അണയ്ക്കാമെന്നു ഉദ്ദേശിക്കുന്നതുപോലെയാകുന്നു. (അപവാദത്താൽ കാമവും നെയ്യിനാൽ തീയും വൎദ്ധിക്കുകയേ ഉള്ളു എന്നു ഭാവം.)

അലർനാണവൊവ്വതോ വഞ്ചലോംപെൻറാർ
പലർനാണനീത്തക്കടൈ. ൯

സാ—(നായകന്റെ ലജ്ജയില്ലായ്മയിൽ നായികയ്ക്കുള്ള വിശ്വാസത്തെ തോഴിയോടു പറയുന്നു.) "ഭയപ്പെടാതിരിക്കുക" എന്നു പറഞ്ഞതാൽ പലൎക്കും ലജ്ജയെ നൽകുന്ന മനഃസ്ഥിതിയെ കൈവെടിഞ്ഞതിനുശേഷം അപവാദത്തെക്കുറിച്ചു ലജ്ജിക്കുന്നതാണോ? (ഞാൻ നിന്നെ ഉപേക്ഷിക്കുമെന്നു നീ ഭയപ്പെടേണ്ടാ എന്നു ലജ്ജവിട്ടു എന്നോടു പറഞ്ഞ നായകൻ ഇനി നാട്ടുകാരുടെ അപവാദത്തിലുണ്ടോ ലജ്ജിക്കുന്നു?)

താംവേണ്ടി നൽകുവർ കാതലർ യാംവേണ്ടു-
ങ്കൌവൈ യെടുക്കുമിവ്വൂർ. ൧൦

സാ—(നായിക ലോകാപവാദത്തെ അനുകൂലിച്ചു തോഴിയോടു പറയുന്നു.) അഭിലഷണീയമായ അപവാദത്തെ ഈ നാട്ടുകാർ സ്വയം സ്വീകരിക്കുന്നു; എന്റെ കാമുകൻ ഞാൻ അപേക്ഷിച്ചാൽ ഇനി അതിനോടു അനുകൂലിക്കുകയും ചെയ്യും. (ലോകാപവാദം കാമോദ്ദീപകമാണല്ലോ. കാരണംകൂടാതെയാണു ലോകർ അപവാദത്തെ പരത്തിയതു. വേണ്ടിവന്നാൽ ഇനി നായകൻ ആ അപവാദത്തെ അനുകൂലിക്കുന്നതിനും തയ്യാറാണു. എന്നു താല്പൎയ്യം.)

കാമപദ്ധതിയിൽ വ്യഭിചാരം കഴിഞ്ഞു.

---

# പാതിവ്രത്യം.

---

## നൂററിപ്പത്തിനാറാം അധികാരം.

### പിരിവാററാമൈ—വിരഹതാപം.

---

ചെല്ലാമൈയുണ്ടേൽ ലെനക്കുരൈ മററുനിൻ
വൽവരവുവാഴ്‌വാൎക്കുരൈ.

സാ—(ദേശാന്തരഗമനത്തിനു നിർബ്ബന്ധനായ ഭർത്താവു യാത്രാവസരത്തിൽ താൻ എളുപ്പത്തിൽ മടങ്ങിവരാമെന്നു പറഞ്ഞതുകേട്ടു നായിക പറഞ്ഞ സമാധാനം.) 'പോകായ്ക'യുണ്ടെങ്കിൽ പറയുക! അല്ലാതെ ഭവാൻെറ ശീഘ്രാഗമനം എനിക്കു കേൾക്കേണ്ട; അതു മടങ്ങിവരുമ്പോൾ ജീവിച്ചിരിക്കുന്നവരോടു പറയുക. (അങ്ങയുടെ വിരഹം സഹിച്ചു ജീവിച്ചിരിക്കാനുള്ള ശക്തി എനിക്കില്ലാത്തതുകൊണ്ടു്, പോകുന്നില്ലെന്ന വാക്കു് ഉണ്ടെങ്കിൽ അതുപറയുക! മററൊന്നും എനിക്കു കേൾക്കേണ്ട; എളുപ്പത്തിൽ മടങ്ങിവരാമെന്നുള്ള സംഗതി മടങ്ങിവരുവോളം ജീവിച്ചിരിക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ അവരോടു പറയുക.)

ഇൻകണുടൈത്തവർപാർവൽപിരിവഞ്ചും
പുൻകണുടൈത്താർപുണർവു. ൨

സാ—(ഭർത്തൃസംസർഗ്ഗത്താൽ അനുഭൂതമായ ആനന്ദാധിക്യത്തെ നായിക തോഴിയോടു പറയുന്നു) അദ്ദേഹത്തിൻെറ വീക്ഷണം കാമോദ്ദീപകമാണു്; സുരതമോ വിരഹഭീതിയെ ജനിപ്പിക്കുന്നതുമാകുന്നു. (സുരതജന്യമായ ആനന്ദം വിരഹഭീതിയെ ജനിപ്പിക്കുന്നു എന്നു താല്പര്യം. അമിതാനന്ദം ആപൽസൂചകമാണെന്നുണ്ടല്ലോ വിരഹതാപാനുഭൂതിയല്ലാതെ ഇതരാപത്തുകൾ യാതൊന്നും ഉണ്ടാകാനിടയില്ലാത്തതിനാൽ വിരഹഭീതിയെ ജനിപ്പിക്കുന്നു.)

അരിതരോതേററമറിവുടൈയാർകണ്ണും
പിരിവോരിടത്തുണ്മൈയാൻ. ൩

സാ—(വിരഹം സംഭവനീയമാണെന്നുള്ള അഭിപ്രായത്തെ നായിക തോഴിയോടു പറയുന്നു.) അറിവുള്ളവരായ ദമ്പതികളിലും ഒരോ പ്രകാരത്തിൽ വിരഹം ഉണ്ടാകുന്നതിനാൽ സന്തോഷം അപൂർവ്വമാകുന്നു (ഇന്നിന്നപ്രകാരത്തിൽ വിരഹം സംഭവിക്കുമെന്നുള്ളതു കാലേക്കൂട്ടി അറിഞ്ഞു് അവയ്ക്കു പരിഹാരം തേടാൻ കഴിവുള്ള ഭാര്യാഭർത്താക്കന്മാർക്കു പോലും ഒരുപ്രകാരത്തിലല്ലെങ്കിൽ മററൊരുപ്രകാരത്തിൽ വിരഹദുഃഖം അനുഭവിക്കേണ്ടിവരുന്നതിനാൽ സന്തോഷം അപൂർവ്വമാണെന്നു താല്പര്യം.)

അളിത്തഞ്ചലെൻറവർനീപ്പിറെറളിത്തചൊ-
റേററിയാക്കുണ്ടോതവറു. ൪

സാ—("അങ്ങനെയാണെങ്കിൽ പിരിയുകയില്ലെന്നു് ഉറപ്പുപറയുന്ന ഭർത്തൃവാക്കിനെ വിശ്വസിച്ചതു തെററല്ലേ?" എന്നു തോഴി ചോദിച്ചതിനു നായികയുടെ സമാധാനം.) സ്നേഹപൂർവ്വം, "ഭയപ്പെടാതിരിക്കുക"യെന്നു പറഞ്ഞ ആൾ പിരിഞ്ഞുപോകുന്നുവെങ്കിൽ, ആ വാക്കിനെ വിശ്വസിച്ചവൾക്കു് എന്തപരാധമാണുള്ളതു്? ("നീ ഭയപ്പെടണ്ടാ; ഞാൻ നിന്നെ വിട്ടുപിരിയുകയില്ല" എന്നു പ്രതിജ്ഞചെയ്ത ദേഹം തന്നെ പ്രതിജ്ഞയെ ലംഘിക്കുന്നതായാൽ ആ പ്രതിജ്ഞയെ വിശ്വസിച്ചവൾക്കു് എന്തുകുററമാണുള്ളതു്?)

ഓമ്പിനമൈന്താർ പിരിവോമ്പൻ മററവർ
നീങ്കിനരിതാർ പുണർവു. ൫

സാ—("പ്രതിജ്ഞയെ ലംഘിക്കാതെ തടുക്കാൻ നിനക്കു സാമർത്ഥ്യമില്ലേ?" എന്നു തോഴി ചോദിച്ചതിനു പറഞ്ഞ സമാധാനം.) പ്രതിജ്ഞയെ പാലിക്കാൻ കടപ്പെട്ട ആൾ വേർപെടാതെ സൂക്ഷിക്കട്ടെ; അങ്ങനെ ചെയ്യാതെ അദ്ദേഹം പിരിയുകയാണെങ്കിൽ പിന്നീടു് പരിരംഭണം സാദ്ധ്യമല്ല. (പ്രതിജ്ഞയെ ലംഘിക്കാതിരിക്കേണ്ട ആൾ തന്നെ പ്രതിജ്ഞയെ ലംഘിച്ചു പിരിഞ്ഞുപോയാൽ ഞാനെന്തിനു തടയണം? മടങ്ങിവന്നാൽ പരിരംഭണത്തിനു സംഗതിയാവുകയില്ല; അദ്ദേഹത്തിൻെറ വേർപാടോടുകൂടി എൻെറ ജീവനും ശരീരവുംതമ്മിൽ വേർപെടും.)

പിരിവുരൈക്കുംവൻകണ്ണരായിനരിതവർ
നൽകുവരെന്നുനചൈ. ൬

സാ—(നായിക തുടൎന്നുപറയുന്നു) അദ്ദേഹം എനിക്കു വിരഹം സഹിക്കാൻ ശക്തിയില്ലെന്നറിഞ്ഞിരുന്നും എൻെറ നേരിൽനിന്നും യാത്ര പറയാൻതക്കവണ്ണം നിൎദ്ദയനായി ഭവിക്കുന്നുവെങ്കിൽ, (അഥവാ, ജീവിച്ചിരുന്നാലും) മടങ്ങിവന്നു് എന്നെ സ്നേഹിക്കുമെന്നുള്ള ആശയും അനാവശ്യമാണു്.

തുറൈവൻറുറന്തമൈ തൂററാകൊൻമുൻകൈ
യിറൈയിറവാനിൻറവളൈ. ൭

സാ—("അദ്ദേഹം നിന്നോടു പറയാതെ പോയാൽ നീ എങ്ങനെയറിയും? എന്നു ചോദിച്ച തോഴിയോടു നായിക പറയുന്നു) നായകൻെറ വിരഹത്തെ (അദ്ദേഹമാകട്ടേ, നീയാകട്ടേ അറിയിച്ചില്ലെങ്കിലും) എൻെറ കൈയിൽ ഊരിപ്പോരാത്തവണ്ണംകിടക്കുന്ന വള എന്നെ അറിയിക്കാതിരിക്കുമോ? (വിരഹതാപത്താൽ അവയവങ്ങൾക്കു ശൈത്ഥില്യം സംഭവിച്ചു കരകങ്കണം ഊരിവീഴുമെന്നു താല്പൎയ്യം.)

ഇന്നാതിനനില്ലൂർ വാഴ്തലതനിനു
മിന്നാതിനിയാർപ്പിരിവു. ൮

സാ—(വിരഹതാപവിശേഷങ്ങളെ നായിക തോഴിയോടുപറയുന്നു) സ്ത്രീകൾക്കു് തോഴികളില്ലാതെ ജീവിതം ക്ലേശകരമാണു്; അതിനേക്കാൾ ക്ലേശകരമാണു്, ഭൎത്തൃവിരഹം. (ലോകതത്വപ്രസംഗവ്യാജേന സ്വാനുഭവത്തെ പറയുകയാണു്.)

തൊടിർച്ചുടിനല്ലതുകാമനോയ്പോല
വിടിർച്ചുടലാററുമോ തി. ൯

സാ—("കാമത്തിനു തീയെപ്പോലെ ദഹിപ്പിക്കാൻ ശക്തിയുള്ളതിനാൽ നീ കാമത്തെ അടക്കുന്ന"മെന്നുപറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം.) അഗ്നിക്കു് അതിനെ തൊട്ടാൽ ദഹിപ്പിക്കാൻ ശക്തിയുണ്ടെന്നല്ലാതെ കാമത്തെപ്പോലെ, വിട്ടാൽ ദഹിപ്പിക്കാൻ ശക്തിയുണ്ടോ? (അഗ്നിയെതൊട്ടെങ്കിലേ അതു ദഹിപ്പിക്കു; കാമം, ഭൎത്താവിനെ വിട്ടാൽ—ഭൎത്താവിൻെറ വേൎപാടിങ്കൽ—ദഹിപ്പിക്കും. അതിനാൽ കാമത്തെ നീ അഗ്നിയോടു് ഉപമിച്ചതു തെററാണു; എന്നു താല്പൎയ്യം.)

അരിതാററിയല്ലനോയ് നീക്കിപ്പിരിവാററി-
പ്പിന്നിരുന്തുവാഴ്വാർപലർ. ൰

സാ—("വിരഹത്തെ സഹിച്ചു ജീവിച്ചുപോരുന്ന നായികകൾ പലരുണ്ടു്; നീയും അവരെപ്പോലെ സഹിച്ചിരിക്കേണ്ടതാണെന്നു തോഴി പറഞ്ഞതിനു നായികയുടെ സമാധാനം) യാത്രചോദിക്കുന്നസമയത്തുണ്ടാകുന്ന സങ്കടത്തെയും പിരിഞ്ഞുപോകുമ്പോഴുള്ള മനസ്താപത്തെയും സഹിച്ചു് വിരഹതാപത്തെയും അടക്കി പിന്നീടും ജീവിച്ചിരിക്കുന്ന പലർ ഉണ്ടായിരിക്കാം. (ഇത്രത്തോളം സഹിച്ചു ജീവിച്ചിരിക്കാൻ പ്രയാസമുള്ളതുകൊണ്ടു് ആരും ഉണ്ടായിരിക്കയില്ലെന്നും ഉണ്ടായിരുന്നാൽതന്നെയും തനിക്കു് അതിനു ശക്തിയില്ലെന്നും ഭാവം.)

---

## നൂററിപ്പതിനേഴാം അധികാരം.

### പടൎമെലിന്തിരങ്കൽ—കാമതാപശോഷം.

---

മറൈപ്പേൻ മൻയാനിതോ നോയൈ യിറൈപ്പവ-
ക്കൂററുനീർപോലമികും. ൧

സാ—("കാമവേദനയെ വെളിപ്പെടുത്തുക നിന്റെ നാണത്തിന് അടുത്തതല്ല" എന്നു തോഴി പറഞ്ഞതിനു നായിക പറഞ്ഞ സമാധാനം.) ഞാൻ ഈ ക്ലേശത്തെ അടക്കിയിരുന്നേനെ; ഈ ക്ലേശമാകട്ടെ.(വെള്ളംതേടി)മരിക്കാൻനടക്കുന്നവൎക്ക് ഊററുവെള്ളംപോലെ ധാരാളമാണ്. (മരിക്കാൻ വെള്ളംതേടി നടക്കുന്നവൎക്കു പെരുവെള്ളം എന്നപോലെ, കാമതാപം മരണഹേതുകമാണ്. മരിക്കാൻപോകുമ്പോൾ ലജ്ജയെ പുലൎത്താൻ സാധിക്കുന്നതല്ല. അതുകൊണ്ടു ലജ്ജയെവിട്ടു ജീവനെരക്ഷിക്കാനായി ഈ താപത്തെ വെളിക്കുപ്രകാശിപ്പിച്ചുപോകുന്നതാണ്; എന്നുഭാവം.)

കരത്തലുമാറേറനിന്നോയെനോയ്ചെയ്താ-
ൎക്കുരൈത്തലുനാണുത്തരും. ൨

സാ—("ഇവിടെയുള്ളവരിൽനിന്നും മറയ്ക്കാൻ സാധിക്കാത്തപക്ഷം അങ്ങോട്ട്—കാമതാപത്തിനു കാരണഭൂതനായ നായകൻ പാൎക്കുന്ന സ്ഥലത്തേക്ക്—ദൂതു് അയയ്ക്കുകയെങ്കിലും ചെയ്യണം" എന്നു തോഴി പറഞ്ഞതിനു സമാധാനം.) ഈ കാമവേദന—ഇവിടുള്ളവർ അറിയാതെ—അടക്കാൻ നിവൃത്തിയുമില്ല; ഈ വേദനയെ ഉണ്ടാക്കിയ ആളിനെ—ദൂതയച്ച്—അറിയിക്കാൻ ലജ്ജ സമ്മതിക്കുന്നുമില്ല

കാമമുനാണുമുയിർകാവാത്തൂങ്കുമെ-
ന്നോനാവുടമ്പിനകത്തു. ൩

സാ—(നായിക തുടൎന്നു പറയുന്നു) കാമവേദനയും ലജ്ജയും അതിന്റെ ഭാരം സഹിക്കാത്ത എന്റെ ശരീരത്തിനുള്ളിൽ ജീവനു കാവലായി തൂങ്ങുന്നു. (ദൂതയയ്ക്കാൻ പ്രേരിപ്പിക്കുന്ന കാമവേദനയും അതു പാടില്ലെന്നു തടയുന്ന സങ്കോചവും ജീവന്റെ ഇടത്തും വലത്തുമായിനിന്നു തുല്യാംശത്തിൽ തൂങ്ങുന്നു.)

കാമക്കടൻമന്നുമുണ്ടേയതുനീന്തു
മേമപ്പുണൈമന്നുമിൽ. ൪

സാ—("നായികമാർ കാമസാഗരത്തിൽ വീഴുകയില്ല; വീണാൽ തക്ക തോണിയിൽകയറി രക്ഷപ്പെടും" എന്നു തോഴി പറഞ്ഞതിനു നായികയുടെ സമാധാനം.) കാമക്കടൽ എന്ന് ഒന്ന് എനിക്കുമുള്ളതു വാസ്തവമാണ്; എന്നാൽ അതിനെ തരണംചെയ്യാൻ തക്ക തോണിയില്ലതന്നെ. (അത്രമാത്രമേയുള്ളു നീ പറഞ്ഞ നായികമാൎക്കും എനിക്കും തമ്മിലുള്ള വ്യത്യാസം.)

തുപ്പിനെവനാവർമർകൊറുയർവരാവു
നട്പിനുളാററുപവർ. ൫

സാ—(നായകന്റെ പ്രത്യാഗമനത്തിൽ കാലവിളംബം നേരിടുന്നകണ്ടു് നായിക തോഴിയോടു പറയുന്നു.) സ്നേഹസ്ഥാനത്തു ക്ലേശം നേരിടുവിക്കുന്നവർ ശത്രുസ്ഥാനത്തു് എന്തുതന്നെ ചെയ്യുകയില്ല? (നായകന്റെ സ്നേഹപാത്രമായ നായികയിൽ, ആ നായകൻ സ്നേഹം പ്രകടിപ്പിക്കേണ്ടതിനുപകരം ദുഃഖംനേരിടുവിച്ചാൽ, ദുഃഖം നേരിടുവിക്കേണ്ട ശത്രുസ്ഥാനത്തു എന്തുതന്നെ ചെയ്യുകയില്ല!)

ഇൻപങ്കടൽ മററുക്കാമമതടുങ്കാ-
ററുൻപമതനിർ പെരിതു. ൬

സാ—(കാമസുഖം അനുഭവിച്ചവൎക്കു കാമദുഃഖവും അനുഭവിക്കേണ്ടിവരുമെന്നു തോഴി പറഞ്ഞതിനു നായികയുടെ സമാധാനം.) കാമത്താൽ ലഭിക്കപ്പെടുന്ന സുഖം സമുദ്രത്തോളം വലുതാണ്; പിന്നീട് ആ കാമംചെയ്യുന്ന ദുഃഖമോ ആ സമുദ്രത്തെക്കാൾ വലുതുമാണ്.

കാമക്കടുംപുന നീന്തിക്കരൈകാണേൻ
യാമത്തും യാനേയുളേൻ. ൭

സം—(കാമസാഗരത്തെ നീന്തിക്കടക്കാമെന്നു പറഞ്ഞ തോഴിയോടു നായിക പറയുന്നു) കാമസാഗരത്തിൽ നീന്തിയിട്ടും കരകാണുന്നില്ല; ആ പാതിരാത്രിയിൽ ഞാൻ മാത്രമേയുണ്ടായിരുന്നുള്ളു; (മറ്റാരും സഹായിക്കാൻ ഇല്ലായിരുന്നു എന്നിട്ടും അക്കടലിൽ മുങ്ങിപ്പോകാതെ) ഞാൻ ജീവിച്ചു.

മന്നുയിരെല്ലാന്തുയിററിയളിത്തിരാ-
വെന്നല്ലതില്ലെൻ തുണൈ. ൮

സം—(രാത്രിയുടെ കഠിനതയെപ്പററി നായിക തോഴിയോടു പറയുന്നു) ഈ രാത്രി ലോകത്തിലുള്ള സകലജീവികളെയും നിദ്രാധീനങ്ങളാക്കിയിട്ടു എന്നെ മാത്രം സഹായത്തിനു കരുതിയിരിക്കുന്നു. (ഇതിനെക്കാൾ നിർദയത്വം മറെറന്താണുള്ളതു്!)

കൊടിയാർ കൊടുമൈയിററാങ്കൊടിയവിന്നാ-
ണെടിയ കഴിയുമിരാ. ൯

സം—(നായിക തുടർന്നു പറയുന്നു) ദീർഘരാത്രിയായി കഴിഞ്ഞുകൂടുന്ന ഈ ദിവസങ്ങൾ കൊടിയ ദുഷ്ടന്മാരെക്കാൾ ദുഷ്ടതകാട്ടുന്നു. (ഭർത്തൃസാന്നിദ്ധ്യമുണ്ടായിരുന്ന കാലത്തു് അതിഹ്രസ്വങ്ങളായ രാത്രികളോടുകൂടി കഴിഞ്ഞ ഈ ദിവസം ഇപ്പോൾ (സഹായത്തിനു് ആരും കൂടിയില്ലാത്ത ഈ ഘട്ടത്തിൽ) ദീർഘരാത്രികളോടുകൂടെ കൊടിയ ദുഷ്ടന്മാരെക്കാൾ ദുഷ്ടരാകുന്നു)

ഉള്ളംപോൻറുൾവഴിച്ചെൽകർപിൻ വെള്ളനീർ
നീന്തലമന്നോ വെൻ കൺ. ൧൦

സം—("നിന്റെ കണ്ണിന്റെ അഴകു മായുന്നു; നീ കരയരുതു" എന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം) ഹൃദയത്തിനു തുല്യമായ ദിക്കിൽ (ഭർത്താവിന്റെ വാസസ്ഥലത്തു്) എത്താനിടയായാൽ എന്റെ കണ്ണുകൾ വെള്ളമാകുന്ന കണ്ണീർപ്പെരുഴിക്കുകയില്ല. (അവിടെ എത്തുന്നതുവരെ കണ്ണീർ ഒഴുക്കിക്കൊണ്ടിരിക്കുമെന്നു താല്പര്യം.)

---

## നൂററിപ്പതിനെട്ടാം അധികാരം.

### കൺവിതുപ്പഴിതൽ—അക്ഷിസൌന്ദര്യക്ഷയം.

---

കണ്ടാങ്കലുഴ്വതെവൻകോലോ തണ്ടാനോയ്
താങ്കാട്ടിയ കണ്ടതു. ൧

സം—("കാമതാപത്തെ അടക്കി കരയാതിരിക്കുക" എന്നു പറഞ്ഞ തോഴിയോടു നായിക പറയുന്നു.) ഈ തീരാദുഃഖം ഞാൻ അറിഞ്ഞതു് നീ അന്നു് അദ്ദേഹത്തെ കാട്ടിത്തന്നതുകൊണ്ടല്ലേ? അന്നു കണ്ട ആ കണ്ണുകൾതന്നെ 'ഇനി നീ കാണിച്ചുതരിക!' എന്നു പറഞ്ഞുകരയുന്നു; ഞാൻ എന്തുചെയ്യട്ടെ!.

തെരിന്തുണരാനോക്കിയ വുൺകൺ പരിന്തുണരാ-
പ്പൈതലുഴപ്പതെവൻ. ൨

സം—(അന്നു് ആലോചനയില്ലാതെ കണ്ടു, കണ്ണുകളെപ്പഴിച്ചു നായിക തോഴിയോടു പറയുന്നു.) ആലോചിക്കാതെ (ഭവിഷ്യത്തു് എന്തായിരിക്കുമെന്നു ചിന്തിച്ചു നോക്കാതെ) അന്നു നോക്കിക്കണ്ട കണ്ണുകൾ അന്നന്നു തെററുചെയ്യുന്നതിനുള്ള ശിക്ഷയാണെന്നു ബലമായി വിശ്വസിച്ചു സമാധാനപ്പെടാതെ ഇങ്ങനെ സങ്കടപ്പെടുന്നതെന്തിനു്?

കതുമെനത്താനോക്കി ത്താമേകല്ലുഴ-
മിതുനകത്തക്ക തുടൈത്തു. ൩

സാ—(തുടൎന്നുപറയുന്നു) അന്നു് ആൎത്തിയോടുകൂടി നോക്കിയുംവച്ചു് ഇന്നു തന്നത്താനിരുന്നു കരയുന്ന ഈ മൂഢപ്രവൃത്തി ചിരിക്കത്തക്ക സ്വഭാവത്തോടുകൂടിയതാണു്. (ആലോചനയില്ലാതെ അന്നു നായകനെനോക്കിയുംവച്ചു് ഇന്നു തന്നെത്താൻ ദുഃഖിക്കുന്നതു പരിഹാസ്യമായ പ്രവൃത്തിയാണെന്നും ഇനി ചെയ്ത തെററിനെക്കുറിച്ചു പശ്ചാത്തപിക്കയല്ലാതെ ദുഃഖിച്ചിട്ടു പ്രയോജനമില്ലെന്നും ഭാവം.)

പെയലാററാ നീരുലന്തുണ്‍കണ്ണുയലാററാ
വുയ്‌വിന്നോയെൻകണ്ണിറുത്തു. ൪

സാ—(കണ്ണുകൾ ഇനി കരയാനിടയില്ലെന്നു നായിക തോഴിയോടു പറയുന്നു) ഈ കണ്ണുകൾ, ഞാൻ ജീവിച്ചിരിക്കാനിടയാകാത്ത തീരാദുഃഖം എന്നിൽ ശേഷിപ്പിച്ചു്, അവയും കരയാനിടയില്ലാത്തവണ്ണം ജലം വററിക്കുകയും ചെയ്തിരിക്കുന്നു (ഈ കണ്ണുകൾ എന്റെ ആയുസ്സിനെ ക്ഷയിപ്പിക്കുന്ന തീരാവ്യാധിയെ എനിക്കു നൽകിയതിനുംപുറമേ, തങ്ങൾക്കു കരയാൻ നിവൃത്തിയില്ലാത്തവണ്ണം കണ്ണീരിനെ വററിക്കുകയും ചെയ്തു.)

പടലാററാപൈതലുഴക്കുങ്കടലാററാ-
ക്കാമനോയ് ചെയ്തവെൻകൺ. ൫

സാ—(കണ്ണുകൾ ചെയ്ത പാപകൎമ്മവും അവയുടെഫലവും നായിക തോഴിയോടു പറയുന്നു) സമുദ്രത്തെക്കാൾ വലുതായ കാമവേദന എനിക്കുചെയ്ത എന്റെ കണ്ണുകൾ, അപ്പാപകർമ്മത്തിന്റെ ഫലമായി നിദ്രാപാപ്തിയില്ലാതെ അനസ്യൂതമായ ഖേദത്തെ അനുഭവിക്കുന്നു.

ഓഒ വിനിതേയെമക്കിന്നോയ് ചെയ്തക-
ണ്ടാഅ മിതൎപട്ടതു. ൬

സാ—(തുടൎന്നുപറയുന്നു) എനിക്കു് ഈ കാമവേദനയെ ഉണ്ടാക്കിവച്ച ഈ കണ്ണുകൾ ഇങ്ങനെ ഉറക്കമില്ലാതെ കരഞ്ഞുംകൊണ്ടിരിക്കാനിടയായതു് ആശ്ചൎയ്യംതന്നെ! (എന്നെ ദ്രോഹിച്ചതിന്റെഫലം ആ പാപകർമ്മത്താൽ അനുഭവിക്കുന്നു; ഈ ജന്മത്തിൽ തന്നെ അല്പകാലം അനുഭവിക്കാൻ സംഗതിയായതെത്ര ആശ്ചൎയ്യം!)

ഉഴന്തുഴന്തുണ്ണീരറുക വിഴൈന്തിഴൈന്തു
വേണ്ടിയവൎക്കണ്ടകൺ. ൭

സാ—(തുടൎച്ച) അനുഗ്രഹിച്ചു പരവശമായി ആൎത്തിയോടുകൂടി അന്നു നായകനെക്കണ്ട കണ്ണുകൾ ഇന്നു തീരദുഃഖത്തെ അനുഭവിച്ചു് അനുഭവിച്ചു് ഉള്ളിലെ വെള്ളം വററട്ടെ. (സാഹസം പ്രവൎത്തിച്ചതിനു ശിക്ഷ അനുഭവിക്കട്ടെ! എന്നു താല്പൎയ്യം.)

പേണാതുപെട്ടാരുളർമനോമററവ-
ക്കാണാതമൈവിലകൺ. ൮

സാ—(ചിരവിരഹിയായ ഭൎത്താവു മടങ്ങിവന്നിട്ടുണ്ടെന്നറിഞ്ഞു്, കാൎയ്യവശാൽ നേരിടുന്ന കാലവിളംബത്തെ സഹിക്കാൻ ശക്തയല്ലാതെ, നായിക തോഴിയോടു പരുഷം പറയുന്നു) ഉള്ളുകൊണ്ടു് ആഗ്രഹിക്കാതെ ചൊല്ലുകൊണ്ടു് അനുഗ്രഹിച്ച നായകൻ(മടങ്ങിവന്നു്) ഇവിടെ ഇരിക്കുന്നുണ്ടു്; (എന്നിട്ടു് എന്തു ഫലം?) അദ്ദേഹത്തെ കാണാഞ്ഞു് എന്റെ കണ്ണുകൾ (ഇപ്പോഴും) കഴയ്ക്കുന്നു. (ഹൃദയപൂൎവ്വം സ്നേഹിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ദയയില്ലാത്ത പ്രവൎത്തിക്കുമായിരുന്നില്ല എന്നാശയം.)

വാരാക്കാററുഞ്ചാ വരിററുഞ്ചാ വായിടൈ
യാരഞരുററന കൺ. ൯

സാ—(ഭർത്തൃവിരഹത്തിലും ഭർത്തൃസാന്നിദ്ധ്യത്തിലും ഒന്നുപോലെ സ്വനയനങ്ങൾ ക്ലേശം അനുഭവിക്കുന്നു എന്നു നായിക തോഴിയോടു പറയുന്നു.) അദ്ദേഹം വരാത്ത ദിവസങ്ങളിൽ വരവു പ്രതീക്ഷിച്ചു ഉറങ്ങാതെ ഇരിക്കും; വരുന്നദിവസങ്ങളിൽ പിരിഞ്ഞുപോകുമെന്നു ഭയന്നു ഉറങ്ങാതിരിക്കും; രണ്ടുപ്രകാരത്തിലും എന്റെ കണ്ണുകൾക്കു ക്ലേശം തന്നെ.

മറൈപെറലൂരാർ കടിതൻറാലെമ്പോ-
ലറൈ പറൈ കണ്ണാരകത്തു. ൧൦

സാ—(നായകന്റെ നിർദ്ദയത്വത്തെ ലോകർ അറിയാതെ മറയ്ക്കുന്നതു നിന്റെ കടമയാണെന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം.) വലിയ കണ്ണുകളോടുകൂടിയ അദ്ദേഹത്തിന്റെ മനസ്സിൽ എന്റെ മനസ്സിലുള്ളതുപോലെയുള്ള രഹസ്യത്തെ ഈ നാട്ടുകാർക്കു് അറിയുന്നതിനു് എളുപ്പമുണ്ടു്.

---

## നൂററിപ്പത്തൊൻപതാം അധികാരം.

### പചപ്പുറുപരുവരൽ—വൈവർണ്ണ്യംഭവിക്കൽ.

നയന്തവർക്കു നൽകാമൈനേർന്തേൻ പചന്തവെൻ
പൺപിയാർക്കുരൈക്കോ പിറ. ൧

സാ—(വിരഹതാപത്താൽ ശരീരത്തിനു വിളർച്ചസംഭവിച്ച വിരഹിണിയായ നായികയുടെ മനോഗതം) എന്നെ അനുഗ്രഹിച്ച ഭർത്താവിന്റെ വേർപാടിനു് ഉടമ്പെട്ടു; തജ്ജന്യമായ സോപാധിത്യത്താൽ വൈവർണ്ണ്യം സംഭവിച്ചു; എന്റെ മനഃസ്ഥിതിയെ ആരോടുപറയട്ടെ! (ഭർത്താവു ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടെന്ന വിശ്വാസത്താൽ വേർപാടിനെ സമ്മതിച്ചു; പിന്നീടു് അതു ദുസ്സഹമായിത്തീരുകയാൽ ശരീരത്തിനു വിളർച്ച സംഭവിച്ചു; തന്നെത്താൻ വലിച്ചുവച്ച ഈ ആപത്തിനെക്കുറിച്ചു് ആരോടുപറയട്ടെ!)

അവർതന്താരെന്നുന്തകൈയാലിവർതന്തെൻ
മേനിമേലൂരും പചപ്പു. ൨

സാ (‘വിരഹതാപം നീ സഹിക്കുകയില്ല’ എന്നുപറഞ്ഞ തോഴിയോടു നായികപറഞ്ഞ സമാധാനം) ഈ വിളർച്ചനിറം, അദ്ദേഹം, തന്നെ സൃഷ്ടിച്ചു എന്ന സന്തോഷത്തോടുകൂടി അദ്ദേഹത്താൽ അതിനു നൽകപ്പെട്ട എന്റെ ഈ ശരീരത്തിൽ അതു പടർന്നു കയറുന്നു. (അതിനെ ഞാൻ എന്തിനു സഹിക്കാതിരിക്കണം എന്നുഭാവം.)

ചായലുനാണുമവർ കൊണ്ടാർകൈമ്മാറാ
നോയും പചലൈയുന്തന്തു. ൩

സാ—(“നിന്നെപ്പോലെ സൌന്ദര്യവും ലജ്ജയുമുള്ള സ്ത്രീകൾക്കു് ഈ അടക്കമില്ലായ്മ പാടില്ല” എന്നു തോഴി പറഞ്ഞതിനു നായികയുടെ സമാധാനം.) വേദനയുംവൈവർണ്ണ്യവും തന്നുംവച്ചു് പകരം എന്റെ ലജ്ജയെയും സൌന്ദര്യത്തെയും അദ്ദേഹം കൊണ്ടുപോയിരിക്കയാണു്. (ലജ്ജയ്ക്കു പകരമായി വേദനയെയും സൌന്ദര്യത്തിനുപകരമായി വൈവർണ്ണ്യത്തെയും തന്നു എന്നു താല്പര്യം.)

ഉള്ളുവൻ മൻയാനുരൈപ്പതവർതിറമാർ
കള്ളംപിറവോ പചപ്പു. ൪

സാ—("അദ്ദേഹം സദ്ഗുണനാണ്; ഉടനെ മടങ്ങിവരും" എന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം) ഞാൻ അദ്ദേഹത്തിൻെറ വാക്കുകളെ ഓൎക്കുന്നു; അദ്ദേഹത്തിൻെറ സദ്ഗുണത്തിൻെറ അടയാളമാണ് എൻെറ ശരീരത്തിൽ വീശിക്കാണുന്ന വൈവൎണ്ണ്യം; ഇതാണു വഞ്ചനയെന്നു പറയപ്പെടുന്നതു്.

ഉവക്കാണെങ്കാതലർ ചെൽവാരിവ ണ്ടാണെൻ
മേനിപചപ്പൂർവതു. ൫

സാ—("നായകൻെറ വിരഹത്തെ മുമ്പൊക്കെ സഹിച്ചിട്ടുള്ള നീ ഇപ്പോൾ എന്തുകൊണ്ടു സഹിക്കുന്നില്ല?" എന്നതോഴിയുടെ ചോദ്യത്തിനു നായികയുടെ സമാധാനം.) അക്കാലത്തു് എൻെറ ഭൎത്താവു് പിരിഞ്ഞുപോയിട്ടുണ്ട്; എന്നാൽ എൻെറ ശരീരത്തിൽ വൈവൎണ്ണ്യം വീശിയതു് ഇപ്പോൾമാത്രമല്ലേ?

വിളക്കററംപാക്കു മിരുളേപോർകൊൺകൻ
മുയക്കററംപാക്കുംപചപ്പു. ൬

സാ—(തുടൎച്ച) വിളക്കിൻെറ അവസാനം പ്രതീക്ഷിക്കുന്ന ഇരുട്ടിനെപ്പോലെ, ഈ വൈവൎണ്ണ്യം എൻെറ ഭൎത്തൃസാന്നിദ്ധ്യത്തിൻെറ അവസാനത്തെ പ്രതീക്ഷിക്കുന്നു. (ഇരുട്ട്, വിളക്ക് എപ്പോൾ അണയുന്നുഎന്നു നോക്കിക്കൊണ്ടിരിക്കുന്നു; വൈവൎണ്ണ്യം ഭൎത്താവു് എപ്പോൾ പിരിയുന്നു എന്നു നോക്കിക്കൊണ്ടിരിക്കുന്നു എന്നുതാല്പൎയ്യം.)

പുല്ലിക്കിടന്തേൻ പുടൈപെയർന്തേനവ്വളവി-
ലള്ളിക്കൊൾവറ്റേപചപ്പു. ൭

സാ—(തുടൎച്ച) മുമ്പൊരിക്കൽ ഞാൻ ഭൎത്താവിനെ പരിരംഭണം ചെയ്തുകിടന്നിരുന്നു; അവിചാരിതമായി അല്പം വിട്ടുമാറാനിടയായി; ആ നിമിഷത്തിൽ ഈ വൈവൎണ്ണ്യം എന്നെ മുറിപ്പിടിക്കാനടുത്തു (എൻെറ ഭൎത്താവിനെ പരിരംഭണംചെയ്തുകിടന്നിരുന്ന ഒരു രാത്രിയിൽ ഓൎക്കാതെ പിടിവിട്ടു് ഒന്നകലാനിടയായി; ആ നിമിഷത്തിലുണ്ടു് ഈ വൈവൎണ്ണ്യം എന്നെപ്പിടികൂടാനടുക്കുന്നു! പെട്ടെന്നു ഞാൻ എൻെറ ഭൎത്താവിനെ കെട്ടിപ്പിടിച്ചിരുന്നില്ലെങ്കിൽ അതു നിശ്ചയമായും എന്നെ പിടികൂടുമായിരുന്നു. എന്നുതാല്പൎയ്യം.)

പചന്താളിവളെൻപ തല്ലാലിവളൈ-
ത്തുറന്താരവരെൻപാരിൽ. ൮

സാ—("ഈ വൈവൎണ്ണ്യത്തിനു നീ ഇടയാക്കരുതു്" എന്നു പറഞ്ഞ തോഴിയോടു നായികപറയുന്നു) ഇവൾ വൈവൎണ്ണ്യത്താൽ ബാധിക്കപ്പെട്ടു എന്നല്ലാതെ 'ഇവൾ അദ്ദേഹത്താൽ ത്യജിക്കപ്പെട്ടു' എന്നു പറയുന്നവർ ആരുമില്ല (ഭൎത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളെന്നു പറഞ്ഞാൽ മാത്രമേ അപമാനമുള്ളു; അങ്ങനെ ഒരു പറച്ചിലിനു എനിക്കു സംഗതിയായിട്ടില്ല—എന്നു ഭാവം.)

പചക്കമൎപട്ടാങ്കെൻ മേനിനയപ്പിത്താർ
നന്നിലൈയ രാവരെനിൻ. ൯

സാ—(വൈവൎണ്ണ്യം ഒരുപ്രകാരത്തിൽ ആവശ്യമാണെന്നു നായിക തോഴിയോടുപറയുന്നു.) ഈ വേൎപാടിനു ഞാൻ അനുകൂലിക്കത്തക്കവണ്ണമുള്ള സ്തോത്രവാക്കുകൾ പറഞ്ഞ ഭൎത്താവു് (നീ പറഞ്ഞതുപോലെ) സദ്ഗുണമുള്ള ആളായിരുന്നാൽ തന്നെയും ഈ വൈവൎണ്ണ്യം, അതുബാധിച്ചാലത്തെ അവസ്ഥാനുഭൂതിക്കായിട്ടു, ആവശ്യമാണ്. (വൈവൎണ്ണ്യം ബാധിച്ചില്ലെങ്കിൽ, അതു ബാധിച്ചാലത്തെ അനുഭവം അറിവാൻ സാധിക്കുന്നതല്ല. ഇപ്പോൾ അതു അറിവാനിടയായതുകൊണ്ടു്, വൈവൎണ്ണ്യം ബാധിക്കേണ്ടതാണെന്നു താല്പൎയ്യം)

പചപ്പെനപ്പേർ പെറുതനന്റേ നയപ്പിത്താർ
നൽകാമൈതുററാരെനിൻ. ൧൦

സാ—(ഈ വൈവർണ്ണ്യം അപമാനകരമാണ് എന്നു തോഴി പറഞ്ഞതിനു നായികയുടെ സമാധാനം) എന്നെ ഹൃദയപൂർവ്വം സ്നേഹിച്ചിരുന്ന അദ്ദേഹത്തെ സ്നേഹമില്ലാത്ത ആളാണെന്നു നാട്ടുകാർ അപമാനിക്കുന്നില്ലെങ്കിൽ, വൈവർണ്ണ്യം ബാധിച്ചവൾ എന്ന അധിക്ഷേപത്തെ സഹിക്കുന്നതാണു നന്ന്. ഭർത്താവിന്നു അപമാനം നേരിട്ടസ്ഥിതിക്കു തനിക്കും അപമാനത്തെ സമ്പാദിക്കുകയാണു വേണ്ടതു്; തന്റെ മാനം ഭർത്താവിന്റെ മാനത്തെക്കാൾ വലുതല്ല—എന്നു താല്പര്യം.)

---

## നൂററിഇരുപതാം അധികാരം.

### തനിപ്പടർമികുതി—വിരഹതാപാധിക്യം.

---

താംവീഴ്വാർ തംവീഴപ്പെററവർപെററാരേ
കാമത്തുക്കാഴിൽകനി. ൧

സാ—("നിന്റെ ഭർത്താവു് നിന്നെക്കാൾ ഉത്സുഹനായി നിന്റെ സമീപത്തിൽ വരും; നീ ക്ഷമിക്കുക" എന്നു് ആശ്വസിപ്പിച്ച തോഴിയോടു നായിക പറയുന്നു.) തന്നാൽ കാമിക്കപ്പെട്ട ഭർത്താവു, തന്നെ കാമിച്ചാൽ ആ സ്ത്രീക്കു് കാമതരുവിന്റെ കുരുവില്ലാത്ത പഴം ലഭിക്കുകയല്ലേ? (നായകൻ വരികയില്ലെന്നും അഥവാ, വന്നാൽ അതിനേക്കാൾ ഭാഗ്യം മറെറാന്നുകൊണ്ടും തനിക്കു ഉണ്ടാകാനില്ലെന്നും ധ്വനി.)

വാഴ്വാക്കുവാനം പയന്താററാൽവീഴ്വാക്കു
വീഴ്വാരളിക്കുമളി. ൨

സാ—(തുടർന്നു പറയുന്നു) പിരിഞ്ഞിരിക്കാൻ ശക്തിയില്ലാത്ത സ്ത്രീകൾക്കു് അവരെ പിരിഞ്ഞു താമസിക്കാൻ കഴിവില്ലാത്ത ഭർത്താക്കന്മാർ നൽകുന്ന സ്നേഹം, ലോകജീവികൾക്കു മഴ, യുക്തകാലത്തു തനിയെ വന്നു പെയ്യുന്നതുപോലെയാണ്.

വീഴുനർവീഴപ്പടുവാക്കമൈയുമേ
വാഴുനമെന്നുഞ്ചെരുക്കു. ൩

സാ—("ഭർത്താവു മടങ്ങിവരികയില്ലെങ്കിൽ നീ ആശിച്ചിരിക്കുന്നതെന്തിനു്?" എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) തന്നാൽ കാമിക്കപ്പെട്ട ഭർത്താവു അനുഗ്രഹിക്കപ്പെട്ട പത്നിയെ പിരിഞ്ഞു താമസിച്ചാൽ, അദ്ദേഹം മടങ്ങിവന്നു് ഒന്നിച്ചു താമസിക്കാമെന്നുള്ള മോഹം സ്വാഭാവികമായിട്ടുണ്ടാകുന്നതാണ്.

വീഴപ്പടുവാർകെഴീഇയിലർ താംവീഴ്വാർ
വീഴപ്പടാഅരെനിൻ. ൪

സാ—("നീ ഭർത്താവിന്റെ വേർപാടിനെ പഴിക്കാതെയും അദ്ദേഹത്തിന്റെ സ്നേഹമില്ലായ്മയെ മനസ്സിൽ കൊള്ളാതെയും ജീവിച്ചാൽ പതിവ്രതകളാൽ ബഹുമാനിക്കപ്പെടും" എന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞതു്.) പതിവ്രതകളാൽ മതിക്കപ്പെട്ടവളായാലും, തന്നാൽ സ്നേഹിക്കപ്പെട്ട ഭർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടില്ലെങ്കിൽ അവർ ദുഷ്കർമ്മഫലത്തോടുകൂടിയവരാണ്. (അപ്രകാരമുള്ള പാപികൾക്കു മതിപ്പുണ്ടാകുന്നതല്ല എന്നു ഭാവം.)

നാങ്കാതൽകൊണ്ടാർ നമക്കെവൻചെയ്പവോ
താങ്കാതൽ കൊള്ളാക്കടൈ. ൫

സാ—("അദ്ദേഹത്തിൻെറ അഭിപ്രായം അറിയുന്നതുവരെ നീ അടങ്ങിപ്പാർക്കുക" എന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം.) നമ്മാൽ മോഹിക്കപ്പെട്ടുന്ന ഭർത്താവു്, നമ്മെ സ്നേഹിക്കാതിരിക്കുമ്പോൾ, നമുക്കു് എന്തൊരു സുഖത്തേയാണു് അദ്ദേഹം ചെയ്യുന്നതു്? (അദ്ദേഹത്തിൽനിന്നു നമുക്കു സുഖത്തെ കാംക്ഷിക്കാനില്ലെന്നുഭാവം.)

ഒരുതലൈയാനിന്നാതു കാമങ്കാപ്പോല
വിരുതലൈ യാനുമിനിതു. ൬

സാ—(കാമം ഉപദ്രവകാരിയാണെന്നുള്ള തോഴിയുടെ അഭിപ്രായത്തിനു നായികയുടെ സമാധാനം) കാമം എന്നതു് (സ്ത്രീയെന്നും പുരുഷനെന്നുമുള്ള രണ്ടു സ്ഥാനങ്ങളുള്ളതിൽ) ഒരു സ്ഥാനത്തുമാത്രം സംഭവിച്ചാൽ, അതു് ഉപദ്രവത്തെ ചെയ്യും; തുലാസ്സിൻെറ തൂക്കംപോലെ രണ്ടുസ്ഥാനങ്ങളിലും സമമായി പ്രവർത്തിച്ചാൽ ആനന്ദത്തെ ചെയ്യും. (എന്നെ ബാധിച്ചകാമം അതേ അളവിൽ അദ്ദേഹത്തെയും ബാധിച്ചിരുന്നുവെങ്കിൽ എനിക്കു് ഈ സങ്കടം അനുഭവിക്കേണ്ടിവരികയില്ലായിരുന്നുവെന്നും നേരേമറിച്ചു് എനിക്കു—എന്നുമാത്രമല്ല ഞങ്ങൾക്കു രണ്ടുപേർക്കും—ആനന്ദത്തെ അനുഭവിക്കാമായിരുന്നുവെന്നും അതിനാൽ കാമത്തിൻെറ യഥാർത്ഥസ്വഭാവമറിയാതെ ആ വിഷയത്തിൽ കേവലം ഒരു വിദ്യാർത്ഥിനിയുടെ നിലയെക്കവിഞ്ഞിട്ടില്ലാത്തവരുടെ അഭിപ്രായം നീ പുറപ്പെടുവിക്കരുതെന്നും ഭാവം.)

പരുവരലുംപൈതലു ങ്കാണാൻകൊൽകാമ-
നൊരുവർ കണ്ണിൻെറാഴുകുവാൻ. ൭

സാ—(കാമൻെറ നയത്തെ പഴിച്ചു നായിക തോഴിയോടുപറയുന്നു) (കാമത്തെ തുല്യഭാവത്തിൽ അനുഭവിക്കേണ്ടവരായ സ്ത്രീപുരുഷന്മാർ രണ്ടുപേരുള്ളപ്പോൾ) ഒരാളിൽ മാത്രം നിന്നു പ്രവർത്തിക്കുന്ന കാമൻ (ആ ആളിനുണ്ടാകുന്ന) താപവും വൈവർണ്ണ്യവും അറിയുന്നില്ലായിരിക്കാം.

വീഴ്വാരിനിൻചൊർപെറാഅ തുലകത്തു
വാഴ്വാരിൻ വൻകണാരിൽ. ൮

സാ—(ഭർത്താവിൻെറ സന്ദേശം ലഭിക്കായ്കയാൽ നായിക നൈരാശ്യത്തോടെ പറയുന്നു) തന്നാൽ സ്നേഹിക്കപ്പെട്ട ഭർത്താവിൻെറ ആസ്വാദ്യമായ ഒരു (സന്ദേശ) വാക്കുപോലും കിട്ടാതെ (വിരഹതാപം സഹിച്ചു) ജീവിച്ചിരിക്കുന്ന പെണ്ണുങ്ങളെപ്പോലെ ധൈര്യമുള്ളവർ ആരുംതന്നെ ഇല്ല.

നചൈഇയാർ നൽകാരെനിനുമവർമാ-
ട്ടിചൈയുമിനിയചെവിക്കു. ൯

സാ—("അദ്ദേഹത്തിൻെറ സാന്നിദ്ധ്യംലഭിക്കാതെ സന്ദേശംകിട്ടിയതുകൊണ്ടു് എന്തുപ്രയോജനമാണു ഉണ്ടാകുന്നതു്?" എന്നു തോഴി ചോദിച്ചതിനു നായികയുടെ സമാധാനം.) എൻെറ പ്രേമഭാജനമായ ഭർത്താവു് എന്നെ സ്നേഹിക്കാതിരുന്നാലും അദ്ദേഹത്തിൻെറ ഏതൊരു വാക്കും എനിക്കു കർണ്ണപീയൂഷമായിരിക്കും. (അദ്ദേഹത്തിൻെറ സാന്നിധ്യസുഖത്തെ ഞാൻ പ്രതീക്ഷിക്കേണ്ട എന്നാണു് അദ്ദേഹം പറഞ്ഞയയ്ക്കുന്നതെങ്കിൽ അതും എൻെറ കാതുകൾക്കു് അമൃതോപമമായി ഭവിക്കും; അതിനാൽ സന്ദേശം ലഭിക്കാത്തതിൽ എനിക്കു് അതിയായ അന്തസ്താപമുണ്ടു്—എന്നു ഭാവം.)

ഉറാഅർക്കുറുനോയുരൈപ്പായ് കടലൈ-
ച്ചെറാഅഅയ് വാഴിയനെഞ്ചു. ൰

സാ—(ചിരവിരഹിണിയായ നായിക, നായകനു സന്ദേശമയയ്ക്കാൻ നിശ്ചയിച്ചിട്ട് ഒടുവിൽ ആ നിശ്ചയത്തിൽനിന്നും വിരമിച്ചു സ്വഹൃദയത്തോടു പറയുന്നു.) സ്നേഹമില്ലാത്ത ആളിനോട് കാമവേദനയെ പറയാൻ തുനിഞ്ഞ ഹൃദയമേ! സമുദ്രത്തെ വറ്റിയ്ക്കാൻ ശ്രമിക്കുക! (ക്രൂരില്ലാത്ത ആളിനു സന്ദേശമയയ്ക്കാൻ നിശ്ചയിച്ച നീ സമുദ്രത്തെ ഉയർത്താൻ ശ്രമിക്കുക! സമുദ്രമുയർന്നാലും, സ്നേഹമില്ലാത്ത ആളിനെ മാനസാന്തരപ്പെടുത്താൻ നിനക്കു കഴിയുകയില്ല—എന്നു ഭാവം.)

---

## നൂററിഇരുപത്തൊന്നാം അധികാരം.

## നിനൈന്തവർപുലമ്പൽ—അനുസ്മരണപ്രലാപം.

---

ഉള്ളിനുന്തീരാ പ്പെരുമകിഴ്ചെയ്തലാൽ
കള്ളിനുങ്കാമമിനിതു. ൧

സാ—(ദൂത്യപറവാൻ വന്ന ദൂതനോടു നായകൻ പറയുന്നു) (പണ്ടു കഴിഞ്ഞ സംഭവങ്ങളെ)ഓർക്കുമ്പോൾ അവസാനമില്ലാത്ത ആനന്ദമുണ്ടാകുന്നതിനാൽ കാമം മദ്യത്തെക്കാൾ ആനന്ദപ്രദമാണ്. (കാമം കഴിഞ്ഞകാര്യങ്ങളെ ഓർക്കുന്നമാത്രയിൽ ആനന്ദം ഉണ്ടാക്കുന്നു; മദ്യമാകട്ടെ കുടിച്ചാൽമാത്രമേ ആനന്ദത്തെ ചെയ്യുന്നുള്ളു അതിനാൽ മദ്യത്തേക്കാൾ ആനന്ദപ്രദമാണെന്നു താല്പര്യം)

എനൈത്തൊൻറി നിതേകാൺ കാമന്താംവീഴ്വാർ
നിനൈപ്പവരു വതൊൻറിൽ. ൨

സാ—(തുടർന്നുപറയുന്നു.) തന്നാൽ സ്നേഹിക്കപ്പെട്ടവരെ ഓർക്കുമ്പോൾ വിരഹദുഃഖം എന്നൊന്നുണ്ടാകുന്നില്ല; അതുകൊണ്ട് ഏതുവഴിക്കും കാമം ആനന്ദത്തെ ചെയ്യുന്നതത്രെ.

നിനൈപ്പവർ പോൻറുനിനൈയാർകൊറുമ്മൽ
ചിനൈപ്പതു പോൻറുകെടും. ൩

സാ—(നായകനെവിചാരിച്ചു ദുഃഖിക്കുന്ന നായികതോഴിയോടു പറഞ്ഞതു്.) എനിക്കു തുമ്മലുണ്ടാകുന്നായി മൂക്ക് എരിയുന്നു; എൻെറ ഭർത്താവ് എന്നെ ഓർക്കുന്നുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. (അന്യദേശങ്ങളിൽ താമസിക്കുന്ന സ്വജനങ്ങൾഓർക്കുമ്പോൾ ഓർക്കപ്പെടുന്ന ആളിനു തുമ്മലുണ്ടാവുകയോ തുമ്മാൻ മൂക്കെരിയുകയോ ചെയ്യുമെന്നുള്ള ലോകവ്യവഹാരത്തെ അടിസ്ഥമാക്കി നായിക തൻെറ മൂക്ക് എരിഞ്ഞതു് ഭർത്താവു തന്നെ വിചാരിച്ചതുകൊണ്ടാണെന്നു പറഞ്ഞതാണ്.)

യാമുമുളേങ്കൊലവർ നെഞ്ചത്തന്നെഞ്ച-
ത്തോകൂ്പുളരേയവർ. ൪

സാ—(നായിക തോഴിയോടുപറയുന്നു) അദ്ദേഹം എൻെറ ഹൃദയത്തിലുണ്ട്; അതുപോലെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഞാൻ ഉണ്ടായിരിക്കുമോ എന്തോ? (അദ്ദേഹത്തിൻെറ സ്മരണ എല്ലായ്പോഴും എൻെറ ഹൃദയത്തിലുള്ളതുപോലെ, എൻെറ ഓർമ്മ അദ്ദേഹത്തിനുണ്ടായിരിക്കുമോ? എന്നു സംശയിക്കുന്നു.)

തന്നെഞ്ചത്തെമ്മൈക്കടി കൊണ്ടാർനാണാർകൊ-
ലെമ്മനെഞ്ചത്തോവാവരൽ. ൫

സാ—(തുടൻ്റു പറയുന്നു) ഞാൻ അപേക്ഷിക്കാതെ, സ്വഹൃദയത്തിൽ എന്നെ കുടിയിരുത്തിയ ഭർത്താവ്, എൻ്റെ ഹൃദയത്തിൽ നിരന്തരമായി കുടികൊള്ളാൻ ലജ്ജിക്കുമോ? (അദ്ദേഹം വലിയ സ്നേഹിച്ചുവന്നപ്പോൾ ഞാൻ ലജ്ജവിട്ടു വിവാഹത്തിനു സമ്മതിച്ചു; ഇപ്പോൾ ആ ഭർത്താവ് എൻ്റെ സമീപത്തിൽ വരാൻ ലജ്ജിക്കുമോ?)

മററിയാനെന്നുമുള്ളൻ മന്നോവവരോടിയാ-
നററനാളുമുള്ളവുളേൻ. ൬

സാ—(ഭർത്തൃസാന്നിദ്ധ്യകാലത്തെ തൻ്റെ സുഖാനുഭോഗങ്ങളെ അനുസ്മരിക്കുകയും ഇപ്പോൾ അതിനിടയാകാത്തതിനെക്കുറിച്ചു അന്തസ്താപപ്പെടുകയും ചെയ്യുന്നതുകണ്ടു ആവക ചിന്തകൾക്കു മനസ്സിൽ ഇടംകൊടുക്കരുതെന്നു ഗുണദോഷിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം. ഞാൻ അദ്ദേഹത്തോടുകൂടി സുഖാനുഭോഗങ്ങൾ അനുഭവിച്ച ദിവസങ്ങളെ ഓക്കുന്നതിനാൽ ഇപ്പോഴും ജീവനോടുകൂടിയിരിക്കുന്നു; ഇല്ലെങ്കിൽ എനിക്കു ജീവസന്ധാരണത്തിനു മാർഗ്ഗമേതാണ്? (അതോക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം ജീവനെ നിലനിർത്തുന്നു എന്നു ഭാവം)

മറപ്പിനെവനാവൻമർ കൊൻമറപ്പറിയേ-
നുള്ളിനുമുള്ളഞ്ചുട്ടം. ൭

സാ—(തുടൻ്റുപറയുന്നു) വിസ്മരിക്കുകഎന്നതു് എനിക്ക് അറിഞ്ഞുകൂടാ; പൂർവ്വസുഖാനുഭോഗങ്ങളെ അനുസ്മരിച്ചില്ലെങ്കിൽ എൻ്റെ ഹൃദയത്തെ വിരഹാഗ്നി ദഹിപ്പിക്കും; അങ്ങനെയുള്ള ഞാൻ വിസ്മരണത്തെ പരിശീലിച്ചാൽ എൻ്റെ ഗതി എന്തായിരിക്കും!

എനൈത്തുനിനൈപ്പിനുങ്കായാ രനൈത്തൻറാ
കാതലർചെയ്യുഞ്ചിറപ്പു. ൮

സാ—നീ എപ്പോഴും അദ്ദേഹത്തെ ഓർത്തു ഇപ്രകാരം ദുഃഖിച്ചുകൊണ്ടിരുന്നാൽ അദ്ദേഹം വരുമ്പോൾ കലഹിക്കുമെന്നു പറഞ്ഞ തോഴിയോടു നായികയുടെ സമാധാനം.) എൻ്റെ ഭർത്താവ്, ഞാൻ അദ്ദേഹത്തെ എത്രവളരെ ഓർത്താലും കോപിക്കുകയില്ല; അദ്ദേഹം എനിക്കുചെയ്യുന്ന നന്മ അത്ര മഹത്താണ്. (ഞാൻ എത്രവളരെ ഓർത്താലും അദ്ദേഹം കോപിക്കുകയില്ല. അതിനെക്കാൾ വലുതായ നന്മ അദ്ദേഹം എനിക്കു ചെയ്യാനില്ല.)

വിളിയുമെനിന്നുയിർ വേറല്ലമെൻപാ-
രളിയിന്മൈയാററനിനൈത്തു. ൯

സാ—(ഭർത്തൃസന്ദേശംപോലും ലഭിക്കാഞ്ഞതിനാൽ ഖേദിക്കുന്ന നായികയെ സമാശ്വസിപ്പിക്കാൻ ശ്രമിച്ച തോഴിയോടു നായിക പറഞ്ഞതു്.) "മുൻപെല്ലാം നാം തമ്മിൽ വ്യത്യാസമില്ല (ഞാൻതന്നെ നീ നീതന്നെ ഞാൻ)" എന്ന് അദ്ദേഹം പറയാറുണ്ടു്; അപ്രകാരം പറഞ്ഞ ആളിൻ്റെ ഇന്നത്തെ കൂറില്ലായ്മയെ വീണ്ടുംവീണ്ടും ചിന്തിച്ച് എൻ്റെ അഭിലഷണീയമായ ജീവൻ കഴിഞ്ഞുകൂടുന്നു.

വിടാഅതുചെൻറാരെക്കണ്ണിനാർകാണ-
പ്പടാഅതി വാഴിമതി. ൰

സാ—(കാമപരവശയായ നായിക ഭർത്താവിൻ്റെ ആഗമനത്തിന് നേരിടുന്ന താമസത്തെ സഹിക്കാതെ ദയനീയയായി ചന്ദ്രനോട് അപേക്ഷിക്കുന്നു.) അല്ലയോ നിശാനാഥ! അങ്ങു ജയിച്ചാലും! (ഒരിക്കലും എന്നെവിട്ടുപിരിയാതിരുന്നു) (കാന്ത്യന്തരമായി ഇന്നു വെളിയിൽ പോയ ഭർത്താവിനെ കണ്ണുകൊണ്ടുകാണുന്നു നോക്കുവോളമെങ്കിലും അങ്ങു് അന്തർദ്ധാനം ചെയ്യാതിരിക്കണേ!

# നൂററിരുപത്തിരണ്ടാം അധികാരം.

## കനവുനിലൈയുരൈത്തൽ — സ്വപ്നകാൎയ്യപ്രസംഗം.

---

കാതലർ തൂതൊടുവന്തകനവിനു-
ക്കിയാതു ചെയ്വേൻകൊൽ വിരുന്തു. ൧

സാ—(നായകൻ സന്ദേശമയച്ചതായി സ്വപ്നംകണ്ട നായിക ആ സംഗതി തോഴിയോടു പറയുന്നു) ഞാൻ ദുഃഖിക്കുന്നതായി അറിഞ്ഞ ദുഃഖപരിഹാരാൎത്ഥം നായകൻ കൊടുത്തയച്ച സന്ദേശംകൊണ്ടുവന്ന സ്വപ്നത്തിന് അതിഥിസൽകാരമായി ഞാൻ എന്താണ ചെയ്യേണ്ടതു്? (എന്നെ വഞ്ചിച്ച ആ സ്വപ്നത്തിന് എന്തൊരു സൽക്കാരമാണ ചെയ്യേണ്ടതു്?)

കയലുൺകൺയാനിരപ്പത്തുഞ്ചിർ കലന്താ-
ർക്കുയലുൺമൈ ചാററുവേൻമൻ. ൨

സാ—(ഭൎത്തൃസമീപത്തിലേക്ക സന്ദേശം അയയ്ക്കണമെന്ന് ഉപദേശിച്ച തോഴിയോടു നായിക പറയുന്നു.) എൻറ കയൽക്കണ്ണുകൾ, ഞാൻ കെഞ്ചിപ്പറഞ്ഞാൽ ഉറങ്ങുമെങ്കിൽ സ്വപ്നത്തിൽ കാണപ്പെടുന്ന ഭൎത്താവിനോടു ഞാൻ അനുഭവിക്കുന്ന സങ്കടാവസ്ഥയെപ്പററി പറയാം (കാമക്ലേശം അനുഭവിക്കുന്ന എൻറ കണ്ണുകൾ ഉറങ്ങുന്ന പതിവില്ല; ഞാൻ കെഞ്ചിപ്പറഞ്ഞാൽ ഒരുപക്ഷെ, ഉറങ്ങിയെയ്ക്കാം; ഉറങ്ങിയാൽ നിശ്ചയമായും എൻറ ഭൎത്താവിനെ സ്വപ്നത്തിൽ കാണും; ആ അവസരത്തിൽ എൻറെ സൎവ്വദുഃഖങ്ങളെയുംപററി സ്വവല്ലഭനോടു തനിയെ നേരിൽ പറയാം അല്ലാതെ എല്ലാം സംഗതിയും എഴുതിയറിയിക്കാൻ പ്രയാസമാണ്—എന്നു താല്പൎയ്യം.)

നനവിനാനൽകാതവരൈക്കനവിനാർ
കാണ്ടലിനുണ്ടെന്നുയിർ. ൩

സാ—("ഈ ദുസ്സഹമായ ദുഃഖഭാരത്തെ വഹിച്ചുകൊണ്ടു നീ എങ്ങനെ ജീവിക്കുന്നു?" എന്നു ചോദിച്ച തോഴിയോടു നായികപറഞ്ഞ സമാധാനം) ജാഗ്രത്തിൽവന്നു ദയകാട്ടാത്ത ഭൎത്താവിനെ സ്വപ്നത്തിൽ കാണുന്നതിനാൽ എൻറ ജീവൻ പോകാതെനില്ക്കുന്നു.

കനവിനാലുണ്ടാകുങ്കാമനനവിനാ-
നൽകാരൈനാടിത്തരർകു. ൪

സാ—(വേറെയും കാരണമുണ്ടെന്നു പറയുന്നു) ജാഗ്രത്തിൽവന്നു ദയകാട്ടാത്ത ഭൎത്താവിനെ തേടിപ്പിടിച്ചുകൊണ്ടുവരുന്ന സ്വപ്നത്താൽ കാമാനുഭൂതി ഉണ്ടാകുന്നു.

നനവിനാർകണ്ടതൂഉമാങ്കേകനവുന്താൻ
കണ്ടപൊഴുതേയിനിതു. ൫

സാ—("സ്വപ്നത്തിൽ അനുഭവിക്കുന്ന കാമത്തിന് ജാഗ്രത്തിൽ അനുഭവിക്കുന്ന കാമത്തോളം ആനന്ദമുണ്ടാകുമോ?" എന്നു തോഴി ചോദിച്ചതിനുള്ള സമാധാനം.) അന്ന് ജാഗ്രത്തിൽ ഭൎത്താവിനെ കണ്ടപ്പോൾ അനുഭവിച്ച സുഖവും ആ സമയത്തേക്കു ഉണ്ടായിരുന്നുള്ളു ഇന്നു സ്വപ്നത്തിൽ കണ്ടപ്പോൾ അനുഭവിച്ച സുഖവും ആ സമയത്തേക്കു നിലനിന്നുള്ളു. (രണ്ടും തനിക്ക് ഒന്നുപോലെയാണെന്നു താല്പൎയ്യം.)

നനവെനവൊൻറില്ലെയായിർകനവിനാർ
കാതലർനീങ്കലർമൻ. ൬

സാ—(ജാഗ്രത്തിനെ നായിക അപലപിക്കുന്നു.) ജാഗ്രത്ത് എന്നൊന്ന് ഇല്ലെങ്കിൽ സ്വപ്നത്തിൽ വന്നുചേരുന്ന ഭർത്താവ് ഒരിക്കലും എന്നെ പിരിയുവാനിടയാവുകയില്ല.

നനവിനാനൽകാക്കൊടിയാർകനവിനാ
നെന്നെമ്മെപ്പീഴിപ്പതു. ൭

സാ—(സ്വപ്നത്തിൽ കണ്ട നായകനെ ഉണർന്നപ്പോൾ കാണാഞ്ഞതുകൊണ്ടുള്ള കോപത്തോടുകൂടി നായകനെ ഭത്സിക്കുന്നു) ജാഗ്രത്തിൽ നേരെ വന്നു സ്നേഹം പ്രകടിപ്പിക്കാത്ത ആ നിഷ്ഠുരൻ സ്വപ്നത്തിൽവന്ന് എന്നെ അലട്ടുന്നതെന്തിന്? (വേർപാടിനാൽ സങ്കടപ്പെടുത്തുന്നതിനുംപുറമെ സ്വപ്നത്തിൽവന്ന് അലട്ടുകൂടി ചെയ്യുന്നതിനു നിഷ്ഠുരനാകല്ലാതെ മനസ്സാക്ഷാത്കാരത്താൽ ഭർത്താവിനെ നിഷ്ഠുരനെന്നും, സ്വപ്നത്തിൽ കയറിവന്ന് ഒന്നിച്ചു ശയിക്കുകയും പരിരംഭണംചെയ്യാൻ ഒരുമ്പെടുമ്പോൾ മറിക്കളയുകയും ചെയ്യുന്നതുകൊണ്ട് അലട്ടുന്നു എന്നും താല്പര്യം.)

തുഞ്ചുങ്കാലറാൺമേലരാകിവിഴിക്കങ്കാ-
നെഞ്ചത്തരാവർവിരൈത്തു. ൮

സാ—(ഭർത്താവിന്റെ വഞ്ചനയെപ്പററി നായിക തോഴിയോടു പറയുന്നു) (എന്റെ ഹൃദയത്തിൽ എല്ലായ്പോഴും കുടികൊള്ളുന്ന ഭർത്താവ് ഞാൻ) ഉറങ്ങുമ്പോൾ എന്റെ തോളോടുചേർന്നു ശയിക്കുകയും ഞാൻ ഉണരുമ്പോൾ പെട്ടെന്നു ഹൃദയത്തിൽ കയറിക്കളകയും ചെയ്യുന്നു

നനവിനാനൽകാരൈനോവർ കനവിനാർ
കാതലർ കാണാതവർ. ൯

സാ—(സ്വപ്നത്തിലും ഭർത്താവിനെ കാണാതെ ദുഃഖിക്കുന്ന വിരഹിണിയായ നായിക തോഴിയോടു പറയുന്നു) സ്വപ്നത്തിലും ഭർത്താവിനെ കാണാത്ത സ്ത്രീകൾ, ജാഗ്രത്തിൽ ദയചെയ്യാതെ അകന്നുതാമസിക്കുന്ന ഭർത്താവിനെ പഴിക്കും.

നനവിനാനന്നീത്താരെൻപർ കനവിനാർ
കാണാർകോലിറ്റോരവർ. ൧൦

സാ—(അകന്നുപാർക്കുന്ന ഭർത്താവിനെ പഴിക്കുന്നതിന്റെ അനൗചിത്യത്തെ നായിക തോഴിയോടുപറയുന്നു.) ഈനാട്ടിലെ സ്ത്രീകൾ തങ്ങളെ വിട്ടുപിരിഞ്ഞ ഭർത്താവിനെ പഴിക്കുന്നു; (എന്തിന്?) സ്വപ്നത്തിലെങ്കിലും അദ്ദേഹത്തെ കാണുന്നില്ലേ? (അതുകൊണ്ടു തൃപ്തിപ്പെടരുതേ?)

---

## നൂററിഇരുപത്തിമൂന്നാം അധികാരം.

### പൊഴുതുകണ്ടിരങ്കൽ—സായംകാലനിരീക്ഷണസന്താപം.

---

മാലൈയോവല്ലൈ മണന്താരുയിരുണ്ണും
വേലൈനീവാഴിപൊഴുതു. ൧

സാ—(വിരഹിണിയായ നായിക സായംകാലത്തോടു പരുഷം പറയുന്നു) അല്ലയോ സായംകാലമേ! നീ രാത്രിയെക്കാൾ കഠിനനാണ്; സ്ത്രീകളുടെ പ്രാണനെ ഭക്ഷിക്കുന്ന അന്ത്യകാലമാണ് നീ. നീ ജയിച്ചാലും!

പുൻകണ്ണൈ വാഴി മരുൾമാലൈയെങ്കേൾപോൽ
വൻകണ്ണതോനിൻറുണൈ. ൨

സാ—(സായംകാലത്തോടു സഹതാപപൂർവ്വം നായിക പറയുന്നു) അല്ലയോ മങ്ങിയ സായംകാലമേ! ജയിച്ചാലും! നീ എന്നെപ്പോലെ നിഷ്പ്രഭയായിക്കാണപ്പെടുന്നു; നിന്റെ ബന്ധുവും എന്റെ ബന്ധുവിനെപ്പോലെ നിർദ്ദയനാണോ? (എന്റെ ഭർത്താവായ ബന്ധു എന്നോടു ദയയില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ടു, വൈവർണ്ണ്യബാധിതയായി ഞാൻ നിഷ്പ്രഭയായി ഭവിച്ചിരിക്കുന്നു; നീയും എന്നെപ്പോലെ നിഷ്പ്രഭയായിക്കാണപ്പെടുന്നതിൻ കാരണം എന്തു? നിന്റെ ബന്ധുവും നിർദ്ദയനായി ഭവിച്ചുവോ?—എന്നു ഭാവം.)

പനിയരുമ്പിപ്പൈതൽകൊൺമാലൈ തുനിയരുമ്പി
ത്തുൻപംവളരവരും. ൩

സാ—(സായംകാലത്തെ തന്റെ അനുഭവത്തെ നായിക തോഴിയോടു പറയുന്നു) മഞ്ഞിനെക്കണ്ടു ഭയപ്പെട്ടു വൈവർണ്ണ്യം സംഭവിച്ച സായംകാലം എന്റെ ജീവിതാശയെ നശിപ്പിക്കുന്ന ക്ലേശങ്ങളെ അനവസ്ഥമായി വർദ്ധിപ്പിക്കുന്നു.)

കാതലിരിൽവഴി മാലൈ കൊലൈക്കള-
ത്തേതിലർ പോലവരും. ൪

സാ—(സായംകാലത്തിന്റെ സ്വഭാവവ്യത്യാസത്തെപ്പറ്റി നായിക തോഴിയോടു പറയുന്നു.) (ഭർത്താവുള്ളപ്പോൾ, എന്നെ ആദരപൂർവ്വം സ്നേഹിച്ചു സർവ്വസുഖപ്രദായിനിയായി വർത്തിച്ചിരുന്ന സായംകാലം, ഭർത്താവു വേർപെട്ടിരിക്കുന്ന ഈ കാലത്തു, കൊലക്കളത്തിലെ കൊലയാളിയെപ്പോലെ എന്റെ മുമ്പിൽ വരുന്നു. (നിഗ്രഹിക്കാനായി അടുത്തുവരുന്നു എന്നു താല്പര്യം.)

കാലൈക്കുച്ചെയ്തനൻറെൻകൊലോവൻകൊൽയാൻ
മാലൈക്കുച്ചെയ്തപകൈ. ൫

സാ—(പ്രഭാതത്തിലെയും സായംകാലത്തിലെയും അനുഭവങ്ങളെ സൂചിപ്പിച്ചു നായിക തോഴിയോടു പറയുന്നു) പ്രഭാതത്തിനു ഞാൻ ചെയ്തിട്ടുള്ള ഉപകാരമെന്തു? സായംകാലത്തിനു ചെയ്ത അപകാരമെന്തു? (വിരഹിണിയായ തനിക്കു പ്രഭാതം സുഖാനുഭൂതിയെയും—വിരഹതാപാനുഭൂതിയാൽ ദീർഘദീർഘമായി തോന്നപ്പെടുന്ന രാത്രികളെ അവസാനിപ്പിക്കുന്നതുകൊണ്ടുള്ള സുഖാനുഭൂതി—സായംകാലം ക്ലേശാനുഭൂതിയെയും—കാമവേദന—നൽകുന്നതിനുള്ളതിനും പ്രഭാതത്തിനു ഉപകാരവും സായംകാലത്തിനു അപകാരവും താൻ ചെയ്തിട്ടുള്ളതായി കാണുന്നില്ല എന്നു താല്പര്യം.)

മാലൈനോയ്ചെയ്തൽമണന്താരകലാത
കാലൈയറിന്തതിലേൻ. ൬

സാ—(“ഭർത്തൃവിരഹം ഈവിധത്തിൽ നിന്നെ ക്ലേശിപ്പിക്കുമെന്നു അറിഞ്ഞിരുന്നുവെങ്കിൽ നീ അന്നു യാത്രാവസരത്തിൽ നായകനെ പോകാൻ അനുവദിച്ചതെന്തിനു?” എന്നു തോഴി ചോദിച്ചതിനു നായികയുടെ സമാധാനം.) അന്നു എനിക്കു മനഃപൂർവ്വം സുഖാനുഭൂതിയെ നൽകിയിരുന്ന സായംകാലം ഇന്നു എന്നെ ക്ലേശിപ്പിക്കുമെന്നു ഭർത്താവു വേർപെടാതിരുന്ന കാലത്തു ഞാൻ അറിഞ്ഞിരുന്നില്ല (അറിഞ്ഞിരുന്നുവെങ്കിൽ വേർപാടിനു ഞാൻ സമ്മതിക്കുമായിരുന്നില്ല എന്നു ഭാവം.)

കാലൈയരുമ്പിപ്പകലെല്ലാം പോതാകി
മാലൈ മലരുമിന്നോയ്. ൭

സാ—(“നിനക്കു ഈ കാമവേദന സായംകാലത്തിൽ മാത്രമേ ഉണ്ടാകുന്നുള്ളോ” എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) ഈ കാമവേദനയാകുന്ന

പുഷ്പം പ്രഭാതത്തിൽ മൊട്ടിട്ടു് പകൽകൊണ്ടു പരിപുഷ്ടമായി സായംകാലത്തിൽ വികസിക്കുന്നു. (പ്രഭാതത്തിൽ ആരംഭിക്കുന്ന കാമവേദന പകൽമുതൽ ക്രമേണ വളൎന്നു് സായംകാലത്തിൽ മൂൎദ്ധന്യതയെ പ്രാപിക്കുന്നു എന്നു താല്പൎയ്യം)

അഴൽപോലുമാലൈക്കുത്തൂതാകിയായൻ
കുഴൽപോലുങ്കൊല്ലും പടൈ ൮

സാ—("നീ ഇങ്ങനെ ദുഃഖിച്ചിരിക്കുന്നതു ശരിയല്ല; ഞാൻ കുറെ വീണവായിക്കാം; കാമവേദനയ്ക്കു് അതൊരു പരിഹാരമാൎഗ്ഗമാണു്" എന്നു ഉപദേശിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) വീണാനാദം പണ്ടു് എനിക്കു കൎണ്ണപീയൂഷമായിരുന്നു; അഗ്നിയെപ്പോലെ ദഹിപ്പിക്കുന്ന ഇന്നു് എനിക്കതു കൊലയാളികളുടെ ആഗമനത്തെ അറിയിക്കുന്ന സന്ദേശകാഹളമാണു് (അതുകൊണ്ടു് എനിക്കതു കേൾക്കുകയേ വേണ്ട എന്നു ഭാവം)

പതിമരുണ്ടുപൈതലുഴക്കു മതിമരുണ്ടു
മാലൈ പടർതരും പോഴ്തു. ൯

സാ—("ഈ സായംകാലം നിന്നെ മാത്രമേ പീഡിപ്പിക്കുന്നുള്ളോ?" എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) മതിമറന്നു സായംകാലം ആവിൎഭവിക്കുമ്പോൾ ഈ നാടെല്ലാം അത്യന്തമായി പീഡയെ അനുഭവിക്കും (ഞാൻ മാത്രമല്ല, ഈ നാടു മുഴുവൻ സായംകാലത്തിന്റെ പീഡനത്തിനു വിഷയീഭവിക്കുമെന്നു താല്പൎയ്യം നായികയുടെ ക്ലേശാനുഭൂതി അത്രകണ്ടു ഉല്ക്കടമായിരുന്നു എന്നു ഭാവം;

പൊരുൾമാലൈയാളരൈയുള്ളി മരുൾമാലൈ
മായുമെൻമായാവുയിർ. ൧൦

സാ—(നായകന്റെ ധനാശയെ സൂചിപ്പിച്ചു നായിക പറഞ്ഞതു്) വിരഹക്ലേശങ്ങളെ സഹിച്ചു്, ഇനിയും മരിക്കാതിരിക്കുന്ന എന്റെ ജീവൻ, ധനംതന്നെ സൎവ്വപ്രധാനമെന്നു കരുതിപ്പോരുന്ന ഭൎത്താവിനെ വിചാരിച്ചു്, ഈ മങ്ങിയ സായംകാലത്തിൽ വേർപെടുമെന്നു തോന്നുന്നു. (ഭൎത്താവു തൊഴിൽകാൎയ്യമായി അന്യനാട്ടിൽ താമസിക്കുന്നു; തദ്വിരഹം എനിക്കു് അതിദുസ്സഹമത്രേ. ദീൎഘകാലം അതു സഹിക്കേണ്ടിവന്നിട്ടും മരിക്കാതെ കഴിഞ്ഞുകൂടുന്നു. അത്രത്തോളം ഉറപ്പുള്ള ജീവൻ ഈ മങ്ങിയ സായംകാലവേളയിൽ നായകന്റെ ചിന്തകൊണ്ടു ദേഹത്തിൽനിന്നും വേർപെടുമെന്നാണു തോന്നുന്നതു് എന്നു താല്പൎയ്യം.)

## നൂററിഇരുപത്തിനാലാം അധികാരം.

### ഉറുപ്പുനലനഴിതൽ—അവയവസൌന്ദൎയ്യക്ഷയം.

ചിറുമൈ നമക്കൊഴിയച്ചേട്ചെൻറാരുള്ളി
നറുമലർ നാണിന കൺ. ൧

സാ—(നായികയുടെ അസഹനീയതയെക്കണ്ടു തോഴി പറഞ്ഞതു്.) സഹിക്കാൻ പാടില്ലാത്ത ഈ ക്ലേശഭാരത്തെ നമ്മിൽ നിലയുറപ്പിച്ചിട്ടു ദൂരദേശത്തുപോയ നായകനെ ഓൎത്തു കരഞ്ഞതിന്റെ ഫലമായി (മുൻപു പുഷ്പങ്ങളെ ലജ്ജിപ്പിച്ചിരുന്ന സൌന്ദൎയ്യമേറിയ നിന്റെ) കണ്ണുകൾ, (ഇപ്പോൾ ആ സൌന്ദൎയ്യം നശിച്ചു) പുഷ്പങ്ങളെക്കണ്ടു നാണിക്കുന്നു (ഹൃദയകാഠിന്യമുള്ള നായകൻ നിൎദ്ദയനും ദയാലേശംപോലുമില്ലാത്ത ആളുമാണു്; എന്തെല്ലാം നീ സഹിക്കും; അല്ലെങ്കിൽ ഇനിയെത്ര വലുതായ ഖിന്നതകൾ നിനക്കുണ്ടാകും എന്നു ഭാവം.)

നയന്തവർ നൽകാമൈ ചൊല്ലുവപോലും
പചന്തുപനിവാരുങ്കൺ. ൨

സാ—(തോഴി അക്കണ്ണുകളുടെ സൌന്ദൎയ്യം കുറഞ്ഞ അവസ്ഥയെ സൂചിപ്പിക്കുന്നു) വൈവർണ്ണ്യം സംഭവിച്ച, അശ്രുപ്രവാഹത്തോടുകൂടിയ കണ്ണുകൾ, നീ ഹൃദയപൂർവം സ്നേഹിച്ച ഭർത്താവിന്റെ നിർദയത്വത്തെ വിളിച്ചുപറയുന്നു (അതിനു നീ ഇടയാക്കാൻ പാടില്ല; അദ്ദേഹം എത്രതന്നെ നിർദ്ദയനായാലും നിനക്ക് അതു അന്യരെ അറിയിക്കാൻ പാടില്ല; അതുകൊണ്ടു നീ കരയാതിരിക്കുക—എന്നു ഭാവം)

തണന്തമൈ ചാലവറിവിപ്പ പോലു
മണന്തനാൾ വീങ്കിയതോൾ. ൩

സാ—(തോളിന്റെ അവസ്ഥയെ തോഴി വർണ്ണിക്കുന്നു) നായകനുമായി വിവാഹം നടന്ന ദിവസം (സന്തോഷാധിക്യത്താൽ) വിജൃംഭിച്ച നിന്റെ തോളുകൾ (ഇന്ന് അദ്ദേഹത്തിന്റെ) വേർപാടിനെ (അതിനിടയായ നിർദയത്വത്തെ) വിളിച്ചറിയിക്കുന്നു എന്നു തോന്നുന്നു. (അത്രത്തോളം ചടച്ചിട്ടുണ്ട്. നീ അതിനിടയാക്കുന്നതു ശരിയല്ല)

പണൈനീങ്കിപ്പൈന്തൊടി ചോരുന്തുണൈനീങ്കി-
ത്തൊൽകവിൻ വാടിയതോൾ. ൪

സാ—(തോൾവളകളുടെ സ്ഥാനഭ്രംശത്തെ തോഴി വർണ്ണിക്കുന്നു.) ഭർത്താവിന്റെ വേർപാടിനാൽ—മുമ്പ് അദ്ദേഹത്തിന്റെ സമ്പർക്കത്താൽ ഉണ്ടായിട്ടുള്ള കൃത്രിമസൌന്ദൎയ്യം മാത്രമല്ല—സ്വാഭാവികമായ സൌന്ദൎയ്യത്തെയും നഷ്ടപ്പെട്ട ഈ തോളുകൾ ശോഷിക്കുകയാൽ പൊൻവളകൾ ഊരിവീഴുന്നു.

കൊടിയർ കൊടുമൈയുരൈക്കും തൊടിയൊടു
തൊൽകവിൻ വാടിയ തോൾ. ൫

സാ—(തോഴി തുടർന്നു പറയുന്നു) ആ നിഷ്ഠുരനായ നായകന്റെ നിർദ്ദയത്വത്തെ, വളയും സ്വാഭാവികമായ സൌന്ദൎയ്യം നശിച്ചു രൂക്ഷ്യം സംഭവിച്ച തോളുകൾ വിളിച്ചു പറയാതിരിക്കുന്നതെങ്ങനെ? (നീ അതിനു സംഗതിയാക്കാതിരിക്കുകയാണ് വേണ്ടതു—എന്നു ഭാവം)

തൊടിയൊടുതോൺകിഴ നോവലവരൈ-
ക്കൊടിയരെനക്കൂറനൊന്തും. ൬

സാ—(നായികയുടെ കദനഭാരത്തിനു കാരണഭൂതനായ നായകനെ തോഴി അപലപിച്ചതുകേട്ടു നായിക പറഞ്ഞതു്) തോൾവള ഊരത്തക്കവണ്ണം തോളുകൾ ശോഷിച്ചതുകണ്ടു് നീ അദ്ദേഹത്തെ നിഷ്ഠുരനെന്നും മറ്റും പറഞ്ഞതു എനിക്കു ദുസ്സഹമായ വേദനയ്ക്കു കാരണമായിരിക്കുന്നു.

പാടുപെറുതിയോ നെഞ്ചേ കൊടിയാർക്കെൻ
വാടുതോട്പൂചലുരൈത്തു. ൭

സാ—(നായകനെ തോഴി ദുഷിക്കുന്നതുകേട്ടു നായിക തന്റെ ഹൃദയത്തോടു പറഞ്ഞതു്.) ഹൃദയമേ! എവളാൽ നിഷ്ഠുരനെന്നു അപലപിക്കപ്പെട്ട നായകനോട് എന്റെ ശോഷിച്ച തോളുകളുടെ അവസ്ഥയെ അറിയിച്ചു ചാരിതാൎത്ഥ്യപ്പെടാൻ നിനക്കു കഴിവുണ്ടോ? (ഭർത്താവിന്റെ സാന്നിദ്ധ്യം ലഭിക്കപ്പെടുന്ന മാത്രയിൽ തോളുകൾ പൂർവസ്ഥിതിയിൽ പരിപുഷ്ടങ്ങളായി ഭവിക്കും. അതിനാൽ അദ്ദേഹത്തിന്റെ വേർപാടിൽ തോളുകൾ അനുഭവിച്ച അവസ്ഥ അദ്ദേഹത്തിനു കണ്ടറിയാൻ സാധിക്കുന്നതല്ല. ആ അവസരത്തിൽ നീ അതു് അദ്ദേഹത്തെ ധരിപ്പിച്ചാൽ മേലിൽ അദ്ദേഹം വേർപെടാതെ എ

ൻെറ മന്നിച്ചുതന്നെ താമസിക്കും. അങ്ങനെവരുമ്പോൾ നിനക്കു അതുനിമിത്തം ചാരിതാൎത്ഥ്യത്തിനു വകയുണ്ട്. ആ ചാരിതാൎത്ഥ്യത്തെ സമ്പാദിക്കാൻ നിനക്കു കഴിയുമോ? എന്നു ഭാവം.)

മുയങ്കിയ കൈകളൈയൂക്കപ്പചത്തു
പയിന്തൊടിപ്പേതൈനുതൽ. ൮

സാ—(കാൎയ്യാന്തരമായി ദൂരദേശത്തു താമസിച്ചിരുന്ന നായകൻ കൎത്തവ്യനിൎവ്വഹണാനന്തരം മടങ്ങിവന്നപ്പോൾ നായികയുടെ താൽക്കാലികസ്ഥിതികണ്ടു മനസ്സിൽ വിചാരിക്കുന്നതു) മുമ്പ് എന്നെ ശക്തിപൂൎവ്വം പരിരംഭണം ചെയ്ത കൈകൾ ഇപ്പോൾ അതിനു ശക്തിയില്ലാത്തവണ്ണം തളൎന്നതു ഞാൻ കാരണമാണ്. മാത്രമല്ല, വളയണിഞ്ഞ ഈ പെൺകൊടിയുടെ നെററിക്കു വൈവൎണ്ണ്യം സംഭവിച്ചുമിരിക്കുന്നു. (ഈ ചുരുങ്ങിയ ദിവസങ്ങൾക്കിടയിൽ ഇവൾ ഇത്രത്തോളം അവസ്ഥാന്തരപ്പെട്ട സ്ഥിതിക്കു എൻെറ ആഗമനത്തിനു അല്പംകൂടി താമസം നേരിട്ടിരുന്നെങ്കിൽ ഇവളുടെ അവസ്ഥ എന്താകുമായിരുന്നു! ഭയിച്ചേനേ!)

മുയക്കിടൈത്തൺവളി പോഴപ്പചപ്പുററ
പേതൈ പെരുമഴൈക്കൺ. ൯

സാ—(നായകൻെറ മനോഗതമാണിതു്) ഗ്രാമ്യധൎമ്മാനുഷ്ഠാനമദ്ധ്യേ ഇളംകാററു വീശവേ, ഈ സുന്ദരിയുടെ കളങ്കമുള്ള വലിയ കണ്ണുകൾക്കു വൈവൎണ്ണ്യം സംഭവിക്കുന്നു. (കണ്ണുകളുടെ സ്വാഭാവികമായ ശക്തിക്കു അത്രത്തോളം ഗ്ലാനിസംഭവിച്ചിരിക്കുന്നു എന്നു ഭാവം.)

കണ്ണിൻപചപ്പോപചുവരലെയ്തിൻേറ
യൊണ്ണുതൽ ചെയ്തതുകണ്ടു. ൧൦

സാ—(വൈവൎണ്ണ്യകാരണത്തെ നായകൻ ഊഹിക്കുന്നു) കണ്ണുകളുടെ വൈവൎണ്ണ്യമാകട്ടെ, തങ്ങളുടെ അരികിൽസ്ഥാനമായ നെററിയുടെ വൈവൎണ്ണ്യം കണ്ടുള്ള ഖേദത്താൽ സംഭവിച്ചതാണ്.

---

## നൂററിരുപത്തഞ്ചാം അധികാരം.

## നെഞ്ചൊടുകിളത്തൽ—ഹൃദയോദ്ബോധനം.

---

നിനൈന്തൊൻറു ചൊല്ലായോനെഞ്ചേയെനൈത്തൊൻറു
മെവ്വനോയ് തീൎക്കമരുന്തു. ൧

സാ—(വിരഹതാപാകുലയായ നായിക ഹൃദയത്തോടുചോദിക്കുന്നു) ഹൃദയമേ! ഈ തീവ്രവേദനയെ പരിഹരിക്കത്തക്ക ഒരു മരുന്നു, ഏതെങ്കിലുമായാലും വേണ്ടില്ല, നീ കണ്ടുപിടിച്ചു പറയുകയില്ലേ? (ഞാൻ അനുഭവിക്കുന്ന കഠിനവേദനയെ പരിഹരിക്കാനുള്ള മരുന്നു് എൻെറ അറിവിൽ പെട്ടതായി യാതൊന്നുമില്ല; നീയെങ്കിലും ഒരു മരുന്നു കണ്ടുപിടിച്ചുപറഞ്ഞുതരുമോ? അതു് എന്തായാലും വേണ്ടില്ല; ഞാൻ ഉപയോഗിച്ചുകൊള്ളാം.)

കാതലവരില രാക നീനോവതു
പേതൈമൈ വാഴിയെൻനെഞ്ചു. ൨

സാ—(നായകാഗമനത്തെ അക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തോടു നായിക നൈരാശ്യത്തോടുകൂടിപറയുന്നു.) എൻെറ ഹൃദയമേ! നീ ജയിച്ചാലും! സ്നേഹമില്ലാത്ത ആളിനെ കാത്തിരുന്നു കഴയുന്നതു് എന്തൊരു മൌഢ്യമാണ്? (അദ്ദേ

ഹത്തിനു സ്നേഹത്തിൻെറ കണികപോലുമില്ല, ഉണ്ടെങ്കിൽ ഇതിനകം വരാതിരിക്കയില്ല. അതറിഞ്ഞിരുന്നിട്ടും നീ എന്തിനു് ഇങ്ങനെ ബുദ്ധിമുട്ടുന്നു? എന്തൊരു മൂഢതയാണു് നിൻെറ ഈ മാതിരി? ഇനിയെങ്കിലും അതിൽനിന്നും വിരമിച്ചു ഗത്യന്തരങ്ങളെക്കുറിച്ചു് ആലോചിക്കുക!)

ഇരുന്തുള്ളി യെൻപരി തനെഞ്ചേപരിന്തുള്ളൽ
പൈതനോയ് ചെയ്താർകണ്ണിൽ. ൩

സാ—(നായിക വീണ്ടും ഹൃദയത്തോടു പറയുന്നു) ഹൃദയമേ! നീ അദ്ദേഹത്തെ ഓർത്തു ഇവിടെ ഇരുന്നു് ഇങ്ങനെ ദുഃഖിക്കുന്നതിൽ എന്തൊരർത്ഥമാണു്? അദ്ദേഹത്തിനു നിന്നിൽ അനുകമ്പ ഉണ്ടാവുകയില്ല (ഉണ്ടാകണമെങ്കിൽ അതു് ഇതിനുമുമ്പു വേണ്ടിയിരുന്നു. ഇനി നീ ചെയ്യേണ്ടതു അങ്ങോട്ടു ചെല്ലുകയാണു്. ധൈര്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യുക! അല്ലാതെ ഇവിടെയിരുന്നു ഇങ്ങനെ ദുഃഖിക്കണ്ടാ എന്നഭാവം.)

കണ്ണുങ്കൊളച്ചേറി നെഞ്ചേയിവൈയെന്നൈ-
ത്തിന്നുമവർ ക്കാണലുററു. ൪

സാ—(പോകേണ്ടതു് ഇന്നപ്രകാരത്തിൽവേണമെന്നു ഹൃദയത്തോടു പറയുന്നു) ഹൃദയമേ!—നീ പോകാൻ തീർച്ചപ്പെടുത്തിയെങ്കിൽ—ഈ കണ്ണുകളേക്കൂടി ഒന്നിച്ചു കൊണ്ടുപോകുക! അല്ലെങ്കിൽ ഈ കണ്ണുകൾ അദ്ദേഹത്തെ കാണ്മാനുള്ള ആശയാൽ എന്നെതിന്നുകളയും. (എന്നെ കൊല്ലാതെകൊല്ലും. ഇപ്പോൾതന്നെ ചത്തതിനോടൊത്തു ജീവിച്ചുപോരുന്ന എനിക്കു് ആ ഉപദ്രവത്തെക്കൂടി സഹിക്കാൻ ശക്തിയില്ല)

ചെററാരെനക്കൈവിടലുണ്ടോനെഞ്ചേയാ-
മുററാലുറാഅ തവർ. ൫

സാ—(നിശ്ചയമായും പോകുകതന്നെ വേണമെന്നു ഹൃദയത്തെ ഉദ്ബോധിപ്പിക്കുന്നു) ഹൃദയമേ! നമ്മെ സ്നേഹിക്കാത്ത നായകനെ, അദ്ദേഹം നമ്മെ വെറുത്തു എന്നു കരുതി, നമുക്കു് അദ്ദേഹത്തെ കൈവെടിയാൻ നിവൃത്തിയുണ്ടോ? (അദ്ദേഹം നമ്മെ സ്നേഹിക്കുന്നില്ലെന്നുവച്ചു് ആക്കാരണത്താൽ അദ്ദേഹത്തെ കൈവിടാൻ നമുക്കു കഴിവുണ്ടോ? കൈവിട്ടാൽ നമുക്കു വേറെ ഗതിയില്ല. അതുകൊണ്ടു നിശ്ചയമായും നീ പുറപ്പെടുകതന്നെ വേണം; മടിക്കണ്ടാ എന്നു താല്പര്യം.)

കലന്തുണർത്തുങ്കാതലർ ക്കണ്ടാർപുലന്തുണരായ്
പൊയ്ക്കായ്വുകാഴ്ത്തിയെന്നെഞ്ചു. ൬

സാ—(നായകൻെറ നിർദ്ദയതയെ ഓർത്തു് യാത്രയ്ക്കു് അനുകൂലിക്കാത്ത ഹൃദയത്തോടു കോപിച്ചു പറയുന്നു) എൻെറ ഹൃദയമേ! (നിനക്കു വിവേകമില്ല) മുമ്പൊക്കെ ഞാൻ അദ്ദേഹത്തോടു പിണങ്ങാറുണ്ടു്; ആ പിണക്കത്തെ പ്രേമാലിംഗനാദികളാൽ അദ്ദേഹം പരിഹരിച്ചിട്ടുണ്ടു്; ആ വിഷയത്തിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യമൊന്നു വേറെയാണു. അപ്രകാരം) മുഷിച്ചിലിനെ സരസപ്രയോഗത്താൽ മാററാൻ പ്രത്യേകസാമർത്ഥ്യമുള്ള അദ്ദേഹത്തെ കണ്ടാൽ ഞാനൊന്നു പിണങ്ങും; (എങ്കിലും ഞാൻ അദ്ദേഹത്തിൻെറ ചവിട്ടടിയിൽനിന്നും) മാറുകയില്ല; അപ്രകാരമിരിക്കെ, നീ അദ്ദേഹത്തെ—നിഷ്ഠുരനെന്നു മററും അനാവശ്യമായി പഴിക്കുന്നു; അതൊന്നും പാടില്ല; വേഗംപുറപ്പെടുക! (കാമശാസ്ത്രപടുവായ നായകനു നായികയുടെ പിണക്കത്തെ മാററാൻ പ്രത്യേക വൈദഗ്ദ്ധ്യമുണ്ടെന്നു സൂചിപ്പിച്ചിരിക്കുന്നു)

കാമംവിട്ടൊൻറോ നാൺവിട്ടനന്നെഞ്ചേ
യാനോപൊറേനിവ്വിരണ്ടു. ൭

സാ—(നായകൻെറ വാസസ്ഥലത്തു വലിയേപോകാൻ ലജ്ജിക്കുന്ന ഹൃദയത്തോടു നായികപറയുന്നു) നല്ലൊരു ഹൃദയമേ! കാമത്തെ വിടുകയെന്നുള്ളതൊന്നു്; ലജ്ജയെ വിടുകയെന്നുള്ളതു മറെറാന്നു (ഇതിലേതെങ്കിലും ഒന്നിനോടു് അനുകൂലിക്കുക)

എനിക്കാണെങ്കിൽ രണ്ടിനേയും താങ്ങാനുള്ള ശക്തിയില്ല. (ഹൃദയമേ! ഒന്നുകിൽ നീ കാമത്തെ വിടണം, അല്ലെങ്കിൽ ലജ്ജയെ വിടണം; രണ്ടിലൊന്നു ചെയ്യേണ്ടതാണ്; അന്യോന്യശത്രുക്കളായ ഈ രണ്ടിനേയും വച്ചു പുലർത്താൻ എനിക്കു ശക്തിയില്ല; ഒന്നുകിൽ കാമത്തെ ഉപേക്ഷിച്ചിട്ട് അടങ്ങിയിരിക്കണം; അല്ലെങ്കിൽ സങ്കോചത്തെ വെടിഞ്ഞു നായകന്റെ വാസസ്ഥലത്തേക്കു പുറപ്പെടണം.—എന്നു താല്പര്യം.)

പരിന്തവർനൽകാരെന്റേറ ങ്കിപ്പിരിന്തവർ
പിൻചെൽവായ് പേതൈയെന്നെഞ്ചു. ൮

സാ—(നായകന്റെ വാസസ്ഥലത്തേക്കു പോകാൻ ഹൃദയത്തോടു ശഠിക്കുന്നു.) അറിവില്ലാത്ത ഹൃദയമേ! അദ്ദേഹം അനുഭാവത്തോടുകൂടി മടങ്ങിവന്നു ദയകാട്ടാത്തതു് നമ്മുടെ അന്തസ്താപത്തെ അറിയാഞ്ഞിട്ടാണെന്നു സമാധാനിച്ച്, ദൂരദേശത്തു പിരിഞ്ഞുതാമസിക്കുന്ന അദ്ദേഹത്തെ സഖേദം അന്വേഷിച്ചുചെല്ലുക! (നാം അനുഭവിക്കുന്ന വിരഹതാപത്തെക്കുറിച്ച് അദ്ദേഹത്തിനു് അറിവുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും വരാതിരിക്കയില്ല; അതുകൊണ്ട് വന്നില്ലെന്നുള്ള കാരം ചുമത്തി അദ്ദേഹത്തെ വൃഥാ പഴിക്കാതെ, നീ ഉടനെ പുറപ്പെട്ടു ചെല്ലുക.)

ഉള്ളത്താർകാതലവരാക വുള്ളിനീ
യാരുഴൈച്ചേറിയെന്നെഞ്ചു ൯

സാ—(നായകന്റെ പാർപ്പിടത്തെ അന്വേഷിച്ചു പുറപ്പെടണമെന്നു നിശ്ചയിച്ച ഹൃദയത്തോടു നായിക പറയുന്നു.) എന്റെ ഹൃദയമേ! നായകൻ നിന്നിൽ കുടികൊള്ളുന്നു എന്നു അറിവുണ്ടായിരുന്നിട്ടും, നീ അദ്ദേഹത്തെ അന്വേഷിച്ച് എവിടെയാണു പോകുന്നതു്? (നിന്നിൽത്തന്നെ വസിക്കുന്ന നായകനെ അന്യത്ര അന്വേഷിച്ചുപോകുന്നതിൽ എന്തർത്ഥമാണുള്ളതു്? നിന്നിൽത്തന്നെ നോക്കുക! നായകനെ അവിടെക്കാണാം—എന്നുതാല്പര്യം.)

തുന്നാത്തുറന്താരെനെഞ്ചത്തുടൈയേമാ
വിന്നുമിഴത്തുങ്കവിൻ. ൧൦

സാ—(തീരെ ദയയില്ലാതെ പിരിഞ്ഞുപോയ നായകനെ മറന്നു വിരഹതാപത്തെ സഹിച്ചു വസിക്കണമെന്നു നിശ്ചയിച്ച ഹൃദയത്തോടു നായിക പറഞ്ഞതു്) നമ്മെ വേണ്ടെന്നമട്ടിൽ പിരിഞ്ഞുപോയ നായകനെ നാം മനസ്സിൽ കുടിയിരുത്താതിരിക്കുന്നതു് അകത്തെ സൌന്ദര്യത്തെക്കൂടി നശിപ്പിക്കയായിരിക്കും. (അദ്ദേഹം സ്നേഹമില്ലാതെ പിരിഞ്ഞുതാമസിക്കുന്നു എങ്കിലും നമുക്ക് അദ്ദേഹത്തിലുള്ള സ്നേഹത്തെ കൈവിടാൻ പാടില്ല. അദ്ദേഹം പിരിഞ്ഞു താമസിക്കുന്നതുകൊണ്ട് തജ്ജന്യമായ ഖേദം ബാഹ്യമായ സൌന്ദര്യത്തെ മാത്രമേ നഷ്ടപ്പെടുത്തിയിട്ടുള്ളു. നായകന്റെ സ്നേഹത്തെ നാം ഉപേക്ഷിച്ചാൽ അകത്തെ സൌന്ദര്യവും നഷ്ടമാകും. ഭർത്തൃസ്നേഹമില്ലാത്തവളെന്നു ലോകർ അപവദിക്കും. ആ അപവാദം പതിവ്രതകൾ സമ്പാദിച്ചുകൂടാ, പതിവ്രതകൾ ഭർത്താവു എത്രദയയില്ലാതെ പ്രവർത്തിച്ചാലും ഭർത്താവിനെ ഹൃദയപൂർവം സ്നേഹിക്കുക തന്നെവേണം. അതത്രേ അകത്തെ സൌന്ദര്യം; അതിനെക്കാൾ ഔൽക്കൃഷ്ട്യം പുറത്തെ സൌന്ദര്യത്തിനില്ല.)

## നൂററിഇരുപത്താറാം അധികാരം.

### നിറൈയഴിതൽ—ധൈര്യക്ഷയം.

കാമക്കണിച്ചിയുടൈക്കു നിറൈയെന്നും
നാണത്താഴ്വീഴ്ത്തകതവു.

സാ—(ലജ്ജയും ധൈര്യവും നശിക്കാനിടയാകാതെ കാമതാപത്തെ സഹിക്കണമെന്ന് ഉപദേശിച്ച തോഴിയോടു നായിക പറഞ്ഞത്); ലജ്ജയാകുന്ന താഴിട്ടു ധൈര്യമാകുന്ന കതകിനെ കാമതാപമാകുന്ന വെൺമഴു വെട്ടിപ്പൊളിക്കുന്നു (സങ്കോചമെന്ന താഴിട്ടു സുരക്ഷിതമാക്കിയ ധൈര്യമെന്ന കവാടത്തെ കാമവേദനയാകുന്ന കോടാലി വെട്ടിപ്പൊളിക്കുന്നു; ഞാനെന്തുചെയ്യട്ടെ! അതിനെ തടയാനുള്ള ശക്തി എനിക്കില്ല. ധൈര്യത്തെ നശിപ്പിക്കാനുള്ള ശക്തി കാമത്തിനുള്ളതിനാൽ കാമത്തിനു കോടാലിയെന്നും, ധൈര്യമുണ്ടെങ്കിൽ, മനോവികാരങ്ങളെ പരന്മാരെ അറിയിക്കാതെ കഴിക്കാമെന്നുള്ളതുകൊണ്ടു ധൈര്യത്തിനു - മനസ്സിന്റെ — കവാടമെന്നും, ലജ്ജയുണ്ടെങ്കിൽ ധൈര്യം നശിക്കാത്തതിനാൽ ലജ്ജയ്ക്കു—ധൈര്യകവാടത്തിന്റെ താഴെന്നും വിവക്ഷ.)

കാമമെനവൊന്റോ കണ്ണിൻറന്നെഞ്ചത്തെ
യാമത്തുമാളുന്തൊഴിൽ. ൨

സാ—(കാമത്തെ അടക്കാനുള്ള ശക്തി മനസ്സിനുണ്ടെന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം.) അർദ്ധരാത്രിയിലും എന്റെ മനസ്സിനെ പ്രവൃത്തിയിൽ ഏർപ്പെടുത്തുന്നു; അയ്യോ! കാമമെന്നു പറയപ്പെടുന്ന ഒന്നിനു ദയയെന്നുള്ളതില്ല. (അയ്യോ! നീ അങ്ങനെ പറയരുത്; കാമം എന്നുപറയപ്പെടുന്ന ഒന്നിനുമാത്രം ദയയില്ല. എല്ലാവരും അവരവരുടെ ജോലികളിൽനിന്നും വിരമിച്ചു സുഖമായി നിദ്രചെയ്യുന്ന അർദ്ധരാത്രിയിൽപോലും ആ കാമം നിർദ്ദയമായിട്ടു എന്റെ ഹൃദയത്തെ മാത്രം പ്രവർത്തിപ്പിക്കുന്നു. അത്രത്തോളം ശക്തിയുള്ള ആ കാമത്തെ അടക്കാൻ എന്റെ മനസ്സിനു കഴിവില്ല. ഉണ്ടെന്നുപറഞ്ഞതു നീ പരമാർത്ഥം അറിയാഞ്ഞിട്ടാണ്)

മറൈപ്പേൻമർ കാമത്തൈയാനോക്കുറിപ്പിൻറി-
ത്തുമ്മൽ പോറ്റോന്റിവിടും. ൩

സാ—(സ്ത്രീകൾ കാമത്തെ മറയ്ക്കണം എന്നു ഉപദേശിച്ച തോഴിയോടു നായികയുടെ സമാധാനം) കാമത്തെ ഞാൻ മറയ്ക്കുന്നു; എന്നാൽ എന്റെ ഉദ്ദേശത്തിനു വിപരീതമായി തുമ്മൽ എന്നപോലെ, അയ്യോ! അതു വെളിയിൽ ചാടുന്നു. (നീ പറഞ്ഞതുപോലെ കാമത്തെ ഞാൻ മറയ്ക്കുന്നുണ്ട്; എന്നാൽ അതു് എന്റെ പിടിയിലടങ്ങാതെ തുമ്മലിനെപ്പോലെ ഝടിതിയിൽ പുറത്തു ചാടിപ്പോകുന്നു ഞാനെന്തുചെയ്യട്ടെ!)

നിറൈയുടൈയേ നെൻപേൻമൻയാനോവെൻകാമ
മറൈയിറന്തുമൻറുപടും. ൪

സാ—("നിനക്കു കാമത്തെ അടക്കാനുള്ള മനോധൈര്യമില്ലേ?" എന്നു ചോദിച്ച തോഴിയോടു നായികപറഞ്ഞത്.) ഞാൻ ധൈര്യമുള്ളവളാണെന്നു പറയാം; എന്നാൽ എന്റെ കാമം മറച്ച സ്ഥാനത്തുനിന്നും തെറ്റി, അയ്യോ! വെളിയിൽ ചാടുന്നു. (ഞാൻ എന്തുചെയ്യട്ടെ! തനിക്കു ധൈര്യമില്ലാഞ്ഞിട്ടല്ലെന്നും തന്റെ പിടിയിൽ അടങ്ങാത്ത ശക്തി അതിനുള്ളതുകൊണ്ടു വെളിക്കു ചാടുകയാണെന്നും ഭാവം)

ചെററാർപിൻചെല്ലാ പ്പെരുന്തകൈമൈകാമനോ-
യുററാരറിവതൊൻറന്റു. ൫

സാ—('നമ്മെ മറന്നു പിരിഞ്ഞുതാമസിക്കുന്ന നായകനെ നാമും മറന്നുകളയണം; അതിനുള്ള മനോധൈര്യം സ്ത്രീകൾക്കു വേണ്ടതാണ്." എന്ന് ഉപദേശിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം) നമ്മെപ്പിരിഞ്ഞുപോയ നായകന്റെ പിന്നാലെ ചെല്ലാതെ അടങ്ങിപ്പാർക്കാനുള്ള ധൈര്യം, കാമവേദനയുള്ളവർക്ക് അനുസ്മരിച്ചുകൂടാത്തതാകുന്നു.

ചെററവർപിൻചേറൽ വേണ്ടിയളിത്തരോ
വെററന്നെയുററതുയർ. ൬

സാ —(പിരിഞ്ഞുപോയ നായകന്റെ പിന്നാലെ ചെല്ലുന്നതു് അന്തസ്സാരമില്ലായ്മയാണെന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം) എന്നെ പിരിഞ്ഞുപോയി ദൂരദേശത്തു താമസിക്കുന്ന നായകനെത്തേടിച്ചെല്ലുന്നതിനാൽ എന്റെ കാമവേദന അതിശ്ലാഘനീയമാണ്. (പിരിഞ്ഞു താമസിക്കുന്ന ഭർത്താവിനെ തേടിച്ചെല്ലുന്നതിനു പ്രേരിപ്പിക്കുന്ന കാമവേദന ശ്ലാഘനീയമാകുന്നു. അതു് അന്തസ്സാരമില്ലായ്മയാണെന്നു ആരും വ്യാഖ്യാനിക്കുകയില്ല; ഭർത്താവിനെത്തേടിച്ചെല്ലാതെ മാർഗ്ഗാന്തരങ്ങളാൽ കാമവേദനയെ പരിഹരിക്കുന്നുവെങ്കിൽ അതിനെയായിരിക്കും അന്തസ്സാരമില്ലായ്മയെന്നു പറയുന്നതും പറയേണ്ടതും—എന്നു ഭാവം)

നാണെനവൊന്റോ വറിയലങ്കാമത്താർ
പേണിയാർപെട്ടപചെയിൻ. ൧

സാ— (വേശ്യാഗൃഹത്തിൽനിന്നും മടങ്ങിവന്ന ഭർത്താവിനോടു് എന്തുകൊണ്ടു കലഹിച്ചില്ലെന്നു ചോദിച്ച തോഴിയോടു നായികയുടെ സമാധാനം) എന്റെ പ്രേമഭാജനമായ നായകൻ (മടങ്ങിവന്നു്) കാമസംബന്ധമായ എന്റെ ആഗ്രഹങ്ങളെ സാധിക്കുമ്പോൾ, ലജ്ജാകരമായ അവക സംഗതികളൊന്നും എന്റെ ഓർമ്മയിൽ പെട്ടില്ല. (അവക നിസ്സാരസംഗതികളെപ്പററിയുള്ള ഓർമ്മ എനിക്കു് ഉണ്ടാകുതെയില്ല അഭിലാഷസാദ്ധ്യതാൽ മനസ്സു് ആനന്ദസാഗരത്തിൽ നീന്തിക്കളിക്കുകയായിരുന്നു അതുകൊണ്ടു് അതിനെപ്പററി ഓർക്കുന്നതിനും ചോദിക്കുന്നതിനും ശണ്ഠകൂട്ടുന്നതിനുമൊന്നുമിടയായില്ല—എന്നു ഭാവം.)

പൻമായക്കൾവൻപണിമൊഴിയൻറോനം
പെൺമൈയുടൈക്കും പടൈ. ൨

സാ—(വേശ്യാഗൃഹത്തിൽനിന്നും മടങ്ങിവന്ന നായകന്റെ രതിക്രീഡയ്ക്കു് അനുകൂലിക്കാതിരിക്കാനുള്ള മനഃസ്ഥൈര്യം നിനക്കു എന്തുകൊണ്ടു് ഉണ്ടായില്ലെന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം) സ്ത്രീത്വമാകുന്ന സ്ഥൈര്യക്കോട്ടയെ ഭേദിക്കാൻ ശക്തിയുള്ള ആയുധം പല കള്ളംപറഞ്ഞു ഫലിപ്പിക്കാൻ സാമർത്ഥ്യമുള്ള ഭർത്താക്കന്മാരുടെ വിനയമൊഴികളല്ലേ? (മററൊരായുധത്താലും ഭേദിക്കപ്പെടാത്ത എന്റെ ധൈര്യദുർഗ്ഗത്തെ, ഭർത്താവു തന്റെ കപടവാക്കുകളും വിനയവാക്കുകളുമാകുന്ന ആയുധങ്ങളെക്കൊണ്ടു തകർത്തു് എന്നെ വശത്താക്കിക്കൊണ്ടു; അല്ലാതെ ഞാൻ കീഴ്പ്പെട്ടതല്ല—എന്നു ഭാവം.)

പുലപ്പലെനച്ചെൻറൻപുല്ലിനേ നെഞ്ചം-
കലത്തലുറുവതുകണ്ടു. ൩

സാ—("നീ അദ്ദേഹത്തിന്റെ വാക്കുകൾക്കു ചെവികൊടുക്കാതെയും അദ്ദേഹത്തിന്റെ അടുത്തു നിൽക്കാതെയും എന്തുകൊണ്ടു് ഒഴിഞ്ഞുമാറിയില്ല?" എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) അദ്ദേഹത്തോടു സഹകരിക്കാതെ പിണങ്ങിയിരിക്കണമെന്നു കരുതി, മുമ്പിൽ നിൽക്കാതെ മറെറാരു ഭാഗത്തേക്കു പോയി; (നിമിഷാന്തരത്തിൽ) എന്റെ ഹൃദയം എന്നെ വലിച്ചിഴച്ചുകൊണ്ടുചെന്നു് അദ്ദേഹത്തെ പരിരംഭണം ചെയ്യിപ്പിച്ചു (അപ്പുറീക്ഷയും നടത്താതിരുന്നില്ലെന്നു ഭാവം.)

നിണത്തീയിലിട്ടന്ന നെഞ്ചിനാർക്കുണ്ടോ
പുണർന്തൂടി നിർപേമെനൽ. ൪

സാ—(മനഃസ്ഥൈര്യമില്ലായ്മ സ്ത്രീത്വത്തിനു ഹാനികരമാണെന്നു പറഞ്ഞ തോഴിയോടു നായിക പറഞ്ഞ സമാധാനം) തീയിലിട്ട കൊഴുപ്പുപോലെ നായകനെ കണ്ടാൽ ഉരുകുന്ന ഹൃദയത്തോടുകൂടിയ സ്ത്രീജാതിക്കു്, പിണങ്ങിയിരുന്നതിനു ശേഷമേ രതിക്രീഡയ്ക്കു് അനുകൂലിക്കയുള്ളു എന്നു വാശിയുണ്ടാകുന്നതാണോ? (കൊഴുപ്പു തീയിലിട്ടു

മാത്രയിൽ ഉരുകുന്നു; അതുപോലെ ഭർത്താവിനെക്കണ്ട മാത്രയിൽ സ്ത്രീകളുടെ മനസ്സുരുകുന്നു; അപ്രകാരമുള്ള മനസ്സിൽ രതിക്രീഡയ്ക്കു് അനുകൂലിക്കാതെ പിണങ്ങിനിൽക്കാനുള്ള വാശിയുണ്ടാവുകയില്ല—എന്നു ഭാവം.)

.................................

## നൂററിയിരുപത്തേഴാം അധികാരം.

### അവർവയിൻ വിതുമ്പൽ__പരസ്പരസാന്നിദ്ധ്യകാംക്ഷ.

---

വാളററുപ്പുർ കെൻറകണ്ണുമവർചെൻറ
നാളൊററിത്തേയ്ന്തവിരൽ. ൧

സാ—(ദൂരദേശത്തിൽ പോയിരിക്കുന്ന നായകൻെറ പ്രത്യാഗമനവിളംബത്തിൽ അക്ഷമയായി ഭവിച്ച നായിക തോഴിയോടു പറയുന്നു.) എൻെറ വിരലുകൾ, അദ്ദേഹം പോയദിവസംമുതൽ ചുവരിൽ കുറിയിട്ടു തേഞ്ഞു; മാത്രമല്ല, എൻെറ കണ്ണുകൾ അദ്ദേഹം വരുന്നവഴി നോക്കി പ്രകാശംകുറഞ്ഞു കാഴ്ച മങ്ങിപ്പോയി. (ഭർത്താവു ദൂരദേശത്തേക്കു പുറപ്പെട്ടുപോയ ദിവസംമുതൽ ഭിത്തിയിൽ നാൾ കുറിച്ചുകുറിച്ചു കൈവിരൽ തേയുകയും മടങ്ങി വരുന്നവഴിയിൽ ഇടവിടാതെ നോക്കിക്കൊണ്ടിരുന്നതിനാൽ കണ്ണുകളുടെ കാന്തിയും കാഴ്ചയും കുറയുകയും ചെയ്തു. ഇനി ഞാനെന്താണു വേണ്ടതു്?)

ഇലങ്കിഴായിൻറു മറപ്പിനെൻറോൾമേർ
കലങ്കഴിയുങ്കാരികൈ നീത്തു. ൨

സാ—("നീ ഇടവിടാതെ നായകനെ വിചാരിച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല; കുറച്ചൊക്കെ മറന്നപോലെ കഴിഞ്ഞുകൂടണം" എന്നു് ഉപദേശിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) മനോഹരങ്ങളായ ആഭരണങ്ങളും ധരിച്ചു മനസ്സന്തോഷത്തോടുകൂടി ഇന്നു ഞാൻ നായകനെ മറന്നിരുന്നാൽ, അടുത്തജന്മത്തിൽ എൻെറ സൌന്ദര്യം നശിച്ചു തോളിൽനിന്നും വളകൾ ഊരി വീഴുകയും ചെയ്യും (ഈ ജന്മത്തിൽ ഞാൻ ഉടുത്തൊരുങ്ങി ആഭരണങ്ങളണിഞ്ഞു സന്തോഷത്തോടുകൂടി ഭർത്താവിനെയും മറന്നിരുന്നാൽ അടുത്തജന്മത്തിലും ഭർത്തൃവിരഹക്ലേശത്താൽ, എൻെറ സൌന്ദര്യവും ശരീരവും ക്ഷയിക്കുന്നതാണു്. അവക കഷ്ടപ്പാടുകൾ ഈ ജന്മത്തിൽ സഹിച്ചാൽ അടുത്തജന്മത്തിൽ ഭർത്താവിനോടുകൂടി സകല സുഖഭോഗങ്ങളും അനുഭവിച്ചു ആനന്ദപൂർണ്ണമായ ജീവിതത്തെ നയിക്കാൻ ഇടയാകുമെന്നു ഭാവം.)

ഉരന്നചൈഇ യുള്ളന്തുണൈയാകച്ചെൻറാർ
വരന്നചൈഇ യിന്നുമുളേൻ. ൩

സാ—("ഇത്ര വലിയ ക്ലേശത്തെ അനുഭവിച്ചു നീ എങ്ങനെ ജീവിതം നയിക്കുന്നു?" എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം) ജീവിതവിജയത്തെ കാംക്ഷിച്ച സഹൃദയത്തിൻെറ സഹായത്തോടുകൂടി പോയിരിക്കുന്ന ഭർത്താവിൻെറ പ്രത്യാഗമനത്തെ ആഗ്രഹിക്കുന്നതിനാൽ ഞാൻ ഇന്നും ജീവിച്ചുപോരുന്നു (ഭർത്താവു് കാര്യസിദ്ധിയെ ഉദ്ദേശിച്ചു മനസ്സിൻെറ സഹായമല്ലാതെ മററു യാതൊരു സഹായവും കൂടാതെ പോയിരിക്കയാണു്; അദ്ദേഹം സുഖമായി മടങ്ങിവന്നു കാണണമെന്നുള്ള ആശ ഒന്നുമാത്രംകൊണ്ടാണു ഞാൻ ഇന്നും ജീവിച്ചുപോരുന്നതു്. അല്ലെങ്കിൽ മരിച്ചുപോകുമായിരുന്നു എന്നു ഭാവം.)

കൂടിയകാമം പിരിന്താർ വരവുള്ളി-
ക്കോടുകൊടേറുമെന്നെഞ്ചു. ൪

സാ—(വീണ്ടും പറഞ്ഞ സമാധാനം) പിരിഞ്ഞുപോയ നായകൻ കാമാതുരനായി വരുമെന്നുള്ള വിചാരമാണ്, എന്റെ മനസ്സ് താപത്തെ വിട്ടു മേൽക്കുമേൽ ഉത്സാഹഭരിതമായി ഭവിക്കുന്നത്.

കാൺകമർ കൊൺകണൈക്കണ്ണാരക്കണ്ടപി-
നീങ്കുമെൻമെൻറോട്ടുപചപ്പു. ൫

സാ—("വിരഹക്ലേശത്താൽ നിന്റെ അവയവങ്ങൾക്കു വൈവർണ്ണ്യം സംഭവിക്കുന്നു; അതിനു നീ ഇടയാക്കരുത്." എന്ന് ഉപദേശിച്ച തോഴിയോടു നായിക പറഞ്ഞത്.) എന്റെ കണ്ണുകൾക്കു കുളുർമ്മയുണ്ടാകണമെങ്കിൽ എന്റെ ഭർത്താവിനെ കാണണം; കണ്ടതിനുശേഷം എന്റെ മെലിഞ്ഞ തോളുകളിലെ വൈവർണ്ണ്യം നീങ്ങും. (എന്റെ ഭർത്താവിനെ കണ്ടാലല്ലാതെ അവയവങ്ങളുടെ വൈവർണ്ണ്യം മാറുകയില്ല—എന്നു ഭാവം.)

വരുകമർകൊൺക നൊരുനാട്പരുകുവൻ
പൈതനോയെല്ലാങ്കെട. ൬

സാ—(മനഃക്ലേശത്തെ മാറ്റുകയെന്നുപദേശിച്ച തോഴിയോടു നായിക പറഞ്ഞത്.) ഭർത്താവ് എന്നെങ്കിലും ഒരു ദിവസം വരാതിരിക്കയില്ല; വരുമ്പോൾ, ഈ ക്ലേശങ്ങളെല്ലാം തീരത്തക്കവണ്ണം ഞാൻ (ആ അമൃതത്തെ) ഭക്ഷിച്ചുകൊള്ളാം. (എന്റെ ഈ വ്യാധിക്കു മരുന്നെങ്കിൽ എന്റെ ഭർത്താവാകുന്ന അമൃതം ഒന്നുമാത്രമാണ്; എന്നെങ്കിലും ഒരിക്കൽ എനിക്കതു ലഭിക്കും; അപ്പോൾ അതു സേവിച്ചു ഈ വ്യാധിയെ ഞാൻ പരിഹരിച്ചുകൊള്ളാം—എന്നു ഭാവം.)

പുലപ്പേൻകൊൽപുല്ലുവൻ കൊല്ലോകലപ്പേൻകൊൽ
കണ്ണന്നകേളിർവരിൻ. ൭

സാ—(നായകൻ മടങ്ങിവരുമ്പോൾ നീ പിണങ്ങിയിരിക്കുമോ "അതല്ല മറ്റേതത്തെ സ്വാഗതം ചെയ്യുമോ?" എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം) എന്റെ കണ്ണുകളെപ്പോലെ സ്നേഹിക്കുന്ന ഭർത്താവു വരികയാണെങ്കിൽ, (വരാൻ താമസിച്ച കാരണത്താൽ) ഞാൻ പിണങ്ങിയിരിക്കുമോ, അതോ, ക്ഷമയില്ലാതെ പരിരംഭണം ചെയ്യുമോ, അതല്ല (രണ്ടും ആവശ്യമാകയാൽ) രണ്ടു കൂടി ചെയ്യുമോ? (ഒന്നും എനിക്കുതന്നെ നിശ്ചയമില്ല.)

വിനൈകലന്തുവെൻറീകവേന്തൻമനൈകലന്തു
മാലൈയയർകം വിരുന്തു. ൮

സാ—(കാന്തയെപ്പിരിഞ്ഞു യുദ്ധത്തിനുപോയിരിക്കുന്ന നായകന്റെ മനോഗതം) യുദ്ധം ചെയ്തു രാജാവു ജയിക്കാനിടയാകട്ടെ അസ്തമയത്തോടുകൂടി എനിക്കു വീട്ടിലെത്തി കാന്തയെക്കണ്ടു വിരുന്തു നടത്താം (യുദ്ധത്തിനു പോയിരിക്കുന്ന നായകൻ ആപത്തുകൂടാതെ മടങ്ങിവന്നാൽ സന്തോഷപൂർവം സൽക്കാരങ്ങൾ ഉണ്ടായിരിക്കും.)

ഒരുനാളെഴുനാൾപോർ ചെല്ലുമ്ചേട്ചെൻറാർ
വരുനാൾവൈത്തേങ്കുപവർക്കു. ൯

സാ—(നായികയെപ്പിരിഞ്ഞു വിദൂരത്തു താമസിക്കുന്ന നായകന്റെ മനോഗതം.) ദൂരയാത്രയ്ക്കുപോയ ഭർത്താവിന്റെ പ്രത്യാഗമനദിവസത്തെ എണ്ണിയെണ്ണിക്കഴിയുന്ന നായികമാർക്ക് ഒരുദിവസം ഏഴുദിവസത്തെപ്പോലെ തോന്നുന്നതാണ്. (ഈ ഒരു ചിന്തയിൽ തന്നെ കഴിഞ്ഞുകൂടുന്നതുകൊണ്ട് ദിവസങ്ങൾക്കു ദൈർഘ്യം തോന്നുമെന്നു വിവക്ഷ.)

പെറിനെന്നാം പെററക്കാലെന്നാമുറിനെന്നാ-
മുള്ളമുടൈന്തുക്കക്കാൽ. ൧൦

സാ—(വിരഹിണിയായനായികയുടെ സമീപത്തിൽചെല്ലുന്നതിനകാൎയ്യാന്തരങ്ങളാൽ കാലവിളംബം നേരിടുന്ന നായകൻെറ മനോഗതം.) നായിക വിരഹതാപത്താൽ ഹൃദയം തകൎന്നു മരിച്ചതിനുശേഷം എൻെറ സാന്നിദ്ധ്യത്തിനു സംഗതിയായതുകൊണ്ടു് എന്തുഫലം? സാന്നിദ്ധ്യം ഉണ്ടായാൽത്തന്നെ എന്തുഫലം? ഗാഢാശ്ലേഷംകൊണ്ടു് എന്തുഫലം? (മരിച്ചതിനുശേഷം ഒന്നുകൊണ്ടും യാതൊരു ഫലമില്ലെന്നും അതിനാൽ കഴിയുംവേഗത്തിൽ യാത്രാതടസ്സങ്ങളെപ്പരിഹരിച്ചിട്ടു പുറപ്പെടണമെന്നും ഭാവം)

## നൂററിയിരുപത്തെട്ടാം അധികാരം.

### കുറിപ്പറിവുറുത്തൽ—ചേഷ്ടാനുമാനം,

കരപ്പിനുമ്മൈയികന്തൊല്ലാനിന്നുൺക-
ണുരൈക്കലുറുവതൊൻറുണ്ടു. ൧

സാ—(വേൎപാടിനുശേഷം തമ്മിൽചേൎന്ന നായികാനായകന്മാരിൽ നായകൻ രതിക്രീഡയിൽ അത്യാസക്തിയോടുകൂടി പ്രവൎത്തിക്കുന്നതുകൊണ്ടു്, ഇനിയും വേൎപാടിനിടയുണ്ടെന്നു ഭയന്ന നായികയുടെ മനോഗതമറിഞ്ഞ നായകൻ ചോദിക്കുന്നു) മറച്ചുവയ്ക്കുന്നുവെങ്കിലും, അതിനെ ലംഘിച്ച ഭവതിയുടെ മൈക്കണ്ണുകൾ എന്നോടു് ഒന്നു പറയുന്നു. (ഭവതിയുടെ മനോഗതത്തെ എന്നിൽനിന്നും മറയ്ക്കുന്നുണ്ടെങ്കിലും ഭവതിയുടെ മൈക്കണ്ണുകൾ അതിനെഎന്നോടുപറയുന്നു; അതെന്താണെന്നു് ഇനി ഭവതി പറയുക.

കണ്ണിറൈന്ത കാരികൈക്കാമ്പേർതോട്പേതൈക്കു-
പ്പെണ്ണിറൈന്ത നീർമൈപെരിതു. ൨

സാ—(നായിക തൻെറ മനോഗതത്തെ സങ്കോചത്താൽ വെളിപ്പെടുത്താഞ്ഞതിനാൽ നായകൻ തോഴിയോടു പറയുന്നു) എൻെറ കണ്ണുകളെക്കവരുന്ന സൌന്ദൎയ്യവും മുളയോടൊത്ത തോളുകളുമുള്ള നിൻെറ സഖിക്കു്, സ്ത്രീസഹജമായ അറിവില്ലായ്മ കൂടുതലാണു്. (മററുള്ള സ്ത്രീകളെക്കാൾ കൂടുതലായ അറിവില്ലായ്മയുണ്ടെന്നു തല്പൎയ്യം. താൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനെ സംശയിച്ചതു തെററാണു്; അതിനെ വെളിയിൽ പറയാതിരിക്കുന്നതു തെററാണു്; രണ്ടുതെററു് അറിവില്ലായ്മയുടെ കൂടുതൽകൊണ്ടു സംഭവിച്ചതാണെന്നു ഭാവം)

മണിയിററികഴ്‌തരു നൂൽപോൻമടന്തൈ
യണിയിററികഴ്‌വതൊൻറുണ്ടു. ൩

സാ—(നായകൻ തോഴിയോടു നായികയെക്കുറിച്ചു പറയുന്നു) കോൎക്കപ്പെട്ടസ്ഫടികമണികളിൽക്കൂടി കാണപ്പെടുന്ന ചരടുപോലെ, നിൻെറ സഖിയായ ഈ സുന്ദരിയുടെ സൌന്ദൎയ്യപൂരത്തിനകത്തുനിന്നും പുറത്തുതെളിഞ്ഞുകാണപ്പെടുന്നതൊന്നുണ്ടു്. (നായികയുടെ ഒരു സംശയം ആ നിൎമ്മലമായ സൌന്ദൎയ്യത്തിലൂപ്പിൽക്കൂടി പുറത്തുകാണപ്പെടുന്നു അതെന്താണെന്നു നീ ചോദിച്ചറിയുക! ഞാൻ ചോദിച്ചതിനു പറയുന്നില്ല.)

മുകൈമൊക്കുള്ളുള്ളതു നാററംപോർപേതൈ
നകൈമൊക്കുളുള്ളതൊൻറുണ്ടു. ൪

സാ—(നായികയുടെ അജ്ഞാനമായ മനോഭാവത്തെക്കുറിച്ചു നായകൻ തോഴിയോടു പറയുന്നു.) മൊട്ടിൻെറ കാമ്പിനുള്ളിൽ (വെളിക്കു പുറപ്പെടാതെ) അടങ്ങിയിരിക്കുന്ന സൌരഭ്യം എന്നവണ്ണം, നിൻെറ സഖിയുടെ ചിരിയാകുന്ന മൊട്ടിനകത്തു് അടങ്ങിയിരിക്കുന്നതൊന്നുണ്ടു്. (പൂമൊട്ടിൻെറ കാമ്പിനുള്ളിൽ സൌരഭ്യമെന്നപോലെ നിൻെറസ

ഖിയുടെ പുഞ്ചിരിക്കുള്ളിൽ സംശയാപന്നമാനനമായ ഹൃദയം അടങ്ങിയിരിക്കുന്നു; അതു് അപ്പുഞ്ചിരിയിൽ തെളിഞ്ഞുകാണുന്നുണ്ടു്; അതെന്താണെന്നു എനിക്കു നിശ്ചയമില്ല. നീ ഒന്നു ചോദിച്ചറിയുക!)

ചെറിതൊടി ചെയ്തിറന്തകള്ളമുറുത്തുയർ
തീക്കുമരുന്തൊൻറുടൈത്തു. ൫

സാ—(നായികയുടെ ആ കള്ളമായ മനഃസ്ഥിതി ഒരു പ്രകാരത്തിൽ തനിക്കു ഗുണകരമായിത്തീർന്നു എന്നു നായിക തോഴിയോടു പറയുന്നു.) ഞെരുങ്ങിയ വളകളോടുകൂടിയ നായിക ഞാൻ ഉദ്ദേശിച്ചിട്ടില്ലാത്ത വേർപാടിനെ വിചാരിച്ചതു തെററാണു്; ഒരു പ്രകാരത്തിൽ അതു നായികയുടെ ദുഃഖത്തെ പരിഹരിക്കാനുതകുന്ന മരുന്നാകുന്നു (താൻ വേർപെടുകയില്ലെന്നുള്ള പരമാർത്ഥം തോഴിമുഖേന അറിയിക്കാനിടയാക്കി എന്നുള്ളതിനാൽ, നായകന്റെ വേർപാടുണ്ടാകുമെന്ന ക്ലേശത്തെ പരിഹരിക്കാനുള്ള മരുന്നാണു് ആ വിചാരം എന്നു വിവക്ഷ.)

പെരിതാററിപ്പെട്ടപക്കലത്തലരിതാററി
യൻപിൻമൈച്ചൂഴ്വതുടൈത്തു. ൬

സാ—(നായകന്റെ വേർപെടുണ്ടാകുമെന്നു സംശയിക്കാൻ കാരണമെന്തെന്നു ചോദിച്ച തോഴിയോടു നായികപറഞ്ഞ സമാധാനം) (മടങ്ങിവന്ന നായകൻ, തന്റെ വേർപാടിനാലുണ്ടായ എന്റെ സകല ദുഃഖങ്ങളെയും) നിശ്ശേഷം പരിഹരിച്ചിട്ടു്, അഭിലഷണീയമാംവണ്ണം നടത്തിയ രതിക്രീഡയാകട്ടെ, എന്നെ ഒട്ടേറെ കഷ്ടപ്പെടുത്തിയ വേർപാടിനു കാരണമായിരുന്ന അദ്ദേഹത്തിന്റെ സ്നേഹമില്ലായ്മയെ ഓർമ്മിപ്പിക്കത്തക്ക സ്വഭാവത്തോടുകൂടിയതാകുന്നു. (വീണ്ടും വേർപാടുണ്ടാകുമെന്ന സംശയത്തെ ജനിപ്പിക്കാൻ പര്യാപ്തമായിരുന്നു എന്നു ഭാവം.)

തണ്ണന്തുറൈവൻറണന്തമൈനമ്മിനു
മുന്നമുണർന്തവളൈ. ൭

സാ—(തുടർന്നു പറഞ്ഞതു്) കുളുർമ്മയുള്ള അംഗങ്ങളോടുകൂടിയ നായകന്റെ വേർപാടിനെ (ശരീരംകൊണ്ടു വേർപെട്ടില്ലെങ്കിലും മനസ്സുകൊണ്ടുണ്ടായിട്ടുള്ള വേർപാടിനെ-ഉദ്ദേശിച്ചിരിക്കുന്ന ഭാവിയായ വിരഹത്തെ) ഇടവിടാതെ സഹവസിക്കുന്ന ഈ എന്നേക്കാൾ മുമ്പിൽ ഈ വളകൾ അറിഞ്ഞു. (പിരിയുമെന്നറിഞ്ഞ തോളുകൾ മെലിഞ്ഞു തോൾവളകൾ ഊരി കണ്ടപ്പോഴാണു ഞാനറിയുക—എന്നുഭാവം.)

നെരുനററുച്ചെൻറാരെങ്കാതലർയാമു-
മെഴുനാളേമേനിപചന്തു. ൮

സാ—("നായകന്റെ വേർപാടുണ്ടാകുമെന്നു വിശ്വസിച്ചുവോ?" എന്നു ചോദിച്ചതിനുള്ള സമാധാനം.) എന്റെ കാമുകൻ ഇന്നലെതന്നെ പിരിഞ്ഞുപോയി; ആ വിരഹത്താൽ എന്റെ ശരീരത്തിനു വൈവർണ്ണ്യം സംഭവിച്ചിട്ടു് ഇന്നേക്കു ഏഴു ദിവസമായി. (വേർപെടുമെന്നുള്ള സംശയം ജനിച്ചിട്ടു് ഏഴു ദിവസങ്ങളാകയാൽ ശരീരത്തിനു വൈവർണ്ണ്യം സംഭവിച്ചിട്ടു ഏഴു ദിവസങ്ങളായി എന്നും ഇന്നലെ ആ സംശയം ബലപ്പെട്ടതിനാൽ ഇന്നലെത്തന്നെ പിരിഞ്ഞുപോയി എന്നും ഭാവം.)

തൊടിനോക്കിമെൻറോളുനോക്കിയടിനോക്കി
യതാണ്ടവൾചെയ്തതു. ൯

സാ—(നായകൻ ദൂരദേശത്തേക്കു പോകുന്നവിവരം മുൻകൂട്ടിയറിഞ്ഞു ദുഃഖിക്കുന്ന നായികയുടെ ദുഃഖപരിഹാരാർത്ഥം തോഴി പെണ്ണു നായകനോടു പറയുന്നു) എന്റെ സഖി ഊരിവീഴുന്ന വളകളെ നോക്കിയും അതിനിടയാക്കിയ മെലിഞ്ഞ തോളുകളെ നോ

കിയും, ഇവയ്ക്കു രണ്ടിനും കാരണഭൂതനായ അങ്ങയോടു പിരിഞ്ഞുപോകരുതെന്ന അപേക്ഷാൎത്ഥത്തിൽ അവളുടെ പുവടുകളെ നോക്കിയും ഉള്ള ഭാവനകൾ ദയനീയതയെ സൂചിപ്പിക്കുന്നു. (അതുകൊണ്ടു അങ്ങു പോകാൻപാടില്ല എന്നു താല്പൎയ്യം. നായകനോട് അപേക്ഷിക്കുന്ന ഭാവത്തിൽ ചുവടുകളെ നോക്കുന്നതു്, തന്റെ സകല സുഖദുഃഖങ്ങൾക്കും അടിസ്ഥാനം നായകനാണെന്നുള്ള അൎത്ഥത്തോടുകൂടിയാകുന്നു.)

പെണ്ണിനാർ പെൺമൈയുടൈത്തെൻപ കണ്ണിനാർ
കാമനോയ് ചൊല്ലിയിരവു- ൧൦

സാ—(നായികയ്ക്കു് അന്തസ്താപത്തിനു കാരണമായിത്തീരാവുന്ന വേർപാടിനു താൻ തുനിയുന്നില്ലെന്നു നായകൻ തോഴിയോടു സൂചിപ്പിച്ചുപറയുന്നു.) കാമവേദനയെ കണ്ണുകൊണ്ടു പറഞ്ഞു കാമിനോടു് അപേക്ഷിക്കുകയെന്നതു് സ്ത്രീത്വത്തിൽവച്ചു് സ്ത്രീത്വമാണെന്നു പറയപ്പെടുന്നു. (അത്രത്തോളം സ്നേഹാൎദ്രയായ നായികയെ പിരിഞ്ഞു താൻ പോകുന്നില്ലെന്നും ഈ സംഗതി ഉടനെ നായികയെ തെര്യപ്പെടുത്തണമെന്നും ഭാവം.)

---

## നൂററിഇരുപത്തൊൻപതാം അധികാരം.

## പുണൎച്ചിവിതുമ്പൽ—രതികാംക്ഷ.

---

ഉള്ളക്കളിത്തലു ങ്കാണമകിഴ്തലു-
ങ്കള്ളുക്കിൽ കാമത്തിർകുണ്ടു. ൧

സാ—("രതിക്രീഡാവസരത്തിൽ, ചേഷ്ടാവിശേഷങ്ങളാൽ നായകന്റെ വേർപാടിൽ സന്ദേഹം ജനിച്ചു എങ്കിൽ നീ എന്തുകൊണ്ടു പിണക്കം കാട്ടിയില്ല?" എന്നു നേരംപോക്കായി ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം) ഓൎക്കുന്ന മാത്രയിൽ മനസ്സിനെ ഇളക്കുക, കാണുന്നമാത്രയിൽ ബുദ്ധിയെ മയക്കുക ഇവ രണ്ടും മദ്യത്തിനില്ല; കാമത്തിനുണ്ടു്. (ആ സ്ഥിതിക്കു് പിണങ്ങാൻകഴിയുന്നതെങ്ങനെ? മദ്യം കുടിച്ചെങ്കിൽ മാത്രമേ മനസ്സിനെ ഇളക്കുകയും ബുദ്ധിയെ മയക്കുകയും ചെയ്യുകയുള്ളു. അതിനാൽ മദ്യത്തെക്കാൾ ശക്തി കാമത്തിനുണ്ടെന്നു ഭാവം.)

തിനൈത്തുണൈയുമൂടാമൈവേണ്ടും പനൈത്തുണൈയുങ്-
കാമനിറൈയവരിൻ. ൨

സാ—(മുടൻപറഞ്ഞതു്) പനയിലും വലിയ കാമമുണ്ടെങ്കിൽ തിനയിലും ചെറിയ പിണക്കമില്ലായ്മ നായകനോടു വേണ്ടതാണു്. (വലുതായ കാമത്താൽ പീഡിതരായ നായികമാർ അല്പംപോലും പിണക്കം കാട്ടുവാൻ പാടില്ല. പിണക്കത്താൽ കാമപീഡ വൎദ്ധിക്കാനല്ലാതെ കുറയിക്കാൻ കാരണമില്ല എന്നു ഭാവം.)

പേണാതുപെട്പവേ ചെയ്യിനുംകൊൺകണം-
ക്കാണാതമൈയലകണ്. ൩

സാ—(നായകനോടുള്ള തന്റെ പെരുമാററത്തെ നായിക തോഴിയോടു പറയുന്നു.) എന്നെ അപമാനിച്ചു് എന്തെല്ലാമാണു പ്രവൎത്തിച്ചാലും എന്റെ കണ്ണുകൾ ഭൎത്താവിനെ കാണാതെ അടങ്ങുകയില്ല.

ഊടർകട് ചെൻറേൻമററോഴിയതുമറന്തു
കൂടർകട് ചെൻറതെൻനെഞ്ചു. ൪

സാ—നായകനെ കാണുന്നതിനുമുമ്പും കണ്ടതിൽപിന്നീട്ടുമുള്ള തന്റെ മനസ്സിന്റെ അവസ്ഥാഭേദത്തെ നായിക തോഴിയോടു പറയുന്നു.) തോഴീ! (അദ്ദേഹത്തെ കാണുന്നതിനുമുമ്പ്) എന്റെ മനസ്സ് പിണക്കത്തിൽ പ്രവൎത്തിച്ചുകൊണ്ടിരുന്നു; (കണ്ടതിനുശേഷമാകട്ടെ) അതു മറന്നിട്ടു സംഗമത്തിൽ പ്രവൎത്തിച്ചുതുടങ്ങി.

എഴുതുങ്കാർ കോൽകാണാക്കണ്ണേപോർ കൊൺകൻ
പഴികാണേൻ കണ്ടവിടത്തു. ൫

സാ—(തുടൎന്നു പറയുന്നു) എഴുതുമ്പോൾ എഴുത്തുകോൽ കാണാത്ത കണ്ണിനെപ്പോലെ എന്റെ നേത്രങ്ങൾ ഭൎത്താവിനെക്കാണുമ്പോൾ അദ്ദേഹത്തിന്റെ തെറ്റിനെക്കാണുന്നില്ല.) (എഴുതുമ്പോൾ എഴുത്തിലല്ലാതെ തൂലികയിൽ നോക്കുന്നില്ല; അതുപോലെ അദ്ദേഹത്തെ കാണുന്നതിനുമുമ്പു ഞാൻ കാണുന്നുണ്ടായിരുന്ന അദ്ദേഹത്തിന്റെ കുറ്റങ്ങളെ അദ്ദേഹത്തെ കാണുമ്പോൾ ഞാൻ കാണുന്നില്ല.)

കാണുങ്കാർ കാണേൻറവരായ കാണാക്കാർ
കാണേൻറവറല്ലവൈ. ൬

സാ—(തുടൎന്നു പറയുന്നു) ഞാൻ ഭൎത്താവിനെ കാണുമ്പോൾ അദ്ദേഹത്തിന്റെ തെറ്റുകളെ കാണുന്നില്ല; ഞാൻ അദ്ദേഹത്തെ കാണാത്തപ്പോൾ തെറ്റുകളല്ലാത്തവയെ കാണുന്നില്ല.

ഉയ്ത്തലറിന്തു പുലൽപായ് പവരേപോർ
പൊയ്ത്തലറിന്തെൻ പുലന്തു. ൭

സാ—(തുടൎന്നു പറയുന്നു) ഒഴുക്കിക്കൊണ്ടുപോകുമെന്നറിഞ്ഞുംകൊണ്ട് ഒഴുക്കുവെള്ളത്തിൽ ചാടുന്നവരെപ്പോലെ, അവസാനമില്ലെന്ന് അറിഞ്ഞിരുന്നുകൊണ്ട് പിണങ്ങുന്നതെന്തിന്? (ഒഴുക്കിൽ ചാടിയാൽ ഒഴുകിപ്പോകുമെന്നും പിണങ്ങിത്തുടങ്ങിയാൽ അതു അവസാനിക്കയില്ലെന്നും അറിഞ്ഞുംകൊണ്ട് ആ രണ്ടു പ്രവൃത്തിക്കും ഒരുമ്പെടുന്നതു സാഹസമാണെന്നു താല്പൎയ്യം.)

ഇളിത്തക്കവിന്നാ ചെയ്യിനുങ്കളിത്താൎക്ക-
ക്കള്ളുറേറ കൾവനിൻമാൎപ്പു. ൮

സാ—(കാമാതുരയായ നായിക ദൂരദേശത്തു താമസിക്കുന്ന നായകനെ ഉദ്ദേശിച്ചു പറയുന്നു) തന്ത്രക്കാരാ! എനിക്ക് അങ്ങയുടെ മനസ്സ്, കുടിച്ചു മദിച്ച് അപമാനകരമായ പ്രവൃത്തികളെ ചെയ്താലും വീണ്ടും വീണ്ടും ആശിക്കപ്പെടുന്ന മദ്യംപോലെയാകുന്നു. (മദ്യപാനികൾ സുബോധമില്ലാതെ അപമാനകരമായി എന്തെല്ലാം പ്രവൎത്തിച്ചാലും അതിനിടയാക്കിയ മദ്യത്തെ വീണ്ടും വീണ്ടും സ്നേഹിക്കുന്നു; അതുപോലെ നായകനോടുള്ള അമിതമായ സ്നേഹത്താൽ, കൎത്തവ്യവിമുഖയായ നായിക നാട്ടുകാരുടെയും വീട്ടുകാരുടെയും പരിഹാസങ്ങൾക്കു പാത്രീഭവിച്ചിട്ടും നായകന്റെ ഹൃദയത്തെ തന്നെ വീണ്ടും വീണ്ടും സ്നേഹിക്കുന്നു എന്നു വിവക്ഷ.)

മലരിനുമെല്ലിതുകാമഞ്ചിലരതൻ
ചെവ്വിതലൈപ്പട്ടുവാർ. ൯

സാ—(പിണക്കംവൎദ്ധിച്ചു മൂൎദ്ധന്യതയെ പ്രാപിച്ചപ്പോൾ നായകൻ പറഞ്ഞതു്.) കാമം പുഷ്പത്തെക്കാൾ മാൎദ്ദവമാണ്; എന്നാൽ അതിനാൽ ആകൎഷിക്കപ്പെടുന്നവർ ലോകത്തിൽ ചിലരുണ്ട്. (കാമസുഖം പുഷ്പഗന്ധത്തെക്കാൾ ക്ഷണഭംഗുരമാകുന്നു; അപ്പരമാൎത്ഥം അറിഞ്ഞിരുന്നും അതിനാൽ ആകൎഷിക്കപ്പെട്ട് അപകടത്തിൽ ചാടുന്ന ചിലരുണ്ട്. ഞാനും അവരിൽ ഒരുവനാണ്. കാമസുഖത്തിൽ മതിമറന്ന് എന്റെ ഹൃദയത്തെ ഉപേക്ഷിച്ചു തിരഞ്ഞുവെച്ചതുകൊണ്ട്, അനുസരണയില്ലാത്ത ഈ ചണ്ഡി, ലോകദൃഷ്ടിയിൽ എന്നെ നിന്ദ്യനാക്കിച്ചെയ്തു. ഇനിയെങ്കിലും അതിനിടയാക്കാതെ കഴിയേണ്ടതു് എന്റെ കടമയാകുന്നു.)

കണ്ണിററുന്നിത്തേ കലങ്കിനാൽപുല്ലുത-
ലെന്നിരുന്താൻ വിതുപ്പുററു. ൧൦

സാ—(നായികയുടെ പക്ഷമില്ലാത്ത പിണക്കംകണ്ടു നായകൻ പറഞ്ഞതു്.) (മുമ്പൊരിക്കൽ) രതിക്രീഡാവേളയിൽ, നായിക കണ്ണുകൊണ്ടുമാത്രം പിണങ്ങി; എന്നിട്ടു തന്നെയും പെട്ടെന്നു് മാനസാന്തരപ്പെട്ടു് മദനലീലകൾക്കു വശപ്പെട്ടു. (ഇന്നു ഞാൻ ഇത്ര വളരെ ക്ലേശിപ്പിച്ചിട്ടും മാനസാന്തരപ്പെടാതെ പിണക്കത്തിനിൽക്കുന്ന ഇവൾ അവളല്ല. കണ്ണുകൊണ്ടുള്ള പിണക്കം, പിണങ്ങി സംസാരിക്കാതെ പിണങ്ങിനോക്കുകയാകുന്നു. അങ്ങനെ നോക്കുകമാത്രമേ മുൻപു ചെയ്തിരുന്നുള്ളൂ; എന്നല്ല അതു് അല്പനേരത്തേക്കു നിലനിന്നിട്ടുമുള്ളൂ. ഇന്നാണെങ്കിൽ നോക്കുകയല്ല വളരെയധികം തോന്നിയ പറഞ്ഞു ബഹളം കൂട്ടുകയാണു ചെയ്തതു്. എന്നിട്ടും അതു് അവസാനിപ്പിക്കുന്നില്ല.)

---

## നൂററിമുപ്പതാം അധികാരം.

### നെഞ്ചൊടുപുലത്തൽ—മനസ്സിനോടു പിണങ്ങുക.

---

അവർനെഞ്ചവർക്കാതൽ കണ്ടുമെവനെഞ്ചേ
നീയെമക്കാകാതതു. ൧

സാ—(ഒരു സന്ദേശംപോലുമയയ്ക്കാതെ ദൂരദേശത്തു വളരെ നാളായി താമസിച്ചുവരുന്ന നായകനെ തന്നെ സദാ ചിന്തിച്ചുകൊണ്ടിരിക്കുന്ന മനസ്സിനോടു നായിക പറയുന്നു.) മനസ്സേ! അദ്ദേഹത്തിന്റെ മനസ്സു് അദ്ദേഹത്തിന്റെ പക്ഷത്തുതന്നെ നിൽക്കുന്നതു കണ്ടിട്ടും, നീ എന്റെ ഭാഗത്തു നിൽക്കാതെ അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നതു എന്തുകൊണ്ടു? (അദ്ദേഹത്തിന്റെ മനസ്സു് ലേശമെങ്കിലും നമ്മുടെ ഭാഗത്തേക്കു ചായുന്നില്ല; അങ്ങനെയിരിക്കെ നീ എന്നെ മറന്നു് അദ്ദേഹത്തിന്റെ ഭാഗത്തുചെന്നു നിൽക്കുന്നതെന്തു്?)

ഉറാഅം തവർക്കണ്ടു കണ്ണുമവരൈ-
ച്ചെറാരെനച്ചേറിയെന്നെഞ്ചു. ൨

സാ—(തുടർന്നു പറയുന്നു) എന്റെ മനസ്സേ! സ്നേഹമില്ലാത്ത ആളാണു് അദ്ദേഹമെന്നു് അറിഞ്ഞിരുന്നും, കോപിക്കുകയില്ലെന്ന ഏകകാരണത്തിൻപേരിൽ നീ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുന്നു. (നിന്റെ മൌഢ്യം ആശ്ചര്യം!)

കെട്ടാർക്കുനട്ടാരില്ലെൻപതോ നെഞ്ചേനീ
പെട്ടാങ്കവർപിൻ ചെലൽ. ൩

സാ—(തുടർന്നു പറയുന്നു) മനസ്സേ! നീ (എന്നോടുചേർന്നു നിൽക്കാതെ) നിന്റെ ഇഷ്ടംപോലെ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുന്നതു് കെട്ടവർക്കു സ്നേഹമുള്ളവരില്ലാത്തതുകൊണ്ടോ? (നിസ്സഹായയായ എന്നെ ഉപേക്ഷിച്ചു നീ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുന്നതു് നിസ്സഹായികൾക്കു് ആരും സഹായം ചെയ്യുകയില്ലെന്നുള്ള ചൊല്ലിനെ അന്വർത്ഥമാക്കിയാണോ?)

ഇനിയന്നനിന്നൊടു ചൂഴ്വാർയാർനെഞ്ചേ
തുനിചെയ്തു തുവ്വായ്കാൺ മററു. ൪

സാ—(വീണ്ടുംപറയുന്നു) മനസ്സേ! (നീ അദ്ദേഹത്തിന്റെ പിറകേ ചെല്ലാതെ അടങ്ങിയിരിക്കുക! അത്രമാത്രം പോരാ, അദ്ദേഹം വന്നാൽ, ഉടൻ ആ യാത്രയിൽ സുഖം അനുഭവിക്കണമെന്നാശിക്കരുതു്) അദ്ദേഹത്തിന്റെ തെററിനെ അടിസ്ഥാനമാക്കി പിണക്കമുണ്ടാക്കി (ഒരു സന്ദേശംപോലും അയയ്ക്കാതെ വളരെനാൾ ദൂരദേശത്തു മറന്നുവന്നും തം

മസിച്ചിരുന്നതു് തക്കതായ കാരണത്തിൻപേരിലോ നമ്മളിലുള്ള സ്നേഹക്കുറവുകൊണ്ടോ എന്നു പരീക്ഷിച്ചു തക്കകാരണത്താൽ തന്നെ എന്നു ബോദ്ധ്യപ്പെട്ടതിനുശേഷം) സുഖം അനുഭവിക്കാൻ വിചാരിക്കുക! (നീ അതിനു തയ്യാറില്ലെങ്കിൽ) ഇനി അതിനെപ്പററി നിന്നോടു പറയുന്നതാരാണു്? (ഞാൻ പറയുന്നില്ല)

പെറാഅമൈയഞ്ചും പെറിൽപിരിവഞ്ചു
മറാഅ വിടുംപൈതൻനെഞ്ചു. ൫

സാ—(നായകൻ മടങ്ങിവന്ന വിവരം തോഴി പറഞ്ഞറിഞ്ഞ നായിക പറഞ്ഞതു്) നായകനെ കിട്ടാത്തനാളിലും എനിക്കു ഭയംതന്നെ; കിട്ടിയനാളിൽ ഭാവിവിരഹത്തെ ഓർത്തും ഭയംതന്നെ; ഇങ്ങനെ ഏതവസരത്തിലും എന്റെ മനസ്സിനു ദുഃഖമല്ലാതെ സുഖമില്ല. (നായകൻ പിരിഞ്ഞു പോകുമ്പോൾ, അദ്ദേഹത്തിന്റെ യോഗക്ഷേമത്തെ ഓർത്തും ഇനി മടങ്ങിവരുമോ, വന്നാൽതന്നെയും തനിക്കു് അതുവരെ ജീവിച്ചിരിക്കാൻ സാധിക്കുമോ എന്നുള്ള സംഗതികളെ വിചാരിച്ചും മനസ്സു സദാ ഭയപ്പെട്ടുകൊണ്ടിരിക്കും; വന്നതിനുശേഷമാകട്ടെ, ഇനിയും മുമ്പിലത്തെപ്പോലെ പിരിഞ്ഞുപോകുമോ എന്ന പേടിയുണ്ടായിരിക്കും. രണ്ടുപ്രകാരത്തിലായാലും മനസ്സിനു സ്വാസ്ഥ്യമില്ലെന്നു താല്പര്യം.)

തനിയേയിരുന്തു നിനൈത്തക്കാലെന്നൈ-
ത്തിനിയവിരുന്തതെൻനെഞ്ചു ൬

സാ—(തോഴിയോടു തന്റെ ഹൃദയത്തെ നായിക പഴിച്ചുപറയുന്നു) എന്റെമനസ്സു് എന്നോടു ചേർന്നിരുന്നതു്, നായകനെ ഓർമ്മിപ്പിച്ചു് എന്നെ അലട്ടുന്നതിനായിട്ടായിരുന്നു (അല്ലാതെ അദ്ദേഹം മടങ്ങിവരുമ്പോൾ പിണങ്ങാനായിട്ടല്ല; അപ്രകാരം ചെയ്യുന്നതിനുള്ള വാശിയും ചുണയുമതിനില്ല.)

നാണുമറന്തേനവർ മറക്കല്ലാവെൻ
മാണാമടനെഞ്ചിർ പട്ടു. ൭

സാ—(തുടർന്നു പറയുന്നു) തന്നെമറന്ന നായകനെ മറക്കാത്ത, അഭിമാനമില്ലാത്ത എന്റെ മൂഢഹൃദയത്തോടു ചേർന്നതിനാൽ ഞാനും ലജ്ജയില്ലാത്തവളായി ഭവിച്ചു.

എള്ളിനിളിവാമെൻറെണ്ണിയവർതിറ-
മുള്ളുമുയിർക്കാതനെഞ്ചു. ൮

സാ—(വീണ്ടും പറയുന്നു) ജീവനെ സ്നേഹിക്കുന്ന മനസ്സു് (തന്നെമറന്നതുപോലെ ഞാനും അദ്ദേഹത്തെ) മറന്നാൽ മാനക്ഷയം നേരിടുമെന്നുകരുതി, അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെത്തന്നെ ഓർക്കുന്നു.

തുൻപത്തിർകിയാരേ തുണൈയാവാർ താമുടൈയ
നെഞ്ചന്തുണൈയൽവഴി. ൯

സാ—(തുടർന്നു പറഞ്ഞതു്.) (ഒരാളിനു നേരിടുന്ന) ക്ലേശത്തെ (പരിഹരിക്കാൻ) തന്റെ സ്വന്തം മനസ്സു് സഹായിക്കുന്നില്ലാഞ്ഞാൽ സഹായിക്കാൻവേറെ ആരാണുള്ളതു? (സ്വന്തംമനസ്സുതന്നെ തിരിഞ്ഞുനിന്നാൽ അന്യർ സഹായിക്കുകയില്ലെന്നു താല്പര്യം.)

തഞ്ചന്തമരല്ലരേതിലാർ താമുടൈയ
നെഞ്ചന്തമരൽവഴി. ൧൦

സാ—(വീണ്ടും പറഞ്ഞതു്) നമ്മുടെ സ്വന്തം മനസ്സു് നമ്മുടേതല്ലാത്തതായിമാറുമ്പോൾ, അന്യർ നമുക്കു സഹായികളല്ലാതെ മാറുന്നതു സഹജമല്ലേ? (നമ്മുടെ ഭാഗത്തുനിന്നു നമ്മെ സഹായിക്കാൻ കടപ്പെട്ട നമ്മുടെ മനസ്സു് നമുക്കു വിപരീതമായി നിന്നാൽ നമുക്കു യാതൊരു സംബന്ധവുമില്ലാത്ത അന്യആളുകൾ— അഥവാ, വിവാഹബന്ധത്തിനാൽ കൃത്രിമമായി സംബന്ധപ്പെടുത്തപ്പെട്ട നായകന്മാർ—വിപരീതമായി നിൽക്കുന്നതിൽ എന്താശ്ചര്യമാണു്? അതു സംഭവിക്കത്തക്കതാണെന്നു താല്പര്യം.)

## നൂററിമുപ്പത്തൊന്നാം അധികാരം.

### പുലവി—പിണക്കം.

പുല്ലാ തിരാഅപ്പുലത്തൈയവരുറു-
മല്ലനോയ്കാൺകഞ്ചിറിതു. ൧

സാ—(നായകനോടു പിണങ്ങാതെ മനസ്സില്ലാമടങ്ങി വന്ന നായകനോടു കലഹിച്ചിരിക്കുന്ന നായികയുടെ പിണക്കത്തെ തീർക്കാനായി പരിഹാസപൂർവ്വം തോഴി പറഞ്ഞതു) അദ്ദേഹം അനുഭവിക്കുന്ന കാമവേദന അല്പംപോലും കണ്ടു സഹിക്കത്തക്കതല്ല; ഓടിച്ചെന്ന് അദ്ദേഹത്തെ ഉപഗൂഹനം ചെയ്യുക. നീ ഇങ്ങനെ പിണങ്ങി ഇവിടെ ഇരുന്നുകൊൾക! (ഈ ഇരിപ്പിന് ഔചിത്യമില്ലെന്നും വേഗത്തിൽ നായകന്റെ സമീപത്തിൽ ചെന്ന് അദ്ദേഹത്തെ സംശ്ലേഷിക്കണമെന്നും ധ്വനി.)

ഉപ്പമൈന്തററാർ പുലവി യതുചിറിതു
മിക്കററാൻനീളവിടൽ. ൨

സാ—(പിണക്കം വർദ്ധിച്ചാലത്തെ അവസ്ഥ തോഴി നായികയോടു പറയുന്നു) പിണക്കം ഉപ്പിനുതുല്യമാണ്; പിണക്കം കണക്കിൽ കൂടുതലായാൽ, ഉപ്പ് കൂടുതലായാലുള്ള അനുഭവമായിരിക്കും (കറികൾക്ക് ഉപ്പുപാകത്തിനു ചേർത്താൽ രുചികരമായിരിക്കും; അല്പം കൂടിയാൽ അക്കറി ഉപയോഗിപ്പാൻ കൊള്ളുകയില്ലെന്നു വരും അതുപോലെ പിണക്കം മിതമായിരുന്നാൽ കാമത്തിനു അനുഭവരസം കൂട്ടും; അതു വർദ്ധിച്ചാൽ കാമത്തിനു ദോഷത്തെ ചെയ്യും എന്നു താല്പര്യം)

അലന്താരൈയല്ലനോയ്ചെയ്തററാററമ്മൈ-
പ്പുലന്താരൈപ്പുല്ലാവിടൽ. ൩

സാ—(പിണങ്ങിയ നായികയോടു നായകൻ പെരുമാറേണ്ട രീതി നായികതോഴിയോടു പറയുന്നു) തന്നോടു പിണങ്ങിയ നായികയെ ഉപഗൂഹനം ചെയ്തു പിണക്കം തീർക്കാതിരിക്കുന്നതു, പീഡിതന്മാരെ വീണ്ടും പീഡിപ്പിക്കുന്നതുപോലെയാണ്. പിണങ്ങിയ നായികയെ സംശ്ലേഷത്താൽ നായകൻ സമാശ്വസിപ്പിക്കാതിരിക്കുന്നതു ദുഃഖപരവശരായവരെ വീണ്ടും ദുഃഖിപ്പിക്കുന്നതുപോലെയാണെന്നു താല്പര്യം.)

ഊടിയവരൈയുണരാമൈവാടിയ
വള്ളിമുതലരിന്തററു. ൪

സാ—(മറെറാരു ഉദാഹരണത്താൽ കുറെക്കൂടി വെളിപ്പെടുത്തുന്നു) പിണങ്ങിയ നായികയെ പിണക്കംതീർത്തു സ്വീകരിക്കാതിരിക്കുന്നതു, വാടിയ വള്ളിയെ മൂട്ടിൽവച്ചു കണ്ടിക്കുന്നതുപോലെയാകുന്നു (വെള്ളം ഒഴിക്കാഞ്ഞതുകൊണ്ടും തക്കമരത്തിൽ പടത്താഞ്ഞതുകൊണ്ടും വാടിനില്ക്കുന്ന വള്ളിയെ ചുവട്ടിൽവച്ചു ഛേദിക്കുന്നതുപോലെയാണെന്നു താല്പര്യം)

നലത്തകൈനല്ലവർക്കേഏർ പുലത്തകൈ
പൂവന്നകണ്ണാരകത്തു. ൫.

സാ—(നായികയുടെ പിണക്കം തീർത്തു രതിക്രീഡചെയ്ത നായകൻ പറഞ്ഞതു) സത്സ്വഭാവത്തോടുകൂടിയ നായകന്മാർക്ക് ആനന്ദകരം പൂവൊത്ത നേത്രങ്ങളോടുകൂടിയ നായികകളുടെ മനസ്സിലുണ്ടാകുന്ന പിണക്കത്തിന്റെ കൂടുതലല്ലേ? (സത്സ്വഭാവത്തോടുകൂടിയ നായകന്മാർക്കു പുഷ്പാക്ഷികളായ നായികമാരുടെ ഹൃദയത്തിലുണ്ടാകുന്ന പിണക്കം ആനന്ദകരമാകുന്നു; പിണക്കത്തെ പരിഹരിച്ചു രതിക്രീഡ നടത്തിയാൽ അനുഭവരസം കൂടുമെന്ന സ്വാനുഭവത്തെ നായകൻ പൊതുവെ പറഞ്ഞതാണ്. നായികയുടെ പിണക്കത്തെ തീർക്കുന്നവരായ സത്സ്വഭാവികൾക്കല്ലാതെ, പിണക്കത്തെ വർദ്ധിപ്പിക്കുന്ന ദുസ്സ്വഭാവികൾക്ക് അതു അനുഭവമാകയില്ലെന്നു ധ്വനി.)

തുനിയുംപുലവിയുമില്ലായിർകാമ-
ക്കനിയുംകനിയുമറ്റു. ൬

സാ—(പ്രണയകലഹമില്ലാത്ത കാമത്തിന്റെ അവസ്ഥയെപ്പററിപ്പറയുന്നു) കോപവും പിണക്കവുമില്ലാത്ത കാമത്തിനും അതുള്ള കാമത്തിനും കായും പഴവും തമ്മിലുള്ള വ്യത്യാസമുണ്ട് (കോപവും പിണക്കവുമില്ലാത്ത കാമത്തിനു പഴുക്കാത്ത കായിന്റെ കയ്പും അവ ഉള്ള കാമത്തിനു പഴത്തിന്റെ സ്വാദും ഉണ്ടായിരിക്കുമെന്നു താല്പര്യം.)

ഊടലിരണ്ടാങ്കോർ തുൻപംപുണർവതു
നീട്ടുവതൻറുകൊല്ലെൻറു. ൭

സാ—(പിണക്കത്താൽ തുൻപവും നേരിടുമെന്നു പറയുന്നു) കാമം നീണ്ടുനില്ക്കുമോ ഇല്ലയോ എന്നു ചിന്തിച്ചാൽ പിണക്കത്തിലും ഒരു തുൻപമുണ്ടെന്നു കാണാം (പിണക്കത്താൽ, കാമം ദീർഘിച്ചുനില്ക്കുമോ ഉടക്കവെച്ച് അസ്തമിക്കുമോ എന്നു ചോദിച്ചാൽ മിതമായ പിണക്കം കാമദൈർഘ്യത്തിനും അമിതമായ പിണക്കം കാമനാശത്തിനും പര്യാപ്തമാണെന്നു സമാധാനം കിട്ടുമെന്നു ഭാവം.)

റോതലെവൻ മററുനൊന്താരെ ർററതറിയ-
ക്കാതലരില്ലാവഴി. ൮

സാ—(നായകൻ പിണക്കംതീർക്കാൻ ശ്രമിച്ചതിൽ വഴിപ്പെടാത്ത നായികയോട് ആ നായകൻ മുഷിഞ്ഞുപറഞ്ഞത്) ക്ലേശിച്ചവനാണെന്നു ധരിച്ച് ആ ക്ലേശത്തെ അറിയുന്ന നായികമാരല്ലെങ്കിൽ ആ ക്ലേശംകൊണ്ട് എന്തൊരു ഫലം? (നായകന്റെ കാമതാപത്തെ അറിയുന്ന നായികമാരല്ലെങ്കിൽ, ആ താപംകൊണ്ടു യാതൊരു ഫലവുമില്ലെന്നും അത്തരക്കാരായ നായികമാരുള്ളവരുടെയും ഇല്ലാത്തവരുടെയും അവസ്ഥ ഒന്നാണെന്നും ഭാവം.)

നീരുനിഴലതിനിതേപുലവിയും
വീഴുനർകണ്ണേയിനിതു. ൯

സാ—(നായകൻ തുടർന്നു പറയുന്നു.) ജലം, തണലോടു സംബന്ധപ്പെട്ടതേ രുചികരമായിരിക്കു. അതുപോലെ പിണക്കം സ്നേഹത്തോടു സംബന്ധപ്പെട്ടതേ ആനന്ദത്തെ നല്കു (തണൽ തട്ടാത്ത ജലം രുചികരമായിരിക്കയില്ല; എന്നല്ല നിഴൽ തട്ടിയില്ലെങ്കിൽ രോഗത്തെ ഉളവാക്കുകയും ചെയ്യും. അതുപോലെ സ്നേഹമുള്ളവരുടെ പിണക്കമേ ആനന്ദത്തെ നല്കുകയുള്ളു. എന്നല്ല സ്നേഹമില്ലാത്തവരുടെ പിണക്കം അനിഷ്ടഫലത്തെ ഉളവാക്കുകയും ചെയ്യുമെന്നു താല്പര്യം.)

ഊടലുണങ്കവിടുവരോടെന്നെഞ്ചം
കൂട്ടുവേമെൻപതവാ. ൧൦

സാ—(തുടർന്നു പറഞ്ഞത്.) പിണക്കത്താൽ ക്ലേശിപ്പിക്കുന്നവരോട് തന്റെ മനസ്സു ടപ്പിക്കാമെന്നു കരുതി അതിനുവേണ്ടി പ്രയത്നിക്കുന്നതു ആശകൊണ്ടാണ്. (പിണക്കത്താൽ ക്ലേശിപ്പിക്കുന്ന നായികയെ സ്നേഹിക്കണമെന്നു നായകൻ കരുതി അതിനുവേണ്ടി പ്രയത്നിക്കുന്നതു് അവരോടുള്ള ആശകൊണ്ടാണ്; അതിന്റെ പരമാർത്ഥമറിയാതെ നായികമാർ അനാദരമായ വാശി പിടിക്കുന്നു.)

---

## മുന്നൂററിമുപ്പത്തിരണ്ടാം അധികാരം.

### പുലവിനുണുക്കം — ലഘുകാരണകലഹം.

---

പെണ്ണിയലാരെല്ലാരുങ്കണ്ണിൽ പൊതുവുൺപർ
നണ്ണേൻപരത്തനിൻമാർപു. ൧

സാ—(നടക്കാൻ പോയിരുന്ന നായകൻ മടങ്ങിവന്നു ശയനമുറിയിൽ കടന്നപ്പോൾ നായിക പറഞ്ഞതു്.) വേശ്യാത്തെരുവിൽ പോയിരുന്നതുകൊണ്ടു സ്ത്രീഭാവത്തോടുകൂടിയ പെണ്ണുങ്ങൾ എല്ലാവരും കണ്ണുകൊണ്ടു നുകർന്ന അങ്ങയുടെ മാർവ്വു് എനിക്കു സ്വീകാര്യമല്ല. (പാതിവ്രത്യമില്ലാഴികയാൽ സ്ത്രീഭാവത്തോടുകൂടിയവരാണെന്നു ഭാവം. അപ്രകാരമുള്ള വേശ്യകൾ താൻ നോക്കിസുഖിക്കേണ്ടതായ നായകന്റെ കോമളമായ വക്ഷസ്സിനെ കണ്ടു് ആഗ്രഹിക്കുകയും മനസ്സിനെ സുഖിപ്പിക്കുകയും ചെയ്തതിനാൽ തനിക്കു യോജിച്ചതല്ലെന്നു താല്പര്യം. നായകൻ പരസ്ത്രീകളെ പ്രാപിക്കയില്ലെന്നു ബോദ്ധ്യമുള്ളതിനാൽ വേശ്യാത്തെരുവിൽ പോയി എന്ന നിസ്സാരമായ കുററം ചുമത്തി പിണക്കത്തെ ഉണ്ടാക്കിയതാണു്.)

ഊടിയിരുന്തേമാ ത്തുമ്മിനാർ യാന്തമ്മൈ
നീടുവാഴ്കെൻ പാക്കറിന്തു. ൮

സാ—(തന്റെ പിണക്കത്തെ പരിഹരിക്കാൻ നായകൻ പ്രയോഗിച്ച തന്ത്രത്തെ നായിക തോഴിയോടു പറയുന്നു.) പിണങ്ങിയിരുന്ന എന്നെക്കൊണ്ടു 'നീണാൾ വാഴ്ക!' യെന്നു പറയിക്കാനായി അദ്ദേഹം തുമ്മുകയുണ്ടായി. (തുമ്മിയപ്പോൾ എനിക്കു് അങ്ങനെ പറയേണ്ടതായി വന്നു; അതോടെ പിണക്കം തീർന്നു എന്നു ഭാവം. നായകൻ തുമ്മിയാൽ നായിക "നീണാൾ വാഴ്ക" യെന്നു പറയണമെന്നാണു നടപ്പു്.)

കോട്ടുപ്പൂച്ചൂടിനുങ്കായുമൊരുത്തിയൈ-
ക്കാട്ടിയചൂടിനീരെൻറു. ൯

സാ—(അങ്ങു സ്നേഹപൂർവ്വം പെരുമാറാത്ത കാരണത്താലാണു് നായിക പിണക്കം കാട്ടുന്നതെന്നു തോഴിപറഞ്ഞതിനു നായകന്റെ സമാധാനം.) ഞാൻ ഒരു പൂമാല ചൂടിയാൽ 'ഇതു ഒരുത്തിയെ കാണിക്കാനായിട്ടു ചൂടിയതാണെ'ന്നു പറഞ്ഞു കോപിക്കുന്നവൾക്കു് ഒരു കാരണം വേണമെന്നുണ്ടോ? (ഞാൻ ഒരു പൂ ചൂടിക്കണ്ടാൽ ഇതു് ഒരുത്തിയെക്കാണിക്കാൻ ചൂടിയതാണെന്നുപറഞ്ഞു കോപിക്കുന്നവൾക്കു പിണക്കത്തിനു കാരണം വല്ലതും വേണമോ? യാതൊരു കാരണവുംകൂടാതെ പിണങ്ങുന്നതു് അവളുടെ സ്വഭാവമാണെന്നു ഭാവം.)

യാരിനുങ്കാതലമെൻറേ നാമെന്നാൾ
യാരിനും യാരിനുമെൻറു. ൰

സാ—(നായികയുടെ പിണക്കത്തിനു കാരണം ഇന്നതാണെന്നു നായകൻ തോഴിയോടു പറയുന്നു.) ആരെയുംകാൾ കൂടുതൽ അനുരാഗമുള്ളവരാണു നമ്മൾ എന്നു ഞാൻ പറഞ്ഞതിനു് നിന്റെ സഖി തെററിദ്ധരിച്ചു് ആരിലും ആരിലും എന്നു ചോദിച്ചു പിണങ്ങിയതാണു്. (എല്ലാ ദമ്പതിമാരെയുംകാൾ കൂടുതൽ അനുരാഗമുള്ളവരാണു നമ്മൾ എന്നാണു ഞാൻ പറഞ്ഞതു്; അവളാകട്ടെ എനിക്കു വേറേ സ്ത്രീകളുമായി അടുപ്പമുണ്ടെന്നും അവരെക്കാൾ കൂടുതൽ അനുരാഗമുണ്ടെന്നാണു പറഞ്ഞതെന്നും തെററിദ്ധരിച്ചുംകൊണ്ടു പിണങ്ങുകയാണു ചെയ്തതു്.)

ഇമ്മൈപ്പിറപ്പിൽ പിരിയലമെൻറേനാ-
ക്കണ്ണിറൈനീർകൊണ്ടനൾ. ൫

സാ—(പിണക്കത്തിനുള്ള മറെറാരു കാരണത്തെ പറയുന്നു.) "ഈ ജന്മത്തിൽ ഞാൻ ഭവതിയെ പിരിയുകയില്ല" എന്നു പറഞ്ഞതിനു്, എന്നെ മറുജന്മത്തിൽ പിരിയുമെന്നല്ലേ പറഞ്ഞതു് എന്നു ചോദിച്ചുകൊണ്ടു കണ്ണിൽ വെള്ളം നിറച്ചു.

ഉള്ളിനേനെൻറേൻ മറൈറൻ മറന്തീരെൻറെന്നൈ-
പ്പുല്ലാൾ പുലത്തക്കനൾ. ൬

സാ—(പിണക്കത്തിനു മറെറാരു കാരണം പറയുന്നു.) ഞാൻ നിന്നെ വിചാരിച്ചു എന്നു പറഞ്ഞതിനു് എന്തിനു മറന്നു എന്നു ചോദിച്ചുകൊണ്ടു്, രതിക്രീഡയ്ക്കു വശപ്പെട്ടിരുന്ന അവൾ, പിന്നീടു് എനിക്കു വശപ്പെടാതെ പിണങ്ങിമാറി. (ദൂരദേശത്തു പിരിഞ്ഞു താമസിച്ച കാലത്തു ഞാൻ അവളെ ഓർത്തു എന്നു പറഞ്ഞപ്പോൾ "എന്നെ ഓർക്ക

ന്നമെങ്കിൽ അതിനുമുമ്പു മറക്കണമല്ലോ; എന്തുകൊണ്ട് അങ്ങനെ മറന്നു?" എന്നു ചോദി ച്ചുപിണങ്ങിമാറിക്കളഞ്ഞു.)

വഴുത്തിനാട്ടുമ്മിനേനാക വഴിത്തഴുതാൾ
യാരുള്ളിത്തുമ്മിനീരെൻറു. ൭

സാ—(പിണക്കത്തിനുള്ള വേറൊരുകാരണം) ഞാൻ തുമ്മിയതിനു പതിവുപോലെ "നീണാൾവാഴ്ക" എന്ന് അവൾ പറഞ്ഞു; അപ്രകാരം പറഞ്ഞവൾ "നിങ്ങൾ തുമ്മിയത് ആര് ഓർത്തിട്ടാണ്?" എന്നു ചോദിച്ചുംകൊണ്ടു കരഞ്ഞുതുടങ്ങി (ഞാൻ തുമ്മിയതിനു പതിവുപോലെ "നീണാൾ വാഴ്ക" എന്നവൾ പറഞ്ഞുവെങ്കിലും "ഇങ്ങനെ തുമ്മുന്നമെങ്കിൽ ആരെങ്കിലും നിങ്ങളെ ഓർത്തുകൊണ്ടായിരിക്കണം; അപ്രകാരം നിങ്ങളെ ഓർക്കാൻ ഏതൊരു സ്ത്രീയാണുള്ളത്?" എന്നു ചോദിച്ചുംകൊണ്ടു കരഞ്ഞുതുടങ്ങി)

തുമ്മുച്ചെറുപ്പഴുതാനു മരുള്ള
ലെമ്മെ മറൈത്തീരോ വെൻറു. ൮

സാ—(ഇനിയും ഒരു കാരണം) (എനിക്കു തുമ്മലുണ്ടായപ്പോൾ, "ആരോർത്തിട്ടാണു തുമ്മിയത്?" എന്നു ചോദിച്ചെങ്കിലോ എന്നു സംശയിച്ചു ഞാൻ) തുമ്മലടക്കി; അവൾ അതുകണ്ട്, "നിങ്ങൾക്കുള്ളവർ നിങ്ങളെ ഓർത്തത് എന്നിൽനിന്നും മറയ്ക്കുന്നുവോ?" എന്നു ചോദിച്ചുംകൊണ്ടു കരഞ്ഞുതുടങ്ങി.

തന്നൈയുണർത്തിനുങ്കായും പിറക്കുനീ-
രിന്നീരരാകുതിരെൻറു. ൯

സാ—(ഇനി, പിണക്കം തീർക്കാമെന്നുവച്ചാൽ അതിലേക്കുള്ള ശ്രമം തന്നെ പിണക്കത്തിന് ഒരു കാരണമായിത്തീരുമെന്നു പറയുന്നു) പിണക്കം തീർക്കാനായിട്ടാണു കേണപേക്ഷിച്ചാൽ, അന്യസ്ത്രീകളോടും നിങ്ങളുടെ മാതിരി ഇതുതന്നെയായിരിക്കും എന്നു പറഞ്ഞു കുറേക്കൂടി കോപിക്കും.

നിനൈത്തിരുന്തു നോക്കിനുങ്കായുമനൈത്തുനീർ
യാരുള്ളി നോക്കിനീരെൻറു. ൧൦

സാ—(നായികയുടെ ദുശ്ശീലത്തെപ്പററി വീണ്ടും പറയുന്നു) (ഞാൻ വല്ല കാരണത്താലും അവളോടു കോപിച്ചാൽ പിന്നീട് എനിക്കു) അനുകമ്പതോന്നി (എന്റെ സാഹസത്തെ) ഓർത്തു (പശ്ചാത്താപപൂർവം) ഉററുനോക്കിയാൽ "എന്റെ അവയവങ്ങൾ നോക്കി ആരുടെ അവയവത്തോടു തുലനം ചെയ്യുന്നു?" എന്നു ചോദിച്ചുംകൊണ്ടു കോപിക്കും. (ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ അവളുടെ അവസാനമില്ലാത്ത ദുശ്ശീലങ്ങളെ വെളിപ്പെടുത്തേണ്ടിവരും.)

## നൂററിമുപ്പത്തിമൂന്നാം അധികാരം.

### ഊടലുവകൈ—കലഹവിധങ്ങൾ.

ഇല്ലൈതവറവർക്കായിനുമൂടുതൽ
വല്ലതവരളിക്കുമാറു. ൧

സാ—(നായകനോടു പിണങ്ങിയിരിക്കുന്ന നായികയോടു തോഴി പിണക്കത്തിനുള്ള കാരണം ചോദിച്ചതിനു നായികപറഞ്ഞ സമാധാനം) അദ്ദേഹത്തിൽ തെററുകൾ ഒന്നും ഇല്ലെങ്കിലും, അദ്ദേഹം സ്നേഹിക്കുന്നവിധം, പിണക്കത്തെ ഉണ്ടാക്കത്തക്കതാണ്. (അദ്ദേഹം തെററൊന്നും ചെയ്തില്ല; ചെയ്യുന്ന ആളുമല്ല; എന്നാൽ അദ്ദേഹം എന്നെ സ്നേഹിക്കുന്ന മാതിരി പിണക്കത്തെ ഉണ്ടാക്കത്തക്ക വിധത്തിലാണ്; അതുകണ്ടാൽ ഞാനറിയാതെ പിണങ്ങിപ്പോകും.)

ഊടലിറേറാൻറുഞ്ചിറുതുനി നല്ലളി
വാടിനും പാട്ടുപെററം. ൨

സാ—(പിണങ്ങാതിരുന്നാൽ നായകൻെറ ഹൃദയപൂൎവ്വകമായ സ്നേഹത്തിനു പാത്രീഭവിക്കാമെന്നിരിക്കെ, അതിനു ഇടയാക്കാത്ത പിണക്കത്താൽ ഇരുക്കൂട്ടരും ക്ലേശിക്കുന്നതെന്തിനെന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) പിണക്കത്താലുണ്ടാകുന്ന അല്പമായ ക്ലേശത്താൽ, നായകൻെറ സൽസ്നേഹം കുറയുന്നുവെങ്കിലും അതു ഗുണത്തെ ചെയ്യും. (കാരണമില്ലാത്ത പിണക്കം നിലനിൽക്കുന്നതല്ലാത്തതിനാൽ പിണക്കം തീരുമ്പോൾ ക്ലേശവും തീരുന്നതുകൊണ്ടു 'ചെറിയ ക്ലേശം' എന്നും ആ ക്ലേശത്തിനു നായകൻെറ സൽസ്നേഹത്തെ കുറയ്ക്കാൻ ശക്തിയില്ലാത്തതിനാൽ 'കുറയുന്നുവെങ്കിലും' എന്നും പറഞ്ഞതാണ്. പിണങ്ങിയാൽ ആപ്പിണക്കത്തെ നായകൻ പരിഹരിക്കുമെന്നും അതിനുശേഷം നിൎവ്വഹിക്കപ്പെടുന്ന രതിക്രീഡയിൽ അനുഭവരസം കൂടുമെന്നും ഭാവം.)

പുലത്തലിർ പുത്തേൾനാടുണ്ടോ നിലത്തൊടു
നീരിയൈന്തന്നാരകത്തു. ൩

സാ—(പിണക്കംകൊണ്ടുണ്ടാകുന്ന ഗുണത്തെ നായിക തോഴിയെ അറിയിക്കുന്നു.) നിലത്തോടു നീരെന്നപോലെ എന്നിൽ ലയിച്ചുചേൎന്ന നായകനോടു പിണങ്ങുന്നതുകൊണ്ടുണ്ടാകുന്ന ആനന്ദത്തെ നൽകത്തക്ക ദേവലോകമുണ്ടോ? (പ്രാണപ്രിയനായ നായകനോടു പിണങ്ങുന്നതുകൊണ്ടു പിന്നീടുണ്ടാകുന്ന ആനന്ദം അവൎണ്ണനീയമാകുന്നു; ആ വിധത്തിലുള്ള ആനന്ദത്തെ നൽകാൻ ഏതൊരു ദേവലോകത്തിനും കഴിവുണ്ടാകുന്നതല്ല.)

പുല്ലിവിടാഅപ്പുലവിയുട്ടോൻറുമെ-
നുള്ളമുടൈക്കുംപടൈ. ൪

സാ—(ഈ പിണക്കം ഏതൊന്നിനാൽ പരിഹരിക്കപ്പെടും എന്നു ചോദിച്ച തോഴിയോടു നായിക പറഞ്ഞ സമാധാനം.) എൻെറ ഭൎത്താവിനെ പാടവിടാതെ പരിരംഭണംചെയ്യുന്നതിനു കാരണമായ ഈ പിണക്കം കുടികൊള്ളുന്ന എൻെറ ഹൃദയത്തെ ഉടയ്ക്കാനുള്ള ആയുധം (അദ്ദേഹത്തിൽനിന്നും) ഉണ്ടാകും. (അവ ഭൎത്താവിൻെറ സാന്ത്വനങ്ങളും പ്രാൎത്ഥനയുമത്രേ.)

തവറിലരായിനുന്താംവീഴ്‌വാർ മെൻറോ-
ളകറിലിനാങ്കൊൻറുടൈത്തു. ൫

സാ—(നായികയുടെ പിണക്കത്തെ മാററി രതിക്രീഡ നടത്തി നവ്യരസം അനുഭവിച്ച നായകൻെറ മനോഗതം) പ്രേമഭാജനങ്ങളായ നായികമാർ കാരമില്ലാത്തവരായാലും കുററം ചുമത്തി പിണക്കമുണ്ടാക്കി അവരുടെ മെലിഞ്ഞ തോളുകളോടു ചേരാതിരിക്കുമ്പോൾ, അപ്രകാരം ചേൎന്നാലുള്ള സുഖം അനുഭവിക്കാൻ കഴിയുന്നതാണോ? (പിണക്കംതീൎത്തു നടത്തുന്ന രതിക്രീഡയിലെ സുഖം സാധാരണക്രീഡയിൽ ഉണ്ടാകുന്നതല്ലെന്നും, അതിനാൽ നായിക പിണങ്ങിയില്ലെങ്കിലും പിണക്കം ഉണ്ടാക്കണമെന്നുംഭാവം.)

ഉണലിനുമുണ്ടതറലിനിതുകാമ:
പുണർതലിനൂടലിനിതു. ൬

സാ—(തുടൎച്ച) ഭക്ഷിക്കുന്നതിനെക്കാൾ ഭക്ഷിച്ചതു ദഹിക്കുക സുഖകരമാകുന്നു; അതുപോലെ, ഗ്രാമ്യധൎമ്മത്തെക്കാൾ, പിണക്കം ആനന്ദസന്ദായകമാകുന്നു. (അടിക്കടി ഭക്ഷിക്കുന്നതിനെക്കാൾ ഭക്ഷിച്ചതു ദഹിച്ചിട്ടു ഭക്ഷിക്കുന്നതാണു സുഖം; അതുപോലെ ഇടവിടാതെ പുണരുന്നതിനെക്കാൾ പിണക്കമുണ്ടാക്കി, അപ്പിണക്കത്തെ പരിഹരിച്ചതിനുശേഷം പുണരുന്നതിലാണു അനുഭവരസം കൂടുന്നതു്—എന്നു ഭാവം.)

ഊടലിറോററവർ വെൻറാരതുമനു-
ക്കൂടലിർകാണപ്പടും. ൭

സാ—(തുടർച്ച) പിണക്കത്തിൽ തോററവർ ജയിച്ചവരാകുന്നു; അതു് അപ്പോൾ അറിയപ്പെടുന്നില്ലെങ്കിലും, രതിക്രീഡയിൽ അനുഭവപ്പെടും. (പിണക്കത്തിൽ തോററവൎക്കു മനസ്സിൽ ലേശം വാശിയുണ്ടാകാനിടയില്ല; മനസ്സിലെ വാശി നീങ്ങിയിട്ടാണല്ലോ പിണക്കം ഇല്ലാതാക്കുവാൻ ശ്രമിക്കുന്നതു്. അവൎക്കു രതിക്രീഡയിൽ കൂടുതലായ അനുഭവരസം ഉണ്ടാകും. അവരാണു് യഥാൎത്ഥത്തിൽ വിജയത്തെ സമ്പാദിച്ചവർ.)

ഊടിപ്പെറുകുവങ്കൊല്ലോ നുതൽവെയർപ്പ-
ക്കൂടലിറ്റോൻറിയവുപ്പു. ൮

സാ—(തുടർച്ച) ഈ രതിക്രീഡാവേളയിൽ ഇവളുടെ നെററിയിൽ പൊടിച്ചവിയർപ്പാകുന്ന മകരന്ദത്തെ ഇനിയൊരു പിണക്കത്താൽ ആസ്വദിക്കാൻ സാധിക്കുമോ? (പിണങ്ങിയിരുന്നു സ്നേഹിച്ചതുകൊണ്ടു സന്തോഷതരളിതയായ നായികയുടെ പൂമേനിക്കു് ആയാസം നേരിടത്തക്കവണ്ണം ക്രീഡകൾ നടത്തിയതിനാൽ, നെററിയിൽ വിയർപ്പുതുള്ളികൾ പൊടിച്ചു; സാധാരണക്രീഡയിൽ അപ്രകാരം സംഭവിച്ചുകണ്ടിട്ടില്ല; അതിനാൽ അതിനിടയാക്കിയ പിണക്കത്തിനു് ഒരിക്കൽ സംഗതിയാകേണമെന്നു നായകൻ ആശിക്കുന്നു.)

ഊടുകമന്നോവൊളിയിഴൈയാമിരപ്പ
നീടുകമന്നോവിരാ. ൯

സാ—(തുടർച്ച) അമോഘാഭരണങ്ങൾ ധരിച്ച ഇസ്സുന്ദരി എന്നോടു പിണങ്ങുന്നതിനും പിണക്കം മാററാൻ എനിക്കു യാചിക്കുന്നതിനും സംഗതിയാകത്തക്കവണ്ണം രാത്രി ദീർഘിച്ചു നിൽക്കട്ടെ! (വിലയേറിയ ആഭരണങ്ങൾ അണിഞ്ഞ നായിക ഇന്നു് ഒരിക്കൽക്കൂടി പിണങ്ങുന്നതിനും ആ പിണക്കത്തെ മാററാൻ തനിക്കു നായികയോടു യാചിക്കുന്നതിനും സംഗതിയാകത്തക്കവണ്ണം രാത്രി നീണ്ടുനിൽക്കട്ടെ—എന്നു താല്പര്യം. താൻ ഇന്നു അനുഭവിച്ച ക്രീഡാസുഖത്തിൽ അലംഭാവമുണ്ടാകാത്തതിനാൽ, വീണ്ടും ഈ രാത്രിയിൽതന്നെ ആ സുഖം ഒരിക്കൽക്കൂടി അനുഭവിക്കാൻ രാത്രി ഇടയാകേണമെന്നു ഭാവം.)

ഊടുതൽ കാമത്തിർകിൻപമതർകിൻപ-
ക്കൂടിമുയങ്കപ്പെറിൻ. ൧൦

സാ—(തുടർച്ച) കാമരസത്തിന്റെ അസ്ഥിഭാരം പിണക്കമാകുന്നു, ആ പിണക്കത്തിന്റെ രസമറിഞ്ഞു കാമത്തെ അനുഷ്ഠിക്കുന്നുവെങ്കിൽ. (പിണക്കത്തിന്റെ രസം അറിഞ്ഞു കാമത്തെ അനുഷ്ഠിക്കുന്നുവെങ്കിൽ കാമരസത്തിന്റെ അസ്ഥിഭാരം പിണക്കമാകുന്നു എന്നു താല്പര്യം.)

കാമപദ്ധതി കഴിഞ്ഞു.

---

കാമപദ്ധതി അധികാരം ൨൫; കുറൾ ൨൫൦.

മൂന്നു പദ്ധതിയിലുംകൂടി ആകെ അധികാരം ൧൩൩; കുറൾ ൧൩൩൦.

---

ഉദയാററുകോട്ടു, കെ. പരമേശ്വരൻപിള്ളയാൽ എഴുതപ്പെട്ട
"രത്നോദ്ധാരകം" എന്ന മലയാളവ്യാഖ്യാനത്തോടുകൂടിയ
"തിരുക്കുറൾ"

സമ്പൂർണ്ണം.

---

ഈ പുസ്തകത്തിന്റെ സർവ്വവകാശവും വി. വി. പ്രസ്സിൽ.

Indic Digital Archive Foundation
gpura.org